# PROCEEDINGS

## of the

# NINTH KERALA LEGISLATIVE ASSEMBLY

Thirteenth Session

Thursday, the 30th March, 1995

## OFFICIAL REPORT

Vol. XCV—No. 6

Price: 50 P

©
Government of Kerala

PRINTED BY THE S.G.P. AT THE GOVERNMENT PRESS, SHORANUR – 2 100

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം

പേജ്


I. ചോദ്യോത്തരങ്ങൾ:

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ 22

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും 24

II. ചരമോപചാരം 26

III. ശ്രദ്ധക്ഷണിക്കൽ:

(1) ജലസമ്പത്ത് ചോർച്ചവഴി സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം—ശ്രീ. കെ. കൃഷ്ണൻകുട്ടി 33

(2) എറണാകുളത്ത് ഒരു മെഡിക്കൽ കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത—ശ്രീ. ജോർജ് ഈഡൻ 41

IV. സബ്മിഷൻ:

(1) അടച്ചു പൂട്ടിയ മദ്യഷാപ്പുകൾ ലേലം ചെയ്തു കൊടുക്കണമെന്ന ആവശ്യം—ശ്രീ. ടി. ചാത്തു 43

(2) മലയിൻകീഴ് രവിയെ കൊലപ്പെടുത്താനുള്ള ശ്രമം—ശ്രീ. വി. ജെ. തങ്കപ്പൻ 45

(3) നീണ്ടകര അഴിമുഖത്തെ ഡ്രെഡ്ജിംഗ്—ശ്രീമതി അൽഫോൺസാ ജോൺ 46

(4) ചെറുതുരുത്തി പാലം പണി—ശ്രീ. എം. പി. താമി 47

(5) റോഡുകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുക്കണമെന്ന ആവശ്യം—ശ്രീ. എ. സുജനപാൽ 48

(6) ഡ്രെയിനേജ് ടാക്സ്—ശ്രീ. ബി. വിജയകുമാർ 49

(7) പട്ടാമ്പിയിൽ സബ്-വേ നിർമ്മിക്കണമെന്ന ആവശ്യം—ശ്രീ. കെ. ഇ. ഇസ്മയിൽ 50

(8) വടക്കാഞ്ചേരി മണ്ഡലത്തിലെ ശുദ്ധജലക്ഷാമം ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി 50

(9) മഞ്ചേരി-ചീക്കോട് വാട്ടർ സപ്ലൈ സ്കീമുകളുടെ നിർമ്മാണം പൂർത്തിയാക്കൽ—ശ്രീ. ഇസ്ഹാക്ക് കുരിക്കൾ 51

(10) വർക്കല മുനിസിപ്പൽ പ്രദേശത്തുള്ള കുടിവെള്ള ക്ഷാമം—ശ്രീ. വർക്കല രാധാകൃഷ്ണൻ 53

(11) താലൂക്ക് വിഭജനം—ശ്രീ. കെ. പ്രകാശ് ബാബു 54

(12) ആസ്പിരിൻ പ്ലാൻറ്—ശ്രീ. എം. വിജയകുമാർ 54


2/419—1

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| V. | റിപ്പോർട്ട് സമർപ്പണം: | പേജ് |
| | അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 32-ാമത് റിപ്പോർട്ട് | 55 |
| VI. | ക്രമപ്രശ്നം: | |
| | ഓർഡിനൻസ് റീ-ഇഷ്യു ചെയ്തതു സംബന്ധിച്ച്—ശ്രീ. വർക്കല രാധാകൃഷ്ണൻ (റൂളിംഗ് മാററിവച്ചു) | 55 |
| VII. | റൂളിംഗ്: | |
| | ബഡ്ജററിൽ വകയിരുത്തിയ തുക ചെലവഴിച്ച ശേഷം അധികച്ചെലവു ചെയ്തതു സംബന്ധിച്ച് (29-3-1995-ൽ ശ്രീ. ബേബിജോൺ ഉന്നയിച്ച ക്രമ പ്രശ്നത്തിനുള്ള റൂളിംഗ്) | 59 |
| VIII. | ധനകാര്യം: | |
| | വോട്ട് ഓൺ അക്കൗണ്ട്—ചർച്ചയും വോട്ടെടുപ്പും | 60 |


LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## ഒൻപതാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1995 മാർച്ച് 30, വ്യാഴം

വാല്യം XCV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 1995 മാർച്ച് 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. പി. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം 87

പശ്ചിമഘട്ട വികസന പദ്ധതി

* 1 [87] ശ്രീ. എം. നാരായണൻ (ഹോസ് ദുർഗ്ഗ്):
,, വി. വി. രാഘവൻ:
,, കെ. പ്രകാശ് ബാബു:
,, എൻ. രാജൻ:
,, കെ. ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന പദ്ധതി മുഖേന പട്ടികജാതി—പട്ടികവർഗ്ഗ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 1994-95 സാമ്പത്തിക വർഷത്തിൽ 24-3-1995 വരെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി;

(സി) പ്രസ്തുത വർഷം ഏതെങ്കിലും പുതിയ പദ്ധതികൾ ഏറെറടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?



LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): (എ) പശ്ചിമഘട്ട വികസന പദ്ധതി ഒരു ഏരിയാ വികസന പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ഉൾപ്പെടുന്നത് പ്രധാനമായും വാട്ടർഷെഡ് പദ്ധതികളും വനവൽക്കരണ പദ്ധതികളുമാണ്. ആലപ്പുഴ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാട്ടർഷെഡ് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മണ്ണുസംരക്ഷണം, കൃഷിവികസനം, ചെറുകിട ജലസേചനം, ക്ഷീരവികസനം മുതലായ വിവിധ പരിപാടികൾ അടങ്ങുന്ന സംയോജിത വികസന പദ്ധതിയാണ് വാട്ടർഷെഡ് പദ്ധതികളിൽ ഉൾപ്പെടുന്നത്. ഈ പദ്ധതി പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികജാതി—പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് എല്ലാ പരിപാടികളും സൗജന്യമായാണ് ചെയ്തുകൊടുക്കുന്നത്.

(ബി) 1994-95 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി പ്ലാനിംഗ് കമ്മീഷൻ 861 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 31-1-1995 വരെ വിവിധ പരിപാടികൾക്കായി 516.60 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. അനുവദിച്ച ബാക്കി തുക മുഴുവനും ഈ സാമ്പത്തിക വർഷംതന്നെ ചെലവാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) നേരത്തെ നടപ്പാക്കിവരുന്ന 31 വാട്ടർ ഷെഡ് പദ്ധതികൾ കൂടാതെ 1994-95 സാമ്പത്തിക വർഷത്തിൽ 10 പദ്ധതികൾ കൂടി പുതിയതായി ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ പുതിയ പത്തു പദ്ധതികൾക്കായി അഞ്ചുലക്ഷം രൂപ വീതം നടപ്പു വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്): സർ, ചോദ്യം എ-യ്ക്ക് മറുപടിയായി അങ്ങ് പറഞ്ഞത് പശ്ചിമഘട്ട വികസന പദ്ധതി ഒരു ഏരിയാപദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നാണ്. എന്തുമാനദണ്ഡം വച്ചുകൊണ്ടാണ് ഇത്തരം രീതിയിൽ തിരഞ്ഞെടുക്കുന്നത് എന്ന് വിശദീകരിക്കാമോ?

ശ്രീ. എ. കെ. ആൻറണി: പ്രധാനമായും ചില ഉദ്ദേശ്യലക്ഷ്യങ്ങളോടു കൂടിയാണ് ഈ പദ്ധതികൾ തയ്യാറാക്കുന്നത്. മണ്ണുസംരക്ഷണം കൃഷി, വികസനം തുടങ്ങി പത്തു ലക്ഷ്യങ്ങളോടുകൂടിയാണ് പദ്ധതി നേരത്തെ രൂപീകരിച്ചിട്ടുള്ളത്. വളരെ വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. കേരളത്തിലെ പതിമൂന്നുജില്ലകളിലായി മുപ്പത്തിയൊന്നു താലൂക്കുകളിൽ ഇത് നടന്നുവരുന്നു. ഈ പദ്ധതി കുറച്ചുകൂടി വിജയകരമായി നടപ്പാക്കുന്നതിനു ബഹുമാനപ്പെട്ട മെമ്പർക്ക് പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അത് ഗവൺമെൻറിന് പരിശോധിക്കാം.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്): പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ആരുടെ നിയന്ത്രണത്തിലാണ് നടക്കുന്നത്? എന്റെ നിയോജക മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം ഒരു വികസന പ്രവർത്തനം നടക്കുന്നു. അവിടെ വ്യാപകമായി അഴിമതി നടക്കുന്നുണ്ട്. ഉദാഹരണത്തിന്, സോയിൽ കൺസർവേഷൻ, ഗവൺമെൻറ് പ്രഖ്യാപിച്ച ഒരു മീററർ കയ്യാല കെട്ടുന്നതിന് 16 രൂപയാണ്. എന്നാൽ ഇത് കോൺട്രാക്ടർ നടത്തുന്നതുകൊണ്ട് സാധാരണ കൃഷിക്കാരന്

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുത്താൽ കിട്ടുന്നത് 6 രൂപമാത്രമാണ്. അപ്പോൾ സോയിൽ കൺസർവേഷൻ പദ്ധതിയിൽ, കണ്ടാല പദ്ധതിയിൽ അഴിമതി നടക്കുന്നു. അതു നടക്കാതിരിക്കാൻ, കാര്യക്ഷമമായി അതിന്റെ മേൽനോട്ടം നടത്താൻ ഇപ്പോൾ ആരാണുള്ളതെന്നു നിശ്ചയമില്ല. അവിടെ ഇത്തരം അഴിമതി നടക്കാതിരിക്കാൻ കാര്യക്ഷമമായി പ്രവൃത്തികൾ നടത്താൻ എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: ഗവൺമെന്റിന്റെ ചുമതലപ്പെട്ട ഡിപ്പാർട്ടുമെന്റാണ് ഈ പദ്ധതികൾ നടപ്പാക്കിവരുന്നത്. അഴിമതി എന്ന് പൊതുവെ പരത്തിപറഞ്ഞതുകൊണ്ട് കാര്യമില്ല. വ്യക്തമായി എന്തെങ്കിലും ആരോപണമുണ്ടെങ്കിൽ രേഖാമൂലം പരാതി നൽകുകയാണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം.

മി. സ്പീക്കർ: ജില്ലാ പ്ലാനിംഗ് ആഫീസറാണ് ജില്ലാടിസ്ഥാനത്തിൽ ഇതിന്റെ കോ-ഓർഡിനേറ്റിംഗ് ആഫീസർ.

ശ്രീ. വി. വി. രാഘവൻ: പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു ചെലവിടുന്ന തുകവഴി പട്ടികവർഗ്ഗക്കാരല്ലാത്ത ആളുകൾ പ്രയോജനം അനുഭവിച്ചു വരുന്നുണ്ട്. അതിനു പല രീതികളും കൈക്കൊള്ളുന്നുണ്ട്. ഇപ്പോൾ മണ്ണുസംരക്ഷണമാണെങ്കിൽ പട്ടികജാതിക്കാർകൂടി ഏതെങ്കിലും ഭാഗത്തുണ്ടെങ്കിൽ അവരുടെ പേരിൽ മററുള്ളവർ ആ തുക ഉപയോഗിക്കും. ഇതു നൂറു ശതമാനവും സൗജന്യമാണല്ലോ. ഇവിടെ മാത്രമല്ല ഘടക പദ്ധതി പ്രകാരമുള്ള മിക്കവാറും പദ്ധതികളിലും ഈ ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ അർഹിക്കുന്നവർക്ക് കിട്ടാതെ പോവുകയും അനർഹരായവർ അത് കൊണ്ടുപോവുകയും ചെയ്യുന്ന ഒട്ടേറെ പരാതികൾ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ട്. ഈ പരാതികൾ സംബന്ധിച്ച് കാര്യമായ പരിഹാരം കണ്ടിട്ടില്ല. അങ്ങ് ഇക്കാര്യം സംബന്ധിച്ച്, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി വിനിയോഗിക്കുന്ന തുക പൂർണ്ണമായിട്ടും അവർക്കു തന്നെ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ഈ പദ്ധതിയുടെ സ്കീം അനുസരിച്ച് വാട്ടർഷെഡ് ഏരിയയിൽ താമസിക്കുന്ന എല്ലാവർക്കും ഇതിന്റെ ആനുകൂല്യങ്ങളുണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഈ ആനുകൂല്യം പൂർണ്ണമായി സൗജന്യമാണ്. മററു നിലയിൽ കുറേക്കൂടി പട്ടികജാതി പട്ടികവർഗ്ഗക്കാരെ സഹായിക്കുന്ന മററ് എന്തെങ്കിലും ഉദ്ദേശമുണ്ടെങ്കിൽ തീർച്ചയായും അതും പരിഗണിക്കാം. ഇപ്പോഴത്തെ സ്കീമാണ് ഞാൻ പറഞ്ഞത്. ഈ സ്കീം കൂടുതൽ മെച്ചപ്പെടുത്താനുള്ള എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടെങ്കിൽ അത് ഏത് ഭാഗത്തുനിന്നുണ്ടായാലും പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. വി. വി. രാഘവൻ: പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മണ്ണുസംരക്ഷണ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. മററുള്ളവർ വിഹിതം ഈ പദ്ധതിപ്രകാരം തിരിച്ചടയ്ക്കണം. അവർ സൗജന്യമായി തുക ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഈ തുക പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാകുന്നില്ല. അതാണ് ആരോപണമായി വന്നത്. അതിനെപ്പററി അന്വേഷിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയും വേണമെന്നാണ് ഞാൻ പറയുന്നത്. ഡിപ്പാർട്ടുമെന്റ് ചെലവിടുന്ന തുകയുടെ പത്തു ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി വിനിയോഗിക്കണമെന്നാണ് ഇപ്പോഴത്തെ നിബന്ധന. ആ നിബന്ധനപ്രകാരം എല്ലാ ഡിപ്പാർട്ടുമെന്റും

LIBRARY ARCHIVES Kerala Legislative Assembly

പത്തു ശതമാനം കൊടുക്കുന്നില്ല. പല ഡിപ്പാർട്ടുമെൻറുകളും പത്തു ശതമാനം വാർഷിക പദ്ധതിയിൽ കൊടുക്കേണ്ടത് കൊടുക്കാതെ ഒഴിഞ്ഞുമാറുന്നു. ഇതിനെ സംബന്ധിച്ചും പരാതികൾ ഉണ്ടായിട്ടുണ്ട്. ഇത് ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടിയെടുക്കാൻ ഗവൺമെൻറ് സന്നദ്ധമാകുമോ?

<u>ശ്രീ. എ. കെ. ആൻറണി:</u> ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല. ഏതായാലും ഇത് ഗവൺമെൻറ് പരിശോധിക്കാം.

<u>ശ്രീ. കെ. പ്രകാശ് ബാബു:</u> അങ്ങ് ഇവിടെ പറഞ്ഞ ഉത്തരം നടപ്പു സാമ്പത്തികവർഷം 861 ലക്ഷം രൂപ ഈ പദ്ധതിയിലേക്ക് അനുവദിച്ചുവെന്നും അതിൽ 516 ലക്ഷം രൂപ ചെലവാക്കിയെന്നുമാണ്. അതിൽനിന്നും മനസ്സിലാകുന്നത്, ഈ സാമ്പത്തിക വർഷം 345 ലക്ഷം രൂപ ഇനി അതിൽ അവശേഷിക്കുന്നു. അങ്ങയുടെ മറുപടിയിൽ ഈ സാമ്പത്തികവർഷം അതുകൂടി ചെലവാക്കും എന്നാണ്. എന്നു പറഞ്ഞാൽ നാളെ ഒരു ദിവസംകൊണ്ട് 345 ലക്ഷം രൂപ ചെലവാക്കുമെന്നാണ്. ഇത് അങ്ങയുടെ മററ് ഏതു പൊടിക്കൈയെക്കാളും രസകരമായിട്ട് മാത്രമേ എനിക്കു തോന്നുന്നുള്ളൂ. ഈ 345 ലക്ഷം രൂപ നമ്മുടെ സംസ്ഥാനത്തിനു നഷ്ടമാവുകയാണ് എന്ന് അങ്ങുതന്നെ വ്യക്തമാക്കിയിരിക്കുകയാണ്. അത് ഇതുപോലെ ലാപ്സാകാതെ ഈ ക്ഷേമപ്രവർത്തനത്തിന് നമ്മുടെ നാട്ടിൻെറ വികസനത്തിന് ഉപയോഗിക്കാൻ എന്തെങ്കിലും നടപടി അടിയന്തിരമായി കൈക്കൊള്ളാൻ അങ്ങ് തയ്യാറാകുമോ? അതുപോലെ പലപ്പോഴും ഇതിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണ്. പശ്ചിമഘട്ട വികസനപദ്ധതിയിൽ ഉൾപ്പെടുത്തി പാലങ്ങൾ ഉണ്ടാക്കുന്നതിനും റോഡുകൾ ഉണ്ടാക്കുന്നതിനുമൊക്കെ അനുവദിക്കുന്ന തുക അപര്യാപ്തമാണ്. നോംസിൽ ആവശ്യമായ മാററം വരുത്താൻ കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്താൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ആൻറണി:</u> ഗവൺമെൻറ് നടപടി ക്രമങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് ധാരണയില്ല എന്നു ഞാൻ പറഞ്ഞാൽ അത് മെമ്പർമാരോടുള്ള അവഹേളനമാകും. പക്ഷെ ഈ ഉത്തരം നൽകുന്ന ദിവസം വരെ ചെലവഴിച്ച തുകയുടെ കണക്കല്ല ഉത്തരത്തിൽ നൽകിയത് എന്നു എന്നെപ്പോലെ ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്നതാണ്. അതു നേരത്തെ നിശ്ചയിച്ച തീയതിവരെ വിവിധ പ്രദേശങ്ങളിൽനിന്നു കിട്ടിയ കണക്കിൻെറ രേഖയാണ്. ബാക്കിയുള്ള തുക മാർച്ച് 31-ാം തീയതിക്കകം കൊടുത്തു തീർക്കാനുള്ള ഗവൺമെൻറിൻെറ ശുഷ്ക്കാന്തിയാണ് കാണിക്കുന്നത്. ഒരു രൂപയും നഷ്ടപ്പെടാനോ ദുർവ്യയം ചെയ്യാനോ ഈ ഗവൺമെൻറ് സമ്മതിക്കുകയില്ല.

<u>ശ്രീ. കെ. പ്രകാശ് ബാബു:</u> അങ്ങനെയാണെങ്കിൽപോലും ഈ ചോദ്യം ഞങ്ങൾ തന്നത് ഈ മാസത്തിലാണല്ലോ. ഈ ചോദ്യം തന്നതും ഉത്തരം കളക്ട് ചെയ്തതും 12 ദിവസത്തിനകത്തുള്ള കാര്യമാണ്. അപ്പോൾ അങ്ങ് അത് ഒന്നുകൂടി ആലോചിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും അതുപോലെ തന്നെ പശ്ചിമഘട്ട വികസന പദ്ധതി നടപ്പിലാക്കുമ്പോൾ ആ നടപ്പിലാക്കുന്ന പ്രദേശത്തുള്ള ആളുകൾക്കും പ്രയോജനം ചെയ്യത്തക്ക നിലയിൽ ഇത് നടപ്പിലാക്കുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സെൻട്രൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന്റെ നോംസിലും അതാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ എന്റെ താലൂക്കിലെ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ പശ്ചിമഘട്ട വികസന പദ്ധതിയനുസരിച്ച് ഗവൺമെൻറ് നടപ്പിലാക്കിയ ഒരു പദ്ധതിയാണ്. അതിപ്പോൾ ഒരു വലിയ വ്യവസായസ്ഥാപനമായിട്ട് മാറിയിട്ടുണ്ടെങ്കിലും ആ പ്രദേശത്തുള്ള പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ജോലി കൊടുക്കുന്നതിനുവേണ്ടി അതിൽ നോംസ് ഫിക്സ് ചെയ്തിട്ടില്ല. അവർക്ക് അർഹമായ പ്രാതിനിധ്യം ഒട്ടും കൊടുത്തിട്ടില്ല. നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള സ്കീമുകളിൽ പട്ടികജാതി–പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് ഒരു അന്വേഷണത്തിന് വിധേയമാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. എ. കെ. ആൻറണി: ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയെ കുറിച്ച് ഞാൻ ഒരു സംശയം വീണ്ടും ഇവിടെ ഉന്നയിക്കുന്നത് ശരിയല്ലെങ്കിലും ഗവൺമെൻറിന്റെ സത്യസന്ധതയും ഗവൺമെൻറിന്റെ ശുഷ്കാന്തിയും ബോദ്ധ്യപ്പെടുത്തേണ്ടത് എന്റെ ചുമതല ആയതുകൊണ്ട് പറയുന്നു. ഉത്തരത്തിൽത്തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 31-1-1995 വരെ ചെലവാക്കിയ തുകയാണ് 516 ലക്ഷം രൂപ. ബാക്കി രണ്ടുമാസം ഇനിയും കിടക്കുകയാണ്. ആ വസ്തുത മനസ്സിലാക്കാതെ ബഹുമാനപ്പെട്ട മെമ്പർ ഇതുപോലുള്ള കാര്യങ്ങൾ ദുർ വ്യാഖ്യാനം ചെയ്തത് ഖേദകരമായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച മററു കാര്യങ്ങൾ ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: 1994-95 സാമ്പത്തിക വർഷത്തിൽ അനുവദിച്ചത് 861 ലക്ഷം രൂപയാണ്. അതിൽ ജനുവരിവരെ 516.60 ലക്ഷം രൂപ ചെലവഴിച്ചുവെന്നു പറഞ്ഞു. ഈ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ആൻറണി: വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: ഈ വർഷം 31 വാട്ടർഷെഡ് പദ്ധതികൾ കൂടാതെ പത്ത് പദ്ധതികൾകൂടി പുതുതായി എടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. പുതിയ പദ്ധതികൾ എടുത്തത് എവിടെയൊക്കെയാണ്; അതിൽ പാലക്കാട് ജില്ലയ്ക്ക് ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. എ. കെ. ആൻറണി: പുതിയ പദ്ധതികളുടെ റിക്കാർഡ് ഇപ്പോൾ എന്റെ കൈവശമുണ്ട്. ഞാൻ അത് പറയാം.

(1) ഇരിഞ്ചയം (നെടുമങ്ങാട്) തിരുവനന്തപുരം ജില്ല.
(2) കുററിക്കാട് (കൊട്ടാരക്കര) കൊല്ലം ജില്ല.
(3) തണ്ണിത്തോട് (കോഴഞ്ചേരി) പത്തനംതിട്ട ജില്ല.
(4) കീഴാററിൽതോട് (അടൂർ) പത്തനംതിട്ട ജില്ല.
(5) വിളനിലം (കാഞ്ഞിരപ്പള്ളി) കോട്ടയം ജില്ല.
(6) വലിയടംതുരുത്ത് (കുന്നത്തുനാട്) എറണാകുളം ജില്ല.
(7) കോട്ടപ്പാടം (മണ്ണാർക്കാട്) പാലക്കാട് ജില്ല.
(8) എടവണ്ണപ്പാറ (ഏറനാട്) മലപ്പുറം ജില്ല.
(9) ചിപ്പിലിത്തോട് (കോഴിക്കോട്)
(10) നെയ്ക്കുന്നുതോട് (തളിപ്പറമ്പ്) കണ്ണൂർ ജില്ല.

ഈ സ്ഥലങ്ങളിലാണ് പത്ത് പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി: പശ്ചിമഘട്ട വികസന പദ്ധതിയിൽ ഈയടുത്ത കാലത്ത് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഒരു ഹൈ ലവൽ ടീം പരിശോധിക്കാൻ വന്നതിനകത്ത് ഞങ്ങളുടെ ഒരു വാട്ടർഷെഡ് സ്കീം അവർ പരിശോധിക്കുകയുണ്ടായി. എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും ഒരു കോ-ഓർഡിനേഷൻ ഉള്ള സ്കീം ആക്കി വാട്ടർഷെഡ് സ്കീമിനെ കാണണമെന്നും കുടിവെള്ളം ഉൾപ്പെടെയുള്ള പദ്ധതികൾ ഈ ഏരിയയിൽ നടപ്പിലാക്കണമെന്നുമാണ് അവർ നിർദ്ദേശിച്ചിരിക്കുന്നത്. ഇരിഞ്ചയം വാട്ടർഷെഡ് സ്കീമിൽ ഈ പദ്ധതികൾക്കെല്ലാംകൂടി വേണ്ടിയുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ ഈ വർഷം പത്തുമുപ്പത് ലക്ഷം രൂപ ചെലവഴിക്കാൻ കഴിയും. അഞ്ച് ലക്ഷം രൂപ നിശ്ചിതമായിട്ട് മാത്രമാണ് ഇപ്പോൾ അവിടെ അനുവദിച്ചിരിക്കുന്നത്. ഇതിന്റെ പ്രധാനപ്പെട്ട കാരണം വാട്ടർഷെഡ് കമ്മിററികളിൽ ഒന്നിലും അവിടത്തെ നിയോജകമണ്ഡലം എം. എൽ. എ. മാർക്ക് യാതൊരു റോളുമില്ല. നിയോജകമണ്ഡലം എം. എൽ. എ. മാർ ഈ കമ്മിററിയിൽ ഇല്ല. ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസിൽനിന്ന് ഒരു കമ്മിററിയെ അനൗൺസ് ചെയ്യുകയാണ്. അതുകൊണ്ട് ഈ ഏരിയയിൽ എം. എൽ. എ. മാർ ശുപാർശ ചെയ്യുന്ന പദ്ധതികളിൽ ഓവർലാപ്പിംഗ് വരാതിരിക്കാൻ വാട്ടർഷെഡ് സ്കീം കമ്മിററിക്കകത്ത് എം. എൽ. എ. മാരെക്കൂടി ഉൾപ്പെടുത്തുന്നതിനും എല്ലാ വകുപ്പുകളേയും ഇതിനകത്ത് കോ-ഓർഡിനേററ് ചെയ്യിക്കുന്നതിനുമാവശ്യമായ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിനും നിർദ്ദേശം നൽകുമോ?

ശ്രീ. എ. കെ. ആന്റണി: പശ്ചിമഘട്ട വികസന പദ്ധതി തുടങ്ങിയിട്ട് വർഷങ്ങളായി. ഇത് പല ഘട്ടങ്ങളായിട്ട് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് പരമാവധി തുക ഈ മേഖലയിൽ ചെലവഴിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഓരോ പദ്ധതിക്കും 5 ലക്ഷം രൂപ വീതം ചെലവഴിച്ചത്. എം. എൽ. എ. മാരുടെ കൂടി പങ്കാളിത്തം ഉറപ്പിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: പശ്ചിമഘട്ട വികസന പദ്ധതി കിഴക്കൻ മലയോര പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ളതാണെന്നും അതിന് പ്രത്യേകമായി സജഷൻസ് വല്ലതുമുണ്ടോയെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എം. നാരായണനോട് ചോദിച്ചു; എനിക്ക് ഒരു സജഷൻ ഉണ്ട്. ഈ പദ്ധതിയനുസരിച്ച് ഇപ്പോൾ പ്രധാനമായി പ്രാമുഖ്യം കൊടുക്കുന്നത് വാട്ടർഷെഡ് പദ്ധതികൾക്കാണ്. ഈ പദ്ധതിയിൽ കിഴക്കൻ മലയോര പ്രദേശങ്ങളിലെ ഗിരിജനങ്ങൾക്കും ഹരിജനങ്ങൾക്കും ഗതാഗത സൗകര്യമുണ്ടാക്കാനുള്ള കാര്യത്തിനുകൂടി പ്രാധാന്യം കൊടുത്തുകൊണ്ട് സെൻട്രൽ ഗവൺമെന്റിനെക്കൊണ്ട് ഇത് എടുപ്പിക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ ബ്രൈമൂറിൽ നിന്ന് പൊൻമുടിയിലേക്ക് ഒരു റോഡുണ്ട്; മുമ്പ് ഇത് പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. തിരുവനന്തപുരത്തുനിന്ന് പത്ത് കിലോമീററർ പൊൻമുടിയിലേക്കുള്ള യാത്രാദൈർഘ്യം കുറയുകയും വാമനപുരം പദ്ധതിയുടെ അണക്കെട്ട് വന്നാൽ കല്ലാർ വഴിയുള്ള ആ ഭാഗം താഴെ പോകുകയും ചെയ്താൽ പുതിയ വഴി ഉണ്ടാകുകയും ചെയ്യുമെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഇതിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: പശ്ചിമഘട്ട വികസന പദ്ധതി ഒരു ഏരിയാ വികസന പദ്ധതിയാണ്. ഓരോ ഏരിയയിലും താമസിക്കുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും സൗകര്യങ്ങളും പ്രയോജനങ്ങളും ലഭിക്കും. വാട്ടർഷെഡ് ഏരിയയിൽ താമസിക്കുന്ന പട്ടികജാതി—പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എല്ലാ ആനുകൂല്യങ്ങളും സൗജന്യമായി ലഭിക്കും എന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രത്യേക മേഖലയിലെ കാര്യം ഞാൻ വളരെ ശ്രദ്ധാപൂർവ്വം കേട്ടു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഈ പദ്ധതിയനുസരിച്ചും പ്രത്യേക ഘടക പദ്ധതിയുമായി ബന്ധപ്പെടുത്തിയും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി കേന്ദ്രങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏറെ അഴിമതി നിറഞ്ഞതാണെന്ന ആക്ഷേപം പരക്കെ ഉണ്ടായിട്ടുണ്ട് എന്നുമാത്രമല്ല ഉത്തമ ബോദ്ധ്യമുള്ളതുകൊണ്ട് പറയുകയാണ്. അതുകൊണ്ട് ഈ പ്രവർത്തനങ്ങളുടേയും അട്ടപ്പാടിയിലെ പ്രവർത്തനങ്ങളുടേയും നേട്ടങ്ങൾ ആദിവാസികൾക്കുതന്നെ ലഭിച്ചിട്ടുണ്ടോ; അതിനകത്ത് നടന്നിട്ടുള്ള അഴിമതികളെ സംബന്ധിച്ച് ഒരു സമ്പൂർണ്ണമായ അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: അട്ടപ്പാടി പ്രദേശത്തെ പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മുടെ രാജ്യത്ത് മാറിമാറി വന്ന ഗവൺമെന്റുകൾ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. പക്ഷേ ഈ തുകയുടെ ഒരു ചെറിയ അംശം പോലും പാവപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് കിട്ടിയിട്ടില്ല എന്നുള്ള പൊതുവായ ആക്ഷേപം ആ പ്രദേശത്തും സംസ്ഥാനത്താകെയും നിലനിൽക്കുന്നുണ്ട്, അങ്ങനെയുള്ള ഈ നിർഭാഗ്യകരമായ സാഹചര്യത്തിനിടയിൽ ഏതെങ്കിലും തരത്തിലുള്ള അഴിമതി നടന്നിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് പരാതിയുണ്ടെങ്കിൽ അത് രേഖാമൂലം അറിയിച്ചാൽ ഗവൺമെന്റ് അതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: പശ്ചിമഘട്ട വികസന പദ്ധതി ഒരു ഏരിയാ വികസന പദ്ധതി എന്നുള്ള നിലയിൽ അതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമ്പോൾ പിന്നോക്ക പ്രദേശങ്ങളും വികസനരംഗത്ത് അവഗണിക്കപ്പെട്ട പ്രദേശങ്ങളും പലതും ഉൾപ്പെട്ടിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ നിയോജകമണ്ഡലത്തെ ഈ പദ്ധതിയിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ പുതിയ പത്ത് പ്രവൃത്തികൾ എടുക്കാൻ തീരുമാനിച്ചപ്പോൾ കാസർകോട് ജില്ലയെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. അവിടത്തെ പിന്നോക്കാവസ്ഥ പ്രത്യേകം പരിഗണിച്ചുകൊണ്ട് എന്റെ നിയോജകമണ്ഡലത്തെ ഇതിൽ ഉൾപ്പെടുത്തുന്നതിനും കാസർകോട് ജില്ലയിലെ മററ് ഭാഗങ്ങളിൽ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ നിർദ്ദേശം നൽകുമോ?

ശ്രീ. എ. കെ. ആന്റണി: പശ്ചിമഘട്ട വികസന പദ്ധതി ഘട്ടം ഘട്ടമായിട്ടാണ് വിവിധ പ്രദേശങ്ങളെ ഉൾപ്പെടുത്തി വിപുലീകരിച്ച് വരുന്നത്. ഇപ്പോൾ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ കേരളത്തിലെ പതിമൂന്ന് ജില്ലകളിൽപ്പെട്ട 31 താലൂക്കുകളിലെ ജനങ്ങൾക്ക് മാത്രമേ ലഭിക്കുന്നുള്ളു. കാസർകോട് ജില്ലയിലെ ഒരു പ്രദേശത്തും ഇതിന്റെ ആനുകൂല്യങ്ങൾ ഇല്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പരിശോധിക്കാം. അത് വാസ്തവമാണെങ്കിൽ ഇനി പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്ന അവസരത്തിൽ കാസർകോടിന് മുൻഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി: സംസ്ഥാനത്തൊട്ടാകെ വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിച്ചിട്ടുള്ള വർക്കുകൾ മൊത്തം ഇതുവരെ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. ഞങ്ങൾ എസ്. സി./എസ്. ടി. ഡെവലപ്പ്മെൻറ് കമ്മിററിയുടെ അവലോകനം നടത്തിയപ്പോഴെല്ലാം 80 ശതമാനം ജോലികൾ നടപ്പിലാക്കാത്ത പല ജില്ലകളും ഞങ്ങൾ കാണാനിടയായി. ഇതിന്റെ ചെയർമാൻ ജില്ലാകളക്ടറാണ്. വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശങ്ങൾ പറയാൻവേണ്ടി സ്ഥലം എം. എൽ. എ. മാരെപ്പോലും ആ കമ്മിററിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതുകൊണ്ട് പല ജോലികൾക്കും നിർദ്ദേശം കൊടുക്കാനും നടപ്പാക്കാനും കാലതാമസം ഉണ്ടാകുന്നു. ആവശ്യമുള്ള ഫണ്ടും പദ്ധതികളും ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുപോലും അത് നടപ്പിലാക്കാത്ത പല ജില്ലകളുമുണ്ട്. അത് ബഹുമാനപ്പെട്ട ഗവൺമെൻറ് ശ്രദ്ധിക്കുകയും ഈ കമ്മിററിയിൽ എം. എൽ. എ. മാരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഏററവും വലിയ ഒരു കമ്മിററിയായി അംഗീകരിക്കുകയും ഡി. ആർ. ഡി. എ. കമ്മിററി പോലെ ഈ കമ്മിററിക്ക് രൂപം കൊടുക്കുകയും ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുക്കുമോ?

ശ്രീ. എ. കെ. ആന്റണി: ആവശ്യമായ ഫണ്ടിന്റെ പോരായ്മകൊണ്ടാണ് പ്രധാനമായും വർക്കിംഗ് ഗ്രൂപ്പിലെ ശുപാർശകളിലെ മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതെ വരുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എം. എൽ. എ. മാരുടെ പങ്കാളിത്തം ഈ കമ്മിററിയിൽ ഉണ്ടാകുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. ചാത്തു: പശ്ചിമഘട്ട വികസന പദ്ധതിയിൽ നിന്നും മററ് വകുപ്പുകളിൽ നിന്നും സംഖ്യ ചെലവഴിച്ചിട്ടാണ് ഐ. എച്ച്. ഡി. പി. സ്കീം അംഗീകരിച്ച് കോളനികളായി തിരഞ്ഞെടുക്കുന്നത്. അങ്ങനെ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികളിൽ ഒന്നും കാര്യമായ ഒരു വികസന പ്രവൃത്തിയും നടത്തിയിട്ടില്ല. അതുകൊണ്ട് കഴിഞ്ഞ രണ്ടുവർഷങ്ങളിലെ ബാക്കിയുള്ള വർക്കുകളെങ്കിലും ഇക്കൊല്ലം നടത്താൻ മുൻകൈയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ ഗൗരവമായ ഒരു കാര്യമാണ്. ഒരുഭാഗത്ത് ഏറെറടുത്തിരിക്കുന്ന പ്രദേശങ്ങളിൽ പോലും അവിടത്തെ ആളുകൾ ആവശ്യപ്പെടുന്ന അത്രയും വികസനങ്ങളും മററ് സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കാൻ സാമ്പത്തിക പരിമിതികൾ മൂലം ഗവൺമെൻറിന് കഴിയുന്നില്ല. അതുകൊണ്ടാണ് എല്ലാ താലൂക്കുകളിലേക്കും ഇത് പെട്ടെന്ന് തന്നെ വിപുലീകരിക്കാൻ ഗവൺമെൻറ് മടിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പോരായ്മകൾ തീർച്ചയായും പരിശോധിക്കുന്നതാണ്.

## ട്രഷറി കമ്പ്യൂട്ടർവൽക്കരണം

*2 [88] ശ്രീ. എസ്. ശർമ്മ:
,, പിണറായി വിജയൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, സി. പി. ബാലൻ വൈദ്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പ്യൂട്ടർവൽക്കരണം കൊണ്ട് ട്രഷറികളിലെ കാലതാമസം ഒഴിവാക്കുവാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ട്രഷറികളിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും കുററക്കാരെ ശിക്ഷിക്കുന്നതിനും സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന് ഇന്ന് നിലവിലുള്ള സംവിധാനം ഫലപ്രദമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) ട്രഷറികളിൽ ക്രമക്കേടുകൾ നടത്തിയതായി എത്ര കേസുകൾ നിലവിലുണ്ട്; ഇതിൽ ഉൾപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) സർ, തിരുവനന്തപുരം, ചെങ്ങന്നൂർ, എറണാകുളം, മൂവാററുപുഴ, കാസർഗോഡ് എന്നീ ജില്ലാ ട്രഷറികളിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് ട്രഷറി കണക്കുകളുടെ കംപൈലേഷൻ പ്രവർത്തനം നടത്തിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ-സബ്ട്രഷറികളിലും പൂർണ്ണമായും കമ്പ്യൂട്ടർ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ട്രഷറികളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യം ഏർപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പുമായും കമ്പ്യൂട്ടർ വാങ്ങുന്നതിന് ബന്ധപ്പെട്ട കമ്പനികളുമായും നിയമപ്രകാരം നടപടികൾ നടത്തി വരുന്നു.

(ബി) ഉണ്ട്.

(സി) ട്രഷറികളിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും കുററക്കാരെ ശിക്ഷിക്കുന്നതിനും വകുപ്പുതലത്തിലുള്ള അന്വേഷണങ്ങളും പോലീസ് തലത്തിലുള്ള (വിജിലൻസ്, ക്രൈം എന്നീ പോലീസ് വിഭാഗങ്ങളിലുള്ള) അന്വേഷണങ്ങളും ശിക്ഷാനടപടികളും നിലവിലുണ്ട്. സർക്കാരിനുണ്ടാകുന്ന നഷ്ടം കുററക്കാരായ ജീവനക്കാർക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളിൽനിന്നും തിരിച്ചുപിടിച്ചും റവന്യൂ റിക്കവറി നടത്തിയും, നികത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ഡി) ഉണ്ട്.

(ഇ) 15 കേസുകൾ നിലവിലുണ്ട്. ചില കേസുകളിൻമേൽ പോലീസ് അന്വേഷണം പൂർത്തിയാക്കാത്തതുകൊണ്ടും കോടതികളിൽ ഫയൽ ചെയ്ത കേസുകളിൽ അന്തിമ തീരുമാനം ഉണ്ടാകാത്തതുകൊണ്ടും ക്രമക്കേടുകളിൽ ഉൾപ്പെട്ടിട്ടുള്ള തുക എത്രയെന്ന് കൃത്യമായി പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ചോദ്യത്തിനുള്ള ഉത്തരത്തിൽ 'ഇ'-ൽ ട്രഷറികളിൽ ക്രമക്കേടുകൾ നടന്നതായി എത്ര കേസുകൾ ഉണ്ടെന്നുള്ളതിന് 15 എന്ന് പറഞ്ഞിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്താമോ എന്ന് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി പറഞ്ഞത് ചില കേസുകളിൻമേൽ പോലീസ് അന്വേഷണം പൂർത്തിയാകാത്തതുകൊണ്ടും കോടതികളിൽ ഫയൽ ചെയ്ത കേസുകളിൽ അന്തിമ തീരുമാനമുണ്ടാകാത്തതുകൊണ്ടും ക്രമക്കേടുകളിൽ ഉൾപ്പെട്ടിട്ടുള്ള തുക എത്രയെന്ന് കൃത്യമായി പറയാൻ കഴിയുകയില്ല എന്നാണ്. ചോദിച്ചത് ക്രമക്കേടുകളിൽ ഉൾപ്പെട്ടിട്ടുള്ള തുക എത്രയെന്നാണ്. എത്ര തുകയ്ക്കുള്ള ക്രമക്കേടുകളാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ യെന്നാണ് ചോദിച്ചത്. അത് സംബന്ധിച്ച് ഒരു ഉത്തരം പറയാൻ കഴിയുമോ?

ശ്രീ. സി. വി. പത്മരാജൻ: ചോദ്യത്തിൽ ഇതിൽ ഉൾപ്പെട്ടിട്ടുള്ള തുക എത്രയെന്ന് ചോദിച്ചതുകൊണ്ടാണ് അങ്ങനെ വന്നത്. ഈ 15 കേസുകളിലുമുള്ള ആരോപണം—അതിൽ വേണമെങ്കിൽ ഓരോന്നായിട്ട് ഞാൻ പറയാൻ തയ്യാറാണ്. ഒരു കേസിൽ 58,560 രൂപ 40 പൈസ. രണ്ടാമത്തെ കേസിൽ 27,592 രൂപ. ഇങ്ങനെ ഓരോ കേസുകളിലും ഉള്ള തുകകൾ വ്യക്തമായിട്ടുണ്ട്. ഒന്നോ രണ്ടോ കേസുകളിൽ, ഉദാഹരണമായിട്ട് 8-ാമത് ഒരു കേസ്സ് കോഴിക്കോട് സബ്ട്രഷറിയിൽ നിന്ന് വ്യാജ പെൻഷൻ ബില്ലുകൾ മാറിയത് സംബന്ധിച്ചാണ്. ഈ കേസിനോട് അനുബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നതുകൊണ്ട് മൊത്തം തുക വെളിപ്പെടുത്തിയിട്ടില്ല. അതിന് അടുത്തത് തൃശ്ശൂർ സബ് ട്രഷറിയിൽ നിന്ന് പെൻഷനിൽ ക്രമക്കേട് നടത്തിയതിലും അന്വേഷണം നടക്കുന്നതുകൊണ്ട് തുക വെളിവായിട്ടില്ല. രണ്ട് രീതിയിലാണ് അന്വേഷണം നടത്തുന്നത്. ഒന്ന് സ്പെസിഫിക്കായിട്ടുള്ള എമൗണ്ട് തിരിമറി നടത്തിയതായിട്ടുള്ള കേസ്. രണ്ട്, പൊതുവായിട്ടുള്ള തിരിമറി നടത്തിയെന്നുള്ള ആരോപണങ്ങളെപ്പറ്റിയുള്ള അന്വേഷണം. ഇത് രണ്ടും കൂടി ചേർത്ത് ഉത്തരം പറഞ്ഞതുകൊണ്ടാണ് അങ്ങനെയൊരു ഉത്തരം പറയേണ്ടതായിട്ട് വന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: കമ്പ്യൂട്ടർവൽക്കരണം കൊണ്ട് ട്രഷറികളിൽ ഇന്ന് നടന്നുവരുന്ന ക്രമക്കേടുകൾ നിയന്ത്രിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ശ്രീ. സി. വി. പത്മരാജൻ: വളരെയധികം ക്രമക്കേടുകൾ ഉണ്ടെന്ന് സർക്കാരിന് സമ്മതിക്കാൻ നിർവ്വാഹമില്ല. ക്രമക്കേടുകൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്; ക്രമക്കേടുകൾ ഉണ്ടാകാനും. പക്ഷേ, കമ്പ്യൂട്ടറൈസേഷൻ വരുന്നതുകൊണ്ട് ക്രമക്കേടുകൾ പരിഹരിക്കാനും, ജനങ്ങൾക്കും ട്രഷറി ഇടപാടുകാർക്കും മെച്ചപ്പെട്ട സൗകര്യമുണ്ടാക്കാനും സാധിക്കും.

ശ്രീ. ടി. നാണുമാസ്റ്റർ: ശാസ്താംകോട്ട സബ് ട്രഷറിയിൽ ചില ക്രമക്കേടുകൾ നടന്നതായി പരാതിയുണ്ടായിരുന്നു. അത് സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി.വി. പത്മരാജൻ: എന്റെ കയ്യിലുള്ള ലിസ്റ്റ് കൊല്ലം ജില്ലയിലെ വിവിധ വെറ്ററിനറി ഡോക്ടർമാരുടെ പേരിൽ വ്യാജ പി. എഫ്. ബിൽ മാറിയ കേസിൽ 1,24,000 രൂപ ഇൻവോൾവ് ചെയ്യുന്നതാണ്. ഒരു കേസിൽ അന്വേഷണം നടക്കുന്നുണ്ട്. അതിൽ ശാസ്താംകോട്ടയിലെ കേസ് ഉൾപ്പെടുമോയെന്ന് എനിക്ക് അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട ജലവൈദ്യുത പദ്ധതികൾ

*3 [89] ശ്രീ. സി.കെ. ചന്ദ്രപ്പൻ:
,, പി. രാജു:
,, കൃഷ്ണൻ കണിയാംപറമ്പിൽ:
,, സത്യൻ മൊകേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതെങ്കിലും ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ധാരണാപത്രം ഒപ്പുവയ്ക്കപ്പെട്ട എത്ര പദ്ധതികൾ ഇപ്രകാരം ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികൾ ഉപേക്ഷിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആൻറണി): സർ,

(എ,ബി) ഉണ്ട്. ധാരണാപത്രം ഒപ്പുവച്ചതിൽ എട്ട് പദ്ധതികളുടെ ധാരണാപത്രം റദ്ദാക്കിയിട്ടുണ്ട്.

(സി) ധാരണാപത്രം ഒപ്പുവച്ച സ്വകാര്യ ഏജൻസി സമർപ്പിച്ച സാദ്ധ്യതാ പഠന റിപ്പോർട്ടിലെ വൈദ്യുതിയുടെ വിലനിരക്ക് വൈദ്യുതി ബോർഡിന് സ്വീകാര്യമാകാതിരുന്നതും നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ വിഭവ സമാഹരണം നടത്തി പദ്ധതി തുടങ്ങുന്നതിന് പ്രസ്തുത ഏജൻസിക്ക് കഴിയാതെ വന്നതും മൂലമാണ് ധാരണാപത്രം വൈദ്യുതി ബോർഡ് റദ്ദാക്കിയത്.

ശ്രീ. സി.കെ. ചന്ദ്രപ്പൻ: സ്വകാര്യ മേഖലയ്ക്ക് ചെറിയ വൈദ്യുതി ഉൽപ്പാദന പദ്ധതികൾ വിട്ടുകൊടുക്കാനുള്ള ഗവൺമെൻറിൻെറ സ്കീം അനുസരിച്ച് ആകെ എത്ര പദ്ധതികളാണ് ഇപ്പോൾ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; ഏതെങ്കിലും കമ്മീഷൻ ചെയ്തിട്ടുണ്ടോ? ഇതിൽ തന്നെ ധാരണാപത്രത്തിൽ ഒപ്പുവച്ച 8 എണ്ണം പിൻവലിച്ചു എന്ന് പറഞ്ഞു. അത് ഏതൊക്കെയാണെന്ന് പേര് പറയാമോ? കാരണം പറഞ്ഞിട്ടുണ്ട്.

ശ്രീ. എ.കെ. ആൻറണി: ധാരണാപത്രത്തിൽ ഒപ്പുവച്ചത് പിൻവലിച്ചത് അടക്കാത്തോട്, ലാൽചുരം, പശുക്കടവ്, ചാത്തൻകോട്ടുനട (രണ്ടാംഘട്ടം), ചെമ്പുക്കടവ് (ഒന്നാംഘട്ടം), ചെമ്പുക്കടവ് രണ്ടാംഘട്ടം, വിലങ്ങാട്, പാലപ്പൂര്.

ശ്രീ. സി.കെ. ചന്ദ്രപ്പൻ: എത്ര എണ്ണം കമ്മീഷൻ ചെയ്തിട്ടുണ്ടെന്നുള്ളതിന് ഉത്തരം പറഞ്ഞില്ല. അതുകൂടി പറഞ്ഞാൽ ഞാൻ രണ്ടാമത്തെ ചോദ്യം ചോദിക്കാം.

ശ്രീ. എ.കെ. ആൻറണി: മണിയാർ പ്രോജക്ട് മാത്രമേ കമ്മീഷൻ ചെയ്തിട്ടുള്ളൂ. മററുള്ളതിൻെറ പുരോഗതി ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. ചന്ദ്രപ്പൻ: പൊതുവേ ഈ സ്കീം മിക്കവാറും പ്രവർത്തിക്കാത്ത ഒരു സ്കീമായി മാറിയിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ. മാത്രമല്ല, രണ്ടാം ഘട്ടത്തിലാണ് രണ്ട് പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടത്. അപ്പോൾ ഒന്നാംഘട്ടത്തിന്റെ സ്ഥിതി എന്താണ്? അത് നടന്നുകൊണ്ടിരിക്കുകയാണോ? അങ്ങനെയാണെങ്കിൽ ഈ പറഞ്ഞ കാരണങ്ങൾ, ഇവിടത്തെ പവ്വർ ജനറേഷന്റെ വില കൂടുമെന്നുള്ളത് അതിന് ബാധകമല്ലേ? കെ.എസ്.ഇ.ബി. അല്ലെങ്കിൽ സർക്കാർ ഇക്കാര്യത്തിൽ എന്തൊക്കെ നോംസ് ആണ് ഫിക്സ് ചെയ്തിട്ടുള്ളതെന്ന് ഒന്ന് വ്യക്തമാക്കാമോ?

ശ്രീ. എ.കെ. ആൻറണി: എന്തായാലും ഇതിന്റെ നോംസിന്റെ വിവരം ശേഖരിച്ച് മേശപ്പുറത്തു വയ്ക്കാം. ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതിയും ഗവൺമെൻറ് പരിശോധിച്ചു വരികയാണ്. അവയുടെ പുരോഗതി പരിശോധനയിൽ തൃപ്തികരമല്ല എന്ന് കാണുകയാണെങ്കിൽ ധാരണാപത്രം റദ്ദാക്കും. സമീപകാലത്തു തുടങ്ങിയ പദ്ധതിയാണിത്. സ്വാഭാവികമായും ഒരു പുതിയ ആശയമെന്നുള്ള നിലയിൽ ഇത് നടപ്പാക്കുമ്പോൾ കുറേ ബാലാരിഷ്ടതകളൊക്കെ ഉണ്ടാകും. എന്നിരുന്നാലും ഗവൺമെൻറ് ഇതിന്റെ പ്രവർത്തനം ഓരോ ഘട്ടത്തിലും പരിശോധിക്കുന്നതുകൊണ്ട് പോരായ്മകളെന്തെങ്കിലുമുണ്ടെങ്കിൽ ആദ്യമേ കണ്ടുപിടിക്കും. അങ്ങനെ പോരായ്മകളുണ്ടെങ്കിൽ അതേക്കുറിച്ച് ആദ്യം അവർക്ക് മുന്നറിയിപ്പ് നൽകും. എന്നിട്ടും പുരോഗതിയില്ലെങ്കിൽ അവരുമായി ഉണ്ടാക്കിയിട്ടുള്ള ധാരണാപത്രം ഗവൺമെൻറ് റദ്ദാക്കുകയും ചെയ്യും.

ശ്രീ. പി. രാജു: സർ, സ്വകാര്യമേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്ക് ഏൽപ്പിച്ചിട്ടുണ്ടല്ലോ? അവർ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എന്തു വിലയ്ക്കാണ് കെ.എസ്.ഇ.ബി. എടുക്കാൻ തീരുമാനിച്ചിട്ടുള്ളത്; അതിനുവേണ്ടി എന്തെങ്കിലും കരാറുണ്ടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ.കെ. ആൻറണി: ഇതുവരെ കരാറുകളൊന്നും ഫൈനലൈസ് ചെയ്തിട്ടില്ല. പക്ഷേ കെ.എസ്.ഇ.ബി.ക്ക് സ്വീകാര്യമായ വിലയ്ക്ക് വൈദ്യുതി ഉൽപ്പാദിപ്പിച്ച് നൽകാമെന്നുള്ള വ്യവസ്ഥചെയ്തിട്ടുള്ള കരാറുകളാണ് സാധാരണ ധാരണാപത്രം ഒപ്പിടുമ്പോൾ കെ.എസ്.ഇ.ബി. ഒപ്പിടുക. വൈദ്യുതി നിരക്ക് ബോർഡിന് തൃപ്തികരമല്ലെന്നുണ്ടെങ്കിൽ ധാരണാപത്രം ഒപ്പുവയ്ക്കുകയില്ല. അങ്ങനെയാണെങ്കിൽ, ഒപ്പിട്ടിട്ടുണ്ടെങ്കിൽതന്നെയും ആ ധാരണാപത്രം റദ്ദാക്കുകയാണ് പതിവ്.

ശ്രീ. പി രാജു: സ്വകാര്യമേഖലയിൽ വൈദ്യുതി ഉണ്ടാക്കാൻ ചില സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. അവർ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് നാലും അഞ്ചും ഉറുപ്പികവെച്ച് ഇലക്ട്രിസിറ്റിബോർഡ് ഏറ്റെടുക്കാൻ പോകുന്നതായി പത്രങ്ങളിലൊക്കെ വാർത്തകൾ വന്നിട്ടുണ്ട്. ഇതിൽ എന്തെങ്കിലും സത്യാവസ്ഥയുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. അങ്ങനെ യൂണിറ്റ് റേറ്റ് അനുസരിച്ച് കൊടുത്ത സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന വൈദ്യുതി വാങ്ങിക്കുന്നത് സ്വാഭാവികമായും ഉപഭോക്താക്കൾക്ക് ഭാരിച്ച വിലവർദ്ധനവിന് ഇടയാക്കുമെന്നുള്ളതുകൊണ്ട് ഭാരിച്ച വിലയ്ക്ക് സ്വകാര്യ വ്യക്തികളിൽനിന്നും വൈദ്യുതി വാങ്ങി ജനറൽ ഗ്രിഡ്ഡിലേക്ക് എടുക്കുന്നത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ.കെ. ആൻറണി: ഇതിപ്പോൾ കേരളത്തിൽ മാത്രം തുടങ്ങിയ സ്വകാര്യവൽക്കരണമല്ല. ഇൻഡ്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേന്ദ്രഗവൺമെൻറ് തന്നെയാണ് ഇതിന്റെ നോംസ് നിശ്ചയിച്ചിട്ടുള്ളത്. ആ നോംസും സംസ്ഥാന ഇലക്ട്രിസിററി ബോർഡുകൾ നിശ്ചയിക്കുന്ന നോംസും അനുസരിച്ചാണ് ഇലക്ട്രിസിററി ബോർഡ് ഇങ്ങനെ വാങ്ങാനുദ്ദേശിക്കുന്ന വൈദ്യുതിയുടെ റേററ് നിശ്ചയിക്കുന്നത്. എന്നാൽ ആ നോംസിന് വിരുദ്ധമായി കാര്യങ്ങൾ നീങ്ങിയാൽ അത്തരം കരാർപത്രം റദ്ദാക്കുകയും ചെയ്യും.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടിയിൽ വ്യക്തമാകാത്ത ചില കാര്യങ്ങളുണ്ട്. അത് ഒന്ന് കൂടുതലായി വ്യക്തമാക്കുന്നതിനു വേണ്ടിയാണ് ഈ ചോദ്യം ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടി ആകെ എത്ര ധാരണാപത്രമാണ് ഒപ്പുവച്ചിട്ടുള്ളത്; എത്രപദ്ധതികൾക്കു വേണ്ടിയാണ് ഇത്തരത്തിൽ ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളത്; ഇവിടെ 8 എണ്ണം ക്യാൻസൽ ചെയ്തുവെന്ന് മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. ഇതിൽ ഒന്നാമത്തെ കാര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി മറുപടിയിൽ വ്യക്തമാക്കി. രണ്ടാംഘട്ടം റദ്ദാക്കിയെന്നുള്ളത് മുഖ്യമന്ത്രി പറഞ്ഞ മറെറാരു മറുപടിയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ പദ്ധതികളുടെ രണ്ടാംഘട്ടം റദ്ദാക്കിയതിന്റെ കാരണമെന്താണെന്ന് പറയാമോ; ഒന്നാം ഘട്ടത്തിൽ നിന്ന് കൂടുതലായി എന്തെല്ലാം വ്യവസ്ഥകൾകൂടി രണ്ടാം ഘട്ടത്തിൽ ഗവൺമെൻറ് അല്ലെങ്കിൽ ബോർഡ് സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ.കെ. ആൻറണി: ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ഇപ്പോൾ എന്റെ പക്കലില്ല. എന്റെ കൈവശമുള്ള റെക്കാർഡ് അനുസരിച്ച് 12 പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. അതിൽ 8 എണ്ണത്തിന്റെ ധാരണാപത്രം റദ്ദാക്കുകയും ചെയ്തു. ഓരോ പദ്ധതിയുടെയും വിശദമായിട്ടുള്ള ലേററസ്ററ് പൊസിഷൻ സംബന്ധിച്ച വിവരം ഞാൻ താമസിയാതെ ശേഖരിച്ച് മേശപ്പുറത്തു വയ്ക്കാം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഇപ്പോൾ 8 ധാരണാ പത്രങ്ങളാണ് ക്യാൻസൽ ചെയ്തിട്ടുള്ളതെന്ന് പറഞ്ഞു. അതിനു കാരണമായി മുഖ്യമന്ത്രി പറഞ്ഞത്; ഒന്ന് അവർ ഉൽപ്പാദിപ്പിക്കുന്ന കറൻറിന്റെ ചാർജ്ജ് വർദ്ധിപ്പിച്ചതാണെന്നാണ്. രണ്ട്, നിശ്ചിത സമയത്തിനകത്ത്, ധാരണയായിട്ടുള്ള കാലാവധിക്കുള്ളിൽത്തന്നെ അവർക്ക് അത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നതിന്റെ അടിസ്ഥാനത്തിലാണ് റദ്ദാക്കിയിട്ടുള്ളതെന്നും പറഞ്ഞു. എന്നാൽ ധാരണാപത്രം റദ്ദാക്കാത്ത ചില പദ്ധതികളുണ്ടല്ലോ? ആ പദ്ധതികളിൽ അവർ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി യൂണിററിന് എന്തു വിലയ്ക്കാണ് ബോർഡ് വാങ്ങാമെന്ന് വ്യവസ്ഥചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. എ.കെ ആൻറണി: വൈദ്യുതിയുടെ വിലനിരക്ക് വൈദ്യുതി ബോർഡിന് സ്വീകാര്യമല്ലാത്തതുകൊണ്ടാണ് 8 പദ്ധതികൾ ഒഴിവാക്കപ്പെട്ടത്. 12 പദ്ധതികൾക്കു വേണ്ടിയാണ് ആകെ ധാരണാപത്രം ഒപ്പുവച്ചത്. എന്നാൽ വൈദ്യുതി നിരക്കിന്റെ കാര്യം ഞാൻ നേരത്തെ ഉത്തരം പറഞ്ഞ കൂട്ടത്തിൽ പറഞ്ഞതാണ്, അതു സംബന്ധിച്ച തീരുമാനമൊന്നും ആയിട്ടില്ല. അത് അണ്ടർ നെഗോഷിയേഷനിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, വൈദ്യുതിയുടെ വിലനിരക്ക് ബോർഡിന് സ്വീകാര്യമല്ലാത്തതുകൊണ്ടാണ് 8 പദ്ധതികൾക്കുള്ള ധാരണാപത്രം റദ്ദാക്കിയതെന്ന് പറഞ്ഞു. എന്നാൽ ബാക്കിയുള്ള നാല് പദ്ധതികളുണ്ടല്ലോ; അപ്പോൾ ധാരണാപത്രം അംഗീകരിച്ചതായിട്ടുള്ള ആ നാലു പദ്ധതികളിൽ വൈദ്യുതിയുടെ നിരക്ക് യൂണിറ്റൊന്നിന് എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ശ്രീ. എ.കെ. ആന്റണി: വിലനിരക്ക് സ്വീകാര്യമല്ലാത്തതുകൊണ്ട് മാത്രമല്ല കരാർ റദ്ദാക്കിയത്. ധാരണാപത്രം ഒപ്പുവെച്ച കമ്പനികൾക്ക് അത് നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ വിഭവസമാഹരണം വേണ്ടസമയത്ത് നടത്താൻ കഴിയില്ലായെന്നുള്ളതാണ് അതിനു കാരണം. പല കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് കമ്പനികൾ ധാരണാപത്രം ഒപ്പുവച്ചത്. എന്നാൽ അതിലുള്ള ഒരു കാരണമാണ് ഞാൻ പറഞ്ഞത്. വിലനിരക്കിന്റെ കാര്യത്തിൽ ധാരണയൊന്നും ഉണ്ടായിട്ടില്ല. അത് ഇപ്പോഴും നെഗോഷിയേഷനിലാണ്. അക്കാര്യം ഇതേവരെ ഫൈനലൈസ് ചെയ്തിട്ടില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: സ്വകാര്യ മേഖലയ്ക്ക് നാം എന്തെങ്കിലും ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏൽപ്പിക്കുമ്പോൾ ആ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കാവശ്യമായിട്ടുവരുന്ന ഫണ്ടിനെ സംബന്ധിച്ച്, അല്ലെങ്കിൽ ആവശ്യമായ ചെലവിനെ സംബന്ധിച്ച്, ബോർഡ് മുൻകൂട്ടി എന്തെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കാറുണ്ടോ? ആ എസ്റ്റിമേറ്റുമായി ബന്ധപ്പെടുത്തിയാണോ ഈ ധാരണാപത്രം ഒപ്പുവയ്ക്കുന്നത്? ഇവിടെ ബോർഡിന് സ്വീകാര്യമല്ലാതെ വരുന്ന വിലനിരക്കിന്റെ കാര്യം പറഞ്ഞു. വിലനിരക്കിന്റെ പ്രശ്നംവരുമ്പോൾ ബോർഡിന് സ്വീകാര്യമല്ലാതെ വരുന്നുണ്ട്. അതിൻമേൽ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ആദ്യമായി അത് ടാലി ചെയ്തുകൊണ്ടാണോ ധാരണാപത്രം ഒപ്പിടുന്നത്? വിലനിരക്കിന്റെ പ്രശ്നംകൊണ്ട് മാത്രമായി ഏതെങ്കിലും ധാരണാപത്രങ്ങൾ നിരസിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ശ്രീ. എ.കെ. ആന്റണി: അതിന്റെ വിശദാംശങ്ങളൊന്നും ഇപ്പോൾ എന്റെ കൈയിലില്ല. ഇതിന്റെ വിവരം ശേഖരിച്ച് മെമ്പറെ അറിയിക്കാം.

ശ്രീ. പി.ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ മലങ്കര ജലവൈദ്യുത പദ്ധതിയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ ഇതുവരെയും തുടങ്ങിയിട്ടില്ല. അതിനായി 'സിൽക്ക്' എന്ന സ്ഥാപനവുമായി പല പ്രാവശ്യം ചർച്ച ചെയ്തുവെന്നൊക്കെ പറഞ്ഞുവെങ്കിലും ഇതുവരെ അതിന്റെ പണിയൊന്നുംതന്നെ കാര്യമായി നടന്നിട്ടില്ല. ഇപ്പോൾ കേൾക്കുന്നത് അതിന്റെ പണി സ്വകാര്യമേഖലയ്ക്ക് കൊടുക്കുന്നു എന്നാണ്. അതിനെ സംബന്ധിച്ചാണ് എനിക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. പ്രത്യേകിച്ചും വൈദ്യുതി ഉൽപ്പാദനം സ്വകാര്യമേഖലയ്ക്ക് കൊടുക്കുമ്പോൾ നമ്മൾ പലപ്പോഴും മറന്നുപോകുന്ന പ്രധാനപ്പെട്ട കാര്യമാണ് മുഴുവൻ ഇൻഫ്രാസ്ട്രക്ച്ചറും ഇലക്ട്രിസിറ്റി ബോർഡിനുണ്ട് എന്നുള്ളത്. അതുകൊണ്ട് അത് സ്വകാര്യമേഖലയ്ക്ക് കൊടുക്കുമ്പോൾ ഭാരിച്ച ധനനഷ്ടം ഉണ്ടാകുന്നുണ്ടെന്നുള്ള കാര്യം പരിഗണിച്ച്, അതുകൂടി കണക്കിലെടുത്തുകൊണ്ട്, ഇലക്ട്രിസിറ്റി ബോർഡിനെ കൊണ്ടുതന്നെ കൂടുതൽ കാര്യക്ഷമമായി പദ്ധതികളുടെ പ്രവർത്തനം നടപ്പിലാക്കാൻവേണ്ടി നടപടി സ്വീകരിക്കുമോ? മലങ്കര പദ്ധതിക്കുവേണ്ടി മൂന്നുവർഷമായി ഞങ്ങൾ കാത്തിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ.കെ. ആൻറണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ബേബി ജോൺ: സർ, അങ്ങ് മറുപടി പറഞ്ഞ കൂട്ടത്തിൽ ഒരെണ്ണം കംപ്ലീററ് ചെയ്തു എന്നു പറഞ്ഞു. നമ്മുടെ സംസ്ഥാനത്തുള്ള വ്യവസായികരം സ്വന്തം ആവശ്യത്തിനുവേണ്ടി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ അവരുടെ ആവശ്യം കഴിഞ്ഞിട്ട് അധികം വരുന്നത് ഇലക്ട്രിസിററി ബോർഡിന് കൊടുക്കുന്ന ഒരു സ്കീം അനുസരിച്ചാണ് ഇത് എന്നാണ് എനിക്കു തോന്നുന്നത്—subject to collection—ഇപ്പോൾ ഇത്തരം ധാരണാ പത്രത്തിൽ ഒപ്പിട്ടവരിൽ എട്ടു പേർ ക്യാൻസൽ ചെയ്തു. ബാക്കിയുള്ളവരെ സംബന്ധിച്ചാണ് പറയുന്നത്. നിലവിലിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ആളുകൾ അവരുടെ ആവശ്യത്തിനുവേണ്ടി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; അതല്ല ഇലക്ട്രിസിററി ഉൽപ്പാദിപ്പിച്ച് ബോർഡിന് കൊടുക്കുന്നതിനുവേണ്ടിയുള്ള ധാരണം പത്രമാണോ ഉണ്ടാക്കിയിട്ടുള്ളത്? എനിക്ക് ഒരു സംശയമുണ്ട്. അതു തിരുത്തണം. ഈ ധാരണാപത്രം അതിൻെറ പ്രാഥമികമായ സ്റെറപ്പ് എന്നുള്ള രീതിയിലാണ് കാണുന്നത്. കാരണം ധാരണാപത്രത്തിൽ ഒപ്പിട്ടതുകൊണ്ട് എല്ലാ വ്യവസായങ്ങളും എല്ലാ സംരംഭങ്ങളും നടക്കുമെന്ന് അർത്ഥമില്ല. അങ്ങു തന്നെ ഇപ്പോൾ പറഞ്ഞു, ഈ ധാരണാ പത്രത്തിൽ ഒപ്പിട്ടതിൽ വിലയുടെ മാത്രമല്ല അവരുടെ ഫിനാൻഷ്യൽ കപ്പാസിററി തുടങ്ങിയ കാര്യങ്ങൾകൂടി പരിഗണിക്കേണ്ടി വരും എന്ന്. അങ്ങനെയാണ് അതു മാററിയത് എന്നു പറഞ്ഞു. ധാരണാ പത്രത്തെ മാത്രം ആശ്രയിച്ചുകൊണ്ട് ഒരു വർക്ക് തുടങ്ങാമെന്ന് എനിക്കു തോന്നുന്നില്ല. സ്വാഭാവികമായും അതിനെത്തുടർന്ന് ഒരു എഗ്രിമെൻറ് വേണ്ടി വരും. ആ എഗ്രിമെൻറ് വ്യവസ്ഥകളുണ്ടാകണം. ആ എഗ്രിമെൻറിൽ തീർച്ചയായും ഒരു പ്രൈസ് ഫോർമുല കാണും. അതിൻെറ മാർജിനൽ പ്രോഫിററ് കാണും. അത് എന്തൊക്കെയാണെന്ന് പറയാമോ?

ശ്രീ. എ. കെ. ആൻറണി: ആദ്യത്തെ ചോദ്യത്തിന് ഉത്തരമായി പറയാനുള്ളത്, ധാരണാപത്ര പ്രകാരം വൈദ്യുതി ഉൽപ്പാദിപ്പിച്ച് വൈദ്യുതി ബോർഡിനു നൽകുന്ന ഒരു പദ്ധതിയും, വൈദ്യുതി ഉൽപ്പാദിപ്പിച്ച് സ്വകാര്യ വ്യക്തികൾക്കു നൽകുന്ന പദ്ധതിയുമെന്ന രണ്ടു തരം പദ്ധതികളുണ്ട് എന്നാണ്. രണ്ടാമത്തെ ചോദ്യത്തിൻെറ വിശദാംശങ്ങൾ അന്വേഷിച്ച് അറിയിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: 12 ധാരണാപത്രം ഒപ്പിട്ടതിൽ എട്ടെണ്ണം റദ്ദു ചെയ്തു. ആ എട്ടും വൈദ്യുതി ക്ഷാമം രൂക്ഷമായ, പശുക്കടവു മുതൽ വിലങ്ങാടു വരെയുള്ളവ, മലബാർ പ്രദേശത്താണ്. അങ്ങനെയാണെങ്കിൽ ഇലക്ട്രിസിററി ബോർഡ് തന്നെ ഇതേപ്പററി ആലോചിക്കാണ്ടേ? ധാരണാപത്രം ഒപ്പു വച്ചിട്ടുള്ള സ്വകാര്യ വ്യക്തികൾ വൈദ്യുതോൽപ്പാദനം ലാഭകരമല്ലാതെ ഇതിൽനിന്നും വിട്ടു പോകുന്നുവെങ്കിൽ വൈദ്യുതി ക്ഷാമം കൂടുതലുള്ള മലബാർ പ്രദേശത്ത് ഈ പദ്ധതി ഫീസിബിൾ അല്ലെങ്കിലും, ലാഭകരമല്ലെങ്കിലും സാമ്പത്തികമായി നഷ്ടമായാൽ പോലും, നാഫ്തയോ ഗ്യാസോ ഡീസലോ റാ മെററീരിയലായി കൊടുത്തുകൊണ്ട് മലബാർ പ്രദേശത്തെങ്കിലും സ്വകാര്യ മേഖലയ്ക്ക് ഈ പദ്ധതി കൊടുക്കാൻ ആലോചനയുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: താങ്കൾ പ്രകടിപ്പിച്ച വികാരം ഞാൻ മനസ്സിലാക്കുന്നു. കാസർകോട് പ്രദേശത്ത് ഡീസൽ ഉപയോഗിച്ച് ഒരു പദ്ധതി തുടങ്ങാൻ നമ്മൾ ഉദ്ദേശിക്കുന്നുണ്ട്. മററു കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കാം.

## വിള ഇൻഷ്വറൻസ് സ്കീം

*4 [90] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് പ്രസ്തുത സ്കീം നടപ്പിലാക്കി തുടങ്ങിയതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയിൽ എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, (എ) ഉണ്ട്.

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി നടത്തുന്ന നെൽക്കൃഷിക്കുള്ള വിള ഇൻഷ്വറൻസ് പദ്ധതി 1985 മുതൽ നടപ്പിലാക്കി വരുന്നു. കുരുമുളക്, റബ്ബർ, തെങ്ങ്, വാഴ എന്നീ വിളകൾക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 1992-93-ൽ നടപ്പിലാക്കിത്തുടങ്ങി. കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്കുള്ള സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള ഭരണാനുമതി ഇപ്പോൾ നൽകിയിട്ടുണ്ട്. 1995 ഏപ്രിൽ മാസം മുതൽ ഇതു നടപ്പിലാക്കിത്തുടങ്ങും.

(സി) ഈ പദ്ധതികൾ പ്രകാരം 1985-86 മുതൽ 1993-94 വരെ 66,342 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ച വിള ഇൻഷ്വറൻസ് സ്കീം കാർഷിക മേഖലയിൽ ഭാഗികമായി മാത്രമേ ബാധകമാകുന്നുള്ളൂ. കേരളത്തിലെ കാർഷിക മേഖലയ്ക്ക് ഇന്ന് മററല്ലാ മേഖലയ്ക്കുമുള്ള ഇൻഷ്വറൻസ് സൗകര്യം ലഭിക്കുന്നില്ല. അതു കണക്കിലെടുത്തുകൊണ്ട് എല്ലാ കാർഷിക വിളകൾക്കും ബാധകമായ, എല്ലാ കൃഷിക്കാർക്കും ലഭ്യമാകാൻ തക്കവണ്ണമുള്ള ഒരു സമഗ്രമായ വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. എ. കെ. ആന്റണി: കേരളത്തിലെ എല്ലാ കാർഷിക വിളകൾക്കും പററുന്ന നിലയിലുള്ള സമഗ്രമായ ഒരു വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് എനിക്ക് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. പക്ഷേ കേരളത്തിലെ കൃഷിക്കാരെ സഹായിക്കണമെന്നുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥമായ ആഗ്രഹം കൊണ്ടാണ് പുതിയതായി ഇരുപത്തഞ്ച് കാർഷിക വിളകളെക്കൂടി ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ സാധാരണ കണ്ടു വരുന്നത് നാച്ചുറൽ കലാമിററീസുമൂലം നാശനഷ്ടങ്ങളുണ്ടായാൽ കൃഷി വേണ്ടുകളിൽ അപേക്ഷ വാങ്ങി വയ്ക്കുന്നതല്ലാതെ, കഴിഞ്ഞ രണ്ടു കൊല്ലമായി 10 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

പോലും സഹായം കൊടുക്കാറില്ല. ആ സാഹചര്യം കണക്കിലെടുത്തു കൊണ്ട്, ഇന്ന് എല്ലാ മേഖലകൾക്കും ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ഉണ്ട്—ആ ഇൻഷ്വറൻസ് കവറേജ് അനുസരിച്ച്, കഴിയുന്നിടത്തോളം നാച്വറൽ കലാമിറ്റീസുമൂലം നഷ്ടമുണ്ടാകുമ്പോൾ കൃഷിക്കാരന് ആവശ്യമായ സഹായം നൽകാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. എ. കെ. ആന്റണി: താങ്കളുടെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശ്രീ. എ. യൂനുസ് കുഞ്ഞ്: വിള ഇൻഷ്വറൻസ് സ്കീമിൽ കശുമാവ് കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നഷ്ട പരിഹാരം കൊടുത്തുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേക്കായി പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള 25 വിളകളുടെ പേര് ഞാൻ വായിക്കാം. തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പഴ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, പരുത്തി, തുടങ്ങി സാമാന്യം പ്രധാനപ്പെട്ട എല്ലാ വിളകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഒരു സമഗ്രമായ വിള ഇൻഷ്വറൻസ് സ്കീം ഈ ഗവൺമെന്റ് കൊണ്ടുവരും, അതിനാവശ്യമായ നിയമ നിർമ്മാണം നടത്തും എന്ന് ഈ സഭയുടെ ആദ്യത്തെ സമ്മേളനത്തിൽ തന്നെ ധനകാര്യ മന്ത്രിയായിരുന്ന ഉമ്മൻചാണ്ടി വാഗ്ദാനം ചെയ്തിരുന്നു. അതേത്തുടർന്ന് കൃഷിവകുപ്പുമന്ത്രി ഇക്കാര്യത്തിൽ ചില ചർച്ചകൾ നടത്തി, കർഷകരുടെ പ്രതിനിധികൾ എന്നുള്ള നിലയിൽ ഞങ്ങളോട് പറഞ്ഞത്, ഈ സർക്കാരിന്റെ മൂന്നാം വാർഷികത്തിൽ ആ പദ്ധതി പ്രഖ്യാപിക്കുമെന്നാണ്. പക്ഷേ ഇതുവരെ ഒന്നും നടന്നിട്ടില്ല. അങ്ങ് ഇപ്പോൾ ഇതിന്റെ ചുമതല ഏറ്റെടുത്തിരിക്കുകയാണ്. ഏതു കാലയളവിനകം ആ നിയമനിർമ്മാണം നിലവിൽ വരുമെന്നു പറയാമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർക്ക് തെറ്റിദ്ധാരണ വേണ്ട. ഞാൻ ഈ ചുമതല ഏറ്റെടുത്തത് താൽക്കാലികം മാത്രമാണ്. പക്ഷേ കഴിഞ്ഞ ഗവൺമെന്റിന്റെ ജനക്ഷേമകരങ്ങളായ എല്ലാ പ്രഖ്യാപനങ്ങളും നടപ്പിലാക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിന്റെ ഭാഗമായിട്ട് ഞാൻ നേരത്തെ വായിച്ച പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്കു വേണ്ടിയുള്ള ഈ പദ്ധതി ഏപ്രിൽ മുതൽ, അടുത്ത സാമ്പത്തിക വർഷം മുതൽ, ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ ചുവടു പിടിച്ചാണ് ഈ പദ്ധതി ആരംഭിക്കുന്നത്.

ഡോ. കെ. സി. ജോസഫ്: അങ്ങ് വായിച്ച 25 കാർഷിക വിളകളുടെ ലിസ്റ്റിൽ നെല്ല് ഉൾപ്പെടുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഒരു സ്കീം നിലവിലുണ്ട് എന്നതാണ് അതിനു പ്രധാന കാരണം. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴുള്ള സ്കീം എന്നു പറയുന്നത് കൃഷിക്ക് വായ്പ എടുക്കുന്നവർക്ക് ആ വായ്പ തുകയ്ക്കുള്ള ഇൻഷ്വറൻസ് മാത്രമാണ്. ആ വായ്പ എടുക്കുന്നവർപോലും പ്രീമിയം അടയ്ക്കാൻ തയ്യാറായാൽ അവർക്കുകൂടി ഇൻഷ്വറൻസ് കവറേജ് കിട്ടത്തക്കവണ്ണവും ഈ സ്കീം നടപ്പാക്കുമോ? ഇപ്പോൾ ഒരിക്കൽ വായ്പ എടുത്താൽ



LIBRARY ARCHIVES Kerala Legislative Assembly

അത് അടയ്ക്കാതിരുന്നാൽ പിന്നീട് വായ്പ കിട്ടുകയില്ല. പലപ്പോഴും ഉണ്ടാകുന്ന പ്രകൃതിക്ഷോഭംകൊണ്ട് പലരും കുടിശ്ശികക്കാരാണ്. അവർക്ക് പ്രീമിയം അടയ്ക്കാൻ കഴിയാതെ വരും. അവരുടെ കൃഷിക്ക് ഇപ്പോഴം ഇൻഷ്വറൻസ് കവറേജ് ഇല്ല. അതുകൊണ്ട് നെൽകൃഷിക്കാർ അവരുടെ നെല്ലിന് പ്രീമിയം അടയ്ക്കാൻ തയ്യാറായാൽ ആ വിളയ്ക്കും ഇൻഷ്വറൻസ് കിട്ടത്തക്കവണ്ണം നെല്ലിനുകൂടി സമഗ്രമായ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: കേന്ദ്ര—സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ഇൻഡ്യയിൽ ഒട്ടുക്ക് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി നെൽക്കൃഷിക്കുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വായ്പ എടുക്കുന്നവർ മാത്രമാണ് ഇപ്പോൾ ഇതിന്റെ പരിധിയിലുള്ളത്. മററുള്ളവർക്കുകൂടി ഇതിന്റെ ആനുകൂല്യം ലഭിക്കുക എന്നുള്ളത് ഇൻഡ്യയിലെ ഒട്ടുക്കുമുള്ള കൃഷിക്കാരുടെ ആവശ്യമാണ്. ഇതേക്കുറിച്ച് പല പ്രാവശ്യം കേന്ദ്ര ഗവൺമെന്റ് പരിശോധിച്ചു. അങ്ങനെ വന്നാലുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത കാരണം ഗവൺമെന്റ് ഇതിനൊരു അവസാന തീരുമാനമെടുത്തിട്ടില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം ഇത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്ന വിഷയമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇപ്പോൾ ഇടവിളയായി വരുന്ന പല വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി എടുക്കുന്നു എന്നു പറഞ്ഞു. അത് സ്വാഗതാർഹമാണ്. പക്ഷ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് കാലവർഷക്കെടുതികളും പ്രകൃതി ക്ഷോഭവും ഉണ്ടാകുന്ന സ്ഥലങ്ങളിൽ വിള ഇൻഷ്വറൻസ് കവറേജ് കിട്ടാത്തതുകൊണ്ട് ഗവൺമെന്റ് നഷ്ടപരിഹാരം കൊടുക്കുകയാണ്. പക്ഷ ഈ നഷ്ട പരിഹാരത്തുക തീരുമാനിക്കുന്നതിനുവേണ്ടി നിശ്ചിതമായ വരുമാനം പറഞ്ഞിരിക്കുന്നു. ഒരു സർക്കാർ ഉദ്യോഗസ്ഥനുള്ള ഒരു വീട്ടിലെ കൃഷിക്ക് കെടുതിയുണ്ടായിക്കഴിഞ്ഞാൽ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് സാമ്പത്തിക സഹായം ലഭിക്കില്ല. അതുകൊണ്ട് നിലവിലുള്ള ഗൈഡ് ലൈൻസിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടിയും അത്തരം സാധുക്കളായ ആളുകൾക്കുകൂടി ഇതിന്റെ സഹായം കിട്ടുന്നതിനുവേണ്ടിയും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: നഷ്ട പരിഹാരത്തുക നിശ്ചയിക്കുന്നത് ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്ററാററിസ്ററിക്സ് തയ്യാറാക്കുന്ന വിളവിന്റെ കണക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ്. അതു കുറച്ചുകൂടി ഫലപ്രദമായി നടപ്പാക്കാനുള്ള നിർദ്ദേശങ്ങളുണ്ടെങ്കിൽ അതു പരിശോധിക്കുന്നതാണ്.

ശ്രീ. പി. എം. മാത്യു: വിള ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നത് വിവിധ തരം കർഷകർക്കുവേണ്ടിയാണ്. ഇന്ന് നമ്മുടെ കാർഷിക ഓഫീസുകൾ ശക്തമല്ല. എനിക്ക് ചോദിക്കാനുള്ളത്, നമ്മുടെ കാർഷിക ബാങ്കുകളിലും നമ്മുടെ സർവീസ് ബാങ്കുകളിലും അംഗങ്ങളല്ലാത്ത ഒരു കൃഷിക്കാരുമില്ല. ഈ സ്കീം നടപ്പിലാക്കാനുള്ള ഏജൻസിയായി നമ്മുടെ പ്രാഥമിക സഹകരണസംഘങ്ങളെ ഏൽപ്പിച്ചാൽ അവർ 1% പ്രീമിയം കൂടി അടയ്ക്കാൻ തയ്യാറാകും; അതുകൊണ്ട് ഫലപ്രദമായ രീതിയിൽ ഇത് നടപ്പിലാക്കാൻ കഴിയും. അതുകൊണ്ട് സർവീസ് സഹകരണ സംഘങ്ങളെ ഇത് നടപ്പിലാക്കാനുള്ള ഒരു ഏജൻസിയായി ഗവൺമെന്റ് അംഗീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: താങ്കളുടെ നിർദ്ദേശം ഗവൺമെന്റ് പഠിക്കുന്നതാണ്.

ശ്രീ. വി. വി. രാഘവൻ: വിള ഇൻഷ്വറൻസ് കേവലം ഒരു പദ്ധതി മാത്രമായാൽ അത് വിജയിക്കുകയില്ല. ഏതാനും വർഷങ്ങൾക്ക് മുമ്പുണ്ടായ ഒരു പദ്ധതി ഇത് തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം ആവശ്യമാണെന്ന് കണ്ടു. അങ്ങ് പറഞ്ഞതുപോലെ ഇത് കൺകറന്റ് സബ്ജക്റ്റ് ആയതുകൊണ്ട് നമുക്ക് നിയമനിർമ്മാണം നടത്താമോയെന്നുള്ള സംശയം വന്നു. അതിന് ലീഗൽ അഭിപ്രായം തേടി. നിയമനിർമ്മാണം നടത്താമെന്നുള്ള ഉപദേശം കിട്ടി. ശ്രീ. എം. എസ്. കെ. രാമസ്വാമിയുടെ അദ്ധ്യക്ഷതയിൽ ഒരു പുതിയ കമ്മിററിയെ വച്ചു. ആ കമ്മിററി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയും ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും ഒരു നിയമനിർമ്മാണം നടത്താമെന്ന് ഉറപ്പു നൽകിയത്. ആ നടപടി ഏന്തെങ്കിലും മുന്നോട്ടു പോയിട്ടുണ്ടോയെന്നാണ് എനിക്കറിയേണ്ടത്.

ശ്രീ. എ. കെ. ആന്റണി: അതിനെക്കുറിച്ചുള്ള അവസാന തീരുമാനം ഇതുവരെയുണ്ടായിട്ടില്ല.

ശ്രീ. ടി. ചാത്തു: നെൽക്കൃഷിക്കുള്ള ഇൻഷ്വറൻസ് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ കൂടി നടപ്പിലാക്കുന്നതാണെന്ന് അങ്ങ് പറഞ്ഞു. ബാങ്കിൽ നിന്നും പാക്കേജ് ലോൺ എടുക്കുമ്പോൾ കൃഷിക്കാരിൽനിന്നും പ്രീമിയത്തിന്റെ വിഹിതം ഈടാക്കുന്നുണ്ട്. എന്നാൽ ഒരു പ്രദേശത്തെ കൃഷി നശിച്ചാൽ ഇൻഷ്വറൻസ് സംരക്ഷണം കിട്ടുന്നതിന് വ്യവസ്ഥയില്ല. താലൂക്കാകെയുള്ള കൃഷി നശിച്ചാൽ മാത്രമേ ഇൻഷ്വറൻസിന്റെ ഗുണം കൃഷിക്കാർക്ക് കിട്ടുകയുള്ളൂവെന്നുള്ളതാണ് ഇന്നത്തെ വ്യവസ്ഥ. അങ്ങനെ വരുമ്പോൾ എന്റെ അനുഭവം വച്ചുപറഞ്ഞാൽ കഴിഞ്ഞ അഞ്ചാറു വർഷമായി, ഈ സ്കീം നടപ്പിലായതിനുശേഷം, ഒരു പ്രദേശത്തും ഒരു കൃഷിക്കാരനും ഇതിന്റെ സഹായം കിട്ടിയിട്ടില്ല. ഏതായാലും അത് മനസ്സിലാക്കി, ഒരു പഞ്ചായത്തിൽ വിള നശിച്ചാൽ, വരൾച്ചയുണ്ടായാൽ, വെള്ളപ്പൊക്കമുണ്ടായാൽ, ഇൻഷ്വറൻസിന്റെ ഗുണം അവിടത്തെ കൃഷിക്കാർക്ക് കിട്ടത്തക്കവണ്ണം നിലവിലുള്ള വ്യവസ്ഥയിൽ മാററം വരുത്തി നടപ്പിലാക്കണം. അതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: ഇൻഡ്യയെപ്പോലെ ഒരു കാർഷിക രാജ്യത്തെ സംസ്ഥാനമായ കേരളവും പ്രധാനമായി കാർഷിക സമ്പദ്ഘടനയിൽ ബന്ധപ്പെട്ട് നിൽക്കുകയാണ്. എല്ലാ കൃഷിക്കാരുടേയും പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് വിചാരിച്ചാൽ സമീപകാലത്ത് പെട്ടെന്ന് സാധിക്കുകയില്ല. പക്ഷേ താങ്കൾ ഉന്നയിച്ചതുപോലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് പരിമിതികൾക്കകത്തുനിന്നുകൊണ്ട് എന്തെല്ലാം സാധിക്കുമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എം. സി. ചെറിയാൻ: 25 ഇനം കൃഷികളെ ഇൻഷ്വറൻസിന്റെ കീഴിൽ കൊണ്ടുവരുമെന്ന് അങ്ങ് പ്രസ്താവിച്ചു. നാച്ചുറൽ കലാമിററിയുണ്ടാകുന്ന സമയത്ത് നാച്ചുറൽ കലാമിററി ഫണ്ടിൽനിന്നും ഇതുവരെയും ഇങ്ങനെയുള്ള കൃഷികൾക്ക് സഹായം നൽകിയിരുന്നു. ഇൻഷ്വറൻസിന്റെ പരിധിയിൽ വരുന്നതോടുകൂടി ഇത്തരം കൃഷികളെ ആ സഹായപദ്ധതിയിൽനിന്ന് മാററുമോ ഇല്ലയോ എന്നുള്ളത് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആൻറണി: താങ്കളുടെ ആശങ്കയെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. നാണു മാസ്ററർ: നമ്മുടെ സംസ്ഥാനത്ത് അധികം കർഷകരും ദരിദ്ര കർഷകർ, ചെറുകിട കർഷകർ എന്നീ വിഭാഗങ്ങളിൽ പെടുന്നവരാണ്. കാലവർഷവും വരൾച്ചയും കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് സത്യമാണ്. അപ്പോഴെല്ലാം ഗവൺമെൻറ് പ്രഖ്യാപിക്കുന്ന ദുരിതാശ്വാസം അവർക്ക് കൃത്യസമയത്ത് കിട്ടുന്നില്ല. ഹ്രസ്വകാലവിളകളും ദീർഘകാല വിളകളുമുണ്ട്. ഇതെല്ലാം സങ്കീർണ്ണമായ ഒരവസ്ഥ സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് വളരെവേഗം ഈ ദുരിതാശ്വാസം കർഷകർക്ക് ലഭ്യമാക്കാൻ കഴിയത്തക്ക വിധത്തിൽ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് താലൂക്ക് തലത്തിൽ, അല്ലെങ്കിൽ ജില്ലാ തലത്തിൽ ആത്മാർത്ഥമായ, ത്വരിതഗതിയിലുള്ള ഒരു സംവിധാനത്തിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എ. കെ. ആൻറണി: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

## പുതിയ ശമ്പള കമ്മീഷനെ നിയമിക്കുവാൻ നടപടി

*5 [91] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, വി. വി. രാഘവൻ:
,, കെ. ഇ. ഇസ്മയിൽ:
,, ഇ. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് കേന്ദ്ര ശമ്പള നിരക്ക് നടപ്പാക്കിയതിൽ വളരെയധികം അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ശമ്പള കമ്മീഷനെ നിയമിച്ചുകൊണ്ട് ഈ അപാകതകൾ പരിഹരിക്കുന്നതിനും കേന്ദ്ര ഗവൺമെൻറ് പുതുതായി നിയമിച്ച ശമ്പള കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ സംസ്ഥാന ജീവനക്കാരുടെ ശമ്പളവും പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): (എ) പേ ഇൗക്വലൈസേഷൻ കമ്മിററിയുടെ ശുപാർശകൾ സർക്കാർ നടപ്പാക്കിയപ്പോൾ ചില അപാകതകൾ ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇപ്പോൾ തീരുമാനമില്ല.

ശ്രീ. വി. വി. രാഘവൻ: കേന്ദ്ര പാരിററിയെ പേ ഇൗക്വലൈസേഷനായിട്ടാണ് ഗവൺമെൻറ് നടപ്പിലാക്കിയത്. അതുകൊണ്ട് പുതിയ ശമ്പള പരിഷ്കരണ കമ്മിററികളിലെ എല്ലാ അവകാശവും നമ്മുടെ ജീവനക്കാർക്കുള്ളതാണ്. പേ ഇൗക്വലൈസേഷൻ എന്നുള്ള തത്വത്തിൻെറ ഏററവും പ്രധാനപ്പെട്ട ഒരു ഭാഗമാണല്ലോ കേന്ദ്ര ഗവൺമെൻറ് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഡി. എ. ഇവിടെ കൊടുക്കുകയെന്നുള്ളത്. ഇപ്പോൾ രണ്ടു ഗഡു ഡി. എ. കുടിശ്ശിക വന്നിട്ടുണ്ട്; മൂന്നാമത് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുമുണ്ട്. പേ ഈക്വലൈസേഷന്റെ പ്രധാനപ്പെട്ട ഇനമായ, ക്ഷാമബത്ത തക്കസമയത്ത് കൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ഡി. എ. കാലാകാലങ്ങളിൽ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് കൊടുക്കുന്നതാണെന്ന് അംഗീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കകത്തുനിന്നുകൊണ്ട് അത് കൊടുക്കുന്നതിന് കുറച്ച് കാലതാമസമുണ്ടാകുന്നുവെന്നുള്ളത് ശരിയാണ്. അത് കുറയ്ക്കാൻ പരമാവധി ശ്രമിക്കുന്നതാണ്.

ശ്രീ. വി. വി. രാഘവൻ: അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റ്, കേന്ദ്ര ജീവനക്കാർക്ക് നൂറു രൂപ ഇടക്കാലാശ്വാസം കൊടുത്തു. പേ ഈക്വലൈസേഷന്റെ തത്വപ്രകാരംതന്നെ ആ ഇടക്കാലാശ്വാസത്തിന് നമ്മുടെ ജീവനക്കാരും അർഹരാണ്. അത് കൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: ഇപ്പോൾ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 1.3.1992 മുതലാണ് ശമ്പള നിരക്കുകൾ പരിഷ്കരിച്ച് നടപ്പിലാക്കിയത്. ഇത് പേ ഈക്വലൈസേഷൻ കമ്മിററി റിപ്പോർട്ടിന്റേയും ക്യാബിനററ് സബ് കമ്മിററിയുടേയും ശുപാർശയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് സർക്കാരിന് വന്നിട്ടുള്ള ബാദ്ധ്യത വളരെ വലുതാണ്. അതിൽനിന്ന് ഒഴിഞ്ഞുമാറാൻ ഉദ്ദേശിക്കുന്നില്ല. ഏതായാലും ഒരു ഇടക്കാലാശ്വാസം കൊടുക്കുന്ന നിർദ്ദേശം ഇപ്പോൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ ഇല്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്ന ഡി. എ., അല്പസ്വല്പം കാലതാമസമുണ്ടെങ്കിലും, സമയാസമയങ്ങളിൽ കേരള ഗവൺമെന്റും നൽകാറുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷെ മൂന്നു ഗഡുവാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കുകയും കേരളത്തിൽ നടപ്പിലാക്കാതിരിക്കുകയും ചെയ്തിട്ടുള്ളത്. മൂന്നു ഗഡു ഡി. എ. ഇനത്തിൽ കേരളത്തിലെ ജീവനക്കാർക്ക് എത്ര കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ടിവരുന്നത്? ഈ സംഖ്യ എന്ന് കൊടുക്കും? അതിൽ എത്ര സംഖ്യ, എപ്പോൾ, കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: ഓരോ ഡി. എ. ക്ക് കൊടുക്കേണ്ടി വരുന്ന തുകയെത്രയാണെന്ന് പറയാൻ പ്രത്യേകിച്ച് നോക്കേണ്ടതായിട്ടുണ്ട്. അതിന് പ്രത്യേകം നോട്ടീസ് വേണം. ഇന്ന് അവതരിപ്പിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിൽ കേന്ദ്ര ഗവൺമെന്റ് ഡി. എ. സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് കൊടുക്കാൻ തുക വകകൊള്ളിച്ചിട്ടുണ്ട്. അത് നമ്മുടെ വെയ്സ് ആന്റ് മീൻസ് പൊസിഷൻ അനുസരിച്ചും പണത്തിന്റെ മാനേജുമെന്റ് അനുസരിച്ചും അവർക്ക് വലിയ പരാതിയില്ലാതെ കൊടുക്കുന്നുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ: കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച മൂന്നു ഗഡു ഡി. എ. കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ജീവനക്കാർ വിവിധ തരത്തിലുള്ള പ്രക്ഷോഭങ്ങൾ നടത്തുകയാണ്. ഇത്തരം ഒരു ഒഴുക്കൻ

മട്ടിലുള്ള ഉത്തരം കൊണ്ട് തൃപ്തിയാകുകയില്ല. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിക്കഴിഞ്ഞാൽ ഇതിലെ എത്ര ഗഡു കൊടുക്കുമെന്നുള്ളത് സംബന്ധിച്ച് വ്യക്തമായ ഒരു ഉറപ്പുപറയാൻ കഴിയുമോ?

ശ്രീ. സി. വി. പത്മരാജൻ: അത് ഞാൻ നേരത്തേ പറഞ്ഞ ഉത്തരത്തിലുള്ള കാര്യം തന്നെയാണ്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിക്കഴിഞ്ഞാൽ ഇത്ര ദിവസങ്ങൾക്കുള്ളിൽ കേന്ദ്ര ഡി. എ. ഇവിടെ പ്രഖ്യാപിക്കുമെന്നു പറയാൻ ഇപ്പോൾ ബുദ്ധിമുട്ടുണ്ട്.

ശ്രീ. ഇ. രാജേന്ദ്രൻ: കേന്ദ്ര പാരിററി പേ ഈക്വലൈസേഷൻ എന്നാക്കി മാററിയതോടുകൂടി ലീവ് സറണ്ടർ ആനുകൂല്യം ഉൾപ്പെടെയുള്ള നിരവധി ആനുകൂല്യങ്ങൾ സർക്കാർ ജീവനക്കാർക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. അത് പുനഃസ്ഥാപിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: വളരെയധികം ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടതായി പരാതിയുണ്ടായിട്ടില്ല. കേന്ദ്രത്തിലും സംസ്ഥാനത്തിലെ പല തസ്തികകൾക്കും പേര് ഒന്നാണെങ്കിലും അവയുടെ നിയമന രീതി, അധികാര പരിധി, ജോലിഭാരം, മിനിമം ക്വാളിഫിക്കേഷൻ തുടങ്ങിയവയിൽ വ്യത്യസ്തമായിട്ടുള്ള പല പ്രശ്നങ്ങളുണ്ട്. ഇതെല്ലാം കണക്കിലെടുക്കാൻ വേണ്ടിയാണ് പേ ഈക്വലൈസേഷൻ കമ്മിററിയുണ്ടാക്കിയത്. അതിൽ ചില പാകപ്പിഴകളുണ്ടെന്നുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതാണ്.

ശ്രീ. ഇ. രാജേന്ദ്രൻ: ശമ്പള കമ്മീഷനെ നിയമിക്കേണ്ട കാലം കഴിഞ്ഞിട്ട് എത്ര വർഷങ്ങളായി? ശമ്പള കമ്മീഷനെ നിയമിക്കണമെന്ന് എല്ലാ ജീവനക്കാരുടേയും സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടല്ലോ. അവരുമായി ആലോചിച്ച് ശമ്പള കമ്മീഷനെ നിയമിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: നമ്മുടെ സംസ്ഥാനത്ത് 5 വർഷത്തിലൊരിക്കൽ ശമ്പള കമ്മീഷനെ നിയമിക്കുന്ന ഏർപ്പാടുണ്ടായിരുന്നു. സംസ്ഥാന ജീവനക്കാർക്ക് കേന്ദ്ര നിരക്കുമായി ബന്ധപ്പെടുത്തി ശമ്പളം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ട് ഏകദേശം ഒന്നരവർഷം മാത്രമേ ആയിട്ടുള്ളൂ. ഈ സാഹചര്യത്തിൽ വീണ്ടും ഒരു ശമ്പള കമ്മീഷനെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. അതേ സമയത്ത് കേന്ദ്രത്തിൽ പുതുതായി ശമ്പള കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഇതുവരെ അതിൻെറ റിപ്പോർട്ട് സമർപ്പിക്കുകയോ ശമ്പള പരിഷ്കരണം നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. അത് വരുമ്പോൾ നമുക്ക് ആലോചിക്കാവുന്നതാണ്.

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### കായംകുളം താപനിലയം പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനം

* 6 [92] പ്രൊ. മീനാക്ഷി തമ്പാൻ:
ശ്രീ. ഇ. രാജേന്ദ്രൻ:
,, കെ. പ്രകാശ് ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിന് ഇൻവെസ്‌റ്റ്മെൻറ് അപ്രൂവൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത താപനിലയം പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനം നാഫ്തയാക്കി മാററിയിട്ടുണ്ടോ; എങ്കിൽ ഒരു വർഷം വേണ്ടി വരുന്ന നാഫ്ത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആവശ്യമായ നാഫ്ത എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) എൻ. ടി. പി. സി. യുടെ കണക്കനുസരിച്ച് കൽക്കരി, നാഫ്ത എന്നിവ ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഓരോ യൂണിററ് വൈദ്യുതിക്കും വേണ്ടിവരുന്ന ചെലവ് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി):

(എ) ഇൻവെസ്ററ്മെൻറ് അപ്രൂവൽ നാലു ഘട്ടങ്ങളായാണ് ലഭിക്കുക. ഇതിൽ ആദ്യ മൂന്നു ഘട്ടങ്ങളുടെ അനുമതി ലഭിച്ചു. ടെക്നോ-ഇക്കണോമിക്, പ്രി-പി. എ. ബി., പി. ഐ. ബി. എന്നീ ക്ലിയറൻസുകളാണ് ലഭിച്ചിട്ടുള്ളത്. അവസാന ഘട്ടമായ സാമ്പത്തിക കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതിയുടെ അനുമതിയാണ് ഇനി ലഭിക്കേണ്ടത്. ഇതു സംബന്ധിച്ച് ഫയൽ കേന്ദ്ര ധനവകുപ്പിൻെറ പരിഗണനയിലാണ്.

(ബി) ഉണ്ട്, പ്രതിവർഷം ഉദ്ദേശം 4.5 ലക്ഷം ടൺ നാഫ്ത ആവശ്യമായി വരുമെന്നാണ് എൻ. ടി. പി. സി. അറിയിച്ചിട്ടുള്ളത്.

(സി) ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം ലിമിററഡ്, കൊച്ചിൻ റിഫൈനറി ലിമിററഡ് എന്നീ സ്ഥാപനങ്ങൾ നാഫ്ത നൽകാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇൻഡ്യയിൽ ഉല്പാദിപ്പിക്കുന്ന നാഫ്തയെക്കാൾ വില കുറവ് ഇറക്കുമതി ചെയ്യുന്ന നാഫ്തയ്ക്കാണ്. അതുകൊണ്ട് ചെലവു കുറഞ്ഞ മാർഗ്ഗം അവലംബിക്കുമെന്നാണ് എൻ. ടി. പി. സി. അറിയിച്ചത്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) കൽക്കരി ഉപയോഗിച്ചാൽ ഒരു യൂണിററ് വൈദ്യുതിക്ക് 2 രൂപ 83 പൈസയും നാഫ്ത ഉപയോഗിച്ചാൽ 2 രൂപ 61 പൈസയും ചെലവു വരും.

## റഗുലേററഡ് മാർക്കററിംഗ് സിസ്ററം

* 7 [93] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റഗുലേററഡ് മാർക്കററിംഗ് സിസ്ററം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി മാർക്കററിംഗ് സ്ററബിലൈസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി):

(എ, ബി) സംസ്ഥാനത്ത റഗുലേററഡ് മാർക്കററ് സിസ്ററം നടപ്പിലാക്കി തുടങ്ങുകയോ ഇതിനായി മാർക്കററിംഗ് സ്ററബിലൈസേഷൻ ഫണ്ട് രൂപീകരിക്കുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

### പൊതുകടമെടുപ്പ്

1 [722] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി എത്ര കോടി രൂപയുടെ പൊതുകടമെടുപ്പ് നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പൊതുകടമെടുപ്പിലൂടെ സമാഹരിച്ച തുക എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി 345.61 കോടി രൂപയുടെ പൊതുകടമെടുപ്പു നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) ഈ സർക്കാർ 22-3-1995-ൽ ആണ് അധികാരത്തിൽ വന്നത്. അതിനുശേഷം പൊതുകടമെടുത്തിട്ടില്ല.

### ക്യാൻസർരോഗ നിയന്ത്രണത്തിന് 'ഇന്ദിരാവികാസ്പത്ര' വിൽപ്പനവഴി സമാഹരിച്ച തുക

2 [723] ശ്രീമതി റോസമ്മ ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ 'ഇന്ദിരാവികാസ്പത്ര' വിൽപ്പനയിലൂടെ ജില്ലകളിൽ ക്യാൻസർ രോഗ നിയന്ത്രണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മൊത്തം എത്ര രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ആവശ്യത്തിലേക്ക് വിനിയോഗിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 'സേവിംഗ്സ് ഫോർ ക്യാൻസർ കെയർ' പദ്ധതി പ്രകാരം 1-11-1994 മുതൽ 31-1-1995 വരെ ഇന്ദിരാ വികാസ്പത്ര വിൽപ്പനയിലൂടെ ഊർജ്ജിത നിക്ഷേപ സമാഹരണം നടത്തി ലഭിച്ച തുകയുടെ 25% ക്യാൻസർ ചികിൽസക്കും ഗവേഷണത്തിനും വേണ്ടി വിനിയോഗിക്കുന്നതാണ്. ഇതു പ്രകാരം ആകെ 96.53 കോടി രൂപ സമാഹരിക്കുകയുണ്ടായി.

(ബി) 'സേവിംഗ്സ് ഫോർ ക്യാൻസർ കെയർ' പദ്ധതി പ്രകാരം ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### കുറഞ്ഞ തുകയുടെ മുദ്രപ്പത്രങ്ങളുടെ ക്ഷാമം

3 [724] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ തുകയുടെ മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) സംസ്ഥാനമൊട്ടാകെ കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്ര ക്ഷാമമില്ല. ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ സ്റ്റോക്ക് പരിമിതമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് ഉടനടി പരിഹരിക്കാൻ അടിയന്തിരമായി റവന്യൂ ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നുണ്ട്. കെട്ടിക്കിടക്കുന്ന പഴയ മുദ്രപ്പത്രങ്ങൾ മൂല്യവില പുനർനിർണ്ണയം ചെയ്ത് വിതരണം ചെയ്യുന്നുണ്ട്.

### സ്വർണ്ണ വ്യാപാരത്തിന് വിൽപ്പന നികുതി

4 [725] ശ്രീ. ഇ. ശങ്കരൻ:
,, ടി. ശിവദാസമേനോൻ:
,, സി. പി. നാരായണൻ:
,, പി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണവ്യാപാരത്തിന് വിൽപ്പന നികുതിയിൽ കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതുമൂലം സർക്കാരിന് വരുമാനവർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് മുമ്പ് സ്വർണ്ണവ്യാപാരികളിൽനിന്ന് മാത്രമായി വിൽപ്പന നികുതിയിനത്തിൽ സർക്കാരിന് പ്രതിവർഷം എന്ത് തുക വരുമാനമുണ്ടായിരുന്നു;

(സി) സംസ്ഥാനത്ത് വിൽപ്പന നികുതിയുടെ പരിധിയിൽ വരുന്ന എത്ര സ്വർണ്ണവ്യാപാര സ്ഥാപനങ്ങളാണുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) 1993-94-ൽ സ്വർണ്ണവ്യാപാരികളിൽനിന്ന് വിൽപ്പന നികുതി ഇനത്തിൽ എന്ത് തുക വരുമാനമുണ്ടായിരുന്നു;

(ഇ) 1994-95-ൽ ഫെബ്രുവരി അവസാനം വരെ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ: പ്രതീക്ഷിത തുക എത്രയായിരുന്നു;

(എഫ്) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി, ഡി, ഇ, എഫ്) വിവരം ശേഖരിച്ചു വരുന്നു.

നീണ്ടകര മത്സ്യബന്ധന തുറമുഖം

5 [726] ശ്രീമതി കെ. ആർ. ഗൗരിയമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ ഡ്രഡ്ജിംഗ് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(സി) ഈ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തുറമുഖ വകുപ്പിന്റെ മണ്ണുമാന്തിക്കപ്പൽ ഉപയോഗിച്ച് മത്സ്യബന്ധന തുറമുഖത്ത് ഒരു ചാനലിന്റെ ആഴം കൂട്ടിയിട്ടുണ്ട്.

(സി) നിലവിലുള്ള സൗകര്യങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുറമുഖ വികസനത്തിന് ഇപ്പോൾ പരിപാടികളൊന്നുമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## II. ചരമോപചാരം

മി. സ്പീക്കർ: ഓർഡർ, ഓർഡർ................................ മുൻ കേരളാ ഗവർണ്ണർ ശ്രീമതി രാംദുലാരി സിൻഹ, മുൻമന്ത്രിമാരായിരുന്ന ഡോ. ജി. രാമചന്ദ്രൻ, ശ്രീ. പി. എം. അബൂബക്കർ, ശ്രീ. എം. കെ. രാഘവൻ, കേരള നിയമസഭാംഗങ്ങളായിരുന്ന ശ്രീ. സ്റ്റീഫൻ പാദുവ, ശ്രീ. എം. പി. എം. അബ്ദുള്ളക്കുരിക്കൾ, ശ്രീ. എൻ. പ്രഭാകരതണ്ടാർ, ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ), ശ്രീ. ചിററൂർ ശശാങ്കൻ നായർ, ലോകസഭാംഗമായിരുന്ന ശ്രീ. സി. ജനാർദ്ദനൻ, രാജ്യസഭാംഗമായിരുന്ന ശ്രീ. ജി. ഗോപിനാഥൻ നായർ, തിരു-കൊച്ചി നിയമസഭാംഗങ്ങളായിരുന്ന ശ്രീ. വെട്ടിക്കവല കൊച്ചുകുഞ്ഞ്, ശ്രീ. കടപ്ര സദാശിവൻ പിള്ള, ശ്രീ. ജോസഫ് ചാത്തൻ, ശ്രീ. കെ. എ. മുഹമ്മദ് എന്നിവർ അടുത്ത കാലത്ത് നിര്യാതരായ വിവരം ബഹു. അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

ബീഹാർ സംസ്ഥാനത്തെ ഗോപാൽഗഞ്ച് ജില്ലയിൽ മണിക്പൂർ ഗ്രാമത്തിലാണ് ശ്രീമതി രാംദുലാരി സിൻഹ ജനിച്ചത്. പട്ന സർവ്വകലാശാലയിൽനിന്ന് ചരിത്രത്തിലും ഹിന്ദിയിലും ബിരുദാനന്തര ബിരുദം നേടിയ അവർ ഇരുപത്തിയഞ്ചാം വയസ്സിൽ ബീഹാർ സ്റേററ് യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി സ്ഥാനത്ത് അവരോധിതയായി. മുപ്പതാം വയസ്സിൽ ബീഹാർ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട രാംദുലാരി സിൻഹ 1971 മുതൽ 1978 വരെ സംസ്ഥാന മന്ത്രിസഭയിൽ അംഗമായിരുന്നു. 1980 മുതൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ രൂപീകൃതമായ മന്ത്രിസഭയിൽ വാർത്താവിതരണ വകുപ്പിന്റെ സഹമന്ത്രിയായിരുന്നു അവർ. തുടർന്ന് പല ഘട്ടങ്ങളിലായി വ്യവസായം, ഉരുക്ക്, വാണിജ്യം, ആഭ്യന്തരം തുടങ്ങിയ വകുപ്പുകളുടെ ചുമതലയും വഹിച്ചിട്ടുണ്ട്.

1988-ൽ കേന്ദ്രമന്ത്രിപദം രാജിവച്ചശേഷമാണ് ശ്രീമതി സിൻഹ കേരള ഗവർണ്ണറായി അധികാരമേററത്. രാഷ്ട്രീയ പ്രവർത്തകയെന്ന നിലയിലും

LIBRARY ARCHIVES Kerala Legislative Assembly

ഭരണാധികാരിയെന്ന നിലയിലും മൗലികമായ വീക്ഷണഗതി വച്ചുപുലർത്തിയിരുന്ന ശ്രീമതി സിൻഹ അനുപമമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അക്കാരണത്താൽതന്നെ കടുത്ത വിമർശനങ്ങളേയും അവർക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. ശ്രീമതി രാംദുലാരി സിൻഹയുടെ ദേഹവിയോഗം കേരളീയരായ നമുക്കേവർക്കും വലിയ നഷ്ടബോധമാണുണ്ടാക്കിയിരിക്കുന്നത്.

നിസ്സഹകരണ പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയരംഗത്തേക്കു കടന്നുവന്ന ഡോ. ജി. രാമചന്ദ്രൻ ഗാന്ധിയൻ പ്രവർത്തന മണ്ഡലത്തിലെ അതുല്യപ്രതിഭയായിരുന്നു. തിരുവനന്തപുരം, നാഗർകോവിൽ, കോട്ടയം എന്നീ സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം അദ്ദേഹം വിശ്വഭാരതിയിൽ നിന്നാണ് ബിരുദം സമ്പാദിച്ചത്. തുടർന്ന് സബർമതി ആശ്രമത്തിലെത്തിയ അദ്ദേഹം ഖാദി, ഹരിജനോദ്ധാരണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നീ മേഖലകളിൽ പരിശീലനം നേടി. പിൽക്കാലത്ത് അദ്ദേഹം ഒട്ടനവധി സഹനസമരങ്ങൾക്ക് നേതൃത്വം കൊടുക്കുകയും നിരവധി തവണ ജയിൽവാസമനുഭവിക്കുകയും ചെയ്തു. ഹിന്ദു മുസ്ലീം മൈത്രിക്കുവേണ്ടി 1924-ൽ ഗാന്ധിജി സത്യാഗ്രഹം ആരംഭിച്ചപ്പോൾ അദ്ദേഹത്തെ ശുശ്രൂഷിക്കാൻ ഭാഗ്യം സിദ്ധിച്ചയാളാണ് ഡോ. രാമചന്ദ്രൻ. 1948-ൽ തിരുവിതാംകൂർ നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ട ഡോ. രാമചന്ദ്രൻ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ രൂപംകൊണ്ട മന്ത്രിസഭയിലംഗമായിരുന്നു. പിന്നീടൊരിക്കലും അദ്ദേഹം അധികാരത്തിന്റെ അകത്തളങ്ങളിൽ എത്തിനോക്കിയിട്ടയില്ല.

ഗാന്ധിയൻ വിദ്യാഭ്യാസ ദർശനത്തെ അടിസ്ഥാനമാക്കി അദ്ദേഹം സ്ഥാപിച്ച മധുരയിലെ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ന് ഒരു സർവ്വകലാശാലയാണ്. പ്രസ്തുത സർവ്വകലാശാലയുടെ വൈസ് ചാൻസലർ, രാജ്യസഭാംഗം, ഗാന്ധി സ്മാരകനിധിയുടെ അഖിലേന്ത്യാ സെക്രട്ടറി, തമിഴ്നാട് സർക്കാരിന്റെ വിദ്യാഭ്യാസ ഉപദേഷ്ടാവ്, ഖാദി കമ്മീഷൻ ചെയർമാൻ എന്നീ വിവിധനിലകളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്

മലയാളവും ഇംഗ്ലീഷും അനായാസം കൈകാര്യം ചെയ്തിരുന്ന ഡോ. രാമചന്ദ്രൻ വളരെ പ്രശസ്തനായ എഴുത്തുകാരനും ഉജ്ജ്വലവാഗ്മിയുമായിരുന്നു. മഹാത്മാഗാന്ധിയുമായി രാഷ്ട്രീയത്തിലും സാമൂഹ്യസേവനത്തിലും നിർമ്മാണ പ്രവർത്തനത്തിലും ഒത്തുചേർന്ന് പ്രവർത്തിക്കുകയും കേരളത്തിൽ തിരിച്ചുവന്ന് സ്വന്തമായി ഒരു കർമ്മക്ഷേത്രം നിർമ്മിച്ച് ഗാന്ധിമാർഗ്ഗത്തിന്റെ മഹത്വം പ്രചരിപ്പിക്കുകയും ചെയ്തതാണ് അദ്ദേഹത്തിന്റെ ഏററവും വലിയ സംഭാവന. നെയ്യാററിൻകരക്കടുത്ത് സ്ഥാപിച്ച മാധവീമന്ദിരം ലോകസേവാ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് ജീവിത സായാഹ്നത്തിലും കർമ്മനിരതനായിരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഡോ. രാമചന്ദ്രന്റെ തിരോധാനത്തോടെ ഗാന്ധിജിയുമായി കേരളത്തെ ബന്ധിപ്പിച്ചിരിക്കുന്ന ബലവത്തായ ഒരു കണ്ണിയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

ശ്രീ. പി. എം. അബൂബക്കറിന്റെ നിര്യാണം നമ്മെ ഏവരേയും ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവമാണല്ലോ. കഴിഞ്ഞ നാലു ദശാബ്ദത്തിലേറെയായി സംസ്ഥാനത്തെ പൊതുപ്രവർത്തനരംഗത്ത് നിറഞ്ഞുനിന്ന ഒരു ജനകീയ നേതാവായിരുന്നു അദ്ദേഹം. മലബാറിലെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യം സർവ്വദാ ഉണ്ടായിരുന്നു. കരുത്തുററ രാഷ്ട്രീയ നായകൻ, സമാദരണീയനായ പാർലമെന്ററിയൻ,

LIBRARY ARCHIVES Kerala Legislative Assembly

പ്രാപ്തനായ ഭരണാധികാരി, നല്ല ട്രേഡ് യൂണിയൻ നേതാവ്, വാഗ്മി, പത്രപ്രവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു ശ്രീ. അബൂബക്കർ.

കോളേജ് വിദ്യാർത്ഥി ആയിരിക്കുമ്പോൾ, മുസ്ലീം വിദ്യാർത്ഥി ഫെഡറേഷന്റെ പ്രവർത്തകനായിട്ടാണ് ശ്രീ. അബൂബക്കർ തന്റെ രാഷ്ട്രീയ ജീവിതത്തിന് തുടക്കം കുറിച്ചത്. പത്ര പ്രവർത്തന രംഗത്തേയ്ക്കു കടന്നുവന്ന അദ്ദേഹം അവിടെയും തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. 'ചന്ദ്രിക'യിൽ 22 വർഷത്തോളം കാലം അദ്ദേഹം സേവനം അനുഷ്ഠിച്ചു. അറിയപ്പെടുന്ന ഒരു നല്ല സ്പോർട്സ് ലേഖകൻ കൂടിയായിരുന്ന അദ്ദേഹം പത്രപ്രവർത്തക യൂണിയന്റെ സ്ഥാപക പ്രവർത്തകരിൽ ഒരാളായിരുന്നു. K.U.W.J. യുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറി യായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ദീർഘകാലം ജനപ്രതിനിധിയായി സേവനം അനുഷ്ഠിക്കാൻ ഭാഗ്യം സിദ്ധിച്ച അദ്ദേഹം, 1965-ൽ നടന്ന തെരഞ്ഞെടുപ്പിൽ കോഴിക്കോട് നിയോജക മണ്ഡലത്തിന്റെ പ്രതിനിധി ആയിട്ടാണ് കേരള നിയമസഭയിൽ ആദ്യമായി എത്തിയത്. തുടർന്ന് 1967, 1977, 1980, 1982, 1987, 1991 എന്നീ വർഷങ്ങളിലും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയിൽ തന്റെ മികവ് തെളിയിച്ച ഒരു നല്ല പാർലമെന്റേറിയനായിരുന്നു അദ്ദേഹം. ഇത്തവണ അദ്ദേഹം തന്റെ നിയമസഭാംഗത്വം രാജിവയ്ക്കും വരെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാൻകൂടിയായിരുന്നു.

മുസ്ലീം ലീഗിൽ ഉണ്ടായ പിളർപ്പിനെ തുടർന്ന് അഖിലേന്ത്യാ ലീഗിൽ ചേർന്ന ശ്രീ. അബൂബക്കർ 1980-ൽ രൂപീകൃതമായ മന്ത്രിസഭയിൽ പൊതു മരാമത്ത് വകുപ്പുമന്ത്രിയായിതീർന്നു. ദീർഘദർശിയായ ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം. കേരളത്തിലെ ആദ്യത്തെ മൂഗർഭ നടപ്പാത നിർമ്മിച്ചതും, കോഴിക്കോട് മിനിബൈപ്പാസ് പദ്ധതിക്ക് തുടക്കം കുറിച്ചതും പൊതുമരാമത്ത് മന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ നേട്ടങ്ങളായി സ്മരിക്കപ്പെടും.

ദീർഘകാലം കോഴിക്കോട് നഗരസഭാംഗമായിരുന്ന അദ്ദേഹം രണ്ടു പ്രാവശ്യം ഡെപ്യൂട്ടി മേയറായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മാവൂർ റയോൺസ് S.T.U. പ്രസിഡന്റ്, എൻകോഡ് ഡയറക്ടർ, ഖാദിബോർഡ് അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

സ്നേഹോഷ്മളമായ പെരുമാററംകൊണ്ട് ഏവർക്കും പ്രിയങ്കരനായ ഒരു ഉററ ചങ്ങാതിയായി വർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അനുകൂലിക്കുന്നവരുടേയും പ്രതികൂലിക്കുന്നവരുടേയും ആദരവ് ആർജ്ജി ക്കുവാനും, വിനയവും ലാളിത്യവും ഒത്തിണങ്ങിയ തന്റെ പെരുമാററ ശൈലിയിലൂടെ കേരളത്തിനകത്തും പുറത്തും സുഹൃത്ത് വലയത്തിന്റെ വലിയ ഒരു സാമ്രാജ്യം വെട്ടിപിടിക്കുവാനും കഴിഞ്ഞ ഒരു രാഷ്ട്രീയ നേതാവുകൂടിയായിരുന്നു അദ്ദേഹം.

ഏത് രംഗത്തായാലും സ്വന്തം അഭിപ്രായം വെട്ടിത്തുറന്നു പറയുവാൻ മടിക്കാത്ത നിർഭയനായ അദ്ദേഹം ഉന്നതമായ ജനാധിപത്യ മൂല്യങ്ങൾ മുറുകെ പിടിച്ചിരുന്നു. പുതിയതായി രൂപംകൊണ്ട ഇൻഡ്യൻ നാഷണൽ ലീഗിന്റെ സ്ഥാപക നേതാക്കളിൽ പ്രമുഖനായിരുന്ന ശ്രീ. അബൂബക്കർ ഒടുവിൽ പ്രസ്തുത പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റായി പ്രവർത്തി ക്കുമ്പോഴാണ് അപ്രതീക്ഷിതമായ അന്ത്യം സംഭവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ ദേഹവിയോഗം പൊതുജീവിതത്തിനും, ജനാധിപത്യ കേരളത്തിനും ഒരു തീരാനഷ്ടമാണ്.

സഹോദരൻ അയ്യപ്പന്റെ ആദർശങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊള്ളുകയും സാമൂഹ്യസേവന രംഗത്ത് ആവേശപൂർവ്വം കടന്നുവരികയും ചെയ്ത ഒരു നേതാവാണ് ശ്രീ. എം. കെ. രാഘവൻ. മദ്രാസിൽനിന്നും നിയമ ബിരുദം സമ്പാദിച്ചശേഷം എറണാകുളം കോടതിയിൽ പ്രാക്ടീസ് ആരംഭിച്ച ശ്രീ. രാഘവന് അന്നും പൊതുപ്രവർത്തനത്തിലായിരുന്നു പ്രത്യേക താൽപ്പര്യം. സ്വാതന്ത്ര്യ സമരകാലം മുതൽ രാഷ്ട്രീയത്തിലുണ്ടായിരുന്നെങ്കിലും 1970-ലാണ് ആദ്യമായി അദ്ദേഹം നിയമസഭാ തെരഞ്ഞെടുപ്പിൽ മൽസരിച്ചത്. അന്ന് അദ്ദേഹം ഞാറയ്ക്കൽ മണ്ഡലത്തിൽ നിന്ന് മൽസരിച്ച് വിജയം വരിച്ചു. 1977 ലെ തെരഞ്ഞെടുപ്പിൽ ചേർത്തല മണ്ഡലത്തിൽനിന്ന് വിജയിച്ച ശ്രീ. രാഘവൻ, ശ്രീ. പി. കെ. വാസുദേവൻ നായരുടെ മന്ത്രിസഭയിൽ അംഗമായി. തൊഴിൽ മന്ത്രിയായിനന്നേ ശോഭിച്ച രാഘവൻ വക്കീൽ ജലസേചന ഭവന നിർമ്മാണ വകുപ്പുകളും കൈകാര്യം ചെയ്തു.

1984-ൽ അദ്ദേഹം എസ്. എൻ. ഡി. പി. യോഗം പ്രസിഡന്റായും എസ്. എൻ. ട്രസ്റ്റ് സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. തുടർന്നുള്ള കാലയളവിൽ ശ്രീനാരായണ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരമ്പര കേരളം മുഴുവൻ വ്യാപിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

കൊച്ചി തുറമുഖത്ത് 1949-ൽ ആരംഭിച്ച ട്രേഡ് യൂണിയൻ സംഘടനയായ സി. ടി. ടി. യു.വിന്റെ സ്ഥാപക പ്രസിഡന്റായിരുന്ന ശ്രീ. രാഘവൻ അവസാനകാലംവരെ ആ പദവിയിൽ തുടർന്നു. സോഷ്യൽ ജസ്റ്റിസ് പാർട്ടി ജനറൽ സെക്രട്ടറി, പിന്നോക്ക സംവരണ സമുദായ മുന്നണി സെക്രട്ടറി, ജനറൽ പിന്നോക്ക സമുദായ വിമോചന മുന്നണി ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. ശ്രീനാരായണഗുരു വിഭാവനം ചെയ്ത ആദർശലോകത്തിനുവേണ്ടി നിരന്തരം പോരാടിയ ഒരുധർമ്മഭടന്റെ ജീവിതത്തിന് ശ്രീ. എം. കെ. രാഘവന്റെ നിര്യാണത്തോടെ തിരശ്ശീല വീണിരിക്കുകയാണ്.

വിദ്യാർത്ഥി ജീവിതകാലത്തുതന്നെ സാമൂഹ്യസേവന സംഘടനകളിൽ സജീവമായി പ്രവർത്തിച്ചിട്ടുള്ള ആളാണ് ശ്രീ. സ്റ്റീഫൻ പാദുവ. ആംഗ്ലോ ഇന്ത്യൻ അസോസിയേഷന്റെ നേതൃത്വസ്ഥാനത്ത് ദീർഘകാലം വിരാജിച്ച ശ്രീ. പാദുവ പതിനൊന്ന് ആംഗ്ലോ ഇൻഡ്യൻസ് സ്കൂളുകൾ സ്ഥാപിക്കുന്നതിന് മുൻകൈയെടുത്തു 1969ൽ സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചശേഷമാണ് അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗമായ ശ്രീ. പാദുവ എറണാകുളം ഡി. സി. സി. യിലും കെ. പി. സി. സി. യിലും അംഗമായിരുന്നു. സംഘടനയുടെ "മൈനോറിറ്റീസ് സെൽ" കൺവീനറായും അദ്ദേഹം പ്രവർത്തിച്ചു. 1970 മുതൽ 87 വരെ കേരള നിയമസഭയിൽ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽനിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രതിനിധിയായി പ്രശംസനീയമായ സേവനം കാഴ്ചവയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സമുദായ പ്രവർത്തനത്തിൽ വ്യാപൃതനായിരിക്കുമ്പോഴും തന്നെ മററു പൊതുകാര്യങ്ങളിലും ആത്മാർത്ഥമായി പങ്കെടുത്തിരുന്ന ശ്രീ. സ്റ്റീഫൻ പാദുവ നമ്മുടെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ വലിയ വിടവ് സൃഷ്ടിച്ചുകൊണ്ടാണ് നമ്മെ വിട്ട് പിരിഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ശ്രീ. സി. ജനാർദ്ദനൻ തന്റെ രാഷ്ട്രീയ ജീവിതത്തിന് തുടക്കം കുറിച്ചത്. പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം സ്വീകരിച്ച ശ്രീ. ജനാർദ്ദനന് 1948 മുതൽ 50 വരെ ഒളിവിൽ കഴിയേണ്ടി വന്നു. വിവിധ സമരങ്ങളുമായി ബന്ധപ്പെട്ട് നിരവധി തവണ പോലീസ് മർദ്ദനത്തിന് ഇരയാകേണ്ടിവന്ന അദ്ദേഹത്തിന് ഒന്നരവർഷക്കാലം ജയിൽവാസം അനുഭവിക്കേണ്ടതായും വന്നു.

1967 മുതൽ 77 വരെ ലോക്സഭയിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു ശ്രീ. ജനാർദ്ദനൻ. വിദ്യാർത്ഥി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി, സി. പി. ഐ. യുടെ എറണാകുളം ജില്ലാ സെക്രട്ടറി, സ്റ്റേറ്റ് ഓർഗനൈസർ, ദേശീയ കൗൺസിൽ അംഗം എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ശ്രീ. സി. ജനാർദ്ദനന്റെ ദേഹവിയോഗം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് അപരിഹാര്യമായ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് നിസ്സംശയം പറയാം.

മുസ്ലീം ലീഗിന്റെ സമുന്നത നേതാക്കളിൽ ഒരാളായിരുന്നു. ശ്രീ. അബ്ദുള്ള കുരിക്കൾ 1974-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായാണ് ആദ്യമായി കേരള നിയമസഭയിലെത്തിയത്. 1977-ൽ അദ്ദേഹം മഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് വിജയം വരിച്ചു. നിയമസഭാ സാമാജികനെന്ന നിലയിൽ എല്ലാ വിഭാഗം ജനങ്ങളുടെയും . സ്നേഹാദരങ്ങൾക്ക് പാത്രമാകാൻ ശ്രീ. കുരിക്കൾക്ക് കഴിഞ്ഞിരുന്നു. ചന്ദ്രിക ദിനപത്രത്തിന്റെ ഡയറക്ടറായിരുന്ന അദ്ദേഹം വെയർ ഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ, മുസ്ലീം ലീഗ് സംസ്ഥാന ട്രഷറർ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

മലബാർ പ്രദേശത്തിന്റെ സാമൂഹ്യപ്രവർത്തന മേഖലയിൽ ഒരു വിടവു സൃഷ്ടിച്ചുകൊണ്ടാണ് ശ്രീ. അബ്ദുള്ള കുരിക്കൾ നമ്മെ വിട്ടുപിരിഞ്ഞത്.

സ്വാതന്ത്ര്യ സമരത്തിൽ ആകൃഷ്ടനായി രാഷ്ട്രീയത്തിലേക്ക് വന്ന ശ്രീ. ഗോപിനാഥൻ നായർ ക്വിറ്റ് ഇന്ത്യാ സമരത്തെ തുടർന്ന് രൂപം കൊണ്ട വിദ്യാർത്ഥി കോൺഗ്രസിന്റെ തിരുവിതാംകൂർ കമ്മിറ്റി ജനറൽ സെക്രട്ടറി, പ്രസിഡന്റ്, അഖിലേന്ത്യാ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു, അക്കാലത്ത് "അഖിലൽഗോപി" എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പിന്നീട് "റെവല്യൂഷണറി സോഷ്യലിസ്റ്റ്" പാർട്ടിയിൽ അംഗമായ ശ്രീ. ഗോപിനാഥൻനായർ ദീർഘകാലം സംസ്ഥാന സെക്രട്ടറിയും കേന്ദ്ര കമ്മറ്റി അംഗവുമായിരുന്നു. 1968 മുതൽ 1974 വരെ അദ്ദേഹം രാജ്യസഭാംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ജീവിതം മുഴുവൻ പൊതു പ്രവർത്തനത്തിനുവേണ്ടി ഉഴിഞ്ഞു വെയ്ക്കുകയും താൻ വിശ്വസിച്ച ആദർശങ്ങൾക്കുവേണ്ടി അചഞ്ചലമായി നിലകൊള്ളുകയും ചെയ്ത ശ്രീ. ഗോപിനാഥൻ നായരുടെ ചരമം മൂലം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഊർജസ്വലനായ ഒരു മുന്നണി പോരാളിയെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തുകൊണ്ടാണ്. ശ്രീ വെട്ടിക്കവല കൊച്ചുകുഞ്ഞ് പൊതു ജീവിതത്തിലേക്ക് കടന്നുവന്നത്. 1952-53 കാലയളവിൽ അദ്ദേഹം ചടയമംഗലം നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ട് തിരു-കൊച്ചി നിയമസഭയിൽ അംഗമായി. 1954-ൽ വർക്കല നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായിരുന്ന ശ്രീ. കൊച്ചുകുഞ്ഞ് ജനതാ പാർട്ടിയുടെ രൂപീകരണത്തെതുടർന്ന് പ്രസ്തുത പാർട്ടിയുടെ ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാനെന്ന നിലയിൽ പ്രവർത്തിച്ചു. ഗുരുവായൂർ ദേവസ്വം ബോർഡിൽ അംഗമായിരുന്ന ശ്രീ. കൊച്ചുകുഞ്ഞ് കുറെക്കാലം അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പതിത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ എന്നെന്നും വിലമതിക്കപ്പെടും.

സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് ശ്രീ. പി. സദാശിവൻപിള്ള പൊതുപ്രവർത്തനമാരംഭിച്ചത്. പ്രക്ഷോഭ പരിപാടികളിൽ പങ്കെടുത്തതിന് അദ്ദേഹത്തിന് ആറുമാസക്കാലം ജയിൽശിക്ഷ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. 1951-ൽ കടപ്ര നിയോജക മണ്ഡലത്തിന്റെ പ്രതിനിധിയായി തിരു-കൊച്ചി നിയമസഭയിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. കെ.പി.സി.സി ജനറൽ സെക്രട്ടറി, നായർ സർവ്വീസ് സൊസൈററി ഡവലപ്പ്മെൻറ് കമ്മീഷണർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്, സംഘടനാ ഭാരവാഹിയായും നിയമസഭാസാമാജികനായും വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. കടപ്ര സദാശിവൻപിള്ള നാടിന്റെ വികസനപ്രവർത്തനങ്ങളിൽ അവസാനകാലം വരെ ബദ്ധശ്രദ്ധനായിരുന്നു.

അദ്ദേഹത്തിന്റെ നിര്യാണം മൂലം സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ ആത്മാർത്ഥതയോടെ പരിശ്രമിച്ചിരുന്ന ഒരു വ്യക്തിയെയാണ് നഷ്ടമായിരിക്കുന്നത്.

തൊഴിലാളികളെ സംഘടിപ്പിക്കാനും അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനും അക്ഷീണം പ്രയത്നിച്ച ആളാണ് ശ്രീ. പ്രഭാകരത്തണ്ടാർ. അവിഭക്ത കമ്മ്യൂണിസ്ററുപാർട്ടിയിൽ അംഗമായിരുന്ന ശ്രീ. തണ്ടാർ പാർട്ടിയിലുണ്ടായ പിളർപ്പിനെ തുടർന്ന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽ നിലയുറപ്പിച്ചു. 1967-70 കാലയളവിൽ അദ്ദേഹം ചേർത്തല നിയോജകമണ്ഡലത്തിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി സ്ഥാനാർത്ഥിയായി മൽസരിച്ച് വിജയം വരിച്ചു. സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെശബ്ദം നിയമസഭാവേദിയിലെത്തിക്കുന്നതിൽ അദ്ദേഹം എപ്പോഴും ശ്രദ്ധാലുവായിരുന്നു. ചേർത്തല ചെത്തു തൊഴിലാളി യൂണിയൻ പ്രസിഡൻറ്, ആലപ്പുഴ ജില്ലാ കൗൺസിൽ അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

കാൽ നൂററാണ്ടുകാലം തുറവൂർ പഞ്ചായത്ത് പ്രസിഡൻറ് പദവി അലങ്കരിക്കാൻ കഴിഞ്ഞ ശ്രീ. തണ്ടാർക്ക് വിവിധ ജനവിഭാഗങ്ങളുടെ സ്നേഹാദരങ്ങൾ ആർജ്ജിക്കാൻ കഴിഞ്ഞു. ശ്രീ. എൻ. പി. തണ്ടാരുടെ നിര്യാണം പുരോഗമന ശക്തികൾക്ക് വലിയൊരു നഷ്ടമാണെന്ന കാര്യത്തിൽ സംശയമില്ല.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലൂടെ പൊതു പ്രവർത്തനമാരംഭിച്ച ശ്രീ. ജോസഫ് മാത്തൻ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. 1949-ൽ അദ്ദേഹം ചേർത്തല നിയോജകമണ്ഡലത്തിൽ നിന്ന് വിജയം വരിച്ച് തിരുവിതാംകൂർ-കൊച്ചി നിയമസഭയിലെത്തി. 1960-ലാണ് അദ്ദേഹം രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടത്. സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള ശ്രീ. ജോസഫ് മാത്തൻ കെ. പി. സി. സി. ജനറൽ സെക്രട്ടറി, ജനതാ പാർട്ടി സംസ്ഥാന ചെയർമാൻ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് മാത്തന്റെ നിര്യാണത്തോടെ മുതിർന്ന നേതാക്കളുടെ നിരയിൽ നിന്നും ജനസമ്മതനായ ഒരു വ്യക്തിയെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

അയിത്തത്തിനെതിരെ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചുകൊണ്ട് പൊതു പ്രവർത്തനരംഗത്തേക്കുവന്ന ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗമായിരുന്നു. തുടർന്ന് അദ്ദേഹം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലെത്തി. കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ പിളർപ്പിനെത്തുടർന്ന് 1964-ൽ സി. പി. ഐ. (എം) രൂപം കൊണ്ടതു മുതൽ അദ്ദേഹം പ്രസ്തുത പാർട്ടിയുടെ ജില്ലാ കമ്മററി അംഗമായിരുന്നു. പാലക്കാട്, ആലത്തൂർ എന്നിവിടങ്ങളിലെ ബീഡി കമ്പനികളിലെ തൊഴിലാളികളെ സംഘടിപ്പിക്കാനും അവകാശ സമരങ്ങൾ നടത്താനും ശ്രീ. ആർ. കൃഷ്ണൻ മുൻകൈയെടുത്തു. സമരങ്ങളിൽ പങ്കെടുത്തതിന് 1940-ൽ അദ്ദേഹത്തിന് ജയിൽശിക്ഷ അനുഭവിക്കേണ്ടിവന്നു. 1952-ൽ മദിരാശി നിയമസഭയിലേക്ക് ആലത്തൂർ മണ്ഡലത്തിൻെറ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു. ഒന്നാം കേരള നിയമസഭയിൽ അംഗമായ ശ്രീ. ആർ. കൃഷ്ണൻ 1960-ലും 1967-ലും 1970-ലും നടന്ന തിരഞ്ഞെടുപ്പുകളിൽ ആലത്തൂർ മണ്ഡലത്തിൻെറ പ്രതിനിധിയായിരുന്നു. നിയമസഭയ്ക്കകത്തും പുറത്തുമുള്ള പ്രവർത്തനങ്ങളെ യോജിപ്പിച്ചുകൊണ്ട് പഴയ മലബാറിലും പിന്നീട് കേരള സംസ്ഥാനത്തും കർഷകസംഘത്തെ ശക്തിപ്പെടുത്താൻ തൻെറ കഴിവുകളെല്ലാം വിനിയോഗിച്ച നേതാവായിരുന്നു അദ്ദേഹം. ജനങ്ങൾക്കുവേണ്ടി ജീവിച്ച്, ജനങ്ങൾക്കുവേണ്ടി പോരാടി ജനനേതാവായിത്തീർന്ന ശ്രീ. ആർ. കൃഷ്ണൻെറ വേർപാട് അങ്ങേയററം ദുഃഖകരമാണ്.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗത്വം സ്വീകരിച്ചുകൊണ്ട് 1950-ലാണ് ശ്രീ. ചിററൂർ ശശാങ്കൻ നായർ പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. 1972-വരെ അദ്ദേഹം കോൺഗ്രസ്സിൻെറ സജീവ പ്രവർത്തകനായിരുന്നു. പിന്നീട് അദ്ദേഹം നാഷണൽ ഡെമോക്രാററിക് പാർട്ടിയിൽ ചേരുകയും, 1987-ൽ കോന്നി നിയോജകമണ്ഡലത്തിൻെറ പ്രതിനിധിയായി നിയമസഭയിലെത്തുകയും ചെയ്തു. നീണ്ട മുപ്പതു വർഷക്കാലം അദ്ദേഹം വള്ളിക്കോട് പഞ്ചായത്തിൻെറ പ്രസിഡൻറായി സേവനമനുഷ്ഠിച്ചു. നായർ സർവ്വീസ് സൊസൈററി ഡയറക്ടർ ബോർഡ് മെമ്പർ കോന്നി, ബി. ഡി. സി. ചെയർമാൻ, കെ. ടി. ഡി. സി. മെമ്പർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ശ്രീ. ശശാങ്കൻ നായരുടെ നിര്യാണം മൂലം കർമ്മകുശലനായ ഒരു പൊതു പ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

ചവറ കോളശ്ശേരിയിൽ കുടുംബാംഗമായി ജനിച്ച ശ്രീ. കെ. എം. മുഹമ്മദ് കൊല്ലം കൊട്ടാരക്കര മുസ്ലീം റിസർവേഷൻ മണ്ഡലത്തെ പ്രതിനിധീകരിച്ച്, 1944-ൽ ശ്രീമൂലം അസംബ്ലി അംഗമായും, 1948-ലെ ആദ്യ തിരഞ്ഞെടുപ്പിൽ കൊല്ലം മണ്ഡലത്തെ പ്രതിനിധാനം ചെയ്ത് തിരുവിതാംകൂർ നിയമസഭാംഗമായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നല്ല ഒരു സംഘാടകനായ അദ്ദേഹം തിരുവിതാംകൂർ മിനറൽ വർക്കേഴ്സ് യൂണിയൻെറ സ്ഥാപക പ്രസിഡൻറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമര സേനാനി, കോൺസ്ററിററ്യുവൻറ് അസംബ്ലി അംഗം, രാജ്യസഭാംഗം, തിരുവിതാംകൂർ നിയമസഭാംഗം, തിരുവിതാംകൂർ മിനറൽ വർക്കേഴ്സ് യൂണിയൻ സ്ഥാപക പ്രസിഡൻറ് എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ച ശ്രീ. മുഹമ്മദിൻെറ നിര്യാണം മൂലം നമുക്ക് ഒരു മഹത് വ്യക്തിയെയാണ് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ബഹുമാന സൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേററ് നിന്ന് മൗനം ആചരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ബഹുമാന സൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേററ് നിന്ന് മൗനം ആചരിച്ചു.)

## III. ശ്രദ്ധക്ഷണിക്കൽ

### (1) ജലസമ്പത്ത് ചോർച്ചവഴി സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇത്തരത്തിൽ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഈ നിയമസഭയിൽ പല പ്രാവശ്യം ചർച്ചചെയ്തിട്ടും, കോടിക്കണക്കിന് രൂപ നഷ്ടപ്പെടുന്ന ഒരു സംഭവമായിട്ടും ഈ ഗവൺമെൻറ് അതിൻെറ പേരിൽ യാതൊരു നടപടിയുമെടുക്കാത്തതിൽ എനിക്ക് ദുഃഖമുണ്ട്. കേരളത്തിൽ പ്രധാനപ്പെട്ട ചെറുതും വലുതുമായ 15-ഓളം നദികളിലെ വെള്ളം കേരളത്തിൻെറ കഴിവുകേടുകൊണ്ട് മററ് സ്റേററുകൾ ഉപയോഗിച്ച് കോടിക്കണക്കിന് രൂപ ലാഭമുണ്ടാക്കുന്നു; അവരുടെ കൃഷികൾ വളരെയധികം വിപുലീകരിക്കപ്പെടുന്നു. കൃഷിക്കാർക്ക് സൗജന്യമായി ഇലക്ട്രിസിററി കൊടുക്കത്തക്ക അവസ്ഥയാണ് അവർക്ക് ഇന്നുള്ളത്. എല്ലാ സ്റേററുകളിലും ഇൻറർ-സ്റേററ് വാട്ടർ കൈകാര്യം ചെയ്യുന്നത് ചീഫ് മിനിസ്ററാണ്. സെൻട്രൽ ഗവൺമെൻറ് ചീഫ് മിനിസ്ററർമാരുടെ 6 മീററിംഗ് വിളിച്ചുകൂട്ടി, ഒരു ദിവസം മുഖ്യമന്ത്രി ഒന്നര മിനിട്ട് അതിൽ പങ്കെടുത്തു. ബാക്കിയുള്ള മീററിംഗുകൾക്ക് സി. എം. നു പകരം പോയത് സി. ഇ. ആണ്. ഇതിൽപരം നാണക്കേട് വല്ലതുമുണ്ടോ? സ്റേററിന് കിട്ടേണ്ട ജലസമ്പത്ത് മററ് സ്റേററുകൾ കൊണ്ടുപോകാനുള്ള അവസരം സംസ്ഥാന ഗവൺമെൻറ് ഒരുക്കിക്കൊടുത്തു, അതാണ് ആ ദുഃഖസത്യം. കോൺഫറൻസ് നടന്നിട്ട് അതിൻെറ കമൻറ്സ് പോലും നമ്മുടെ ഗവൺമെൻറ് അയച്ചുകൊടുത്തില്ല. ഗോവ ഉൾപ്പെടെയുള്ള എല്ലാ സ്റേററുകളും അയച്ചുകൊടുത്തു. ഇറിഗേഷൻ മിനിസ്ററടക്കം ആ നോട്ട് കണ്ടിട്ടുണ്ടോയെന്നുള്ളത് സംശയമാണ്, ചീഫ് മിനിസ്റററുടെ ഓഫീസിൽ അത് കെട്ടിക്കിടക്കുകയാണ്. അച്ചൻകോവിൽ പമ്പ എന്നീ നദികളിലെ മിച്ചമുള്ള വെള്ളം മുഴുവൻ കൊടുക്കാനുള്ള തീരുമാനമാണ് വന്നിരിക്കുന്നത്. കേരള ഗവൺമെൻറ് അതിൽ യാതൊരു എതിർപ്പും ഇന്നുവരെ പ്രകടിപ്പിച്ചിട്ടില്ല. എത്ര നദികളിലെ വെള്ളമാണ് കേരളത്തിന് നഷ്ടപ്പെടുന്നത്! ചന്ദ്രഗിരിപ്പുഴ കർണ്ണാടകത്തിൽ നിന്നും ഉൽഭവിക്കുകയാണ്. കർണ്ണാടകത്തിൽ കുറെയേറെ പദ്ധതികളുണ്ടാക്കി, കേരള ഗവൺമെൻറ് പേരിനുപോലും ഒരു പദ്ധതിയുണ്ടാക്കിയില്ല, നമ്മുടെ സംസ്ഥാനത്തിന് അവകാശപ്പെട്ടതാണെന്ന് പറയാൻ പോലുമുള്ള സൻമനസ്സ് ഉദ്യോഗസ്ഥൻമാരോ ഗവൺമെൻേറാ കാണിച്ചില്ല. കാരിയംകോട് പുഴയിൽ നിന്നും ഒരു തുള്ളിവെള്ളം പോലും കേരളം ഉപയോഗിക്കുന്നില്ല, അത് മുഴുവൻ കർണ്ണാടകമാണ് കൊണ്ടുപോകുന്നത്. അതുപോലെ വളപട്ടണം പുഴയിലെ വെള്ളവും കർണ്ണാടകമാണ് ഉപയോഗിക്കുന്നത്. സിറിയാപ്പുഴയിലെ വെള്ളത്തെ സംബന്ധിച്ച് കേരളം ഒരവകാശവാദം പോലും ഉന്നയിച്ചില്ല. ഇതിൽപ്പരം നാണക്കേട് വേറെയുണ്ടോ? ചാലിയാർ പുഴയ്ക്ക് കഴിഞ്ഞ കൊല്ലം അലോട്ട് ചെയ്ത ഫണ്ടുപോലും ഈ പ്രാവശ്യം വെച്ചിട്ടില്ല. ബഡ്ജററിൽ പ്രൊവിഷനില്ല. അതിലെ വെള്ളം മുഴുവൻ തമിഴ് നാടിന് വിട്ടുകൊടുത്തു കൊണ്ടുള്ള ഒരേർപ്പാട് ചെയ്യാൻ ഒരു ഗവൺമെൻറിൻെറ ആവശ്യമുണ്ടോ?

അതുപോലെ തന്നെ നെയ്യാറിൻെറ കാര്യം. നെയ്യാറിൽ ഒരു കരാറുമില്ലാതെ, അവിടത്തെ മുഴുവൻ വെള്ളവും തമിഴ്നാട് കൊണ്ടുപോകുന്നു.



LIBRARY ARCHIVES Kerala Legislative Assembly

അതുപയോഗിച്ച് ഇലക്ട്രിസിററിയുണ്ടാക്കിയാൽ ഇവിടത്തെ വ്യവസായങ്ങൾക്ക് എത്ര ചീപ്പായി വൈദ്യുതി ലഭിക്കുമായിരുന്നു! ഒരു കരാറുമില്ലാതെ നെയ്യാറിലെ വെള്ളം കൊണ്ടു പോകുന്നില്ലേ? അതുപോലെ തന്നെ ഭാരതപ്പുഴ മുല്ലപ്പെരിയാർ എന്നിവയിലെ ജലത്തിന്റെ കാര്യവും ഈ നിയമ സഭയിലെ മൂന്നു കമ്മററികൾ പൈസയും അദ്ധ്വാനവുമൊക്കെ ചെലവാക്കി ഇതു സംബന്ധിച്ച് പഠിച്ചിട്ട് ഒരു കൊല്ലം കഴിഞ്ഞല്ലോ. അവസാനത്തെ കമ്മററിയിൽ മന്ത്രിതന്നെ ചെയർമാനായിരുന്നു. റിപ്പോർട്ട് കൊടുത്തിട്ട് നിങ്ങൾ എന്തു നടപടിയാണ് എടുത്തത്? മന്ത്രി പറയാൻ പോകുന്ന മറുപടി എനിക്കറിയാം—ഇവിടത്തെ എഞ്ചിനീയർമാരും ഉദ്യോഗസ്ഥൻമാരും എഴുതിക്കൊടുത്തു; എല്ലാ ആളുകളേയും പോസ്ററ് ചെയ്തു എന്നുള്ള മറുപടിയായിരിക്കും. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ അന്വേഷിക്കാൻ പോയോ? എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പോസ്ററുപോലും അവിടെയില്ല. തമിഴ്നാടിനുവേണ്ടി അവസരം കൊടുക്കുകയാണ് ഈ ഗവൺമെൻറ് ചെയ്യുന്നത്. ഇവിടെ ചാരവൃത്തിയും ആവശ്യമില്ലാത്ത കുഴപ്പവുമുണ്ടാക്കുന്നു. നമ്മുടെ നദികളിലെ വെള്ളം മുഴുവൻ അവർക്ക് കൊണ്ടുപോകാനുള്ള അവസരം ഉണ്ടാക്കി കൊടുക്കുന്നു എന്നിട്ടും യാതൊരു നടപടിയും എടുക്കുന്നില്ല. ആകെ ചെയ്തത് അഡ്വക്കേററ് ജനറലിന്, ലീഗൽ ഒപ്പീനിയൻ അറിയാൻ, ഒരു കത്തയച്ചു എന്നതാണ്. അതിന് അദ്ദേഹം ലീഗൽ വാലിഡിററി ഇല്ല എന്നറിയിച്ചു. അതൊന്ന് എഴുതി മേടിക്കാൻ പോലും ഈ ഗവൺമെൻറിന് സാധിച്ചിട്ടില്ല. നിയമം ഇല്ല എന്നു പറഞ്ഞാൽ അതിന് സ്റെറപ്പ് എടുക്കണ്ടേ? നമ്മുടെ സ്ഥലമൊഴിയാൻ അവർക്ക് നോട്ടീസ് കൊടുക്കണ്ടേ? എന്തെങ്കിലും ചെയ്തോ? ഒന്നുമേ ചെയ്തില്ല. നിങ്ങൾ ഇനി പറയാൻ പോകുന്നത് നിങ്ങൾ സർവ്വ കക്ഷിയെ വിളിക്കും, അതിനെക്കുറിച്ച് ആലോചിക്കും എന്നൊക്കെയാണ്. ഏതു കാലത്താണ് ഇതു വിളിക്കുന്നത്? 4 വർഷമായല്ലോ ഇതു ചെയ്യാൻ തുടങ്ങിയിട്ട്; ഇതെത്ര സഹിക്കും? സഹിക്കുന്നതിന് ഒരു അതിരു വേണ്ടേ? അയൽ സ്റേററുകളായ തമിഴ്നാടിനെയും മററുമൊക്കെ കണ്ടുപഠിക്കണം. തമിഴ്നാട്ടിൽ അതിനു വേണ്ടി, ക്യാബിനററു മീററിംഗിനു പോലും പോകാത്ത ജയലളിത ഓരോ മാസവും ബന്ധപ്പെട്ട എം. പി. മാരേയും, എം. എൽ. എ. മാരേയും ഉൾപ്പെടെ സെക്രട്ടേറിയററ് ലവലിൽ ഒരു കമ്മററി വിളിച്ച് കാര്യങ്ങൾ ക്രമീകരിക്കുന്നു. അതുപോലെ തന്നെയാണ് കർണ്ണാടകയിലേയും ചീഫ് മിനിസ്ററർ ചെയ്യുന്നത്. ഇവിടെ കഴിഞ്ഞ 3 വർഷവും ഒരു ചീഫ് മിനിസ്റററും അത്തരത്തിലുള്ള ഒരു മീററിംഗും വിളിച്ചുകൂട്ടിയിട്ടില്ല. ഇറിഗേഷൻ മിനിസ്ററർക്കാണെങ്കിൽ...... ഇത് വായ് കൊണ്ട് പറഞ്ഞ് ടി. വി. യിലൊക്കെ വന്നിട്ട് മാത്രം കാര്യമില്ല. കാര്യങ്ങൾ നടക്കാവുന്ന ഒരു ഏർപ്പാട് ഉണ്ടാക്കേണ്ട ഒരു ആവശ്യമുണ്ട്. കാവേരി ട്രിബ്യൂണലിൽ എന്താണ് ചെയ്തത്? കാവേരി ട്രിബ്യൂണലിൽ കേസ് തോൽക്കാൻ പോവുകയാണ്. ഇപ്രാവശ്യം ഒരു ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. ഒരു വക്കീലിന്റെ ഫീസ് കൊടുക്കാൻ പോലും തികയുകയില്ല. കർണ്ണാടകയിലും തമിഴ്നാട്ടിലുമാണെങ്കിൽ പ്രത്യേകം ഓഫീസും, പ്രത്യേകം സെല്ലും അതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ചീഫ് സെക്രട്ടറിയുമുണ്ട്. കേരളത്തിൽ ഒരു പദ്ധതിയുമില്ല. അതുകൊണ്ട് കേരളത്തിന് വെള്ളം ആവശ്യമില്ല എന്ന് തമിഴ്നാട് വാദിച്ചപ്പോൾ നമ്മുടെ വക്കീലൻമാർക്ക് മിണ്ടാൻ പോലും സാധിച്ചില്ല. പോയ ഉദ്യോഗസ്ഥൻമാർക്ക്, അതിന് മറുപടിയായി, ഞങ്ങൾക്ക് ഇന്നയിന്ന സ്കീമുകളുണ്ട് എന്നു പോലും പറയാൻ സാധിച്ചില്ല, ട്രിബ്യൂണലിൽ നമ്മൾ തോൽക്കാൻ പോകുന്ന സ്ഥിതി നമ്മൾ തന്നെ ഉണ്ടാക്കിയിരിക്കുകയാണ്. ഇനി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുല്ലപ്പെരിയാറിന്റെ കാര്യം. ഇടുക്കിയിൽ നമുക്ക് ഇപ്പോഴുള്ളതിന്റെ പത്തിരട്ടി വെള്ളം കിട്ടാൻ സാധിക്കും. ആ പദ്ധതിക്ക് നിയമപ്രാബല്യം ഇല്ല എന്നു പറഞ്ഞു. വെള്ളത്തിനു മാത്രമേ കരാർ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ നിങ്ങൾ ഇലക്ട്രിസിറ്റി ലഭിക്കാത്ത സംവിധാനം കൂടി ഉണ്ടാക്കിയില്ലേ. ഇലക്ട്രിസിറ്റി നമുക്ക് മേടിച്ചെടുക്കാൻ സാധിച്ചിരുന്നുവെങ്കിൽ കേരളം രക്ഷപ്പെടുമായിരുന്നില്ലേ? 10 പൈസയ്ക്ക് ഒരു യൂണിറ്റ് എന്ന നിരക്കിൽ നമുക്ക് ഉപഭോക്താക്കൾക്ക് കൊടുക്കാൻ സാധിക്കുമായിരുന്നല്ലോ? അതിന് എന്തെങ്കിലും സ്റ്റെപ്പെടുക്കാൻ നിങ്ങൾക്ക് സാധിച്ചില്ലല്ലോ. അതുപോലെ തന്നെ കുന്താ പ്രോജക്ട് (തമിഴ്നാട്) കീഴ്നദീതട അവകാശം എന്നു പറഞ്ഞുകൊണ്ട് ചിറ്റൂർ, ഭാരതപ്പുഴ, എന്നിവിടങ്ങളിൽ അവകാശമുന്നയിച്ചതുകൊണ്ട് നമുക്ക് പ്രോജക്ടുകളും അനുവദിക്കാനായില്ല. അട്ടപ്പാടി വാലി (കർണ്ണാടക) കാവേരി ട്രൈബ്യൂണലിൽ ഉൾപ്പെട്ടതല്ലേ? അതിനെ ഉപേക്ഷിക്കാൻ എന്താണ് കാരണം? നിങ്ങൾ ഈ പദ്ധതി വേണ്ടെന്നുവെച്ചു. ഇന്നലെ കർണ്ണാടകയിൽ 600 കോടി രൂപയുടെ കാവേരിയിലെ പ്രോജക്ടിനു അനുമതി കൊടുത്തു. 18 മാസത്തിൽ പൂർത്തിയാക്കേണ്ട പദ്ധതിയാണ്. മന്ത്രി ഇത് ശ്രദ്ധിക്കണം 600 കോടി രൂപയുടെ പ്രോജക്ടിന് അനുമതി കൊടുത്തു. കാവേരി ട്രിബ്യൂണലിലുള്ള കേസിൽ 18 മാസത്തിനുള്ളിൽ പ്രോജക്ട് പൂർത്തിയാക്കാൻ വേണ്ടി സമയബന്ധിത പരിപാടികൾ നടത്തിവരുന്നു. നിങ്ങൾ അട്ടപ്പാടി വാലി ഉപേക്ഷിച്ചു. അതിനു താഴെ ഭവാനിപ്പുഴ. തമിഴ്നാട് ഡാം കെട്ടുന്നു. നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ സാധിച്ചോ? നമ്മളെല്ലാം കമ്മിറ്റി കൂടിയിട്ട്, അട്ടപ്പാടിയിൽ ഇങ്ങനെ ഒരു ഡൈവെർഷൻ വന്നാൽ അവിടെ ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ വെറും 6 ലക്ഷം രൂപയാണ് ചെലവാക്കേണ്ടത് എന്ന് കണ്ടെത്തി. 2 കൊല്ലമായില്ലേ ഇറിഗേഷൻ വകുപ്പുമന്ത്രിയുൾപ്പെടെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ തുടങ്ങിയിട്ട്? ഇതുവരെ ഒരു നടപടിയും എടുത്തില്ല. നിയമസഭാകമ്മിറ്റികൾ 3 എണ്ണം കൂടി; മന്ത്രി തന്നെ ചെയർമാനായുള്ള കമ്മിറ്റി വെച്ചു. എന്തെങ്കിലും നടപടി അതിന്റെ പേരിൽ എടുപ്പിക്കാൻ സാധിച്ചോ? മുഖ്യമന്ത്രി പറഞ്ഞു ഞങ്ങളിപ്പോൾ സർവ്വകക്ഷി യോഗം വിളിച്ച് ഉടനെ തീരുമാനമെടുക്കുമെന്ന്. എന്തു തീരുമാനമാണ് എടുക്കാൻ പോകുന്നത്? ഈ 11 നദികളിലെ വെള്ളം നമുക്കുപയോഗിക്കാൻ, ഇലക്ട്രിസിറ്റിയുണ്ടാക്കാൻ നിങ്ങളുടെ കൈയിൽ എന്തെങ്കിലും സ്കീമുണ്ടോ? നിങ്ങൾ എന്തെങ്കിലും സ്കീം വെച്ചോ? കാര്യമറിയാതെ ചിലതു സംഭവിക്കാം; എന്നാൽ അറിഞ്ഞുകൊണ്ട് സംഭവിക്കുന്നത് വേറെ ആരേയോ രക്ഷിക്കാൻ വേണ്ടിയല്ലേ? അല്ലെങ്കിൽ അതിൽ വരുമാനമില്ലാത്തതുകൊണ്ടാണോ; തൽക്കാല നേട്ടം കിട്ടാത്തതുകൊണ്ടാണോ ഈ സ്കീം ഉണ്ടാക്കാത്തത്? നിങ്ങൾക്ക് 11 നദികളിലേയും വെള്ളം ഉപയോഗിക്കാൻ എന്തെങ്കിലും തരത്തിലുള്ള സ്കീമുകളുണ്ടോ? നിങ്ങൾ അണു വൈദ്യുത നിലയത്തിനും താപനിലയത്തിനും മററും സ്കീം ഉണ്ടാക്കിയല്ലോ. നിങ്ങൾക്ക് നദികളിലെ വെള്ളം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിരുന്നുവെങ്കിൽ നമ്മുടെ വ്യവസായങ്ങൾക്ക് ഇലക്ട്രിസിറ്റി കൊടുക്കാൻ സാധിക്കുമായിരുന്നല്ലോ. വ്യവസായങ്ങൾ ഇവിടെ ഉണ്ടാകുമായിരുന്നില്ലേ? എത്ര മോശമായ രീതിയിലുള്ള ഒരു ഏർപ്പാടാണ് ഈ ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ നദികളിലെ വെള്ളം ഉപയോഗിക്കാൻ എന്താണ് സ്കീം എന്നു പറയാൻ ഗവൺമെൻറിനു സാധിക്കണം. അതുപോലെതന്നെ കരാർ ലംഘിച്ച് വെള്ളം കൊണ്ടുപോകുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് എടുത്തതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാൻ ഇറിഗേഷൻ മിനിസ്ററെ ആതറൈസ് ചെയ്തിട്ടുണ്ട്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ശ്രീ. കൃഷ്ണൻകുട്ടി ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി ലഭിക്കുകയാണ്. കൃഷ്ണൻകുട്ടിയുടെ ആവശ്യം എന്നെനിക്ക് തോന്നുന്നു. ഇവിടെ അദ്ദേഹം ഉന്നയിച്ച കാര്യങ്ങളുടെ ഗൗരവം ഞങ്ങൾ ഒട്ടുംതന്നെ കുറച്ച് കാണുന്നില്ല. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമായി ഈ കാര്യത്തെക്കുറിച്ച് ചർച്ചചെയ്തു. ശ്രീ. കൃഷ്ണൻകുട്ടി ഇവിടെ പറഞ്ഞ ചില കാര്യങ്ങളോട് ഞാൻ യോജിക്കുന്നില്ല. ഗവൺമെൻറ് തലത്തിൽ നടപടി സ്വീകരിച്ചില്ല എന്ന് കൃഷ്ണൻകുട്ടി പറയുന്നത് ഞങ്ങളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്ന സംഗതിയാണ്. ഇവിടെ ഈ നിയമസഭയിൽ തന്നെ അദ്ദേഹം പറഞ്ഞ അവസാനത്തെ കാര്യം പറമ്പിക്കുളം, മുല്ലപ്പെരിയാർ നദീജല കരാറുകളെ സംബന്ധിച്ചാണ്. ഇത് സംബന്ധിച്ചുള്ള ചർച്ചകൾ പല വേദിയിലായി ഞങ്ങൾ നടത്തിയിട്ടുണ്ട്. ഈ സഭയിൽ തന്നെ കൃഷ്ണൻകുട്ടി നോട്ടീസ് നൽകിയ ഒരു പ്രമേയത്തിന് ഇവിടെ ചർച്ച നടത്തുകയും അതിനെ തുടർന്ന് അഡ്ഹോക്ക് കമ്മിററിയുടെ നിയമനം നടത്തുകയും ചെയ്തു. ആ അഡ്ഹോക്ക് കമ്മിററി 1994-ൽ അതായത് കഴിഞ്ഞ വർഷം ഒരു റിപ്പോർട്ട് നിയമസഭയ്ക്ക് നൽകുകയുണ്ടായി. ആ കമ്മിററിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ആ കമ്മിററിയിലെ അംഗങ്ങളായിരുന്ന ആർക്കെങ്കിലും ആക്ഷേപം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഗവൺമെൻറിന് ലഭ്യമായിട്ടുള്ള മുഴുവൻ വിവരങ്ങളും കമ്മിററിക്ക് നൽകിയിരുന്നു. കമ്മിററി വളരെ വിശദമായ പഠനം നടത്തി. തമിഴ് നാട്ടിലേയും കേരളത്തിലെയും ഈ കരാറുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ സന്ദർശിക്കുകയും അവിടെ പഠനം നടത്തുകയും, ആ കമ്മിററിക്ക് ശരിയെന്ന് തോന്നിയ കാര്യങ്ങൾ റിപ്പോർട്ട് രൂപേണ ഇവിടെ സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം നടപടി സ്വീകരിച്ചില്ല എന്ന് പറഞ്ഞത് ശരിയല്ല. രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള കാര്യമാണ്. കൃഷ്ണൻകുട്ടിക്ക് അറിയാവുന്നതുപോലെ 1970-ൽ നമ്മൾ പുതുക്കിയ കരാറാണിത്. 1958 മുതൽ പൂർവ്വകാല പ്രാബല്യം കൊടുത്തു. 30 വർഷക്കാലമാണ് ഈ കരാറിന്റെ പുനരവലോകനത്തിന് വേണ്ടി നിശ്ചയിച്ചത്. 1988-ൽ അതിന്റെ കാലാവധി പൂർത്തിയായി. അന്ന് ഇടതുപക്ഷ ഗവൺമെൻററാണ് ഇവിടെ അധികാരത്തിൽ ഇരുന്നത്. അന്നത്തെ ജലസേചന വകുപ്പുമന്ത്രിയും, മുഖ്യമന്ത്രിയുമൊക്കെ താല്പര്യമെടുത്തുതന്നെ തമിഴ്നാടുമായി ഈ പ്രശ്നങ്ങൾ ചർച്ച ചെയ്തു. മന്ത്രി തലത്തിലുള്ള ചർച്ചകൾ നടന്നു. ആ ചർച്ചകളെ തുടർന്നു തന്നെ അതുമായി ബന്ധപ്പെട്ടു തന്നെ ഒരു മെമ്മോറാണ്ടം അന്ന് തമിഴ്നാട് ഗവൺമെൻറിന് കൊടുത്തു. ആ മെമ്മോറാണ്ടത്തിൽ പോരായ്മകൾ ഉണ്ടെന്ന് 3-ാം നമ്പർ സബ്ജക്ട് കമ്മിററിയിൽ ശ്രീ. കൃഷ്ണൻകുട്ടി അടക്കമുള്ള ആളുകൾ ചൂണ്ടിക്കാട്ടി. നമ്മൾ അത് വിശദമായി ചർച്ച ചെയ്തു. അങ്ങനെയാണ് ഒരു ആൾട്ടറേഷൻ മെമ്മോറാണ്ടം, ഈ ഗവൺമെൻറ് വന്നതിന് ശേഷം 1992-ൽ ഞാൻ മദ്രാസിൽ വച്ചു നടന്ന ചർച്ചയിൽ അവിടത്തെ ജലസേചന വകുപ്പുമന്ത്രി ശ്രീ. കണ്ണപ്പന് സമർപ്പിച്ചത്. ആ ആൾട്ടറേഷൻ മെമ്മോറാണ്ടം അവർ കണക്കിലെടുത്തു. ആ മെമ്മോറാണ്ടവും, നമ്മൾ ആദ്യം കൊടുത്ത മെമ്മോറാണ്ടവും അവരുടെ പക്കലുണ്ട്. അതിന് ശേഷമാണ് ഈ അഡ്ഹോക്ക് കമ്മിററിയുടെ നിയമനം വന്നത്. ഇതിനിടയിൽ ശ്രീ. അബൂബേക്കർ ചെയർമാനായിരുന്ന എസ്ററിമേററ്സ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി ഈ കാര്യങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി, റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചു. ആ റിപ്പോർട്ടും ഗവൺമെന്റ് കണക്കിലെടുക്കുകയുണ്ടായി. പിന്നീട് ഈ അഡ്ഹോക്ക് കമ്മിറ്റിയുടെ നിയമനം വന്നു. അവർ വളരെ വിശദമായ പഠനം നടത്തി റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ട് കിട്ടിയതിനു ശേഷം അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് തമിഴ്നാട് ഗവൺമെന്റിലേക്ക് 12-7-1994-ൽ ഒരു കത്ത് ഞങ്ങൾ എഴുതി അയപ്പിക്കുകയുണ്ടായി. ഈ അഡ്ഹോക്ക് കമ്മിറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മുഴുവൻ സമയക്കുറവ് കൊണ്ട് ഇപ്പോൾ വായിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ആ റിപ്പോർട്ടിൽ 6,7,8 എന്നീ പേജുകളിൽ കരാർ ലംഘനങ്ങളെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നു. ആ കരാർ ലംഘനങ്ങളിലുണ്ടായ എല്ലാ വിഷയങ്ങളും മുഖ്യമന്ത്രിയുടെ കത്തിൽ സംക്ഷിപ്തമായി പ്രതിപാദിച്ചുകൊണ്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് ഒരുകത്തെഴുതി. അല്ലാതെ പ്രത്യേകമായിട്ട് ആക്ഷനെടുക്കാൻ ബുദ്ധിമുട്ട് വരും. ആ കത്ത് ഞങ്ങൾ 12-7-1994-ൽ തമിഴ്നാട് മുഖ്യമന്ത്രിക്ക് അയച്ചതിനുശേഷം അവിടെ നിന്ന് തമിഴ്നാട് ജലസേചന വകുപ്പുമന്ത്രിയുടെ കത്ത് 7-2-1995-ലാണ് despatch ചെയ്തിരിക്കുന്നത്. അത് എന്റെ ഓഫീസിൽ കിട്ടിയത് 12-ാം തീയതിയാണ്. 13-ാം തീയതി തന്നെ അതിൻമേൽ അനന്തര നടപടികൾ സ്വീകരിക്കാനുള്ള നടപടികൾ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ആ കത്തിൽ അവിടത്തെ ജലസേചന വകുപ്പുമന്ത്രി ശ്രീ. കണ്ണപ്പൻ സമ്മതിച്ചിരിക്കുന്ന ഒരു സംഗതി മാർച്ച് മാസം, അതായത് ഈ മാസം, ചർച്ച ചെയ്ത് ഇതേ സംബന്ധിച്ച് നടപടികളെടുക്കാം എന്നാണ്. ഞാൻ മുഖ്യമന്ത്രിയോടുകൂടി സമയം ചോദിച്ചതിനുശേഷം ഏപ്രിൽ മാസത്തിലെങ്കിലും പറമ്പിക്കുളം–മുല്ലപ്പെരിയാർ കരാറിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടത്താനുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. അല്ലാതെ നടപടിയെടുത്തില്ല എന്നു പറയുന്നത് ശരിയല്ല. ശ്രീ. കൃഷ്ണൻകുട്ടിക്ക് ഒരു കാര്യം അറിയാം. പറമ്പിക്കുളം–അലിയാർ കരാറിനെക്കുറിച്ച് പറയുമ്പോൾ ഇതൊരു സെൻസിറ്റീവ് ഇഷ്യൂ ആണ്. പറമ്പിക്കുളം ഗ്രൂപ്പിൽ

10 A. M.] നിന്ന് കിട്ടുന്ന വെള്ളം തമിഴ്നാട്ടിലേക്ക് പോകുന്നതിൽ പ്രധാനപ്പെട്ട ഒരു ഭാഗം കോയമ്പത്തൂർ പ്രദേശത്തുകൂടിയാണ്. അങ്ങോട്ടേക്ക് വെള്ളം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ചില പ്രശ്നങ്ങളൊക്കെ ഇതിനകത്ത് ഉത്ഭവിക്കുന്നുണ്ട്. ഇതിനകത്ത് മററ് പല വിഷയങ്ങളുമുള്ളതുകൊണ്ട് നാം ഇക്കാര്യം വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്തില്ലെങ്കിൽ വരാവുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്കെല്ലാം അറിയാവുന്നതാണ്. അതിനാൽ അതിന്റെ ഗൗരവം ഞാൻ ഒട്ടും കുറച്ചുകാണിക്കുന്നില്ല. സംസ്ഥാന ഗവൺമെന്റിന് നടപടി സ്വീകരിക്കാൻ കഴിയുകയില്ലേയെന്ന് ചോദിച്ചാൽ നമുക്ക് ഏകപക്ഷീയമായി വേണമെങ്കിൽ നടപടി സ്വീകരിക്കാം. അങ്ങനെ നടപടി സ്വീകരിക്കുമ്പോഴുണ്ടാകാവുന്ന ഭവിഷ്യത്തുകൾ എത്ര വലുതായിരിക്കുമെന്നതിനെ സംബന്ധിച്ച് ഈ സഭയ്ക്ക് നന്നായി ബോദ്ധ്യമുള്ളതാണ്. കേരളീയരായ ധാരാളം ആളുകൾ കോയമ്പത്തൂർ പ്രദേശങ്ങളിലുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ശിരുവാണി ഡ്രിങ്കിങ് വാട്ടർ സപ്ലൈ പ്രോജക്ട് സംബന്ധിച്ച് 1973-ൽ ഒരു എഗ്രിമെന്റ് വച്ചതിന്റെ കോപ്പി എന്റെ കൈയിൽ ഇരിപ്പുണ്ട്. ആ എഗ്രിമെന്റ് വയലേററ് ചെയ്തതായി ആരും പറഞ്ഞിട്ടില്ല. പക്ഷേ ഈ പറമ്പിക്കുളം ഗ്രൂപ്പിൽ നിന്ന് വരുന്ന വെള്ളത്തിന്റെ പ്രയോജനം കിട്ടുന്ന ഒരുഭാഗം തമിഴ്നാട് ആണെന്ന് ശ്രീ. കൃഷ്ണൻകുട്ടിക്ക് അറിയാം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്", നമ്മൾ വളരെ ശ്രദ്ധാപൂർവ്വം, വളരെയേറെ അവധാനതയോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി ഈ കാര്യം കൈകാര്യം ചെയ്തില്ലെങ്കിൽ അതിന്റെ പേരിൽ ഭവിഷ്യത്തുകളുണ്ടാകാം. അതിന്റെ ഗൗരവം ഞാൻ ഒട്ടും കുറച്ചു കാണിക്കുന്നില്ല. എല്ലാപേർക്കും അറിയാം. ഈ കരാർ പുതുക്കിയത് 1970-ൽ ആണ്. ശ്രീ. സി. അച്യുതമേനോൻ ആയിരുന്നു അന്നത്തെ മുഖ്യമന്ത്രി. അദ്ദേഹം കൂടി ഒപ്പിട്ട ആ ഫയൽ മുഴുവൻ ഞാൻ വായിച്ചു. വളരെ പഴയ ഫയൽ ആണ്. 1970-ൽ ആ കരാർ പുതുക്കിയപ്പോൾ (പറമ്പിക്കുളം–അലിയാർ കരാർ പുതുക്കിയപ്പോഴും മുല്ലപ്പെരിയാർ കരാർ പുതുക്കിയപ്പോഴും) ചില പാളിച്ചകൾ നമുക്ക് പററിയിട്ടുണ്ടെന്നുള്ളത് സത്യമാണ്. പക്ഷേ നമ്മൾ എഗ്രിമെൻറിൽ എത്തിപ്പോയി. പറമ്പിക്കുളം–അലിയാർ കരാർ 30 വർഷം കഴിയുമ്പോൾ പുനരവലോകനം ചെയ്യാം, ഇരുകക്ഷികളും സമ്മതിക്കുമെങ്കിൽ, എന്നാണ് അതിനകത്ത് പറഞ്ഞിരിക്കുന്നത്. 1958-മുതൽ പൂർവ്വകാല പ്രാബല്യം കൊടുത്തതുകൊണ്ട് 1988-ൽ കാലാവധി പൂർത്തിയായി. ഒരു പുനരവലോകനത്തിന് വേണ്ടിയുള്ള ചർച്ചകൾ നടക്കുമ്പോൾ ഇരു വിഭാഗങ്ങളും ആ കാര്യത്തിൽ താല്പര്യം കാണിച്ചെങ്കിൽ മാത്രമേ അതിനകത്ത് നമുക്ക് ഒരു പുതിയ എഗ്രിമെൻറിൽ എത്താൻ കഴിയുകയുള്ളു. മുല്ലപ്പെരിയാറിനെക്കുറിച്ച് ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. മുല്ലപ്പെരിയാർ നമ്മുടെ സംസ്ഥാനത്ത് ഉത്ഭവിച്ച് നമ്മുടെ സംസ്ഥാനത്തുതന്നെ അവസാനിക്കുന്ന ഒരു നദിയാണ്. ആ നദിയിൽ ഒരു അണ കെട്ടി, അതിൽനിന്ന് വെള്ളം കൊണ്ടുപോയി തമിഴ്നാടിന് ജലസേചനം നടത്താനും വൈദ്യുതി ഉല്പാദിപ്പിക്കാനുമുള്ള സൗകര്യം കൊടുക്കുന്നു. വൈദ്യുതി ഉല്പാദനത്തിനുതന്നെ വളരെ നോമിനലായ ഒരു തുക മാത്രമേ നമ്മൾ ഈടാക്കുന്നുള്ളൂ. ആ കരാറിലും പറഞ്ഞിരിക്കുന്ന ഒരു സംഗതി, വേണമെങ്കിൽ വൈദ്യുതി ഉല്പാദനത്തിന്റെ നിരക്കുമാത്രം നമുക്ക് റിവൈസ് ചെയ്യാമെന്നാണ്. ഇപ്പോൾ ഈ ഡാമിന്റെ സ്റേറാറേജ് ലെവൽ കുറച്ച് താഴ്ത്തിവച്ചിരിക്കുന്നതുകൊണ്ട് മാത്രമാണ് ഇടുക്കി ഡാമിൽ 6 ലക്ഷം കിട്ടുന്നത്. അല്ലെങ്കിൽ അതിന്റെയും ബുദ്ധിമുട്ടുണ്ടാകാം. അതിന്റെ ഗൗരവം ഞാൻ ഒട്ടും കുറച്ചു കാണിക്കുന്നില്ല. പക്ഷെ അതിന്റെ വാലിഡിററിയെ സംബന്ധിച്ച് ഒരു തർക്കം വന്നു. ഈ കരാറിന്റെ വാലിഡിററിയെ സംബന്ധിച്ച് പല അഭിപ്രായങ്ങളും വന്നിരുന്നു. ഒരുകൂട്ടർ പറയുന്നത്, ഇതിന് നിയമപരമായി പ്രാബല്യമുണ്ടെന്നാണ്. മററൊരു കൂട്ടർ പറയുന്നത് നിയമപരമായി പ്രാബല്യമില്ലായെന്നാണ്. ഞാൻ ഇക്കാര്യം പുതിയ അഡ്വക്കേററ് ജനറലുമായി ചർച്ച ചെയ്തു. അദ്ദേഹം വാക്കാൽ നൽകിയ ഒരു മറുപടി–അല്ലെങ്കിൽ ഒരു ലീഗൽ ഒപ്പീനിയൻ എന്നു പറയുന്നത്, ഈ കരാറുകളുടെ പ്രാബല്യം പോയി എന്നാണ്. വിശദമായിട്ടുള്ള ഒരു ലീഗൽ ഒപ്പീനിയൻ എഴുതി ഗവൺമെൻറിന് തരണമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ട്. എങ്കിൽ മാത്രമേ ഗവൺമെൻറിന് നടപടി സ്വീകരിക്കാൻ കഴിയൂ. അദ്ദേഹത്തിന്റെ ജോലിത്തിരക്ക് കൊണ്ട് ആകാം, ഇതുവരെ എഴുതി തന്നിട്ടില്ല. പക്ഷേ അദ്ദേഹത്തിന്റെ ലീഗൽ ഒപ്പീനിയൻ ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. ആ ലീഗൽ ഒപ്പീനിയൻ കിട്ടിയതിനുശേഷം ഞങ്ങൾ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാം.

ശ്രീ. കൃഷ്ണൻകുട്ടി ഇവിടെ പറഞ്ഞ മററൊരു കാര്യം കാവേരി ട്രൈബ്യൂണലിനെക്കുറിച്ച് നമ്മുടെ സംസ്ഥാനം ശ്രദ്ധിക്കുന്നില്ല എന്നതാണ്. അത് തെററാണ്. കാവേരി ട്രൈബ്യൂണലിൽ ഇപ്പോൾ തമിഴ്നാട് തെളിവ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന് ശേഷമാണ് നമ്മുടെ ഊഴം വരുന്നത്. അവിടെ പ്രഗത്ഭരായിട്ടുള്ള അഭിഭാഷകരെ തന്നെയാണ് നമ്മുടെ സംസ്ഥാന ഗവൺമെൻറ് നിയമിച്ചിട്ടുള്ളത്. അവിടെ ഇപ്പോൾ കേസ് നടത്തുന്നത് അഡ്വക്കേററ് ശാന്തിഭൂഷണും ശശിഭൂഷണും അടങ്ങുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ടീം ആണ്. അതിനുവേണ്ടി പണം മാററി വച്ചിട്ടില്ല എന്നു പറയുന്നതും ശരിയല്ല. പണത്തിന്റെ കുറവോ അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ എന്തെങ്കിലും താല്പര്യക്കുറവോ ഗവൺമെൻറ് കാണിക്കുകയില്ല, ഒരിക്കലും അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നുമില്ല. അതിനുവേണ്ടി നമ്മുടെ സംസ്ഥാനത്തുനിന്ന് അഞ്ച് എൻജിനീയർമാർ അടങ്ങുന്ന ഒരു പുതിയ ടീമിനെ ഞങ്ങൾ നിയമിച്ചിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്ന രണ്ടുപേർ സർവ്വീസിൽനിന്ന് വിരമിച്ച ആളുകളാണ്. സർവ്വീസിൽ നിന്ന് വിരമിച്ച ആളുകളായതുകൊണ്ട് അവരുടെ ഭാഗത്തുനിന്നുണ്ടാകാവുന്ന വീഴ്ചകളെന്താണെന്നുള്ളത് കമ്മിററികളിൽ ചർച്ച വന്നു. അതിനെത്തുടർന്നാണ് മന്ത്രിസഭായോഗത്തിൽതന്നെ ഈ പ്രശ്നം ചർച്ച ചെയ്യപ്പെടുകയും സർവ്വീസിലുള്ള ചീഫ് എൻജിനീയർമാർ അടക്കമുള്ള അഞ്ച് എൻജിനീയർമാർ അടങ്ങുന്ന ഒരു ടീമിനെ ഈ കേസിന്റെ നടത്തിപ്പിനുവേണ്ടി—മെററീരിയൽസ് അഭിഭാഷകർക്ക് നൽകാൻ വേണ്ടി—നിയമിച്ചിട്ടുള്ളത്. ആ ടീം വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. കാവേരി ട്രൈബ്യൂണലിന് മുമ്പാകെ നമ്മുടെ കേസ് ഫലപ്രദമായി തന്നെ അവതരിപ്പിക്കുന്നുണ്ട്.

ഇവിടെ സൂചിപ്പിച്ച മറെറാരു കാര്യം ഭവാനിപ്പുഴയുടേതാണ്. ഭവാനിപ്പുഴയിൽ മുക്കാലി എന്ന സ്ഥലത്ത് ഒരു ചെക്ക് ഡാം കെട്ടി 300 മീററർ കനാൽ വെട്ടുകയാണെങ്കിൽ ഭവാനിപ്പുഴയിൽ നിന്ന് വെള്ളം കാഞ്ഞിരപ്പുഴയിൽ കൊണ്ടുവരാൻ സാധിക്കുമെന്ന ഒരു നിർദ്ദേശം സബ്ജക്ററ്സ് കമ്മിററിയിൽ തന്നെ വന്നു. ആ നിർദ്ദേശം ഗവൺമെൻറ് അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് 50 ലക്ഷം രൂപയുടെ ഒരു സ്കീം തയ്യാറാക്കി അതിന്റെ നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. അത് വരുമ്പോൾ നമുക്ക് ഉണ്ടാകാവുന്ന ഗുണങ്ങളെ കുറിച്ച് കമ്മിററിയിൽ ചർച്ച ചെയ്തതാണ്. ഈ സഭാവേദിയിൽ ഞാൻ അതിനെക്കുറിച്ച് പറയാൻ ഉദ്ദേശിക്കുന്നില്ല. സാങ്കേതികമായ ചില കാര്യങ്ങൾ കൂടി ഉള്ളതുകൊണ്ടാണ് ഇങ്ങനെ ഉദ്ദേശിച്ചിരിക്കുന്നത്. പിന്നീട് അദ്ദേഹം പറഞ്ഞത് വിവിധ നദികളിലെ ജലസമ്പത്ത് ഉപയോഗിക്കുന്നതിനെക്കുറിച്ചാണ്. ചാലിയാർ പുഴയെ സംബന്ധിച്ച് പറഞ്ഞു. ചാലിയാർ പ്രോജക്ട് എത്രയോ വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു സംഗതിയാണ്. ഞങ്ങളും അതിനുള്ള ശ്രമങ്ങൾ നടത്തി. ഒരു പുതിയ പ്രോജക്ട്, പ്രത്യേകിച്ച് മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ കഴിയുന്ന അല്ലെങ്കിൽ കൂടുതൽ ജലസേചന സൗകര്യങ്ങൾ കൊടുക്കാൻ കഴിയുന്ന ബൃഹത്തായ ഒരു പ്രോജക്ട് റിപ്പോർട്ട് ഏതാനും ദിവസങ്ങൾക്കുമുമ്പ് ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ട് പ്രോസസ് ചെയ്ത് കേന്ദ്രഗവൺമെൻറിന്റെ അനുമതിക്കുവേണ്ടി സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പല നദികളിലും തമിഴ്നാടും കർണ്ണാടക സ്റേററും അണകൾ കെട്ടുന്നതിനെ സംബന്ധിച്ച് ശ്രീ. കൃഷ്ണൻകുട്ടി തന്നെ ഇവിടെ സൂചിപ്പിച്ചു. 600 കോടി രൂപയുടെ ഒരു പ്രോജക്ടിനെക്കുറിച്ച് കർണ്ണാടക സ്റേററ് അസംബ്ലിയിൽ ഇപ്രാവശ്യം അവിടത്തെ മുഖ്യമന്ത്രി പറഞ്ഞുവെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപ ഇറിഗേഷൻ പ്രോജക്ട്സിന് ഇൻവെസ്ററ് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. കേന്ദ്രഗവൺമെൻറിന്റെ സഹായത്തോടുകൂടി മാത്രമേ നമുക്ക് പ്രോജക്ടുകൾ ഏറെറടുക്കാൻ കഴിയുന്നുള്ളൂ. നമ്മുടെ സാമ്പത്തിക പരിമിതികൾ ആണ് അതിന്റെ പ്രധാന കാരണം. നമുക്ക് സാമ്പത്തികമായി ശേഷിയുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ബുദ്ധിമുട്ടുമില്ലാതെ ഇക്കാര്യങ്ങളൊക്കെ ഏറ്റെടുക്കാൻ സാധിക്കുമായിരുന്നു. അട്ടപ്പാടി പ്രോജക്ട് നമ്മൾ നിർത്തിവച്ചിട്ടില്ല. അവിടെ ഇപ്പോൾ ഒരു സബ്ഡിവിഷൻ പ്രവർത്തിക്കുന്നുണ്ട്. അട്ടപ്പാടിയിലേയും പ്രധാന പ്രശ്നമെന്നു പറയുന്നത്, അത് കബനീ നദിയിൽ വരുന്ന ഒരു ഡാം ആണ്. അത് ഇൻറർ-സ്റ്റേറ്റ് റിവർ അണ്. കബനി നദിയിൽ ഒരു ഡാം കെട്ടുമ്പോൾ അതിന് നമുക്ക് കേന്ദ്രഗവൺമെൻറിൻെറ അനുമതി ആവശ്യമായി വരും; കേന്ദ്രഗവൺമെൻറിൻെറ പണം നമുക്ക് ആവശ്യമായി വരും. കേന്ദ്രഗവൺമെൻറ് എടുത്തിരിക്കുന്ന ഒരു സമീപനമെന്ന് പറയുന്നത്, ഇൻറർ-സ്റ്റേറ്റ് റിവേഴ്സിൽ അണകൾ കെട്ടുന്നതിനുവേണ്ടി ഇരു സംസ്ഥാനങ്ങളും സമ്മതിച്ചെങ്കിലല്ലാതെ കേന്ദ്രഗവൺമെൻറ് അതിന് അനുമതി നൽകുകയില്ലായെന്നുള്ളതാണ്. നമുക്ക് പണം ഉണ്ടെങ്കിൽ അത് ചെയ്യാം. അട്ടപ്പാടിയിൽ ഒരു ഡാം കെട്ടുന്നതിന് വേണ്ടിയുള്ള അതിൻെറ ബേയ്സ്മെൻറും മററു കാര്യങ്ങളും തീർത്തിട്ടുണ്ട്. പക്ഷേ അതിൻെറ നടപടികളുമായി മുന്നോട്ടു പോകാൻ കഴിയാത്ത സാഹചര്യമെന്ന് പറയുന്നത്, നമ്മുടെ സാമ്പത്തിക ഞെരുക്കമാണ്. നമുക്ക് പണമുണ്ടെങ്കിൽ അത് ചെയ്യാൻ സാധിക്കും. അതുകൊണ്ട് നമ്മുടെ ജലസമ്പത്ത് സംസ്ഥാനത്തിൻെറ താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ യാതൊരു തരത്തിലുള്ള അനാസ്ഥയും ഗവൺമെൻറ് കാണിച്ചിട്ടില്ല; കാണിക്കുകയുമില്ല. അത് ഈ സഭയുടെ പൊതുവായ ഒരു താല്പര്യമാണ്. അതിനകത്ത് ഭരണകക്ഷിപ്രതിപക്ഷമെന്നുള്ള നിലയിൽ കുററപ്പെടുത്തേണ്ട ആവശ്യമില്ല. നമുക്ക് ഒരുമിച്ച് ഒരേ സ്വരത്തിൽ നമ്മുടെ സംസ്ഥാനത്തിൻെറ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളാം. അതിന് പ്രായോഗികമായ ഏത് നിർദ്ദേശവും പ്രതിപക്ഷം കൊണ്ടുവന്നാലും അത് സ്വീകരിക്കാനും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും ഗവൺമെൻറ് സന്നദ്ധമാണ്. അതിനകത്ത് യാതൊരുവിട്ടുവീഴ്ചയും ചെയ്യാനുദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഗവൺമെൻറിൻെറ സദുദ്ദേശവും ഗവൺമെൻറ് ഇതുവരെ ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നടപടികളും ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ജലസമ്പത്ത് പരമാവധി പ്രയോജനപ്പെടുത്താനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇതിൽ രണ്ട് കാര്യങ്ങൾ ചെയ്താൽ തരക്കേടില്ല. (1) ചീഫ് മിനിസ്ററുടെ നേതൃത്വത്തിൽ അടിയന്തിരമായി ഒരു യോഗം വിളിച്ചുകൂട്ടുക. അത് തമിഴ്നാട്ടിൽ ചെയ്തപോലെ തന്നെ ഒരു മോണിററിംഗ് സെൽ പോലെ, ബധ്ധപ്പെട്ട എം. പി. മാരടക്കം (കാരണം ഇത് പാർലമെൻറിൽകൂടി വരുന്ന പ്രശ്നമാണ്) നിയമസഭയിലെ ബന്ധപ്പെട്ട ആളുകളേയും വിളിച്ച് ഒരു കമ്മിററി ഓരോ മാസവും കൂടി ഇക്കാര്യങ്ങൾ അവലോകനം ചെയ്യണം. രണ്ടാമതായി നമുക്ക് മൊത്തത്തിൽ ഈ നദികളിൽ ഉള്ള വെള്ളം ഉപയോഗിക്കാനാകുന്ന രീതിയിലുള്ള സ്കീം തയ്യാറാക്കണം. ഇപ്പോൾ കർണ്ണാടകത്തിൽ ചെയ്തത് എന്താണെന്നറിയാമോ? സ്വകാര്യ വ്യക്തികളെയാണ് അത് ഏൽപ്പിച്ചത്. അതിൻെറ കംപ്ലീററ് ഡീറെറയിൽഡ് റിപ്പോർട്ട് ഇക്കണോമിക്സ് ടൈംസിൽ ഉണ്ട്. അട്ടപ്പാടിയുടെ കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും? എങ്ങനെ പണം കണ്ടെത്താൻ കഴിയും? നമ്മുടെ സഹകരണ സ്ഥാപനങ്ങളിൽ പണമുണ്ട്. അത് ഉപയോഗിക്കാൻ സാധിക്കുമോ? ഇത്തരമൊരു ഡീറെറയിൽഡ് ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈ എടുത്ത് ബന്ധപ്പെട്ട ആളുകളെ വിളിച്ച് കൂട്ടി ഒരു ചർച്ച നടത്തണം. ഇവിടെ വച്ച് നിർദ്ദേശം സമർപ്പിക്കാൻ സാധിക്കാത്തതുകൊണ്ടാണ്. അതിനൊരവസരമുണ്ടാക്കി തന്നാൽ നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിയുടെ നിർദ്ദേശത്തെ മാനിച്ചുകൊണ്ട് ഏപ്രിൽ മാസത്തിൽ തന്നെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇത് സംബന്ധിച്ച് ഒരു യോഗം വിളിച്ചുകൂട്ടുന്നതാണ്.

## (2) എറണാകുളത്ത് ഒരു മെഡിക്കൽകോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോർജ് ഈഡൻ: സർ, മഹാനഗരമായി മാറിക്കഴിഞ്ഞിരിക്കുന്ന കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജ് ഇല്ല എന്ന ദുഃഖകരവും, അപമാനകരവുമായ സത്യത്തിലേയ്ക്കാണ് സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. 9 ലക്ഷം ജനസംഖ്യയുള്ള, മെട്രോപൊളിററൻ സിററിയായി പ്രഖ്യാപിക്കപ്പെട്ട കൊച്ചി നഗരത്തിൽ, ഒരു മെഡിക്കൽ കോളേജില്ല. തൊട്ടടുത്ത ജില്ലകളായ തൃശ്ശൂരിലും ആലപ്പുഴയിലും വരെ മെഡിക്കൽ കോളേജുകൾ ഉണ്ട്. 73 സ്വകാര്യ ആശുപത്രികളും 21 സർക്കാർ ആശുപത്രികളും കൊച്ചി മേഖലയിൽ ഉണ്ടെന്ന് പറയുമ്പോൾ ഇതിന്റെ പ്രാധാന്യം പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ല. ഏററവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്നതും കൊച്ചി മേഖലയിലാണ്. ഇൻഡ്യയിലെ പ്രമുഖ ആശുപത്രികളിലും, അതുപോലെതന്നെ വിദേശരാജ്യങ്ങളിലും, ഒട്ടേറെ രാഷ്ട്രത്തലവൻമാരുടെ, വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘത്തിലുമൊക്കെ മലയാളികളായ ഒട്ടേറെ ഡോക്ടർമാരുണ്ട്. പക്ഷേ അവരൊന്നും കേരളത്തിൽ പഠിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്ര, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന 80% പേരും മലയാളികളാണെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു വർഷം കേരളത്തിൽ നിന്നും 100–ഡോക്ടർമാർ പഠിച്ചു പുറത്തു വരുന്നുണ്ടെങ്കിൽ തമിഴ്നാട്ടിൽ അതിന്റെ ററേറ് 700–ആണ്. കർണ്ണാടകയിൽ നിന്നും 800–ഡോക്ടർമാർ വരുന്നുണ്ട്. അതായത് കേരളത്തിൽ നിന്നും വരുന്നതിന്റെ ഏഴിരട്ടിയും, എട്ടിരട്ടിയും ഡോക്ടർമാരാണ് മററു സംസ്ഥാനങ്ങളിൽ നിന്നും പഠിച്ചു വരുന്നത്. അതിൽ തന്നെ ഭൂരിഭാഗവും മലയാളികളാണ്. ഇൻഡ്യയിലെ വളരെ പ്രശസ്തമായ മെഡിക്കൽ കോളേജുകളായ കസ്തൂർബ, രാമയ്യ, ദാവൺഗരെ, പാടലീപുത്രം മെഡിക്കൽ കോളേജുകൾ, തമിഴ്നാട്ടിലെ മെഡിക്കൽ കോളേജുകൾ ഇവയിലെല്ലാം പഠിക്കുന്നത് 75, 80%–വും മലയാളികളാണ്. ഒരു വർഷം 120 കോടി രൂപയാണ് മെഡിക്കൽ, പാരാ മെഡിക്കൽ കോഴ്സുകൾക്കായി നമ്മുടെ സംസ്ഥാനത്തിന് വെളിയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നത്. അത് കാപ്പിറേറഷൻ ഫീസിനത്തിലും, വിദ്യാർത്ഥികളുടെ ചെലവിനത്തിലും ഫീസായും ആണ് എന്നാണ് കണക്കാക്കുന്നത്. 10–ലക്ഷം രൂപ മുതൽ 30–ലക്ഷം രൂപാവരെ മെഡിക്കൽ കോഴ്സിനും, അൻപതിനായിരം രൂപ മുതൽ 2–ലക്ഷം രൂപാവരെ പാരാ മെഡിക്കൽ കോഴ്സുകൾക്കും കോഴയെന്നോ ക്യാപിറേറഷൻ ഫീസെന്നോ വിശേഷിപ്പിക്കാവുന്ന രീതിയിൽ അന്യസംസ്ഥാനങ്ങളിലെ സ്ഥാപനങ്ങൾ ഈടാക്കിക്കൊണ്ടിരിക്കുന്നു. ഈ ഒഴുക്കു തടയാൻ നമ്മുടെ സംസ്ഥാനത്ത് കൂടുതൽ മെഡിക്കൽ കോളേജുകൾ വന്നേ മതിയാകൂ. ഉദാരവൽക്കരണത്തിന്റെയും, ആഗോളവൽക്കരണത്തിന്റെയും, സ്വകാര്യവൽക്കരണത്തിന്റേയും യുഗത്തിൽ എന്തുകൊണ്ട് നമുക്ക് സ്വകാര്യമേഖലയിലും മെഡിക്കൽ കോളേജുകൾ അനുവദിച്ചുകൂടാ എന്നുള്ള പ്രസക്തമായ ചോദ്യം നമ്മുടെ മുൻപിൽ നിൽക്കുന്നു. ഈ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ കോടിക്കണക്കിന് രൂപാ വേണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളാ ഗവൺമെന്റിന് ഇന്ന് അതിനുള്ള സാമ്പത്തിക ശേഷിയില്ലെന്നുള്ള യാഥാർത്ഥ്യത്തിന് നേരെ കണ്ണടയ്ക്കാൻ ആർക്കും സാധിക്കില്ല. ഗവൺമെന്റിന് സാധിക്കുന്നില്ലെങ്കിൽ കണ്ണൂരിൽ സഹകരണമേഖലയിൽ ആരംഭിച്ചതുപോലെ എന്തുകൊണ്ട് കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിച്ചു കൂടാ? സഹകരണമേഖലയിൽ ആരംഭിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ എറണാകുളത്ത് വളരെ പ്രശസ്തമായ ഒട്ടേറെ സ്ഥാപനങ്ങളുണ്ട്; വളരെ നല്ല രീതിയിൽ ആധുനിക സൗകര്യങ്ങളോടെ നടത്തുന്ന ഒട്ടേറെ ഹോസ്പിററലുകൾ എറണാകുളത്തുണ്ട്. പല എൻ. ആർ. ഐ. ഗ്രൂപ്പുകളും ഈ രംഗത്തു വന്നിട്ടുണ്ട്. ഏതെങ്കിലുമൊരു സ്ഥാപനത്തിന് എന്തുകൊണ്ട് ഒരു സ്വകാര്യ മെഡിക്കൽ കോളേജ് അനുവദിച്ചുകൂടാ? എറണാകുളത്തെ വളരെ പ്രശസ്തമായ ലിസ്സി, ലൂർദ്, മെഡിക്കൽ ട്രസ്ററ് ആശുപത്രികൾ, പി. വി. എസ്. മെമ്മോറിയൽ ആശുപത്രി, സഹകരണമേഖലയിലെ ഇന്ദിരാഗാന്ധി കോ-ഓപ്പറേററീവ് ആശുപത്രി, സിററി ഹോസ്പിററൽ, എറണാകുളം മെഡിക്കൽ സെൻറർ, സ്പെഷ്യാലിററി ഹോസ്പിററൽ, കൊച്ചിൻ ഹോസ്പിററൽ അങ്ങനെ എണ്ണിയാലൊടുങ്ങാത്ത ഹോസ്പിററലുകളുടെ ഒരു നീണ്ട നിര തന്നെ എനിക്കിവിടെ അവതരിപ്പിക്കാൻ കഴിയും. ഈയിടെ ഉണ്ടായ സുപ്രീം കോടതി വിധിയെത്തുടർന്ന് മററ് സംസ്ഥാനങ്ങളിലെ മെഡിക്കൽ കോളേജുകളിൽ ക്യാപ്പിറേറഷൻ ഫീസ് ഈടാക്കുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടായിട്ടുണ്ട്. ഗവൺമെന്റിന്റെ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി ന്യായമായ ഫീസ് ഈടാക്കി സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ അനുവാദം കൊടുക്കണം; അതിന് കൊച്ചിയിൽനിന്ന് തുടക്കം കുറിക്കണം എന്നാണ് എന്റെ ആവശ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കുള്ള ഒരു അഭ്യർത്ഥന അങ്ങ് പഠിച്ചതും വളർന്നതും എ. ഐ. സി. സി. ജനറൽ സെക്രട്ടറിയാകുന്നതിനും എം. പി. ആകുന്നതിനും കേന്ദ്ര മന്ത്രിയാകുന്നതിനും മുൻപ് അങ്ങ് താമസിച്ചിരുന്നതും കൊച്ചിയിൽ ആണ്. മഹാരാജാസ് കോളേജിൽ ഒരു വിദ്യാർത്ഥിയായി വരുന്ന കാലം മുതൽ, കെ. എസ്. യു. യൂത്ത് കോൺഗ്രസ് നേതാവായി ദീർഘകാലം കെ. പി. സി. സി. പ്രസിഡൻറായി ഇന്ദിരാഭവനിൽ വരുന്നതിനു മുൻപ് കൊച്ചിയിലെ കെ. പി. സി. സി. ഓഫീസ് ഉണ്ടായിരുന്ന കാലംമുതൽ അങ്ങയുടെ താമസ സ്ഥലം കൊച്ചിയാണ് എന്നുള്ളത് കണക്കിലെടുത്തുകൊണ്ട് കൊച്ചി നഗരവാസികൾക്ക് എന്നും അങ്ങയെ ഓർക്കാൻ, എറണാകുളത്ത് ഒരു മെഡിക്കൽ കോളേജ് ഒരു സൂപ്പർ സ്പെഷ്യാലിററി ഹോസ്പിററൽ അടക്കമുള്ള—സാധാ മെഡിക്കൽ കോളേജ് മാത്രം പോരാ; അത്യന്താധുനിക സൗകര്യങ്ങളുള്ള സൂപ്പർ സ്പെഷ്യാലിററി ഹോസ്പിററൽ അടക്കമുള്ള—ഒരു മെഡിക്കൽ കോളേജ്, പാരാ മെഡിക്കൽ കോഴ്സുകൾ നടത്താൻ സൗകര്യങ്ങളുള്ള, ഈ സംസ്ഥാനത്തിനു വെളിയിൽ മറെറാരു സ്ഥലത്തും നമ്മുടെ ഒരു രോഗിക്കും ചികിൽസയ്ക്കായി പോകേണ്ടി വരുന്ന സാഹചര്യം ഉണ്ടാകരുത്—അങ്ങനെയുള്ള ഒരു മെഡിക്കൽ കോളേജ് ഉണ്ടാകണം. ഇന്ന് ഗുരുതരമായി രോഗം വന്നാൽ മേജർ ഹാർട്ട് ഓപ്പറേഷൻ, കിഡ്നി ട്രാൻസ് പ്ലാന്റേഷൻ, അല്ലെങ്കിൽ ഉദര സംബന്ധമായ രോഗങ്ങൾ വന്നാൽ; നമുക്ക് മററു സംസ്ഥാനങ്ങളെ ചികിൽസാ സൗകര്യങ്ങൾക്കായി ആശ്രയിക്കേണ്ടി വരുന്നു. മദ്രാസിലെ അപ്പോളോ ആശുപത്രിയിൽ പോകേണ്ടി വരുന്നു, അല്ലെങ്കിൽ വിജയാ ഹോസ്പിററലിലോ, വെല്ലൂർ ഹോസ്പിററലിലോ, വിദേശ രാജ്യങ്ങളിലോ പോകേണ്ടി വരുന്നു. സംസ്ഥാനത്തിന് വെളിയിലോ വിദേശ രാജ്യത്തോ ഒരു രോഗിക്കും പോകണ്ടാത്ത രൂപത്തിൽ സൂപ്പർ സ്പെഷ്യാലിററി ഹോസ്പിററലടക്കമുള്ള അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കണം. ഗവൺമെന്റിനും; സഹകരണ മേഖലയ്ക്കും ഇതിന്

പ്രാപ്തിയില്ലെങ്കിൽ സ്വകാര്യ മേഖലയിൽ ഇതാരംഭിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണം എന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം അവതരിപ്പിച്ച രീതിയും ഭാഷയും കേട്ടാൽ സാമാന്യപ്പെട്ട എല്ലാവരും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ചെയ്തു കൊടുക്കാൻ തയ്യാറാകുന്നതാണ്. മുഖ്യമന്ത്രി എന്ന നിലയിൽ പെട്ടെന്ന് ഒരു അഭിപ്രായ പ്രകടനം നടത്താവുന്ന വിഷയമല്ല അദ്ദേഹം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അത് അദ്ദേഹവും മനസ്സിലാക്കുമെന്ന് വിശ്വസിക്കുന്നു. മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിന് പ്രത്യേകമായ ചില സാഹചര്യങ്ങളും മാനദണ്ഡങ്ങളുമുണ്ട്. ജനസംഖ്യാനുപാതികമായി നോക്കിയാൽ ഇപ്പോൾത്തന്നെ കേരളത്തിൽ ആവശ്യത്തിന് ഡോക്ടർമാരുണ്ട്, തന്നെയുമല്ല ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക പരിതസ്ഥിതിയിൽ വമ്പിച്ച മുതൽമുടക്കു വേണ്ടിവരുന്ന ഒരു മെഡിക്കൽ കോളേജ് പൊതുമേഖലയിൽ സ്ഥാപിക്കുന്നതിന് ഒട്ടുംതന്നെ സാധിക്കുന്ന ചുററുപാടല്ല ഉള്ളത്. ഇതുവരെ ഒരു മെഡിക്കൽ കോളേജും സ്ഥാപിക്കപ്പെട്ടിട്ടില്ലാത്ത ചില ജില്ലകളിൽ, ആ ജില്ലകളുടെ പ്രത്യേകതയും, അവിടെ കൂടുതൽ ചികിൽസാ സൗകര്യങ്ങൾ ലഭിക്കേണ്ട ആവശ്യകതയും പരിഗണിച്ച് സ്വകാര്യ മേഖലയിലെങ്കിലും മെഡിക്കൽ കോളേജുകൾ തുടങ്ങാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിർദ്ദേശങ്ങളും അപേക്ഷകളും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ചില അനുഭവങ്ങൾക്ക് വിധേയമായി സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിനുള്ള അത്തരം നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അക്കൂട്ടത്തിൽ കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജ് സ്വകാര്യ മേഖലയിൽ തുടങ്ങുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അക്കാര്യവും ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. പക്ഷേ ഇതേവരെ ഈ കാര്യത്തെക്കുറിച്ച് നയപരമായ ഒരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല.

ശ്രീ. ജോർജ് ഈഡൻ: സർ, ഏതെങ്കിലും ഒരു എൻ. ആർ. ഐ. ഗ്രൂപ്പ് എറണാകുളത്തെ, കോഴ വാങ്ങാത്തതും ക്യാപിറേറഷൻ ഫീസ് വാങ്ങാത്തതുമായ പ്രശസ്തമായ ഒരു സ്ഥാപനവുമായി സഹകരിച്ച് മെഡിക്കൽ കോളേജ് ആരംഭിക്കാൻ മുന്നോട്ട് വന്നാൽ അത് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ചില പ്രത്യേക നിബന്ധനകൾക്കു വിധേയമായി സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് ഇതുവരെ മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിൽ നിന്നും പല വിധത്തിലുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ മുൻപിൽ വന്നിട്ടുണ്ട്. ഗവൺമെന്റ് ഇതുസംബന്ധിച്ച് ഇതുവരെ നയപരമായ ഒരു തീരുമാനം എടുത്തിട്ടില്ല.

## IV. സബ്മിഷൻ

### (1) അടച്ചുപൂട്ടിയ മദ്യഷാപ്പുകൾ ലേലം ചെയ്തു കൊടുക്കണമെന്ന ആവശ്യം

ശ്രീ. ടി. ചാത്തു: സർ, ഈ സർക്കാരിന്റെ തെററായ മദ്യനയം നിമിത്തം നമ്മുടെ സംസ്ഥാനത്തെ നൂറു കണക്കിന് മദ്യഷാപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

നിർത്തൽ ചെയ്തിരിക്കുകയാണ്. അതിന്റെ ഫലമായി ആയിരക്കണക്കിൽ മദ്യ-ചെത്തു തൊഴിലാളികൾ തൊഴിലില്ലാത്തവരായിത്തീരുന്നു. ഇതിനെതിരായി നമ്മുടെ സംസ്ഥാനത്തൊട്ടാകെ പ്രക്ഷോഭണങ്ങളും സമരങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. കള്ളുഷാപ്പുകൾ നിർത്തൽ ചെയ്യേണ്ട ആവശ്യം സർക്കാരിനില്ല; സർക്കാർ നയത്തിൽ അങ്ങനെ ഉണ്ടെന്നു ഞാൻ കരുതുന്നില്ല. നമ്മുടെ സംസ്ഥാനമൊട്ടുക്കും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലില്ലാതാക്കിയിരിക്കുന്ന ഈ നയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്ത് ഒരു പുനർചിന്തനം നടത്തി, അതൊന്നു തിരുത്തി, തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ആളുകളുള്ള നമ്മുടെ സംസ്ഥാനത്ത് അവർക്ക് തൊഴിൽ നൽകാനാവശ്യമായ നടപടി എടുത്തുകൂടെ? എന്റെ മണ്ഡലത്തിൽപ്പെട്ട ഇലവഞ്ചേരി പഞ്ചായത്തിൽ കോൺട്രാക്ടർമാരും ചില എക്സൈസ് ഉദ്യോഗസ്ഥൻമാരും കൂടി ഒത്തുകളിച്ചു 8 കള്ളുഷാപ്പുകൾ നിർത്തൽ ചെയ്തു. ഒരു പ്രാവശ്യം ഓക്ഷന് വിട്ടു. എടുക്കാൻ ആളില്ലെന്ന് പറഞ്ഞു നിർത്തൽ ചെയ്തു. പിന്നീട് ഓക്ഷന് വിട്ടതും ഇല്ല. ഇതിന്റെ ഫലമായിട്ട് നൂറിലധികം തൊഴിലാളി കുടുംബങ്ങൾക്ക് അവിടെ തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. അവരെ മററ് ഷാപ്പുകളിൽ കൊണ്ടുപോയാൽ മററ് ഷാപ്പുകളും അവതാളത്തിലാകും എന്നുള്ളതുകൊണ്ട് അതിനും നിർവ്വാഹമില്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം എക്സൈസ് വകുപ്പുമന്ത്രിയോട് വിശദമായി സംസാരിച്ചു, നിവേദനം കൊടുത്തു. അദ്ദേഹത്തിന് ബോദ്ധ്യമായി. ഇപ്രാവശ്യം ഈ ഷാപ്പുകൾ വീണ്ടും ഓക്ഷൻ ചെയ്യും എന്ന ഒരു ധാരണയിൽ എത്തിയിരുന്നതാണ്. പക്ഷെ അദ്ദേഹം ഇപ്പോൾ ഇല്ലാത്തതുകൊണ്ടോ, അതിനാവശ്യമായ കൽപ്പന ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് കൊടുക്കാത്തതുകൊണ്ടോ 8 ഷാപ്പുകളും ഇന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു പുനർചിന്തനം നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് ഈ ഷാപ്പുകൾ വീണ്ടും നമ്പർ ഇട്ട് ഓക്ഷൻ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): മദ്യവും മയക്കുമരുന്നും മൂലം നാൾ ചെല്ലുന്തോറും കേരളത്തിൽ പുതിയ പുതിയ സാമൂഹ്യപ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഒട്ടേറെ സാംസ്കാരിക പ്രവർത്തകർ, പൊതുപ്രവർത്തകർ ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇത് പലപ്പോഴായിപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റിന് വലിയ വരുമാനമുള്ള ഈ മേഖലയിൽ ഒററയടിക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ പ്രയാസമാണ്. അതോടൊപ്പംതന്നെ പതിനായിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്ന തീരുമാനങ്ങൾ എടുത്തുചാടി എടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഒട്ടേറെ കേന്ദ്രങ്ങളിൽനിന്നും മദ്യനിരോധനത്തിനുവേണ്ടിയുള്ള മുറവിളികൾ ഉയർന്നുവന്നിട്ടും ഗവൺമെന്റ് വളരെ കൂലങ്കഷമായി ഇത് പഠിക്കാതെ, വളരെ സമൂലമായ മാററം വരുത്തുന്ന തീരുമാനം എടുക്കാൻ ആഗ്രഹിക്കാതിരിക്കുന്നത്. എന്നാൽ പിന്നെയും പൊതുജനങ്ങളുടെ ശക്തമായ സമ്മർദ്ദം വന്നതിന്റെയടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് ഉദയഭാനു കമ്മീഷനെ നിയമിച്ചത്. ഉദയഭാനു കമ്മീഷന്റെ ശുപാർശകൾ ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. ഒരു നയമെന്ന നിലയിൽ ഉദയഭാനു കമ്മീഷൻ ശുപാർശകളിൽ പറഞ്ഞിരിക്കുന്നതുപോലെ മദ്യനിരോധനം ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അങ്ങനെ നടപ്പിലാക്കുമ്പോൾ തൊഴിലാളികൾക്ക് പരമാവധി പ്രയാസം ഉണ്ടാകാത്ത നിലയിൽ ഈ ലക്ഷ്യം നേടിയെടുക്കാൻ ഗവൺമെന്റ് ശ്രമിക്കും. അടുത്ത സാമ്പത്തിക വർഷത്തിൽ 10 ശതമാനം ഷാപ്പുകൾ നിർത്തലാക്കുവാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നു. അങ്ങനെ ഷാപ്പുകൾ നിർത്തലാക്കുവാൻ ശ്രമിക്കുമ്പോഴും തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾകൂടി ഗവൺമെൻറ് കണക്കിലെടുക്കും. അതുകൊണ്ട് ഗവൺമെൻറ് ഇപ്പോൾ ആദ്യപടിയായി ഉദ്ദേശിക്കുന്നത് ലേലത്തിൽ പോകാത്ത ഷാപ്പുകൾ, ഏററവും കുറഞ്ഞ ചെലവിൽ കുറഞ്ഞ തുകയ്ക്കു മാത്രം ലേലത്തിൽ പോകുന്ന ഷാപ്പുകൾ ഈ രണ്ട് ഇനത്തിൽ പെടുന്ന ഷാപ്പുകൾ ആദ്യപടിയായി നിർത്തലാക്കാനാണ് ശ്രമിക്കുന്നത്. ഇങ്ങനെ നിർത്തലാക്കാൻ ശ്രമിക്കുന്ന ഷാപ്പുകളുടെ കൂട്ടത്തിൽ തൊഴിലാളികൾക്ക് വളരെ പ്രയാസമുണ്ടാകുന്ന തരത്തിലുള്ള ഏതെങ്കിലും ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ രേഖാമൂലം അറിയിച്ചാൽ അത് പരിശോധിക്കാം. പക്ഷെ ഘട്ടം ഘട്ടമായി കേരളത്തിൽ മദ്യനിരോധനം ഏർപ്പെടുത്തണമെന്നുള്ളത് കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ആ ലക്ഷ്യം നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ തൊഴിലാളികളുടെ പ്രയാസങ്ങൾ പരമാവധി ഒഴിവാക്കാൻ ഗവൺമെൻറ് ശ്രമിക്കുമെന്ന് ഉറപ്പ് തരാൻ ഞാൻ ആഗ്രഹിക്കുന്നു.

## (2) മലയിൻകീഴ് രവിയെ കൊലപ്പെടുത്താനുള്ള ശ്രമം

ശ്രീ. വി. ജെ. തങ്കപ്പൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഈ മാസം 24-ാം തീയതി രാത്രി പതിനൊന്നേമുക്കാൽ മണിക്ക് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ മലയിൻകീഴ് ലോക്കൽ കമ്മിററി അംഗവും കർഷകത്തൊഴിലാളി യൂണിയൻെറ നേമം ഏരിയാ കമ്മിററി പ്രസിഡൻറുമായ ശ്രീ. മലയിൻകീഴ് രവിയെ തിരുവനന്തപുരം കാട്ടാക്കട റോഡിൽ തച്ചോട്ടുകാവിനും കരിപ്പൂരിനും ഇടയ്ക്കുള്ള ഒരു സ്ഥലത്തുവച്ച് ബി. ജെ. പി. യുടേയും ആർ. എസ്. എസ്സിൻെറയും പ്രവർത്തകൻമാർ കൊലപ്പെടുത്താൻ ശ്രമിച്ചു. രവിയുടെ വലതു കൈപ്പത്തി വാളുകൊണ്ട് വെട്ടിമാററി. ഇടത്തെകാലിൽ നടക്കാൻ കഴിയാത്ത രീതിയിൽ വെട്ടി മുറിവേൽപ്പിച്ചു. തലയിൽ വാളുകൊണ്ടു വെട്ടി ആഴത്തിൽ മുറിവേൽപ്പിച്ചു. ദേഹത്ത് പല ഭാഗത്തും ആഴത്തിലുള്ള മുറിവുകളുണ്ട്. രവി മരിച്ചു എന്നു തീർച്ചപ്പെടുത്തിയിട്ടാണ് ബി. ജെ. പി. യുടെയും ആർ. എസ്. എസ്. ൻേറയും പ്രാദേശിക അക്രമികൾ സ്ഥലം വിട്ടത്. ഒന്നര മണിക്കുശേഷം മലയിൻകീഴ് നിന്നും ഞങ്ങളുടെ പാർട്ടിപ്രവർത്തകൻമാർ ഓടിയെത്തിയാണ് മലയിൻകീഴ് രവിയെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചത്. രക്തം കുറച്ചധികം വാർന്നുപോയി. വലതുകൈയുടെ കൈപ്പത്തി കയ്യുമായി ചേർത്ത് തുന്നിക്കെട്ടാൻ ഡോക്ടർമാർ ശ്രമിച്ചു. പക്ഷെ ഇന്നലെ അറിഞ്ഞത് അത് സെപ്ററിക്കായതുകൊണ്ട് കൈ പൂർണ്ണമായി മാറേണ്ടിവരുമെന്നാണ്. മാരകമായി മുറിവേററ മലയിൻകീഴ് രവി മരണവുമായി മല്ലിട്ട് ജീവനുവേണ്ടി ശ്രമിക്കുകയാണ്. മെഡിക്കൽ കോളേജിലെ ഡോക്ടർമാർ അയാളെ രക്ഷിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. അവിടെ ചികിൽസക്ക് വേണ്ടുന്ന സൗകര്യങ്ങൾ ഇല്ല, രണ്ടു റിക്വസ്ററാണ് അങ്ങയുടെ മുൻപിൽ വയ്ക്കാനുള്ളത്. മലയിൻകീഴ് ഇത്രയും ദാരുണമായ കൊലപാതകശ്രമം നടന്നിട്ട് രണ്ട് ആളുകളെ അറസ്ററ് ചെയ്തു എന്നാണ് അറിയുന്നത്. ആ രണ്ട് ആളുകളെ നെഗോഷ്യേററ് ചെയ്താണ് അറസ്ററ് ചെയ്തത്. ബി. ജെ. പി. യുടെ നേതാക്കൻമാർ രണ്ട് ആളുകളെ പോലീസ് സ്റേറഷനിൽ ഹാജരാക്കി. അറസ്ററ് റിക്കാർഡ് ചെയ്തു. അത്രമാത്രമാണ് മലയിൻകീഴ് പോലീസ് സ്റേറഷനിൽ നടന്നിട്ടുള്ള നടപടി. അതിനാൽ കുററവാളികളെ അടിയന്തിരമായി അറസ്ററ് ചെയ്ത് നിയമപരമായ നടപടികൾ സ്വീകരിക്കാൻ അങ്ങ് ഉത്തരവിടണം. ഇതുപോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ബി. ജെ. പി.—ആർ. എസ്. എസ്. ന്റെ ഭാഗത്തുനിന്നുണ്ടാകാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ആ പ്രദേശത്ത് ഉണ്ടാകണം. അങ്ങയുടെ വകുപ്പാണ് ആരോഗ്യ വകുപ്പ്. ചികിൽസയ്ക്ക് കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് വേണ്ടിയുള്ള സൗകര്യങ്ങൾ അവിടെ ചെയ്തു കൊടുക്കണം. ഇത് മൂന്നും പ്രതീക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, തിരുവനന്തപുരത്തെ മലയിൻകീഴിൽ കരിപ്പൂര് എന്ന സ്ഥലത്തുവച്ച് 24-3-1995 രാത്രി പന്ത്രണ്ടേകാൽ മണിയോടുകൂടി വീട്ടിലേക്ക് പോവുകയായിരുന്ന സി. പി. എം. മലയിൻകീഴ് ലോക്കൽ കമ്മിററി മെമ്പറും മലയിൻകീഴ് സ്വദേശിയുമായ രവിയെ ആർ. എസ്. എസ്. പ്രവർത്തകരായ മണി, രവി തുടങ്ങിയ എട്ടുപേർ ചേർന്ന് വെട്ടി പരിക്കേൽപ്പിച്ചു. ഈ സംഗതിക്ക് ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 149, 341, 307 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 95-ാം നമ്പരായി മലയിൻകീഴ് പോലീസ് ഒരു കേസ് രജിസ്ററർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തി പ്രതികളിൽപ്പെട്ട പൊട്ടൻകാവ് പുല്ലുവിള വീട്ടിൽ ഉദയകുമാർ, അന്തിയൂർക്കോണം കീഴന്തിയൂർ വീട്ടിൽ ബിനു, പൊട്ടൻകാവ് കെ. പി. ഭവനിൽ ബിജുകുമാർ എന്നിവരെ പോലീസ് അറസ്ററ് ചെയ്ത് കോടതിയിൽ ഹാജരാക്കി. കോടതി അവരെ റിമാൻഡ് ചെയ്തു. ആർ. എസ്. എസ്., സി. പി. എം. പ്രവർത്തകർ തമ്മിൽ മലയിൻകീഴ് ഭാഗത്ത് 1994 ആഗസ്ററ്, സെപ്ററംബർ, ഒക്ടോബർ മാസങ്ങളിലായി നടന്ന സംഘട്ടനങ്ങളോടനുബന്ധിച്ച് ആർ. എസ്. എസ്. പ്രവർത്തകർക്കെതിരെ മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ നാലു കേസ്സുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്. അതിൽവച്ചുള്ള രാഷ്ട്രീയ വിരോധമാണ് സി. പി. എം പ്രവർത്തകനായ രവിയെ ആക്രമിക്കാൻ കാരണമെന്ന് അന്വേഷണത്തിൽ മനസ്സിലാകുന്നു. രവിയുടെ കേസ്സിൽ പിടികിട്ടാനുള്ള ബാക്കി അഞ്ച് പ്രതികളെ കണ്ടുപിടിച്ച് അറസ്ററ് ചെയ്യുന്നതിന് കാട്ടാക്കട പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തുന്നു. ചികിൽസാ സൗകര്യത്തിന്റെ കാര്യത്തിൽ നിയമപരമായി ചെയ്യാവുന്ന കാര്യങ്ങളെല്ലാം ഗവൺമെന്റ് ചെയ്യുന്നതാണ്.

## (3) നീണ്ടകര അഴിമുഖത്തെ ഡ്രെഡ്ജിംഗ്

ശ്രീമതി അൽഫോൺസാ ജോൺ: സർ, കൊല്ലം ജില്ലയിൽ പതിനായിരക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗവും, അവരെ ദോഷകരമായി ബാധിക്കുന്നതും അടിയന്തിരമായി പരിഹാരം കാണേണ്ടതുമായ കാര്യമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. കടലിൽകൂടി സൈക്കിളും ബൈക്കും ഓട്ടോറിക്ഷയും ഓടിക്കാമെന്ന് പറഞ്ഞാൽ ആർക്കെങ്കിലും വിശ്വസിക്കാൻ സാധിക്കുമോ? കടലിൽകൂടി തന്നെ കുട്ടികൾ നടക്കുകയും ചെയ്യുന്ന അത്ഭുത പ്രദേശമാണ് കേരളത്തിലെ ഏററവും വലിയ മൽസ്യബന്ധന മേഖലയായ നീണ്ടകര അഴിമുഖം. അവിടെ ദിവസം രണ്ടായിരത്തിലേറെ ബോട്ടുകൾ മൽസ്യബന്ധനത്തിന് കടലിലേക്ക് പോകുന്നുണ്ട്. കടലിൽനിന്ന് ബോട്ടു ജെട്ടിയിലേക്കും തിരിച്ച് കടലിലേക്കും പോകുവാൻ ഏതാണ്ട് അഞ്ച് മീററർ ആഴത്തിൽ ചാലുകൾ കീറിയിട്ടുണ്ട്. എന്നാൽ കടലിൽ നിന്ന് ബോട്ട് ജെട്ടിയിലേക്ക് വരാനുള്ള ചാല് മണ്ണ് കേറി അടഞ്ഞതുമൂലം ഇവിടെ വളരെയധികം അപകടങ്ങൾ സംഭവിക്കുന്നു. കൂടാതെ അവിടത്തെ ഏററവും വിശാലമായ ലേലഹാളിന്റെ മുഖം ഇന്ന് തികച്ചും മ്ലാനമാണ്. അടിയന്തിരമായി ഈ ചാലിലെ മണ്ണ് മാററി ഡ്രഡ്ജ് ചെയ്യാനുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, കേരളത്തിലെ പോർട്ടുകളും, മൽസ്യ ബന്ധന തുറമുഖങ്ങളും എല്ലാം ഡ്രഡ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഗവൺമെൻറിനില്ല. ആകെ ഇപ്പോൾ ഗവൺമെൻറിനുള്ളത് 'മീനാ കേരള' എന്ന ഡ്രഡ്ജാണ്. അത് ഉപയോഗിച്ച് വളരെ പരിമിതമായ തോതിലാണ് ഡ്രഡ്ജിംഗ് നടക്കുന്നത്. ഡ്രഡ്ജിംഗിൽ പ്രധാന പരിഗണന നീണ്ടകരയ്ക്ക് കൊടുത്തിരിക്കുകയാണ്. സീസൺ വരുമ്പോൾ ആദ്യം നീണ്ടകര പോർട്ട് 14 ദിവസം ഡ്രഡ്ജ് ചെയ്തു; അത് കഴിഞ്ഞ് 20 ദിവസം. നീണ്ടകരയിൽ ഫിഷിംഗ് ഹാർബറും ഡ്രഡ്ജ് ചെയ്തു. 400 മീററർ നീളത്തിലും 40 മീററർ വീതിയിലും 5 മീററർ ആഴത്തിലും നാലു ബോട്ടുകൾക്ക് സുഖമായി കടന്നുപോകാനുള്ള സൗകര്യം ഇവിടെ ഡ്രഡ്ജ് ചെയ്ത് ഉണ്ടാക്കിയിട്ടുണ്ട്. അത് ഇപ്പോഴുള്ള ഒരു ഫിഷറീസ് ഹാർബറിനും കേരളത്തിലില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ ഇങ്ങനെ ഡ്രഡ്ജ് ചെയ്ത് സൗകര്യമുണ്ടാക്കിയിട്ടും ഡ്രഡ്ജർ പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനെ ബലം പ്രയോഗിച്ച് തടയുകയാണ് ചെയ്തത്. പോർട്ട് ഓഫീസിൻെറ പ്രവർത്തനം തടസ്സപ്പെടുത്തി. പോർട്ട് ഓഫീസറുടെ ഓഫീസ് പോലും കുറെ ഗുണ്ടകൾ കയ്യേറിയിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം. ഇത് ഇക്കൊല്ലം മാത്രമുള്ളതല്ല. അവിടെനിന്നും ഡ്രഡ്ജർ തിരിച്ചു കൊണ്ടുപോകാൻ അവർ അനുവദിക്കാറില്ല. അത്തരം ഒരു സാഹചര്യം നീണ്ടകരയിൽ നിലനിൽക്കുന്നുണ്ട്. ഏതായാലും ശരി ഗവൺമെൻറ് അത് വളരെ കാര്യമായി നോക്കുകയാണ്. ഹൈക്കോടതിയിൽ രണ്ട് പെററിഷൻ ഉണ്ട്. ബോട്ടുടമകളും, നാട്ടുകാരുടെ കമ്മിററിയും ചേർന്ന് ഹൈക്കോടതിയിൽ രണ്ട് പെററീഷൻ കൊടുത്തിട്ടുണ്ട്. ആ പെററീഷൻ ഹൈക്കോടതി തള്ളിക്കളഞ്ഞതാണ്. നീണ്ടകര കഴിഞ്ഞിട്ട് അഴീക്കലും പൊന്നാനിയും ഡ്രഡ്ജിംഗ് നടത്തണം. മുനമ്പത്ത് ഡ്രഡ്ജ് ചെയ്യേണ്ട. നീണ്ടകരയിൽ ഈ സമീപകാലത്തൊന്നും ബോട്ടപകടത്തിൽ ആളുകൾ മരിച്ചിട്ടില്ല. മരിച്ചത് അഴീക്കലും പൊന്നാനിയിലും മുനമ്പത്തുമാണ്. ബോട്ടുപോകാനുള്ള 400 മീററർ നീളവും 40 മീററർ വീതിയും 5 മീററർ ആഴവുമുണ്ട്. മൂന്ന് മീറററേവേണ്ടു ബോട്ട് കടന്നുപോകാൻ. അഴീക്കൽ ഹാർബറിലുള്ളത് ഒരു മീററും, നീണ്ടകരയിലുള്ളത് അഞ്ചുമീററുമാണ്. കേരളത്തിലെ മൽസ്യത്തൊഴിലാളികളോട് സഹാനുഭൂതിയുള്ള ആളുകളോട് ഞാൻ ചോദിക്കട്ടെ, ഇവിടെ നീണ്ടകരയിൽ ഡ്രഡ്ജ് ചെയ്യണം എന്നു പറഞ്ഞൊരു ഡ്രഡ്ജർ അയച്ചു; അത് റിപ്പയർ ആയി. റിപ്പയർ ആയപ്പോൾ അവർ അതും അവിടെ തടഞ്ഞുവച്ചിരിക്കുകയാണ്. ഇങ്ങനെ ഓരോ സ്ഥലത്തും തടഞ്ഞുവച്ചാൽ എന്തുചെയ്യും? ഏതായാലും ഗവൺമെൻറ് അതിനെ സംബന്ധിച്ച് യാതൊരു വാശിയും കാണിക്കുന്നില്ല. എന്തെങ്കിലും തടസ്സമുണ്ടോ എന്ന് തിങ്കളാഴ്ച നോക്കാൻ ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വേറെയെന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ ഗവൺമെൻറ് ചെയ്യുന്നതാണ്.

## (4) ചെറുതുരുത്തി പാലംപണി

ശ്രീ. എം. പി. താമി: സർ, തൃശ്ശൂർ-ഷൊർണൂർ എം. ജി. റോഡിലെ ഒരു പ്രധാന പാലമാണ് ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തിയിൽ നിർമ്മിച്ചിട്ടുള്ളത്. 200 കൊല്ലങ്ങൾക്കുമപ്പുറത്തുള്ള ഈ പാലത്തിൻെറ പല ഭാഗങ്ങളിലായി വിള്ളലുകൾ ഉണ്ടായിരിക്കുന്നു; വാഹനങ്ങൾ പോകാൻ പററാത്ത തരത്തിലായിരിക്കുന്നു. ഈ പാലം പുതുക്കി പണിയുകയാണെങ്കിൽ വേറൊരു ആൾട്ടർനേററീവ് അറേഞ്ചുമെൻറും ചെയ്യാൻ സാധിക്കാത്ത തരത്തിലാണ് പുഴയുടെ ഘടന. ഞാൻ അത് പറയാനുള്ള കാരണം 28-ാം തീയതി



LIBRARY ARCHIVES Kerala Legislative Assembly

ബ്രിഡ്ജസിനെപ്പററിയുള്ള ചോദ്യത്തിന്റെ ഉപചോദ്യമായി ശ്രീ. ടി. വി. ചന്ദ്രമോഹൻ ചോദിച്ചതിന് മറുപടി പറഞ്ഞത്, ഇത് സ്വകാര്യ വ്യക്തിയെ ക്കൊണ്ട് പണിയെടുപ്പിക്കാൻ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണെന്നാണ്. 30 ലക്ഷം ഉറുപ്പിക ഭരണാനുമതി കിട്ടിയിട്ട് ബഡ്ജററിൽ ഉൾപ്പെടുത്തി ക്കിടക്കുന്നു എന്നാണ് പറഞ്ഞത്. ഈ പാലം അപകടത്തിൽപ്പെട്ട് കഴിഞ്ഞിട്ട് പിന്നെ പറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട് അടിയന്തിരമായി ഗവൺമെൻറ് ഈ പ്രവൃത്തി ഏറെറടുത്ത് നടത്താൻ വേണ്ട നടപടി സ്വീകരിക്കണം. അതുകൊണ്ടാണ് 304-ാം വകുപ്പ് പ്രകാരം ഈ സഭയിൽ, ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള കാരണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ പാലത്തിന് ടോപ്പ് പ്രയോററി കൊടുത്ത് അതനുസരിച്ച് റിപ്പയർ ചെയ്യാനുള്ള എ. എസ്സും, ടി. എസ്സും ഒക്കെ ഗവൺമെൻറ് ഉടനെ കൊടുക്കുന്നതാണ്. റിപ്പയറിനെ സംബന്ധിച്ചിട ത്തോളം യാതൊരു താമസവുമില്ലാതെ തന്നെ ഗവൺമെൻറ് നോക്കും. പിന്നെ പുതിയ പാലം പണിയുന്നതിനെക്കുറിച്ചാണ് പറഞ്ഞത്; അല്ലാതെ ഈ പാലത്തിന്റെ റിപ്പയറിനെക്കുറിച്ചല്ല. ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽ പെടുത്തിയതിന് അടിയന്തിര ശ്രദ്ധ നൽകും.

## (5) റോഡുകൾ പി. ഡബ്ല്യു. ഡി. ഏറെറടുക്കണമെന്ന ആവശ്യം

ശ്രീ. എ. സുജനപാൽ: കോഴിക്കോട് നഗരത്തിലെ സുപ്രധാനമായ ആറ് റോഡുകൾ പി. ഡബ്ല്യു. ഡി. ഏറെറടുക്കണമെന്നുള്ള നിർദ്ദേശം കോഴിക്കോട് കോർപ്പറേഷൻ സമർപ്പിച്ചിട്ട് ഏതാണ്ട് രണ്ടു വർഷങ്ങളായി; യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. ഇത് കേവലം കോഴിക്കോട് കോർപ്പറേഷനുമായി ബന്ധപ്പെട്ട റോഡുകൾ മാത്രമല്ല വളരെ പ്രധാനപ്പെട്ട റോഡുകളുമായി ബന്ധപ്പെടുത്തുന്ന റോഡുകളാണ്. ഒന്ന് കണ്ണൂർ റോഡ് വയനാട് റോഡുമായി ബന്ധപ്പെടുത്തി മിനി ബൈപാസിലേക്ക് ബന്ധി പ്പിക്കുന്ന അശോകപുരം ഷൊറൂട്ടി നഗർ വഴിയുള്ള മിനി ബൈപാസ് റോഡാണ്. അതുപോലെ ഗാന്ധിറോഡ്, ബീച്ച്റോഡ്, വയനാട് റോഡുമായി ബന്ധിപ്പിക്കുന്ന മറെറാരു റോഡ്. പാളയം ജംഗ്ഷൻ മുതൽ കല്ലുത്താൻകടവ് വരെ പുതിയ മിനി ബൈപാസുമായി ബന്ധപ്പെടുത്തുന്ന റോഡ്. അതുപോലെ പാവമണിറോഡ്, എസ്. കെ. പൊററക്കാട് റോഡുമായി ബന്ധപ്പെടുത്തുന്ന റോഡ്. അതുപോലെ സി. എച്ച്. ഓവർ ബ്രിഡ്ജ് മുതൽ ബീച്ചുവരെയുള്ള റോഡ്, വെസ്ററ് ഹിൽ റൈസ് മിൽ റോഡ് ഈ റോഡുകൾ ജില്ലാതലത്തിൽതന്നെ വളരെയേറെ പ്രാധാന്യമർഹിക്കുന്ന റോഡുകളാണ്. കോഴിക്കോട് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം കോർപ്പറേഷന്റെ പരിമിതമായ ബഡ്ജററിൽ നിന്നുകൊണ്ട് ഈ റോഡുകളുടെ പണി ഏറെറടുത്ത് വീതികൂട്ടി നല്ല റോഡുകളാക്കി മാററാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് പി. ഡബ്ല്യു. ഡി. ഏറെറടുക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചത്. പക്ഷെ യാതൊരു തീരുമാനവും ഇക്കാര്യത്തിൽ ഗവൺമെൻറ് കൈക്കൊണ്ടിട്ടില്ല. അടിയന്തിരമായി തന്നെ ഈ റോഡുകൾ പി. ഡബ്ല്യു. ഡി. ഏറെറടുക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുക യാണ്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ജില്ലാതലത്തിലുള്ള മറെറാരു റോഡാണ് കടംപാട്ടുകാവ്-കണ്ണാടിക്കൽ റോഡ്. ആ റോഡിന് എ. എസ്. നൽകിയിട്ട് ഏതാണ്ട് ഒരു വർഷമായി. എസ്. എസ്. ഇനിയും നൽകി യിട്ടില്ല. വളരെ ശോചനീയമായി കിടക്കുന്ന ഒരു റോഡാണ് അത്.

LIBRARY ARCHIVES Kerala Legislative Assembly

ആ റോഡിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കാൻ വേണ്ടിയുള്ള എസ്. എസ്. നൽകണമെന്ന് വളരെക്കാലമായി അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് ഈ ആറ് റോഡുകളും ഏറ്റെടുക്കണമെന്നും എ. എസ്. നൽകിയിട്ടുള്ള കണ്ണാടിക്കൽ റോഡിന് എസ്. എസ്. നൽകി അതിന്റെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കോഴിക്കോട് നഗരത്തിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലുമുള്ള പ്രധാനപ്പെട്ട ചില റോഡുകളുടെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഓരോ റോഡും പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുന്നതിനും പ്രവർത്തനം നടത്തുന്നതിനും അതിന്റേതായ നടപടിക്രമങ്ങളുണ്ട്. പക്ഷെ ബഹുമാനപ്പെട്ട മെമ്പർ ഈ റോഡുകളെ സംബന്ധിക്കുന്ന കാര്യങ്ങൾ ഫോളോഅപ്പ് ചെയ്യുന്നതിന്റെ പ്രാധാന്യം ഊന്നിപ്പറയാൻ വേണ്ടിയാണ് ഈ സബ്മിഷൻ കൊണ്ടുവന്നത്. അത് ഉൾക്കൊണ്ടുകൊണ്ടും നഗരത്തിന്റെ വളരെ ശോചനീയമായ അവസ്ഥ പരിഗണിച്ചും ഇവയ്ക്ക് ഏറ്റവും മുൻഗണന നൽകി പ്രശ്നം പരിഹരിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് എടുക്കുന്നതാണ് എന്നുള്ളതിൽ മെമ്പർക്ക് ഉറപ്പ് നൽകുന്നു.

## (6) ഡ്രെയിനേജ് ടാക്സ്

ശ്രീ. ബി. വിജയകുമാർ: സർ, തിരുവനന്തപുരം നഗരത്തിലെ വീടുകൾക്ക് ഡ്രെയിനേജ് നികുതി ഈടാക്കാൻ വർഷങ്ങളായി ഒരു വ്യവസ്ഥയുണ്ടായിരുന്നു. കെട്ടിടനികുതിയോടൊപ്പം അഞ്ചു ശതമാനം ഡ്രെയിനേജ് ടാക്സ് ഈടാക്കിയിരുന്നു. ഈ നികുതി സീവേജ് ടാക്സായി കരുതി, സീവേജ് ഇല്ലാത്ത സ്ഥലങ്ങളിൽ കെട്ടിട ഉടമകളിൽ നിന്നും നികുതി ഈടാക്കിയിരുന്നില്ല. ഇത് വർഷങ്ങളായി നിലവിലുണ്ടായിരുന്ന വ്യവസ്ഥയായിരുന്നു. തിരുവനന്തപുരം നഗരത്തിൽ മൂന്നിലൊന്ന് ഭാഗത്തുമാത്രമേ സീവേജ് സംവിധാനമുള്ളൂ. അതിനാൽ ഭൂരിപക്ഷം ആളുകളും ഈ ടാക്സ് കൊടുക്കേണ്ടിയിരുന്നില്ല. എന്നാൽ 1993-94-ലെ രണ്ടാം അർദ്ധവർഷം മുതൽ യാതൊരു പുതിയ നിയമനിർമ്മാണവും നടത്താതെ, യാതൊരു നിയമമാററവുമില്ലാതെതന്നെ കോർപ്പറേഷൻ പൊടുന്നനെ എല്ലാ സ്ഥലങ്ങളിലുമുള്ള ആളുകൾ ഡ്രെയിനേജ് ടാക്സ് കൊടുക്കണം എന്ന വ്യവസ്ഥ നിശ്ചയിച്ചു. അതിന്റെ ഫലമായി സീവേജില്ലാത്ത സ്ഥലങ്ങളിലുള്ളവരും ഇന്ന് അഞ്ചുശതമാനം ടാക്സ് കൊടുക്കാൻ നിർബന്ധിതരാകുന്നു. ഇപ്പോൾ പറയുന്നത് ഡ്രെയിനേജ് എന്നാൽ സർഫസ് ഡ്രെയിൻ ആണ് എന്നാണ്. ബീമാപള്ളി, പൂന്തുറ, ശംഖുമുഖം, കാലടി തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ന് സർഫസ് ഡ്രെയിൻ ഇല്ല. സർഫസ് ഡ്രെയിൻ പോലും ഇല്ലാത്ത പ്രദേശങ്ങളിൽനിന്ന് ഡ്രെയിനേജ് ടാക്സ് ഈടാക്കാനുള്ള കോർപ്പറേഷന്റെ നീക്കം അവസാനിപ്പിക്കണം. ഇത് സംബന്ധമായി തിരുവനന്തപുരം നഗരത്തിലെ എം. എൽ. എ. മാരുമായി കൂടി ചർച്ച ചെയ്ത് മാത്രമേ അന്തിമമായി തീരുമാനമെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കാവൂ എന്നും ടാക്സ് ഈടാക്കുന്ന ഈ വ്യവസ്ഥ നിറുത്തിവയ്ക്കണമെന്നും ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഡ്രെയിനേജ് ടാക്സ് കളക്ട് ചെയ്യുന്നതിനെ കുറിച്ചുള്ള അനോമലിയെപ്പററി പരാതിയുണ്ടായപ്പോൾ ബഹുമാനപ്പെട്ട



LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികളുടെ പരാതി അനുസരിച്ച് എന്റെ മുൻഗാമി ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്ററർ ശ്രീ. സി. ടി. അഹമ്മദാലി വിളിച്ചുകൂട്ടിയ യോഗത്തിലുണ്ടായ ധാരണയനുസരിച്ച്, അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച്, ഡ്രെയിനേജ് ടാക്സ് അഞ്ചുശതമാനത്തിൽനിന്ന് രണ്ട് ശതമാനമായി കുറവുചെയ്യാൻ 29-3-1995-ൽ കൂടിയ നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ആ വിവരം ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഡ്രെയിനേജ് സൗകര്യമൊന്നുമില്ലാത്ത സ്ഥലങ്ങളിലെ ആളുകളിൽനിന്ന് ടാക്സ് കളക്ട് ചെയ്യുന്നു എന്ന പരാതിയും അതുപോലെതന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അനോമലിയെ സംബന്ധിച്ചും ജനപ്രതിനിധികളുമായി ആലോചിക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് സ്വീകരിക്കുന്നു. അവരുമായി ചർച്ച ചെയ്ത് ഈ കാര്യത്തിൽ ഭാവി നടപടികൾ എടുക്കാം.

## (7) പട്ടാമ്പിയിൽ സബ്-വേ നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, പട്ടാമ്പിയിലെ ജനത്തിരക്കും വാഹനബാഹുല്യവും കണക്കിലെടുത്ത് പട്ടാമ്പിയിൽ ഒരു സബ്വേ നിർമ്മിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. കോഴിക്കോട്-ഷൊർണ്ണൂർ റെയിൽവേ ലൈൻ ഡബിൾ ലൈനായി മാററിയിട്ടുണ്ട്. പട്ടാമ്പി നഗരമദ്ധ്യത്തിൽ കൂടിയാണ് ഈ റെയിൽവേ ലൈൻ കടന്നുപോകുന്നത്. റെയിൽവേ ഓവർബ്രിഡ്ജ് വളരെ ചെറുതായതിനാൽ രണ്ടു ബസ്സുകൾക്ക് ഒരേ സമയം കടന്നുപോകാൻപോലും കഴിയുന്നില്ല. തൻമൂലം ഗതാഗത തടസ്സം നിത്യസംഭവമാണ്. പെരിന്തൽമണ്ണ ഗുരുവായൂർ, പൊന്നാനി, പാലക്കാട്, പള്ളിപ്പുറം തുടങ്ങിയ നിരവധി മേഖലകളിലേക്കുള്ള മുഴുവൻ ബസ്സുകളും കടന്നുപോകുന്ന ഒരു പ്രധാന കേന്ദ്രമാണ് പട്ടാമ്പി. അതുകൊണ്ട് ജനത്തിരക്കും വാഹനബാഹുല്യവും വല്ലാതെ വർദ്ധിച്ചിരിക്കുകയാണ്. ബസ്സുകൾക്ക് ബസ് സ്ററാൻറിൽ വന്ന് തിരിച്ചു പോകാൻ ഒരു സബ്വേ ഇല്ല എന്നതിനാലുള്ള ബുദ്ധിമുട്ടാണ് ജനങ്ങൾ അനുഭവിക്കുന്നത്. അതുമൂലം വളരെ വലിയ ദുരിതമാണ് ജനങ്ങൾ അനുഭവിക്കുന്നത്. അതുകൊണ്ട് അടിയന്തിരപ്രാധാന്യത്തോടുകൂടി സബ്വേയുടെ പ്രവർത്തനം ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ ഉണ്ടാകണം. അതിനാവശ്യമായ നടപടികൾ ഉടനെ ആരംഭിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പട്ടാമ്പിയെ സംബന്ധിച്ചിടത്തോളം അങ്ങ് പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. എന്നാൽ ഒരു സബ്വേയുടെ കാര്യം ഇതുവരെ ആരും പറഞ്ഞിട്ടില്ല. ഇതിനെല്ലാം ഒരു പരിഹാരം സബ്വേയാണെന്ന് ഒരു സാങ്കേതിക വിദഗ്ദ്ധനും ഇതുവരെ പറഞ്ഞിട്ടില്ല. പട്ടാമ്പിയിൽ ഒരു ഭാഗത്ത് പുഴയും മറുഭാഗത്ത് വലിയ കെട്ടിടങ്ങളുമാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പറുടെ ഈ ആവശ്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

## (8) വടക്കാഞ്ചേരി മണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, എന്റെ നിയോജക മണ്ഡലമായ വടക്കാഞ്ചേരിയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കടവല്ലൂരും കാട്ടുകാമ്പാൽ പഞ്ചായത്തിലും ശുദ്ധജല വിതരണ പദ്ധതി ഉണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഒരു കിണറിൽനിന്നാണ് ശുദ്ധജലം വിതരണം നടത്തുന്നത്. മാർച്ച് മാസം ആകുമ്പോഴം ഈ ജലം വററും. ചാലിശ്ശേരി പാവററി പദ്ധതിയിൽപ്പെട്ട പഞ്ചായത്തുകളാണിവ. ഈ പദ്ധതിയുടെ അധീഷണൽ പണിയെല്ലാം കഴിഞ്ഞിട്ടുണ്ട്. കടവല്ലൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെപണിയും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ചാലിശ്ശേരി–പാവററി പദ്ധതിയുമായി കണക്ഷൻ കൊടുത്താൽ ഈ രണ്ടു പഞ്ചായത്തുകളും രക്ഷപ്പെടും. കിടങ്ങോട് സമഗ്ര ശുദ്ധജല വിതരണ പദ്ധതി പ്രാവർത്തികമായാൽ അഞ്ചു പഞ്ചായത്തുകൾക്ക് ശുദ്ധജലവിതരണം ലഭ്യമാകും. 7·5 കോടി രൂപ ചെലവുവരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ പ്രവൃത്തികൾ വളരെ മന്ദഗതിയിലാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. എം. എൽ. എ. സ്കീമിൽപ്പെടുത്തി തെക്കുംകര പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തീകരിച്ചിരിക്കുകയാണ്. ബാക്കികൂടി പൂർത്തീകരിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, മൂന്ന് സ്കീമുകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. പാവററി പദ്ധതിയിൽപ്പെട്ട കുറെ പണികൾ ഇതിനകം തീർന്നിട്ടുണ്ട്. കടവല്ലൂരും കാട്ടുകാമ്പാൽ പഞ്ചായത്തിലും ശുദ്ധജല വിതരണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ബാക്കിയുള്ള പണികൾ ഏറെറടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. 31-3-1998 ഓടുകൂടി മാത്രമേ അതിൻെറ പണികൾ തീർക്കാൻ കഴിയുകയുള്ളൂ. കിടങ്ങോട് സമഗ്ര ശുദ്ധജല വിതരണ പദ്ധതി, 770 ലക്ഷം രൂപ മതിപ്പ് ചെലവുവരുന്ന പദ്ധതിയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 1993 ഏപ്രിലിൽ ആരംഭിച്ചിട്ടുണ്ട്. വരവൂർ, കിടങ്ങോട് പഞ്ചായത്തുകളിലെ ജലസംഭരണികളിലെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുണ്ടത്തിക്കോട്, ഏല്ലൂർ, എരുമപ്പെട്ടി എന്നീ പഞ്ചായത്തുകളിലെ ജലസംഭരണികളിലെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ദേശമംഗലം പഞ്ചായത്തിലെ മാസ്ററർ ടാങ്കിൻെറ നിർമ്മാണം സ്ഥലം ലഭിക്കാത്തതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിനോട് സ്ഥലം ഏറെറടുത്ത് ജല അതോറിററിക്ക് കൈമാറാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉറവിടത്തിലെ പണികളും നടന്നുകൊണ്ടിരിക്കുകയാണ്. 260 കിലോമീററർ പൈപ്പ്‌ലൈനാണ് ഈ പദ്ധതിക്ക് ആവശ്യമായിട്ടുള്ളത്, ഈ പൈപ്പുകൾ ലഭ്യമാക്കി 12/97-ൽ ഈ പദ്ധതിയുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എം. എൽ. എ. സ്കീമിൽ പെടുന്ന പദ്ധതിയെക്കുറിച്ച് പറഞ്ഞു. അതിന് തെക്കുംകര പഞ്ചായത്താണ് നിർദ്ദേശിച്ചിരിക്കുന്നത്. 325 ലക്ഷം രൂപയുടെ ഡീറെറയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. അതിനുള്ള അനുമതി താമസിയാതെത്തന്നെ നൽകുന്നതാണ്.

## (9) മഞ്ചേരി–ചീക്കോട് വാട്ടർ സപ്ലൈ സ്കീമുകളുടെ നിർമ്മാണം പൂർത്തിയാക്കൽ

**ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, എൻെറ നിയോജക മണ്ഡലത്തിലെ മഞ്ചേരി അർബൻ വാട്ടർ സപ്ലൈ സ്കീമിൻെറയും, ഡെൻമാർക്ക് സഹായത്തോടുകൂടി ആരംഭിച്ച ചീക്കോട് വാട്ടർ സപ്ലൈ സ്കീമിൻെറയും**

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം വളരെ മന്ദഗതിയിലാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽ മൂന്നു പ്രാവശ്യം മറുപടി നൽകിയതാണ്, 1994-ൽ മഞ്ചേരി അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്യുമെന്ന്. കഴിഞ്ഞ വർഷം ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, 1995 മാർച്ചിൽ ഇതിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്യുമെന്നാണ്. ഇപ്പോൾ 1995 മാർച്ച് അവസാനിക്കാൻ പോകുന്നു. 13 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പദ്ധതിയാണ്. 1983-ൽ കേരളത്തിന്റെ ഉപമുഖ്യമന്ത്രിയായിരുന്ന സി. എച്ച്. മുഹമ്മദ് കോയ തുടക്കം കുറിച്ച പദ്ധതിയാണ് അത്. ഇന്നും അതിന്റെ പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല. ഇതുമൂലം വളരെ ദയനീയമായ സ്ഥിതിയാണ് മഞ്ചേരി മുനിസിപ്പാലിററിയിലുള്ളത്. ഏഴെട്ട് കുഴൽ കിണറുകളിൽനിന്നുള്ള വെള്ളമാണ് അവിടെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. കുഴൽക്കിണറുകളിലെ വെള്ളം വററിയതുമൂലം ആ സ്കീമും നിശ്ചലമായിരിക്കുകയാണ്. ഇനിയെങ്കിലും മറുപടിയിൽ ഉദ്ഘാടനം ചെയ്യും, പണി പൂർത്തിയാക്കും എന്നു പറയാതെ അവിടെ വെള്ളം കൊടുക്കാനുള്ള ഒരു നടപടി ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. ഡെൻമാർക്ക് ഗവൺമെൻറിന്റെ സഹായത്തോടുകൂടിയുള്ള ചീക്കോട് വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം മറെറാരു ഏജൻസിയെ ഏൽപ്പിച്ചുകൊണ്ടെങ്കിലും പൂർത്തിയാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി രണ്ട് റിവ്യൂ മീററിംഗിലും പറഞ്ഞതാണ്. എന്നാൽ ഈ രണ്ട് സ്കീമുകളുടെ കാര്യത്തിലും അദ്ദേഹം ഒന്നും ചെയ്തിട്ടില്ല. എന്നും ടി. വി. യിലും പത്രത്തിലും അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളും പ്രസംഗങ്ങളും വരുന്നുണ്ട്. ജലവിതരണം സംബന്ധിച്ചിടത്തോളം മഞ്ചേരി മുനിസിപ്പാലിററിയുടേയും മററ് പഞ്ചായത്തുകളുടേയും സ്ഥിതി വളരെ ശോചനീയമാണ്. ഇതിനൊരു അടിയന്തിര പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ശ്രീ. ഇസ്ഹാക്ക് കുരിക്കൾ പറഞ്ഞത് പൂർണ്ണമായിട്ടും ശരിയല്ല. മഞ്ചേരി വാട്ടർ സപ്ലൈ സ്കീം 453 ലക്ഷം രൂപ മതിപ്പ് ചെലവോടുകൂടി പ്രവർത്തനം ആരംഭിച്ചതാണ്. ഇതുവരെ 677 ലക്ഷം രൂപ വരെ ചെലവായിട്ടുണ്ട്. ഇതിന്റെ ഏകദേശം 87 ശതമാനം പണിയും പൂർത്തിയായിട്ടുണ്ട്. അതിന് പല പ്രശ്നങ്ങൾ ഉണ്ടായി. ഞാൻ ഇവിടെ നിയമസഭയിൽ കൊടുത്ത ഉറപ്പിനെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചത്. തീയതി കൃത്യമായി ഓർമ്മയില്ല; അതിനകത്ത് രണ്ടുമൂന്നു പ്രശ്നങ്ങൾ ഉണ്ട്. അതിൽ ഒന്ന് സ്ഥലം കിട്ടുന്നതിനുള്ള താമസം ഉണ്ടായതാണ്. ഈ സ്കീമുകൾക്കെല്ലാംതന്നെ ടാങ്കുകളും ട്രീററ്മെൻറ് പ്ലാൻറുകളും പണിയുന്നതിനുള്ള സ്ഥലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്നാണ് വ്യവസ്ഥ. അത് നൽകാനുണ്ടായ കാലതാമസം ഈ പദ്ധതിയെ ബാധിച്ചിട്ടുണ്ടെന്ന് ശ്രീ. ഇസ്ഹാക്ക് കുരിക്കൾക്കറിയാം. രണ്ട്, ഇതിന് വാർഷിക പദ്ധതിയിൽ നൽകുന്ന വിഹിതത്തിൽ കൂടുതലായിട്ട് ചെലവഴിക്കാൻ സാധിക്കാതെ വന്നു. ലോകബാങ്കിൽനിന്ന് സഹായം ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ കുറെക്കാലം നീണ്ടുപോയി. എന്തായാലും ഇതിന്റെ പണികൾ ശ്രീ. കുരിക്കളുടെ ഇപ്രാവശ്യത്തെ എം. എൽ. എ. സ്ഥാനം തീരുന്നതിന് മുമ്പു തന്നെ പൂർത്തിയാക്കിത്തരാം. ഇവിടെ തന്നിരിക്കുന്ന റിപ്പോർട്ട് അനുസരിച്ച് 1995 ഡിസംബർ അവസാനത്തോടെ അത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് തോന്നുന്നത്. മറെറാന്ന് ചീക്കോട് വാട്ടർ സപ്ലൈ

LIBRARY ARCHIVES Kerala Legislative Assembly

സ്കീമിനെ സംബന്ധിച്ചാണ്. ഡാനിഡ സഹായത്തോടുകൂടിയാണ് അതിന്റെ പണികൾ നടന്നുവരുന്നത്. 1995 ജൂൺ മാസത്തിൽ അത് പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതാണ്.

## (10) വർക്കല മുനിസിപ്പൽ പ്രദേശത്തുള്ള കുടിവെള്ളക്ഷാമം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് വർക്കല. അവിടെ കുടിവെള്ളം കിട്ടാതെയായിട്ട് മാസങ്ങളായി. ശ്രീ. മാണിയുംകൂടി കേൾക്കാനാണ് പറയുന്നത്. കുടിവെള്ളക്ഷാമം അത്രമാത്രം രൂക്ഷമാണ്. ഇന്ന് വർക്കല നിവാസികളെല്ലാംകൂടി വാട്ടർ അതോറിററി ഓഫീസിന്റെ മുമ്പിൽ ധർണ്ണയിരിക്കുകയാണ്. നിയമസഭാ സമ്മേളനമായതുകൊണ്ട് പ്രത്യേക സാഹചര്യത്തിൽ എനിക്ക് ആ സമരത്തിന് പോകാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ: ചുമതലകളൊക്കെ അങ്ങയെ ഏൽപ്പിച്ചു കാണുമല്ലോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. പല പദ്ധതികളുണ്ട്. അർബൻ വാട്ടർ സപ്ലൈ സ്കീം കൂടാതെ എൽ. ഐ. സി. ലോണിന്റെ സഹായത്തോടുകൂടി ഒരു പദ്ധതി അംഗീകരിച്ച് അതിന് ടെൻഡർ ആയിട്ടുണ്ട്. അതുപോലെതന്നെ എം.എൽ.എ. സ്കീമിൽപെടുത്തിയിട്ടുള്ള ഒരു പദ്ധതി. റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ സാങ്ഷൻ കിട്ടിയിട്ടുണ്ട് എന്നാണ് ശ്രീ. ടി. എം. ജേക്കബിൽനിന്ന് ഞാൻ മനസ്സിലാക്കിയത്. ഇതെല്ലാമുണ്ടെങ്കിലും ഇപ്പോൾ കുടിക്കാൻ വെള്ളമില്ലാത്ത സ്ഥിതിയാണ് അവിടെയുള്ളത്. ഈ പദ്ധതികൾ പൂർത്തിയാക്കാൻ ഇനിയും വളരെ സമയമെടുക്കും. ഇപ്പോഴുള്ള വെള്ളംതന്നെ സംഭരിച്ച് കൊടുക്കാൻ കഴിയുന്നില്ല. അതിനുള്ള ഒരു കാരണം പമ്പുകളെല്ലാം ഡിഫെക്ടീവ് ആയതാണ്. പമ്പിംഗ് നടക്കുന്നില്ല. അടുത്തുള്ള പഞ്ചായത്തുകളിലും സോഴ്സ് ഉണ്ടെങ്കിലും പമ്പിംഗ് നടക്കുന്നില്ല. ശ്രദ്ധക്കുറവുകൊണ്ട് ഉള്ള വെള്ളംതന്നെ ജനങ്ങൾക്ക് കിട്ടത്തക്ക നിലയിലുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയുന്നില്ല. മററ് സ്കീമുകളെല്ലാം പൂർത്തിയാക്കാൻ വർഷങ്ങൾ പിടിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ഒരു ആഫീസ്തന്നെ തുറന്ന്, ടൂറിസ്ററ് പരിഗണന വച്ചുകൊണ്ട്. പ്രത്യേക താൽപ്പര്യം കൊടുത്തുകൊണ്ടുതന്നെ, ആ പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായ നടപടികൾ എടുക്കണം. അതിൽ ഒരു സ്കീമിൽ വർക്ക് നിന്നിരിക്കുകയാണ്. കാരണം ടെൻഡററുകാരൻ ഇപ്പോൾ വർക്ക് ചെയ്യുന്നില്ല. അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനവും വിഘാതപ്പെട്ടിരിക്കുകയാണ്. ഇതെല്ലാം കാര്യക്ഷമമാക്കാൻ അഡ്മിനിസ്ട്രേററീവ് നടപടികൾ എടുക്കണം. പ്രവർത്തിക്കാത്ത പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കണം. ഇത്രയും ചെയ്യണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇപ്പോൾ വർക്കല മുനിസിപ്പാലിററിയിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ് വെള്ളം നൽകുന്നത്. അവിടെ ആവശ്യമുള്ളതിന്റെ 1/3 ഭാഗം വെള്ളം പോലും ആ സ്കീമിൽനിന്ന് സപ്ലൈ ചെയ്യാൻ കഴിയുകയില്ല. അതാണ് അതിന്റെ യഥാർത്ഥ സ്ഥിതി. ആവശ്യമുള്ളതിന്റെ 1/3 ഭാഗം

എന്നു പറയുമ്പോൾ, സ്വാഭാവികമായിട്ടും പരാതികൾ വേനൽക്കാലത്തുണ്ടാകുക ഒരു യാഥാർത്ഥ്യമാണ്. അത് പരിഹരിക്കുന്നതിനുവേണ്ടിയിട്ടാണ് എട്ടുകാൽ കോടി രൂപയുടെ ഒരു ബൃഹത്തായ വാട്ടർ സപ്ലൈ സ്കീമിന് സാങ്ഷൻ കൊടുത്തത്. അതിന്റെ പണികൾ വളരെ വേഗം നടക്കുന്നുണ്ട്. പക്ഷെ, ബഹുമാനപ്പെട്ട ശ്രീ. വർക്കല രാധാകൃഷ്ണനുതന്നെ ഒരു കാര്യമറിയാം. അവിടെ ഇതിനാവശ്യമുള്ള സ്ഥലം ലഭിക്കാൻ കുറേ കാലതാമസമുണ്ടായി. ഏകദേശം 8 മാസക്കാലത്തോളം എടുത്തു. അങ്ങ് കൂടി ഇടപെട്ടാണ് അത് പരിഹരിച്ചത്. ആ സ്ഥലം കിട്ടി. സ്ഥലം കിട്ടിയതിനുശേഷമാണ് അതിന്റെ പണി തുടങ്ങിയത്. ഷെഡ്യൂൾ ചെയ്തിരിക്കുന്ന പ്രകാരംതന്നെ ആ പണികൾ പൂർത്തിയാക്കാൻ കഴിയും. മറ്റൊരു കാര്യം ഇവിടെ സൂചിപ്പിച്ചത് കരാറുകാരന്റെ പ്രശ്നം തത്സംബന്ധിച്ചാണ്. ഇപ്പോൾ ഞങ്ങൾക്ക് വക്കീൽനോട്ടീസ് അയച്ചിരിക്കുകയാണ്. അതിന്റെ ഡിസൈനിൽ സ്വല്പം വ്യത്യാസം വന്നു. ആദ്യം ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിക്കൊടുത്ത ഡിസൈന് ശേഷം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ സോയിൽ ടെസ്റ്റിംഗ് നടത്തിയപ്പോൾ അതിന്റെ ഫൗണ്ടേഷനെ സംബന്ധിച്ച് ചില മാറ്റങ്ങൾ പറഞ്ഞു. നിർദ്ദേശം കൊടുത്തപ്പോൾ കരാറുകാരൻ വക്കീൽ നോട്ടീസ് അയച്ചിരിക്കുകയാണ്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുവരെ ഇത് തടസ്സപ്പെടാതിരിക്കാൻ ശ്രദ്ധിക്കാം. പിന്നെ അദ്ദേഹം പറഞ്ഞ ഒരു സംഗതി പമ്പ് സെററിനെ സംബന്ധിച്ചാണ്. അതിനെക്കുറിച്ച് അന്വേഷിച്ച് അതിനുവേണ്ട നടപടികളെടുക്കാം.

## (11) താലൂക്ക് വിഭജനം

ശ്രീ. കെ. പ്രകാശ് ബാബു: സർ, ഈ വർഷം താലൂക്ക് റീഓർഗനൈസേഷൻ ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ആ സന്ദർഭത്തിൽ കൊല്ലം ജില്ലയിലെ ഏററവും വലിയ താലൂക്കായ പത്തനാപുരം താലൂക്കിനെ വിഭജിച്ച് പുനലൂർ താലൂക്ക് രൂപീകരിക്കണമെന്നും നിലവിലുള്ള താലൂക്കിന്റെ ആസ്ഥാനം പത്തനാപുരത്തേക്ക് മാററണമെന്നും ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇക്കാര്യമാകെ പരിഹരിക്കാം. ഈ ബഡ്ജററിൽതന്നെ താലൂക്ക് പുനഃസംഘടന ഉണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ആ സന്ദർഭത്തിൽ ഇക്കാര്യംകൂടി പരിഗണിച്ചിട്ട് ഉത്തമ താൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് ആവശ്യവും യുക്തവുമായ തീരുമാനമെടുക്കാം.

## (12) ആസ്പിരിൻ പ്ലാന്റ്

ശ്രീ. എം. വിജയകുമാർ: സർ, തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം മേനംകുളത്ത് 18 കോടി രൂപ മുതൽ മുടക്കി സ്വകാര്യമേഖലയിൽ മരുന്നുല്പാദിപ്പിക്കുന്നതിന് 1989-ൽ പ്രവർത്തനം ആരംഭിച്ചതാണ് ആസ്പിരിൻ പ്ലാന്റ്. കഴിഞ്ഞ 12 മാസക്കാലമായി അത് പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഇത്ര ഗൗരവമുള്ള പ്രശ്നം വച്ചുകൊണ്ട് അവിടെയുള്ള മുഴുവൻ തൊഴിലാളികളും എല്ലാ സംഘടനകളുടേയും നേതൃത്വത്തിൽ കഴിഞ്ഞ 58 ദിവസക്കാലമായിട്ട് സെക്രട്ടറിയേററ് പടിക്കൽ അനിശ്ചിതകാല നിരാഹാര സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് കാണിച്ചുകൊണ്ട് ജില്ലയിലെ എം.എൽ.എ.മാർ—എം. വിജയകുമാർ, എം. എം. ഹസ്സൻ, വർക്കല

രാധാകൃഷ്ണൻ, എൻ. രാജൻ, ജി. കാർത്തികേയൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, തമ്പാനൂർ രവി, വി. ജെ. തങ്കപ്പൻ, പാലോട് രവി, ജോർജ് മസ്ക്രീൻ, ബി. വിജയകുമാർ തുടങ്ങി എല്ലാ എം. എൽ. എ. മാരും ഒപ്പിട്ട ഒരു സംയുക്ത നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വ്യവസായ മന്ത്രിക്കും നൽകിയിട്ടുണ്ട്. അവിടത്തെ പുതിയതായി നിയമിതനായ എം. ഡി., ഐ. എസ്. ആർ. ഒ. യിലെ ചില വിദഗ്ദ്ധൻമാരുടെ സഹകരണത്തോടുകൂടി അത് പുനരുദ്ധരിക്കുന്നതിനുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കി ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുത്തിട്ടുണ്ട്. നിരവധി തവണ ചർച്ച നടത്തിയതാണ്. അടിയന്തിരമായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഇത് തുറക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കാനുള്ള ലക്ഷ്യം വച്ച് സ്ഥാപിതമായിട്ടുള്ള ഈ പ്ലാന്റ് അടിയന്തിരമായി തുറന്നു പ്രവർത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വിജയകുമാർ പറഞ്ഞതുകേട്ട് 81 ലക്ഷം രൂപ കൊടുത്തിട്ട് എന്റെ കൈ പൊള്ളി. അതു പോയി. അതു കഴിഞ്ഞ് ഇപ്പോൾ സമരവും സബ്മിഷനുമായിട്ട് വന്നിരിക്കുകയാണ്. എന്തായാലും പുതിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദ്ധൻമാരെയെല്ലാം വിളിച്ചുകൂട്ടി ആസ്പിരിൻ പ്ലാന്റ് വീണ്ടും റിവൈവ് ചെയ്യാൻ ശ്രമിക്കാം.

## V. റിപ്പോർട്ട് സമർപ്പണം

### അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 32-ാമത് റിപ്പോർട്ട്

ശ്രീ. എം. സി. ചെറിയാൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 32-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## VI. ക്രമപ്രശ്നം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇന്നലെ അംഗങ്ങൾക്കു വിതരണം ചെയ്ത ബുള്ളറ്റിൻ നമ്പർ 514 അനുസരിച്ച് 4 ഓർഡിനൻസുകളാണ് റീപ്ലേസ് ചെയ്യാൻ ലിസ്റ്റ് തന്നിട്ടുള്ളത്. അതിൽ ഒന്ന് കേരളാ കണ്ടിജൻസി ഫണ്ട് ഓർഡിനൻസ് ആണ്. അതൊരുപക്ഷേ വേണ്ടെന്നു വയ്ക്കാം. എന്നാൽ മറ്റ് രണ്ട് ഓർഡിനൻസുകൾ വേണ്ടെന്നു വയ്ക്കാൻ പാറുകയില്ല. 1. കേരളാ പഞ്ചായത്ത് രാജ് ഓർഡിനൻസ് നമ്പർ 4/95, 2. കേരളാ മുനിസിപ്പാലിറ്റി അമെൻറ് മെൻഡ് ഓർഡിനൻസ് നമ്പർ 5/95. നാലാമത്തേത് ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് എൻഡോവ്മെന്റ് ഓർഡിനൻസ് നമ്പർ 6/95. പഞ്ചായത്ത് രാജ് ഓർഡിനൻസ് നമ്പർ 4, മുനിസിപ്പാലിറ്റീസ് ഓർഡിനൻസ് നമ്പർ 5 എന്നിവ നേരത്തെ നമ്പർ ഒന്നായും നമ്പർ രണ്ടായും പുറപ്പെടുവിച്ചിരുന്നതാണ്. ഈ രണ്ട് ഓർഡിനൻസുകളും നേരത്തെ ഈ സഭയിൽ വെച്ചതാണ്. സഭയിൽ വെച്ചിരുന്നു എന്നുമാത്രമല്ല, ഓർഡിനൻസിൽ തന്നെ പറയുന്നുണ്ട്, 1995 ജനുവരി 25-ാം തീയതി ആരംഭിച്ച് ഫെബ്രുവരി

14-ാംതീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളന കാലത്ത് സഭയിൽ വെച്ചുവെങ്കിലും അത് പാസ്സാക്കാൻ കഴിഞ്ഞില്ല എന്ന്. ഏഴരാണ്ടശനി പിടിച്ച ഗവൺമെൻറായതുകൊണ്ടായിരിക്കാം, ഏതായാലും അത് റീപ്ലേസ് ചെയ്യാനുള്ള യാതൊരു ശ്രമവും ആ സമ്മേളനത്തിൽ നടന്നിട്ടില്ല. നടത്താത്തതിന് ഞങ്ങൾ ഉത്തരവാദികളല്ല. ആർട്ടിക്കിൾ 213 അനുസരിച്ച് ഗവൺമെൻറിന് ഓർഡിനൻസ് പുറപ്പെടുവിക്കാം. ആ അധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇതൊരു അത്യാവശ്യ കാര്യമാണ്. കാരണം പഞ്ചായത്ത് ആക്ടും മുനിസിപ്പൽ ആക്ടും ഈ നിയമസഭ പാസ്സാക്കിയതാണ്. അതനുസരിച്ച്

11 a. m.] തിരഞ്ഞെടുപ്പ് നടത്താമെന്ന് നിങ്ങൾ പറഞ്ഞതുമാണ്. ആ തിരഞ്ഞെടുപ്പ് നിങ്ങൾ അനിശ്ചിതമായിട്ട് നീട്ടിക്കൊണ്ടുപോയി. അതുകൊണ്ട് അഡ്മിനിസ്ട്രേററീവ് കമ്മിററികളുടെ കാലാവധി നീട്ടാനാണ് നിങ്ങൾ രണ്ട് ഓർഡിനൻസുകൾ പുറപ്പെടുവിച്ചത്. അതും നിയമസഭയില്ലാത്ത അവസരത്തിൽ. ആ ഓർഡിനൻസുകൾ പ്രകാരം ഈ അഡ്മിനിസ്ട്രേററീവ് കമ്മിററികളുടെ കാലാവധി ഇങ്ങനെ അനിശ്ചിതമായിട്ട് നീട്ടിക്കൊണ്ടുപോകാൻ ഭരണഘടനാ വ്യവസ്ഥയില്ല, നിയമത്തിലും വ്യവസ്ഥയില്ല. ഇക്കാര്യത്തിലുള്ള അഭിപ്രായം അങ്ങ് പറയേണ്ട. അത് കോടതി പറയട്ടെ. ഞാൻ അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം ആരായുന്നില്ല. അത് വേറൊരു കാര്യമാണ്. നിയമപരമായ സാധുതയെ കുറിച്ച് സഭയല്ല തീരുമാനിക്കേണ്ടത്, കോടതിയാണ്. ഭരണകാലാവധി ഇങ്ങനെ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാൻ വാസ്തവത്തിൽ ആ നിയമം മുഴുവൻ ഞാൻ വായിച്ചിട്ടും ഒരിടത്തും ഒരു വ്യവസ്ഥയും കാണുന്നില്ല. എന്നാലും ഒരു ഇൻറർപ്രട്ടേഷൻ കൊടുത്തിട്ടാണ് ഗവൺമെൻറ് കാലാകാലങ്ങളിൽ തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കാതെ, അഡ്മിനിസ്ട്രേററീവ് കമ്മിററികളുടെ കാലാവധി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത്.

മി. സ്പീക്കർ: അങ്ങയുടെ പോയിൻറ് എന്താണ്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ആ പോയിൻറല്ല പറയുന്നത്. ഇപ്പോൾ ഓർഡിനൻസ് വീണ്ടും റീ ഇഷ്യു ചെയ്തിരിക്കുകയാണ്. ഓർഡിനൻസിൽ തന്നെ പറയുന്നുണ്ട്, അതുകൊണ്ട് അതിൽ മാററമൊന്നുമില്ല, അത് അവർ തന്നെ സമ്മതിക്കുന്നുണ്ട്. നാലാമത്തെ ഓർഡിനൻസിലും 5-ാമത്തെ ഓർഡിനൻസിലും പറയുന്നത്, ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താൻ വേണ്ടിയാണ് നാലും അഞ്ചും ഓർഡിനൻസുകൾ പുറപ്പെടുവിച്ചത് എന്നാണ്. So it is admittedly reissuance of Ordinance. ഒന്നും രണ്ടും നാലും അഞ്ചും ഓർഡിനൻസുകളായിട്ട് റീ ഇഷ്യു ചെയ്തിരിക്കുന്നു. ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്, സുപ്രീം കോടതിയുടെ എ. ഐ. ആർ. (19) 579 അനുസരിച്ച് വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട് ഓർഡിനൻസ് റീ ഇഷ്യു ചെയ്യാൻ പാടില്ല എന്ന്. ബഹുമാനപ്പെട്ട വി. എം. സുധീരൻെറ കാലത്ത് അദ്ദേഹം ഈ നിയമസഭയെ റബ്ബർ സ്ററാമ്പാക്കരുതെന്ന് റൂളിംഗ് നൽകിയതാണ്. അതിനെത്തുടർന്ന് ഈ പ്രശ്നം സുപ്രീം കോടതിയുടെ പരിഗണനയിൽ വന്നു. ബീഹാറിൽ ഇങ്ങനെ റീ ഇഷ്യു ചെയ്യുന്നത് സാധാരണ സംഭവമായി, റീപ്രൊമൽഗേഷൻ ഒരു സാധാരണ സംഭവമായി വന്നപ്പോൾ സുപ്രീംകോടതിയിൽ പരിഗണനയ്ക്ക് വന്നു. അടിയന്തിരമായ പരിതസ്ഥിതിയിൽ മാത്രമേ ഓർഡിനൻസ് പുറപ്പെടുവിക്കാവൂ എന്നാണ്, ഒരു കാരണവശാലും റീ ഇഷ്യു ചെയ്യരുത് എന്നുണ്ട്. വാസ്തവത്തിൽ ഇത് റീ ഇഷ്യു ചെയ്തിരിക്കുകയാണ്.

ഞാൻ ഇത് സൂചിപ്പിക്കാനുള്ള കാരണം, 31-ാം തീയതി ഈ സഭ തീരുകയാണ്. ഇനി മൂന്നാമത് എന്തെങ്കിലും ചെയ്യണമെങ്കിൽ 28 ദിവസം വരെ സഭ പ്രൊറോഗ് ചെയ്യാതെ നീട്ടിക്കൊണ്ടുപോകേണ്ടിവരും. പ്രൊറോഗ് ചെയ്യുന്നില്ലെങ്കിൽ നിങ്ങാം വരുന്ന മാസം 20-ാം തീയതി അല്ലെങ്കിൽ 28 ദിവസത്തിനുള്ളിൽ വീണ്ടും സഭ കൂടണം. ഞാൻ കേട്ടത് അങ്ങ് തുടരുമോയെന്നറിയില്ല എന്നാണ്. അതിനുമുമ്പ് അങ്ങ് ഒരു തീരുമാനം എടുത്തിട്ടുവേണം പോകാൻ. അന്ന് വീണ്ടും ഓർഡിനൻസ് റീ ഇഷ്യൂ ചെയ്ത് വീണ്ടും പരിഗണനയ്ക്ക് വരും. അഥവാ അത്യാവശ്യം വരികയാണെങ്കിൽ ഓർഡിനൻസ് വീണ്ടും ഇറക്കേണ്ടിവരും, റീ ഇഷ്യൂ ചെയ്യേണ്ടിവരും.

മി. സ്പീക്കർ: അതൊന്നും പറഞ്ഞുകൊടുക്കരുത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അപ്പോൾ ബഹുമാനപ്പെട്ട ആൻറണിക്ക് മൂന്നാമതും ഓർഡിനൻസ് റീ ഇഷ്യൂ ചെയ്യേണ്ടിവരും. വാസ്തവത്തിൽ നിയമസഭയെ ഒരു റബ്ബർ സ്റ്റാമ്പാക്കുന്ന ആ പാപകൃത്യത്തിൽ ശ്രീ. ആൻറണി പങ്കാളിയാകരുത്. ഇന്നലെ ബീഹാറിലെ സംഭവത്തെ സംബന്ധിച്ച്; വോട്ട് ഓൺ അക്കൗണ്ടിൻമേൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ബാർ ഇൻലാ ആണെന്ന് കേന്ദ്രഗവൺമെൻറ് പറഞ്ഞു. ശ്രീ. ചവാൻെറ പ്രസ്താവന പാർലമെൻറിൽ വന്നപ്പോൾ ബീഹാർ ഗവർണ്ണർ അത് ഡെഫർ ചെയ്തു. ശ്രീ. ലാലുപ്രസാദ് യാദവ് കെയർ ടേക്കർ ഗവൺമെൻറിന് വോട്ട് ഓൺ അക്കൗണ്ടിൻെറ ഓർഡിനൻസ് പുറപ്പെടുവിക്കാമോയെന്ന് ലീഗൽ ഒപ്പീനിയൻ ചോദിച്ചപ്പോൾ കേന്ദ്ര ഗവൺമെൻറ് കൊടുത്ത ഒപ്പീനിയൻ ബാർ ഇൻ ലാ ആണ് എന്നാണ്. ലോകസഭയുടെ മേശപ്പുറത്ത് വെച്ചതാണ്. അപ്പോൾ ഇത് ബാർ ഇൻ ലാ അല്ലേ? നിങ്ങാം റീ ഇഷ്യൂ ചെയ്ത് സുപ്രീം കോടതിയുടെ തീരുമാനത്തിന് വിരുദ്ധമായിട്ടാണ്, ബാർ-ഇൻ-ലാ ആണ്. എൻെറ ഓർമ്മ ശരിയാണെങ്കിൽ, 8-ാം കേരള നിയമസഭയിൽ റീ ഇഷ്യൂ ചെയ്ത് ഒരു ഓർഡിനൻസ് വന്നിട്ടില്ല. ഇന്ന് അങ്ങ് അദ്ധ്യക്ഷനായിരിക്കുന്ന 9-ാം കേരള നിയമസഭയിലും ഇന്നുവരെ, റീ ഇഷ്യൂ ചെയ്ത് ഓർഡിനൻസ് വന്നിട്ടില്ല. വളരെക്കാലമായിട്ട് ഡിസ്കാർജ് ചെയ്ത ഒരു നടപടിക്രമം പുനരുദ്ധരിക്കുന്ന ഒരു തീരുമാനമാണ് ഇത്. ഇത് നിയമവിരുദ്ധമാണ്. ഇക്കാര്യത്തിൽ വളരെ വ്യക്തമായിട്ട് ഒരു തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. അല്ലെങ്കിൽ ഭാവിയിൽ അങ്ങ് പോയാലും ഓർഡിനൻസ് റീ ഇഷ്യൂ ചെയ്യുന്ന സമ്പ്രദായം തുടരും. പ്രത്യേകിച്ച് ഇത് പഞ്ചായത്ത് രാജ് ആക്ടാണ്. സാധാരണ ഒരു നിയമമാണെങ്കിൽ വേണ്ടുകില്ല. നിങ്ങൾക്ക് തിരഞ്ഞെടുപ്പ് നടത്താൻ കഴിയില്ലെങ്കിൽ നിങ്ങാം വേറെ ജോലിക്ക് പോകണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ വളരെ അൺടൈമിലിയായിട്ട്, ഹൈപ്പോത്തെററിക്കലായിട്ട് ഉള്ള ഒരു കാര്യമാണ് പറഞ്ഞത്. ഇപ്പോൾ സഭ മുമ്പാകെ ഈ പ്രശ്നം വന്നിട്ടില്ല. ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ നിയമസഭ കൂടി കഴിഞ്ഞ് ആറാഴ്ചത്തേയ്ക്ക് കാലാവധിയുണ്ട്. ആറാഴ്ച ആയിട്ടില്ല. ഇനിയും ദിവസങ്ങളുണ്ട്. ഇപ്പോൾ ഹൈപ്പോത്തെററിക്കലായിട്ട് എന്തു സംഭവിക്കും; നാളെ സഭ പ്രൊറോഗ് ചെയ്യുമെങ്കിൽ അതിപ്പോൾ പറയാൻ സാധിക്കുമോ, നാളെ അഡ്ജോൺ ചെയ്യുകയാണോയെന്ന് ഇപ്പോൾ പറയാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊറോഗ് ചെയ്താൽ എന്താണ്, അഡ്ജോൺ ചെയ്താലെന്താണ് എന്നുള്ളതിനൊക്കെ വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകളനുസരിച്ച് മുന്നോട്ട് പോകും. അതിനുമുമ്പ് പറയുന്നത് തോക്കിനകത്തു കയറി വെടി വെയ്ക്കുന്നതുപോലെയാണ്. ഹെപ്പോത്തറ്റിക്കലായിട്ടുള്ള ഒരു കാര്യം ഇപ്പോഴും സഭയുടെ മുമ്പിലില്ല. ആറാഴ്ച സമയം കഴിഞ്ഞിട്ടില്ല. രണ്ടാമത്തേത്, ഓർഡിനൻസ് റീഇഷ്യു ചെയ്യുന്നത് സംബന്ധിച്ചിടത്തോളം, that cannot be questioned in the Assembly. അത് കോടതി പറയേണ്ട കാര്യമാണ്; ഗവർണ്ണർ ഓർഡിനൻസ് പുറപ്പെടുവിച്ചാൽ. സുപ്രീം കോടതിയുടെ ഡിസിഷനിൽ പറയുന്നത് ഞങ്ങളും വായിച്ചിട്ടുണ്ട്. ആ ഡിസിഷനിൽ പറയുന്നത്, ഓർഡിനൻസ് അതേപടി റീ ഇഷ്യു ചെയ്യരുത് എന്നാണ്. രണ്ടാമത്, റീ ഇഷ്യു ചെയ്ത ഓർഡിനൻസിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അത് നിയമസഭയിലല്ല ക്വസ്റ്റ്യൻ ചെയ്യേണ്ടത്, കോടതിയിലാണ്. അതുകൊണ്ട് ഈ ഓർഡിനൻസ് ഇവിടെ ക്വസ്റ്റ്യൻ ചെയ്യത്തക്കതല്ല; അത് കോടതിയിലാണ്, അതിന് ആറാഴ്ചത്തെ സമയമുണ്ട്. അതുകൊണ്ട് ഇപ്പോഴേ ഇതു സംബന്ധിച്ച് അദ്ദേഹം ഈ ചർച്ച ഇവിടെ തുടങ്ങിവെച്ചതും അങ്ങ് അതിൻമേൽ റൂളിംഗ് കൊടുക്കുന്നതും ഒരു ടമിലി ആണെന്ന് എനിക്ക് തോന്നുന്നില്ല. ഇതിനെക്കുറിച്ച് ഒരു ഭയപ്പാടിന്റെ ആവശ്യമില്ല, നിയമപരമായിട്ടേ ഗവൺമെന്റ് എപ്പോഴും പ്രവർത്തിക്കുകയുള്ളൂ.

ശ്രീ. ബേബി ജോൺ: ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യം മാത്രമേയുള്ളൂ; സാധാരണ ഓർഡിനൻസ് റീ ഇഷ്യു ചെയ്യുന്നത് സംബന്ധിച്ച്, അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുകയെന്നുള്ളതാണ്. രണ്ടാമത്, 'ഇഷ്യു ചെയ്യുമ്പോൾ അല്പം മാറ്റം വരുത്തി' അതുതന്നെയല്ലേ കാര്യം. അത് നിയമസഭയിൽ ക്വസ്റ്റ്യൻ ചെയ്യാൻ പാടില്ലെന്ന് പറയുന്നത് ശരിയാണോ? കാരണം പിന്നെ കോടതിയിൽ പോയി ക്വസ്റ്റ്യൻ ചെയ്യണമോ? നിയമസഭയിൽ വരുന്നത് നിയമസഭയിൽ ചർച്ച ചെയ്യേണ്ട കാര്യമാണ്. നിയമസഭാംഗങ്ങൾക്ക് ചോദ്യം ചെയ്യാനുള്ള അവകാശമുണ്ട്. അതല്ല, സുപ്രീംകോടതിയിലാണ് ചോദ്യം ചെയ്യേണ്ടത് എന്ന് പറയുന്നതിനോട് യോജിക്കുന്നില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നിയമസഭാമെമ്പർമാർക്ക് സംസാര സ്വാതന്ത്ര്യമുണ്ട്. ഞാൻ ഒരു ലീഗൽ പോയിന്റ് പറഞ്ഞു എന്ന് മാത്രമേയുള്ളൂ. ഒരു ഓർഡിനൻസ് ഇഷ്യു ചെയ്താൽ അതിനെ നിയമസഭയിൽ ക്വസ്റ്റ്യൻ ചെയ്തിട്ട് അതിന്റെ ലീഗാലിറ്റി നമുക്ക് സ്ഥാപിക്കാൻ കഴിയുകയില്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ലീഗാലിറ്റിയുടെ ഒരു ചെറിയ പ്രശ്നമല്ല ഇവിടെ പറഞ്ഞത്. ഈ പ്രശ്നം അങ്ങയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്ത് അങ്ങുതന്നെ ഇക്കാര്യത്തിൽ റൂളിംഗ് നൽകിയിട്ടുള്ളതാണ്. ഈ സ്പിരിറ്റ് അപ്ഹോൾഡ് ചെയ്യണം. ഇത് ഈ സഭയുടെ അവകാശപ്രശ്നമാണ്.

മി. സ്പീക്കർ: ഇതിന് ഞാൻ പിന്നീട് റൂളിംഗ് നൽകാം. ഇന്നലെ ഉന്നയിച്ച ഒരു പ്രശ്നത്തെ സംബന്ധിച്ച് ഇന്ന് റൂളിംഗ് നൽകാമെന്ന് പറഞ്ഞിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

# VII. റൂളിംഗ്

## ബഡ്ജററിൽ വകയിരുത്തിയ തുക ചെലവഴിച്ച ശേഷം അധിക ച്ചെലവ് ചെയ്തതു സംബന്ധിച്ച് (29-3-1995-ൽ ശ്രീ. ബേബിജോൺ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള റൂളിംഗ്)

മി. സ്പീക്കർ: ഭവന നിർമ്മാണ വായ്പക്ക് സഭ അനുവദിച്ച തുക ചെലവ് ചെയ്തതിനുശേഷം സഭയുടെ അനുവാദം കൂടാതെ അതേ ഹെഡ്ഡിൽ നിന്ന് 6 കോടിയോളം രൂപ അധികച്ചെലവ് ചെയ്തതിനെപ്പററി കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ധനവിനിയോഗ ബില്ലുവഴി സഭയുടെ അംഗീകാരം നേടാതെയോ കണ്ടിജൻസി ഫണ്ടിൽ നിന്നും കടമെടുക്കാതെയോ ചെലവു ചെയ്യുന്നത് സാധാരണ നിലയിൽ ഒരു ശരിയായ നടപടിക്രമമല്ല. അത് ഇറെഗുലർ ആണെന്ന് 28-ാം തീയതി ശ്രീ. കൃഷ്ണൻകുട്ടി ഈ പ്രശ്നം സഭയിൽ ഉന്നയിച്ചപ്പോഴുംത്തന്നെ ചെയർ പ്രസ്താവിച്ചിരുന്നു.

മുൻവർഷത്തിൽ ഭവനനിർമ്മാണവായ്പ 20 കോടി രൂപയായിരുന്നുവെന്നും ഈ വർഷം അത് 14 കോടി രൂപയായി കുറച്ചുവെന്നും ഒരു ചോദ്യത്തിന് ഉത്തരം നൽകവെ, ഈ തുക വർദ്ധിപ്പിക്കാമെന്ന് സഭയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പു നൽകിയിരുന്നു. ഫെബ്രുവരിയിൽ കൂടുന്ന സമ്മേളനത്തിൽ ഇതനുസരിച്ചുള്ള ഉപധനാഭ്യർത്ഥന പാസ്സാക്കാനായിരുന്നു ഉദ്ദേശമെന്നും അത് സാധിക്കാതെ വന്ന സാഹചര്യത്തിൽ ഈ 28-ാം തീയതി ഉപധനാഭ്യർത്ഥനയുടെ ധനവിനിയോഗബിൽ പാസ്സാക്കിയശേഷം നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനമൊട്ടാകെയുള്ള ഉദ്യോഗസ്ഥൻമാർക്ക് വായ്പ കൊടുക്കുവാൻ സാധിക്കാതെ വരുമെന്നും മാനുഷിക പരിഗണനകൾകൊണ്ടും ഇൻഎവിററബിൾ പേയ്മെൻറുകൾക്ക് ബഡ്ജററിൽ തുകയില്ലെങ്കിൽപ്പോലും അത് നൽകാമെന്ന വ്യവസ്ഥ അനുസരിച്ചുമാണ് തുക കാലേകൂട്ടി നൽകിയതെന്നും അദ്ദേഹം സഭയിൽ പ്രസ്താവിച്ചു. കൂടാതെ ഉപധനാഭ്യർത്ഥന പാസ്സായതോടുകൂടി പേമെൻറ് റഗുലറൈസ് ചെയ്തുകഴിഞ്ഞുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രതീക്ഷിക്കപ്പെട്ട സമയത്ത് ഉപധനാഭ്യർത്ഥന പാസ്സാകാതെ വരികയും മാനുഷിക പരിഗണന വെച്ച് സംസ്ഥാനമൊട്ടാകെയുള്ള ഉദ്യോഗസ്ഥൻമാർക്ക് വായ്പ ലഭിക്കുവാൻ പര്യാപ്തമായ നടപടി സ്വീകരിക്കേണ്ടതായി വരികയും ചെയ്തപ്പോൾ, പ്രത്യേക സാഹചര്യത്തിൽ സ്വീകരിച്ച നടപടിയെപ്പററിയാണ് ആക്ഷേപമുണ്ടായത്. ജനക്ഷേമകരമായ ഭരണനടപടികൾക്ക് സാങ്കേതികത്വം തടസ്സമായി വന്നാൽ ജനക്ഷേമ നടപടികൾക്ക് മുൻഗണന നൽകണമെന്നാണ് ചെയറിൻെറ അഭിപ്രായം. ചെയർ ഇതിന് മുമ്പും ഇങ്ങനെ റൂളിംഗ് നൽകിയിട്ടുണ്ട്. ആ നിലയിൽ ഇക്കാര്യത്തിൽ ഗവൺമെൻറിനെ കുററപ്പെടുത്താനാവില്ല. എന്നാൽ ഇൻഎവിററബിൾ പേമെൻറിന് ഫിനാൻഷ്യൽ കോഡിൽ നൽകിയിട്ടുള്ള നിർവ്വചനത്തിനുള്ളിൽ വരാത്ത പേയ്മെൻറുകൾ സഭയുടെ അംഗീകാരം ലഭിച്ച തുകയിൽ നിന്നും ചെയ്യുന്നതാണ് എപ്പോഴും അഭികാമ്യം. ആയതിനാൽ മേലിൽ ഭാരിച്ച തുകയുൾക്കൊള്ളുന്ന ചെലവുകളെ സംബന്ധിച്ച് ഇത്തരം നടപടി കഴിയുന്നത്ര ഒഴിവാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

# VIII. ധനകാര്യം

## വോട്ട് ഓൺ അക്കൗണ്ട്—ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിൽ † 3-ാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ 2-ാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാൻറ് ഹെഡ്ഡുകൾ സംബന്ധിച്ച് 1995-96 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാലുമാസത്തേക്കുള്ള ചെലവുകൾ നിർവഹിക്കുന്നതിനുവേണ്ടിയോ ചെലവുചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

## ഖണ്ഡനോപക്ഷേപങ്ങൾ

### ധനാഭ്യർത്ഥന നമ്പർ II

ശ്രീ. വർക്കല രാധാകൃഷ്ണൻ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,96,49,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

### ധനാഭ്യർത്ഥന നമ്പർ V

ശ്രീ. വി. ജെ. തങ്കപ്പൻ: കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,98,57,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

### ധനാഭ്യർത്ഥന നമ്പർ VI

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 23,35,49,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. ടി. കെ. ഹംസ: ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 23,35,49,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

### ധനാഭ്യർത്ഥന നമ്പർ VII

ശ്രീ. വർക്കല രാധാകൃഷ്ണൻ: മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,29,53,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

## ധനാഭ്യർത്ഥന നമ്പർ IX

ശ്രീ. കെ. പി. മമ്മു മാസ്റ്റർ: വാഹന നികുതികരം എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,30,89,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ X

ശ്രീ. ടി. കെ. ഹംസ: ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,94,00,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. സി. കെ. സദാശിവൻ: ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,94,00,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XI

ശ്രീ. വി. ജെ. തങ്കപ്പൻ: ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,05,18,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ടി. കെ. ഹംസ: ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,05,18,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,05,18,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XII

ശ്രീ. വി. ജെ. തങ്കപ്പൻ: പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 73,52,54,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XIII

ശ്രീ. വർക്കല രാധാകൃഷ്ണൻ: ജയിലുകരം എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,44,33,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XIV

ശ്രീ. വി. ജെ. തങ്കപ്പൻ: സ്റ്റേഷനറിയും അച്ചടിയും മററു ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 13,79,16,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ധനാഭ്യർത്ഥന നമ്പർ XV

ശ്രീ. വർക്കല രാധാകൃഷ്ണൻ: പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 88,86,75,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കെ. പി. മമ്മു മാസ്റ്റർ: പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 88,86,75,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XVII

ശ്രീ. ടി. കെ. ഹംസ: വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,49,88,63,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XIX

ശ്രീ. സി. കെ. സദാശിവൻ: കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 22,25,42,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXI

ശ്രീ. കെ. പി. മമ്മു മാസ്റ്റർ: ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,53,71,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. സി. കെ. സദാശിവൻ: ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,53,71,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,53,71,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXII

ശ്രീ. വി. ജെ. തങ്കപ്പൻ: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,24,63,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കെ. പി. മമ്മു മാസ്റ്റർ: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,24,63,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ടി. കെ. ഹംസ: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,24,63,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ധനാഭ്യർത്ഥന നമ്പർ XXVI

ശ്രീ. വർക്കല രാധാകൃഷ്ണൻ: പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,67,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ടി. കെ. ഹംസ: പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,67,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXVII

ശ്രീ. ടി. കെ. ഹംസ: സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,21,86,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXVIII

ശ്രീമതി എൻ. കെ. രാധ: പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,89,36,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ടി. കെ. ഹംസ: പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,89,36,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXX

ശ്രീമതി എൻ. കെ. രാധ: ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,71,07,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXXI

ശ്രീ. സി. കെ. സദാശിവൻ: മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 18,28,94,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXXIII

ശ്രീ. കെ. പി. മമ്മു മാസ്റ്റർ: മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 24,38,73,003 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXXIV

ശ്രീ. വർക്കല രാധാകൃഷ്ണൻ: വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 28,20,55,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ: വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 28,20,55,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ XXXV

ശ്രീ. വി. ജെ. തങ്കപ്പൻ: പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 18,45,06,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ XXXVII

ശ്രീ. സി. കെ. സദാശിവൻ: വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 82,90,09,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ XXXVIII

ശ്രീ. വി. ജെ. തങ്കപ്പൻ: ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 60,51,17,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ XXXIX

ശ്രീ. വർക്കല രാധാകൃഷ്ണൻ: വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 27,01,67,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ XLI

ശ്രീമതി എൻ. കെ. രാധ: ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,12,36,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ XLII

ശ്രീമതി എൻ. കെ. രാധ: വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5,17,93,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): സർ, ഈ ഗവൺമെന്റിന്റെ 1995-96 വർഷത്തെ ഏപ്രിൽ മുതൽ ജൂലായ് വരെയുള്ള നാലു മാസത്തെ ചെലവിലേക്കുവേണ്ടിയുള്ള വോട്ട്-ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന തൊഴിലില്ലായ്മ, വിലക്കയററം, കാർഷിക-വ്യവസായിക മേഖലകളിലെ തകർച്ച ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്ത ഈ ഗവൺമെന്റിന് പണം അനുവദിച്ചു കൊടുക്കുക എന്നു പറഞ്ഞാൽ അത് ഭരിക്കുന്നവരുടെ അധരം നനയ്ക്കാനും, ഉദരം നിറയ്ക്കാനുംവേണ്ടി മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നതുകൊണ്ടാണ് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നത്. ഈ ഗവൺമെന്റ് വിവിധ ക്ഷേമപദ്ധതികളിലായി വിതരണം ചെയ്യേണ്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

കോടിക്കണക്കിന് രൂപ മാസങ്ങളായി കുടിശ്ശിക വരുത്തിയിരിക്കുകയാണ്. തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, കയർ തൊഴിലാളി പെൻഷൻ, എസ്. സി./എസ്. റ്റി. വിദ്യാർത്ഥികാംക്കുള്ള ലംപ്സം ഗ്രാൻറ് തുടങ്ങി എല്ലാററിനും കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക വരുത്തിക്കൊണ്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ഈ രൂപത്തിലാണ് പോകുന്നതെങ്കിൽ ഈ കുടിശ്ശിക പിരിച്ചെടുക്കാൻവേണ്ടി കേരളത്തിലെ ജനങ്ങാംക്ക് ഈ ഗവൺമെൻറിനെതിരായി ഒരു പക്ഷേ ജപ്തിയും വാറണ്ടും അയയ്ക്കേണ്ടുന്ന അവസ്ഥ സംജാതമാകാൻ പോവുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജററിനെ സംബന്ധിച്ചുള്ള ചർച്ച അവസാനിപ്പിച്ചുകൊണ്ട് മറുപടി പറയുന്ന സമയത്ത് സ്വീകരിച്ച നിലപാട് നാറാണത്തുഭ്രാന്തന്റെ സമീപനമാണ്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ സ്വീകരിച്ചത് അതാണ്. നാറാണത്തുഭ്രാന്തൻ സമതലപ്രദേശങ്ങളിലെ കല്ലും കട്ടയും ഉരുട്ടി കുന്നിൻമുകളിൽ കൊണ്ടുപോയി താഴത്തേക്ക് ഉരുട്ടിയിട്ട് ആർത്തട്ടഹസിക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്യുന്ന സ്വഭാവക്കാരനാണ്. അതുപോലെ നമ്മുടെ ധനകാര്യമന്ത്രി വളരെ കഷ്ടപ്പെട്ട്, ബുദ്ധിമുട്ടി, ശ്രമകരമായി വിഭവസമാഹരണം ഉണ്ടാക്കാനെന്നു പറഞ്ഞ്, കോടിക്കണത്തിനു രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങാം ഈ ബഡ്ജററിൽ കൊണ്ടുവന്നു. ചർച്ചകാംക്കുശേഷം പുതിയതായി ധനകാര്യമന്ത്രി കൊണ്ടുവന്ന എല്ലാ നിർദ്ദേശങ്ങളും ഒററയടിക്ക് ഇല്ലായ്മ ചെയ്തിട്ട് അദ്ദേഹം പൊട്ടിച്ചിരിക്കുകയാണ്. തികച്ചും നാറാണത്തുഭ്രാന്തന്റേതായിട്ടുള്ള ഒരു സമീപനമാണ് ഈ ബഡ്ജററുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ ധനകാര്യമന്ത്രി ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതു മുതൽ കടുത്ത യുവജന വഞ്ചനയും തൊഴിൽരഹിതരോട് അനീതിയും മാത്രം വച്ചു പുലർത്തിയാണ് വന്നിട്ടുള്ളത്. രാജ്യത്തിലെ ഏററവും രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ യു. ഡി. എഫിന്റെ പ്രകടനപത്രികയിലും പിന്നീട് ഇവർ കൊണ്ടുവന്നിട്ടുള്ള ബഡ്ജററിലുമൊക്കെതന്നെ നിരവധി പ്രഖ്യാപനങ്ങാം നടത്തിയിരുന്നു.

**ശ്രീ. പി. ബാലൻ:** അങ്ങ് ഇപ്പോാം പറഞ്ഞില്ലേ നാറാണത്തുഭ്രാന്തന്റെ മാതിരി മേലോട്ട് ഉരുട്ടിക്കയററിയിട്ട് താഴോട്ടിട്ടിട്ട് പൊട്ടിച്ചിരിച്ചു എന്ന്. ഇതിലേതാണ് അങ്ങേക്ക് ഇപ്പോാം ബുദ്ധിമുട്ടായിട്ട് തോന്നിയത്; മേലേക്ക് ഉരുട്ടിക്കയററിയതോ, താഴേക്ക് ഇട്ടതോ?

**ശ്രീ. എം. നാരായണൻ (കുഴൽമന്ദം):** ബുദ്ധിമുട്ട് എന്നതല്ല പ്രശ്നം. ഒന്നും പുതിയതായിട്ട് ഉണ്ടായിട്ടില്ല എന്നതാണ് പ്രശ്നം. പിന്നെ അങ്ങ് ഇവിടെ ഇരുന്ന് കൈയ്യടിച്ചിട്ട് എന്താണ് അർത്ഥമുള്ളത്? യു. ഡി. എഫ്-ന്റെ പ്രകടന പത്രികയിലും അതുപോലെതന്നെ ബഡ്ജററിലും കൊണ്ടുവന്നിട്ടുള്ള ഒരു പ്രഖ്യാപനവും പ്രായോഗികമാക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. ആയിരം കോടി രൂപയുടെ തൊഴിൽദാന പദ്ധതിയും, തൊഴിൽ രഹിതവേതനം നൂറുരൂപയാക്കി വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനവും രാജ്യത്തെ ചെറുപ്പക്കാരെ പറഞ്ഞുപററിക്കുന്നതിനുവേണ്ടി നടത്തിയതാണ്. ഈ പ്രഖ്യാപനം നടപ്പിലാക്കുന്നതിനുവേണ്ടി കഴിഞ്ഞ നാലു വർഷവും നയാപൈസപോലും ഈ ഗവൺമെൻറ് ബഡ്ജററിൽ വകയിരുത്തിയിട്ടില്ല എന്നതാണ് സത്യം. 1993-94 ബഡ്ജററ് പ്രസംഗത്തിൽ പേജ് 19 ഖണ്ഡിക 3-ൽ പറഞ്ഞിരുന്നു,



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് ജനറേഷൻ ഫണ്ട് രൂപീകരിക്കാൻ പോകുന്നു എന്ന്. ആ ഫണ്ടിലേയ്ക്ക് 100 കോടി രൂപ സർക്കാർ സമാഹരിക്കുമെന്ന് പറഞ്ഞു. ആ പദ്ധതി ഇത്തവണത്തെ ബഡ്ജററിൽ കാണുന്നില്ല. അത് വെറും ജലരേഖയായി അവശേഷിച്ചിരിക്കുന്നു. 1994-95-ലെയും 1995-96-ലെയും ബഡ്ജററുകളിൽ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയോ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ അവകാശമായിട്ടുള്ള തൊഴിലില്ലായ്മ വേതനം നൽകുന്നതിനുവേണ്ടിയോ നയാപൈസപോലും നിർദ്ദേശിക്കാത്ത ഒരു ബഡ്ജററാണ് ഈ ഗവൺമെൻറ് കൊണ്ടുവന്നത്. യുവജനങ്ങളോട് കടുത്ത അനീതിയും വഞ്ചനയും മാത്രം വച്ചു പുലർത്തുന്ന ഒരു ഗവൺമെൻറാണ് ഈ ഗവൺമെൻറ്. ഈ ഗവൺമെൻറ് തൊഴിൽരഹിതവേതന പദ്ധതിയെ തുരങ്കം വച്ചുകൊണ്ടിരിക്കുകയാണ്. 100 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞവർ പഴയ 60 രൂപ വച്ചുകൊണ്ടുള്ള വിതരണംതന്നെ വീഴ്ച വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഏതാണ്ട് 80 കോടി രൂപയുടെ കുടിശ്ശിക തൊഴിലില്ലായ്മ വേതനത്തിന്റെ കാര്യത്തിൽമാത്രം ഈ ഗവൺമെൻറ് ഉണ്ടാക്കിയിരിക്കുന്നു. 1994 മേയ് മാസം 30-ാം തീയതിയിലെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 40.2 ലക്ഷം തൊഴിൽരഹിതർ ഉണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇപ്പോൾ അത് ഏകദേശം 45 ലക്ഷത്തിൽ കവിയുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ 45 ലക്ഷത്തോളം വരുന്ന തൊഴിൽരഹിതരിൽനിന്ന് തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി ഈ ഗവൺമെൻറ് നൽകിയിട്ടുള്ള സംഖ്യ എക്കണോമിക് റിവ്യൂ അനുസരിച്ച് 1990-91-ൽ 264,314 പേർക്കായി 1934.88 ലക്ഷം രൂപയാണ്. 1991-92-ൽ 260,196 പേർക്കായി 1619.64 ലക്ഷം രൂപയാണ് ഈ ഗവൺമെൻറ് ചെലവാക്കിയത്. 1992-93-ൽ 229,140 പേർക്കായി 625.68 ലക്ഷം രൂപയാണ് ചെലവാക്കിയത്. അതുപോലെതന്നെ 1993-94-ൽ 273,512 പേർക്കായി 1748.65 ലക്ഷം രൂപയാണ് ചെലവാക്കിയിരിക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് ഓരോ വർഷവും തൊഴിൽരഹിതവേതന ഇനത്തിൽ നൽകിക്കൊണ്ടുവരുന്ന സംഖ്യ കുറഞ്ഞുകുറഞ്ഞു കാണുന്നു എന്നാണ്. അതുതന്നെ സൂചിപ്പിക്കുന്നത് ഈ തൊഴിലില്ലായ്മ വേതന പദ്ധതിയെ ഭാവിയിൽ ഇല്ലായ്മ ചെയ്യുന്നതിന് വേണ്ടിയുള്ള നീക്കങ്ങൾ ഈ ഗവൺമെൻറ് ആരംഭിച്ചിരിക്കുന്നു എന്നാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാനത്ത് പുതിയ തൊഴിൽരഹിതരിൽനിന്നും തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷ ക്ഷണിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെൻറ് 1991-ൽ ഭരണമൊഴിഞ്ഞു പോകുന്ന സമയത്ത് നമ്മുടെ സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ കണക്കുകൾ അനുസരിച്ച് 28 ലക്ഷം തൊഴിൽരഹിതരായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്ന് 1995 മാർച്ച് മാസത്തിലെത്തുമ്പോൾ ഏതാണ്ട് 47 ലക്ഷത്തിലധികം തൊഴിൽരഹിതർ ഈ കേരളത്തിൽ രജിസ്ററർ ചെയ്തിരിക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്. മൂന്നേമുക്കാൽ വർഷക്കാലത്തെ ഈ ഗവൺമെൻറിന്റെ ഭരണത്തിൻകീഴിൽ 20 ലക്ഷത്തിലധികം പുതിയ തൊഴിൽരഹിതരെ സൃഷ്ടിച്ചുകൊണ്ട് ഈ ഗവൺമെൻറ് റിക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. തൊഴിൽരഹിതരോട് നിഷേധാത്മകമായിട്ടുള്ള സമീപനം, വഞ്ചനാപരമായിട്ടുള്ള സമീപനം ആണ് ഈ ഗവൺമെൻറ് സ്വീകരിക്കുന്നത്. നമ്മുടെ രാജ്യത്തിലെ ചെറുപ്പക്കാർ വളരെ പ്രതീക്ഷയോടുകൂടി ഒരു ജോലിക്കുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയാണ്. പി. എസ്. സി. റാങ്ക് ലിസ്ററ് വന്നാൽ, അതിലൂടെ ഒരു നിയമനം ലഭിച്ചാൽ, സന്തോഷിക്കുന്ന നമ്മുടെ രാജ്യ

ത്തിലെ ചെറുപ്പക്കാർക്ക് ഇന്ന് രക്ഷയില്ലാത്ത ഒരു അവസ്ഥ വന്നിരിക്കുന്നു. റാങ്ക് ലിസ്ററിൽ പേരു വന്നാലും റാങ്ക് ലിസ്ററിന്റെ കാലാവധി കഴിഞ്ഞില്ലെങ്കിലും പുറംവാതിലിലൂടെയുള്ള നിയമനം നടത്തുന്നതിൽ ഈ ഗവൺമെൻറിന് യാതൊരു ഉളുപ്പുമില്ലാത്ത നിലപാടാണ് സ്വീകരിക്കുന്നത്. ആ രൂപത്തിൽ യുവജനങ്ങളോട് കൊടിയ വഞ്ചന നടത്തിക്കൊണ്ട് ഈ ഗവൺമെൻറ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. ഇന്നലെയും മിനിഞ്ഞാന്നുമൊക്കെയായി ചില മന്ത്രിമാർ ഇവിടെ പ്രസംഗിക്കുമ്പോൾ ഈ ഗവൺമെൻറിനെക്കുറിച്ച് ചില ന്യായീകരണങ്ങൾ കൊണ്ടുവന്നു—എന്താണ്—'ഈ ഗവൺമെൻറ് ഒരു പുതിയ ഗവൺമെൻറല്ലേ, ദിവസങ്ങളല്ലേ പഴക്കമുള്ളൂ ഈ ഗവൺമെൻറിന് ഉള്ളൂ' എന്നാണ് അവരുടെ ചോദ്യം. ഈ ഗവൺമെൻറ് പുതിയ ഗവൺമെൻറ് അല്ല. പഴയ ഗവൺമെൻറിന്റെ തുടർച്ചയാണ്. പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കി വിൽപ്പനയും കച്ചവടവും ലാക്കാക്കി കമ്പോളത്തിലിറങ്ങിയിരിക്കുകയാണ്. പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കിയിട്ടുള്ളതാണ് ഈ ഗവൺമെൻറ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. പി. എം. മാത്യു:</u> ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഇത് പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കിയ ഗവൺമെൻറാണെന്നാണ്. പക്ഷേ അങ്ങയുടെ പാർട്ടിയുടെ നേതാവ് ശ്രീ. ഇ. കെ. നായനാർ പറഞ്ഞത് ഇതു പഴയ വീഞ്ഞ് പഴയ കുപ്പിയിലാക്കിയതുപോലെയാണെന്നാണ്. ഇതിൽ ഏതാണ് ശരി?

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം):</u> രണ്ടും പഴയ വീഞ്ഞാണ്. വീഞ്ഞാണ് അതിലെ സത്ത്. ആ സത്ത് പുളിച്ച് നാറിയതാണെന്നതാണ് സത്യം. ശ്രീ. പി. എം. മാത്യുവും ഒരു പഴയ വീഞ്ഞാണല്ലോ? ഇവിടെ പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കി ഒരു പുതിയ ഭരണമുണ്ടായതിന്റെ ഫലമായി, ശ്രീ. കെ. കരുണാകരനെ മാററി ശ്രീ. എ.കെ. ആൻറണി മുഖ്യമന്ത്രിയായതിന്റെ ഭാഗമായി എന്തു മാററമാണ് ഉണ്ടാകാൻ പോകുന്നത്? കേരളത്തിലെ ജനങ്ങളുടെ പ്രശ്നം ഇതുകൊണ്ടു തീരുമോ? മാർച്ച് മാസം 22-ാം തീയതിയാണ് ശ്രീ. എ. കെ. ആൻറണി കേരളത്തിൽ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. 24-ാം തീയതി ഞങ്ങളെയൊക്കെ പത്രങ്ങളിലൂടെയും റേഡിയോയിലൂടെയും ടെലഗ്രാം അയച്ചുമൊക്കെ അറിയിച്ച്, ഞങ്ങളെ വരുത്തിക്കൊണ്ടാണ് 24-ാം തീയതി ഇവിടെ ബഡ്ജററ് അവതരിപ്പിച്ചത്. ഇത്ര ധൃതിപിടിച്ച് ശ്രീ. കരുണാകരന്റെ പ്രതിച്ഛായയോടുകൂടി നിങ്ങൾ അവതരിപ്പിച്ച ബഡ്ജററ് ഒരു ജനദ്രോഹ ബഡ്ജററാണ്; ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ബഡ്ജററാണ്. ജനങ്ങളുടെ ക്ഷേമപദ്ധതികളെ തുരങ്കം വയ്ക്കുന്ന ഒരു ബഡ്ജററാണ് ഇത്. ഇവിടെ പലരും പല രൂപത്തിലുള്ള ന്യായീകരണങ്ങൾ പറഞ്ഞു. ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ സമയം കിട്ടിയില്ലപോലും. ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ഇവിടെ സമയം കിട്ടിയില്ല എന്നു പറയുന്നത് എന്തിനാണ്? ഇവിടെ കൊടുങ്കാററുണ്ടായോ? വെള്ളപ്പൊക്കമുണ്ടായോ? ഇവിടെ എന്ത് അട്ടിമറിയാണ് ഉണ്ടായത്? ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനു പകരം ഇവർക്ക് എന്തായിരുന്നു പണി? കഴിഞ്ഞ ഏഴെട്ടുമാസമായി കേരള രാഷ്ട്രീയത്തിൽ കട്ട പണം പങ്കുവയ്ക്കുന്നതിലെ ഏററക്കുറച്ചിലുകളുടെ ഭാഗമായി ഉണ്ടായ അഭിപ്രായ വ്യത്യാസങ്ങളാണ്. ആ അഭിപ്രായ വ്യത്യാസത്തിൽ പൊങ്ങിവന്ന നേതൃമാററം എന്ന പുതിയ പ്രതിഭാസം,

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടി കേരളത്തിലെ മന്ത്രിമാരും മന്ത്രിസഭയിലെ മുന്നണി നേതാക്കൻമാരുമെല്ലാം കേരളത്തിലെ ഖജനാവിലെ പണം ദുരുപയോഗം ഉചയ്തുകൊണ്ട് തിരുവനന്തപുരത്തേക്കും ഡൽഹിയിലേക്കും നാഴികയ്ക്കു നാല്പതുവട്ടം പറന്നിട്ടുണ്ട്. അതും കേരളത്തിലെ ഖജനാവിലെ പണം പ്രയോഗിച്ചല്ലേ? എന്നിട്ട് നിങ്ങൾക്ക് സമയം കിട്ടിയില്ല എന്നു പറയുന്നു. അതിൻെറ പാപഫലം ഈ സംസ്ഥാനത്തെ ജനങ്ങൾ ഇന്ന് അനുഭവിക്കുകയാണ്.

കേരളത്തിൻെറ പ്രശ്നം തീർക്കാൻവേണ്ടി ഇവിടെ അവരോധിക്കപ്പെട്ട ശ്രീ. എ.കെ. ആൻറണി വലിയ ആദർശവാദിയാണല്ലോ? അദ്ദേഹത്തെ വലിയ ആദർശവാദിയും ആദർശധീരനുമൊക്കെയായിട്ടാണ് പത്രങ്ങൾ പുകഴ്ത്തിപ്പാടുന്നത്. ആദർശം വ്യക്തി ജീവിതത്തിലും രാഷ്ട്രീയ ജീവിതത്തിലും നല്ലതാണ്. വടക്കെ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് എ. ഐ. സി. സി.യുടെ പ്രസിഡൻറും ഇൻഡ്യൻ പ്രധാനമന്ത്രിയുമായ ശ്രീ. നരസിംഹറാവു ബി. ജെ. പി.യെക്കുറിച്ചും മുസ്ലീം ലീഗിനെക്കുറിച്ചും നടത്തിയിട്ടുള്ള പരാമർശം ചർച്ചവിഷയമായിട്ടുള്ളതാണ്. ബി. ജെ. പി.യും മുസ്ലീംലീഗും വർഗ്ഗീയശക്തികളും അപകടകാരികളുമാണ് എന്നു പരസ്യമായി ശ്രീ. നരസിംഹറാവു പറഞ്ഞപ്പോൾ അന്നു കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആൻറണി ആ അഭിപ്രായത്തെ ന്യായീകരിച്ചു. അന്നു ശ്രീ. കരുണാകരനാണ് ഇവിടെ കസേര ഉറപ്പിക്കാൻവേണ്ടി ആ പ്രഖ്യാപനത്തെ എതിർത്തത്. ആദർശധീരനായ ശ്രീ. എ. കെ. ആൻറണിയോട്, ശ്രീ. റാവു മുസ്ലീംലീഗിനെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തണമെന്നു ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ ശ്രീ. അർജുൻസിംഗ്, അദ്ദേഹത്തെ കോൺഗ്രസ് പാർട്ടിയിൽനിന്ന് ഒഴിപ്പിക്കാൻ ഉണ്ടായ സാഹചര്യം എന്താണ്? കേന്ദ്രത്തിലുണ്ടായ 25,000 കോടി രൂപയുടെ പഞ്ചസാര കുംഭകോണം ഉൾപ്പെടെയുള്ള 90,000 കോടി രൂപയുടെ സാമ്പത്തിക അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്നു പാർട്ടിയിലും മന്ത്രിസഭയിലും ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ പാർട്ടിയിൽനിന്ന് പുറത്താക്കിയത്. ആ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. എ. കെ. ആൻറണിയുടെ അഭിപ്രായം എന്താണെന്നറിയണം. അതുപോലെ കഴിഞ്ഞ സഭയിൽ നമ്മുടെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. എച്ച്. മുസ്തഫ പത്തുരൂപയായിരുന്ന ഒരു കിലോ പഞ്ചസാരയുടെ വില 20 രൂപയായി വർദ്ധിപ്പിച്ചപ്പോൾ കേരള നിയമസഭയിൽ പറഞ്ഞതാണ്, കേരളത്തിനുള്ള അലോട്ട്മെൻറ് ശ്രീ. എ. കെ. ആൻറണി കേന്ദ്രത്തിൽ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് കുറഞ്ഞുപോയിട്ടുള്ളത് എന്ന്. അതുകൊണ്ടാണ് ഇവിടെ വില കൂട്ടേണ്ടി വന്നിട്ടുള്ളത് എന്നുപറഞ്ഞു. അങ്ങനെയുള്ള സാഹചര്യത്തിൽ ഇവിടെ അഴിമതിക്കാരുടെയും കൊലയാളികളുടെയും വഞ്ചകരുടെയും നടുവിൽനിന്നുകൊണ്ട് ജനങ്ങൾക്ക് നീതി നൽകുവാൻ അങ്ങേക്ക് കഴിയുമോ എന്നു ഞാൻ ചോദിക്കുകയാണ്. ജനങ്ങൾക്ക് നീതി ഉറപ്പു പറയാൻ കഴിയാത്ത, ജനങ്ങളെ വഞ്ചിക്കുന്ന, വിദ്യാഭ്യാസമേഖലയെ കുളം തോണ്ടിയിട്ടുള്ള, ഈ ഗവൺമെൻറിനുവേണ്ടി പണം അനുവദിക്കാൻ പാടില്ല. അതുകൊണ്ടുതന്നെ ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, അടുത്ത നാലു മാസത്തേക്കുള്ള ചെലവുകൾക്കായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് അവതരിപ്പിച്ചിരിക്കുന്ന

ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. നാരായണന്റെ പ്രസംഗം കേട്ടപ്പോൾ ഒരു കാര്യം വളരെ വ്യക്തമായി. ഇന്നലെ ഈ സഭയിൽ ധനകാര്യ മന്ത്രിയുടെ മറുപടിയോടുകൂടി പ്രതിപക്ഷാംഗങ്ങളുടെ വിമർശനങ്ങളുടെ മുന മുഴുവൻ ഒടിഞ്ഞുപോയിരിക്കുകയാണ്. അദ്ദേഹം വളരെ അൺചാരിററബിളായിട്ടുള്ള ഒരു കമൻറാണ് ധനകാര്യമന്ത്രിയെ പ്പററി പറഞ്ഞത്. ഞാൻ അത് ആ സ്പിരിററിൽത്തന്നെ എടുക്കുന്നു. ഇവിടെ മൂന്നു ദിവസങ്ങളിലുണ്ടായ ചർച്ചകളിൽ പറഞ്ഞ പ്രധാനപ്പെട്ട ആവശ്യം നികുതിമൂലം ജനങ്ങൾക്കുണ്ടാകുന്ന ഭാരം ഒഴിവാക്കണമെന്നായിരുന്നു. ഈ സഭയിൽ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററ് വന്നു കഴിഞ്ഞപ്പോൾ പത്രസമ്മേളനങ്ങളിലൂടെ നിങ്ങളുടെ മുൻനിരക്കാരെല്ലാം പറഞ്ഞത് ഡീസൽ നികുതി അടക്കമുള്ള നികുതികൾ ഉണ്ടാക്കുന്ന വർദ്ധിച്ച സാമ്പത്തികഭാരം വിലക്കയററമുണ്ടാക്കും, അതുകൊണ്ട് അത് പിൻവലിക്കണമെന്നാണ്. ഇന്നലെവരെ ഈ സഭയിൽ സംസാരിച്ച മെമ്പർമാർ എല്ലാം ആവശ്യപ്പെട്ട പൊതുവായ ഒരു കാര്യം ഇതുതന്നെയായിരുന്നു. ധനകാര്യമന്ത്രി വളരെ ഉദാര മനസ്കതയോടുകൂടി ഈ ആവശ്യം അംഗീകരിച്ചു. പക്ഷേ അതു മന്ത്രി അംഗീകരിച്ചപ്പോൾ അതിനെ അംഗീകരിക്കാനുള്ള സാമാന്യ മര്യാദയെങ്കിലും പ്രതിപക്ഷം കാണിക്കേണ്ടതായിരുന്നില്ലേ? ഇവിടെ നിങ്ങൾ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുമ്പോൾ—രാഷ്ട്രീയമായ വേർതിരിവില്ലാതെ നിങ്ങൾ പറയുന്ന കാര്യങ്ങൾ ശരിയാണെന്നു തോന്നിയാൽ അത് അംഗീകരിക്കാൻ തയ്യാറാകുമ്പോൾ—അത് നാററാണത്തു ഭ്രാന്തന്റെ നയമാണെന്നു പറയുന്നത് വളരെ നിർഭാഗ്യകരമാണ്; വളരെ അൺചാരിററബിളായിട്ടുള്ള കമൻറാണ്. ഇവിടെ കഴിഞ്ഞ വെള്ളിയാഴ്ച അവതരിപ്പിച്ച ബഡ്ജററ് 12.4 ശതമാനം കോടി രൂപയുടെ മിച്ച ബഡ്ജററായിരുന്നു. ഈ സഭയിലുണ്ടായ പൊതുവായ വികാരം മാനിച്ചുകൊണ്ട് 58.25 കോടി രൂപയുടെ നികുതി നിർദ്ദേശങ്ങൾ ഇന്നലെ അദ്ദേഹം പിൻവലിച്ചു. അതോടുകൂടി ഈ ബഡ്ജററ് 45.76 കോടി രൂപയുടെ കമ്മിയായി മാറിയിരിക്കുകയാണ്. ഇവിടെ ഞങ്ങൾ കേട്ടത്, നിങ്ങളെല്ലാവരും പറഞ്ഞത് ബഡ്ജററ് മിച്ച ബഡ്ജററായിപ്പോയത് ഒരു വലിയ അപരാധമാണെന്നാണ്. നിങ്ങൾ ചൂണ്ടിക്കാണിച്ചത് ഈ സംസ്ഥാനത്തെ ഇപ്പോഴത്തെ സാമ്പത്തിക നിലയിൽ മിച്ച ബഡ്ജററ് ഉണ്ടായാൽ കേരളത്തിനു ലഭിക്കേണ്ട ധനാഗമ മാർഗ്ഗങ്ങൾ ഇല്ലാതാകും എന്നാണ്. ഇപ്പോൾ ഈ മിച്ചം കമ്മിയായപ്പോൾ അതിനെ എതിർക്കുന്നത് ഏതായാലും അംഗീകരിക്കാൻ നിവൃത്തിയില്ല. സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക നില ഇതിൽ കാണുന്നുണ്ട്. ഇവിടെ ധനകാര്യമന്ത്രി ഇന്നലെ പറഞ്ഞത് ഇപ്പോൾ ഈ ബഡ്ജററ് കമ്മിയാണെങ്കിലും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും കുടിശ്ശിക പിരിച്ചും വർഷാവസാനമാകുമ്പോഴേക്കും മിച്ചമായേക്കും എന്നാണ്. ഞാൻ ആ ശുഭപ്രതീക്ഷയെ ബഹുമാനിക്കുന്നു. ഇവിടെ ഉണ്ടായ വിമർശനങ്ങൾ, ഈ ബഡ്ജററിന്റെ ചർച്ചയിൽ സ്വീകരിച്ച സമീപനം അതാണ്. ശ്രീ. എ. കെ. ആൻറണിയുടെ ഗവൺമെൻറിന്റെ അനുരഞ്ജന നയം, തള്ളേണ്ടതു തള്ളാനും കൊള്ളേണ്ടതു കൊള്ളാനും രാഷ്ട്രീയ കണ്ണാടിയില്ലാതെ ഈ ഗവൺമെൻറ് നടപടിയെടുത്തിരിക്കുകയാണ്. ശ്രീ. എ. കെ. ആൻറണി മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹം പ്രഖ്യാപിച്ചു, ഈ ഗവൺമെൻറിന്റെ സമീപനം അനുരഞ്ജനമാണെന്ന്. അപ്പോൾ നിങ്ങൾ കുററപ്പെടുത്തുന്നു, നിങ്ങൾ ചോദിക്കുന്നു അനുരഞ്ജനം ആരോടാണ്, അഴിമതിക്കാരോടാണോ എന്ന്. സർ, ഒരു നല്ല കാര്യം പറഞ്ഞാൽ അത് മുഖവിലയ്ക്ക് എടുക്കാനുള്ള സാമാന്യ മര്യാദ കാണിക്കേണ്ടേ? ഇന്നലെവരെ ഉണ്ടായിരുന്ന സംഘർഷത്തിന്റെ പാത

LIBRARY ARCHIVES Kerala Legislative Assembly

കൈവെടിഞ്ഞുകൊണ്ട് അനുരഞ്ജനത്തിലൂടെ, അഭിപ്രായ സമന്വയത്തിലൂടെ ഒരു സമൂലമായ നയം കേരളത്തിന്റെ പൊതുവായ കാര്യങ്ങളിൽ ഉണ്ടാക്കുമെന്നു പറഞ്ഞാൽ അത് അംഗീകരിക്കാനുള്ള സാമാന്യ മര്യാദ പോലും നിങ്ങൾ കാണിക്കാത്തത് നിർഭാഗ്യകരമായിപ്പോയി. ഈ ഗവൺമെന്റിന് ഒരാഴ്ച പോലും ആയുസ്സ് ഉണ്ടായിട്ടില്ല. ഇത് ഒരു തുടർച്ചയായ ഗവൺമെന്റാണ്, സമ്മതിക്കുന്നു. പക്ഷേ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിട്ട് ഒരാഴ്ച ആയിട്ടില്ല. സാധാരണഗതിയിൽ ഒരു സാമാന്യ മര്യാദയനുസരിച്ച്, അൽപ്പം സാവകാശവും സൗമനസ്യവും കാണിക്കേണ്ടതല്ലേ സർ? ഇവിടെ പലരും പറഞ്ഞ കമന്റുകൾ നിർഭാഗ്യകരമായിപ്പോയി. ഇവിടെ ഞങ്ങൾ അനുരഞ്ജനത്തിലൂടെ, അഭിപ്രായ സമന്വയത്തിലൂടെ പ്രതിപക്ഷ–ഭരണപക്ഷ വ്യത്യാസമില്ലാതെ എല്ലാവരേയും ഒന്നിപ്പിക്കാനുള്ള ഒരു പുതിയ നയം സ്വീകരിക്കുമ്പോൾ അതിനെ നിങ്ങൾ ഇങ്ങനെ കാണുന്നത് നിർഭാഗ്യകരമാണ്. ശ്രീ. ആന്റണി ക്യാന്റീനിലെ ഭക്ഷണം കഴിച്ചു തുടങ്ങി..........എന്തെല്ലാം വിമർശനങ്ങളാണ്! ഒന്ന് ഞാൻ പറയട്ടെ: ഞങ്ങൾക്കാർക്കും ആരുടെയും സർട്ടിഫിക്കറ്റ് ആവശ്യമില്ല. ശ്രീ. എ. കെ. ആന്റണി പൊതു ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്ന ഒരു വ്യക്തിയാണ്. അതിന് നമ്മുടെ ആരുടെയും സർട്ടിഫിക്കറ്റ് അദ്ദേഹത്തിന് ആവശ്യമില്ല. പക്ഷേ ഒന്ന് മനസ്സിലാക്കണം. കേരളത്തിൽ ഇന്നുവരെയുള്ള രാഷ്ട്രീയമായ സാഹചര്യങ്ങളിൽ അദ്ദേഹം ഒരു ഏകാന്തപഥികനാണ്. കലാപകലുഷിതമായ, അഴിമതി നിറഞ്ഞ കേരളത്തിൽ രാഷ്ട്രീയ സാഹചര്യങ്ങളിൽ ശ്രീ. ആന്റണി പ്രതീക്ഷയുടെ ഒരു മരുപ്പച്ചയാണ്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തെ ആ നിലയിൽതന്നെ കാണുന്നു. നിങ്ങളാരും പരിഹസിച്ചിട്ട് കാര്യമില്ല. ഇവിടെ പറഞ്ഞ ചില വിമർശനങ്ങൾ ഞാൻ ഇവിടെ ഓർത്തു പോകുകയാണ്. ഏതായാലും ശ്രീ. എ. സി. ഷൺമുഖദാസിനെപ്പോലുള്ള ആളുകൾ ഇപ്പോൾ ഇവിടെ ഇല്ല. അദ്ദേഹവും വളരെ രൂക്ഷമായി വിമർശിച്ചു. ഒന്ന് ഞാൻ പറയാം. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നലെവരെ ഉണ്ടായിരുന്ന നയങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അതുമായി സഹകരിക്കാനുള്ള ഒരു സാമാന്യ മര്യാദയെങ്കിലും നിങ്ങൾ കാണിക്കണം. തെറ്റുകൾ ചൂണ്ടിക്കാണിക്കാം; വിമർശിക്കാം. പക്ഷേ വ്യക്തിപരമായി ആളുകളെ തേജോവധം ചെയ്യാനുള്ള സമീപനം സ്വീകരിക്കുന്നത് ഒരിക്കലും ഗുണകരമല്ല. ഇവിടെ ഈ ബഡ്ജറ്റിൽ വളരെയേറെ പ്രതീക്ഷകളുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട ഒരു കാര്യം, മലബാർ മേഖലയിലെ മലയോര വികസന അതോറിട്ടിയെ സംബന്ധിച്ചാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഉണ്ടായ ആദ്യ ബഡ്ജറ്റിൽ ശ്രീ. ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ച മലയോര വികസന അതോറിട്ടി മലബാറിലെ ജനങ്ങളുടെ ഒരു വലിയ പ്രതീക്ഷയായിരുന്നു. കേരളത്തിലെ മലയോരങ്ങൾക്ക് ഉണ്ടായിരുന്ന അവഗണന അവസാനിപ്പിക്കാനുള്ള, പ്രത്യേകിച്ച് മലബാറിന്റെ അവഗണന അവസാനിപ്പിക്കാനുള്ള ഒരു വലിയ സംരംഭത്തിന്റെ തുടക്കമായിരുന്നു ഈ അതോറിട്ടി. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നാല് ബഡ്ജറ്റിലും ആ അതോറിട്ടിക്ക് സ്ഥാനമുണ്ടായിരുന്നു. പക്ഷേ അദ്ദേഹം സ്ഥാനം ഒഴിഞ്ഞപ്പോൾ ഉണ്ടായ നിർഭാഗ്യകരമായ തർക്കങ്ങൾ ആ അതോറിട്ടിയെ പറ്റിയുള്ള സംശയങ്ങൾ ജനങ്ങളിൽ ഉണ്ടാക്കി. ഇന്ന് ആ സംശയങ്ങൾക്ക് ഒരു പൂർണ്ണ വിരാമം ഉണ്ടായിരിക്കുന്നു. ആ സംശയങ്ങൾ ദൂരീകരിച്ചുകൊണ്ട് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന മലബാർ മേഖലയിലെ മലയോര വികസന അതോറിട്ടിക്കുവേണ്ടി 50 ലക്ഷം രൂപ നീക്കി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുന്നതായി പറഞ്ഞിട്ടുണ്ട്. എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത് ആ അതോറിട്ടി ഒരു സങ്കൽപ്പമായി അവശേഷിക്കാൻ പാടില്ല എന്നാണ്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): മലയോര വികസന അതോറിട്ടിയുടെ വിഹിതത്തിനുവേണ്ടി അങ്ങ് നിരാഹാരം കിടന്നല്ലോ. അങ്ങ് നിരാഹാരം കിടന്ന അവസരത്തിൽ കഴിഞ്ഞ തവണ ബഡ്ജററിൽ ഒരു കോടി രൂപ ഇതിനു വേണ്ടി നീക്കി വച്ചു. ഇത്തവണ അത് 50 ലക്ഷമായി കുറഞ്ഞു. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ. സി. ജോസഫ്: കഴിഞ്ഞ തവണ ഒരു കോടി രൂപ നീക്കി വച്ചിരുന്നു; ചെലവഴിക്കാൻ സാധിച്ചില്ല. ഇത്തവണ 50 ലക്ഷം രൂപ ഉണ്ട്. തീർച്ചയായും ആ തുക പോരാതെ വരികയാണെങ്കിൽ ഉദാരമനസ്കനായ ധനകാര്യമന്ത്രി ആ കാര്യത്തിൽ പ്രത്യേക പരിഗണന കാണിക്കും..........

ശ്രീ. ടി. നാണുമാസ്ററർ: അങ്ങ് പറയുന്നത് ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. കഴിഞ്ഞ നാല് ബഡ്ജററിലും ശ്രീ. ഉമ്മൻ ചാണ്ടി ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യം നടപ്പിലാക്കാൻ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം നടപ്പിലാക്കാൻ അങ്ങേയ്ക്കുതന്നെ നിരാഹാര സത്യാഗ്രഹം കിടക്കേണ്ടി വന്നു. ഇതുപോലെ കഴിഞ്ഞ നാല് ബഡ്ജററിലും നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ഒററ കാര്യവും സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നുള്ള വിമർശനം പ്രതിപക്ഷത്തു നിന്ന് വരുമ്പോൾ നിങ്ങൾ ഞങ്ങളെ പരിഹസിക്കുന്നത് ശരിയാണോ?

ശ്രീ. കെ. സി. ജോസഫ്: ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ഇന്നലെ വരെ അവഗണിക്കപ്പെട്ട മലബാറിലെ മലയോര വികസനത്തിന് ഈ ഗവൺമെൻറ് നൽകുന്ന പ്രത്യേക പ്രാധാന്യമാണ് കഴിഞ്ഞ നാല് ബഡ്ജററിലും ഇത് ആവർത്തിച്ച് പറയാനുള്ള മുഖ്യമായ കാരണം. ഏതായാലും ആ ഭയാശങ്ക അസ്ഥാനത്തായിരുന്നുവെന്ന് തെളിഞ്ഞു. മലബാറിന്റെ മലയോര മേഖലയ്ക്കു വേണ്ടിയുള്ള ഈ അതോറിട്ടി എത്രയും വേഗം നടപ്പിലാക്കാൻ നടപടികൾ എടുക്കണം.

ഇവിടെ നമ്മുടെ വികസന രംഗത്ത് ഒരു സമതുലിതമായ നയം വേണം. വികസനം ഉണ്ടാകേണ്ട മേഖലകൾ കൂടുതലായി വികസിച്ച് പോകുന്നു. അവികസിത മേഖലകൾ പിന്തള്ളപ്പെട്ടു പോകുന്നു; അതാണ് കേരളത്തിൽ കാണുന്ന പ്രത്യേകത. മലബാറിനോട് പ്രത്യേകമായ പരിഗണന ഉണ്ടാകേണ്ടത് ചരിത്രപരമായ ആവശ്യമാണ്. കേരളത്തിലെ മലയോര പ്രദേശങ്ങളിൽ ആശുപത്രികളിൽ പോകാനുള്ള സൗകര്യങ്ങളില്ല. യാത്രാസൗകര്യമില്ല, വിദ്യാഭ്യാസ സൗകര്യങ്ങളില്ല. ഇങ്ങനെയുള്ള ഏററവും പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ ഈ മേഖലയെ അവഗണിക്കുന്നത് ശരിയല്ല. കഴിഞ്ഞ ദിവസം കോട്ടയത്ത് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ചെയ്ത ഒരു പ്രസംഗം ഞാൻ വായിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞിരിക്കുന്നത്,—കേരളത്തിന്റെ വികസന നയത്തിൽ പാളിച്ച ഉണ്ടായിരിക്കുന്നു; കേരളം ഇന്നലെവരെ ഊന്നൽ കൊടുത്തത് വിദ്യാഭ്യാസ മേഖലയ്ക്കും ആരോഗ്യ മേഖലയ്ക്കുമായിരുന്നു. ആ നയം തെററിപ്പോയി എന്ന് അദ്ദേഹം ഇന്നലെ സമ്മതിച്ചിരിക്കുന്നു. ഏതായാലും ആ നയം തെററിയെങ്കിൽ ആ തെററിന്റെ ഉത്തരവാദിത്വം ഏതാണ്ട് പതിനൊന്ന് കൊല്ലക്കാലം

LIBRARY ARCHIVES Kerala Legislative Assembly

കേരളം ഭരിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും അതിലേറെ ഭരിച്ച സി. പി. ഐ. യ്ക്കുമൊക്കെ ഉണ്ട്. എന്തായാലും വികസന നയത്തിൽ പാളിച്ച ഉണ്ടായെങ്കിൽ, വികസന നയത്തിൽ ഒരു പുതിയ സമീപനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ തീർച്ചയായും മലയോര മേഖലയോട്, അവികസിത മേഖലയോട്, ന്യായമായ ഒരു പരിഗണന കാണിക്കണം. ഇവിടെ മുഖ്യമന്ത്രി ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, ഈ ഗവൺമെൻറ് വിശ്വസിക്കുന്നത് പ്രഖ്യാപനങ്ങളിലല്ല, പ്രഖ്യാപനങ്ങൾ നടത്തി ജനങ്ങളെ കബളിപ്പിക്കാനല്ല എന്ന്. മറിച്ച്, നടത്തുന്ന പ്രഖ്യാപനങ്ങൾ നടപ്പിലാക്കുമെന്ന്. അത് സ്വാഗതാർഹമായ കാര്യമാണ്. ഈ സംസ്ഥാനത്ത് പ്രഖ്യാപനങ്ങൾക്ക് യാതൊരു പഞ്ഞവുമുണ്ടായിട്ടില്ല. ആയിരം കോടി രൂപയുടെ ആ വികസനം, ആയിരം കോടിയുടെ ഈ വികസനം. ഇതു കേട്ടു കേട്ട് ജനങ്ങൾ മടുത്തിരിക്കുകയാണ്. ആ അവസ്ഥ മാറി പ്രഖ്യാപനങ്ങളല്ല, പറയുന്ന കാര്യങ്ങൾ ചെയ്യാനുള്ള ആത്മാർത്ഥത ഈ സർക്കാരിന് ഉണ്ടാകണം. ഇന്ന് പല പദ്ധതികളും അനിശ്ചിതമായി നീണ്ടുപോകുന്നു. കേരളത്തിൽ ആരംഭിച്ചിട്ടുള്ള ഓരോ പദ്ധതിയുടേയും കാലദൈർഘ്യം അനിശ്ചിതമാണ്. ഇവിടെ നമ്മുടെ ഇറിഗേഷൻ പദ്ധതികളുടെ അവസ്ഥ എന്താണ്? പഴശ്ശി പദ്ധതി ആരംഭിച്ചപ്പോൾ അതിന്റെ എസ്റ്റിമേറ്റ് തുക 442 ലക്ഷം രൂപയായിരുന്നു. ഇപ്പോൾ ഏതാണ്ട് 7736 ലക്ഷം രൂപ ചെലവിട്ടു കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും ആ പദ്ധതി പൂർത്തിയായിക്കഴിഞ്ഞിട്ടില്ല. എന്തുകൊണ്ട് ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല? അതുപോലെ ബാണാസുരസാഗർ പദ്ധതി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് തുക 500 ലക്ഷം രൂപയായിരുന്നു. ഇപ്പോൾ ചെലവാക്കിയത് 2,300—ലേറെ ലക്ഷം രൂപയാണ്. കാഞ്ഞിരപ്പുഴ പദ്ധതി തുടങ്ങിയപ്പോൾ എസ്റ്റിമേറ്റ് തുക 365 ലക്ഷം രൂപയായിരുന്നു. ഇപ്പോൾ ഏഴായിരത്തിൽ ചില്വാനം ലക്ഷം രൂപ കഴിഞ്ഞിരിക്കുന്നു. ഇടമലയാർ പദ്ധതി തുടങ്ങിയത് 1,745 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിലാണ്. ഇപ്പോൾ അത് പതിനായിരം ലക്ഷം രൂപ പിന്നിട്ടിരിക്കുന്നു. ഇങ്ങനെ, ഈ പദ്ധതികൾ, ആരംഭിച്ചപ്പോഴുള്ളതിനേക്കാൾ എത്രയോ ഇരട്ടി ചെലവഴിച്ചിട്ടും പൂർത്തിയാക്കാൻ സാധിക്കുന്നില്ല. എന്താണ് കാരണം? ഈ പദ്ധതികളൊക്കെ സമയബന്ധിതമായി പൂർത്തിയാക്കണം. ഇന്ന് ആരംഭശൂരത്വമല്ലാതെ, ആരംഭിക്കുന്ന പദ്ധതികളൊന്നും പൂർത്തിയാകുന്നില്ല. എല്ലാം ലക്ഷ്യത്തിലെത്താൻ വൈകുന്നു. എന്റെ മണ്ഡലത്തിലെ ശ്രീകണ്ഠപുരത്ത് ഒരു ഇലക്ട്രിസിറ്റി സബ് സ്റ്റേഷൻ ആരംഭിച്ചു. 1983-ൽ ആരംഭിച്ചതാണ്. 1995 ആയിട്ടും ഇന്നും പൂർത്തിയായിട്ടില്ല. അതുപോലെ ഇന്ന് രാവിലെ ചോദ്യോത്തര വേളയിൽ മലബാറിലെ പുതിയ ഹൈഡ്രോ ഇലക്ട്രിക് സ്കീമിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്താണ് സംഭവിച്ചത്? എന്റെ മണ്ഡലത്തിലെ വാഞ്ചിയം അടക്കം 12 പദ്ധതികൾ ഐഡന്റിഫൈ ചെയ്തു. ഇലക്ട്രിസിറ്റി ബോർഡ് ആ പദ്ധതികൾ ചെയ്യുന്നതിന് ചില ആൾക്കാരുമായി എം. ഒ. യു. വിൽ ഒപ്പുവച്ചു. ഇലക്ട്രിസിറ്റി ബോർഡ് ഒപ്പുവച്ച എം. ഒ. യു. ആരുമായിട്ടായിരുന്നു? ഇലക്ട്രിസിറ്റി ബോർഡിലെ ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥൻ നടത്തുന്ന ഐഡിയൽ എൻറർപ്രൈസസ് എന്ന കമ്പനിക്കാണ് ഈ 12 പദ്ധതികളിൽ എട്ടും കൊടുത്തത്. ആ റിട്ടയേർഡ് ഉദ്യോഗസ്ഥൻ എല്ലാ പദ്ധതികളും വാരിക്കെട്ടി പോക്കറ്റിലാക്കി ഒന്നും ആരംഭിക്കാതെ വന്നപ്പോൾ ഇപ്പോൾ അതെല്ലാം ക്യാൻസൽ ചെയ്തിരിക്കുന്നു. എങ്ങനെ ഈ സംഭവം ഉണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഹൈഡ്രോ ഇലക്ട്രിക് രംഗത്ത് ഒരു പുതിയ മാററമുണ്ടാകേണ്ട കാലഘട്ടത്തിൽ വൈദ്യുതി രംഗത്ത് വലിയ തകർച്ച ഉണ്ടാകുമ്പോൾ ആരംഭിക്കേണ്ട ഈ പുതിയ പദ്ധതികൾ ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥന്റെ താൽപ്പര്യത്തിന് വഴങ്ങി നൽകാൻ എന്തുകൊണ്ട് ബോർഡ് തയ്യാറായി എന്നുള്ളത് അന്വേഷിക്കണം. ഈ പദ്ധതികൾ നടക്കാതെ പോയത് എന്തുകൊണ്ടാണ്? വാഞ്ചിയം, അതുപോലെ നിരവധി പദ്ധതികൾ, ആരംഭിക്കാമായിരുന്നു; പക്ഷേ ആരംഭിക്കാനുള്ള സാമാന്യമായ ഒരു സമീപനം ഇലക്ട്രിസിററി ബോർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. എം. ഹസ്സൻ)

സർ, എനിക്ക് ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് ഈ സംസ്ഥാനത്ത് വളരെയേറെ ഭയാശങ്കകളും സംശയങ്ങളും ജനങ്ങളുടെ മനസ്സിൽ ഉണ്ട്. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് നമ്മുടെ ഭരണകൂടം സ്ഫടികം പോലെ നിർമ്മലമായിരിക്കണം എന്നതാണ്. ഈ ഭരണത്തിന് ഒരു ട്രാൻസ്പേരൻസി ഉണ്ടാകണം; ഈ ഭരണത്തിന് സുതാര്യതയുണ്ടാകണം. ഈ ഭരണത്തിന്റെ ഓരോ മേഖലകളിലും ജനങ്ങളുടെ സംശയങ്ങൾ വളരെയേറെ വളർന്നുകൊണ്ടിരിക്കുന്നു. ഓരോ പദ്ധതികൾ ഉണ്ടാകുമ്പോൾ അവയെച്ചൊല്ലി ആശങ്കകൾ, അതിന്റെ പിന്നിലുണ്ടാകുന്ന അഴിമതിയെപ്പററിയുള്ള ഉൽക്കണ്ഠകൾ ഒക്കെ, ജനങ്ങളുടെ മനസ്സിലുണ്ട്. അതുകൊണ്ട് ഈ ഭരണകൂടത്തിന്റെ സുതാര്യത—ട്രാൻസ്പേരൻസി—നിലനിർത്തണം. ഈ ഭരണത്തിൽ ഒന്നും മറച്ചുവെയ്ക്കാനില്ല. ജനങ്ങളുടെ ഭരണമാണെങ്കിൽ ജനങ്ങൾക്ക് കാര്യങ്ങൾ അറിയാനുള്ള സൗകര്യമുണ്ടാകണം.

അതുപോലെ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാററത്തിന്റെ കാര്യം. അതിനെസംബന്ധിച്ച് ഇന്ന് പലതും കേൾക്കുന്നുണ്ട്; പല കഥകളും പലരും പറയുന്നുണ്ട്. ഉദ്യോഗസ്ഥൻമാർ പറയുന്നത് ചില പ്രത്യേക പോസ്ററുകളിൽ ഇരിക്കുന്നതിനുവേണ്ടി അവർ ലക്ഷങ്ങൾ മുടക്കുന്നു എന്നാണ്. എനിക്ക് അറിയില്ല. എന്തായാലും അത് അവസാനിപ്പിക്കണം. സ്ഥലംമാററത്തിന് വ്യക്തമായ മാനദണ്ഡം ഉണ്ടാകണം. സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാററമുണ്ടാകുമ്പോൾ ആരുടെയെങ്കിലും ഇംഗിതമനുസരിച്ച് ആർക്കെങ്കിലും ആരെയെങ്കിലും സ്വാധീനിക്കേണ്ട അവസ്ഥ മാറി വ്യക്തമായ നോംസ് ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാററമുണ്ടായാൽ പലതും അവസാനിക്കും. ഏതായാലും കേരളത്തിലെ ജനങ്ങൾക്ക് ഒരു പ്രതീക്ഷയുണ്ട്. ഈ ഭരണകൂടം കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയുടെ നിറകുടമാണ്. തീർച്ചയായും ഈ ഭരണകൂടത്തിന്റെ പ്രതീക്ഷകൾ നിലനിറുത്താൻ, കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷകൾ പൂവണിയിക്കാൻ, കഴിയുന്ന തരത്തിലുള്ള നടപടികൾ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണിയിൽനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഇവിടെ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടും പിന്നീട് അതിനെ പിന്താങ്ങിക്കൊണ്ടും ഭരണകക്ഷിയിൽനിന്ന് വളരെ പ്രഗത്ഭരായ ആളുകൾ സംസാരിച്ചപ്പോൾ ഒട്ടേറെ നേട്ടങ്ങൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉള്ളതായിട്ട് ചൂണ്ടിക്കാണിക്കാൻ അവർ ശ്രമിച്ചു. അത് അവർ ചെയ്യേണ്ടതാണ്. എന്നാൽ അങ്ങ് ചെയറിൽ ഇരിക്കുന്നതുകൊണ്ട് അറിയാമോ എന്ന് എനിക്ക് അറിയില്ല, ഇപ്പോൾ ബീഹാറിൽ നിന്നുള്ള ഇലക്ഷൻ റിസൾട്ട് വന്നുകൊണ്ടിരിക്കുകയാണ്. ട്രെൻറ് കോൺഗ്രസിന്

LIBRARY ARCHIVES Kerala Legislative Assembly

എതിരാണ്. മിക്കവാറും ആ റിസൾട്ടുകൂടി വന്നുകഴിയുമ്പോൾ കോൺഗ്രസ് പാർട്ടി അതിന്റെ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കും. 105 വർഷത്തെ ചരിത്രത്തിൽ ഗംഗാസമതലത്തിൽ നിന്ന് തൂത്തുമാറ്റപ്പെട്ട പാർട്ടി എന്നായിരിക്കും ആ ചരിത്രം. അതുപോലെ പടിഞ്ഞാറൻ ഇൻഡ്യയിൽ--മഹാത്മാഗാന്ധിയുടെ ജൻമദേശം ഉൾപ്പെടെ, ഇൻഡ്യയുടെ ഫിനാൻഷ്യൽ ക്യാപിററൽ എന്ന് പറയാവുന്ന മഹാരാഷ്ട്ര ഉൾപ്പെടെ,—കോൺഗ്രസ് കാഴ്ചവച്ചത് ദയനീയ ചിത്രമായിരുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചുവെന്നതിനെക്കുറിച്ച് ഒരു നിമിഷമെങ്കിലും അല്പം ഒരു ആത്മപരിശോധന നടത്തേണ്ടതല്ലേ? അതില്ല എന്നാണ് ഇപ്പോഴും എനിക്കുള്ള ഒരു പരാതി. ഇപ്പോൾ പറയുന്നത് എന്താണ്? Budget with a human face കേന്ദ്രത്തിലും ഇപ്പോൾ ഇവിടെയും. Budget with a human heart—എന്നായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. Human face എന്നു പറയുമ്പോൾ ഒരു പൊയ്മുഖം എടുത്തുവച്ചാലും നമുക്കു തോന്നും ഹ്യൂമൻ ഫേസ് ആണെന്ന്. നിങ്ങൾ അണിയുന്ന ആ പൊയ്മുഖത്തെ ഞങ്ങൾ പിച്ചിച്ചീന്തും; അത് ഞങ്ങളുടെ ചുമതലയാണ്; രാഷ്ട്രീയത്തോടുള്ള ചുമതലയാണ്. ജനങ്ങളോടുള്ള ചുമതലയാണ്. അങ്ങനെ പറയാൻ കാരണമുണ്ട്. ഇത്രയും നേട്ടങ്ങളൊക്കെ ഉണ്ടാക്കി എന്ന് ഭരണകക്ഷി അവകാശപ്പെട്ടിട്ടും എന്തുകൊണ്ടോ എനിക്ക് വളരെ ബഹുമാനമുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജററിലെ ആദ്യത്തെ വാചകംതന്നെ വാസ്തവത്തിൽ വളരെ മോശമായി തോന്നി. ഏററവും സങ്കീർണ്ണമായ ഒരു കടമയാണത്രേ ബഡ്ജററ് അവതരിപ്പിക്കൽ. എനിക്ക് അങ്ങനെ അല്ല തോന്നുന്നത്. ഒരു ഗവൺമെൻറ് ജനങ്ങളോട് ചെയ്ത വാഗ്ദാനം നിറവേററുന്നതിനുവേണ്ടി ജനാധിപത്യ ഇൻഡ്യയിൽ ഭരണഘടന അനുവദിക്കുന്ന 5 വർഷങ്ങളിൽ 5 ബഡ്ജററുകൾ അവതരിപ്പിക്കുമ്പോൾ, ചുവടുവച്ച് ആ വാഗ്ദാനങ്ങൾ നിറവേററുന്നതിൽ അവർ വിജയിക്കണം. ബഡ്ജററ് ഒരു ഇഫക്ടീവ് പൊളിററിക്കൽ ഇൻസ്ട്രുമെൻറാണ്. ഒരു ഇക്കണോമിക് ഇൻസ്ട്രുമെൻറാണ്; നിങ്ങൾ ജനങ്ങളോട് ചെയ്യുന്ന വാഗ്ദാനങ്ങൾ നിറവേററാൻ. അല്ലാതെ സങ്കീർണ്ണമായ ഒരു ടെക്നിക്കൽ സാധനമല്ല ബഡ്ജററ്. അത് നിറവേററിയിട്ടുണ്ടോ? ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇൻഡ്യയിൽ ഏററവും പ്രധാനപ്പെട്ട 15 സാമ്പത്തിക വിദഗ്ദ്ധൻമാരുണ്ട്. അവരിൽ ഡോ. കെ. എൻ. രാജ്, ഡോ. ശുക്ല, ശ്രീ. ജി. സി. ജോഷി, ഡോ. ഗുലാത്തി, ശ്രീ. എം. കെ. ചന്ദ, ശ്രീ. അരുൺ ഘോഷ് തുടങ്ങിയ പ്രാമാണികരായ നിങ്ങൾക്കും എനിക്കും ഒക്കെ അറിയാവുന്ന, സാമ്പത്തിക വിദഗ്ദ്ധർ നിങ്ങളുടെ ഈ പെർഫോമൻസിനെക്കുറിച്ച് ചോദിച്ചിരിക്കുന്നത്, ഇത്രയും നല്ല വാഗ്ദാനങ്ങൾ ചെയ്തിട്ട് എന്തുകൊണ്ട് ഇൻഡ്യയിൽ കോൺഗ്രസിനെ റിജക്ട് ചെയ്യുന്നു എന്നാണ്. അവർ പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കാം. "Despite six good monsoons in a row, the nation has continued to be in the growth of double digit inflation concentrated mostly in the price of food and other necessities." ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് അഭിമാനിച്ച രണ്ട് കാര്യങ്ങൾ ഏതാണ്ട് 30 മില്യൻ ടണ്ണോളം ഭക്ഷ്യസാധനങ്ങൾ നമ്മുടെ കയ്യിൽ സ്റേറാക്കുണ്ടെന്നാണ്. നമ്മുടെ ഫോറിൻ എക്സ്ചേഞ്ച് റിസർവ് കണ്ടമാനം വർദ്ധിച്ചിരിക്കുന്നു. അദ്ദേഹം മനസ്സിലാക്കിയോ എന്ന് എനിക്കറിയില്ല. ഡോ. മൻമോഹൻ സിംഗ് പറഞ്ഞത് ആ ഫോറിൻ എക്സ്ചേഞ്ച് റിസർവ് ഇത്രയും വർദ്ധിച്ചത് ഇപ്പോൾ ഇൻഫ്ളേഷന് കാരണമാണെന്നാണ്. അതുപോലെ ഈ 30 ലക്ഷം ടൺ ഭക്ഷ്യസാധനങ്ങൾ ലക്ഷ്യബോധമില്ലാതെ വാങ്ങിച്ച് അവിടെ വച്ചിരുന്നാൽ അത് ഇൻഫ്ളേഷന് കാരണമാകും. അതുകൊണ്ട് എന്തെങ്കിലുമൊക്കെ ചെയ്യണ്ടേ. ചെയ്യേണ്ടത് എന്താണ്? നിങ്ങൾ ഈ രാജ്യത്ത് ഭക്ഷ്യ

LIBRARY ARCHIVES Kerala Legislative Assembly

ധാന്യങ്ങൾ കൂടുതൽ ഉൽപ്പാദിപ്പിക്കാൻ ഉതകുന്ന സമീപനം സ്വീകരിക്കുന്നില്ല. ഈ ഭക്ഷ്യധാന്യങ്ങൾ ഉപയോഗിച്ച് വില കുറയ്ക്കാനുള്ള നടപടിയും സമ്പത്ത് വർദ്ധിപ്പിക്കാനുള്ള നടപടിയും സ്വീകരിക്കുന്നില്ല. അതാണ് ഞാൻ ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം.

മറ്റൊരു കാര്യം ഫോറിൻ എക്സ്ചേഞ്ച് നമുക്ക് ഒരുപാട് കിട്ടിയെന്ന് പറയുമ്പോൾ അതിനകത്ത് അറിയേണ്ട ഒരു കാര്യം ഏതാണ്ട് ഒരു മെക്സിക്കൻ പാതയിലാണ് നമ്മൾ പോകുന്നത് എന്നതാണ്. അങ്ങനെ പോയാലുള്ള അപകടം എന്താണ്? ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ഇല്ല. അതിന്റെ പെർസെന്റേജ് വളരെ കുറവാണ്. എന്നാൽ അവർ പോർട്ട് ഫോളിയോ മാനേജ്മെന്റ് നടത്താൻ ഇവിടെ വരികയാണ്. ഷെയർ മാർക്കറ്റിൽ പർച്ചേസ് ചെയ്യുകയാണ്. നമ്മുടെ കമ്പനികൾ എല്ലാം പർച്ചേസ് ചെയ്യുന്നു. അതുപോലെ എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ്, അതുപോലെ കടം വാങ്ങികൂട്ടിയത്. ഇതൊക്കെകൂടി കൂട്ടി ഞങ്ങളുടെ കയ്യിൽ ഒരുപാട് ഫോറിൻ എക്സ്ചേഞ്ച് റിസർവ് ഉണ്ടെന്ന് പറഞ്ഞാൽ ഒരു ദിവസം അവർ അതെല്ലാം മാററിയാൽ You will land in Mexican Path. അത് ഉണ്ടാകരുതെന്നുള്ളത് നിങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. പ്ലാനിംഗ് കമ്മീഷനിൽ വളരെക്കാലം മെമ്പറായിരുന്ന ഡോ. സി. എച്ച്. ഹനുമന്ത റാവു അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ ഇവരുടെ സാമ്പത്തിക നയങ്ങളെക്കുറിച്ച് എഴുതിയത് പരിശോധിച്ച് നോക്കണം. അതിൽ പറഞ്ഞിരിക്കുന്നത് എന്താണെന്ന് അറിയാമോ? അങ്ങ് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്: "the latest estimate of N. S. S."—അതൊക്കെ സർക്കാർ ഔദ്യോഗികമായിട്ട് നടത്തുന്ന കാര്യങ്ങളാണല്ലോ. National Sample Survey ....that shows that "the population below poverty line has increased from 35.5% in 1991 to 40.7% in 1992-93". സർ, ഭരണത്തിന്റെ ഒരു മേന്മ നോക്കണം! രണ്ടു വർഷം കഴിയുമ്പോൾ പോപ്പുലേഷനിൽ 298 മില്യൻ പാവങ്ങൾ ഉണ്ടായിരുന്നിടത്ത് അത് 354 മില്യനാക്കി വർദ്ധിപ്പിച്ചു എന്നുള്ളത് നേട്ടമാണ്. അത് നേട്ടമാണെങ്കിൽ അവരൊക്കെ വോട്ടുചെയ്യും. അവരൊക്കെ വോട്ടു ചെയ്യുന്നു എന്നുള്ളതുകൊണ്ടാണ് നിങ്ങൾ തോററു പോകുന്നത്. ഇതുപോലെ ഒരുപാട് പ്രത്യേകതകളുണ്ട്. ഞാൻ അതിലേക്കൊന്നും അധികം കടന്ന് സംസാരിക്കുന്നില്ല. ഒരു വലിയ സാമ്പത്തിക നേട്ടമുണ്ടാക്കി എന്ന് നിങ്ങൾ പറയുമ്പോൾ ആ നേട്ടം ജനങ്ങൾക്ക് ഗുണമുണ്ടാകത്തക്കവിധത്തിൽ തിരിച്ചുവിടാൻ ആൾ ഇൻഡ്യാ ലെവലിൽ നിങ്ങൾക്ക് കഴിയുന്നില്ല. അതിന്റെ ശിക്ഷ ഇപ്പോൾ നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു ശിക്ഷ അനുഭവിക്കുമ്പോൾ ഇവിടെ ശ്രീ. ആന്റണി—അദ്ദേഹം എന്റെ സുഹൃത്തുകൂടിയാണ്.—എന്താണ് പറഞ്ഞത്? എനിക്ക് വളരെ നിരാശ തോന്നുന്നു മി. ആന്റണി, അങ്ങയുടെ ആ പ്രസംഗം കേട്ടപ്പോൾ. കമ്മ്യൂണിസ്റ്റുകാരെ ഒതുക്കുമെന്ന്. ഈ ഒരു ജോലി ചെയ്യാനാണോ അങ്ങ് ഇവിടെ വന്നത്? കരുണാകരൻ ഇതിനേക്കാൾ മിടുക്കനായിരുന്നില്ലേ. ഞങ്ങളെ ഒന്നു ഒതുക്കി ഒരു മൂലയിൽ ഇരുത്തുകയെന്നുള്ള കാര്യം നടക്കുമോ? ഞാൻ അങ്ങയോട് ഒരു കാര്യം ചോദിക്കട്ടെ: ഇന്നത്തെ ഇൻഡ്യൻ സാഹചര്യത്തിൽ നിങ്ങളൊരു മൂലയിൽ ഇരിക്കുമ്പോൾ നാളത്തെ ഇൻഡ്യയിൽ ഈ രാജ്യത്തെ ജനാധിപത്യം, മതേതരത്വം, നിങ്ങൾ കൊട്ടിഘോഷിക്കുന്ന സോഷ്യലിസം, ഇതിനൊക്കെവേണ്ടി ഈ രാജ്യത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണമെങ്കിൽ നിങ്ങൾക്ക് അതിനുവേണ്ട എന്തു പരിപാടികളാണ് നിങ്ങളുടെ കയ്യിലുള്ളത്? വലത്തോട്ടുമാറി ബി.ജെ.പി.യുടെ കൂടെ ഇരുന്നാൽ മതിയോ? തീർച്ചയായും അത് നടക്കില്ല. ഇൻഡ്യാ രാജ്യത്ത് ഇനി നിങ്ങൾക്ക് ഒററയ്ക്ക് ഭരിക്കാ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ള മോഹം വേണ്ട. അത് നിങ്ങളുടെ മനസ്സിൽ വച്ചിരുന്നാൽ മതി. നിങ്ങളുടെ പാർട്ടിയുടെ തിരുപ്പതി പ്രമേയത്തിൽ, 'ഇടതുപക്ഷങ്ങൾ ഞങ്ങളുടെ കൂടെവരണ'മെന്ന് പറഞ്ഞിരുന്നത് ഓർക്കുമല്ലോ? ഇതു വളരെ ആവേശകരമായ ഒരു മുദ്രാവാക്യമാണ്. എന്നോട് പലപ്പോഴും ചോദിക്കാറുണ്ട്. ഇടതുപക്ഷത്തിന് എന്തേ അങ്ങിനെയൊരു പോസിററീവ് റെസ്പോൺസ് ഉണ്ടാകാത്തതെന്ന്. അതെങ്ങിനെയുണ്ടാവും സർ? ഈ രാജ്യത്ത് കൂടുതൽ പദ്ധതികൾ ഉണ്ടാക്കുന്ന നയം—നിങ്ങളുടെ നയത്തോട് ഇടതുപക്ഷങ്ങൾക്ക് എങ്ങനെ യോജിക്കാൻ കഴിയും? ഈ രാജ്യത്തെ കുത്തുപാളയെടുപ്പിച്ച് മെക്സിക്കൻ പാത്തിലൂടെ കൊണ്ടു പോകുന്ന നിങ്ങളോട് എങ്ങിനെയാണ് ഇടതുപക്ഷം യോജിക്കുക? ഞാൻ ചോദിക്കട്ടെ, അങ്ങ് പറഞ്ഞു അർജ്ജുൻസിംഗിനെതിരെ നടപടി എടുത്തത് ശരിയായില്ല എന്ന്. അങ്ങനെയൊരു നിലപാടായിരുന്നു അങ്ങ് സ്വീകരിച്ചത്. അതായിരുന്നു സമുച്ചയത്തിന്റെ നിലപാട്. അർജ്ജുൻസിംഗ് പറഞ്ഞ രണ്ടു കാര്യങ്ങളിൽ എന്താണ് പറഞ്ഞിട്ടുള്ളത്? ഇപ്പോഴത്തെ ഗവൺമെന്റിന്റെ എക്കണോമിക് പോളിസി മനുഷ്യത്വമില്ലാത്ത ഇക്കണോമിക് പോളിസിയാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതുപോലെതന്നെ ഈ രാജ്യത്തെ മൈനോറിററികളോട് നിങ്ങൾ മാപ്പ് ചോദിക്കണമെങ്കിൽ അവരുടെ വിശ്വാസ്യത നിങ്ങൾ കൈവരിക്കണം. ഇക്കാര്യത്തിൽ എന്താണ് നിങ്ങളുടെ സമീപനമെന്ന് ഞാൻ ചോദിക്കുകയാണ്. കമ്മ്യൂണിസ്ററുകാരെ നിങ്ങൾ ഒരു മൂലയിൽ ഇരുത്തുവാനാണല്ലോ പുറപ്പാട്? അപ്പോൾ അതുകൊണ്ട് ഞാൻ പറയുന്നത്, ഇനിയൊരു വലിയ മാററം നിങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. അല്ലാതെ പഴകിയ വർത്തമാനം പറഞ്ഞതുകൊണ്ട് കാര്യമില്ല. നിങ്ങൾ തോററു കഴിഞ്ഞപ്പോൾ ഇവിടെ ശ്രീമാൻ കരുണാകരൻ പറഞ്ഞതെന്താണ്? ഞങ്ങൾ 1885-ലേ ജനിച്ചവരാണ്, ഞങ്ങൾ എന്തെല്ലാം കണ്ടവരാണ് എന്നൊക്കെ പറഞ്ഞു. എന്നാൽ ഞാൻ പറയുന്നു, ഇതൊന്നും ഇനി പറഞ്ഞിട്ട് കാര്യമില്ല. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്'' എന്നു പറയുന്നതുപോലെയാണ് ഇനി അതൊക്കെ പറയുന്നത്. ഇന്നത്തെ യാഥാർത്ഥ്യങ്ങളെ നേരിട്ടുകൊണ്ട് ഇൻഡ്യാരാജ്യത്തുള്ള സാമാന്യജനങ്ങളെ നിങ്ങൾക്ക് കാണാൻ കഴിയുമോ; അവരുടെ മനസ്സ് നിങ്ങൾക്കൊന്നു തൊടാൻ കഴിയുമോ എന്നുള്ള ആ വെല്ലുവിളി സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയുമോ? അതാണ് പ്രശ്നം.

ഈ ബഡ്ജററിനെക്കുറിച്ച് പറയുമ്പോൾ ഇവിടെ ഒരു ടെക്നിക്കൽ ബഡ്ജററാണ് ശ്രീ. പത്മരാജൻ അവതരിപ്പിക്കാൻ ശ്രമിച്ചത് എന്നാണ് എനിക്ക് പറയാനുള്ളത്. ഇതൊരു ടെക്നിക്കൽ ബഡ്ജററാണ്. സങ്കീർണ്ണമായ ഒരു കർത്തവ്യം നിർവ്വഹിച്ചു അദ്ദേഹം. ഈ ബഡ്ജററിന്റെ സാമ്പത്തിക റിവ്യൂ നോക്കിയാൽ അക്കാര്യം വ്യക്തമാകുന്നതാണ്. ഇവിടെയിപ്പോൾ കെ. സി. ജോസഫ് ചോദിച്ചു, നിങ്ങൾക്ക് നന്ദിവേണ്ടേ ഞങ്ങളോട്, ഞങ്ങൾ കുറേ നികുതി നിർദ്ദേശങ്ങളൊക്കെ പിൻവലിച്ചില്ലേ എന്നൊക്കെ. ഇനിയും ഒരു നല്ലവാക്ക് എങ്കിലും പറഞ്ഞുകൂടേ എന്ന് ചോദിച്ചു. എന്നാൽ ഞാൻ ചോദിക്കട്ടെ, ഇതിന് എന്തിനാണ് ഒരു നല്ല വാക്ക് പറയേണ്ടത്? ഞാൻ ചോദിക്കട്ടെ, ഇന്നാട്ടിലെ കൃഷിക്കാർക്ക് കേരളത്തിൽ ഇത്രയധികം ദ്രോഹം ചെയ്ത ഒരു ഗവൺമെന്റ് മുൻപ് ഉണ്ടായിരുന്നോ? നിങ്ങൾ പ്രഖ്യാപിച്ച എല്ലാ ആനുകൂല്യങ്ങളും ഓർത്തുകൊണ്ടുതന്നെയാണ് ഞാനിത് പറയുന്നത്. ഇക്കണോമിക് റിവ്യൂവിൽ ആദ്യത്തെ വാചകം കൃഷിയെപ്പററി പറയുന്നത് ശ്രദ്ധിച്ചോ? അതിൽ എന്താണ് പറയുന്നതെന്ന് ഒന്ന് വായിച്ചുനോക്കണം. അതിൽ പറയുന്നത് "കൃഷിക്കാർക്ക് അവർ ജീവിക്കാൻ കഴിയുന്ന വിധത്തിൽ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം വർദ്ധിപ്പിക്കാനോ അവരുടെ കാർഷികോൽപ്പന്നങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ജീവിക്കാനോ വേണ്ട സാഹചര്യം ഉണ്ടാക്കാൻ കഴിഞ്ഞില്ല, വിലയുടെ കാര്യത്തിൽ....''—വിലയുടെ കാര്യമാണ് പ്രധാനം. ഞാൻ ചോദിക്കട്ടെ, കോസ്മെറ്റിക് പരിഷ്ക്കാരങ്ങളല്ലേ? മറ്റുള്ളവയൊക്കെ കോസ്മെറ്റിക് മേമ്പൊടികളാണ്. പക്ഷേ കേരളത്തിലെ കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ആദായകരമായ വിലകൊടുക്കാൻ കഴിഞ്ഞില്ല എന്നുള്ളതുകൊണ്ട് നിങ്ങൾ ആ പാരിററി ഉണ്ടാക്കുമോ? അതൊന്നു എടുത്തുനോക്കണം, അത് ക്രമേണ താഴോട്ട് താഴോട്ട് വരികയാണ്. കൃഷിക്കാരുടെ സാമ്പത്തിക നിലവാരം 1987-ൽ 100 എന്ന് കണക്കാക്കിയത് ഇപ്പോൾ 72-ലോ 73-ലോ ആണ്, സർ ആ പാരിററി എത്തിനിൽക്കുന്നത്. എന്നിട്ട് ഞങ്ങൾ അല്പം മേമ്പൊടിയൊക്കെ ഇട്ടുതരാം, കേന്ദ്രത്തിൽ ........കണ്ണിൽ ഇത്തിരി മണ്ണിട്ടുതരാമെന്ന് പറഞ്ഞാൽ കൃഷിക്കാരുടെ അനുഭാവമൊന്നും നിങ്ങളോട് ഉണ്ടാവില്ല. കൃഷിക്കാരൊന്നും നിങ്ങളുടെ കൂടെയുണ്ടാവില്ല. എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മറക്കരുത്. ഈ ബഡ്ജററ് കണ്ണിൽ ചോരയില്ലാത്ത ബഡ്ജററല്ലേ തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ? തൊഴിലില്ലായ്മയുടെ കാര്യം എടുത്തുനോക്കിയാൽ കഴിഞ്ഞതവണ നമ്മുടെ ഉമ്മൻചാണ്ടി—വളരെ ഉദാരമായി അദ്ദേഹം പറഞ്ഞു, എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന് ഉണ്ടെന്ന്. എന്നിട്ട് എന്തെങ്കിലും ചെയ്തോ? തൊഴിലില്ലായ്മ ഇവിടെ വീണ്ടും വർദ്ധിച്ചില്ലേ? തൊഴിലില്ലായ്മ ഇവിടെ വീണ്ടും വീണ്ടും വർദ്ധിച്ചു. തൊഴിലില്ലായ്മയുടെ കണക്കും പറഞ്ഞുകൊണ്ടാണ് നമ്മളിവിടെ നിൽക്കുന്നത്. അപ്പോൾ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുക, കൃഷിക്കാരനെ പാപ്പരാക്കുക, ഈ രാജ്യത്തെ വ്യവസായങ്ങൾ......ടൂറിസം: നമ്മൾ അതിന്റെ കാര്യം നോക്കുമ്പോൾ ഈ ബഡ്ജററിൽ ഒരു ജനകീയസ്വഭാവം ഉണ്ടെന്ന് നമുക്ക് പറയാൻ കഴിയുമോ? നമ്മുടെ ധനകാര്യമന്ത്രി, ഈ ബഡ്ജററ് പ്രസംഗത്തിന്റെ 56-ാമത്തെ പേജിൽ റിസർവ് ബാങ്ക് എന്തോ സർവേ റിപ്പോർട്ട് കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ആ റിസർവ് ബാങ്കിന്റെ ഒരു റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. എന്നാൽ അതൊക്കെ എടുത്തു കാണിക്കാനും പറയാനും എനിക്ക് സമയം കുറവാണ്. റിസർവ് ബാങ്കിന്റെ റിപ്പോർട്ടിൽ എന്താണ് പറയുന്നത് എന്ന് നോക്കാം. റിസർവ് ബാങ്ക് ഈ സ്റ്റേററിനെപ്പററി പഠനം നടത്തിയിട്ട് പറഞ്ഞത് ഈ സ്റ്റേററിന്റെ ഫൈനാൻസിൽ റവന്യൂ വരുമാനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്, ഫിസ്ക്കൽ ഡെഫിസിററ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. ഇതിന്റെ കാരണമെന്താണ്? സെൻറർ അവരുടെ കാര്യങ്ങളൊക്കെ നന്നായി നോക്കി എന്നു പറയുന്നു. എന്നാൽ സ്റ്റേററിന് വേണ്ടവിധത്തിൽ ഡെവലൂഷൻ വഴി പണം കൊടുക്കുന്നില്ല. അതുതന്നെയാണ് ഞാൻ നേരത്തേ പറഞ്ഞ കാര്യം. ഇക്കണോമിസ്റ്റുകളും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സ്റ്റേററുകൾ കൂടുതൽ കൂടുതൽ കടഭാരത്തിലേക്ക് എത്തിച്ചേരുന്നു. അതിന്റെ ഫലമായിട്ട് ജനങ്ങൾ കൂടുതൽ കൂടുതൽ നികുതിഭാരത്തിലേക്ക് എത്തിച്ചേരുകയാണ്. ജനങ്ങളെ കൂടുതൽ ഞെക്കിപ്പിഴിയുന്ന ഒരു സ്ഥിതിയിലേക്കാണ് എത്തിച്ചേർന്നിരിക്കുന്നത്. ഈ ബഡ്ജററിന് ഒരു ഹ്യൂമൻ ഫെയിസ് ആണ് ഉള്ളത്. അതുകൊണ്ട് നിങ്ങളിതിനെ സപ്പോർട്ട് ചെയ്തുകൊള്ളണമെന്ന് പറഞ്ഞാൽ അതിനെ ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയുമോ? ഈ വോട്ട് ഓൺ അക്കൗണ്ടിനെപ്പററി പറയുമ്പോൾ ഒരു കാര്യം കൂടി പറയാം. നമ്മുടെ ചെലവും അതുപോലുള്ള കാര്യങ്ങളുമൊക്കെയാണല്ലോ ഇതിലുൾപ്പെടുന്നത്. എനിക്ക് തോന്നുന്നത് ചെലവ് കുറയ്ക്കുന്നതിനെക്കുറിച്ച് പറയാനാണ്. ഇപ്പോൾ രണ്ട് ബസ്സുകളാണല്ലോ ഇവിടെ എം.എൽ.എ.മാർക്കു വേണ്ടിയാത്രയ്ക്കായിട്ട് ഉപയോഗിക്കുന്നത്. അക്കാര്യത്തിൽനിന്നും തുടങ്ങുന്ന

LIBRARY ARCHIVES Kerala Legislative Assembly

താവും നല്ലതെന്ന് എനിക്ക് തോന്നുന്നു. ഇൻറർസ്റേററ് ബസ്സുകൾ ആണ് എം. എൽ. എ. മാർക്കു വേണ്ടി യാത്രയ്ക്കായി ഉപയോഗിക്കുന്നത്. വെറും അഞ്ചോ ആറോ എം. എൽ. എ. മാർക്ക് യാത്ര ചെയ്യുന്നതിനു വേണ്ടിയാണ് ഈ ബസ്സുകൾ ഉപയോഗിക്കുന്നത്. അതും വേണമെങ്കിൽ കുറയ്ക്കാവുന്നതാണ്. നമ്മുടെ മന്ത്രിമാരുടെ എണ്ണവും, അതുപോലെതന്നെ ശ്രീ. ആൻറണി ഒഴിച്ചുള്ള മന്ത്രിമാരുടെ ആർഭാടങ്ങൾ, ഉദ്യോഗസ്ഥമേധാവികളുടെ ധൂർത്ത്, ഇതൊക്കെ, ഒഴിവാക്കണം. പിന്നെ ഏററവും പ്രധാനപ്പെട്ട മറെറാരു കാര്യം പറയാനുള്ളത് പഞ്ചായത്ത് തിരഞ്ഞെടുപ്പിനെക്കുറിച്ചാണ്. അത് യഥാസമയം നടത്തുമോ യെന്നുള്ളതിനെക്കുറിച്ച് ശ്രീ. ആൻറണി മറുപടി പറയണം. പഞ്ചായത്ത്, മുനിസിപ്പൽ തിരഞ്ഞെടുപ്പ് എന്തുകൊണ്ടും ശ്രീ. ആൻറണിയുടെ ഉരകല്ലാണ്. നിങ്ങളുടെ ആത്മാർത്ഥതയിൽ നിങ്ങളുടെ ജനാധിപത്യബോധത്തിൻെറ, ഭരണഘടനയുടെ, അന്തസ്സത്തയ്ക്ക് വിരുദ്ധമായി അതിനെ ലംഘിച്ചുകൊണ്ട്, ഇവിടെ നിയമമുണ്ടാക്കാൻ ശ്രമിച്ചു. നിങ്ങളിവിടെ ആ നിയമം പാസ്സാക്കിയത് ഭരണഘടനയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ടല്ല. രാജീവ്ഗാന്ധിയുടെ സ്പിരിററ് ഉൾക്കൊണ്ടുകൊണ്ടല്ല. ആ നിയമം ഇപ്പോൾ നടപ്പാക്കാതെ എങ്ങനെ ഒഴിയാം എന്നു നോക്കുകയാണ്. മെയ്വഴക്കം കണക്കിലെടുത്ത്. ആയിരുന്നു ഇത്രയും നാൾ ഒഴിഞ്ഞത്. അങ്ങനെ മെയ്വഴക്കമില്ലാതെ ഈ തിരഞ്ഞെടുപ്പ് നടത്തിയാൽ ഈ സെക്രട്ടേറിയേററ് എന്ന വെള്ളാനയെ അങ്ങനെ നമുക്ക് കുറച്ചുകൂടി ചെറുതാക്കാം. ചെലവുചുരുക്കലിനും ജനകീയമായ ഒരു സംവിധാനം സൃഷ്ടിക്കാൻ സാധിക്കും. അതുകൊണ്ട് അക്കാര്യം അങ്ങ് ഒന്നു പറഞ്ഞാൽ തരക്കേടില്ല, അത് എന്ന് നടത്തുമെന്ന്. മററു കാര്യങ്ങളെക്കുറിച്ച് പറയണമെന്നുണ്ടെങ്കിലും സമയക്കുറവുകൊണ്ട് കൂടുതൽ പറയുന്നില്ല. അങ്ങയോട് ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഉപസംഹരിക്കുന്നു; ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. 1991 ജൂൺ മാസത്തിൽ അധികാരത്തിൽവന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ്, കേരളത്തിൻെറ സമഗ്രമായ പുരോഗതിക്കു വേണ്ടിയുള്ള തീവ്രയത്നപരിപാടിയുമായി അതിൻെറ രണ്ടാം ഘട്ടം എന്ന നിലയിൽ കേരളത്തിൻെറ ആദരണീയനായ ശ്രീ. എ. കെ. ആൻറണി മുഖ്യമന്ത്രിയായി വന്നുകൊണ്ടുള്ള ഈ ഗവൺമെൻറ്, അതിൻെറ പ്രയാണം ആരംഭിച്ചിരിക്കുകയാണ്. കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെൻറ് എന്നനിലയിൽ ഘടകകക്ഷികൾ ഒററക്കെട്ടായി നിന്നുകൊണ്ട് ഈ സംസ്ഥാനത്തിൻെറ തന്നെ മുഖച്ഛായ മാററിയെടുക്കുന്നതിന്, ഗവൺമെൻറിൻെറ പ്രതിച്ഛായ നന്നാക്കിക്കൊണ്ട് രംഗത്തിറങ്ങിയിരിക്കുന്ന ഈ ഗവൺമെൻറിൻെറ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആൻറണിയെ ഞാൻ ഈ അവസരത്തിൽ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഈ ഗവൺമെൻറിൻെറ ആദ്യത്തെ ബഡ്ജററാണിത്. പോരായ്മകൾ സാധാരണയാണ്. പോരായ്മകളുണ്ടെന്ന് ഈ ബഡ്ജററിൻെറ പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള മെമ്പർമാർ കേരളത്തിലെ ജനങ്ങളുടെ വികാരങ്ങൾ ഈ സഭയിൽ പ്രകടിപ്പിക്കുകയുണ്ടായി. ആ വികാരമുൾക്കൊണ്ടുകൊണ്ട് ഇന്നലെ ബഡ്ജററ് ചർച്ചക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഗൽഭനായ നമ്മുടെ ധനകാര്യ വകുപ്പു മന്ത്രി ശ്രീ. സി. വി. പത്മരാജൻ 58.25 കോടി രൂപയ്ക്കുള്ള നികുതി നിർദ്ദേശങ്ങൾ ഇവിടെ പിൻവലിക്കുകയുണ്ടായി. കേരളത്തിലെ ജനങ്ങൾ ഇന്ന് വളരെ സന്തോഷത്തോടെ, അഭിമാനത്തോടെ, ആണ് നിൽക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള കാര്യം ഇവിടെ ഞാൻ പ്രത്യേകം എടുത്തു പറയേണ്ടതായിട്ടില്ല. ഈ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഗവൺമെന്റാണ്. അത് തെളിയിക്കാൻ ഇന്നത്തെ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടിയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കാണിച്ച സമീപനം ഈ സംസ്ഥാനത്തെ ജനങ്ങളോടുള്ള സമീപനം തന്നെയാണ് വെളിവാക്കുന്നതെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

ഈ ബഡ്ജറ്റ് നാറാണത്തു ഭ്രാന്തന്റെ ബഡ്ജറ്റാണെന്ന് ഇവിടെ പറയുകയുണ്ടായി. ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. സംസ്ഥാനത്തെ ലക്ഷക്കണക്കിനുള്ള ദരിദ്രനാരായണൻമാരുടെ
12 NOON] പുരോഗതിക്കുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് എന്നുമാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളൂ. ഇവിടെ ശ്രീ. നാരായണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുസ്ലീംലീഗിനെപ്പറ്റി പരാമർശിക്കുകയുണ്ടായി. മുസ്ലീംലീഗിനെ വർഗ്ഗീയ പാർട്ടിയാണെന്ന് ഇൻഡ്യൻ പ്രധാനമന്ത്രി, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റ് നരസിംഹറാവു, പ്രഖ്യാപനം നടത്തി എന്നാണ് പറഞ്ഞത്. ഇവിടെ പലരും പലപ്പോഴായി ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ് അത്. ഞങ്ങൾ ആ പറയുന്ന പലതിനേയും അവഗണിച്ചു. അതു പലരും പരീക്ഷിച്ചുനോക്കി. ഇന്ത്യയിലെ ഏററവും നല്ല മതേതര പാർട്ടിയായി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനെ അംഗീകരിച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് മറെറാന്നും ഈ സന്ദർഭത്തിൽ പറയുന്നില്ല. ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള കുതിച്ചുചാട്ടത്തിന്റെ തുടക്കമാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. ഏതാനും ദിവസങ്ങളുടെ ഭരണം മാത്രമാണ് ഈ ഗവൺമെന്റ് ജനങ്ങളുടെ മുൻപിൽ കാഴ്ച വച്ചിരിക്കുന്നത്. ജനോപകാരപ്രദവും ജനക്ഷേമകരവുമായ പദ്ധതികളും പരിപാടികളും കൂടുതലായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്ന ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ഈ ഗവൺമെന്റിനെ ജനങ്ങൾ കാണുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും ഈ ഗവൺമെന്റ് അതിന്റെ നാലാം വർഷത്തിൽ നടപ്പിലാക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. ഘട്ടം ഘട്ടമായി മദ്യനിരോധനമേർപ്പെടുത്തുമെന്ന ഐക്യജനാധിപത്യമുന്നണിയുടെ പ്രഖ്യാപനം ഈ വർഷം തന്നെ നടപ്പിലാക്കണം. അതിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം താൽപ്പര്യമെടുക്കണമെന്നുകൂടി അപേക്ഷിക്കുകയാണ്. വ്യവസായം, വൈദ്യുതി, കൃഷി എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയിട്ടുള്ള ഈ ബഡ്ജറ്റ് നടപ്പിലാക്കിവരുമ്പോൾ സംസ്ഥാനത്തെ ലക്ഷക്കണക്കായ അഭ്യസ്തവിദ്യരും സാങ്കേതിക വിജ്ഞാനം നേടിയവരുമായിട്ടുള്ള ആളുകളുടെ തൊഴിലില്ലായ്മ പരിഹരിക്കാനാവശ്യമായ അടിയന്തിര നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വ്യവസായരംഗത്ത് വലിയ മുന്നേററമാണ് ആരംഭിച്ചിരിക്കുന്നത്. ഈ സംസ്ഥാനത്തെ എല്ലാ ഭാഗങ്ങളിലേയും വ്യവസായ സംരംഭങ്ങളെക്കുറിച്ച് ഞാൻ പ്രതിപാദിക്കുന്നില്ല. കാസർകോട് ജില്ലയിൽ സ്ഥാപിക്കുന്നതിന് പരിഗണനയിലുള്ള സ്വകാര്യ മേഖലയിലെ സ്ററീൽ പ്ലാന്റ് അനേകം കോടികളുടെ പദ്ധതിയാണ്. 'കുമ്പള ടെക്സ്റൈറൽ ഗ്രാമം' ആയിരം കോടി രൂപയുടെ പദ്ധതിയാണ്. മഞ്ചേശ്വരത്ത് ബി. പി. എൽ. ആരംഭിക്കുന്ന മൂവായിരം മെഗാവാട്ടിന്റെ വൈദ്യുതി പ്ലാന്റ്, സർക്കാർ മേഖലയിലെ നിർദ്ദിഷ്ട കാസർകോട് സ്പിന്നിംഗ് മിൽ, മൈലാച്ചിയിലെ അറുപതുമെഗാവാട്ട് ഡീസൽ വൈദ്യുതി സ്റേറഷൻ എന്നിവ അടിയന്തിരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മഞ്ചേശ്വരത്ത് ബി. പി. എല്ലിന്റെ മൂവായിരം മെഗാവാട്ട് വൈദ്യുതി പ്ലാൻറ് ആരംഭിക്കുന്നതോടുകൂടിത്തന്നെ അവിടെയൊരു ചെറുകിട തുറമുഖം ആവശ്യമാണ്. ആ തുറമുഖംകൂടി ആരംഭിക്കുന്നതിനാവശ്യമായ നടപടി സംസ്ഥാന ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അപേക്ഷിക്കുന്നു. കാസർകോട് ജില്ല എന്നും ഇരുട്ടിലാണ്. വൈദ്യുതിക്ക് വളരെ പ്രാധാന്യം നൽകിയിരിക്കുന്ന ഈ ബഡ്ജററ് മുന്നിൽ ഉള്ളപ്പോഴും ജനങ്ങൾ പ്രയാസപ്പെടുന്ന ഏററവും വലിയ പ്രശ്നമായി വൈദ്യുതി മാറിയിരിക്കുന്നു എന്നത് വസ്തുതയാണ്. സർക്കാർ പ്ലാൻ ചെയ്തിട്ടുള്ള വൈദ്യുത പദ്ധതികൾ പ്രാവർത്തികമാക്കുന്നതുവരെ താൽക്കാലികമായിട്ടെങ്കിലും കർണ്ണാടകത്തിൽ നിന്നോ മററോ വൈദ്യുതി വിലയ്ക്കുവാങ്ങി കാസർകോട് ജില്ലയിലെ വൈദ്യുതിക്കമ്മി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. സർ, കാസർകോട് ജില്ല വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമാണ്. നിർദ്ദിഷ്ട കാസർകോട് ലാ കോളേജും ബി. എഡ്. കോളേജും കാർഷിക കോളേജും അടിയന്തിരമായി ആരംഭിക്കണം. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് പുതിയ സ്കൂളുകൾ ആരംഭിക്കുകയും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും ഇക്കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ചോദ്യോത്തരവേളയിൽ എറണാകുളത്ത് ഒരു മെഡിക്കൽ കോളേജ് വേണമെന്ന ആവശ്യം സംബന്ധിച്ച് മറുപടി പറഞ്ഞപ്പോൾ വളരെ സന്തോഷകരമായ ഒരു വസ്തുത വെളിപ്പെടുത്തി; സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതു സംബന്ധിച്ച് പരിഗണിച്ചുവരുന്നു എന്ന് സൂചിപ്പിച്ചിരുന്നു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അനുമോദിക്കുന്നു. വളരെ പിന്നോക്കം നിൽക്കുന്ന കേരളത്തിന്റെ വടക്കേ അററത്തുള്ള കാസർകോട് ജില്ലയിലും സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ യുവാക്കളുടെയും യുവതികളുടേയും തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണുന്നതിന് യുവജനക്ഷേമ വികസനവകുപ്പ് എന്ന പ്രത്യേകമായ ഒരു വകുപ്പുണ്ടാക്കി സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിൽ നൽകുന്ന കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്നു നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ എല്ലാംതന്നെ ഇത്തരത്തിലുള്ള വകുപ്പുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ വീട്ടമ്മമാർ ഇന്നു വളരെ പ്രയാസത്തിലാണ്. പാചക വാതകം ഉപയോഗിക്കുന്ന വീടുകളാണ് നമ്മുടേതിൽ കൂടുതലും. പാചക വാതകത്തിനു 20 ശതമാനം ടാക്സ് ചുമത്തിയിരിക്കുന്നു. നമ്മുടെ അയൽ സംസ്ഥാനമായ പോണ്ടിച്ചേരിയിൽ ആറു ശതമാനവും കർണ്ണാടക, തമിഴ്നാട് ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ പത്തു ശതമാനവുമാണ് നികുതി. ഇതുപരിഗണിച്ച് നമ്മുടെ വീട്ടമ്മമാരോട് കരുണ കാണിക്കാൻ സർക്കാർ തയ്യാറാകണം. എൽ. പി. ജി.ക്ക് നികുതി പത്തു ശതമാനമായി ചുരുക്കാൻ നടപടി സ്വീകരിക്കണം. ക്ഷേമപദ്ധതികൾക്ക് ബഡ്ജററിൽ വളരെയേറെ പ്രധാന്യം നൽകിയിരിക്കുന്നു. അനുമോദനങ്ങൾ. പിന്നോക്കം നിൽക്കുന്നവർക്ക് കൂടുതൽ സഹായമെത്തിക്കാൻ നടപടി ഉണ്ടാകണം. മലയോര വികസന അതോറിററിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. സർക്കാർ ഇക്കാര്യത്തിൽ മുൻകൈയെടുത്തതിനെ ഞാൻ അനുമോദിക്കുന്നു. കഴിഞ്ഞ കാലങ്ങളെപ്പോലെ അതു മുരടിച്ചുനിൽക്കാതെ എത്രയുംവേഗം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം. തെക്കൻ കേരളത്തിനു പ്രത്യേകമായി ഒരു മലയോര

LIBRARY ARCHIVES Kerala Legislative Assembly

വികസന അതോറിററി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ഇതോടൊപ്പം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കടലോര വികസനത്തിനായി നമ്മുടെ കഴിഞ്ഞ ബഡ്ജററുകളിൽ ചില കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. കടലോര പ്രദേശങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഒരു കടലോര വികസന പദ്ധതികൂടി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കണം. അങ്ങനെ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടിയുണ്ടാകണം. താലൂക്കുകൾ അഡ്മിനിസ്ട്രേഷൻ സൗകര്യത്തിനുവേണ്ടി വികസിപ്പിക്കുന്നത് സംബന്ധിച്ച് ബഡ്ജററിൽ സൂചിപ്പിക്കുകയും അൻപതു ലക്ഷം രൂപ അതിനായി നീക്കി വയ്ക്കുകയും ചെയ്തു. വളരെ വിശാലമായ താലൂക്കുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജനങ്ങൾ ഭരണപരമായ കാര്യങ്ങളിൽ പ്രയാസം അനുഭവിക്കുന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് കാസർകോട് ജില്ലയിലെ മഞ്ചേശ്വരം, തൃക്കരിപ്പൂര് എന്നിവിടങ്ങളിൽ മലയോര താലൂക്കുകൾ എത്രയും വേഗം പ്രഖ്യാപിച്ച് നടപ്പിൽ വരുത്തുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. സംസ്ഥാനത്ത് കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ പണി എത്രയും വേഗം പൂർത്തിയാക്കി കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എം. എൽ. എ. മാർക്ക് ഓരോ നിയോജകമണ്ഡലത്തിലും ഓരോ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിന് ഞാൻ അനുമോദിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം പ്രഖ്യാപിച്ച ആ പദ്ധതി അടിയന്തിരമായി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഒരു ബഡ്ജറ്റ് എന്നുള്ള നിലയിൽ ജനങ്ങൾ ഇതിനെ അംഗീകരിക്കും. കൂടുതൽ നല്ല കാര്യങ്ങൾ വിഭാവന ചെയ്യുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ ഈ സർക്കാരിനു സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, നാലുമാസത്തേക്കുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. അതിന് പല കാര്യങ്ങളുമുണ്ട്. പ്രധാനമായും ഗവൺമെൻറിന് ഫലപ്രദമായി ഈവക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒക്കുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നലെ കോൺഗ്രസ് പാർലമെൻററി പാർട്ടി ഒരു പ്രമേയം പാസ്സാക്കിയത് കേരളകൗമുദി പത്രത്തിൽ റിപ്പോർട്ടുചെയ്ത് വന്നിട്ടുണ്ട്. ഈ സംസ്ഥാനത്ത് വളരെ ഫലപ്രദവും ജനോപകാരപ്രദവും വികസനപരവുമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ശ്രീ. കെ. കരുണാകരന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കിയതായിട്ടാണ് പത്രത്തിൽ വന്നത്, സർ, ചിലപ്പോൾ നമ്മൾ അനുശോചനപ്രസംഗം നടത്തുമ്പോൾ നല്ല കാര്യങ്ങൾ മാത്രം പറയും; ബാക്കിയൊന്നും പറയുകയില്ല. ആ രീതിയിലാണോ പ്രമേയം പാസ്സാക്കിയപ്പോൾ പറഞ്ഞത്? അതല്ല ആത്മാർത്ഥമായിട്ടു തന്നെയാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെയൊരു പ്രസംഗം ചെയ്തത് എന്നറിഞ്ഞാൽ തരക്കേടില്ല. അങ്ങയുടെ കൂടെ നിൽക്കുന്ന ശ്രീ ഉമ്മൻ ചാണ്ടി ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം കഴിഞ്ഞ ഒൻപതു മാസമായി ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു, ശ്രീ. കരുണാകരൻ പോയാലേ കോൺഗ്രസ് രക്ഷപ്പെടുകയുള്ളു, അല്ലെങ്കിൽ അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ജയിക്കുകയില്ലെന്ന്. അതുകൊണ്ട് 20 പേരുടെ ഒപ്പുമായി



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പോയി. അതുകഴിഞ്ഞ് കാര്യമൊക്കെ മാറിവന്നപ്പോൾ അദ്ദേഹമായിരുന്നു നല്ലത് എന്നുപറയുന്നതിൽ വൈരുദ്ധ്യമില്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. ഇവർ എങ്ങനെയോ പ്ലാൻ ചെയ്ത് ഒരു മാററമുണ്ടാക്കണമെന്ന് ആഗ്രഹിച്ചിട്ട് ഇതെല്ലാം ചെയ്യുകയും ശ്രീ. നരസിംഹറാവു അതിന് കൂട്ടുനിൽക്കുകയും ചെയ്തു. സംഗതി ഇങ്ങനെ വന്നു. അപ്പോൾ നിങ്ങളുടെ ഉദ്ദേശം എന്തായിരുന്നു? ഇതിൻെറ സൂത്രധാരൻമാരുണ്ടല്ലോ, അവരും ഈ നാട്ടിലെ ജനങ്ങളോട് മോശമായ രീതിയിലാണ് പറഞ്ഞത്. അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറയണം. ഏതാണ് ശരി എന്ന്. ഏതായാലും യു. ഡി. എഫ്.-ൻെറ ഭരണത്തിൽ ഞങ്ങൾക്ക് വ്യത്യസ്തമായ അഭിപ്രായമാണ്. യു. ഡി. എഫ്.-ൻെറ ഭരണം സംസ്ഥാനത്തിൻെറ താൽപ്പര്യം അപകടപ്പെടുത്തിയെന്നുള്ളതാണ്. രക്ഷപ്പെടുത്താൻ കഴിയാത്ത രീതിയിൽ നമ്മൾ കുഴിയിൽ വീണിരിക്കുന്നു എന്നതാണ് ഞങ്ങളുടെ അഭിപ്രായം. ഞാൻ അഴിമതിയുടെ കാര്യം മാത്രമല്ല പറയുന്നത്. ഇനി സെക്രട്ടേറിയററിനെ എങ്ങനെ രക്ഷപ്പെടുത്താൻ കഴിയും? ഇന്ന് പ്രഗൽഭൻമാരായ ഉദ്യോഗസ്ഥൻമാരുടെ സ്ഥിതിയെന്താണ്? ഇത് എന്തൊരു പ്രയാസമായിരിക്കുന്നു. ഈ മന്ത്രിസഭ ഒന്നുകൂടെ വികസിപ്പിക്കണമല്ലോ, അതോ ഇത് മതിയോ? ഇതുമാത്രം മതിയെങ്കിൽ തന്നെ രക്ഷപ്പെടുത്താൻ കഴിയുമോ? അത് വികസിപ്പിക്കണമെങ്കിൽ എന്താണ് ചെയ്യേണ്ടത്? മന്ത്രിസഭയിൽ ചേരാൻ കരുതിയിരുന്ന ധാരാളം ആളുകളുണ്ട്. അധികാരം കിട്ടിയില്ലെങ്കിൽ അവർ തിരിച്ച് ഒപ്പിടും. തിരിച്ച് ഒപ്പിട്ടാൽ അങ്ങയുടെ പാർട്ടിയിലെ ഭൂരിപക്ഷം ആളുകൾ മാറുമോ? ജനാധിപത്യ മര്യാദയനുസരിച്ച് മാറണ്ടേ? സ്ഥാനം കൊതിച്ചു നിൽക്കുന്ന ഒരുപാട് ആളുകളുടെ ചിത്രം എൻെറ മനസ്സിലുണ്ട്. ഇവരെ നിങ്ങൾ എങ്ങനെ ഉൾക്കൊണ്ടുപോകും? അപ്പോൾ അവർക്ക് ഏതെങ്കിലുമൊക്കെ സ്ഥാനമാനങ്ങൾ കൊടുക്കേണ്ടി വരില്ലേ? അനുരഞ്ജനത്തിൻേറയും പുനരൈക്യത്തിൻേറയും സന്ദേശമല്ലേ? അപ്പോൾ ഈ കാര്യത്തിൽ ഏതെങ്കിലും കോംപ്രമൈസ് വേണ്ടിവരില്ലേ? Compromise on definite principles—വേണ്ടിവരില്ലേ? എനിക്കറിയില്ല. ഞാൻ പറഞ്ഞത് അത്ര എളുപ്പമാണ്. മന്ത്രിമാരെ എടുക്കുന്ന കാര്യത്തെക്കുറിച്ച് അങ്ങയുടെ പ്രസ്താവന വന്നു. ബഹുമാനപ്പെട്ട കരുണാകരനോട് ചോദിക്കും, കെ. പി. സി. സി. പ്രസിഡൻറിനോട് ചോദിക്കും. ഹൈക്കമാൻറിനോട് ചോദിക്കും എന്നൊക്കെ പറഞ്ഞു. എങ്ങനെ വേണമെന്നുള്ളതൊക്കെ നിങ്ങളുടെ കാര്യമാണ്. എല്ലാവരേയും തൃപ്തിപ്പെടുത്താൻ കഴിയുമോ? മന്ത്രിമാരുടെ എണ്ണം കുറയ്ക്കുമോ? എനിക്കറിയില്ല. കുറയ്ക്കാൻ കഴിയുകയില്ലല്ലോ. ചിലപ്പോൾ കൂട്ടിയേക്കും. അല്ല? കൂട്ടുകയില്ലായിരിക്കാം. തൃപ്തിപ്പെടുത്തേണ്ടേ? നമ്മുടെ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ഇവിടെയില്ലല്ലോ. ലീഗിൻെറ കാര്യത്തിൽ എനിക്ക് അദ്ഭുതമാണ്. ഇതിന് മുൻപൊരിക്കലും മന്ത്രിമാരെ സംബന്ധിച്ചുള്ള കാര്യങ്ങളും അതിൻെറ ചർച്ചകളുമൊന്നും പുറത്തുവന്നിട്ടില്ല. എല്ലാം പ്രസിഡൻറ് ബാഫക്കി തങ്ങൾ മുതൽ തുടങ്ങിയതാണ്. ഒന്നുകിൽ അദ്ദേഹം മന്ത്രിസഭയിൽ ചേരുകയില്ല. എനിക്കറിയാം. അന്ന് എന്താണ് പറഞ്ഞതെന്നറിയാമോ? പേരൊന്നും ഞാൻ പറയുന്നില്ല. ഒരു സന്ദർഭം വന്നപ്പോൾ ഒരാളിൻെറ പേര് ചോദിച്ചു. അദ്ദേഹം പറഞ്ഞു, വേണ്ട, ആൾ മിടുക്കനാണ്, അഴിമതി നടത്തിക്കളയും. അങ്ങനെയായിരുന്നു. അന്നത്തെ തിരഞ്ഞെടുപ്പിൻെറ രീതി. ഇപ്പോൾ ലീഗിനകത്ത് എന്തു ചർച്ചയാണ് നടന്നത്? ഇവരെല്ലാം മാറണം എന്നാണ് പുറത്തു വന്നത്. ആയിക്കോട്ടെ. ശ്രീ. കരുണാകരൻ ഡെപ്യൂട്ടി മുഖ്യമന്ത്രി സ്ഥാനം വാഗ്ദാനം ചെയ്തതാണ് ശ്രീ. കുഞ്ഞാലിക്കുട്ടിക്ക്. അങ്ങേയ്ക്ക് കൊടുക്കാൻ കഴിയുമോ? വേണ്ടി വരില്ലായിരിക്കും. ഇവർ സഹിക്കും. ഇവർക്ക് ഇപ്പോൾ അങ്ങനെ ഒരു കാര്യമുണ്ട്. ഇവർ ഇപ്പോൾ സകലതു,

മറന്നു. ബാബറിമസ്ജിദും പോയി. ഇപ്പോൾ പുതിയ സിദ്ധാന്തവുമായിട്ട് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഈ സഭയിൽ പറഞ്ഞത് നരസിംഹറാവുവിനെ ഞങ്ങൾ വിശ്വസിച്ചു, അദ്ദേഹം ഞങ്ങളെ ചതിച്ചു എന്നാണ്. ശ്രീ. കരുണാകരൻ മാറിയതോടുകൂടി ലീഗിന് എല്ലാം തൃപ്തിയായി. അതുകൊണ്ടുമാത്രം പ്രശ്നത്തിന് പരിഹാരമാകുമോ? തൊഴുത്ത് മാററിക്കെട്ടിയതുകൊണ്ടുമാത്രം കാര്യം നടക്കുമോ? ശ്രീ. കരുണാകരനെ മാററി ആൻറണിയെ ആക്കിയെന്നുള്ളതിൽ കവിഞ്ഞ് യു. ഡി. എഫ്.-ൻെറ സംവിധാനത്തിൽ അടിസ്ഥാനപരമായി എന്ത് മാററം വരുത്താൻ നിങ്ങൾക്ക് കഴിയും? അതു പോകട്ടെ. ശ്രീ. മാണി തൃപ്തനാണോ? റവന്യൂ വകുപ്പു കൊണ്ട് മാണി ഇപ്പോഴും തൃപ്തനല്ല. അത് എനിക്കറിയാം. അതു മാത്രമല്ല, ധനകാര്യമന്ത്രിയായി കേരളത്തിലെ ചരിത്രം സൃഷ്ടിച്ച ആളാണ്. എട്ട് പ്രാവശ്യം ബഡ്ജററ് അവതരിപ്പിച്ച ആളാണ്. ഹോം ആയാലും തരക്കേടില്ല. ഫൈനാൻസായാലും തരക്കേടില്ല, നിങ്ങൾക്ക് അത് കൊടുക്കാൻ കഴിയുമോ? ഏതായാലും ഇപ്പോഴത്തെ ഫൈനാൻസ് വകുപ്പു മന്ത്രിയെ മാററാൻ കഴിയുകയില്ലല്ലോ. ഇപ്പോൾ പോർട്ട് ഫോളിയോ അലോട്ട് ചെയ്ത് കൊടുത്ത കൂട്ടത്തിലുള്ള ആളാണ്. പിന്നെ ഉള്ളത് ഹോമാണ്. അത് കൊടുക്കാൻ കഴിയുമോ? ഇപ്പോൾ ഹോമും ഇതും കിട്ടിയില്ലെങ്കിലും ശരി എൻ. ഡി. പി. യുടെ ഒരു ഒഴിവുണ്ടല്ലോ, കേരളാ കോൺഗ്രസ് (എം)-ന് രണ്ട് മന്ത്രിമാർ.................................

ശ്രീ. കെ. പി. നൂറുദ്ദീൻ: അങ്ങ് എല്ലാവരേയും പാരവയ്ക്കുകയാണ്.

ശ്രീ. ബേബി ജോൺ: സർ, നിങ്ങൾക്ക് തന്നെ പാര ഇഷ്ടംപോലെയുണ്ട്. ഇത് എൻെറ പാരയല്ല. നല്ല പ്രഗൽഭമായ രീതിയിൽ പാരവച്ച് നിങ്ങൾ ശ്രീ. കരുണാകരനെ മാററിയില്ലേ? നിങ്ങൾക്ക് എൻെറ സഹായം വേണ്ട, പാരവയ്ക്കാൻ. നിങ്ങൾ സൂക്ഷിക്കാൻവേണ്ടിയാണ് ഞാൻ പറയുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ള മറെറാരു കാര്യം., ശ്രീ. കരുണാകരൻ ഒരു നയം സ്വീകരിച്ചിട്ടുണ്ടായിരുന്നു. ഇവർ എങ്ങനെ പല പ്രക്ഷോഭണങ്ങൾ നടത്തും. പ്രക്ഷോഭണം നടത്തി, സമ്മർദ്ദവും കൊണ്ടുവരും. ശ്രീ. കരുണാകരൻ പതുക്കെ പതുക്കെ കുട്ടികൾക്ക് മിഠായി കൊടുക്കുംപോലെ ഒരു ചെറിയ മിഠായി വയ്ക്കും; പ്രക്ഷോഭണം തീർന്നു! അങ്ങനെയായിരുന്നു. നേരത്തേ ക്യാബിനററ് തീരുമാനം അഡീഷണൽ അഡ്വക്കേററ് ജനറലിൻെറ നിയമനത്തിന് ഇല്ലെന്നുപറഞ്ഞ് വലിയ ബഹളമായിരുന്നു. ശ്രീ. മാണി മിണ്ടിയില്ല. ശ്രീ. മാണിക്ക് വേണ്ടത് കിട്ടി. ലീഗിന് അന്ന് ഒരു കാര്യം കിട്ടി ഒന്നാം നമ്പറായി ബീരാൻ, അതോടെ ലീഗിൻെറ പ്രശ്നം തീർന്നു. അതുപോലെതന്നെ ഇപ്പോൾ പി. എസ്. സി. മെമ്പർസ്ഥാനം ജേക്കബിന് വേണം, ജേക്കബ് പിണങ്ങിയതിൻെറ ഒരു കാര്യം, Taken for granted ആയിരുന്നു ജേക്കബ്. പിന്നെ മാണിയെ ഒന്ന് ഇരുത്തിയാൽ മതിയെന്നായിരുന്നു. അതുവന്നപ്പോൾ പി. എസ്. സി. മെമ്പർ സ്ഥാനം ജേക്കബിന് കിട്ടിയില്ല. അതുപോലെ തന്നെ ബാലകൃഷ്ണപിള്ളയെ എടുത്താൽ അദ്ദേഹം ഇപ്പോൾ പറഞ്ഞു നടക്കുന്നത് പണ്ട് രാമചന്ദ്രൻ നായർ എന്നൊരു മന്ത്രിയുണ്ടായിരുന്നു, ഇപ്പോൾ അയാളെ മാററി, ആ വകുപ്പ് തനിക്ക് വേണമെന്നാണ്. അങ്ങനെയല്ലേ പറയുന്നത്? ഇതൊക്കെ നടക്കുന്ന കാര്യങ്ങളല്ലേ? ഊഹാപോഹങ്ങളൊന്നുമല്ല. ഇപ്പോൾ ഘടകകക്ഷികൾ കൈകാര്യം ചെയ്യുന്ന പോർട്ട് ഫോളിയോ മാററാൻ അങ്ങേയ്ക്ക് കഴിയുമോ? കഴിയുകയില്ല. ചിലർക്ക് കാണും ഒന്ന് മാറണമെന്ന്. അവിടെ കട്ടപിടിച്ച് വേരൂന്നി നിൽക്കുകയാണ്. ആൻറണി എത്ര വിചാരിച്ചാലും പറിച്ചുമാററാൻ കഴിയുകയില്ല,

LIBRARY ARCHIVES Kerala Legislative Assembly

അത്ര രൂഢമൂലമാണ് ആ വേര്. ഇതിന്റെയിടയിലാണ് ഇനി നന്നാക്കാൻ വരുന്നത്. അത് നടക്കുമോ? നടക്കുകയില്ല. പോർട്ട്ഫോളിയോ മാറ്റാൻ കഴിയുമോ? കഴിയുകയില്ല. ഞാൻ അത് അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. പ്രതിച്ഛായ മെച്ചപ്പെടുത്താൻ വന്ന ആളാണല്ലോ, അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പറഞ്ഞുവെന്നേയുള്ളു. അങ്ങനെ സംഭവിക്കണമെന്നില്ല. പക്ഷേ ഈ ആളുകളെയൊക്കെ അറിയാവുന്നതുകൊണ്ടും ഈ സംവിധാനങ്ങളൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടും, അത്ര എളുപ്പമല്ല, ദുർഘടം പിടിച്ചതാണ് ഈ പാത എന്ന് ഓർമ്മിപ്പിക്കാൻ മാത്രം പറഞ്ഞതാണ്. ഇപ്പോഴത്തെ മാറിയ പരിതഃസ്ഥിതിയിൽ ധനകാര്യവകുപ്പുമന്ത്രി പരിഭവിക്കരുത്. ഇടക്കാലത്ത് ഇവിടെ നടന്നത് എന്താണ്?

ശ്രീ. കെ. പി. എ. മജീദ്: സർ, അങ്ങ് ഞങ്ങൾക്കുള്ള തലവേദനയാണ് പറഞ്ഞത്. അതിന് അങ്ങ് മദ്ധ്യസ്ഥത വഹിക്കുമോ?

ശ്രീ. ബേബി ജോൺ: സർ, അത് പണ്ടായിരുന്നു. ഇപ്പോൾ മദ്ധ്യസ്ഥത വഹിക്കാനുള്ള ആളില്ല. അതാണ് അതിന്റെ കുഴപ്പം.

ശ്രീ. കെ. പി. നൂറുദ്ദീൻ: പണ്ടത്തെ അവസ്ഥ പുനഃസ്ഥാപിച്ചുകൂടേ എന്നാണ് അതിന്റെ അർത്ഥം.

ശ്രീ. ബേബി ജോൺ: അത് പുനസ്ഥാപിക്കേണ്ട സാഹചര്യം ഇപ്പോഴില്ല. ഇപ്പോൾ അത്ര മോശമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആ സാഹചര്യം ഉണ്ടാക്കിക്കൊടുത്താൽ അങ്ങ് അത് അംഗീകരിച്ച് ഏറ്റെടുക്കുമോ?

ശ്രീ. ബേബി ജോൺ: എനിക്ക് എന്റേയും എന്റെ പാർട്ടിയുടേയും പരിമിതി അറിയാം. ഞാൻ ഇതിനുവേണ്ടി ഓടി നടക്കുന്നതൊന്നുമില്ല. ഈ സഭയിൽ അപ്പുറത്തിരിക്കുന്ന പലർക്കുമറിയാം. ഇതിൽ പലരും എന്റെ അടുത്തു വന്നവരാണ്. എന്റേയും എന്റെ പാർട്ടിയുടേയും പരിമിതികളറിയാവുന്നതുകൊണ്ട് ഞങ്ങൾ സ്വീകരിച്ചിരിക്കുന്ന നയത്തിന് വ്യത്യസ്തമാകുന്ന സാഹചര്യങ്ങൾ അറിഞ്ഞുകൊണ്ട് ഒന്നും ചെയ്യുകയില്ല. ഞാൻ പറഞ്ഞുവന്നത്, മിനിഞ്ഞാന്ന് നിയമസഭയിൽ വന്ന ചോദ്യോത്തരങ്ങൾ അങ്ങ് ശ്രദ്ധിച്ചുകാണും. ഇവിടെ വടി എടുക്കുന്നവൻ വേട്ടക്കാരനായി വന്നിരിക്കുകയാണ്. ശ്രീ. ആന്റണിയുടെ ഭരണം തുടങ്ങുന്നതിന് മുമ്പ് ഞാനും പോയിട്ടുണ്ട്. തുകയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല, സാധാരണ ലോക്കൽ ബോഡീസ് കൈകാര്യം ചെയ്തുകൊണ്ടിരുന്നതാണ്. വെഹിക്കിൾ ടാക്സ്. ശ്രീ. ബാലകൃഷ്ണപിള്ള ഓർഡർ അടിച്ചു. പോരേ? നിയമസഭയിൽ വന്നില്ലേ? അങ്ങനെ ആർക്കും എന്തും ചെയ്യാം. അങ്ങനെയുള്ള ഒരു സ്ഥിതിയിലേക്ക് വന്നിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞ കാര്യത്തെക്കുറിച്ചൊന്നും ഞാൻ മറുപടി പറയുന്നില്ല. പക്ഷേ ഇന്ന് സ്പീക്കറുടെ റൂളിംഗുണ്ട്. അതിനെക്കുറിച്ചൊന്നും ഞാൻ മറുപടി പറയുന്നില്ല. ചില നടപടികൾ സ്വീകരിക്കുമ്പോൾ അങ്ങ് ശ്രദ്ധിക്കേണ്ടേ? ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ മാർച്ച് മാസത്തിൽ വല്ല എൽ. സി. യോ മറ്റോ ഓപ്പൺ ചെയ്തോ? നമ്മുടെ ബഡ്ജററ് സർപ്ലസ് ബഡ്ജററ് ആണല്ലോ. ആ സർപ്ലസ് ബഡ്ജററിന്റേത് പോകട്ടെ. ഞാൻ അറിഞ്ഞിരുന്നത് ശ്രീ. ജേക്കബിനോടുള്ള വിരോധം കൊണ്ട് ശ്രീ. കരുണാകരൻ തുടങ്ങിവയ്ക്കേണ്ടെന്ന് പറഞ്ഞതായിട്ടാണ്. ഞാൻ അതിലേക്കല്ല കടക്കുന്നത്. സദുദ്ദേശത്തോടുകൂടി ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ഇന്നലെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിച്ചു. ആ ഉദ്ദേശശുദ്ധിയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ നമ്മൾ പാലിക്കേണ്ട, ഒഴിവാക്കാൻ വയ്യാത്ത ചില നടപടിക്രമങ്ങളുണ്ട്. അടുത്ത കാലത്ത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെൻറിൻെറ റെക്കമെൻറേഷനില്ലാതെ ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് നേരിട്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലേക്ക് കരാറുകാരിലൊരാളിൽനിന്ന് അപേക്ഷ ലഭിച്ചപ്പോൾ അതിൻെറ പുറത്ത് ഓർഡേഴ്സ് ഇട്ടു. ഇതിനുവേണ്ടി എൽ. സി. ഓപ്പൺ ചെയ്തു. ഞാൻ വേറെ ആരോപണമൊന്നും ഉന്നയിക്കുന്നില്ല. നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. സാധാരണ നടപടിക്രമം എന്താണ്? ചീഫ് എഞ്ചിനീയർ, അല്ലെങ്കിൽ കൺസേൺഡ് ഹെഡ്സ് ഓഫ് ദി ഡിപ്പാർട്ടുമെൻറ് തൻെറ വകുപ്പിലെ ചെലവിനങ്ങൾക്കുവേണ്ടി ഫണ്ട്സും എൽ. സി.യും ആവശ്യപ്പെടുന്നു. പ്രൊപ്പോസൽസ് സെക്രട്ടേറിയററിൽ പരിശോധിക്കും. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെൻറുവഴി ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽ എത്തും. ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് അത് പരിശോധിച്ച് അനുവദിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. എന്നാൽ ഇപ്പോൾ നടന്നത് എൻെറ നിയോജകമണ്ഡലത്തിലെ കാര്യമായതുകൊണ്ടാണ് എനിക്ക് വേഗം അറിയാൻ കഴിഞ്ഞത്. അതും പറഞ്ഞേക്കാം. കോൺട്രാക്ടർമാർ മുൻപോട്ട് വരിക, ഫൈനാൻസ് മിനിസ്ററർക്ക് പെററിഷൻ കൊടുക്കുക, അതിൽ ഫണ്ട്സ് അനുവദിച്ചുകൊണ്ട്, സ്പെഷ്യൽ എൽ. സി. നൽകിക്കൊണ്ട്, അദ്ദേഹം ഉത്തരവിടുക. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെൻറിൻെറ റെക്കമെൻേറഷനൊന്നുമില്ല. നടപടിക്രമം പരിശോധിക്കാൻ വേണ്ടിയാണ് ഞാനിത് പറയുന്നത്. ജി. ഒ. എൻെറ കയ്യിലുണ്ട്. ജി. ഒ. വേണമെങ്കിൽ ഞാൻ ക്വോട്ട് ചെയ്യാൻ തയ്യാറാണ്. ജി. ഒ. ആർ. ടി. 961/95/ഫൈനാൻസ്/ഒ/സി/7/8-3-1995 അനുസരിച്ച് ഒരു കോൺട്രാക്ടർക്ക് അദ്ദേഹത്തിൻെറ പെററിഷൻെറ അടിസ്ഥാനത്തിൽ 15 കോടി രൂപ അനുവദിച്ചു. ഞാൻ ആരോപണമുന്നയിക്കുന്നതല്ല. അങ്ങനെ സംശയിക്കുകയും വേണ്ട. അതും കൂടി വ്യക്തമാക്കാം. Currupt practice–currupiton-ൻെറ ഉദ്ദേശത്തോടുകൂടി എന്നല്ല ഞാൻ പറയുന്നത്. പാലിക്കേണ്ട അടിസ്ഥാനപരമായ ചില നടപടിക്രമങ്ങളുണ്ട്. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. എനിക്ക് മനസ്സിലാക്കാം ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനുവേണ്ടിയാണ് എൽ. സി. ഓപ്പൺ ചെയ്യുന്നത്. ഈ പറയുന്ന സ്പെസിഫിക് വർക്കിനുവേണ്ടി എന്താണ് കൊടുത്തിരുന്നത്? For making payments relating to A. C. work, reformation of see-wall between chainage 25.230 to 25.590 at Neendakara. എൻെറ നാടായതുകൊണ്ടാണ് ഞാനിത് മനസ്സിലാക്കിയത്. ഒരാൾ പെററിഷൻ തരുന്നു; ആ പെററിഷൻെറ പുറത്ത് ഓർഡർ കൊടുക്കുന്നു. ഈ സ്പെസിഫിക് കാര്യം പറഞ്ഞുകൊണ്ട് എൽ. സി. ഓപ്പൺ ചെയ്യുന്നു. നടപടിക്രമങ്ങൾ ഒഴിവാക്കാവുന്നതെല്ലാം ഒഴിവാക്കണം. ഒഴിവാക്കാൻ പാടില്ലാത്തതുണ്ട്, അതുപോലെതന്നെ മറെറാരു വർക്ക് ശ്രീ. പി. എസ്. ശ്രീനിവാസൻെറ മണ്ഡലത്തിലേത്. അതിനെക്കുറിച്ച് അങ്ങേക്കുമറിയാമല്ലോ. വേണമെങ്കിൽ ഞാൻ അതിനെക്കുറിച്ച് പറയാം. അതിൻെറ ജി. ഒ. ഉണ്ട്. ഞാൻ ചൂണ്ടിക്കാണിക്കുന്നത് നിങ്ങൾ തെററ് തിരുത്താനാണ്. സമ്മർദ്ദമുണ്ടാകുന്നതിന് വഴങ്ങിയാലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ നിങ്ങൾക്കുണ്ടാകും. ശുപാർശ ചെയ്യുന്ന ആളുകൾ നിങ്ങളെ സഹായിക്കാൻ വരുമോ? ആരും വരില്ല. അതുകൊണ്ടാണ് ഞാനിത് പറയുന്നത്. അങ്ങ് ശ്രദ്ധിക്കേണ്ട കാര്യമായതുകൊണ്ടുമാണ്. ഇപ്പുറത്തിരിക്കുമ്പോൾ പ്രതിപക്ഷത്തിൻെറ പ്രധാന ജോലി ഭരണകക്ഷിയിലെ വീഴ്ചകൾ ചൂണ്ടിക്കാണിക്കുക, തിരുത്തിക്കാൻ ശ്രമിക്കുക തുടങ്ങിയ കാര്യങ്ങളാണ്. ക്രിയാത്മകമായി പിൻതുണ നൽകുക. മന്ത്രിസഭയുടെ മൊത്തത്തിലുള്ള ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

'ഹിന്ദു' പത്രത്തിലൊരു വാർത്ത വന്നു. നിങ്ങൾ അതു വായിക്കണം. ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരുടെ സെലക്ഷനെ സംബന്ധിച്ചാണ്. അതും എന്റെ നിയോജകമണ്ഡലത്തിലുള്ള ഹരിജൻ ഉദ്യോഗസ്ഥനെപ്പററിയാണ്. ഇവിടെ പിന്നോക്ക സമുദായത്തെപ്പററിയും അതിന്റെ ഉദ്ധാരണത്തെപ്പററിയുമൊക്കെ വാതോരാതെ പ്രസംഗിക്കുമല്ലോ. 'Doubts about IAS conferment' എന്നാണ് 'ഹിന്ദു' കൊടുത്തിരിക്കുന്നത്. അപേക്ഷകൻ ഹൈക്കോടതിയിൽ പോയി സ്റേറ വാങ്ങിച്ചു. എന്തൊരു ugly haste-ആണ്! കരുണാകരൻ ഗവൺമെൻറ് പോകുന്നതിന് മുമ്പ് 16-ാം തീയതിയാണ് ഒപ്പിട്ടതെന്ന് തോന്നുന്നു. (Chief Secretary, Additional Chief Secretary, Home Secretary എന്നിവർ ഉൾപ്പെട്ട Sub Committee) ഈ ഉദ്യോഗസ്ഥൻ ഇപ്പോൾ അഡീഷണൽ സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് വേണമെങ്കിൽ ഞാൻ വായിച്ചു കേൾപ്പിച്ചു തരാം; അല്ലെങ്കിൽ മുഖ്യമന്ത്രി എന്നുള്ള നിലയ്ക്ക് അങ്ങ് പരിശോധിക്കൂ. വേറൊരു ഉദ്യോഗസ്ഥന് ഇത്രയേറെ നല്ല കോൺഫിഡൻഷ്യൽ റിപ്പോർട്ടില്ല, ഇദ്ദേഹം ഒരു ഹരിജനാണ്. ഡയറക്ട് റിക്രൂട്ട്മെൻറിൽ വന്ന ആളാണ്. ലിസ്ററിൽ സീനിയോറിട്ടി അനുസരിച്ച് 5-ാമത് വരേണ്ടതാണ്. കൊടുത്തില്ല. അയാളുടെ ജൂനിയറും മററു ചിലരുടെ ആശ്രിതനുമായ ഒരാളെ സഹായിക്കുന്നതിനുവേണ്ടി ഇയാളുടെ പേര് മാററിയിട്ട് വേറെ ആളുകളെ ലിസ്ററിൽ ചേർത്തു. അയാളുടെ പേര് ഞാൻ പറയുന്നില്ല. ഇതൊക്കെ ഇന്നും നടക്കുന്ന കാര്യങ്ങളാണ്. അതാണ് ഞാൻ പറഞ്ഞത്. പോലീസ് ഡിപ്പാർട്ടുമെൻറിൽ ഇതിനിടയ്ക്ക് എത്ര ട്രാൻസ്ഫറുകളാണ് നടന്നത്? സ്വന്തക്കാരെ പ്രത്യേകമായി താൽപ്പര്യമുള്ളവരെ തിരുകിക്കയററാൻ നടപടി സ്വീകരിച്ചു. ഉദ്യോഗസ്ഥമേധാവിത്വത്തിന് ഇഷ്ടമുള്ള ആളുകളെ സഹായിക്കാൻ വേണ്ടി പാവപ്പെട്ട ഹരിജനെ ലിസ്ററിൽനിന്നും മാററിയിട്ട് പകരം വേറെ ആളിനെ ചേർത്തു. ഇതിൽ പറഞ്ഞിരിക്കുന്ന കേസിന്റെ ന്യായമെന്താണ് എന്നറിയാമോ? The Government Pleader submitted in the Court that Mr. Babu's name was not included as he was not confirmed in the present post. ശ്രീ. ബാബുവിന്റെ പേര് ഇതിൽ ചേർക്കാത്തതിന്റെ റീസൺ പറഞ്ഞിരിക്കുന്നത് He was not confirmed in the post എന്നാണ്. ഈ പോസ്ററിൽ എങ്ങനെയാണ് നിയമിച്ചതെന്നറിയാമോ? ഓപ്പൺ വേക്കൻസിയുടെ ബേസിസിലാണ്. അഞ്ചു കൊല്ലമായി സംസ്ഥാനത്ത് അഡീഷണൽ സെക്രട്ടറിയായിരിക്കുന്ന ഒരു ഹരിജനെ അവന്റേതായ കുററംകൊണ്ടല്ലാതെ, അയാളെ എങ്ങനെ എങ്കിലും ഒഴിവാക്കാൻ, കൺഫേം ചെയ്തില്ല എന്ന കാരണമാണ് പറയുന്നത്. ഈ രാജ്യത്തൊട്ടാകെ പിന്നോക്ക ജനവിഭാഗങ്ങളുടെയും അവഗണിക്കപ്പെടുന്ന മററ് വിഭാഗങ്ങളുടേയും താൽപ്പര്യം സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് അവകാശപ്പെടുന്ന ഈ സാഹചര്യത്തിൽ നിങ്ങൾ അതിനെക്കുറിച്ച് പരിശോധിച്ച് തീരുമാനമെടുക്കണം. എവിടെവച്ചാണ് ഒപ്പിട്ടതെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല; പരിശോധിച്ചാൽ അറിയാം. അതുപോലെ പല കാര്യങ്ങളും ഇവിടെ നടക്കുന്നു. അത് കണ്ടുകൊണ്ടാണ് ഞാൻ പറഞ്ഞത്, എങ്ങനെ നിങ്ങൾക്ക് ഇത് പരിഹരിക്കാൻ കഴിയും എന്ന് പരിശോധിക്കണമെന്ന്. ബഡ്ജററ് മിച്ചമാണെന്നും കമ്മിയാണെന്നും ഇവിടെ തർക്കമുണ്ടായി. മിച്ച ബഡ്ജററല്ല, കമ്മി ബഡ്ജററാണെന്ന് ഞങ്ങളെപ്പോലെയുള്ള ആളുകൾ വാദിക്കുന്നു. ബഡ്ജററ് അയഥാർത്ഥമാണെന്ന് ഞാൻ പറഞ്ഞു; അത് വസ്തുതകൾ പൂർണ്ണമായും ഉൾക്കൊണ്ടിട്ടില്ലെന്ന പറഞ്ഞു. ഏററവും വലിയ സാക്ഷി നമ്മുടെ ധനകാര്യമന്ത്രിയാണ്. അദ്ദേഹം പ്രസൻറ് ചെയ്ത കണക്കുകൾ ശരിയല്ലായിരുന്നുവെന്നുള്ളതിന്റെ സാക്ഷി അദ്ദേഹമാണ്. മണ്ണെണ്ണ, മുളക്, ഇവയ്ക്കുള്ള നികുതി

LIBRARY ARCHIVES Kerala Legislative Assembly

ഇളവുകൾ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഞങ്ങൾ ഭരണത്തിലുണ്ടായിരുന്നപ്പോൾ നല്ല ഫൈനാൻഷ്യൽ മാനേജ്മെൻറാടുകൂടി കുടിശ്ശിക പിരിച്ച് സർപ്ലസ് ആക്കി. ബഡ്ജററ് പ്രിപ്പയർ ചെയ്യുന്ന സമയത്ത് കുടിശ്ശിക പിരിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചില്ലേ? 52 കോടി രൂപ ഇളവ് കൊടുത്താലും ഞങ്ങൾ ബഡ്ജററ് സർപ്ലസ് ആക്കും എന്ന് അദ്ദേഹം പറഞ്ഞു. ഈ ബഡ്ജററ് അയഥാർത്ഥമാണ്, കണക്കുകൾ പൂർണ്ണമായും ശരിയല്ല. സെൻട്രൽ ഗവൺമെൻറിൽനിന്ന് 144 കോടി രൂപയാണ് പ്രതീക്ഷിച്ചത്. 9-ാം ധനകാര്യ കമ്മീഷൻ പ്രത്യേകമായി കണക്കാക്കിയ 145 കോടി ഇപ്പോൾ നമ്മുടെ ബഡ്ജററ് എസ്ററിമേററിൽ എങ്ങനെയാണ് വരുന്നത്? ഇതൊക്കെ പരിശോധിക്കേണ്ട കാര്യമല്ലേ? നമ്മുടെ സ്ഥിതിയെന്താണ്? ഇവിടെ വികസനോൻമുഖമാണെന്ന് പറഞ്ഞല്ലോ, കഴിഞ്ഞ വർഷം 100 രൂപയായിരുന്നത് 110 രൂപ ആയി എന്നുപറഞ്ഞാൽ സമ്മതിക്കാം. കഴിഞ്ഞവർഷത്തെ ടോട്ടൽ എക്സ്പെൻഡിച്ചർ 'പരിശോധിച്ചാൽ' developmental expenditure during 1987–88 to 1994–95—അതിൻെറ ശതമാനമെന്താണ്? കഴിഞ്ഞ വർഷത്തിൽ അഗ്രികൾച്ചറിനും അനിമൽ ഹസ്ബൻഡ്രിക്കും റിവൈസ്ഡ് എസ്ററിമേററ് 11.95 എന്നാൽ ഇപ്പോഴത്തെ ബഡ്ജററ് എസ്ററിമേററ് 10.75, ഇൻഡസ്ട്രി എടുത്താൽ മൈനസ് ഗ്രോത്താണ്, വികസനോൻമുഖമെന്നു പറഞ്ഞാൽ അതിനുതകുന്ന രീതിയിൽ നമുക്ക് കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയണം. നമുക്ക് ഇവിടെ പുതിയ നികുതി ചുമത്താൻ പററുമോ? പ്രതിശീർഷ നികുതിയിൽ ഇന്ത്യയിലെ അഞ്ചാമത്തെ സംസ്ഥാനമാണ് കേരളം. കടമെടുക്കുന്നതിൽ നാഗാലാൻറും മിസോറാമും നമ്മളേക്കാൾ മുൻപിലായിരിക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ്: എല്ലാ വർഷവും ഏത് ഗവൺമെൻറാണെങ്കിലും കടബാദ്ധ്യത കൂടിക്കൂടി വരുന്നു. അതിനു കാരണം ആനുവൽ പ്ലാനിൻെറ ഔട്ട്ലേ ഓരോ വർഷവും കൂടിക്കൂടി വരുന്നതുകൊണ്ടാണ്. കേന്ദ്രഗവൺമെൻറ് തരുന്നതിൽ 70% തിരിച്ചുകൊടുക്കേണ്ടതും 30% ഗ്രാൻറുമാണ്. അതുകൊണ്ടല്ലേ കടബാദ്ധ്യത കൂടിവരുന്നത്?

ശ്രീ. ബേബി ജോൺ: നമ്മുടെ പ്ലാനിനെക്കുറിച്ച് ആലോചിക്കുമ്പോൾ കേരളത്തിന് സ്പെഷ്യൽ പ്രിഫറൻസ് വേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത്, സ്പെഷ്യൽ പ്രോബ്ലംസ് ഉണ്ട്, ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്പെഷ്യൽ പരിഗണന വേണം. അതാണ് കേന്ദ്രത്തിൽ സ്വാധീനമുണ്ടെന്ന് പറയുന്നത്. അതല്ലാതെ സാധാരണ റൂട്ടീനായി കൊടുക്കുന്നതിൻെറ ഭാഗമായിട്ടുള്ളത് വാങ്ങിക്കാൻ പ്രത്യേക പരിഗണന വേണ്ട. പെർക്യാപ്പിററ കടം 2371 രൂപയാണ്. ഗോവ, സിക്കിം, മേഘാലയ, മണിപ്പൂർ എന്നിവിടങ്ങളിൽ ഇതിനേക്കാൾ കുറവായിരിക്കും. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വന്നതുകൊണ്ടാണ് ഇതുണ്ടായതെന്ന് ഞാൻ പറയുന്നില്ല. നമ്മുടെ സംസ്ഥാനത്തിൻെറ പൊതുവായ സ്ഥിതി നമ്മൾ മനസ്സിലാക്കണം. അതിനാവശ്യമായ പരിപാടികൾ ആവിഷ്കരിക്കാൻ കഴിയണം. അല്ലാതെ നിങ്ങൾ തെററുകാരനല്ല. നമ്മൾ വിചാരിക്കുന്ന കണക്ക് ഗോസിപ്പ് പിക്ചർ അല്ല. നമ്മുടെ സംസ്ഥാനത്തിൻെറ ചിത്രമാണ്. അലംഭാവം പാടില്ല. സർപ്ലസ് എന്നുപറഞ്ഞതുകൊണ്ട് കാര്യമില്ല. നാണ്യപ്പെരുപ്പംമൂലം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുന്ന അവസരത്തിൽ വടിയെടുക്കുന്നവരൊക്കെ വേട്ടക്കാരായി വരുന്ന ഏർപ്പാടുണ്ട്. നല്ല രീതിയിൽ പ്രവർത്തനങ്ങൾ കൊണ്ടുപോകണം, അതുകൊണ്ട്, ഞാൻ സംശയിക്കുന്നത് ഇത് നടക്കുകയില്ല, ഒരാൾ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

വിചാരിച്ചാൽ നടക്കുമോ? ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് വേണ്ടേ അതിന് കൂട്ടായി നിൽക്കേണ്ടത്? കാല് വാരും, മറിഞ്ഞ് വീഴും, എന്നാലും നാട് നന്നാകണമെങ്കിൽ നമുക്കൊരു പുതിയ ശൈലിയുണ്ടാകണം. അതിന് നിർബന്ധമായും വേണ്ടത് ചില കാര്യങ്ങൾക്ക് കോംപ്രമൈസ് പാടില്ലയെന്നതാണ്. പക്ഷേ ആ കോംപ്രമൈസ് ഉണ്ടാകുമെന്ന് ഭയക്കുന്ന ഒരാളാണ് ഞാൻ. നമ്മുടെ സംസ്ഥാനത്തിന്റെ രാഷ്ട്രീയ സ്ഥിതിഗതികൾ ആകെക്കൂടി പരിശോധിക്കുമ്പോൾ സംഗതികൾ മോശമായി പോകുന്ന രീതിയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നതെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ജോയി എബ്രഹാം: സർ, അടുത്ത നാലുമാസത്തെ ചെലവിനു വേണ്ടിയുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ പ്രഗൽഭനായ ശ്രീ. ബേബി ജോൺ ശൈലി സംബന്ധിച്ച ചില സാരോപദേശങ്ങൾ നൽകുകയുണ്ടായി. അദ്ദേഹം മുനവച്ചു പറഞ്ഞ കാര്യങ്ങൾക്കൊന്നും മറുപടി പറയാൻ ഞാൻ അഗ്രഹിക്കുന്നില്ല. ഒരിക്കൽ കൂടി 'കേരള കിസിഞ്ചർ' ആകാൻ ഉള്ളിൽ ഒരു ചെറിയ മോഹമെങ്കിലും അദ്ദേഹത്തിനുണ്ടെങ്കിൽ, ഞാനായിട്ട് അതിന് ഒരു തടസ്സം നിൽക്കരുത് എന്നുള്ളതുകൊണ്ടാണ് ഞാനതിന് മറുപടി പറയാത്തത്. ഇന്ന് പ്രതിപക്ഷത്ത് നോക്കുമ്പോൾ. ആയുധം നഷ്ടപ്പെട്ട് പടക്കളത്തിൽ നിൽക്കുന്ന പോരാളികളെ കാണുന്നതുപോലെയാണ് തോന്നുന്നത്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പ്രതിപക്ഷത്തെ മുഴുവൻ നിരായുധരാക്കി. നാരായണൻ പറഞ്ഞു. 'നാറാണത്തു ഭ്രാന്തനെപ്പോലെയാണ് ധനകാര്യവകുപ്പുമന്ത്രി ചെയ്തത്' എന്ന്. പക്ഷേ ശ്രീ. സി. വി. പത്മരാജൻ മികച്ച ഒരു യുദ്ധ തന്ത്രമാണ് പ്രയോഗിച്ചത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. യുദ്ധത്തിൽ ഡമ്മി ടാർഗററിംഗ് എന്നൊരു പരിപാടിയുണ്ട്. നമ്മുടെ ഡീസൽ നികുതിയൊക്കെ ഡമ്മി ടാർഗററായിരുന്നു. ആ ടാർഗററിലേക്ക് നോക്കി രണ്ടു മൂന്നു ദിവസം പ്രതിപക്ഷമുൾപ്പെടെയുള്ള ആളുകൾ നിറയൊഴിച്ച് അവരുടെ വെടിയുണ്ടയും ആയുധങ്ങളുമെല്ലാം തീർന്നു. അവരിന്ന് നിരായുധരായി, ആത്മവീര്യം നഷ്ടപ്പെട്ടാണ് ഈ സഭയിൽ വന്നിരിക്കുന്നത്. മുൻനിരയിലൊന്നും ആരുമില്ല. രാവിലെ ഇവിടെ ആരോ പറഞ്ഞു, മുൻനിരയിലിരേയും കാണുന്നില്ലെന്ന്. ഈ കഴിഞ്ഞ ദിവസങ്ങളിലൊക്കെ വീറോടെ വാദിച്ച ആരേയും ഇന്ന് കാണുന്നില്ല. എനിക്ക് തോന്നുന്നത്, പ്രതിപക്ഷം ആഗ്രഹിക്കുന്നത് ഭരണകക്ഷിയിൽനിന്ന് ഗോളടിച്ചുകൊടുക്കണം എന്നാണെന്നാണ്. കഴിഞ്ഞ മൂന്നര വർഷക്കാലം ഭരണകക്ഷിയിലെ സെൽഫ് ഗോളുകൾ കൊണ്ടു മാത്രമാണ് പ്രതിപക്ഷം നിലനിന്നത്. പ്രതിപക്ഷത്തിന്റെ തന്ത്രമോ പ്രതിപക്ഷത്തിന്റെ യുദ്ധസന്നാഹങ്ങളോ ഒന്നും നടക്കാൻ പോകുന്നില്ല. വാസ്തവത്തിൽ പ്രതിപക്ഷത്തിന് ചിലതൊക്കെ വീണുകിട്ടിയിരുന്നുവെങ്കിൽ അത് ഭരണകക്ഷിയടിച്ച സെൽഫ് ഗോളുകളാണ്. ഒരു കാര്യം ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. പ്രിയങ്കരനും ആദർശധീരനുമായ എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നതിനുശേഷം ഇനി നിങ്ങൾ സെൽഫ് ഗോളൊന്നും പ്രതീക്ഷിക്കണ്ട. നിങ്ങൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകണമെങ്കിൽ നിങ്ങൾ ബുദ്ധിമുട്ടി, കഷ്ടപ്പെട്ട് പണിയെടുക്കണം. സെൽഫ് ഗോൾ പ്രതീക്ഷിച്ച് ഞങ്ങളടിക്കുന്ന ഗോളിന്റെ ബലത്തിൽ നിങ്ങൾക്ക് നേട്ടമുണ്ടാകുമെന്ന് കരുതി നിങ്ങളിരുന്നാൽ നിങ്ങൾ ചരിത്രത്തിന്റെ ചവററുകുട്ടയിലേക്ക് എറിയപ്പെടുമെന്ന് കാര്യത്തിൽ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

സംശയവുമില്ല. ഇവിടെ ധനകാര്യവകുപ്പുമന്ത്രി ഇന്നലെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൻെറ ചില പ്രൊപ്പോസലിനെ സംബന്ധിച്ച്, രജിസ്ട്രേഷൻ ഫീസിൻെറ ചില ഇളവുകളെക്കുറിച്ച് പറയുകയുണ്ടായി. പക്ഷേ, അദ്ദേഹത്തിൻെറ ബഡ്ജററ് പ്രസംഗത്തിൽ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെൻറ് വഴി വിഭവം സമാഹരിക്കാൻ പോകുന്നുവെന്ന് പറഞ്ഞതായി എനിക്ക് തോന്നുന്നു. അദ്ദേഹം പറഞ്ഞു, 10 കോടി രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ട്, രജിസ്ട്രേഷൻ രംഗത്തെ ഡ്യൂട്ടി വെട്ടിപ്പ് തടയുന്നതിനുവേണ്ടി ഉണ്ടാക്കുന്നുവെന്ന്. പക്ഷേ ഒരു കാര്യം, കഴിഞ്ഞ നാലു ബഡ്ജററിലും—അതായത് ഐക്യജനാധിപത്യമുന്നണി ഇതിനുമുമ്പ് അവതരിപ്പിച്ച എല്ലാ ബഡ്ജററിലും—മുഖ്യമായിട്ട് വരുമാനം പ്രതീക്ഷിച്ചിരുന്നത് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നാണ്. പക്ഷേ അതുണ്ടായില്ല. ബഡ്ജററ് പ്രഖ്യാപനം കഴിഞ്ഞ് രജിസ്ട്രേഷൻ ഐ. ജി. ചില സർക്കുലറുകൾ ഇറക്കി. ആ രംഗത്ത് ചില കാര്യങ്ങളൊക്കെ നടത്താൻ ശ്രമിച്ചതൊഴിച്ചാൽ ഒന്നും ഉണ്ടായിട്ടില്ല. സ്ററാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയുന്നത് സംബന്ധിച്ച് തമിഴ്നാട് മോഡൽ ഏർപ്പെടുത്തണമെന്നുണ്ടായിരുന്നു. പക്ഷേ ഒന്നും ഉണ്ടായില്ല. ആ തമിഴ്നാട് മോഡൽ നടപ്പിലാക്കുന്നതിൻെറ പേരിൽ, ആ മറയിൽ. കഴിഞ്ഞ ഗവൺമെൻറ് പരീക്ഷിച്ച് പരാജയപ്പെട്ട് പിൻവലിച്ച താരിഫ് വില സമ്പ്രദായം—തെററായ അശാസ്ത്രീയമായ രീതിയിലുള്ള ആ സമ്പ്രദായം—കൊണ്ടുവരണമെന്നാണ് ഈ കഴിഞ്ഞ പ്രാവശ്യമൊക്കെ ഐ. ജി. ശ്രമിച്ചത്. ഞാനൊരു കാര്യം പറയട്ടെ, ബഹുമാനപ്പെട്ട, പത്മരാജൻ ഒരു കാര്യം പറഞ്ഞിട്ടുണ്ട്, ശാസ്ത്രീയമായ രീതിയിൽ ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ചുകൊണ്ട് ഈ രംഗത്ത് വരുമാനമുണ്ടാക്കുമെന്ന്. തീർച്ചയായും അതിന് രജിസ്ട്രേഷൻ ഐ. ജി. യേയും ഏതാനും ഉദ്യോഗസ്ഥൻമാരേയും മാത്രം ഉൾപ്പെ ടുത്തിയതുകൊണ്ടായില്ല. ഫെയർ വാല്യു നിശ്ചയിക്കണമെന്നുണ്ടെങ്കിൽ, അത് തമിഴ്നാട് മോഡലിലാകട്ടെ, പുതിയ വേറെയെന്തെങ്കിലും സംവിധാനമാകട്ടെ, അതു സംബന്ധിച്ച് ജനപ്രതിനിധികളുടെ അഭിപ്രായം അറിഞ്ഞുകൊണ്ട് ആ രംഗത്ത് നിർദ്ദേശങ്ങൾ കൊണ്ടുവരുന്നതിന് അദ്ദേഹം തയ്യാറാകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. എനിക്ക് പറയാനുള്ള മറെറാരു കാര്യം, ബഹുമാനപ്പെട്ട എ. കെ. ആൻറണി മുഖ്യമന്ത്രിയായി ചാർജ്ജെടുത്തതോടുകൂടി ഗുണപരമായ ഒരു മാററം ഈ ഭരണത്തിന് ഉണ്ടായിട്ടുണ്ട് എന്നതാണ്. പക്ഷേ അത് എല്ലാ വകുപ്പിലും..........

<u>ശ്രീ. ലോനപ്പൻ നമ്പാടൻ:</u> മുഖ്യമന്ത്രിയായി ശ്രീ. എ. കെ. ആൻറണി അധികാരമേൽക്കുന്നതിനുമുമ്പ് ഈ കേരളത്തിൽ ദുർഭരണമായിരുന്നു എന്നല്ലേ ബഹുമാനപ്പെട്ട മെമ്പറുടെ സൂചന?

<u>ശ്രീ. ജോയി എബ്രഹാം:</u> എന്നു ഞാൻ പറഞ്ഞില്ലല്ലോ. ഗുണപരമായ ചില മാററങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് പറഞ്ഞു. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്—ഇവിടെ ആഭ്യന്തരവകുപ്പിൽ ഗുണപരമായ ചില മാററങ്ങൾ ഉണ്ട്. ഏററവുമധികം കുഴപ്പമുണ്ടാകുന്നത് ആഭ്യന്തര വകുപ്പിനെ ക്കുറിച്ചാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ആ വകുപ്പ് കൈകാര്യം ചെയ്യുകയാണ്. ആഭ്യന്തര വകുപ്പിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു അതിൻെറ സബ്ജക്ട് കമ്മിററി. ഞാൻ അതിൻെറ അംഗമാണ്. എത്ര പ്രാവശ്യം അത് കൂടിയിട്ടുണ്ട്? ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ശ്രദ്ധിക്കാൻ ഞാൻ പറയുകയാണ്. ഹോം ഡിപ്പാർട്ടുമെൻറിൻെറ സബ്ജക്ട് കമ്മിററി എത്ര പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

കൂടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്? അതിന്റെ കാരണങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. നമുക്ക് അത് വിളിച്ചുകൂട്ടാൻ കഴിയണം. പോലീസ് ഭരണവുമായി ജനപ്രതിനിധികളെ ബന്ധിപ്പിക്കുന്നതിനുവേണ്ടി എന്നു പറഞ്ഞ് ജില്ലകൾ തോറും എസ്. പി. മാർ കോൺഫറൻസ് വിളിച്ചുകൂട്ടുന്ന പതിവുണ്ട്. 3 മാസം കൂടുമ്പോൾ കൂടാറുള്ള ആ കോൺഫറൻസിൽ എത്ര എം. എൽ. എ. മാർ പോകാറുണ്ട്? പോയതുകൊണ്ട് പ്രയോജനം എന്തുണ്ട്? മൂന്നുനാലു ഡി. വൈ. എസ്. പി. മാർ വന്ന് കുശലം പറഞ്ഞ് ചായയും കുടിച്ച് പിരിയുന്നതൊഴിച്ചാൽ മറ്റൊന്നും നടക്കുന്നില്ല. ഞാൻ പറഞ്ഞുവന്നത് നമ്മുടെ എല്ലാ ഡിപ്പാർട്ടുമെന്റിലും ഗുണപരമായ മാററം ഉണ്ടാകണമെന്നു ള്ളതാണ്.

ശ്രീ. പി. എം. മാത്യു: പുതിയ മുഖ്യമന്ത്രി വന്നതിനുശേഷം ഗുണപരമായ മാററം ഉണ്ടായി എന്ന് അങ്ങ് പറഞ്ഞു. നൂറു ശതമാനം ശരിയാണ്. പ്രതിപക്ഷത്തിരിക്കുന്ന നമ്പാടൻ മാസ്ററെപ്പോലെയുള്ള ആളുകളുടെ അപവാദ വ്യവസായത്തിന് യാതൊരു ഗുണപ്രരമായ മാററവും സംഭവിച്ചിട്ടില്ല; അത് കൂടിവരികയാണ് എന്ന് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. ജോയി എബ്രഹാം: അതു നമ്പാടൻ മാസ്ററുടെ ശൈലിയല്ലേ? അത് മാറുമോ; അത് മാറുമെന്നെനിക്ക് പ്രതീക്ഷയില്ല. ഞാൻ പറഞ്ഞു വന്നത് നമ്മുടെ ഹോം ഡിപ്പാർട്ടുമെന്റിൽ കഴിഞ്ഞ കാലത്ത് എന്ത് നടന്നുവെന്നുള്ളതാണ്. ഉദ്യോഗസ്ഥൻമാരുടെ മേലാവ്, പോലീസ് മേധാവികളുടെ ഗ്രൂപ്പുകൾ—പല സ്ഥലങ്ങളിലും എനിക്കറിയാം. ഇനി ആ അവസ്ഥ ഒന്ന് അവസാനിപ്പിക്കണം. പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് സ്വഭാവദൂഷ്യം ഉണ്ടെന്ന് കാണുന്ന ആളുകളെ മുഖം നോക്കാതെ മാററി നിറുത്താൻ തയ്യാറാകണം. നമ്മുടെ ഹോം ഡിപ്പാർട്ടുമെന്റുവഴി ചെയ്യേണ്ട ഒരു കാര്യമാണിത്. ഇവിടെ രാവിലെ പശ്ചിമഘട്ട വികസനത്തെക്കുറിച്ച് ഒരു ചോദ്യമുണ്ടായിരുന്നു. ആ പശ്ചിമഘട്ട വികസന പദ്ധതി നടപ്പാക്കുന്നതിൽ എം. എൽ. എ. മാർക്കും ജനപ്രതിനിധികൾക്കും എന്തെങ്കിലും പങ്കുണ്ടോ എന്ന് എനിക്ക് സംശയമാണ്. കോടിക്കണക്കിന് രൂപയുടെ കേന്ദ്രഗവൺമെൻറ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ ജനപ്രതിനിധികൾക്ക് യാതൊരു പങ്കുമില്ല. ഉദ്യോഗസ്ഥൻമാർ തോന്ന്യാസം കാണിക്കുകയാണ്. പശ്ചിമഘട്ടവികസന പദ്ധതിയിൽ വരുന്ന ഫണ്ട് ഉദ്യോഗസ്ഥൻമാർക്ക് തോന്ന്യാസം കാണിക്കാനുള്ളതല്ല. ഫണ്ടിന്റെ വിനിയോഗത്തെസംബന്ധിച്ച് എം. എൽ. എ. യെ ബന്ധിപ്പിക്കണമെന്ന് പറഞ്ഞത് ഉദ്യോഗസ്ഥനാണ്. രാഷ്ട്രീയക്കാരാരും വേണമെന്ന് പറഞ്ഞില്ല. എം. എൽ. എ. മാർ രാഷ്ട്രീയക്കാരാണോ? ആ നിലയിൽ ഗുണകരമായ ചില മാററങ്ങൾ വേണമെന്ന് പറയേണ്ടതായിട്ടുണ്ട്. അതുപോലെ മറെറാന്ന് നമ്മുടെ എസ്. സി. പി., ടി. എസ്. പി. ഫണ്ട് ജില്ലകളിൽ വർക്കിംഗ് ഗ്രൂപ്പിന് കൊടുക്കുകയാണ്. ആരാണ് ഈ വർക്കിംഗ് ഗ്രൂപ്പിലുള്ളത്? വർക്കിംഗ് ഗ്രൂപ്പിൽ എം. എൽ. എ. മാർ ഇല്ലേ? ഇന്നിപ്പോൾ ഇവിടെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാവുകയാണ്. 4 മാസത്തെ ചെലവിനുള്ള വോട്ട് ഓൺ അക്കൗണ്ട്. അതുകൊണ്ട് ഇപ്പോൾ പറഞ്ഞില്ലെങ്കിൽ ശരിയാവുകയില്ല. എസ്. സി. പി. ഫണ്ടിന്റെയും, ടി. എസ്. പി. ഫണ്ടിന്റേയും വിനിയോഗത്തിൽ ആ നിയോജക മണ്ഡലത്തിൽ, ആ വർക്കിനെ സംബന്ധിച്ച് അഭിപ്രായം പറയാൻ എം. എൽ. എ. മാർക്ക് അവസരമുണ്ടാകണം. ഇപ്പോൾ ടൂറിസത്തിന്റെ സ്ഥിതി എന്താണ്? അവിടെയും വർക്കിംഗ് ഗ്രൂപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ എം. എൽ. എ. മാർ ആരുമില്ല. ഈ നിലയിൽ കാര്യങ്ങൾ പോയതുകൊണ്ടായില്ല. ഈ ചെലവിനുള്ള പണം, അതായത് 4 മാസത്തെ ചെലവിനുള്ള പണം തരുമ്പോൾ അതിനുള്ള ഗുണപരമായ മാററംകൂടി എല്ലാ സ്ഥലങ്ങളിലും പ്രതിഫലിക്കണം എന്നു മാത്രം ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പൂർണ്ണമായും അനുകൂലിക്കുകയാണ്.

ഡോ. കെ. സി. ജോസഫ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇന്നലെ ബഡ്ജററിന്റെ പൊതു ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ഇത് മിച്ചമാണോ കമ്മിയാണോ എന്ന വാദത്തേക്കാളുപരിയായി ഏത് സെക്ററിനാണ് പ്രാധാന്യം കൊടുക്കുന്നത് എന്നുള്ളതാണ് പ്രധാനമായിട്ടുള്ളത് എന്ന്. ഈ ബഡ്ജററിലും വോട്ട് ഓൺ അക്കൗണ്ടിലും പ്രാധാന്യം കൊടുക്കുന്നത് അതിനാണ് എന്നുപറയുമ്പോൾ തീർച്ചയായും ഈ ഗവൺമെന്റിന് മറുപടി പറയാൻ ബാദ്ധ്യതയുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രാഥമിക സെക്ററായ കാർഷിക മേഖലയാണ് സംസ്ഥാനത്തിന്റെ പുരോഗതിക്കും നിലനിൽപ്പിനും അത്യന്താപേക്ഷിതമായിട്ടുള്ള മേഖല. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. ജോയി എബ്രഹാം പറയുന്നത് കേട്ടപ്പോൾ എനിക്കു വളരെ നിരാശ തോന്നി. കേരള കോൺഗ്രസ് പാർട്ടിയിലെ ഒരു അംഗം എന്നുള്ള നിലയിൽ അദ്ദേഹം ഇന്നലെ മന്ത്രി പ്രഖ്യാപിച്ച ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളമെല്ലാം വളരെ സന്തുഷ്ടനായി പറഞ്ഞു. പല ആനുകൂല്യങ്ങളും പറഞ്ഞു; വളരെ നല്ല കാര്യം. ബഡ്ജററ് അവതരിപ്പിക്കുന്നതിന് മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്ക് ഡീസലിന്റെ വില കൊണ്ടുപോയി. പുതിയ ഒരു ആനുകൂല്യം അല്ല ഇവിടെ പ്രഖ്യാപിച്ചത്. ഇന്നലെ കേരള കോൺഗ്രസ്സിലെ വിവിധ വിഭാഗങ്ങൾ ആവശ്യപ്പെട്ട ആ ആനുകൂല്യം ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അംഗീകരിച്ചോ? കാർഷിക മേഖലയെ ടാക്സ് ചെയ്യാനുള്ള, അതായത് പ്രാഥമിക സെക്ടറിന്റെ മേൽ നികുതി ഏർപ്പെടുത്താനുള്ള, ആ നീക്കത്തെ എതിർത്ത കേരള കോൺഗ്രസ് അംഗങ്ങൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. ബാക്കി നികുതി ഏതാണ്? കോമ്പൗണ്ടിംഗ് നികുതിയിൽ റേററിൽ വരുത്തിയ വർദ്ധനവു മാത്രമാണോ ഇനി ബാക്കി നിൽക്കുന്നത്? ഇവിടെ നിന്ന് കാർഷിക മേഖലയെ ഞെക്കിപ്പിഴിഞ്ഞ് വരുമാനമുണ്ടാക്കുവാൻ പോകുന്നു. അതിന്റെ ആവശ്യമുണ്ടായിരുന്നോ? ഇന്നലെ എന്റെ ഒരു ചോദ്യത്തിനു മറുപടിയായി ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി കോമ്പൗണ്ടിംഗ് സിസ്ററം വേണ്ടെങ്കിൽ പഴയ നിലയിലേക്ക് പോകാൻ കൃഷിക്കാർക്ക് അവകാശമുണ്ടെന്ന് പറഞ്ഞു. എന്തിനു വേണ്ടി ഈ സെക്ററിൽ കോമ്പൗണ്ടിംഗിന്റെ റേററിൽ വർദ്ധനവ് വരുത്തണം? ഇവിടെ കോമ്പൗണ്ടിംഗ് സിസ്ററം ഏർപ്പെടുത്തുന്നതിനുമുമ്പ് കാർഷികാദായ നികുതിയിനത്തിൽ 1992–93-ൽ വരുമാനം പന്ത്രണ്ടരക്കോടി രൂപ മാത്രമാണ്. 1994–95-ൽ കോമ്പൗണ്ടിംഗ് ഏർപ്പെടുത്തിയതിനുശേഷം അത് വളർന്ന് 25.35 കോടിയായി മാറി. ഇരട്ടിയിലേറെ വർദ്ധനവാണുണ്ടായത്. അതിൽനിന്നുള്ള സ്വാഭാവികമായ വളർച്ചകൊണ്ടുതന്നെയുണ്ടാകാവുന്നതിനേക്കാൾ കൂടുതൽ ഞെക്കിപ്പിഴിയൽ കാർഷിക മേഖലയിൽനിന്ന് വേണമെന്ന നിർബന്ധബുദ്ധി കാർഷികമേഖലയോടുള്ള അനുഭാവമായാണോ കാർഷിക മേഖലയിൽനിന്ന് വരുന്ന കേരള കോൺഗ്രസ്സിന്റെ ആളുകൾ കാണുന്നത്? ഇനി, ഇവിടെ മൂലധനം മുടക്കിയാൽ കാർഷിക മേഖലയോടുള്ള സമീപനമെന്താണ്? പ്രാഥമിക സെക്ടറിലെ ശതമാനത്തെക്കുറിച്ച് ഇവിടെ ശ്രീ. ബേബിജോൺ പറഞ്ഞു. 1992-93-ൽ കാർഷിക മേഖലയിൽ 424 കോടി രൂപയാണ്

LIBRARY ARCHIVES Kerala Legislative Assembly

ആകെ മുതൽമുടക്കിയത്. അത് ഡെവലപ്പ്മെന്റൽ എക്സ്പെൻറിച്ചറിന്റെ 17.73 ശതമാനമായിരുന്നു. (അഗ്രികൾച്ചർ, അനിമൽ ഹസ്ബൻഡ്രി, ഡയറി ഡെവലപ്പ്മെന്റ് ഇവ ഉൾപ്പെടെ). അത് അടുത്ത സാമ്പത്തിക വർഷത്തേക്ക് (1995-96) 375 കോടി രൂപയായി കുറഞ്ഞു. 10.77 ശതമാനം മാത്രം. ഇതാണോ കാർഷിക മേഖലയോടുള്ള നിങ്ങളുടെ സമീപനം? പ്രാഥമിക സെക്ടറിൽ എങ്ങനെ വളർച്ചയുണ്ടാകുവാൻ, ഉൽപ്പാദനക്ഷമതയുണ്ടാകുവാൻ, ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ, കഴിയുമെന്നാണ് നിങ്ങൾ കരുതുന്നത്? നിങ്ങൾതന്നെ ഇവിടെ തന്നിട്ടുള്ള ഇക്കണോമിക് റിവ്യൂവിൽ പറയുന്നു, ഓരോ മേഖലയിലും പ്രശ്നങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന്. നെൽകൃഷി മേഖലയിൽനിന്ന് ജനങ്ങൾ അകന്നുപോകുന്നതിനെ നിങ്ങളുടെ ഇക്കണോമിക് റിവ്യു ന്യായീകരിച്ചിരിക്കുന്നു. എന്തുകൊണ്ടാണ്? അവിടെ. യുള്ള ഉൽപ്പാദനച്ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. അതിന്റെ ഉൽപ്പാദനച്ചെലവിനനുസരണമായ വില ലഭിക്കുന്നില്ല എന്ന് ഇക്കണോമിക് റിവ്യൂവിൽതന്നെ പറയുന്നു. അതുകൊണ്ടാണ് ഉൽപ്പാദനക്ഷമതയിൽ വർദ്ധനവുണ്ടായിട്ടും കഴിഞ്ഞതിന്റെ മുമ്പത്തെ വർഷം അരി ഉൽപ്പാദനം 11 ലക്ഷം ടൺ ഉണ്ടായിരുന്നത് കഴിഞ്ഞ വർഷം 10.84 ലക്ഷം ടൺ ആയി കുറഞ്ഞത്. ആ മേഖലയിൽനിന്ന് ആളുകൾ ഒഴിഞ്ഞുപോകുന്നു. നിങ്ങൾക്ക് അവരെ എങ്ങനെ നിലനിർത്താൻ കഴിയും? നിങ്ങൾ, ആ സെക്ടറിൽ ചെലവാക്കുവാനുള്ള തുക വീണ്ടും കുറച്ചുകൊണ്ടുവരുന്നു. വ്യവസായ വകുപ്പിനും തൊഴിൽ വകുപ്പിനും എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതിക്കും ഒക്കെ തന്നെ നീക്കിവച്ചിരിക്കുന്നതും ഇതേ നിലയിൽ ആണ്. 1994-95-ൽ വ്യവസായ വകുപ്പിൽ 144 കോടി രൂപ നീക്കിവച്ച സ്ഥാനത്ത് ഈ വർഷത്തെ ബഡ്ജറ്റിൽ 138 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. ഇങ്ങനെയായാൽ എങ്ങനെ വികസനം സാദ്ധ്യമാകും? പ്രാദേശികമായ റോഡ് വികസന രംഗത്ത് 1993-94-ൽ 91 കോടി രൂപ ചെലവാക്കിയ സ്ഥാനത്ത് 1995-96-ൽ നീക്കിവച്ചിട്ടുള്ളത് വെറും 87 കോടി രൂപമാത്രമാണ്. എങ്ങനെ റോഡുകളുടെ വികസനം സാദ്ധ്യമാകും? ഇതെല്ലാം കഴിഞ്ഞതിനു ശേഷം ഇവിടുത്തെ വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത് എന്നുള്ള മിഥ്യാവകാശവാദവുമായി എങ്ങനെ കേരളത്തിലെ ജനങ്ങളെ നിങ്ങൾക്ക് വഞ്ചിക്കുവാൻ കഴിയും? കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം അവിടെ ഉല്പാദനക്ഷമത കൈവരിക്കുവാനുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ പണം കുറച്ചിരിക്കുന്നു എന്നുമാത്രമല്ല, അവിടെ നിന്നുള്ള നികുതിയീടാക്കൽ വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പംതന്നെ കാർഷികമേഖലയിലെ ഏറ്റവും സുപ്രധാനമായ ഒരു വിഷയം പട്ടയത്തെ സംബന്ധിച്ചുള്ളതാണ്. കരുണാകരൻ ഗവൺമെന്റിന്റെ അവസാന സമ്മേളനത്തിൽ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി ഇവിടെ ഒരുത്തരവ് പുറപ്പെടുവിച്ചു. കേന്ദ്രത്തിൽനിന്ന് ആർ. കെ. ചൗധരി (ഫോറസ്റ്റ് അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ) യുടെ കത്തോടുകൂടി ഹൈക്കോടതിയിൽനിന്ന് സ്റ്റേ ഒഴിവാക്കാൻ കഴിയുമെന്നും, പട്ടയവിതരണം വീണ്ടും ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നും അദ്ദേഹം ഇവിടെ പറഞ്ഞു. അതിനുശേഷം എന്താണുണ്ടായത്? ഇന്നലെ വീണ്ടും ഹൈക്കോടതിയുടെ വിധി വന്നിരിക്കുന്നു. പട്ടയം കൊടുക്കുന്നതു സംബന്ധിച്ചുള്ള നടപടികളിൻമേലുള്ള സ്റ്റേ നീട്ടിയതായി കോടതി പറഞ്ഞിരിക്കുന്നു. എന്താണ് കാരണം? കേന്ദ്രത്തിൽനിന്ന് പട്ടയം നൽകുന്നതിനുവേണ്ടി 25-3-1993-ൽ നൽകിയിട്ടുള്ള അനുമതി സോപാധികാനുമതിയാണെന്നും ആ ഉപാധികളൊന്നുംതന്നെ നടപ്പാക്കുവാൻ ഈ ഗവൺമെന്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും ആ നടപടികൾ പൂർത്തിയാക്കുന്നതു വരെ പട്ടയം കൊടുക്കാൻ പാടില്ലെന്നും പറഞ്ഞുകൊണ്ടുതന്നെയാണ് പട്ടയം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന നടപടി സ്റ്റേ ചെയ്തത്. ഈ ഗവൺമെന്റ് അംഗീകരിച്ച ഉപാധികൾ നടപ്പിലാക്കുവാൻവേണ്ടി എന്തെല്ലാം നടപടികളാണ് ഇതിനിടയിൽ ഈ ഗവൺമെന്റ് സ്വീകരിച്ചത്? അതിലെ ഒരുപാധിയായ കോമ്പൻസേറ്ററി അഫോറസ്റ്റേഷന് അഞ്ച് കൊല്ലംകൊണ്ട് 113 കോടി രൂപ ചെലവാക്കാമെന്നാണ് പറഞ്ഞത്. ആ ഇനത്തിൽ 1992-93-ൽ 10 കോടി രൂപ ചെലവാക്കുമെന്നും 1993-94-ൽ 18 കോടി രൂപ ചെലവാക്കുമെന്നും അങ്ങനെ തുടർച്ചയായി അഞ്ചുവർഷംകൊണ്ട് 113 കോടി രൂപയുടെ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നടപ്പാക്കുമെന്നും കേന്ദ്രഗവൺമെന്റിന് ഉറപ്പ് നൽകി വാങ്ങി എന്ന് കേന്ദ്രഗവൺമെന്റ് പറയുന്ന ഈ അനുമതി നടപ്പാക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ? ആകെ രണ്ട് കോടി രൂപയാണ് 1992-93 മുതൽ ഈ അവസാന വർഷംവരെ ചെലവാക്കിയിട്ടുള്ളത് എന്നതാണ് യാഥാർത്ഥ്യം. 1995-96-ലെ ബഡ്ജറ്റിൽ പട്ടയം നൽകുന്നതിനുവേണ്ടി കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നടത്താൻ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്? മുൻകൊല്ലത്തെ കുടിശ്ശിക, ഗവൺമെന്റ് 1992-93-ൽ നൽകേണ്ട 10 കോടി രൂപയിൽ ചെലവാക്കിയ രണ്ട് കോടി രൂപ കഴിഞ്ഞ് ബാക്കി എട്ടുകോടി, 1993-94-ലെ 18 കോടി ഇതൊക്കെ പോയിട്ട് ഇക്കൊല്ലം ഇതിനുവേണ്ടി ചെലവാക്കാൻ എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്? ഒന്നുംതന്നെയില്ലായെന്നുള്ളതാണ് കാണാൻ കഴിയുന്നത്. ആ അടിസ്ഥാനത്തിൽ കോമ്പൻസേറ്ററി അഫോറസ്റ്റേഷനുവേണ്ടി ഒരു നടപടിയും സ്വീകരിക്കാതെ ഇവിടെ മലയോര കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമാക്കണം. ബഹുമാനപ്പെട്ട എ. കെ. ആന്റണി 1977-ൽ മുഖ്യമന്ത്രിയായിരുന്ന കാലത്ത് നൽകിയ വാഗ്ദാനമാണ്. ആ വാഗ്ദാനം നടപ്പാക്കാൻ വേണ്ടിയുള്ള നടപടികളിൽ ഇപ്പോഴും ആരാണ് ഒളിച്ചുകളിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് അറിയുന്നതിന് കേരളത്തിലെ ജനങ്ങൾക്ക് ആകാംക്ഷയുണ്ട്. എവിടെയാണ് കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ആവശ്യമായിട്ടുള്ളത്? ഈ 28,500-ൽ ചിലാനം ഏക്കർ സ്ഥലവും ഫോറസ്റ്റ് ഏരിയ ആണോ? അവിടെ ഫോറസ്റ്റ് ഉണ്ടായിരുന്നോ? കട്ടപ്പന പട്ടണം പോലുള്ള പട്ടണങ്ങൾ—ആ പട്ടണങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി വനം നശിപ്പിച്ചു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അതിനിരട്ടി സ്ഥലം അഫോറസ്റ്റേഷൻ നടത്തണമെന്നുള്ള കേന്ദ്രത്തിന്റെ വാദഗതി ഇവിടത്തെ കൃഷിക്കാരെ സഹായിക്കാനാണോ? ആ നിലയിൽ മലയോര കൃഷിക്കാർക്ക് ദ്രോഹകരമായൊരു നിലപാടിലൂടെ കേന്ദ്ര ഗവൺമെന്റും ഇവിടെ സംസ്ഥാന ഗവൺമെന്റും ഒളിച്ചുകളി നടത്തുകയാണ്. ഇവിടെ കാർഷികമേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള ക്രിയാത്മകമായ നടപടികളില്ലാതെ ഇവിടെ അതിനുള്ള തുകകൾ കുറച്ചുകൊണ്ടു വരുമ്പോൾ കാർഷികമേഖലയിൽനിന്നും നികുതി പിഴിഞ്ഞ് വരുമാനം വർദ്ധിപ്പിക്കുവാൻ വേണ്ടി വീണ്ടും കൃഷിക്കാരുടെ മേൽ ദുരിതം അടിച്ചേൽപ്പിക്കുവാൻ തയ്യാറാകുന്ന അവസരത്തിലും നിശ്ശബ്ദരായി അധികാരകസേരയ്ക്കുവേണ്ടി കാർഷികമേഖലയെ മറക്കുന്നവർ തീർച്ചയായും കാർഷികമേഖലയിലെ ജനങ്ങളിൽനിന്നും ഒറ്റപ്പെടുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനാൽ കാർഷികമേഖലയോട് വളരെ ക്രൂരമായ സമീപനമുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. എം. മാത്യു: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തെ ശ്രീ. ബേബി ജോൺ സംസാരിച്ചപ്പോൾ അദ്ദേഹത്തിന് ഇന്നലെ പിൻവലിച്ച
1 P. M.] നികുതി നിർദ്ദേശങ്ങളെക്കുറിച്ച് ഒന്നും പറയാൻ ഇല്ലായിരുന്നു. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജനോപകാരപ്രദമായ പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

കളെക്കുറിച്ച് പരാതി ഇല്ലായിരുന്നു. കേരള രാഷ്ട്രീയത്തിലെ 'കിസിഞ്ചർ' എന്നറിയപ്പെടുന്ന അദ്ദേഹം പ്രധാനമായും ചോദിച്ചത്, ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി നല്ലവനാണ്, അദ്ദേഹം എങ്ങനെ ഇനി പുതിയ മന്ത്രിമാരെ എടുക്കും; എങ്ങനെ ഈ വകുപ്പുകൾ നൽകും എന്നൊക്കെയാണ്. നിങ്ങൾ ഞങ്ങളെ ഓർത്ത് വിലപിക്കണ്ട; നിങ്ങളെയും നിങ്ങളുടെ അനുയായികളെയും ഓർത്ത് വിലപിച്ചാൽ മതി. ശ്രീ. എ. കെ. ആൻറണി രാഷ്ട്രീയ പക്വതയും വിശാലവീക്ഷണവും അനുഭവജ്ഞാനവും ഉപയോഗിച്ച് പുതിയ മന്ത്രിമാരെ തിരഞ്ഞെടുക്കുന്നതും വകുപ്പുകൾ വീതിക്കുന്നതും ചക്കക്കുരുവിൻെറ പാട പൊളിക്കുന്ന ലാഘവത്തോടെയാണെന്ന് രണ്ടാഴ്ചയ്ക്കുള്ളിൽ ഇവിടത്തെ പ്രതിപക്ഷത്തിനും ജനങ്ങൾക്കും ബോദ്ധ്യമാകുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഡോ. കെ. സി. ജോസഫ് കൃഷിക്കാർക്കു വേണ്ടി വാചാലമായി വാദിക്കുന്നതു കേട്ടു. ഞങ്ങൾക്ക് ആ കാര്യത്തിൽ അഭിമാനമുണ്ട്. 1987 മുതൽ 1991 വരെ ഭരിച്ച ഇടതുപക്ഷമുന്നണി ഗവൺമെൻറിൻെറ കാലത്തെ നാല് ബഡ്ജററുകൾ പരിശോധിച്ചാൽ ഈ രാജ്യത്തെ കാർഷിക മേഖലയ്ക്കു വേണ്ടി പറഞ്ഞിരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് ആളുകൾക്കറിയാം. കഴിഞ്ഞ വർഷത്തെ ബഡ്ജററ് മാത്രമല്ല, ഈ ബഡ്ജററിലും മുഖ്യമന്ത്രി ഊന്നൽ കൊടുത്തിരിക്കുന്നത് കാർഷിക മേഖലയുടെ പുരോഗതിക്കും വികാസത്തിനുമാണ്. കാർഷിക മേഖലയുടെ വളർച്ചയിലൂടെ, കാർഷിക മേഖലയുടെ ഉൽപ്പാദന വർദ്ധനവിലൂടെ മാത്രമേ ഈ സംസ്ഥാനം രക്ഷപ്പെടൂ എന്ന് ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്. കാർഷിക മേഖലയുടെ അനുബന്ധ മേഖലകളായ വാണിജ്യ—വ്യാപാര മേഖലയും വ്യവസായ മേഖലയും വികസിച്ചാലേ ഈ രാജ്യത്തെ സമ്പത്ത് ഖജനാവിലേക്ക് കൂടുതലായി വരൂ എന്ന് ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്. പക്ഷേ പ്രതിപക്ഷത്തിൻെറ കണക്ക് എന്താ? സി. ആൻറ് എ. ജി. യുടെ റിപ്പോർട്ട് നോക്കുമ്പോൾ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ പതിനാറ് പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നു ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഈ ഗവൺമെൻറിൻെറ കഴിവുകൊണ്ട് അത് 27–28 ആക്കി വർദ്ധിപ്പിച്ചു എന്ന് കാണാം. ഇപ്പോഴും മുടിഞ്ഞുകൊണ്ടിരിക്കുന്ന അനേകം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. ഈ രാജ്യത്തെ 95% വരുന്ന കൃഷിക്കാർക്കോ തൊഴിലാളികൾക്കോ പ്രയോജനമില്ലാത്ത, നശിച്ചുകൊണ്ടിരിക്കുന്ന, കഴിവുകേടിൻേറയും നേതൃത്വ ദാരിദ്ര്യത്തിൻേറയും പര്യായമായി മാറിയ, ആ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് വീണ്ടും ഖജനാവിൽ നിന്ന് കാശ് എടുത്ത് കുഴിച്ചുമൂടുകയും, അതേസമയം കാർഷിക മേഖലയിൽ കൂടുതൽ മുതൽമുടക്കുകയും ചെയ്യണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നത് വിരോധാഭാസമാണ്. ഇ. എം. എസ്സിൻെറ കഴിഞ്ഞ ദിവസത്തെ പ്രസംഗം എന്താണ്? വ്യവസായ മേഖലയിലും കാർഷിക മേഖലയിലും കൂടുതൽ മുതൽ മുടക്കണമെന്നും, ഉല്പാദനക്ഷമമല്ലാത്ത മേഖലകളിൽ മുതൽ മുടക്കിയാൽ അത് ഈ രാജ്യത്തിൻെറ സമ്പദ്ഘടനയെ തകർക്കുമെന്നും സാമ്പത്തിക വിദഗ്ദ്ധൻ കൂടിയായ ഇ. എം. എസ്. പറയുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പത്മരാജൻ വക്കീലിൻെറ ബഡ്ജററ് പരിശോധിച്ചാൽ ഈ വസ്തുത അദ്ദേഹം അടിവരയിട്ടു കാണിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്ന ദരിദ്രവിഭാഗങ്ങളെ കൈവിടാതെ അവർക്ക് ആശ്വാസം കൊടുക്കുന്ന നികുതി ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ പാവപ്പെട്ടവരെ ദ്രോഹിക്കുന്നു എന്ന് പ്രതിപക്ഷവും ഭരണകക്ഷിയും ഒരുപോലെ പറഞ്ഞ ഡീസലടക്കമുള്ള, റെഡിമെയ്ഡ് യൂണിററുകളുടെ നികുതി അടക്കമുള്ള, കാര്യങ്ങൾ ഹൃദയവിശാലതയോടുകൂടി അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ച് 52 കോടി രൂപയുടെ ആനുകൂല്യങ്ങളും ഇന്നലെ കൊടുത്തപ്പോഴും ബഡ്ജററ് കമ്മിയായി എന്ന കണക്കുകളിലെ സത്യം അദ്ദേഹം അംഗീകരിച്ചു. ഉടനെ പറയുന്നു, ബഡ്ജററ് കമ്മിയായി, മിച്ചമെന്നു പറഞ്ഞത് തന്നെ സാങ്കേതികത്വമാണ് എന്ന്. ഈ രാജ്യത്തെ മിച്ചം എന്നു പറയുന്നത് സാങ്കേതികമാണ്. കമ്മിയായാലും മിച്ചമായാലും കാര്യം നടക്കുന്നുണ്ടോ വികസനം നടക്കുന്നുണ്ടോ ഫലപ്രദമായി ഭരണം നീങ്ങുന്നുണ്ടോ എന്നുള്ളതാണ്, ഈ ബഡ്ജററ് വിജയമാണോ പരാജയമാണോ എന്നു കാണിക്കുന്നത്. അതുകൊണ്ട് ഈ ബഡ്ജററിലെ പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ അടിതൊട്ട് മുടിവരെ ഭരണത്തിൽ വളരെ വ്യക്തമായ കാഴ്ചപ്പാടുവേണം.

ഒന്നുരണ്ടു കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. ഈ ഗവൺമെൻറും കേന്ദ്രഗൺമെൻറും അന്തരിച്ച ആരാധ്യനായ മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയും വളരെയേറെ രാജ്യസ്നേഹപരമായ നിലപാടെടുത്ത് ഈ രാജ്യത്തെ മുഴുവൻ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും നേരിട്ട് കത്തെഴുതി കൊണ്ടുവന്നതാണ് പുതിയ പഞ്ചായത്ത് രാജ്–നഗരപാലികാ നിയമ നിർമ്മാണം. ഇത് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ആത്മാർത്ഥതയ്ക്കു മുന്നിൽ ഒരു വെല്ലുവിളി ഉയർത്തിയിരിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ആ വെല്ലുവിളി അങ്ങ് സ്വീകരിക്കണം; സമയബന്ധിതമായി പഞ്ചായത്ത് രാജ്–നഗരപാലികാ തിരഞ്ഞെടുപ്പ് നടത്തി അധികാര കൈമാററം നടത്തണം എന്നാണ്. അധികാര കൈമാററം നടത്തിയാൽ മാത്രം പോരാ, കാര്യക്ഷമമായ ഭരണം അവിടെ നടക്കണം. ഇന്ന് പഞ്ചായത്ത് ഉണ്ടോ? എന്താ സ്ഥിതി? കേന്ദ്രഗവൺമെൻറിൻെറ ജെ. ആർ. വൈ. യിലെ കുറേ കാശ്, ഡി. ആർ. ഡി. എ. യിലെ കുറേ പണം, കുറേ അൺടൈഡ് ഫണ്ട്, 25% ഡയറക്ടറുടെ വിഹിതം, പിന്നെ അവർ പിരിക്കുന്ന നികുതി ഇതെല്ലാം കൂടി വീതംവച്ച് ഒന്നിനും കൊള്ളാത്ത രീതിയിൽ കുറേ വികസനം നടത്തുന്നു. ഈ വികലമായ വികസനം പുതിയ പഞ്ചായത്ത് സംവിധാനം വരുമ്പോൾ ഉണ്ടാകരുത്. കേരള ഗവൺമെൻറിൻെറ കൈയിലെ 29 അധികാരങ്ങൾ താഴേക്കു കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇനിയും വേണമെങ്കിൽ കൊടുക്കണം. നിയമ നിർമ്മാണസഭയുടെ ജോലി ആയിരം രൂപയുടേയും രണ്ടായിരം രൂപയുടേയും കണക്ക് അംഗീകരിച്ചു കൊടുക്കുന്നതല്ല. ഇത് നിയമനിർമ്മാണ സഭയാണ്. നയരൂപീകരണ സമിതിയാണ്. ആവശ്യമില്ലാത്ത ജോലിഭാരം മന്ത്രിമാരും എം. എൽ. എ. മാരും എടുത്ത് തലയിൽ വയ്ക്കരുത്. പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുക, അഞ്ച് കൊല്ലത്തേക്കുള്ള ഒരു പ്ലാനിംഗ്. ഓരോ വർഷത്തേക്കുള്ള ബഡ്ജററും പ്ലാനിംഗും നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായവും നിർദ്ദേശവും, പണവും കൊടുത്തുകൊണ്ട് എ. കെ. ആൻറണിയുടെ ആത്മാർത്ഥതയുടെ അന്തസ്സത്ത പ്രതിപക്ഷത്തിനും ഈ രാജ്യത്തിനും തെളിയിച്ചു കൊടുക്കാൻ സമയബന്ധിതമായി പഞ്ചായത്ത് രാജ് തിരഞ്ഞെടുപ്പ് നടത്തി അധികാര കൈമാററം നടത്തണം എന്ന് ഞാൻ അപേക്ഷിക്കുകയാണ്.

നമ്മുടെ വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകളുടെ ആട്ടോണമിയിൽ ഇടപെടുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു പ്രതിപക്ഷം ചോദിച്ചു. സർവ്വകലാശാലകളുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങളിൽ അടുത്ത കാലങ്ങളിൽ എനിക്ക് ശ്രദ്ധിക്കേണ്ടതായി വന്നു. എന്താണവിടെ നടക്കുന്നത്? സ്വീപ്പർ, ആയ, പ്യൂൺ ഇവരുടെ ഇൻറർവ്യൂവിനു പോലും



LIBRARY ARCHIVES Kerala Legislative Assembly

പതിനായിരങ്ങളെ വിളിച്ചിട്ട് മഹാനായ വൈസ്ചാൻസലറും സിൻഡിക്കേറ്റ് മെമ്പർമാരും കൂടി തലപുകഞ്ഞ് ഇൻറർവ്യൂ നടത്തി. ഇതാണോ സർവ്വകലാശാലകളിലെ ജോലി? അക്കാഡമിക് രംഗത്ത് ഗുണനിലവാരം കുറഞ്ഞിട്ട് അഖിലേന്ത്യാ മൽസര പരീക്ഷകളിൽ നമ്മുടെ കുട്ടികൾ പരാജയപ്പെടുമ്പോൾ, അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഗുണനിലവാരം വർദ്ധിപ്പിക്കാതെ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾക്ക് ഊന്നൽ കൊടുക്കാതെ, വെറും ഭരണപരമായ ആവശ്യങ്ങൾക്ക് പോസ്ററുകൾ സൃഷ്ടിക്കുകയും ചെലവു ചെയ്യുകയും ചെയ്തിട്ട് കാശില്ല, കാശില്ല, കാശുതരൂ എന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്. അവിടെ നടക്കുന്ന ധൂർത്തിനെക്കുറിച്ച് ചോദിക്കുമ്പോൾ അത് ചോദിക്കരുത്. യൂണിവേഴ്സിററികൾക്ക് സ്വയംഭരണാവകാശമാണ്, ആട്ടോണമിയാണ് എന്നാണ് പറയുന്നത്. ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീറിൻെറ നേതൃത്വത്തിൽ ഈ നിയമസഭയിലെ സെലക്ട് കമ്മിററി അംഗങ്ങൾ കേരളത്തിൽ മുഴുവൻ പോയി തെളിവെടുത്ത ഒരു ബിൽ ഉണ്ട്: Unified Universities Act. ഇൻഡ്യയിലെ മുഴുവൻ സർവ്വകലാശാലകളിലും പോയി, തെളിവെടുത്തുവന്നു, ഇന്നിതാ അത് മച്ചിൻ പുറത്തിരിക്കുന്നു. ഈ ഗവൺമെൻറ് ഒരു നിലപാടെടുക്കണം; അക്കാഡമിക് വിഷയങ്ങളിൽ എന്തിനാണ് ആട്ടോണമി? ഗുണനിലവാരം ഉയർത്തുന്നതിൽ, അദ്ധ്യാപകരുടെ Accountability ഉയർത്തി, സമയബന്ധിതമായി പരീക്ഷ നടത്തുന്നതിൽ ഗവൺമെൻറ് ഇടപെടണം. ഇതിലൊന്നുമല്ല ആട്ടോണമി വേണ്ടത്. ആയ, പ്യൂൺ, സ്വീപ്പർ ഇവരെ നിയമിക്കുന്നതിനാണ് ആട്ടോണമി എന്ന് തെററിദ്ധരിച്ച് ഈ രാജ്യത്തെ സർവ്വകലാശാലകളെ രാഷ്ട്രീയ പോരാട്ടത്തിൻെറ, ചുവപ്പുകൊടിയുടെ, കൂത്തരങ്ങാക്കി മാററി യൂണിയനുകളുടെ തർക്കവേദിയാക്കി മാററുന്നു. ഇതിൻെറ ദുരന്തഫലം അനുഭവിക്കേണ്ടി വരുന്നത് അടുത്ത തലമുറയാണ്. അതുകൊണ്ട് യൂണിഫൈഡ് ആക്ട് പാസ്സാക്കുന്നില്ലെങ്കിൽ ജനങ്ങളോട് ഉത്തരവാദിത്വം വേണ്ട ഗവൺമെൻറിന് എങ്ങനെ സർവ്വകലാശാലകളുടെ മേൽ കാര്യക്ഷമമായ നിയന്ത്രണം കൊണ്ടുവരാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം.

അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് നമ്മുടെ സഹകരണ മേഖല. ഗവൺമെൻറിന് ഉത്തരവാദിത്വമുണ്ട്, അക്കൌണ്ടബിലിററിയുണ്ട്. 1987-മുതൽ 1991-വരെ ഇടതുപക്ഷം ഭരിച്ചപ്പോൾ ആണ് ആന കരിമ്പിൻ തോട്ടത്തിൽ കയറി ചവിട്ടിമെതിച്ചതുപോലെ ഈ മേഖല തകർത്തു കളഞ്ഞത്. അതിന് കുറേ പ്രതിവിധി ഈ ഗവൺമെൻറ് കണ്ടെത്തേണ്ടി വന്നപ്പോൾ നൂറുകണക്കിന് കേസ്സുകൾ സുപ്രീം കോടതിയിലും ഹൈക്കോടതിയിലും മുൻസിഫ് കോടതിയിലും ഉണ്ടായി. ഏററവും പ്രധാന കാര്യം അവിടേയും ഇന്ന് നടക്കുന്നത് ക്ഷേമ പ്രവർത്തനങ്ങളും ലോൺ കൊടുക്കുന്നതുമല്ല; നിയമനത്തിലെ തർക്കം, അതിലെ കേസ്. പബ്ലിക് സർവ്വീസ് കമ്മീഷന് സർക്കാർ സർവ്വീസിലെ പ്യൂണിൻെറ നിയമനംവരെ വിട്ടുകൊടുത്ത ഈ സംസ്ഥാനത്ത് സർവ്വീസ് സഹകരണ ബാങ്കുകളിലെ നിയമനം പി. എസ്. സി. ക്കു വിടാൻ കാലതാമസം വരുത്തരുത്. പ്രാഥമിക ബാങ്കുകൾ മുതൽ സംസ്ഥാന സഹകരണ ബാങ്കുകൾ വരെയുള്ള ബാങ്കുകളിലെ നിയമനം സ്വതന്ത്രവും നിഷ്പക്ഷവുമായ ബാങ്കിംഗ് സർവ്വീസ് റിക്രൂട്ട്മെൻറ് ബോർഡു പോലെയുള്ള ഒരു ഏജൻസിയെ നിയമിച്ച് അവർക്ക് വിട്ടുകൊടുക്കണം. അല്ലെങ്കിൽ മന്ത്രിമാർ വെറുതെ പഴി കേൾക്കേണ്ടിവരും. മന്ത്രിമാർ നേരിട്ട് ഒരു ബാങ്കിലെ അഴിമതിയ്ക്കും കൂട്ടാളിയാണെന്ന് ഞാൻ കരുതുന്നില്ല, പക്ഷേ ഈ ബാങ്കിലെ നിയമനത്തിൻെറ പേരിൽ തർക്ക

മുണ്ടായി ഭരണസമിതി തകരുന്നു; അവിടെ ലക്ഷക്കണക്കിന് രൂപ കൊള്ളയടിക്കുന്നു; ജനങ്ങളുടെ വിശ്വാസ്യത തകരുന്നു. പ്രാഥമിക ബാങ്കുകൾ ഈ രാജ്യത്തിന്റെ ജീവനാഡിയാണ്.

മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ച് ഡോ. കെ. സി. ജോസഫ് പറയുകയുണ്ടായി. അതിനുള്ള നടപടികൾ വളരെയേറെ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു. ഹൈക്കോടതിയുടെ സ്റ്റേയ്ക്കു വിധേയമായിരിക്കുന്ന കാര്യങ്ങൾ ഈ ഗവൺമെന്റ് അടിയന്തിരമായി പരിശോധിച്ച് ആ സ്റ്റേ വെക്കേറ്റ് ചെയ്യിച്ച് പട്ടയത്തിന്റെ പൂർണ്ണതയിൽ കൃഷിക്കാരെ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ക്രമസമാധാന രംഗമാണ്. ബഹുമാന്യനായ എ. കെ. ആന്റണി അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞു, അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കും, സ്വതന്ത്രമായ നീതി ഇവിടെ നടപ്പിലാക്കുമെന്ന്. നല്ലവരായ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് രക്ഷയില്ല. ക്വാളിറ്റിയുള്ള ഉദ്യോഗസ്ഥൻമാർ, അവർ ഏതു ജാതിയിലോ, ഏതു മതത്തിലോ ഏതു പ്രദേശത്തോ പെട്ടവർ ആകട്ടെ, അവരെ ക്രമസമാധാനത്തിന്റെ ചുമതല അടിതൊട്ട് മുടിവരെ ഏല്പിക്കാനുള്ള ആത്മാർത്ഥത കാണിക്കണം. അങ്ങനെ ഈ രാജ്യത്ത് ജനങ്ങൾക്കിടയിൽ പോലീസിന്റെ വിശ്വാസ്യത വളർത്തിയെടുക്കാൻ കഴിയും എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

കേരളത്തിന്റെ ജീവാത്മാവായ കാർഷികമേഖലയിൽ ഒത്തിരി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പലപ്പോഴും സാമ്പത്തികബുദ്ധിമുട്ട് കൊണ്ടു ഖജനാവ് ബ്ലോക്കാകുമ്പോൾ, ട്രഷറി അടയ്ക്കുമ്പോൾ, കാർഷികമേഖലയിലെ പദ്ധതികൾക്ക് അനുവദിക്കുന്ന തുകയും കുറഞ്ഞുപോകുന്നു. നമ്മുടേത് അധികവും സീസണൽ ക്രോപ്സ് ആയതുകൊണ്ട് സമയബന്ധിതമായി വളവും വെള്ളവും കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ കൃഷി നശിച്ചുപോകുന്നു. അതുകൊണ്ട് ട്രഷറി ബാൻ ഉണ്ടായാലും കാർഷിക മേഖലയിൽ ഓരോ പദ്ധതിക്കും അനുവദിക്കുന്ന തുക മുടങ്ങാതിരിക്കുന്നതിനുള്ള ശക്തമായ നടപടി ഉണ്ടാകണം.

ഐക്യജനാധിപത്യമുന്നണിയുടെ മുമ്പിൽ ഒരുപിടി വെല്ലുവിളികളുണ്ട്. ഐക്യജനാധിപത്യമുന്നണിയിലെ കൊള്ളാവുന്ന നേതാക്കൻമാരെ വരെ സ്ഥാനത്തും അസ്ഥാനത്തും തകർക്കാൻ ശ്രമിക്കുന്നവരാണ് പ്രതിപക്ഷത്തുള്ളത്. ഒരു ക്രിയാത്മക പ്രതിപക്ഷം അല്ല നമ്മുടേത്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ അവർക്ക് കഴിയില്ല എന്നുള്ളതു കൊണ്ട് ഈ ഗവൺമെന്റിന്റെ മുമ്പിലുള്ള വെല്ലുവിളികൾ ധീരമായി കൂട്ടായ്മയോടുകൂടി നേരിടാനുള്ള തൻേടം, ആ മാനസികാവസ്ഥ ഉണ്ടാകണം. ബഡ്ജററിലെ പ്രഖ്യാപനങ്ങൾ 100 ശതമാനവും നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി ശക്തിയായി പിൻതാങ്ങുന്നു.

ശ്രീമതി കെ. ആർ. ഗൗരി അമ്മ: സർ, മൂന്നു ദിവസമായി നടക്കുന്ന ബഡ്ജററ് ചർച്ചയുടെ അവസാനമാണ് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചിരിക്കുന്നത്. ഇത് 4 മാസത്തേക്കുള്ള ചെലവിനത്തിനാണ്. കഴിഞ്ഞകാല ബഡ്ജററുകളുടെ പ്രവർത്തനം പരിശോധിച്ചാൽ ബഡ്ജററിൽ ഉൾക്കൊള്ളിക്കുന്ന തുകകൾ അതാത് കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുക എന്നുള്ളത് സാധാരണ ഗതിയിൽ നടന്നുവരാറില്ല എന്നു കാണാം. കഴിഞ്ഞ



LIBRARY ARCHIVES Kerala Legislative Assembly

തിന് മുമ്പിലത്തെ കൊല്ലം പി. ഡബ്ല്യു. ഡി.യിൽ നിന്ന് ഏതാണ്ട് എല്ലാ എം.എൽ.എ. മാർക്കും 25 ലക്ഷം രൂപ വീതം അവരുടെ നിയോജക മണ്ഡലങ്ങൾക്ക് അനുവദിച്ചു. റോഡോ പാലമോ ഏതെങ്കിലും നിർമ്മിക്കുന്നതിനാണ് ആ പണം അനുവദിച്ചത്. എന്റെ നിയോജകമണ്ഡലത്തിൽ ഞാൻ ആ പണം നീണ്ടകരയെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന ഒരു പാലത്തിന് ഉപയോഗിക്കാനാണ് എഴുതിക്കൊടുത്തത്. എഴുതിക്കൊടുത്ത് കുറച്ചു കഴിഞ്ഞപ്പോൾ പാലത്തിന് അപ്രോച്ച് റോഡിനുള്ള സ്ഥലം ഇല്ലെന്നു പറഞ്ഞു. ആ സ്ഥലം ഞാൻതന്നെ ഉടമസ്ഥൻമാരെ നേരിട്ടുകണ്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി പോയി വാങ്ങിച്ചു കൊടുത്തു. പക്ഷെ 2 കൊല്ലം കഴിഞ്ഞിട്ടും ഇപ്പോഴും ആ 25 ലക്ഷം രൂപ ഉപയോഗിക്കാൻ പററാതെ അതിന്റെ എസ്ററിമേററിന് അഡ്മിനിസ്ട്രേററീവ് സാങ്ഷൻ ലഭിക്കാതെ കിടക്കുകയാണ്. 1988-ൽ തുടങ്ങിയ പള്ളിത്തോട്ടിലെ ഒരു പാലത്തിന്റെ സ്ഥിതിയും ഇതുപോലെതന്നെയാണ്. ഞാൻ ഈ രണ്ടു പാലങ്ങളെപ്പററി പറയുന്നത്, എന്റെ നിയോജകമണ്ഡലത്തിൽ ഒരു വശത്ത് തെക്കേ അററം മുതൽ വടക്കേ അററം വരെയുള്ള കടപ്പുറം പ്രദേശം മെയിൻ കരയുമായി ബന്ധിപ്പിക്കാൻ ഈ പാലങ്ങൾ ആവശ്യമാണ് എന്നതിനാലാണ്. മൽസ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന പ്രദേശമാണ് ഈ തീരദേശം. മൽസ്യത്തൊഴിലാളികൾ പിടിക്കുന്ന മൽസ്യം കൊണ്ടുപോയി വിൽക്കാൻ സഹായകമായ നിലയിൽ കടപ്പുറത്തുള്ള ചാലുകൾക്ക് അനുരോധമായി വരേണ്ട ഈ 2 പാലങ്ങളുടെ പണി ഇതുവരെ തീർക്കാൻ കഴിഞ്ഞിട്ടില്ല. 1988-ൽ തുടങ്ങിയതാണ്. തർക്കവും സത്യാഗ്രഹവും കൂടിയാലോചനകളും ഒത്തുതീർപ്പുകളുമൊക്കെയായെങ്കിലും ഈ പാലത്തിന്റെ പണി നടന്നിട്ടില്ല. ബഡ്ജററിൽ തുക ഉള്ളതാണ്. പള്ളിത്തോട്ടിലെ പാലം പണി തുടങ്ങിയെങ്കിലും ഒരു വണ്ടി മാത്രം കടന്നുപോകത്തക്ക രീതിയിൽ പ്രാകൃതമായാണ് ആ പാലം പണിയുന്നത്. ആ പാലം പണിയുടെ കാര്യത്തിൽ അനുവദിച്ച പണം ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിലുള്ള നടപടിക്രമങ്ങളാണുള്ളത്. ഇപ്പോൾ വോട്ട് ഓൺ അക്കൗണ്ടിൽ 4 മാസത്തേക്കുള്ള പണം അനുവദിക്കാൻ പോകുകയാണ്. പണം ബഡ്ജററിൽ ഉൾക്കൊള്ളിച്ചാൽ അത് ആവശ്യമായിട്ടുള്ള വിധത്തിൽ ചെലവ് ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം; അതിനുള്ള നിർദ്ദേശമുണ്ടാകണം. ഗവൺമെൻറിനെപ്പററി വിലയിരുത്തുന്നത് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേററുന്നതനുസരിച്ചാണ്. ആ ആവശ്യങ്ങൾക്കുവേണ്ടി ഉൾക്കൊള്ളിക്കുന്ന ബഡ്ജററിലുള്ള തുകയെങ്കിലും കൃത്യസമയത്ത് ഉപയോഗിക്കുന്നതിനുള്ള നടപടികൾ എടുക്കണം. അതാണ് ഗവൺമെൻറിന്റെ ചുമതല; അതാണ് മന്ത്രിമാരുടെ ചുമതല. ആ ചുമതലകൾ നിർവ്വഹിക്കാതെ വന്നിരിക്കുകയാണ്. ബഡ്ജററ് പ്രസംഗത്തിന്റെ 101-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്, സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനെപ്പററിയാണ്. സ്ത്രീകളുടെ താൽപ്പര്യങ്ങൾ കാര്യക്ഷമമായി സംരക്ഷിക്കുന്നതിന്, അവർക്കെതിരായിട്ടുള്ള അതിക്രമങ്ങളെക്കുറിച്ചുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിന് വനിതാ പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുമെന്നു പറഞ്ഞിരിക്കുന്നു. ഒരു വനിത പോലീസ് സൂപ്രണ്ട് ആയിക്കാണും; ഇല്ല എന്നു ഞാൻ പറയുന്നില്ല. അവർക്ക് ഒരു താവളവും കൊടുക്കുമായിരിക്കും. തീർച്ചയായിട്ടും ആ താവളം സ്ത്രീകളുടെ പ്രശ്നങ്ങൾ നോക്കുന്നതായിരിക്കണം. സ്ത്രീകളുടെ നേരെ നടക്കുന്ന കടന്നാക്രമണങ്ങൾ, കുടുംബ വഴക്കുകളുടെ പേരിൽ, സ്ത്രീധനത്തിന്റെ പേരിൽ, മററു ചില കാര്യങ്ങളുടെ പേരിൽ, ജീവിക്കാൻ നിവൃത്തിയില്ലാത്തതിന്റെ പേരിൽ, ഇങ്ങനെയൊക്കെയുള്ള കാരണങ്ങളാൽ സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങൾ ദിനംപ്രതി കൂടിവരികയാണ്. സ്ത്രീധന നിരോധന

LIBRARY ARCHIVES Kerala Legislative Assembly

നിയമം പാസ്സാക്കിയ നാടാണ്. പക്ഷെ അതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. കൂടുതൽ സ്ത്രീധനം കിട്ടണമെന്നുള്ളതാണ് രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന പുരുഷൻമാർ ഉൾപ്പെടെയുള്ളവരുടെ ഇന്നത്തെ ഡിമാൻറ്. സ്ത്രീധനം ചോദിച്ചുവാങ്ങുകയാണ്. ഭാര്യാഭർത്തൃബന്ധത്തിൽ ഇന്ന് സ്നേഹത്തിന് സ്ഥാനം ഇല്ലാതെ വന്നിരിക്കുകയാണ്. ആ നിലയിൽ ഇന്ന് സ്ത്രീകൾക്ക് കച്ചവടച്ചരക്കിന്റെ വിലയാണുള്ളത്. ഒരു പോലീസ് സൂപ്രണ്ടിന് മാത്രമായി ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുമോ? 1987-ലെ മന്ത്രിസഭ രാജിവച്ചു പോകുന്നതിനുമുമ്പ് അവസാനം ഈ നിയമസഭ പാസ്സാക്കിയ നിയമം ഒരു വിമൻസ് കമ്മീഷൻ നിയമം ആയിരുന്നു. ആ നിയമത്തിന് കേന്ദ്ര ഗവൺമെന്റോ സംസ്ഥാനമോ അംഗീകാരം കൊടുക്കാതിരിക്കത്തക്ക യാതൊരു കാരണവും ഇല്ല. കേന്ദ്രത്തിൽ ഒരു നിയമം ഇതുപോലെ പാസ്സാക്കിയിട്ടുണ്ട്, ശ്രീ. വി.പി. സിംഗിന്റെ കാലത്ത്. ആ നിയമത്തിന് പ്രസിഡണ്ട് അംഗീകാരം കൊടുത്തു. ആ നിയമത്തിന് അനുരോധമായിട്ടുള്ള നിയമമാണ് ഈ നിയമസഭ പാസ്സാക്കിയത്. കഴിഞ്ഞ നിയമസഭയിൽ ഞാൻ ഇതിനെപ്പററി ചോദിച്ചു. അത് പരിഗണനയിലിരിക്കുന്നു എന്നുള്ളതല്ലാതെ ഇന്നുവരെ ആ നിയമത്തിന് അംഗീകാരം കൊടുത്തിട്ടില്ല. ഭരണകക്ഷിയിലുള്ള മഹിളാ സംഘടനകളുൾപ്പെടെ ഈ ഗവൺമെൻറിനെ സമീപിച്ചതാണ്; അതിന് അംഗീകാരം വാങ്ങാൻ. സ്ത്രീകളുടെ തന്നെ ബോർഡുകളും ഡയറക്ടർ ബോർഡുകളും കമ്മീഷനുകളും സംഘടനകളും ഉണ്ടാക്കി സ്ത്രീകളുടെ പേരിലുള്ള കടന്നാക്രമണങ്ങൾ തടഞ്ഞുനിർത്താനും അതിനുള്ള ശിക്ഷ നിശ്ചയിക്കാനും അധികാരമുള്ള സ്ത്രീകളുടെ ബോർഡുള്ള നിയമമാണ്. ആ നിയമത്തിന് ഇന്നുവരെ അംഗീകാരം കൊടുത്തിട്ടില്ല. ഞാൻ ശ്രീ. ആൻറണിയോട് പറയുകയാണ്, ആ നിയമം ഒന്നു പരിശോധിക്കണം. സ്ത്രീകൾ 51-54 ശതമാനം വോട്ട് ഉള്ളവരാണ്. നിങ്ങൾ വരുന്ന തിരഞ്ഞെടുപ്പിൽ ജയിക്കാൻ പോകുന്നു എന്നാണ് പറയുന്നത്. സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ഈ നിയമനിർമ്മാണം ഇനിയെങ്കിലും അംഗീകരിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണം.

കുടുംബ കോടതിയെപ്പററി ഒരു വാക്ക്. കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശപ്രകാരം പാസ്സാക്കിയ കുടുംബ കോടതികളാണ് സംസ്ഥാനത്ത് ചില ജില്ലകളിൽമാത്രം നിലവിലുള്ളവ. അവയ്ക്ക് ടൂറിംഗ് അധികാരം പോലുമില്ല. ഉപേക്ഷിക്കപ്പെട്ട സ്ത്രീയും ഭർത്താവ് നോക്കാതെ വരുന്ന സ്ത്രീയും കുട്ടികളും ചെലവിന് ചോദിച്ചാൽ, ചെലവിന് ചോദിക്കുന്നത് പഴയ കാലത്ത് മജിസ്ട്രേററ് കോടതിയിൽ നടക്കുമായിരുന്നു. ഇപ്പോൾ മററ് കോടതികൾ കാര്യങ്ങൾ നടത്തേണ്ടി വരുന്നതായിട്ടുള്ള സ്ഥിതിയാണ് വരുന്നത്. വിമൻസ് കമ്മീഷൻ ബില്ല് നടപ്പിലാക്കിക്കണം. കുടുംബ കോടതികളും ടൂറിംഗ് കോടതികളും—ഗവൺമെൻറ് പറയും എല്ലാ ജില്ലകളിലും അതുപോലെയുള്ള കുടുംബ കോടതികൾ ഉണ്ടാക്കാൻ വിഷമമാണെന്ന്; അതിന് പൈസയില്ലെന്ന് പറയും—പക്ഷെ അത് ടൂറിംഗ് കോടതിയെങ്കിലുമാക്കിക്കൊണ്ട് സ്ത്രീകളുടേതായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടിക്രമങ്ങൾ ആരംഭിക്കണം. അല്ലാതെ സ്ത്രീകളുടെ പ്രശ്നം സ്ത്രീയായ ഒരു ഡി.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പോലീസ് സെൽ ഉണ്ടാക്കിക്കൊണ്ട് നടത്താൻ പററുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇതൊക്കെ നമ്മുടെ നാട്ടിൽ ആവശ്യമാണ്. വ്യവസായവൽക്കരണത്തിന്റെ ഫലമായി ഇന്ന് വരുന്നതായിട്ടുള്ള ചില ബുദ്ധിമുട്ടുകൾ ഉണ്ട്. പൊല്യൂഷന്റെ കാര്യം, പൊല്യൂഷൻ പ്രശ്നവും വ്യവസായവൽക്കരണവും ഒന്നിച്ചു പോകണം. പാഠശാലയിൽ കുഴിഞ്ഞാം

വിളാകം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന സതേൺ ഓയിൽ റിഫൈനറീസ് കുറെക്കാലമായിട്ടുള്ള കമ്പനിയാണ്. അതിന്റെ പ്രവർത്തനം വന്നതിന്റെ ഫലമായി അതിന്റെ വേസ്റ്റ് ധാരാളം പുറത്തേക്ക് വിടുന്നുണ്ട്. അത് ശരിയായി ട്രീറ്റ് ചെയ്യാത്തതിനാൽ ആ നാട്ടിൽ എല്ലാ കിണറുകളിലും ഓയിൽ പൊങ്ങിക്കിടക്കാൻ തുടങ്ങി. വേസ്റ്റിൽനിന്നും വരുന്നതായിട്ടുള്ള എണ്ണ പൊങ്ങിതുടങ്ങി. ആ നാട്ടിലെ മുഴുവൻ ആളുകൾക്കും ബുദ്ധിമുട്ടും പ്രയാസവുമായി പൊല്യൂഷൻ കൺട്രോൾ ബോർഡിനെ സമീപിച്ചു; അവിടത്തെ പഞ്ചായത്ത് ഹൈക്കോടതിയെ സമീപിച്ചു. പോലീസിന്റേതായിട്ടുള്ള നിർബന്ധത്തിന്റെ ഫലമായി ഇന്നും അത് നടത്തുന്നു. പഞ്ചായത്ത് ലൈസൻസ് രണ്ടാമതൊന്ന് നിരോധിച്ചിട്ടുപോലും ഹൈക്കോടതിയിൽ ഒരു ചെറിയ പെറ്റീഷൻ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അത് ഇന്നും നടക്കുകയാണ്. ആ നാട്ടിലെ മുഴുവൻ ആളുകളും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ അവിടെ വണ്ടിയിൽ കൊണ്ടുവരുന്ന ഓയിൽ തടയുന്ന വിധത്തിലുള്ള നടപടികളിലേക്ക് നീങ്ങി. പോലീസ് അടിയ്ക്കുകയും കേസ്സെടുക്കുകയുമൊക്കെ ചെയ്തു. ഞാൻ അന്ന് അന്വേഷിക്കാൻ പോയിരുന്നു. വ്യവസായം നടക്കണം; നമുക്ക് തൊഴിൽ ആവശ്യമാണ്. വ്യവസായം നടക്കുന്നതോടൊപ്പം വ്യവസായം കൊണ്ട് നൂറു പേർക്ക് ജോലി കിട്ടുകയും ആയിരം പേർക്ക് ദോഷമായി വരുകയും ചെയ്യുന്നതായിട്ടുള്ള സ്ഥിതിവിശേഷമുണ്ടായിക്കൂടാ. മലിനീകരണ നിയന്ത്രണ നടപടികൾ വേഗം നടത്തിക്കൊണ്ട് വ്യവസായം നടത്താൻ വേണ്ട നടപടികളിലേക്ക് നീങ്ങത്തക്കവിധത്തിലുള്ള നടപടികളുണ്ടാവണം. അനേകം കാര്യങ്ങൾക്ക് ഈ ബഡ്ജറ്റിൽ തുക കൊള്ളിച്ചു കഴിഞ്ഞിട്ട് ബഡ്ജറ്റിൽ ചെലവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വരുമ്പോൾ, ബഡ്ജറ്റിലുള്ള തുകയേക്കാൾ മറ്റു വിധത്തിലുള്ള തുകകൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ചെലവുകൾ നടക്കുന്നതായി കാണാം. ഞാൻ ഈ പറയുന്നത് അനേകകാലമായി നടക്കുന്ന കാര്യമാണ്. എന്റെ നാട്ടിൽ ഉള്ള കുടിവെള്ളക്ഷാമത്തിനെപ്പറ്റിയും മൽസ്യത്തൊഴിലാളികളുടെ കാര്യത്തെപ്പറ്റിയും പരിശോധിച്ചാൽ ഇത് വ്യക്തമാണ്. പദ്ധതികൾ ഇല്ലായെന്നുള്ളതല്ല. ഈ നാട്ടിൽത്തന്നെ ഓരോ കാലത്തും ബഡ്ജറ്റിൽ ഈ വിഭാഗക്കാർക്ക് തുക കൊള്ളിക്കും; പക്ഷെ ഈ വിഭാഗക്കാരുടെ സ്ഥിതി പഴയതിനേക്കാൾ കഷ്ടകരമായി വരികയാണ്. നമ്മൾ ഒരു പ്രാവശ്യം പണം ഉൾക്കൊള്ളിച്ച് അഞ്ചു ബഡ്ജറ്റ്, 10 ബഡ്ജറ്റ് കൊണ്ട് ഈ പ്രശ്നം തീരത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നില്ല എന്നല്ല ഞാൻ പറയുന്നത്. പക്ഷെ ഉൾക്കൊള്ളിക്കുന്ന പണം ജനങ്ങൾക്ക് ഉപകാരപ്രദമായി ചെലവാക്കുന്നില്ല. അതിന്റെ ഉപകാരം കോൺട്രാക്ടർമാർക്കും അതിന്റെ ഇടയ്ക്ക് നിൽക്കുന്ന കൈക്കൂലിക്കാർക്കും ശുപാർശ നടത്തുന്ന ആളുകൾക്കും ആ വിധത്തിൽ പോകാതെ ബഡ്ജറ്റിലെ തുക ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ വിനിയോഗിക്കുന്നതിന് നടപടി നടത്തുന്നതിനുവേണ്ടിയിട്ടുള്ള നിഷ്കർഷതയും അതിനുള്ള ആത്മാർപ്പണവും ഉണ്ടാകണം.

ശ്രീ. ടി. ശരത്ചന്ദ്രപ്രസാദ്: സർ, ഞാൻ ഈ വോട്ട്ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ മൂന്നേ മുക്കാൽ കൊല്ലക്കാലം കേരളത്തിൽ കൈവരിച്ച ഐക്യജനാധിപത്യ മുന്നണി ഭരണത്തിന്റെ നേട്ടങ്ങൾ ഒന്നൊന്നായി നിരത്തിക്കൊണ്ടാണ് വരുന്ന സാമ്പത്തിക വർഷത്തിൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് വിശദമായ ഒരു രേഖ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ ചരിത്രം നമ്മൾ പരിശോധിച്ചാൽ പല കാരണങ്ങൾകൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഒരു മിച്ച ബഡ്ജററ് അവതരിപ്പിക്കുവാൻ ഓരോ അവസരത്തിലും കഴിയാതെ വന്നിട്ടുണ്ട്. ഭാഗ്യവശാൽ ഇന്ന് ഐക്യജനാധിപത്യമുന്നണിയുടെ പേരിൽ ശ്രീ. സി. വി. പത്മരാജൻ അവതരിപ്പിച്ച ബഡ്ജററ്, തുടക്കത്തിൽ അവതരിപ്പിക്കുമ്പോൾ അതൊരു മിച്ച ബഡ്ജററ് ആയിരുന്നുവെങ്കിലും, ഈ സഭയിലെ അംഗങ്ങളുടെയും ജനങ്ങളുടെയും വികാരം മാനിച്ചുകൊണ്ട് ചില നികുതി നിർദ്ദേശങ്ങൾ പിൻവലിക്കേണ്ടിവന്ന സാഹചര്യത്തിലാണ്, ഒരു ചെറിയ അളവിൽ, ഇതൊരു കമ്മി ബഡ്ജററായി മാറിയിരിക്കുന്നത്. ധനകാര്യമന്ത്രിയുടെ തന്നെ ഭാഷയിൽ അദ്ദേഹം ഇവിടെ പറഞ്ഞത് വരുന്ന കാലങ്ങളിൽ വിഭവസമാഹരണത്തിന്റെ കാര്യത്തിൽ ഗവൺമെൻറ് വളരെ കർക്കശമായ നിലപാട് എടുത്തുകൊണ്ട് മുൻപോട്ട് പോകുമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇത് ഒരു മിച്ച ബഡ്ജററായി വീണ്ടും മാററുവാൻ കഴിയുമെന്നുമാണ്. അതിനെ സംബന്ധിച്ചാണ് ഇവിടെ പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരും മറിഞ്ഞും തിരിഞ്ഞുമെല്ലാം വിമർശനബുദ്ധിയാലാണ് കാര്യങ്ങളെ നോക്കികണ്ടത്. കഴിഞ്ഞ മൂന്നേമുക്കാൽ കൊല്ലക്കാലത്തെ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന്റെ പ്രതിജ്ഞാബദ്ധമായ മനസ്സോടുകൂടിയുള്ള പ്രവർത്തനഫലമായി എല്ലാ മേഖലകളിലും സമഗ്രമായ വികസനത്തിന്റെ വിത്തുപാകിയതിന്റെ പേരിൽ ആ വിത്തുകളെ മുളപ്പിച്ചെടുക്കുവാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് കഠിനാദ്ധ്വാനം നടത്തിയതിന്റെ പേരിൽ ആണ് കേന്ദ്രഗവൺമെൻറിന്റെ മുന്നിൽ നമ്മൾ അഭിമാനം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ കൊച്ചു സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ ഉയർത്തിക്കൊണ്ടുവരുവാൻ നമുക്ക് കഴിഞ്ഞത്. ആ അടിത്തറയിൽനിന്നുകൊണ്ട് ഐക്യജനാധിപത്യമുന്നണിയെ ഭദ്രമായി മുൻപോട്ട് കൊണ്ടുപോകുവാനും, ആ അടിത്തറയിൽ നിന്നുകൊണ്ട് ഇവിടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ വരും കാലങ്ങളിൽ സാധാരണക്കാരിൽ എത്തിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തെ പ്രവർത്തനങ്ങളിൽ കേരളത്തെ കുറച്ചുകൂടി ശക്തമായി മുൻപോട്ട് കൊണ്ടുപോകുവാനും കഴിയുന്ന ഒരു സംവിധാനം ഈ കേരളത്തിൽ ഉണ്ടാക്കിയെടുക്കുവാൻ നമുക്ക് കഴിയണം. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ സാധാരണ കഴിഞ്ഞ മൂന്നേമുക്കാൽ കൊല്ലക്കാലം നമ്മൾ കണ്ടതുപോലെ ബഡ്ജററിനെക്കുറിച്ചോ ഗവൺമെൻറിനെക്കുറിച്ചോ ഒന്നും പറയുവാൻ കഴിയാത്ത അവസരത്തിൽ, കേവലമായ രാഷ്ട്രീയ കാര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ ഗവൺമെൻറിനെ ആക്ഷേപിക്കാൻ തുനിഞ്ഞിട്ടുള്ളത്. അവർ പറയുന്ന അസത്യമായ കാര്യങ്ങൾകൊണ്ട് യാഥാർത്ഥ്യമടങ്ങുന്ന ഈ ബഡ്ജററിനെ തകർക്കുവാൻ കഴിയുമെന്ന വിശ്വാസം കേരളത്തിലെ ജനങ്ങൾക്കില്ല. ഇവിടെ അവതരിപ്പിക്കുന്ന രേഖയിൽ, ഇവിടെ അവതരിപ്പിച്ച ബഡ്ജററ് പ്രസംഗത്തിലാകെ പറഞ്ഞിരിക്കുന്നത് പൂർണ്ണമായും സത്യമായും കൊച്ചു കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കേവലമായി കേരളത്തിലെ ജനങ്ങളെയോ പ്രതിപക്ഷത്തിരിക്കുന്ന ആളുകളെയോ പററിക്കുവാൻവേണ്ടി അവതരിപ്പിച്ചിട്ടുള്ള കാര്യങ്ങളല്ല. മൂന്നേമുക്കാൽ കൊല്ലക്കാലമായി നമ്മൾ നടപ്പിലാക്കിതുടങ്ങിയ, നമ്മൾ പടുത്തുയർത്തി തുടങ്ങിയ വികസനകാര്യങ്ങൾ ഇന്ന് കേരളത്തിൽ കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന കാര്യങ്ങളാണ്. ഒന്നൊന്നായി നമ്മൾ പരിശോധിച്ചാൽ അത് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇവിടെ പ്രസംഗിച്ച പ്രതിപക്ഷത്തുള്ള ഡോ. കെ. സി. ജോസഫ് അടക്കമുള്ള ആളുകൾ സൂചിപ്പിച്ച് എപ്പോഴും ആവേശം കൊള്ളുന്നത് കാർഷികമേഖലയുടെ പുരോഗതിയില്ലായ്മയെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ചാണ്. അദ്ദേഹത്തിന്റെ മണ്ഡലമായ കുട്ടനാട് അടങ്ങുന്ന പ്രദേശത്ത് പുതിയ കാർഷികനയം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കിയതിന്റെ പേരിൽ, കോടിക്കണക്കിന് രൂപ പ്രധാന മന്ത്രിയുടെ പ്രത്യേക ഘടകപദ്ധതി പ്രകാരം കൊച്ചു കേരളത്തിന് നേടിയെടുക്കുവാൻ കഴിഞ്ഞു. അൻപത്തിയഞ്ച് കോടിരൂപയുടെ കാർഷിക പദ്ധതിയുടെ അടിസ്ഥാനത്തിൽ ഡോ. കെ. സി. ജോസഫിന്റെ മണ്ഡലത്തിലാണ് റിക്കാർഡ് ഭേദിച്ചുകൊണ്ട് കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞത്. അത് മറച്ചുവച്ചു കൊണ്ട് പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് ഒരിക്കലും മുൻപോട്ടുപോകാൻ കഴിയില്ല. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഇന്ത്യൻ പാർലമെന്റിൽപോലും ഒരു കാർഷികനയം അവതരിപ്പിക്കുന്നതിനുമുൻപ് ഒരു കാർഷികനയം അവതരിപ്പിച്ചത് ഈ കൊച്ചുകേരളത്തിലെ ഈ നിയമസഭയ്ക്കകത്താണ്. കേന്ദ്രത്തിൽ കാർഷികനയം അവതരിപ്പിക്കുവാൻ തീരുമാനമെടുത്തപ്പോൾ കേന്ദ്ര കൃഷിമന്ത്രി ചോദിച്ചത് കേരളത്തിലവതരിപ്പിച്ച കരട്രേഖ ഞങ്ങൾക്ക് വേണമെന്നാണ്. ഇവിടെ നിയമസഭാ മന്ദിരത്തിൽനിന്നും ആ കരട്രേഖ കേന്ദ്രത്തിലേക്ക് കൊണ്ടുപോയാണ് ഒരു പുതിയ കാർഷിക നയം കേന്ദ്രത്തിൽ രൂപം കൊടുക്കുവാൻപോലും അവിടെ തയ്യാറായത്. അതിന്റെ അർത്ഥം ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിൽ........

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: അങ്ങ് പറയുന്നത് കേന്ദ്രത്തിൽ ഒരു കാർഷികനയം രൂപീകരിക്കാൻ തന്നെ കേരളത്തിലെ നമ്മുടെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. പി. ജോർജ്മാഷ് രൂപംകൊടുത്ത കാർഷികനയത്തിന്റെ കോപ്പി കൊണ്ടുപോകേണ്ടി വന്നു എന്നാണ്. ആ ജോർജ്മാഷ് വീണ്ടും ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയിൽ കൃഷി വകുപ്പുമന്ത്രിയായി തുടരുന്നതിന് അങ്ങും അങ്ങയുടെ ഗ്രൂപ്പും ശുപാർശ ചെയ്യുമോ?

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. എം. മാത്യു]

ശ്രീ. ടി. ശരത്ചന്ദ്രപ്രസാദ്: അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. വളരെ ദീർഘവീക്ഷണത്തോടുകൂടിയ ഒരു കാർഷികനയമാണ് ഐക്യജനാധിപത്യമുന്നണി അവതരിപ്പിച്ചിട്ടുള്ളത്, കേരളത്തിന്റെ കാർഷിക മേഖല ഇന്നാർക്കും തകർക്കാൻ കഴിയുകയില്ല. ഇന്നലെകളിൽ മാറിമാറി വന്നിട്ടുള്ള എല്ലാ സർക്കാരുകളും കേരളത്തിന്റെ കാർഷിക രംഗത്തെ അവഗണിച്ചുകൊണ്ടാണ് മുന്നോട്ട് പോയിട്ടുള്ളത്. ആ സ്ഥിതിക്ക് ഒരു മാററം വരുത്തിക്കൊണ്ട്, കർഷകന്റെ വികാരങ്ങൾ മാനിച്ചുകൊണ്ട് കർഷകന്റെ കണ്ണീര് കേരളത്തിന്റെ മണ്ണിൽ വീഴാതിരിക്കുന്നതിനുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു കാർഷികനയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സാധാരണ ഗതിയിൽ തൊഴിലവസരം ഉണ്ടാക്കണമെന്നു പറയുമ്പോൾ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ മനസിൽ ഓടിവരുന്ന ചിന്ത നമ്മുടെ വ്യവസായിക മേഖലയെക്കുറിച്ചാണ്, കൂടുതൽ വ്യവസായ സംരംഭങ്ങൾ ഉണ്ടായാൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് പറയാറുണ്ട്. എന്നാൽ ഇന്ന് ആ സാഹചര്യങ്ങൾക്ക് മാററം വന്നിട്ടുണ്ട്. എല്ലാ മേഖലകളിലും തൊഴിലവസരങ്ങൾ ലഭ്യമാകുന്ന വിധത്തിലുള്ള വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കാർഷികമേഖലയിലും വ്യാവസായിക മേഖലയിലും യുവജനക്ഷേമരംഗത്തും, ടൂറിസത്തിന്റെ കീഴിലും, ശുദ്ധ ജലവിതരണത്തിന്റെ കാര്യത്തിലും വൈദ്യുതിയുടെ കാര്യത്തിലുമെല്ലാം ഒന്നൊന്നായി എടുത്തു പരിശോധിച്ചാൽ വികസനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബോധ്യമാകും. കേന്ദ്രപദ്ധതികൾക്ക് കൂടുതൽ വിഹിതം ലഭ്യമാക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായി. നാട്ടിൽ നടക്കുന്ന വികസനപ്രവർത്തനങ്ങൾ പരിശോധിച്ചാൽ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള സമീപനമാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് ബോദ്ധ്യമാകും.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): ബഹുമാനപ്പെട്ട ശരത് ഇവിടെ പറഞ്ഞുവരുന്നത് കഴിഞ്ഞ മൂന്നേമുക്കാൽ കൊല്ലക്കാലവും കരുണാകരന്റെ നേതൃത്വത്തിൻ ഇവിടെ തേനും പാലും ഒഴുക്കിയിരുന്നുവെന്നാണ്. ഇന്നലെ ഇവിടെ എം. മുരളി പ്രസംഗിച്ചത് കഴിഞ്ഞ മൂന്നേമുക്കാൽ കൊല്ലക്കാലം ഇവിടെ ശനിദശ ബാധിച്ച് കിടക്കുകയായിരുന്നുവെന്നാണ്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ടി. ശരത്ചന്ദ്രപ്രസാദ്: സർ, ശനിദശ ബാധിച്ചു എന്നാണ് നിങ്ങൾ കേട്ടതെങ്കിൽ ആ ശനിദശയുടെ അടിസ്ഥാനത്തിൽ നിങ്ങൾ വിലയിരുത്തിയാൽ മതി. ഇവിടെ മൂന്നേമുക്കാൽ കൊല്ലക്കാലം ചെയ്ത കാര്യങ്ങൾ ബഡ്ജററ് പ്രസംഗത്തിൽ അക്കമിട്ട് നിരത്തിവച്ചിട്ടുണ്ട്. അത് ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഐക്യജനാധിപത്യമുന്നണി ഒരിക്കലും 'one-party' മേധാവിത്വത്തോടുകൂടി മുന്നോട്ടുപോകുന്ന ഒരു മുന്നണിയല്ല; അഭിപ്രായ സ്വാതന്ത്ര്യമുള്ള ഒരു മുന്നണിയാണ്. ഞങ്ങൾ ചില ധാരണകളുടെ അടിസ്ഥാനത്തിലും ചില കർമ്മ പദ്ധതികളുടെ അടിസ്ഥാനത്തിലുമാണ് മുന്നോട്ടു പോകുന്നത്. ഞങ്ങൾ മൂന്നേമുക്കാൽ കൊല്ലക്കാലം നിരവധി കാര്യങ്ങൾ ചെയ്തുവെങ്കിലും ഞങ്ങളുടെയിടയിലുള്ള ചില പ്രശ്നങ്ങളുടെ പേരിൽ ആ വികസനകാര്യങ്ങൾ ഒന്നും പത്രദ്വാരാ പുറത്തുവന്നില്ല. മറിച്ച് ഞങ്ങളിലെ ചില തൊഴുത്തിൽ കുത്തുകളാണ് എരിവും പുളിയുംചേർത്ത് പത്രത്തിൽ വന്നത്. അതുകൊണ്ട് വികസനകാര്യങ്ങൾ ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന രേഖ നിങ്ങൾ പരിശോധിച്ചാൽ കേരളപ്പിറവിക്കുശേഷം ഇന്നുവരെ ഒരു ഗവൺമെന്റിനും ചെയ്യാൻ കഴിയാത്ത അത്ര വികസന പ്രവർത്തനങ്ങൾ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കഴിഞ്ഞുവെന്ന് മനസ്സിലാക്കാൻ കഴിയും. ഇനിയും ഒരുപാട് പദ്ധതികളുമായി ഞങ്ങൾ മുന്നോട്ടു പോകുകയാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: കോൺഗ്രസ് പാർട്ടിയിലെ ഗ്രൂപ്പ് വഴക്കും ഘടകകക്ഷികൾ തമ്മിലുള്ള പ്രശ്നങ്ങളും കാരണം കഴിഞ്ഞ 9 മാസക്കാലമായി സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല എന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. ബി. വിജയകുമാർ: കഴിഞ്ഞ മൂന്നേമുക്കാൽ വർഷത്തിനിടയിൽ കൃഷ്ണൻ കണിയാംപറമ്പിലിന്റെ നിയോജകമണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല എന്നു പറയാൻ കഴിയുമോ?

ശ്രീ. ടി. ശരത് ചന്ദ്രപ്രസാദ്: ശ്രീ. നായനാർ മുതൽ കൃഷ്ണൻ കണിയാംപറമ്പിൽ വരെയുള്ളവരുടെ മണ്ഡലങ്ങളിലാണ് ഏററവും അധികം വികസന പ്രവർത്തനങ്ങൾ നടപ്പിലായിരിക്കുന്നത്. ഇതൊന്നും നിഷേധിക്കാൻ കഴിയില്ല. ഞാൻ സൂചിപ്പിച്ചുവന്നത് ഭദ്രമായ ഒരു അടിത്തറ ഉണ്ടാക്കിയെടുക്കാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചുവെന്നാണ്. അവശേഷിക്കുന്ന കാലഘട്ടംകൊണ്ട് വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിക്കാനുള്ള ഒരു രേഖയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതൊന്നും വാചകക്കസർത്തിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള കാര്യങ്ങളല്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു, "രാഷ്ട്രത്തിന്റെ കവാടങ്ങൾ ഇന്ന് ലോകത്തിനു വേണ്ടി തുറന്നിട്ടിരിക്കുന്നു. തത്ഫലമായി നിക്ഷേപം ഗണ്യമായി വർദ്ധിക്കുകയും സാങ്കേതിക നിലവാരം വിപുലമായ രീതിയിൽ മെച്ചപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ, ശക്തവും ഐശ്വര്യപൂർണ്ണവുമായൊരു ഭാവിക്കുള്ള അടിത്തറയിട്ടുകൊണ്ടിരിക്കുകയാണ്." കേന്ദ്രഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയത്തിന്റെ കീഴിൽ ഊന്നി നിന്നുകൊണ്ട് അതിന്റെ ചുവടു പിടിച്ചുകൊണ്ട് ഭദ്രമായ രീതിയിൽ ദീർഘ വീക്ഷണത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതൊക്കെയാണെങ്കിലും ചില ചെറിയ പാളിച്ചകൾ ഉണ്ടായിട്ടുള്ളത് തിരുത്തുവാനും ഗവൺമെന്റ് തയ്യാറാകണം. അതിൽ പ്രധാനമായിട്ടുള്ളത് റവന്യൂ സ്ററാമ്പ് ആണ്. പാവപ്പെട്ടവന്റെ കാര്യത്തിൽ റവന്യൂ റിക്കവറിക്ക് സ്ററേ നൽകിയാൽ നമുക്ക് മനസ്സിലാക്കാം. എന്നാൽ കുത്തക മുതലാളിമാർക്ക് റവന്യൂ സ്ററേ അനാവശ്യമായി നമ്മൾ കൊടുക്കുന്നതുമൂലം നമ്മുടെ ഖജനാവ് കാലിയാകുമെന്ന കാര്യത്തിൽ സംശയമില്ല. അധിക വിഭവ സമാഹരണത്തിനുവേണ്ടി ഒററക്കെട്ടായി ദീർഘ വീക്ഷണത്തോടുകൂടി മുന്നോട്ടു പോകുമ്പോൾ അനാവശ്യമായ റവന്യൂ സ്ററേ ഒഴിവാക്കിയേ മതിയാകൂ. ഞാൻ നേരത്തെ കാർഷിക മേഖലയെക്കുറിച്ച് പറഞ്ഞു. ഞാൻ ഒന്നൊന്നായി എടുത്തു പറയുകയാണ്. 1993-94 വർഷം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നെൽക്കൃഷിയുടെ വർഷമായി ആചരിച്ചു. ആ സമയത്താണ് കോടിക്കണക്കിന് രൂപ കേന്ദ്രഗവൺമെന്റിൽനിന്നുപോലും സമാഹരിച്ച് കേരളത്തിലെ പാടശേഖരങ്ങളിൽ വിനിയോഗിച്ചത്. അതിന്റെ ഫലമാണ് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. 1994-95 കേര കർഷകരെ സംബന്ധിച്ച് ഒരു സുവർണ്ണ കാലഘട്ടമായി വരാൻ പോകുകയാണ്. 215 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു വലിയ പദ്ധതിക്കാണ് രൂപം കൊടുത്തിരിക്കുന്നത്. കേരളത്തിലെ കേര കർഷകരെ സംബന്ധിച്ച് ദുർഘടമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകേണ്ടി വന്നിട്ടുണ്ട്. ഈ ഒരു വലിയ പദ്ധതി കേരളത്തിൽ നടപ്പിലാകുമ്പോൾ അത് കേരളത്തിന്റെ ചരിത്രത്തിൽ ഒരു വിപ്ലവകരമായ മാററമായി മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുപോലെതന്നെ ഇലക്ട്രിസിററിയുടെ കാര്യത്തിൽ ഇവിടെ ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ചു. ഇലക്ട്രിസിററിയെ സംബന്ധിച്ച് ഇന്ന് കാസർകോഡ് മുതൽ തിരുവനന്തപുരം ജില്ല വരെയുള്ള ജില്ലകളിൽ ചെറുതും വലുതുമായ വിവിധ വൈദ്യുത പദ്ധതികൾ നമ്മൾ ആരംഭിക്കാൻ പോകുകയാണ്. അതിലൊന്ന് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞ, കാസർകോട് ആരംഭിക്കുന്ന ഒരു പദ്ധതിയാണ്. അതുപോലെ ഏററവും സ്വാഗതാർഹമായ ഒരു കാര്യം ഹിൽ ഹൈവേക്ക് വേണ്ടി ഒരു പുതിയ പദ്ധതി, ഹൈവേ പ്രോജക്ററ് നമ്മൾ തുടങ്ങാൻ തീരുമാനിച്ചു എന്നുള്ളതാണ്. കേരളത്തിലെ നാഷണൽ ഹൈവേ രാത്രി കാലങ്ങളിൽ പലപ്പോഴും കൂരിരുട്ടിൽ ആണ്ടു കിടക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. മററു പല സംസ്ഥാനങ്ങളിലും ചെന്നാൽ നാഷണൽ ഹൈവേയിൽകൂടി വാഹനങ്ങൾ സഞ്ചരിച്ചു പോകുന്ന കാര്യത്തിൽ, സ്വൈരമായി സഞ്ചരിക്കുന്ന കാര്യത്തിൽ, അപകടങ്ങൾ ഒഴിവാക്കുന്ന കാര്യത്തിൽ, വൈദ്യുതി വിളക്കുകളുടെ കാര്യത്തിൽ, അവിടം ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട് എന്നു കാണാം. ഈ കൊച്ചു കേരളത്തിൽ ഇപ്പോൾ നമ്മൾ ആവിഷ്കരിച്ച് ഉണ്ടാക്കാൻ പോകുന്ന പദ്ധതി, കേരളത്തിന്റെ മുഖച്ഛായ മാററിയെടുക്കും എന്നുള്ള കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംശയമില്ല. അതുപോലെതന്നെ കയർ വ്യവസായം സംബന്ധിച്ച് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിൽ ഗവൺമെൻറിന്റെ ദീർഘ ദർശനത്തോടുകൂടിയുള്ള പദ്ധതികൾ നടപ്പിലാക്കണമെന്നു പറഞ്ഞു. ഞാൻ വളരെ ആശങ്കയോടുകൂടി ആണ് ഇവിടെ നിൽക്കുന്നത്. ഞാൻ ആററിങ്ങൽ മണ്ഡലം എന്ന, 65 ശതമാനം പരമ്പരാഗത കയർ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു മണ്ഡലത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് കുറച്ചുകൂടി ഗൗരവത്തോടുകൂടി കയർ മേഖലയെ ശക്തിപ്പെടുത്തുന്ന വിധത്തിൽ കാര്യങ്ങൾ കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കയറിന്റെ കാര്യത്തിൽ രാഷ്ട്രീയം കാണരുത്. കേരളത്തിലെ പരമ്പരാഗത കയർ തൊഴിലാളികൾ, കൊച്ചു കുട്ടികൾപോലും പണിയെടുക്കുന്ന ഒരു മേഖലയാണിത്. പ്രത്യേകിച്ച് 90 ശതമാനം സ്ത്രീകൾ പണിയെടുക്കുന്ന മേഖലയാണ് കയർ മേഖല. ആ കയർ മേഖലയെ രക്ഷിക്കുന്ന കാര്യത്തിൽ, തൊഴിലാളികളുടെ ആരോഗ്യത്തിന്റെ കാര്യത്തിൽ, അവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ, കയർ തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ കാര്യത്തിൽ നമുക്ക് ദീർഘ വീക്ഷണത്തോടുകൂടി ചില പദ്ധതികൾ വേണം. നമ്മുടെ നാട്ടിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ചർച്ച നടന്നു കൊണ്ടിരിക്കുന്ന ഒരു അവസരമാണ് ഇത്. മെക്കനൈസ്ഡ് റാട്ടുകൾ പരമാവധി കേരളത്തിലെ പ്രാഥമിക സംഘങ്ങൾക്ക് വിതരണം ചെയ്തു കൊണ്ടിരിക്കുന്ന ഒരവസരമാണിത്. മെക്കനൈസ്ഡ് റാട്ടുകൾ വിതരണം ചെയ്യുന്ന അവസരത്തിൽ, പുതിയ തലമുറ കയർ മേഖലയിലേക്ക് കടന്നു വരാൻ അറച്ച് നിൽക്കുന്ന ഈ അവസരത്തിൽ, നിലവിലുള്ള ഐ. ടി. ഐ., പോളിടെക്നിക്ക് സംവിധാനത്തിൽ കയർ ടെക്നോളജിയെക്കുറിച്ച് പഠിപ്പിക്കുന്ന സ്പെഷ്യലൈസ്ഡ് ആയിട്ടുള്ള സ്ഥാപനങ്ങൾ അല്ലെങ്കിൽ കയർ ഉൽപ്പന്നങ്ങളെക്കുറിച്ച് പഠിപ്പിക്കുന്ന, അല്ലെങ്കിൽ ശാസ്ത്രീയമായി കയർ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഐ. ടി. ഐ. പോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ ഗവൺമെൻറ് തയ്യാറാകണം. അതുവഴി ഈ പരമ്പരാഗത വ്യവസായത്തെ സഹായിക്കുവാനും ആധുനികമായ മാററങ്ങൾ ഉൾക്കൊള്ളുവാൻ കയർ മേഖല തയ്യാറായിരിക്കുന്ന ഈ അവസരത്തിൽ അതിനൊത്ത് വിദ്യാഭ്യാസ മേഖലയും അതുമായി ക്ളബ് ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ നാട്ടിൽ ഇന്ന് ഉണ്ടായിരിക്കുന്ന ഒരു പ്രത്യേകത സാധാരണ കയർ സംഘങ്ങൾക്ക് കേന്ദ്ര ഗവൺമെൻറിന്റെ മെക്കനൈസ്ഡ് റാട്ടുകൾ വിതരണം ചെയ്യുന്നത് നമ്മുടെ 'കയർഫെഡ്' മുഖാന്തിരമാണ്. അശാസ്ത്രീയമായ ഒരു സംവിധാനമാണ്. കയർ മന്ത്രി 6 മാസത്തിനുമുൻപ് ഈ സഭയിൽ ഞാൻ ഒരു ചോദ്യമുന്നയിച്ചപ്പോൾ എന്നോടു പറഞ്ഞത് കയർ സംഘങ്ങൾക്ക് മെക്കനൈസ്ഡ് റാട്ടുകൾ വിതരണം ചെയ്യാനുള്ള കുത്തകാവകാശം കയർ ഫെഡിന് നൽകിയിട്ടില്ല എന്നാണ്. പക്ഷേ ദൗർഭാഗ്യവശാൽ ആ വാക്ക് ലംഘിച്ചുകൊണ്ട് ഇന്ന് കയർഫെഡ് മുഖാന്തിരമാണ് മെക്കനൈസ്ഡ് റാട്ടുകൾ വിതരണം ചെയ്യുന്നത്. അതിന്റെ പേരിൽ കയർ ഫെഡിന്റെ ഉത്തരവാദപ്പെട്ട ആളുകൾ കോടിക്കണക്കിനു രൂപ കമ്മീഷൻ വ്യവസ്ഥയിൽ അടിച്ചു മാററുന്ന, അഴിമതി നടത്തുന്ന ഒരു സംവിധാനം നമ്മുടെ നാട്ടിലുണ്ടായിരിക്കുന്നു. ഇത് ഗവൺമെൻറ് പരിശോധിക്കണം. കയർ ഫെഡ് മുഖാന്തിരം മെക്കനൈസ്ഡ് റാട്ടുകൾ വിതരണം ചെയ്യുന്നതിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് ഗവൺമെൻറ് അന്വേഷിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ രംഗത്ത് പണ്ടെങ്ങുമില്ലാത്തവിധം കേരളം റിക്കാർഡ് ഭേദിച്ചുകൊണ്ട് മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നു. ഇടതുപക്ഷമുന്നണി അധികാരത്തിൽ ഇരുന്ന സമയത്ത് കേരളത്തിൽ കെട്ടിടത്തിന്റെ പേരിൽ, റോഡിന്റെ പേരിൽ ആശുപത്രി മന്ദിരത്തിന്റെ പേരിൽ ശിലാ സ്ഥാപനം നടത്തിയ കല്ലുകൾ ഇന്ന് ശാന്തി കിട്ടാതെ, മോചനം കിട്ടാതെ കിടക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇട്ട കല്ലുകൾ വെറും കല്ലായിട്ട് കിടക്കുകയല്ല; നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ എവിടെ ചെന്നാലും റോഡുകളുടെ നിർമ്മാണം വളരെ ശുഷ്കാന്തിയോടെ നടന്നുവരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ആ പ്രക്രിയ തുടരണം. എനിക്ക് ഏററവും പ്രധാനമായി സൂചിപ്പിക്കുവാനുള്ളത് ശ്രീ. വി. എം. സുധീരനടക്കമുള്ള അംഗങ്ങൾ കഴിഞ്ഞ സമ്മേളനത്തിൽ ഉയർത്തിപ്പറഞ്ഞ ചില കാര്യങ്ങളാണ്. വളരെ പ്രസക്തിയോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ഗവൺമെന്റും അത് കേൾക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അതിൽ ഏററവും പ്രധാനപ്പെട്ടത് പഞ്ചായത്ത് രാജ് നിയമം മുഖാന്തിരം നടത്തേണ്ട തിരഞ്ഞെടുപ്പ് പ്രക്രിയയാണ്. എത്രയും പെട്ടെന്ന് പഞ്ചായത്ത് രാജ് മുഖാന്തിരമുള്ള പഞ്ചായത്ത്-മുനിസിപ്പൽ-ബ്ലോക്കുതല തിരഞ്ഞെടുപ്പുകൾ, ജില്ലാതല തിരഞ്ഞെടുപ്പുകൾ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നടത്താൻ തയ്യാറാകണം. നമ്മൾ കൊണ്ടുവന്ന ഒരു നിയമം, നമ്മൾ ഈ സഭയിൽ പാസ്സാക്കിയെടുത്ത നിയമം. അതിന്റെ ക്രെഡിററ് നമുക്ക് കിട്ടണമെന്നുള്ളതുകൊണ്ട്, ആ നിയമത്തിൽ എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ, വി. എം. സുധീരൻ സൂചിപ്പിച്ചതുപോലെയുള്ള ന്യൂനതകൾ എന്തെങ്കിലുമുണ്ടെങ്കിൽ, അവ പരിഹരിച്ചുകൊണ്ട് ആ നിയമം നടപ്പിലാക്കി തിരഞ്ഞെടുപ്പ് നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർക്കുകയാണ്. ഈ ബഡ്ജററ് ചർച്ചയിലുടനീളം അപ്പുറത്തുനിന്നും ആന്റണിക്കുള്ള സ്തുതിയായിരുന്നു. സ്തുതി ഗീതങ്ങൾ കേട്ടാണ് ശ്രീ. കരുണാകരൻ കുഴിയിൽ ചാടിയത്. ആന്റണിക്ക് സ്തുതി പാടുന്നവരുടെ ലക്ഷ്യം മന്ത്രിപദമാണ്. 'ആന്റണിയേ നീ പരിശുദ്ധനാകുന്നു, എന്നെയും നീ മന്ത്രിയാക്കേണമേ; അങ്ങേക്ക് പാററാവും പത്രാസും ആവശ്യമില്ലെങ്കിലും അവയെല്ലാം ഞങ്ങൾക്ക് കൂടുതലായിതന്ന് അനുഗ്രഹിക്കേണമേ, ക്ലിഫ് ഹൗസിലെ നീന്തൽക്കുളത്തിൽ കുളിക്കാൻ ഞങ്ങൾക്ക് അവസരം തരേണമേ, ഞങ്ങൾക്ക് പാർക്കാൻ രമ്യ ഹർമ്മ്യങ്ങൾ ഉണ്ടാക്കിത്തരേണമേ, ഖജനാവ് ചോർത്താനും പൊതു പണം മോഷ്ടിക്കാനും വിദേശത്തുനിന്ന് കമ്മീഷൻ അടിക്കാനും ഉലകം ചുററാനും ഞങ്ങളെ പ്രാപ്തരാക്കേണമേ, ആമേൻ'. എന്നാണ് എല്ലാവരുടേയും പ്രാർത്ഥന. പാക്ഷ്ഗ്ളാമറും പ്രതിച്ഛായയും ഉള്ളവരെ മാത്രമേ മന്ത്രിമാരാക്കുകയുള്ളൂ എന്ന് പ്രസ്താവിച്ചതോടെ കോൺഗ്രസ്-ലീഗ് എം. എൽ. എ. മാരെല്ലാം ഇപ്പോൾ ബ്യൂട്ടി പാർലറുകളിൽ പോയി സുന്ദര വിഡ്ഢികളായിട്ടാണ് നടക്കുന്നത്. ഒരു ലീഗ് എം. എൽ. എ. വനിതകൾക്കായുള്ള ബ്യൂട്ടി പാർലറിൽ തെററിക്കയറി. നാററം ഒഴിവാക്കാൻ സകലരും പൗഡറും പെർഫ്യൂമും അടിച്ചിട്ടുണ്ട്. കിളവൻമാരും കിളവികളും ചെത്തു സ്റൈറലിലാണ് നടപ്പ്. ആട്ടോറിക്ഷയിൽ യാത്ര ചെയ്തിരുന്നവർ ഇപ്പോൾ മന്ത്രിമാരുടെ ഗമയിൽ കാറിന്റെ ഇടതു ഭാഗത്ത് ഇരുന്നാണ് യാത്ര. ഒരു ലാററിൻ എം. എൽ. എ. ഫയലുകൾ പരിശോധിച്ചു തുടങ്ങി. കർത്താവിന്റെ കുരിശുമരണത്തോടുകൂടി ഇവിടെ ഒരു കൂട്ട മരണം നടക്കും.

അടുത്ത രണ്ടാഴ്ച ആൻറണിക്ക് പീഡാനുഭവ കാലഘട്ടമാണ്. ദുഃഖത്തിൽ പങ്കു ചേരാൻ ഡൽഹിയിൽനിന്ന് കുടുംബത്തെ കൊണ്ടു വരണം. അവരെങ്കിലും പള്ളിയിൽ പോയി പ്രാർത്ഥിക്കട്ടെ. മുസ്ലീം ലീഗിൽ കുട്ടി അഹമ്മദ്കുട്ടി ഒഴികെ മറ്റെല്ലാവർക്കും മന്ത്രിമാരാകണം. ശിഹാബ് തങ്ങൾ ലീഗ് എം. എൽ. എ. മാരെ ഓരോരുത്തരേയും കണ്ട് തെളിവെടുപ്പ് നടത്തിയപ്പോൾ അവർ വളരെ അച്ചടക്കത്തോടെയും സത്യസന്ധതയോടും കൂടിയും ഇക്കാര്യം തുറന്നു പറഞ്ഞു. തങ്ങൾ മൂപ്പന്നാരേയും സോളങ്കി യേയും ബന്ധപ്പെട്ട് അവർ ഇവിടെ പ്രയോഗിച്ച തന്ത്രം മനസ്സി ലാക്കി അവസാനം നിർണ്ണായക തീരുമാനം യുക്തമായ സമയത്ത് പ്രഖ്യാപിക്കും. മന്ത്രി സ്ഥാനത്തെ ചൊല്ലി കേരളാ കോൺഗ്രസ്സിൽ ഇപ്പോൾ കുഴപ്പമൊന്നും ഉണ്ടാകുകയില്ല. മന്ത്രിമാരാകേണ്ടവരെല്ലാം ആയിക്കഴിഞ്ഞു. അവരിപ്പോൾ പുനരൈക്യത്തിന്റെ പാതയിലാണ്. ഒരു കത്തോലിക്കൻ, ഒരു അകത്തോലിക്കൻ ഒരു നായർ എന്ന ക്രമത്തിലാണ് മന്ത്രിമാരാകുക., അതാണിവിടുത്തെ പ്രമാണം. പാവം സി. എഫ്. തോമസ് പിതാവിന്റെ കൽപ്പന ലംഘിക്കുകയില്ല. ജേക്കബ് ഗ്രൂപ്പിലെ മാത്യു സ്റ്റീഫൻ 'ഏക് ദിൻ ക സുൽത്താൻ' ആയി. ആരോഗ്യമില്ലെങ്കിലും പി. എം. മാത്യു മാത്രമാണ് പിളരുന്നതിനെക്കുറിച്ച് ആലോചിക്കുന്നത്. കിടങ്ങൂരിന്റെ 'കിണ്ടീപ്പീ നായന്മാർ' അനാഥരായിരിക്കുകയാണ്. 'പിണ്ടീപ്പീ' യുടെ പേരിൽ മന്ത്രിമാരാകാൻ രാധാകൃഷ്ണൻ നായരും മുരളി പിള്ളയും പണിക്കരുടെ പുറകേ നടക്കുകയാണ്. പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒരു സ്ത്രീ രണ്ടു തലയും മൂന്ന് കൈകളുമുള്ള ഒരത്ഭുത ശിശുവിനെ പ്രസവിച്ചു. താമസിയാതെ അപൂർവ്വ ശിശു മരിച്ചു. ആൻറണി മന്ത്രി സഭയുടെ സ്ഥിതിയും ഇതുതന്നെയായിരിക്കും. ആൻറണിയു മായിട്ടുള്ള ബന്ധംകൊണ്ട് ഞാൻ ചില കാര്യങ്ങൾ പറയുകയാണ്. മുഖ്യമന്ത്രി ഇറങ്ങിപ്പോകുന്നതിനുമുൻപ് ചില അടിയന്തിര നടപടികൾ സ്വീകരിക്കണം. എന്റെ നാട്ടിലെ പ്രീമിയർ പോളിക്കോട്ടേഴ്സ്, ചാലക്കുടി റിഫ്രാക്ടറീസ്, കൊരട്ടി മധുരാ കോട്സ്, കറുകുറ്റി പ്രീമിയർ കേബിൾസ്, അങ്കമാലി ഡബിൾ കോളാ, തോഷിബാ ആനന്ദ് എല്ലാം വർഷങ്ങളായി പൂട്ടിക്കിടക്കുന്നതിനാൽ ആയിരക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലാണ്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കൊരട്ടി കമ്പനി സർക്കാരും മന്ത്രിമാരും ഭരണ നേതാക്കളും അറിയാതെ അന്യർക്ക് വിററു പോയി എന്നാണ് പറയുന്നത്. 2,600 തൊഴിലാളി കുടുംബങ്ങൾ അനാഥരായിരിക്കുകയാണ്. അങ്ങയ്ക്ക് ഞങ്ങൾ ഇന്ന് നിവേദനം തന്നിട്ടുണ്ട്. ഉടൻതന്നെ കമ്പനി തുറപ്പിക്കണം. കുഞ്ഞാലിക്കുട്ടിയുടെ കള്ളക്കളി ഇതിന്റെ പിന്നിലുണ്ട്. സൂക്ഷിക്കണം. സംസ്ഥാനത്ത് ഒററ നമ്പർ ലോട്ടറി ഉടൻ നിർത്തലാക്കണം. ആയിരക്കണക്കിന് കുടുംബങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട്ടുള്ള ഒരൊററ നമ്പറാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. നാട്ടിൽ മോഷണവും പിടിച്ചു പറിയും പെരുകിയിരിക്കുകയാണ്. കൊതുകുകടിമൂലം രാത്രി ആളുകൾ ഉറങ്ങാതിരിക്കുന്നതുകൊണ്ട് പകലാണ് പിടിച്ചു പറിയും മോഷണവും കൂടുതൽ നടക്കുന്നത്. കനാൽ വെള്ളം കിട്ടാതെ എന്റെ നാട്ടിലെ കൃഷിയെല്ലാം നശിച്ചു. കുടിവെള്ളം ലഭിക്കാതെ ഇരിങ്ങാലക്കുട മണ്ഡലത്തിലെ ജനങ്ങൾ കഷ്ടപ്പെടുകയാണ്. നാളെ 9-ാം നിയമസഭയുടെ 13-ാം സമ്മേളനം അവസാനിക്കുകയാണ്. ഈ സഭയിൽ അങ്ങ് കഴിഞ്ഞാൽ ഏററവും ഉന്നതങ്ങളായ സ്ഥാനങ്ങളിലിരിക്കുന്നവരാണ് ഞങ്ങൾ. മുസ്തഫ മുതൽ ഗൗരിയമ്മവരെ 13 മുൻ മന്ത്രിമാർ ഞങ്ങളുടെ കൂട്ടത്തിലുണ്ട്. ഞങ്ങളുടെ പുറകേയിരിക്കുന്നവർ ഞങ്ങളെക്കാൾ വലിയവരാണ്. അവരാണ് പലരേയും ഇറക്കുകയും കയററുകയും ചെയ്യുന്നത്. എനിക്ക് പ്രസംഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് ഓരോ മിനിററ് തന്ന് സഹായിച്ചതിന് സ്പീക്കറോടും അങ്ങയോടും പ്രത്യേകമായി നന്ദി പറയുന്നു. അവസാനം നമുക്കെല്ലാവർക്കും ഇന്നത്തെപ്പോലെ എഴുന്നേററു നിൽക്കാൻ ഓരോ മിനിട്ട് കിട്ടും. അടുത്ത സമ്മേളന കാലത്ത് സ്പീക്കർ ഏററവും താഴെ ഇരിക്കാൻ ഇട വരട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. തങ്കച്ചൻ മുഖ്യമന്ത്രിയാകുമെന്നാണ് കേട്ടത്. പക്ഷേ തങ്കമ്മയുടെ തങ്കച്ചനല്ല ഏലിസബത്തിന്റെ തങ്കച്ചനാണ് മുഖ്യമന്ത്രിയായത്. റാവുവിനെ പ്രധാനമന്ത്രി ആക്കിയത് താനാണെന്ന് കരുണാകരൻ മലയാളത്തിൽ പ്രസംഗിച്ചു നടന്നതിന്റെ ഹിന്ദി പരിഭാഷ മാർച്ച് ആദ്യ വാരത്തിലാണ് പ്രധാനമന്ത്രിക്ക് കിട്ടിയത്. ഉടൻ നടപടിയെടുത്ത് അദ്ദേഹത്തെ പുറത്താക്കി. കരുണാകരന് കേരളം മുഴുവൻ സ്വീകരണം നൽകാൻ പോകുകയാണ്. കരുണാകരൻ ഈ നിലയിൽ അലഞ്ഞു നടക്കുന്നത് കാണാനാഗ്രഹിക്കുന്നവരെല്ലാം ആ സമ്മേളനത്തിൽ പങ്കെടുക്കും. തൃശ്ശൂരിലാണ് ആരംഭം. ഇത്രയും നാൾ വാങ്ങൽ മാത്രമുണ്ടായിരുന്ന മുരളി കൊടുക്കലും ആരംഭിച്ചു. സ്വീകരണങ്ങൾക്ക് ലക്ഷക്കണക്കിന് രൂപയാണ് ഇറക്കിക്കൊണ്ടിരിക്കുന്നത്. പെരുമ്പാവൂരിൽ മുസ്തഫ സമര പ്രഖ്യാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. അദ്ധ്യക്ഷൻ അദ്ദേഹംതന്നെയായിരുന്നു. അവിടത്തെ മുദ്രാവാക്യം കെങ്കേമമായിരുന്നു. കേൾക്കണോ? 'തങ്കം പോലൊരു തങ്കച്ചാ, തങ്കമ്മേടെ തങ്കച്ചാ, തട്ടിക്കളയും സൂക്ഷിച്ചോ, ആദർശരാജ്ജല രാഷ്ട്രീയത്തിന് ആമുഖമെഴുതിയ നേതാവേ, ആന പോലൊരു നേതാവേ അടി പതറാതെ മുന്നോട്ട്'' ദൈവ വിശ്വാസി അല്ലെങ്കിലും മുഖ്യമന്ത്രിയോട് അഭ്യർത്ഥനയുണ്ട്. ദൈവ ദ്രോഹ നടപടികളൊന്നും ചെയ്യരുത്. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. കെ. നായർ: സർ, അടുത്ത നാലു മാസത്തേക്കുള്ള ചെലവിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. വോട്ട് ഓൺ അക്കൗണ്ടിന്റെ തുക മുഴുവൻ കൈകാര്യം ചെയ്യേണ്ടത് അതല്ലെങ്കിൽ അതിന്റെ ധനകാര്യ മാനേജ്മെന്റ് മുഴുവൻ നിർവ്വഹിക്കേണ്ടത് ഇവിടുത്തെ ധനകാര്യവകുപ്പാണ്. കേരളത്തിലെ ധനകാര്യവകുപ്പിന് കാററുവീഴ്ച ബാധിച്ചോ എന്ന് ഞാൻ സംശയിച്ചു. കാരണം, അനുഭവം അതാണ് കാഴ്ചവയ്ക്കുന്നത്. പത്തനംതിട്ട ജനറൽ ആശുപത്രിയുടെ വികസനത്തിനുവേണ്ടി കുറെ വർഷങ്ങളായി പൊതുജനങ്ങൾ ശബ്ദം ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ശബരിമല സീസൺ ആകുമ്പോൾ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും അനേകായിരം ആളുകൾ വന്നു പോകുന്ന ഒരു തീർത്ഥാടന കേന്ദ്രമാണ് ശബരിമല. അവിടെ എന്തെങ്കിലും ആക്സിഡന്റ് ഉണ്ടായിക്കഴിഞ്ഞാൽ ആദ്യം എത്തിക്കുന്നത് പത്തനംതിട്ട ആശുപത്രിയിലാണ്, ആ ആശുപത്രിയുടെ വികസനത്തിനുവേണ്ടി കഴിഞ്ഞ രണ്ടുമൂന്നുവർഷം പരിശ്രമിച്ചു. 1993-94-ലെ ബഡ്ജററിൽ 4 ലക്ഷം രൂപ പ്രൊവിഷനും ഉണ്ടായിരുന്നു. 1994-95-ൽ അത് രണ്ടു ലക്ഷം രൂപയായിട്ട് കുറഞ്ഞു. ആ ആശുപത്രിയിൽ 400 കിടക്കകളുള്ള ഒരു വാർഡ് കെട്ടുന്നതിനുവേണ്ടിയുള്ള ഭരണാനുമതിയും സ്പെഷ്യൽ സാംഗ്ഷനും കിട്ടിയതാണ്. സ്പെഷ്യൽ സാംഗ്ഷൻ ധനകാര്യവകുപ്പിന്റെ അറിവോടുകൂടിയാണ് ലഭിച്ചത്. അതിനുശേഷം അതിന്റെ പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചു. കൺസ്ട്രക്ഷൻ കോർപ്പറേഷന് ടെൻഡർ കൊടുത്തതുകൊണ്ട് ബാക്കിയുള്ളവർ പ്രതികരിച്ചില്ല. കൺസ്ട്രക്ഷൻ കോർപ്പറേഷൻ പത്തനംതിട്ടയിൽ ഏറെറടുത്ത ഒരു പാലത്തിന്റെ പണി കഴിഞ്ഞ ആറേഴ് വർഷക്കാല

മായിട്ട് മുടങ്ങിക്കിടക്കുന്നതുകൊണ്ട് അവരെ അതിൽനിന്നും ഒഴിവാക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. ആറേഴ് മാസം കഴിഞ്ഞിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി അവരെ ഒഴിവാക്കിയത്. അതിനുശേഷം വീണ്ടും പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചു, പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ, ടെൻഡർ കമ്മിററിയുടെ മുമ്പിൽ വന്നു. കഴിഞ്ഞയാഴ്ച കൂടിയ ടെൻഡർ കമ്മിററി രണ്ടു ലക്ഷം രൂപ മാത്രമേ ബഡ്ജററ് പ്രൊവിഷനുള്ളൂ എന്നുള്ളതുകൊണ്ട് അടുത്ത ബഡ്ജററ് വന്നുകഴിഞ്ഞിട്ട് പരിഗണിക്കാമെന്നു പറഞ്ഞ് മാററിവച്ചിരിക്കുകയാണ്. നിർഭാഗ്യവശാൽ, ഈ ബഡ്ജററ് വന്നപ്പോഠം അതിനകത്ത് പ്രൊവിഷനേ ഇല്ലാത്ത സ്ഥിതിയാണ്. ഭരണാനുമതിയും സ്പെഷ്യൽ സാംഗ്ഷനും കിട്ടിയ ഒരു വർക്കിന് ബഡ്ജററ് പ്രൊവിഷനില്ലാതെ പോയത് എന്തുകൊണ്ടാണെന്ന് സംശയിക്കുകയാണ്. അടുത്ത ശനിയാഴ്ച, അതായത്, മററന്നാഠം വീണ്ടും ടെൻഡർ കമ്മിററി കൂടുകയാണ്. രണ്ടു ലക്ഷം രൂപ കുറഞ്ഞുപോയതുകൊണ്ട് ടെൻഡർ മാററിവച്ച കമ്മിററി പ്രൊവിഷനേ ഇല്ലാതെ വരുമ്പോഠം എന്താണ് തീരുമാനമെടുക്കാൻ പോകുന്നതെന്ന് നമുക്കൊക്കെ ഊഹിക്കാവുന്നതേയുള്ളൂ. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് ഒരു കാര്യം ആവശ്യപ്പെടാനുള്ളത്, ടെൻഡർ കമ്മിററി ഈ വർക്കിന് അപ്രൂവൽ കൊടുക്കാനുള്ള നിർദ്ദേശം കൊടുക്കണമെന്നാണ്. ബഡ്ജററിൽ പ്രൊവിഷനില്ലാതെ പോയത് ആഠട്ടറേഷൻ മെമ്മോറാണ്ഡത്തിലോ, സപ്ലിമെൻററി ഡിമാൻറിലോ പ്രൊവിഷൻ കണ്ട് റഗുലറൈസ് ചെയ്യേണ്ടതാണ്. ഇത് നിശ്ചയമായും ചെയ്തിരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇതുപോലെ ഭരണാനുമതിയും സ്പെഷ്യൽ സാംഗ്ഷനും കൊടുത്ത വർക്കുകഠക്ക് ബഡ്ജററിൽ പ്രൊവിഷനില്ലാതെ വരുന്നതിന്റെ കാരണമെന്താണ് എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. ബഡ്ജററിൽ പ്രൊവിഷനുണ്ടാക്കുന്നതിന് എം. എൽ. എ. മാർക്ക് സാദ്ധ്യമല്ല, അവർക്ക് കടന്നുചെന്ന് ബഡ്ജററിനകത്ത് പ്രൊവിഷനെഴുതി വയ്ക്കാനും സാദ്ധ്യമല്ല. അതേസമയത്ത് ഈ വർക്കിന് ചീഫ് എഞ്ചിനിയർ 50 ലക്ഷം രൂപ പ്രൊവിഷൻ വയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതാണ്. എന്നിട്ടും അത് ബ്ലാങ്കായിട്ട് ഇട്ടതിന്റെ രഹസ്യമെന്താണെന്ന് മനസ്സിലാകുന്നില്ല. അതുപോലെതന്നെ കോഴഞ്ചേരി ആശുപത്രിക്ക് ഭരണാനുമതിയും സ്പെഷ്യൽ സാംഗ്ഷനും ലഭിച്ചു, ടെൻഡർ ചെയ്തു, ബേസ്മെൻറ് പൂർത്തിയായി. ഇന്ന് അതിന് ബഡ്ജററ് പ്രൊവിഷനില്ലാതിരിക്കുകയാണ്. ഈ രീതിയിലുള്ള സമീപനം ധനകാര്യവകുപ്പ് എടുക്കുന്നത് ശരിയല്ല. മറെറാരു സംഗതി, പത്തനംതിട്ട എസ്. പി.ക്ക് ഒരു ക്വാർട്ടേഴ്സ് പണിയുന്നതിനുവേണ്ടി രണ്ടു വർഷം മുമ്പ് ഭരണാനുമതിക്കുവേണ്ടി ഗവൺമെൻറിനെ സമീപിച്ചു. ലാൻറ് പൊസെഷനിലെടുത്തതിനുശേഷം ഭരണാനുമതി നൽകാമെന്ന് പറഞ്ഞ് ആ ഫയൽ മടക്കി അയച്ചു. ആ ലാൻറ് അക്വിസിഷൻ പ്രോസസ് മുഴുവൻ പൂർത്തിയായി. വീണ്ടും ഭരണാനുമതി വേണമെന്നും സ്പെഷ്യൽ സാംഗ്ഷൻ വേണമെന്നുമൊക്കെ പറഞ്ഞുകൊണ്ട് ഗവൺമെൻറിനോട് ആവശ്യപ്പെട്ടു. ബഡ്ജററിൽ 10,000 രൂപയുടെ പ്രൊവിഷനേയുള്ളൂ, അത് അപര്യാപ്തമായതുകൊണ്ട് ഭരണാനുമതി നൽകാൻ സാദ്ധ്യമല്ലന്നുപറഞ്ഞ് തിരിച്ചയച്ചിരിക്കുകയാണ്. 2,97 000 രൂപ വസ്തു ഉടമയ്ക്ക് കൊടുത്തുകഴിഞ്ഞു. 2,97,000 രൂപ ചെലവ് വരുത്തിവച്ചതിനുശേഷം ഇതിന് ഭരണാനുമതി നൽകാതിരിക്കുന്നത് ശരിയാണോയെന്ന് ഒരു അഡിഷണൽ സെക്രട്ടറിയോട് ചോദിച്ചപ്പോഠം അതിന്റെ അപാകത അദ്ദേഹത്തിന് മനസ്സിലായി. ആ ഫയൽ തിരിച്ചുവിളിച്ച് വീണ്ടും അത് സെക്രട്ടറിക്ക് അയച്ചു. വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിച്ചുകൊണ്ട് ഫയൽ വന്നിരിക്കുകയാണ്. ഇത്തരത്തിലുള്ള സമീപനം നമ്മുടെ ധനകാര്യവകുപ്പിന് കാററുവീഴ്ച ബാധിച്ചോയെന്ന് സംശയി ക്കാൻ കാരണമാക്കുന്നു. ഇത് പരിഹരിച്ച് ബഡ്ജററിൽ പ്രൊവിഷൻ കൊള്ളിക്കേണ്ട ചുമതല ധനകാര്യവകുപ്പിനാണ്. അതിനാവശ്യമായ പ്രൊവിഷൻ ബഡ്ജററിൽ ഉൾക്കൊള്ളിച്ച് അതിന് ആവശ്യമായ ഫണ്ട് നൽകേണ്ടത് അവരുടെ കടമയാണ്. ആ കടമ നിർവ്വഹിക്കുന്നതിന് ധനകാര്യവകുപ്പ് മുൻകയ്യെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. മുഹമ്മദാലി: സർ, അടുത്ത നാലു മാസത്തെ ചെലവു കൾക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. ബഡ്ജററിനെക്കുറിച്ചുള്ള ചർച്ചകൾ കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായിട്ട് നടന്നുകഴിഞ്ഞിരിക്കുകയാണ്. രാജ്യത്തെ പൊതുവായ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും സംസ്ഥാനത്തെ സാമ്പത്തികനിലയെക്കുറിച്ചുമെല്ലാം വിശദമായ ചർച്ചകൾ ഇവിടെ നടന്നു കഴിഞ്ഞിട്ടുണ്ട്. ദേശീയ രംഗത്തെ സാമ്പത്തികമേഖലയിലുണ്ടായിരിക്കുന്ന ഉണർവ്വിന്റെ പ്രയോജനം നമ്മുടെ സംസ്ഥാനത്തിന് പരമാവധി പ്രയോജനപ്പെടുത്താൻ കഴിഞ്ഞു എന്നുള്ളതാണ് ബഡ്ജററിനെക്കുറിച്ചുള്ള ചർച്ചകളിൽ പ്രകടമായത്. അതിന്റെ ഗുണകരമായ മാററം സംസ്ഥാന ത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടായിട്ടുണ്ട്. അത് കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന നിലയിലുള്ള സമീപനമുണ്ടാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രയാസകരമായ സാഹചര്യങ്ങൾ തരണം ചെയ്യാൻ കഴിയണ മെങ്കിൽ സമൂഹത്തിലെ എല്ലാ രംഗത്തുമുള്ള എല്ലാവരുടേയും സഹകരണം ഉണ്ടാകണം. ഈ രാജ്യത്തെ അതാത് സംസ്ഥാനങ്ങളിലെ പ്രശ്നങ്ങൾ നോക്കിക്കാണാൻ കഴിയണം. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചുവരുന്നു. ഇപ്പോൾ 40 ലക്ഷത്തിലേറെയായിരിക്കുന്നു. കാർഷികരംഗത്ത് ധാരാളം ശാസ്ത്രീയ മായ പ്രവർത്തനങ്ങൾ നടത്തി. കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരുന്നതുമൂലം ഉൽപ്പാദനം കുറഞ്ഞുവരുന്നു എന്നുള്ളത് ഒരു നഗ്ന യാഥാർത്ഥ്യമാണ്. നാണ്യവിളകളിലേക്ക് ഞാൻ പോകുന്നില്ല. ഒരു കാലഘട്ടത്തിൽ ദേശീയ തലത്തിലുണ്ടാകുന്ന പല പ്രവണതകളിൽപ്പെട്ടു കൊണ്ട് നാണ്യവിളകളുൽപ്പാദിപ്പിക്കുന്ന കർഷകർക്ക് പല പ്രശ്നങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. അതുപോലെതന്നെ വിദ്യാഭ്യാസ മേഖലയിലായാലും ആരോഗ്യ മേഖലയിലായാലും വ്യാവസായിക മേഖലയിലായാലും ഉയർന്നു വരുന്ന പല പ്രശ്നങ്ങളേയും ഫലപ്രദമായിട്ട് തരണം ചെയ്തുകൊണ്ട് ഈ സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയുന്ന വിധത്തി ലുള്ള ഒരു അഭിപ്രായ സമന്വയം എല്ലാ ഭാഗത്തുനിന്നും ഉണ്ടായിയെങ്കിൽ മാത്രമേ ഈ സംസ്ഥാനത്ത് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. ഈ ബഡ്ജററിലൂടെ ഗവൺമെന്റ് മുൻഗണന കൊടുത്തിരിക്കുന്നതുതന്നെ കൃഷി, വ്യവസായം, പവർ, ഇറിഗേഷൻ എന്നീ മേഖലകൾക്കാണ്. എല്ലാവരും അംഗീകരിക്കുന്ന മേഖലകളാണിവ. ഈ മേഖലകൾക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം മുടക്കുന്ന പണം പ്രയോജനപ്രദമാകുന്ന നിലയിൽ ഉള്ള പ്രവർത്തനങ്ങൾ നടത്തണം. മുടക്കുന്ന പണത്തിന് പൂർണ്ണമായ പ്രതിഫലം ലഭിക്കാൻ കഴിയുന്ന വിധത്തിൽ പ്രവർത്തന രംഗത്ത് നമ്മുടെ സമീപനത്തിൽ മാററമുണ്ടാകണം.

വൈദ്യുത പ്രോജക്ടുകളെക്കുറിച്ച് വളരെയധികം സംസാരിക്കാറുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം കൂടുതൽ വൈദ്യുത പ്രോജക്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നില്ല. സമയബന്ധിതമായി പ്രോജക്ടുകൾ പ്രാവർത്തികമാക്കണം, അങ്ങനെ കഴിയാതെ വരുന്നതു മൂലം ഖജനാവിലുള്ള പണം അമിതമായി ചെലവഴിക്കപ്പെടുന്നു. ആവശ്യമായ പ്രയോജനമുണ്ടാക്കാൻ കഴിയാതെ വരുന്നു. വളരെയധികം പ്രോജക്ടുകൾക്കുവേണ്ടി Memorandum of understanding (M. O. U.) സൈൻ ചെയ്തിട്ടുണ്ട്. പക്ഷേ അതെല്ലാം സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞുവെങ്കിൽ മാത്രമേ വൈദ്യുതി രംഗത്ത് ഒരു കുതിച്ചു കയററം ഉണ്ടാക്കാൻ കഴിയുകയുള്ളൂ. വൈദ്യുതി ലഭിച്ചുവെങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്തെ വ്യാവസായികമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ ചുരുങ്ങിയ നിരക്കിൽ വൈദ്യുതി ലഭ്യമാക്കണം. സ്വകാര്യമേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ നിരക്കിൽ മാററം വരുമോയെന്നുള്ള ആശങ്കകൂടി നിലവിലുണ്ട്. നിരക്ക് വർദ്ധിപ്പിക്കാതെ കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെങ്കിൽ വ്യാവസായിക രംഗത്ത് ഉണർവ്വുണ്ടാക്കാൻ കഴിയും.

സർ, വ്യാവസായിക രംഗത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ദേശീയ നിലവാരം എടുത്തു നോക്കിയാൽ വളരെയേറെ മുന്നോട്ട് പോയി കഴിഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിട

2 P. M. ]

ത്തോളം പുതിയ യൂണിററുകൾ രജിസ്ററർ ചെയ്തു കഴിഞ്ഞിരിക്കുന്നു. ചെറുകിട വ്യവസായങ്ങളായാലും, ഇടത്തരം വ്യവസായങ്ങളായാലും പല യൂണിററുകളും ഇവിടെ രജിസ്ററർ ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിലും അത് ഉൽപ്പാദനം ആരംഭിക്കാവുന്ന രീതിയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുന്നില്ല. ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതിന്റെ പ്രാവർത്തിക രംഗത്ത് പല തടസ്സങ്ങളും ഉണ്ടാകുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപിതമായ പ്രവർത്തനം ഉണ്ടാകുന്നില്ല. ഇപ്പോൾ നാം ആവിഷ്കരിച്ചിരിക്കുന്ന, പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയുന്ന നിലയിൽ ഏകോപിതമായ പ്രവർത്തനം ഉണ്ടാകണം. പണം നൽകുന്ന ധനകാര്യസ്ഥാപനങ്ങൾ തന്നെ നല്ല സമീപനം പലപ്പോഴും സ്വീകരിക്കാറില്ല. അങ്ങനെ നല്ല സമീപനം സ്വീകരിക്കുവാൻ കഴിയുന്ന ഒരു മനോഭാവം, ഒരു സംസ്കാരം നമുക്ക് വളർത്തിയെടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ നാം ആഗ്രഹിക്കുന്ന രീതിയിലുള്ള പുരോഗതി കൈവരിക്കുവാൻ കഴിയുകയുള്ളൂ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന് നാം നേരിടുന്ന ഏററവും ബുദ്ധിമുട്ടുള്ള അവസ്ഥാവിശേഷം എന്തെന്ന് ചോദിച്ചാൽ, പല പ്രവർത്തനങ്ങളും പല നടപടിക്രമങ്ങളുടെ നൂലാമാലകളിൽപ്പെട്ട് കുരുങ്ങിക്കിടക്കുകയാണ്. നടപടിക്രമങ്ങൾ കൂടുതൽ സങ്കീർണ്ണമാകുമ്പോൾ സ്വാഭാവികമായി അഴിമതി വർദ്ധിക്കും. ഇപ്പോൾ ഭരണരംഗത്ത് അഴിമതിയുണ്ട് എന്ന ആക്ഷേപം എല്ലാ രംഗത്തും ഉയർന്നു വരാറുണ്ട്. അഴിമതിയെ ഒഴിവാക്കുവാൻ കഴിയുന്ന നിലയിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാനും, അതുപോലെതന്നെ അഴിമതിക്ക് വിധേയമായ മേഖലകളിൽ കർശനമായ നിലപാട് സ്വീകരിക്കുവാനും കഴിയുന്ന രീതിയിൽ നമുക്ക് മുന്നോട്ടുപോകുവാൻ കഴിയണം. രാഷ്ട്രീയമായ ഒരു ഇച്ഛാശക്തി ആ കാര്യത്തിലുണ്ടായെങ്കിൽ മാത്രമേ അത് സാധിക്കൂ. ഞാൻ വളരെ വിശദമായി അതിലേക്ക് കടന്നുപോകാൻ ശ്രമിക്കുന്നില്ല. സെക്രട്ടേറിയററിനെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ ശരിയായ രീതിയിൽ, നേരായ രീതിയിൽ നടന്നുപോകാൻ കഴിയുന്ന നിലയിൽ നടപടിക്രമങ്ങൾ ലഘൂകരിക്കണം. അതുപോലെതന്നെ നാട്ടിൽ വികസന പ്രവർത്തനങ്ങൾ ഉണ്ടാകേണ്ട മേഖല



LIBRARY ARCHIVES Kerala Legislative Assembly

കളിൽ പ്രവർത്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ വേഗത്തിൽ നടപ്പിലാക്കുവാൻ കഴിയുന്ന നിലയിൽ മുന്നോട്ടു പോകാൻ കഴിയണമെങ്കിൽ നടപടിക്രമങ്ങൾ ലഘൂകരിക്കണം. ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം ഓരോ തലങ്ങളിൽ തടസ്സങ്ങൾ ഉണ്ടായാൽ, ആ തടസ്സങ്ങളിലൂടെ അഴിമതി നടത്തുവാൻ അവസരങ്ങളന്വേഷിക്കുന്ന ഒരു രംഗമായി ഇത് മാറിയിരിക്കുന്നു. എനിക്ക് വളരെ പ്രതീക്ഷയുണ്ട് നമ്മുടെ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ അനുഗ്രഹമായി വന്നിരിക്കുന്നത് ശ്രീ. എ. കെ. ആൻറണി ഈ സംസ്ഥാനത്തിന്റെ നേതൃത്വത്തിൽ വന്നു എന്നുള്ളതാണ്. ഇത്തരം കാരണങ്ങളിൽ കർശനമായ നിലപാട് സ്വീകരിക്കാനും വിട്ടുവീഴ്ചയില്ലാതെ, മുഖം നോക്കാതെ പ്രവർത്തിക്കുവാനും കഴിയുന്ന ദേശീയ രാഷ്ട്രീയ രംഗത്ത് നിറഞ്ഞു നിൽക്കുന്ന ശ്രീ. എ. കെ. ആൻറണിയുടെ സേവനം ഈ രംഗത്ത് സംസ്ഥാനത്ത് പ്രയോജനകരമായിത്തീരും എന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല, ആ നിലയിൽ ഇന്ന് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം.........................................

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, അങ്ങ് വളരെ ശുഭാപ്തി വിശ്വാസമുള്ള ആളാണ്. അങ്ങേക്ക് വളരെ ഇഷ്ടമാണ്. പക്ഷേ ഇന്ന് നമ്മുടെ ഈ സെക്രട്ടേറിയററിലെ ഉദ്യോഗസ്ഥമേധാവികളെ നമ്മുടെ ശ്രീ. എ. കെ. ആൻറണി നിയന്ത്രിക്കുമെന്ന് അങ്ങ് വിചാരിച്ചാൽ അങ്ങ് ഏതു ലോകത്തിലാണ് ജീവിക്കുന്നത്! അങ്ങയെ ഓർത്ത് ഞാൻ ദുഃഖിക്കുകയാണ്. അവർ ശ്രീ. എ. കെ. ആൻറണിയെ നിയന്ത്രിക്കും—ഈ ഉദ്യോഗസ്ഥമേധാവികൾ.

ശ്രീ. കെ. മുഹമ്മദാലി: ആ നിലയിൽ എത്തണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്. അത് അങ്ങയുടെ ആഗ്രഹം ആയി മാത്രം കണ്ടാൽ മതി. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്ക് വിശ്വാസ്യതയുള്ള ഒരു നേതൃത്വമാണ് ഇന്ന് സംസ്ഥാനത്തിന്റെ മുമ്പിൽ വന്നിരിക്കുന്നത് എന്ന കാര്യത്തെക്കുറിച്ച് യാതൊരു സംശയവുമില്ല. ആ നിലയിൽ ഗുണപരമായ മാററങ്ങൾ എല്ലാ രംഗത്തും ഉണ്ടാകുന്നതുപോലെ സെക്രട്ടേറിയററിലും ഉണ്ടാകും എന്ന് ഞാൻ ന്യായമായും പ്രതീക്ഷിക്കുകയാണ്. തലപ്പത്തിരിക്കുന്ന ആളുകൾ ഇതിനെല്ലാം അനുകൂലമല്ലെന്ന് വന്നാൽത്തന്നെ സ്വാഭാവികമായ മാററം എല്ലാ രംഗത്തും ഉണ്ടാകും എന്ന കാര്യത്തെക്കുറിച്ച് എനിക്ക് യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ സെക്രട്ടേറിയററ് ഉൾപ്പെടെ ഭരണത്തിന്റെ എല്ലാ രംഗങ്ങളിലും ആ മാററം ഉണ്ടാകും എന്ന കാര്യത്തിൽ പൂർണ്ണമായ ശുഭാപ്തി വിശ്വാസക്കാരനാണ് ഞാൻ. ഏതായാലും ആ നിലയിൽ കാര്യങ്ങൾ മുന്നോട്ടു പോകണം. നമ്മുടെ സംസ്ഥാനത്തിലെ നിർമ്മാണ മേഖലകളിലുള്ള പല പ്രശ്നങ്ങളുമുണ്ട്. ഇപ്പോൾ ബഡ്ജററിൽ തന്നെ ഉൾപ്പെടുത്തുന്ന പണം പോരാ എന്ന് പൊതുവേ എല്ലാ ഭാഗത്തുനിന്നും പരാതി ഉണ്ടാകാറുണ്ട്. വികസന പ്രവർത്തനങ്ങൾ എല്ലാ പ്രദേശത്തും നടത്തണം. പ്രാദേശികമായ അസന്തുലിതാവസ്ഥ ഉണ്ടാകാതെ നോക്കണം. പണം പല തലങ്ങളിലും ഉപയോഗപ്പെടുത്തേണ്ട ആവശ്യങ്ങൾ ഉണ്ടായി വരാറുണ്ട്. ഉപയോഗപ്പെടുത്തുന്ന പണം ശരിയായ രീതിയിൽ വിനിയോഗിക്കാതെ അവിടെയെല്ലാം ധൂർത്ത് നടക്കുന്നു എന്ന ആക്ഷേപമുണ്ടാവുന്നു. അപ്പോൾ നിർമ്മാണ പ്രവർത്തന രംഗത്ത്, പ്രോജക്ടുകളുടെ രംഗത്ത് സമയബന്ധിതമായി പരിപാടികൾ നടക്കുന്നതോടൊപ്പംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ആ മുടക്കുന്ന പണം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള ഒരു സംവിധാനം ഉണ്ടായെങ്കിൽ മാത്രമേ നടക്കൂ. ഇന്ന് കരാറുകാരാണ് പലപ്പോഴും പദ്ധതികളുടെ പ്രവർത്തനത്തിന്റെ കാര്യത്തിൽ അവസാന തീരുമാനം എടുക്കുന്ന നിലയിൽ കാര്യങ്ങൾ മുന്നോട്ട് നീക്കിക്കൊണ്ടിരിക്കുന്നത്, ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനുശേഷമുള്ള പ്രതിഭാസമല്ല ഇത്. കഴിഞ്ഞ കുറേക്കാലങ്ങളായി നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഈ പ്രവണതയാണ്. ഈ പ്രവണതയ്ക്കെതിരായി ഉറച്ച നിലപാട് സ്വീകരിക്കാൻ കഴിയുന്നില്ല. ഏത് രംഗത്തുമുള്ള കരാറുകാരുടെ നിലപാട് ഇന്നെല്ലാകാര്യങ്ങളിലും അവസാന വാക്കായി മാറുന്ന സ്ഥിതിവിശേഷമുണ്ടാകുന്നു. അത് മാറണം. ആ രംഗത്ത് കർശനമായ ഒരു സമീപനം ഉണ്ടാകേണ്ടിയിരിക്കുന്നു. ആ നിലയിൽ ഉദ്യോഗസ്ഥ രംഗത്തായാലും ഭരണരംഗത്തായാലും രാഷ്ട്രീയ രംഗത്തായാലും സത്യസന്ധമായി കാര്യങ്ങൾ ചെയ്യുവാൻ കഴിയുന്ന ഒരു സാഹചര്യം വളർത്തി എടുക്കുന്ന കാര്യത്തിൽ എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം ഉണ്ടായെങ്കിൽ മാത്രമേ വിജയിക്കുവാൻ കഴിയുകയുള്ളൂ. ആരെങ്കിലും ചിലർ മാത്രം വിചാരിച്ചാൽ എല്ലാം നേരെയാകുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുകയില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ശൈലി അനിവാര്യമായ ഒരു സാഹചര്യമാണ്. അത് ഭരണരംഗത്തായാലും, രാഷ്ട്രീയ രംഗത്തായാലും ഉണ്ടാകണം; വിവിധ മേഖലകളിലും ഉണ്ടാകണം. ആ ശൈലിയിലൂടെ മാത്രമേ ഈ സംസ്ഥാനത്തിന് രക്ഷപ്പെടുവാൻ കഴിയുകയുള്ളൂ എന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിലെ പോലീസ് സേന കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇന്ത്യയ്ക്കുതന്നെ അഭിമാനകരമായ പോലീസ് സേനയായിരുന്നു. പിന്നെ എന്താണ് അവിടെ ചീഞ്ഞുനാറുന്നത്. ഈജിയൻ തൊഴുത്തുപോലെയായിക്കഴിഞ്ഞിരിക്കുന്ന പോലീസ് സേനയിൽ സമഗ്രമായ മാററം ഉണ്ടായെങ്കിൽ മാത്രമേ ജനങ്ങൾ പ്രതീക്ഷിക്കുന്ന രീതിയിൽ ക്രമസമാധാനപാലനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. നീതിപൂർവ്വമായ പെരുമാററം പോലീസ് സേനയിൽ നിന്ന് ഉണ്ടാകണം. എല്ലാവരും പരക്കെ പറയുന്നതുപോലെ ഒരു 'പ്രിവിലേജ്ഡ് ക്ലാസ്' ഈ പോലീസ് സേനയിൽ വളർന്നുവരുന്നു. എല്ലാം കാലഘട്ടങ്ങളിലും ചില പ്രത്യേകമായ ആളുകൾ പോലീസ് സേനയുടെ പ്രത്യേക മേഖലകളിൽ ഏററവും പ്രധാനപ്പെട്ട മേഖലകളിൽ സ്ഥിരമായി താവളമടിക്കുന്ന ഒരു സാഹചര്യം ഉണ്ട്. അതുകൊണ്ട് ഈ മേഖലയിൽ സമഗ്രമായ മാററങ്ങളെക്കുറിച്ച് നാം ആലോചിക്കുമ്പോൾ ഇതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിച്ചുകൊണ്ട് ഈ പോലീസ് സേനയെ പൂർണ്ണമായി ഒരുമിച്ചുകൊണ്ടുപോകാൻ കഴിയുന്ന, ജനങ്ങൾക്ക് വിശ്വാസമുണ്ടാകാൻ കഴിയുന്ന നിലയിൽ മാററി എടുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വളരെയേറെ പ്രവർത്തിക്കാൻ കഴിയും എന്ന് ഞാൻ ന്യായമായും പ്രതീക്ഷിക്കുകയാണ്. പോലീസ് സേനയിലെ പ്രശ്നങ്ങളെക്കുറിച്ച് ഈ സഭയുടെ എസ്ററിമേററ്സ് കമ്മിററി വളരെ സജീവമായി ചർച്ച ചെയ്തിട്ടുണ്ട്. പല മേഖലകളിലും പോയി ഇതിന്റെ വളരെ അടിത്തട്ടിൽ നിന്നുവരെ ഇതിനെക്കുറിച്ച് അന്വേഷിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് പോലീസ് സേനയിൽ ഉണ്ടാകേണ്ട മാററങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ, അടിസ്ഥാന രേഖയായി ഉപയോഗപ്പെടുത്തുവാൻ ഗവൺമെന്റിന് കഴിയുമെന്ന് ഞാൻ ന്യായമായും പ്രതീക്ഷിക്കുന്നു. നമ്മുടെ പോലീസ് സേനയെ ജനങ്ങളുടെ വിശ്വാസത്തിന് അനുസൃതമായി നീതിപൂർവ്വമായി കാര്യങ്ങൾ നടത്തുന്ന നിലയിൽ നമുക്ക് പുനഃസംഘടിപ്പിക്കുവാൻ കഴിയുകയാണെങ്കിൽ



LIBRARY ARCHIVES Kerala Legislative Assembly

അത് വലിയൊരു കാര്യമായിരിക്കുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ അഴിമതിയെക്കുറിച്ച് പറഞ്ഞു. ഇതിനെക്കുറിച്ചെല്ലാം അന്വേഷിക്കുവാൻ നിഷ്പക്ഷമായ സംവിധാനം ഉണ്ടാകുന്നില്ല. ആ സംവിധാനം ഉണ്ടാവുക എന്നുള്ളത് വളരെ അനിവാര്യമായ ഒരു കാര്യമാണ്. നമ്മുടെ വിജിലൻസ് സംവിധാനം ഒരിക്കലും പോലീസ് സേനയുമായി ബന്ധപ്പെട്ടു നിൽക്കുന്നത് ഗുണകരമല്ല എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം പോലീസ് സേനയിലുള്ള ആളുകളെക്കുറിച്ചുകൂടി അന്വേഷിക്കേണ്ടി വരുന്ന ഒരു സംവിധാനമെന്ന നിലയിൽ വിജിലൻസ് വിഭാഗത്തെ വേറെ രീതിയിൽ മാറ്റിനിർത്തിക്കൊണ്ട്, വളരെ നിഷ്പക്ഷമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ള ഉദ്യോഗസ്ഥന്മാരെ ആ രംഗത്ത് നിലനിർത്തിക്കൊണ്ട്, അതിനെ ശക്തിപ്പെടുത്തുകയാണെങ്കിൽ ഇന്ന് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പരക്കെ ഉന്നയിക്കപ്പെടുന്ന പല ആക്ഷേപങ്ങൾക്കും പരിഹാരം ഉണ്ടാക്കുവാൻ കഴിയും എന്ന് ഞാൻ ന്യായമായും വിശ്വസിക്കുകയാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഈ മന്ത്രിസഭ പുനസംഘടിപ്പിക്കുന്ന അവസരത്തിൽ ആഭ്യന്തര വകുപ്പ് മറ്റാർക്കു കൊടുത്താലും, വിജിലൻസ് വകുപ്പ് മുഖ്യമന്ത്രിയുടെ കൈയിൽ തന്നെയായിരിക്കണമെന്നല്ലേ അങ്ങ് പറയുന്നതിന്റെ അർത്ഥം?

ശ്രീ. കെ. മുഹമ്മദാലി: ഞാൻ മന്ത്രിസഭയിലെ വകുപ്പുകളെക്കുറിച്ചല്ല പറഞ്ഞത്. നാളെ ഇടതുപക്ഷമുന്നണി അധികാരത്തിൽ വന്നാലും ഉണ്ടാകേണ്ട കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കാരണം ഭരണരംഗത്തുള്ള അഴിമതി മാറ്റണമെന്ന് നമ്മളെല്ലാം പറയുമ്പോൾ നടപടിക്രമങ്ങളെക്കുറിച്ചെല്ലാം ആലോചിക്കേണ്ട ആ സംവിധാനത്തെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷമായി കാര്യങ്ങൾ ചെയ്യുവാൻ കഴിയുന്ന, പുറത്തുനിന്നുമുള്ള സമ്മർദ്ദത്തിന് വിധേയരാകാത്ത ഉദ്യോഗസ്ഥന്മാരെ ആ ചുമതല ഏല്പിച്ചുകൊടുക്കണമെന്ന അഭ്യർത്ഥന മാത്രമാണ് എനിക്കുള്ളത്. ഏതായാലും, ഇത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം പൊതുവായി ചർച്ച ചെയ്യേണ്ടത് ആലോചിക്കേണ്ട കാര്യമാണ്. ഈ സംസ്ഥാനത്തിന്റെ പൊതുവായ താല്പര്യങ്ങൾക്ക് അത് അനിവാര്യമാണ്. എനിക്ക് വളരെ ബഹുമാനമുള്ള ശ്രീ. സി. കെ. ചന്ദ്രപ്പൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ദേശീയ തലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന, രാഷ്ട്രീയ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും ചലനങ്ങളെക്കുറിച്ചും പറയുകയുണ്ടായി. ഒരു ആത്മപരിശോധന എല്ലാവരും നടത്തേണ്ടതാണ്. ഞങ്ങൾ മാത്രമല്ല, അങ്ങുൾപ്പെടെ, ഞങ്ങളുടെ പാർട്ടിയിൽ ഉൾപ്പെടെയുള്ള ആളുകൾ ആ ആത്മപരിശോധനയ്ക്ക് തയ്യാറാകേണ്ടതാണ്. കോൺഗ്രസ് മഹാരാഷ്ട്രയിൽ പരാജയപ്പെട്ടിരിക്കുകയാണ്; മറ്റു പല സംസ്ഥാനങ്ങളിലും പരാജയപ്പെട്ടിരിക്കുകയാണ്. പകരം വരുന്നത് വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളാണ്. കോൺഗ്രസ്സിന് എതിരായി നിങ്ങൾ നടത്തുന്ന പ്രചരണങ്ങൾ, ആക്ഷേപങ്ങൾ അതെല്ലാം അവസാനമായി സഹായകരമായി തീരുന്നത് രാജ്യത്തെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കാണ്. അതിനുദാഹരണമാണ് മഹാരാഷ്ട്രയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് അങ്ങും, അങ്ങയുടെ പാർട്ടിയും മനസ്സിലാക്കണമെന്നു മാത്രമാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാൻ ഉള്ളത്. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. സദാശിവൻ: സർ, വ്യക്തമായ ചിന്താധാരയോ വികസനപരമായ ലക്ഷ്യബോധമോ കാഴ്ചപ്പാടോ ഇല്ലാതെയുള്ള ബഡ്ജററ് അവതരിപ്പിച്ചശേഷം കൊണ്ടുവന്നിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. ശ്രീ. മൻമോഹൻസിംഗിന്റെയും ശ്രീ. നരസിംഹറാവുവിന്റെയും അരുമശിഷ്യൻമാരായ ഇപ്പോഴത്തെ ധനകാര്യ മന്ത്രി ശ്രീ. സി. വി. പത്മരാജനോ മുൻധനകാര്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്കോ ഇതിനപ്പുറമൊന്നും ചെയ്യാനാവുകയില്ല എന്നു വ്യക്തമാണ്. രാജ്യത്തെ ദാരിദ്ര്യത്തിൽനിന്നും സമ്പന്നതയിലേക്ക് നയിക്കാനെന്ന പേരിൽ മൂന്നര വർഷം മുമ്പ് തുടങ്ങിവച്ച ഉദാരവൽക്കരണനയം രക്ഷകന്റെ വേഷമണിഞ്ഞ അന്തകനായി രൂപാന്തരപ്പെട്ടിരിക്കുകയാണ്. രാജ്യത്തോട് പ്രതിബദ്ധതയുള്ള ദേശാഭിമാനികളും പാർട്ടി നേതാക്കളുമൊക്കെത്തന്നെ ഈ നയം തിരുത്തണമെന്നു പറഞ്ഞിട്ട് തെല്ലും വകവയ്ക്കാതെ ഉദാരവൽക്കരണവും ആഗോളവൽക്കരണവും അടിച്ചേല്പിച്ചതിന്റെ സാമ്പത്തികപരമായ ബുദ്ധിമുട്ടാണ് നമ്മുടെ രാജ്യം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഉദാരവൽക്കരണത്തിന്റെ ഫലമായി വിദേശനിക്ഷേപവും അതുപോലെ വ്യവസായവും രാജ്യത്ത് ഒഴുകിയെത്തും എന്ന ശ്രീ. മൻമോഹൻസിംഗിന്റെ ഉഗ്രപ്രഖ്യാപനങ്ങളാണ് രാജ്യത്ത് നടന്നുവന്നത്. വിദേശികൾ ഇവിടെ പാലും തേനും ഒഴുക്കുമെന്നാണ് അദ്ദേഹത്തിന്റെ അനുചരൻമാർ പ്രചരിപ്പിച്ച് നടന്നത്. ഉദാരവൽക്കരണത്തിന്റെ വക്താക്കൾ ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ മൂന്നര വർഷക്കാലം പാലും തേനും ഒഴുക്കാൻ അവർക്കു കഴിഞ്ഞില്ല എന്നുമാത്രമല്ല ഒരു വ്യവസായം പോലും നമ്മുടെ രാജ്യത്തു ആരംഭിക്കാനും കഴിഞ്ഞിട്ടില്ല. ഇവിടെ ഒരു കാര്യം നടന്നു. ചോര നീരാക്കി എല്ലുമുറിയെ പണിയെടുത്ത ഇന്ത്യക്കാരന്റെ കണ്ണീരാണ് ഒഴുകിയത്. ഓരോ ദിവസവും വിശപ്പടക്കാൻ ക്ലേശിക്കുന്ന 90 കോടി ജനങ്ങളെ പിഴിഞ്ഞ പണമുപയോഗിച്ച് ഇവിടെ വിദേശവ്യവസായികൾക്ക് പരവതാനി വിരിച്ച് മധുചഷകം സമ്മാനിക്കുന്ന ധനതത്വശാസ്ത്രമാണ് ശ്രീ. മൻമോഹൻസിംഗ് പുലമ്പുന്നത്. വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് എന്നതുപോലെ ഇന്നു മനുഷ്യജീവിതം ദുസ്സഹമാക്കുന്ന, വിലക്കയററം സൃഷ്ടിച്ച തത്വശാസ്ത്രമാണ് അത്. നാണയപെരുപ്പം സൃഷ്ടിച്ചുകൊണ്ട് രാജ്യത്തിന്റെ സമ്പദ്ഘടനയെ ഉലച്ച ധനതത്വശാസ്ത്രമാണ് ഇവിടെ അടിച്ചേല്പിക്കാൻ ശ്രമിക്കുന്നത്. പൊതുമേഖലാ വ്യവസായത്തിന്റെ അടിത്തറയിളക്കിയ, കാർഷിക മേഖലയുടെ നട്ടെല്ല് ഒടിച്ച ധനതത്വശാസ്ത്രമാണ് അദ്ദേഹം ഇവിടെ നടപ്പാക്കാൻ ശ്രമിക്കുന്നത്. ഇൻഡ്യയിലെ സാമ്പത്തിക ശാസ്ത്രജ്ഞൻമാർ മാത്രമല്ല റിപ്പബ്ലിക്കൻ ദിനത്തിൽ നമ്മുടെ രാഷ്ട്രപതിപോലും പറയുകയുണ്ടായി, സാമ്പത്തിക പരിഷ്ക്കാരം സാധാരണ ജനങ്ങൾക്ക് ഉതകുന്ന തരത്തിലായിരിക്കണം എന്ന്, ജനകീയ താല്പര്യത്തിനു വിരുദ്ധമായി സാമ്പത്തിക പരിഷ്ക്കാരങ്ങൾ അടിച്ചേല്പിച്ചതിന്റെ പ്രത്യാഘാതമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നമുക്ക് കാണാൻ കഴിഞ്ഞത്. ജനവിരുദ്ധ നയത്തോടുള്ള രോഷമാണ്. കർണ്ണാടക തെരഞ്ഞെടുപ്പിലും ആന്ധ്രാ തെരഞ്ഞെടുപ്പിലും സിക്കിമിലെ തെരഞ്ഞെടുപ്പിലും മഹാരാഷ്ട്രയിലെ തെരഞ്ഞെടുപ്പിലും ഇപ്പോൾ ബീഹാറിലെ തെരഞ്ഞെടുപ്പിലും നിങ്ങൾക്ക് നേരിടേണ്ടി വന്നത്. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച കോൺഗ്രസ് (ഐ) മെമ്പർ പറയുകയുണ്ടായി, അതിന്റെ ഉത്തരവാദിത്വം പ്രതിപക്ഷത്തിരിക്കുന്നവർ ഏല്ക്കണമെന്ന്. കർണ്ണാടകയിൽ കോൺഗ്രസ് (ഐ) മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. ആന്ധ്രയിൽ കോൺഗ്രസ് തിരിച്ചുവരാനാവാത്ത നിലയിൽ പരാജയമേററുവാങ്ങിയിരിക്കുകയാണ്. ഉദാരവൽക്കരണവും ആഗോളവൽക്കരണവും അത്രമാത്രം വെറുക്കുന്നു എന്നതിന്റെ വ്യക്ത്

മായിട്ടുള്ള തെളിവാണ് മഹാരാഷ്ട്രയിൽ കണ്ടത്. കോൺഗ്രസ് (ഐ) യുടെ പരാജയം അതാണ് തെളിയിക്കുന്നത്. ഇന്ത്യയിലെ ഏററവും വലിയ വ്യവസായ-വാണിജ്യ നഗരമായിട്ടുള്ള ബോംബെയും മഹാരാഷ്ട്രയും അടക്കിഭരിക്കാൻ ശ്രീ. ജോഷിക്കും അറുപിന്തിരിപ്പൻ വർഗ്ഗീയവാദിയായ ബാൽതാക്കറെയ്ക്കും കഴിഞ്ഞു എന്നത് എന്തുകൊണ്ടെന്ന് കോൺഗ്രസ്(I) മനസ്സിലാക്കണം. പാക്കിസ്ഥാന്റെയും ബംഗ്ലാദേശിന്റെയും പേര് പറഞ്ഞ് മുസ്ലീം സഹോദരൻമാരെ അവിടെ നിന്നും ആട്ടിപ്പായിക്കാൻ ശ്രമിക്കുകയാണ്. എൺപതു ശതമാനത്തോളം ജോലി മഹാരാഷ്ട്രക്കാർക്ക് എന്ന വാദം, മണ്ണിന്റെ മക്കൾവാദം അവിടെ ഉയർത്തുമ്പോൾ തെന്നിന്ത്യക്കാർ ഞെട്ടിവിറക്കുകയാണ്—മഹാരാഷ്ട്രയെ നോക്കി സേട്ടുസാഹിബ്ബിനെപ്പോലെയുള്ള ആളുകൾ ഇവിടെനിന്ന് വിലപിച്ചിട്ട് കാര്യമില്ല. മഹാരാഷ്ട്രയിൽ കോൺഗ്രസ് (ഐ) പരാജയപ്പെട്ട് ബാൽതാക്കറെയുടെ പ്രസ്ഥാനം തിരിച്ചുവന്നതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനാണ്; ഉദാരവൽക്കരണക്കാർക്കാണ്. അതുകൊണ്ട് കോൺഗ്രസ്സിനോട് ആണ് യഥാർത്ഥത്തിൽ നയം തിരുത്താൻ സേട്ട് പറയേണ്ടത്. മഹാരാഷ്ട്രയിൽ ബീഭത്സമായിട്ടുള്ള അന്തരീക്ഷം കണ്ടിട്ട് ശ്രീ. റാവുവും ശ്രീ. മൻമോഹൻസിംഗും അതു കണ്ടു മനസ്സിലാക്കി അവരുടെ നയം തിരുത്താൻ തയ്യാറാകുന്നില്ല. ഇന്ത്യയിൽ ഇടതുപക്ഷ ജനാധിപത്യ പാർട്ടികളും ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ. ശങ്കർദയാൽശർമ്മയും ശ്രീ. അർജ്ജുൻ സിംഗും ഇന്ത്യയിലെ ദേശസ്നേഹികളായ സാമ്പത്തിക തത്വശാസ്ത്രജ്ഞൻമാരും ഒക്കെത്തന്നെ ഈ നയത്തിനെതിരായി സംസാരിച്ചിട്ടും പുനർചിന്തനം നടത്താതെ തെററായ നയം തുടരാൻ അവർ ശ്രമിക്കുകയാണ്. വിലക്കയററം സൃഷ്ടിക്കുന്ന, നാണയപ്പെരുപ്പം സൃഷ്ടിക്കുന്ന രാജ്യത്തെ സമ്പത്ഘടനയെ തകർക്കുന്ന ഇന്ത്യയെ കടക്കെണിയിൽ കുടുക്കുന്ന ശ്രീ. മൻമോഹൻ സിംഗിന്റെ സാമ്പത്തികനയം സർവ്വനാശത്തിലേക്കാണ് നമ്മുടെ നാടിനെ നയിക്കുന്നത്. നാണയപ്പെരുപ്പ നിരക്ക് എട്ടു ശതമാനം കവിയാൻ അനുവദിക്കുകയില്ല എന്നാണ് ധനകാര്യമന്ത്രിയും റിസർവ് ബാങ്കിന്റെ ഗവർണ്ണർ രങ്കരാജനും പ്രഖ്യാപിച്ചത്. എന്നാൽ നാണയപ്പെരുപ്പം ഇന്നു നിയന്ത്രിക്കാനാവാത്ത നിലയിൽ 10.34 ശതമാനമായി ഉയർന്നിരിക്കുന്നു. സാമ്പത്തിക മേഖലയുടെ വളർച്ചയെ ഇത് വളരെ ഗൗരവതരമായി ബാധിച്ചിരിക്കുകയാണ്. നാണയപ്പെരുപ്പം ജൂൺമാസമാകുമ്പോൾ 10.34 ശതമാനമാനത്തിൽ നിന്നും 16 ശതമാനമായി ഉയരുമെന്നും അത് വിലനിലവാരം ഉയർത്താൻ ഇടയാക്കുമെന്നും മുൻധനകാര്യ മന്ത്രാലയത്തിന്റെ മുൻ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ശ്രീ. അശോക്ദേശായി പറയുന്നു. എന്തിനേറെ പറയുന്നു, നമ്മുടെ രാജ്യം ഇന്ന് കടക്കെണിയിലാണ്. ബ്രസീലും മെക്സിക്കോയും കഴിഞ്ഞ് ഐ. എം. എഫ്.-ന്റെയും ലോകബാങ്കിന്റെയും ഊരാക്കുടുക്കിൽപ്പെട്ടു കിടക്കുന്ന മൂന്നാമത്തെ രാജ്യം ഇന്ത്യയാണ്. 1993-ലെ ഇന്ത്യയുടെ കടം ഏതാണ്ട് 2,93,690 കോടി രൂപയാണ്. ഇപ്പോൾ അത് രണ്ട് വർഷം കഴിഞ്ഞപ്പോൾ മൂന്നു ലക്ഷം കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. കടം വാങ്ങിയ പണത്തിന്റെ ഗഡുവും പലിശയും അടയ്ക്കുവാൻ കടം വാങ്ങുന്ന രാജ്യമായി നമ്മുടെ നാട് അധഃപതിച്ചിരിക്കുന്നു. 1992-93-ൽ വാങ്ങിയ 93,744 കോടി രൂപയുടെ ആഭ്യന്തര വായ്പ പൂർണ്ണമായും ഗഡുവും പലിശയും അടച്ചുതീർക്കാൻ വേണ്ടിയാണ് ഉപയോഗിച്ചത്. അത്യന്തം ഗൗരവതരമായ ഒരു തകർച്ചയിലേക്കാണ് നമ്മുടെ രാജ്യം നീങ്ങിക്കൊണ്ടിരിക്കുന്നത്. രാജ്യത്തെ ഇവർ എങ്ങോട്ടാണ് നയിക്കുന്നത്? 1919-ലെ ഖിലാഫത്ത് പ്രസ്ഥാനവും 1930-ലെ ഉപ്പുസത്യാഗ്രഹവും 1942-ലെ ക്വിററ് ഇന്ത്യാ സമരവുമെല്ലാം പറഞ്ഞ് ഊററംകൊണ്ട് സ്വാതന്ത്ര്യത്തെ സംബന്ധിച്ച് സംസാരിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യവും സ്വാശ്രയത്വവും പണയപ്പെടുത്തിക്കൊണ്ട് അമേരിക്കൻ സാമ്പത്തിക സാമ്രാജ്യത്വത്തിനു രാജ്യത്തെ അടിയറ വെച്ചിരിക്കുന്നത്. എന്നിട്ട് ഇവർ പറയുകയാണ്, രാജ്യം കുതിച്ചു ചാട്ടത്തിന്റെ വക്കിലാണെന്ന്. സമസ്ത മേഖലയും മുരടിപ്പിച്ച് തകർച്ചയുണ്ടാക്കിയിരിക്കുന്നതാണോ കുതിച്ചുചാട്ടം? വ്യവസായ മേഖലയെ തകർത്തതാണോ കുതിച്ചുചാട്ടം? കാർഷിക മേഖലയെ മുച്ചൂടും തകർത്തിരിക്കുന്നതാണോ കുതിച്ചുചാട്ടം? വിലക്കയറ്റം സൃഷ്ടിച്ചിരിക്കുന്നതാണോ കുതിച്ചുചാട്ടം? രാജ്യത്തിന്റെ സ്വാതന്ത്ര്യവും സ്വാശ്രയത്വവും അപകടപ്പെടുത്തിയ ശേഷം നമ്മുടെ സംസ്ഥാനം ഒരു കുതിച്ചുചാട്ടത്തിലേക്ക് നീങ്ങുകയാണ് എന്നു പറയാൻ കോൺഗ്രസ്സിന് മാത്രമേ കഴിയൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം വലിയ വികസനമാണ് നടത്തിയിരിക്കുന്നത് എന്നാണ് ഇവർ അവകാശപ്പെടുന്നത്. കേന്ദ്രഭരണത്തിന്റെ സ്വാധീനം അതായത്, രണ്ട് ദേശീയ നേതാക്കൻമാർ നമ്മുടെ സംസ്ഥാനത്തുണ്ട് എന്നതാണ് ഇപ്പോഴത്തെ അവകാശവാദം. അതുമാത്രമല്ല, നേരത്തെ ഇവർ പറഞ്ഞുനടന്നത് അങ്ങ് വടക്ക് ഭരിക്കുന്നവർ നമ്മുടെ സംസ്ഥാനം ഭരിക്കണം; എങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്തിനു കേന്ദ്രത്തിൽ നിന്നു അവകാശപ്പെട്ടതു വാങ്ങാൻ കഴിയുകയുള്ളൂ എന്നാണ്. വടക്കു ഭരിക്കുന്നവർ തന്നെയാണ് നമ്മുടെ സംസ്ഥാനം ഭരിക്കുന്നത് എന്നുമാത്രമല്ല ശ്രീ. എ. കെ. ആന്റണി വടക്ക് ഭരണം മതിയാക്കി ഇപ്പോൾ കേരളത്തിലെത്തിയിട്ടുണ്ട്. ഇവിടെ ഭരിച്ചു കൊണ്ടിരുന്ന ശ്രീ. കെ. കരുണാകരൻ കെട്ടിയെടുത്ത് ഡൽഹിയിലും എത്തിയിട്ടുണ്ട്. പക്ഷെ ഒരു കാര്യമുണ്ട്, നമ്മുടെ സംസ്ഥാനത്തോടുള്ള അവഗണന ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. റെയിൽവേയുടെ പ്രശ്നം എടുത്തു പരിശോധിച്ചാൽ നമുക്ക് അത് കാണാം. ലൈൻ ഇരട്ടിപ്പിക്കലിന്റെയോ പുതിയ വണ്ടിയുടേയോ പ്രശ്നമല്ല ഞാൻ ഇവിടെ ഉന്നയിക്കാൻ ഉദ്ദേശിച്ചത്. റെയിൽവേ വികസനത്തിനു അനുവദിച്ച കോടിക്കണക്കിന് രൂപയാണ് ഇവർ ലാപ്സാക്കിയിരിക്കുന്നത്. 1994-95ൽ അനുവദിച്ച 30.28 കോടി രൂപ ചെലവഴിക്കേണ്ടത് ചെലവഴിക്കാതെ 10 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് 20.28 കോടി രൂപ ഗവൺമെന്റ് ലാപ്സാക്കി. ഇപ്പോൾ 59 കോടി രൂപ അനുവദിച്ചിരിക്കുന്നുവെന്ന് ഗീർവാണ പ്രസംഗവുമായി വന്നിരിക്കുകയാണ്. വ്യവസായ മേഖലയിൽ വ്യാപകമായ മുരടിപ്പാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. നൂറുകണക്കിന് വ്യവസായ ശാലകൾ നമ്മുടെ രാജ്യത്താകമാനം പൂട്ടി കൊണ്ടിരിക്കുകയാണ്. വിത്തിനിട്ടതു ചുട്ടുതിന്നുന്നു എന്നു പറയുന്നതു പോലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതല്ലാതെ ഒററ വ്യവസായ സ്ഥാപനംപോലും തുറക്കാൻ ഇവിടെ കഴിഞ്ഞില്ല. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന്റെ കണക്ക് പരിശോധിച്ചാൽ നമുക്ക് അതു കാണാം. കഴിഞ്ഞ ഇരുപതു വർഷത്തിനുള്ളിൽ കേന്ദ്രനിക്ഷേപം നമ്മുടെ സംസ്ഥാനത്ത് 50 ശതമാനം കുറഞ്ഞിരിക്കുകയാണ്. 1990-91-ൽ 1.5 ശതമാനമായി കുറഞ്ഞു. 1992-93-ൽ 1.32 ശതമാനമായി കുറഞ്ഞു. ഇപ്പോൾ അത് 1.3 ശതമാനമായി വീണ്ടും കുറഞ്ഞിരിക്കുകയാണ്. കേന്ദ്രനിക്ഷേപം വർദ്ധിപ്പിക്കുന്നതിനു തീവ്രശ്രമം നടത്തും എന്നാണ് നമ്മുടെ മുൻമുഖ്യമന്ത്രി പലകുറി ഈ നിയമസഭയിൽ പറഞ്ഞത്. എന്തു തീവ്രശ്രമമാണ് നടത്തിയത് എന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. കേരളത്തിന്റെ വ്യവസായഭാവി ഇരുളടഞ്ഞതാണ്. ഉദാരവൽക്കരണത്തിന്റെ ഭാഗമായി ലൈസൻസിംഗ് സമ്പ്രദായം നിർത്തലാക്കിയതുമൂലം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് വ്യവസായ മേഖലയിൽ പണം മുടക്കാൻ ഇല്ലെന്ന് കേന്ദ്ര ധനകാര്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഡോ. മൻമോഹൻ സിംഗ് വ്യക്തമാക്കുകയുണ്ടായി. വ്യവസായ മേഖലയിലെ തകർച്ച ഒരു പൊട്ടിത്തെറിയുടെ വക്കിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ പെരുകുമ്പോൾ വ്യവസായത്തകർച്ച ഗൗരവതരമായി കാണേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് തൊഴിലില്ലാത്തവരുടെ പടയണിയിൽ 51 ലക്ഷം പേർ കൂടി അണിചേർന്നു എന്നാണ് കേന്ദ്ര തൊഴിൽമന്ത്രാലയം പറയുന്നത്. ഈ പോക്കുപോയാൽ രണ്ടായിരാമാണ്ട് ആകുമ്പോൾ 9 കോടി 40 ലക്ഷം തൊഴിലില്ലാത്ത ആളുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തവരായി വരുമെന്നാണ് കേന്ദ്ര തൊഴിൽമന്ത്രി ശ്രീ. പി. എ. സാംഗ്മ ഇന്ത്യൻ പാർലമെൻറിൽ പറഞ്ഞത്. പത്ത് വർഷത്തിനുള്ളിൽ ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള 47 ശതമാനം പേർക്ക് യോജിച്ച തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നും, സെക്കൻഡറി തലത്തിൽ പരീക്ഷ പാസ്സായ 32 ശതമാനം പേർക്ക് തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുമാണ്. കേരളത്തിലെ സ്ഥിതിയാണെങ്കിൽ അതിനേക്കാൾ ദയനീയമാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ തൊഴിലില്ലായ്മ 29 ലക്ഷമായിരുന്നു. ഇന്ന് അത് 41 ലക്ഷത്തിലേക്ക് ഉയർന്നിരിക്കുന്നു. ഐക്യജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലും പിന്നീട് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷവും 1991-92-ലേയും 1992-93-ലേയും ബഡ്ജററുകളിലും ആയിരം കോടി രൂപയുടെ തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇത് ആസൂത്രണ ബോർഡ് പണിപ്പുരയിൽ തയ്യാറാക്കി വരികയാണ് എന്ന് ഒരവസരത്തിൽ പറഞ്ഞു. പിന്നീട് ആ പദ്ധതി ഉപേക്ഷിച്ചതായി പറഞ്ഞു. അതുകൂടാതെ 1993-94-ലെ ബഡ്ജററിൽ ഇൻഡസ്ട്രിയൽ എംപ്ലോയ്മെൻറ് ജനറേഷൻ ഫണ്ട് 100 കോടി രൂപ സ്വരൂപിക്കുന്നതായി പറഞ്ഞു. അതും ഇപ്പോൾ ഉപേക്ഷിച്ചിരിക്കുന്നതായാണ് അറിയുന്നത്. ഈ ബഡ്ജററിലാണെങ്കിൽ തൊഴിലില്ലായ്മ പരിഹരിക്കാൻ സൃഷ്ടിപരമായിട്ടുള്ള യാതൊരു പദ്ധതിയും നിർദ്ദേശിച്ചിട്ടില്ല.

കാർഷിക മേഖലയുടെ സ്ഥിതി അത്യന്തം ഗുരുതരമാണ്. കേരളത്തിന്റെ കാർഷികവരുമാനത്തിന്റെ 30 ശതമാനം ലഭിക്കുന്ന നാളികേര മേഖലയിലെ കൃഷിക്കാരുടെ നട്ടെല്ല് ഒടിക്കുന്ന രൂപത്തിലേയ്ക്കാണ് കേന്ദ്രഗവൺമെൻറിന്റെ ഇറക്കുമതി നയം എത്തിയിരിക്കുന്നത്. 500 കോടി നാളികേരം ഉല്പാദിപ്പിക്കുന്ന 30 ലക്ഷത്തോളം നാളികേരക്കൃഷിക്കാരുടെ ജീവിതം ഇന്ന് തകിടം മറിഞ്ഞിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറിന്റെ ഇറക്കുമതിനയംമൂലം നാളികേരത്തിന് ഉണ്ടായ വിലയിടിവ് നമ്മുടെ സമ്പദ്ഘടനയെത്തന്നെ തകർത്തിരിക്കുന്നു. നെൽക്കൃഷി മേഖലയിൽ പിടിച്ചുനിൽക്കാൻ നമ്മുടെ കൃഷിക്കാർക്ക് കഴിയുന്നില്ല. അവർ ഇക്കരെ നില്ക്കുമ്പോൾ അക്കരപ്പച്ച തേടുന്നു. 30 ലക്ഷം ടൺ ഭക്ഷ്യധാന്യം ആവശ്യമുള്ള കേരള സംസ്ഥാനത്തിൽ 10 ലക്ഷം ടൺ ഭക്ഷ്യധാന്യം മാത്രമാണ് ഉല്പാദിപ്പിക്കാൻ കഴിയുന്നത്. അത് ഏററിയകുറും കുട്ടനാട്, തൃശ്ശൂർ, പാലക്കാട് കോൾനിലങ്ങളിൽ നിന്നാണ് ഉല്പാദിപ്പിക്കുന്നത് ഇവിടെ ശ്രീ. ജോർജ്ജ് ജെ. മാത്യു പ്രസംഗിച്ചപ്പോൾ പറഞ്ഞു നെൽക്കൃഷി നഷ്ടമാണെങ്കിൽ മററ് മാർഗ്ഗം സ്വീകരിക്കണമെന്ന്. നാളികേരത്തിന് വില കിട്ടുന്നില്ലെങ്കിൽ തെങ്ങെല്ലാം വെട്ടി മാററണമെന്ന് പറഞ്ഞു. വാസ്തവത്തിൽ അദ്ദേഹം എവിടെയാണ് ജീവിക്കുന്നതെന്ന് എനിക്കറിയില്ല. ഭക്ഷ്യക്കമ്മിയുള്ള ഒരു സംസ്ഥാനത്ത് നിന്നുകൊണ്ട് കോൺഗ്രസ് പാർട്ടിയുടെ ഒരു മെമ്പർ പറയുന്ന അഭിപ്രായം ഏറെ വിചിത്രമാണ്. ഭൂവിനിയോഗ നിയമവും മററും നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

അത് നടപ്പിലാക്കാൻ ബാദ്ധ്യതയുള്ള ഭരണപക്ഷത്തെ ഒരു മെമ്പർ പറയുകയാണ് നാളികേരത്തിന് വിലയില്ലെങ്കിൽ തെങ്ങെല്ലാം വെട്ടിമാററിൻ. നെല്ലിന് വിലയില്ലെങ്കിൽ നെൽക്കൃഷിയെല്ലാം ഉപേക്ഷിക്കുക! ഇതാണോ കോൺഗ്രസ്സിന്റെ കാർഷിക നയം? കുട്ടനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ ഇന്ന് ധർമ്മസങ്കടത്തിലാണ്. വളരെയധികം ബുദ്ധിമുട്ടുകളെ നേരിട്ടുകൊണ്ടാണ് കുട്ടനാട്ടിലെ കൃഷിക്കാർ ഇന്ന് കൃഷി ഇറക്കുന്നത്—അത് സാഹസികമായ കൃഷിരീതിയാണ്. ഇവിടെ ഡോ. കെ. സി. ജോസഫ് എനിക്ക് മുമ്പ് ഈ കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. അത്യധികം ത്യാഗപൂർണ്ണമായ രൂപത്തിൽ പ്രകൃതിക്ഷോഭത്തെയൊക്കെ നേരിട്ടുകൊണ്ട് കൃഷി ഇറക്കുന്ന കൃഷിക്കാരുടെ കൃഷി സംരക്ഷിക്കാനാവാത്ത അവസ്ഥയാണ്. അഥവാ സംരക്ഷിച്ചു കഴിഞ്ഞാൽത്തന്നെ അവരുടെ ഉൽപ്പന്നങ്ങൾക്ക് ,വില ഇല്ലാതെ വരുന്ന അവസ്ഥയാണ്. ഇങ്ങനെ വളരെയേറെ ബുദ്ധിമുട്ട് അവിടത്തെ കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുകയാണ്. പുറക്കാട് ആണെങ്കിൽ കരിനിലത്തിൽ ഉപ്പുവെള്ളം കയറി 900 ഏക്കർ നെല്പാടത്തിലെ കൃഷിയാണ് നശിച്ചു പോയിട്ടുള്ളത്. അതിനെല്ലാം തക്കസമയത്ത് സാമ്പത്തിക സഹായം നൽകാൻ യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ആലപ്പുഴ ജില്ലയിലാണെങ്കിൽ ഇറിഗേഷൻ വർക്കുകളുടെ കരാർ ഏറെറടുക്കാൻ കോൺട്രാക്ററർമാർ മുന്നോട്ട് വരുന്നില്ല. അവിടെ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക കൊടുക്കാനുണ്ട്. ഇവിടെ ഇപ്പോൾ മിച്ച ബഡ്ജററ് എന്നോ അതുപോലെതന്നെ കമ്മി ബഡ്ജററ് എന്നൊക്കെയുള്ള അഭിപ്രായങ്ങൾ ഭരണക്കാർത്തന്നെ പറഞ്ഞുകേട്ടു. പക്ഷേ ഒരു കാര്യമുണ്ട്. 500 കോടി രൂപയുടെയെങ്കിലും വരുന്ന കമ്മി ബഡ്ജററാണ് ധനകാര്യ മന്ത്രി ഇവിടെ അവതരിപ്പിച്ചതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 250 കോടി രൂപയാണ് കരാറുകാർക്ക് കൊടുക്കാനുള്ളത്. മാത്രമല്ല; ഗവൺമെന്റ് ജീവനക്കാർക്ക് രണ്ടോ മൂന്നോ ഗഡു ഡി. എ. നൽകാനുണ്ട്. തൊഴിലില്ലായ്മാ വേതനം, കർഷകത്തൊഴിലാളി പെൻഷൻ— എന്തിനേറെ പറയുന്നു, ക്ഷയരോഗികൾക്കുപോലും അവരുടെ പെൻഷൻ കൊടുക്കാത്ത ഒരു ഗവൺമെന്റാണിത്. എന്നിട്ടാണ് പറയുന്നത് മിച്ച ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചതെന്ന്. വൈദ്യുതിയുടേയും അതുപോലെതന്നെ മററ് ഒട്ടനവധി പ്രശ്നങ്ങളേയും നേരിട്ടുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനം പ്രശ്നസങ്കീർണ്ണതയിൽ പെട്ടിരിക്കുന്നു. യാതൊരു സൃഷ്ടിപരമായ കാഴ്ചപ്പാടും ഇല്ലാത്ത ബഡ്ജററും വോട്ട് ഓൺ അക്കൗണ്ടും കൊണ്ടുവന്നിരിക്കുന്ന ഈ ഗവൺമെന്റിന്റെ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. ബി. വിജയകുമാർ: സർ, ഇവിടെ അടുത്ത നാലു മാസത്തേയ്ക്ക് അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. രാഷ്ട്രം ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടിരുന്ന ഒരു കാലഘട്ടത്തിലാണ് കേന്ദ്രത്തിൽ നരസിംഹറാവു ഗവൺമെന്റ് അധികാരത്തിൽ വന്നത്. തകർച്ചയിലേക്ക് വഴുതി വീണ ഇൻഡ്യൻ സമ്പദ്ഘടനയെ ശക്തമായ അടിത്തറയിൽ ഉറപ്പിച്ചു നിർത്തുക എന്ന ശ്രമകരമായ യത്നത്തിലാണ് നരസിംഹറാവു ഗവൺമെന്റ് ആദ്യമായി ഏർപ്പെട്ടത്. ഇവിടെ ബഹുമാനപ്പെട്ട സി. കെ. ചന്ദ്രപ്പനാണെന്നു തോന്നുന്നു, വിദേശനാണയശേഖരം വർദ്ധിപ്പിച്ചതുകൊണ്ട് എന്തുനേട്ടം നമുക്കുണ്ടായി എന്ന് ചോദിക്കുകയുണ്ടായി. 1991 ജൂണിൽ ശ്രീ. പി. വി. നരസിംഹറാവു അധികാരത്തിൽ വരുമ്പോൾ ഒരാഴ്ചക്കാലത്തെ ഇറക്കുമതിക്കുപോലും തികയാതിരുന്ന വിദേശനാണയശേഖരം ഉണ്ടായിരുന്നിടത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്നാണ് 1994-ൽ അറുപത്തിരണ്ടായിരം കോടി രൂപയോളം വിദേശ നാണയ ശേഖരം ഉണ്ടാക്കി എടുത്തത്. ആ സ്ഥിതിഗതി ഇൻഡ്യയിൽ ഉണ്ടാക്കി എടുത്തതാണ് ഏററവും വലിയ നേട്ടമായി ഞങ്ങൾ കാണുന്നത്. വിദേശനാണയ മേഖലയിൽ മാത്രമല്ല, വ്യവസായ മേഖലയിലും ഇൻഡ്യൻ സമ്പദ്ഘടനയെ ഊർജ്ജസ്വലമാക്കാനുള്ള നിരവധി നടപടികൾ കേന്ദ്രഗവൺമെൻറ് സ്വീകരിച്ചു. 1991-ൽ ആരംഭിച്ച പുതിയ വ്യവസായ നയത്തിൻെറ ഫലമായി വ്യാവസായികോൽപ്പാദനം വളരെ വർദ്ധിക്കുകയുണ്ടായി. കേരളത്തിൽ കഴിഞ്ഞ വർഷങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിച്ചതിൻെറ ഫലമായി സാമ്പത്തികനില വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. എന്നാലും കേരളത്തിൻെറ പൊതുവായ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് വസ്തുനിഷ്ടമായി വിശകലനം നടത്തി പരിഹാര മാർഗ്ഗങ്ങൾ തേടേണ്ടതുണ്ട്. സംസ്ഥാനത്തിൻെറ ധനകാര്യ പാളിച്ചകൾ തിരുത്തേണ്ടതുണ്ട്. കേരളത്തിൽ റവന്യൂമിച്ചം വയ്ക്കുന്ന പതിവ് വർഷങ്ങളായി ഇല്ല. മാത്രമല്ല, റവന്യൂ കമ്മി കൂടി വരുന്നു. റവന്യൂ വരുമാന വർദ്ധനത്തോത് കുറയുന്നു. ഇത് ഈ ഒരു വർഷംകൊണ്ട് ഉണ്ടായതല്ല. കേരളത്തിൽ അധികാരം പങ്കുവച്ച ആർക്കും ഇതിൽനിന്ന് ഒഴിഞ്ഞുമാറാൻ ആകില്ല. പദ്ധതി ആസൂത്രണത്തിലും മുൻഗണനാക്രമത്തിലും നയപരിപാടികളിലും പാളിച്ചകൾ ഉണ്ടായി. നമ്മുടെ നയങ്ങളിലും സമീപനങ്ങളിലും മാററം വേണം. എങ്ങനെയെങ്കിലും അവരുടെ കാലാവധി തികയ്ക്കുക എന്ന സമീപനമാണ് അധികാരത്തിൽ മാറിമാറി വന്ന ഗവൺമെൻറുകൾ സ്വീകരിച്ചിട്ടുള്ളത്. ഭാവി കേരളത്തേയും തലമുറയേയും ഓർത്ത് ഈ സമീപനത്തിൽ മാററം വരുത്തണം. ഇന്ന് ഇവിടെ പ്രധാനമായും ഉന്നയിച്ച ഒരു ആക്ഷേപം ബഡ്ജററിൽ ഒന്നുമില്ല എന്നുള്ളതാണ്. ബഡ്ജററിൽ എന്ത് ഉണ്ട്, എന്ത് ഇല്ല എന്നതിനെ വിശകലനം ചെയ്തുകൊണ്ട് പ്രസംഗിക്കുന്നതിനുപകരം പരക്കെ പറയുന്നത് ബഡ്ജററിൽ ഒന്നുമില്ല എന്നാണ്. ബഡ്ജററിൽ എന്താണ് വേണ്ടത്? അടുത്ത ഒരു വർഷത്തേയ്ക്ക് അവതരിപ്പിച്ച ബഡ്ജററിൽ കാർഷിക രംഗത്ത്, വ്യാവസായിക രംഗത്ത്, പരമ്പരാഗത വ്യവസായ രംഗത്ത്, അതുപോലെതന്നെ അടിസ്ഥാന പിന്നോക്കവർഗ്ഗങ്ങൾക്ക് ഇങ്ങനെ എല്ലാ മേഖലകൾക്കുംവേണ്ടി വ്യക്തമായ നയപരിപാടികളും അതിനാവശ്യമായ പണവും നീക്കി വച്ചിട്ടുണ്ട്. ജനങ്ങളുടെമേൽ അധിക നികുതി ചുമത്താതെയാണ് ഈ ബഡ്ജററ് കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിലെ ജനങ്ങളുടെമേൽ ഇനി നികുതി ചുമത്താൻ സാദ്ധ്യമല്ല. ഏററവും കൂടുതൽ നികുതി ജനങ്ങളുടെമേൽ ചുമത്തിക്കഴിഞ്ഞിട്ടുണ്ട്. ഇനി ഒരു മേഖലയിലും പുതുതായി നികുതി ചുമത്താൻ സാദ്ധ്യമല്ല. അതുകൊണ്ട് നമ്മുടെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ഗവൺമെൻറിന് കഴിയുന്ന എല്ലാ മേഖലകളിലും മാററങ്ങൾ വരുത്തുക എന്നു ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ നയ സമീപനങ്ങൾക്കനുസൃതമായിട്ടാണ് ഈ ബഡ്ജററ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജററിൽ ഒന്നുമില്ലെന്ന് പറയാനുള്ള ധാർമ്മികമായ അവകാശം പ്രതിപക്ഷത്തിനുണ്ട്. പക്ഷേ ഈ ബഡ്ജററിൽ ഒന്നുമില്ലെന്നുള്ളത് ആത്മാർത്ഥമായിട്ടാണോ അവർ പറയുന്നതെന്ന് ചോദിക്കാൻ ഈയവസരം ഞാൻ വിനിയോഗിക്കുകയാണ്. കഴിഞ്ഞ നാല് വർഷക്കാലങ്ങളിൽ ബഡ്ജററിൽ പറഞ്ഞ കാര്യങ്ങളൊന്നും നടപ്പാക്കിയില്ല എന്ന ഒരു ആക്ഷേപം ഇവിടെ ചിലർ പറഞ്ഞു. ഇത് ആത്മാർത്ഥമായി പറയാൻ നിങ്ങൾക്ക് കഴിയുമോ? കഴിഞ്ഞ നാല് വർഷക്കാലമായി ഇവിടെ ഇരിക്കുന്ന പ്രതിപക്ഷ നിയമസഭാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ വികസനപ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്ന് ആർക്കെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായി പറയാൻ കഴിയുമോ? അവരുടെ നിയോജമണ്ഡലങ്ങൾക്കുവേണ്ടി ബഡ്ജററിൽ തുക നീക്കിവച്ചിട്ടില്ലെന്ന് പറയാൻ കഴിയുമോ? ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ നോക്കാതെ അടിസ്ഥാനപരമായി സംസ്ഥാനത്ത് വികസനപരമായ മാററങ്ങൾ വരുത്തുന്നതിനുവേണ്ടി ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് കഴിഞ്ഞ കാലങ്ങളിൽ ബഡ്ജററിൽ വൻ തുകകൾ വകയിരുത്തുകയും അതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടി എനിക്ക് ഇവിടെ പറയാൻ കഴിയും.

സർ, കേരളത്തിൽ ഇന്ന് ഒരു ഭരണ മാററമുണ്ടായി. അതിന് ഇടയായ സാഹചര്യം എല്ലാവർക്കുമറിയാ,. ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. ഇവിടെ ശ്രീ. എ. കെ. ആൻറണി അധികാരത്തിൽ വന്നു. കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളിലായി ഇവിടെ നടന്ന ചർച്ചകൾ നാം കേട്ടു. പുറമേ പറയുമ്പോൾ ശ്രീ. ആൻറണിയെ എതിർക്കാത്ത ആളുകൾ പോലും നിയമസഭയ്ക്കകത്തു വരുമ്പോൾ ശ്രീ. ആൻറണിയുടെ ലാളിത്യത്തെക്കുറിച്ചും വിനയത്തെക്കുറിച്ചും ആദർശോന്മുഖമായ രാഷ്ട്രീയത്തെക്കുറിച്ചും പത്രങ്ങളിൽ വരുന്ന വാർത്തകളെ ഇവിടെ നിയമസഭാവേദിയിൽ വിമർശിച്ച് പിച്ചിച്ചീന്താനുള്ള അവസരങ്ങൾ ഉപയോഗിക്കുന്നു. ഇടതുപക്ഷമുന്നണിയുടെ. പ്രത്യേകിച്ച് മാർക്സിസ്ററ് പാർട്ടിയുടെ നയങ്ങളിൽ ഈ വ്യത്യാസം വന്നതിനുള്ള വ്യക്തമായ കാരണം ഞങ്ങൾക്ക് നല്ലവണ്ണമറിയാം. കഴിഞ്ഞ മൂന്നേമുക്കാൽ വർഷക്കാലമായി ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ഈ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല, ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന് പറയാൻ ആർക്കും കഴിയുകയില്ല. പക്ഷേ, കഴിഞ്ഞ ഗവൺമെൻറ് പല നല്ല കാര്യങ്ങളും നടപ്പിലാക്കി എങ്കിലും അത് ജനങ്ങളുടെയിടയിൽ എത്തിക്കാൻ കഴിഞ്ഞില്ല. ഗവൺമെൻറും ജനങ്ങളും തമ്മിലുള്ള അകൽച്ച വർദ്ധിച്ചുകൊണ്ടിരുന്നു. ആ അകൽച്ച വർദ്ധിക്കാതെ നോക്കുന്നതിനും ആ അകൽച്ച കുറച്ച് ജനങ്ങളുമായി ഐക്യജനാധിപത്യ മുന്നണിക്കുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിനും വേണ്ടിയാണ് കോൺഗ്രസ് ഹൈക്കമാൻഡ് ഇടപെട്ട് കേരളത്തിൽ ഗുണകരമായ ഒരു മാററം നടപ്പിലാക്കിയത്. ഇത് ആരേയും ആക്ഷേപിക്കാനോ ഒഴിവാക്കാനോ അല്ല. മറിച്ച് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ്ങളിൽനിന്ന് അകന്ന് പോകുന്നത് ഒഴിവാക്കിക്കൊണ്ട് ജനങ്ങളുമായി കൂടുതൽ അടുക്കുന്നതിനുവേണ്ടി ഭരണപരമായ ഒരു മാററം ഈ സംസ്ഥാനത്ത് ജനനടപ്പിലാക്കി. അത് നടപ്പിലാക്കിയപ്പോൾ മാർക്സിസ്ററ് പാർട്ടി പ്രതീക്ഷിച്ചത് എന്താണ്? ഐക്യജനാധിപത്യ മുന്നണി ജനങ്ങളിൽനിന്ന് അകന്ന് പോകുമ്പോൾ ആ അകൽച്ചയിൽനിന്ന് മുതലെടുത്തുകൊണ്ട് നെഗററീവ് വോട്ടുകൊണ്ട് മാർക്സിസ്ററ് പാർട്ടിക്ക് അടുത്ത തെരഞ്ഞെടുപ്പിൽ കേരളത്തിൽ അധികാരത്തിൽ വരാൻ കഴിയുമെന്ന ഒരു വ്യാമോഹം മാർക്സിസ്ററ് പാർട്ടിക്കും ഇടതുപക്ഷമുന്നണിക്കും ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ ഐക്യജനാധിപത്യമുന്നണിയും കോൺഗ്രസ് ഹൈക്കമാൻഡും കോൺഗ്രസ്സും ഒററക്കെട്ടായി പരിശ്രമിച്ചതിൻെറ ഫലമായി കോൺഗ്രസ്സിലും ഐക്യജനാധിപത്യമുന്നണിയിലും ഗുണകരമായ മാററം വരികയും കേരളത്തിൽ ഭരണമാററം വരികയും ചെയ്യുമ്പോൾ അതിൽ ഏററവും കൂടുതൽ അങ്കലാപ്പ് ഉണ്ടാകുന്നത് ഇടതുപക്ഷമുന്നണിക്കും പ്രത്യേകിച്ച് മാർക്സിസ്ററ് പാർട്ടിക്കുമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ അങ്കലാപ്പിൽനിന്ന് ഉടലെടുത്തതാണ് ശ്രീ. ആൻറണിയെ തേജോവധം ചെയ്യാനുള്ള ശ്രമം ഈ നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചത്. ശ്രീ. വി. കേശവൻ ഇവിടെ ചില പദ്യങ്ങൾ വായിക്കുകയുണ്ടായി. ആ പദ്യങ്ങൾ പത്രങ്ങളിൽ അച്ചടിച്ച് വന്നു. അതിൽ അവസാനം അദ്ദേഹം ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിന്റെ അവസാനം ഒരുവരികൂടി കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു കേന്ദ്രത്തിൽനിന്ന് ആന്റണി വന്നല്ലോ എന്ന്. ആന്റണി വന്നതോടുകൂടി സി.പി.എം.ന്റെ ഖൽബ് ഉടഞ്ഞല്ലോ എന്നും കൂടി ശ്രീ. കേശവൻ പാടണമായിരുന്നു. അദ്ദേഹം അത് പാടിയില്ല. ആന്റണി വന്നപ്പോൾ പുതിയ നിലാവെളിച്ചമുണ്ടായി എന്നൊക്കെ അദ്ദേഹത്തിന്റെ കവിത വന്നു. പക്ഷേ, അതിനോടൊപ്പം സി.പി.എം.ന്റെ ഖൽബ് ഉടഞ്ഞല്ലോ എന്ന ഒരു വരികൂടി അതിനകത്ത് അദ്ദേഹം ചേർക്കണമായിരുന്നു. അതിൽനിന്ന് ഉയർന്നു വരുന്നതാണ് ഇവിടെ വന്ന ആക്ഷേപം. ഇവിടെ വരുന്ന വിമർശനങ്ങൾ അടിസ്ഥാനപരമായ വിമർശനങ്ങളല്ല. ഈ ഗവൺമെന്റ് വിമർശനങ്ങൾ ഉൾക്കൊള്ളണം. വിമർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആ വിമർശനങ്ങളിൽനിന്നുള്ള അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട്, ലാളിത്യത്തിലൂടെ സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചുകൊണ്ട് ജനവികാരം ഉൾക്കൊണ്ടുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ജനവികാരം ഉൾക്കൊള്ളണം. ജനവികാരം ഉൾക്കൊള്ളാതെ ഒരു ഗവൺമെന്റിനും മുന്നോട്ടുപോകാൻ സാദ്ധ്യമല്ല. ഇവിടെ എന്തുകൊണ്ട് ഈ ഭരണപരമായ മാററമുണ്ടായി? 1967-ൽ കേരളത്തിൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ അധികാരത്തിൽ വന്നു. ആ മന്ത്രിസഭ എങ്ങനെ നിലംപതിച്ചു എന്ന് എല്ലാവർക്കുമറിയാം. വിമോചന സമരത്തിലൂടെയല്ല. പ്രതിപക്ഷം അവിശ്വാസപ്രമേയം കൊണ്ടുവന്നതുകൊണ്ടുമല്ല. ജനങ്ങൾക്ക് നൽകിയ മാൻഡേററ് അനുസരിച്ച് അധികാരത്തിൽ വരുന്ന ഒരു ഗവൺമെന്റ് 5 വർഷവും ജനവികാരം ഉൾക്കൊണ്ടുകൊണ്ട് ഭരിച്ച്, 5 വർഷം കഴിയുമ്പോൾ ജനങ്ങളുടെ മുന്നിൽ പുതിയ ജനവിധി തേടി പോകണമെന്നതാണ് ജനാധിപത്യ വ്യവസ്ഥിതി. മാർക്സിസ്ററ് പാർട്ടിക്ക് ഏതെങ്കിലും കാലത്ത് കേരളത്തിൽ അതിന് കഴിഞ്ഞിട്ടുണ്ടോ? 1957-ൽ വന്നു, 1967-ൽ വന്നു, 1980-ൽ വന്നു, 1987-ൽ വന്നു. 1987-ലും ഭൂരിപക്ഷം ഉണ്ടായിട്ടും കാലാവധി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. മറിച്ച് കോൺഗ്രസ്, ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നപ്പോൾ മൂന്നാമത്തെ പ്രാവശ്യമാണ് കേരളത്തിൽ കാലാവധി പൂർത്തിയാക്കുന്നത്. ജനങ്ങൾ ഏൽപ്പിച്ച ഭരണഭാരം, ആ ഉത്തരവാദിത്വം, പൂർണ്ണമായും നിർവഹിക്കണമെന്ന് ഐക്യജനാധിപത്യമുന്നണിക്ക് നിർബന്ധമുള്ളതുകൊണ്ടാണ് ഭരണത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, ഗുണകരമായ മാററം ഭരണത്തിൽ വരുത്തിക്കൊണ്ട്, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകാൻ ശ്രമിക്കുന്നത്. ഇവിടെ താൽക്കാലിക ലാഭത്തിനുവേണ്ടി, വോട്ടുകൾക്കുവേണ്ടി നടപടി സ്വീകരിക്കാൻ നമുക്ക് സാദ്ധ്യമല്ല. ഇവിടെ പറഞ്ഞു, ആന്ധ്രയിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ രാമറാവുവിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നു എന്ന്. എങ്ങനെ വന്നു? ഒരു കിലോഗ്രാം അരി രണ്ട് രൂപയ്ക്ക് കൊടുക്കുമെന്ന് പറഞ്ഞു. കോൺഗ്രസ്സിന് ഇതുപോലെ വോട്ടുകൾക്കുവേണ്ടി, ജനങ്ങളുടെ താൽക്കാലികമായ കയ്യടിക്കുവേണ്ടി നയപരിപാടികൾ സ്വീകരിക്കാൻ സാദ്ധ്യമല്ല. കാരണം, ഇൻഡ്യയിൽ ഭരണസ്ഥിരത കാഴ്ചവയ്ക്കാൻ കോൺഗ്രസ് മാത്രമേയുള്ളൂ. ഗുജറാത്തിൽ, മദ്ധ്യപ്രദേശിൽ, കർണ്ണാടകത്തിൽ, യു. പി.യിൽ, എന്നുവേണ്ട മററ് പല സംസ്ഥാനങ്ങളിലും കോൺഗ്രസ് എവിടെ എന്ന് ഒരു ചോദ്യം ശ്രീ. ചന്ദ്രപ്പൻ ഇന്നും, ഇന്നലെ പ്രതിപക്ഷനേതാവും ഉന്നയിച്ചു, കോൺഗ്രസ് പരാജയപ്പെട്ടപ്പോൾ ആരാണ് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നത്? ബി. ജെ. പി. അധികാരത്തിൽ വന്നു. ഇവിടെ ബി. ജെ.പി. ആണോ കോൺഗ്രസ് ആണോ മാർക്സിസ്റ്റ് പാർട്ടിയുടെ മുഖ്യ ശത്രു എന്ന് വ്യക്തമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ബി.ജെ.പി. അധികാരത്തിൽ വന്നതിൽ ഊററം കൊള്ളാൻ ഇവർക്ക് കഴിയുമോ? ഭാരതത്തിലെ ഇന്നത്തെ അവസ്ഥയ്ക്ക് ഉത്തരവാദി ആരാണ്? സാമ്രാജ്യത്വ ഫാസിസ്ററ് ശക്തികളാണ്. അവർ ആഗ്രഹിക്കുന്നതും കോൺഗ്രസ് അധികാരത്തിൽനിന്ന് പുറത്തുപോകണമെന്നാണ്. ജനക്ഷേമപ്രശ്നങ്ങളിൽ നിന്നും ഭരണകർത്താക്കളുടേയും പ്രതിപക്ഷത്തിൻേറയും സാമാന്യ ജനങ്ങളുടേയും ശ്രദ്ധമാററി വിഭാഗീയ പ്രശ്നങ്ങളിലേക്ക് തിരിച്ചുവിട്ട് പുരോഗതി തടയുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഫാസിസ്ററ് ശക്തികൾ പ്രവർത്തിക്കുന്നത്. ശ്രീ. മൊറാർജി ദേശായിയുടേയും ശ്രീ. വി.പി. സിംഗിൻേറയും ഗവൺമെൻറിൻെറ കാലത്താണ് ഇൻഡ്യയിൽ പുരോഗതി തടയപ്പെട്ടത്. ആ ഗവൺമെൻറുകളുടെ കാലത്തെല്ലാം അതിൻെറ പിന്നിൽ ബി. ജെ. പി.യുടെ ശക്തിയുണ്ടായിരുന്നില്ലേ? അവരുടെ പിന്തുണയോടുകൂടിയുള്ള പ്രവർത്തനഫലമായിട്ടാണ് ഇൻഡ്യയുടെ പുരോഗതി പിന്നോക്കം പോയതും ഇൻഡ്യയിൽ ഫാസിസ്ററ് ശക്തികൾ വളർന്നതും. ഇതിനെ നമുക്ക് കാണാതിരിക്കാൻ കഴിയുമോ? ഇവിടെ ശ്രീ. സദാശിവൻ ബോംബെയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. കോൺഗ്രസ് പരാജയപ്പെട്ട സംസ്ഥാനങ്ങളിലെല്ലാം ഈ സ്ഥിതിയുണ്ടായിട്ടുണ്ട്. അതുകൊണ്ട് കോൺഗ്രസ് പരാജയപ്പെടാതിരിക്കേണ്ടത് ,ഇൻഡ്യയുടെ നിലനില്പിൻെറ ആവശ്യമാണ്; വിവിധ സംസ്ഥാനങ്ങളുടെ നിലനിൽപ്പിൻെറ ആവശ്യമാണ്. അതുകൊണ്ട് നിങ്ങൾ അന്ധമായ കോൺഗ്രസ് വിരോധം ഉപേക്ഷിച്ചുകൊണ്ട് ഇൻഡ്യയുടെ ഇന്നത്തെ സ്ഥിതി കണക്കിലെടുത്തുകൊണ്ടുള്ള ഒരു നയസമീപനം സ്വീകരിക്കണം. പാർലമെൻറിൽ മാർക്സിസ്ററ് പാർട്ടിയുടെ എം. പി. വാണിജ്യ സമിതിയിൽ തെരഞ്ഞെടുക്കപ്പെട്ടു എന്ന് ഇന്നത്തെ പത്രത്തിൽ കണ്ടു. ആരുടെ പിന്തുണയോടുകൂടി വന്നു? മാർക്സിസ്ററ് പാർട്ടി കോൺഗ്രസ് പാർട്ടിയുടെ പിന്തുണയോടുകൂടി വന്നു. കോൺഗ്രസ് പരാജയപ്പെടുന്ന സ്ഥലങ്ങളിൽ മാർക്സിസ്ററ് പാർട്ടിക്ക് വരാൻ കഴിയുമോ? സി.പി. ഐ. ക്ക് വരാൻ കഴിയുമോ? എങ്കിൽ നമുക്ക് മനസ്സിലാക്കാം. പക്ഷേ, അവർക്ക് അധികാരത്തിൽ വരാൻ കഴിയില്ല.

സർ, ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും ഇന്ന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിവച്ചുകൊണ്ടിരിക്കുകയാണ്. സർ ഇവിടെ ഇന്നലെയും മിനിയാന്നും നടന്ന ബഡ്ജററിൻെറ പൊതു ചർച്ചകളിലെല്ലാംതന്നെ പല പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യം പല മെമ്പർമാരും എടുത്തുപറയുകയുണ്ടായി. വ്യവസായ വകുപ്പു മന്ത്രി അതിനുള്ള മറുപടിയും പറഞ്ഞു കഴിഞ്ഞതാണ്. പക്ഷേ ഒരിക്കലും കരകയററാൻ പററില്ല എന്നുപറയുന്ന ചില പൊതുമേഖലാ സ്ഥാപനങ്ങളും ഉണ്ട്. ഇന്നത്തെ ഉദാരവൽക്കരണ നയത്തിൻെറ ഫലമായി സ്വകാര്യ മേഖലക്ക് അവ കൈമാറുന്നതിലും തെററില്ലായെന്നാണ് എൻെറ അഭിപ്രായം. പക്ഷേ അവിടെയാണ് പ്രശ്നം. അത് അവിടത്തെ തൊഴിലാളികൾക്കും ജനങ്ങൾക്കും തെററിദ്ധാരണ ഉണ്ടാകാത്ത രീതിയിൽ തൊഴിലാളി ക്ഷേമം മുൻനിർത്തിയും ജനക്ഷേമം മുൻനിർത്തിയും മാത്രമേ നടപടികൾ സ്വീകരിക്കാവൂ, അതിൽ ഒരു മറ ഉണ്ടാകാൻ പാടില്ല. ചെയ്യുന്ന കാര്യങ്ങൾ സംശുദ്ധമായി ചെയ്യാൻ ഗവൺമെൻറ് ശ്രമിക്കണം. അത് ചെയ്താൽ കേരളത്തിലെ വ്യാവസായികരംഗം ഒരു പുതിയ മുന്നേററ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ എത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതു പോലെതന്നെ സർ പദ്ധതികളുടെ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം. ഇവിടെ പ്രസംഗിച്ച പലരും പറഞ്ഞ ഒരു കാര്യം 50 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതി ആരംഭിക്കുന്നത് പൂർത്തിയാകുമ്പോൾ 150 കോടി രൂപയാകുന്നു എന്നാണ്. എന്നാൽ ഈ പദ്ധതികൾ പൂർത്തിയാക്കുന്നത് പത്തും പന്ത്രണ്ടും വർഷങ്ങൾക്കുശേഷ മാണ്. അങ്ങനെ വർഷങ്ങൾ അനേകം പിന്നിടുന്നതുകൊണ്ട് കോടി ക്കണക്കിനു രൂപയുടെ നഷ്ടം ഓരോ വർഷം കഴിയുന്തോറും ഗവൺമെൻറിനു ണ്ടാകുന്നു. ഇത്തരത്തിൽ പൊതുഖജനാവിൽനിന്നും കോടിക്കണക്കിന് രൂപ ചോർന്നു പോകുന്നു. അതിന് പരിഹാരം കാണുന്നതിനായി ഒരു സമയബന്ധിത പരിപാടി തയ്യാറാക്കണം. ഗവൺമെൻറ് നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ സമയബന്ധിതമായി പൂർത്തിയാക്കുന്ന പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് അവാർഡുകൾ കൊടുക്കുകയും പദ്ധതി യുടെ പണികളിൽ അനാവശ്യമായി കാലതാമസം വരുത്തുന്ന, മനഃപൂർവ്വം കാലതാമസത്തിന് ഇടവരുത്തുന്ന കോൺട്രാക്റ്റർമാരെയും അതിനു കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥൻമാരെയും കർശനമായി ശിക്ഷിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുവാൻ ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വ ത്തിലുള്ള ഗവൺമെൻറ് തയ്യാറാകണം. അതിലേക്ക് ഈ സംസ്ഥാനത്തെ എല്ലാ പൊതുജനങ്ങളുടെയും സഹകരണം ആരായേണ്ടതാണ്. പൊതു ജനങ്ങൾക്കും ഇക്കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിന് കഴിയും. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാരുടെയും കോൺട്രാക്റ്റർ മാരുടെയും പേരിൽ കർശന നടപടി സ്വീകരിച്ച് അതിലൂടെ ഈ സംസ്ഥാനത്തെ പൊതു ഖജനാവിൽനിന്നുള്ള റവന്യൂ ചോർച്ച തടയണ മെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ ടൂറിസം മേഖല യിൽ, ഇവിടെ നടത്തുന്ന നടപടികളെക്കുറിച്ച് പരക്കെ ആക്ഷേപ മുന്നയിച്ചിട്ടുണ്ട്. നമ്മുടെ നിരവധി വിനോദസഞ്ചാരകേന്ദ്രങ്ങൾ സ്വകാര്യ മേഖലക്ക് കൈമാറുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്ര ങ്ങൾ സ്വകാര്യപങ്കാളിത്തത്തോടുകൂടി വരുന്നതിനെ ഞാനെതിർക്കുന്നില്ല. സ്വകാര്യമേഖലയിൽ ടൂറിസ്റ്റ്കേന്ദ്രങ്ങൾ വരണം; ടൂറിസ്റ്റ് മേഖല യിൽ ഹോട്ടലുകൾ വരണം. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഹോട്ടലുകൾ വരണം. പക്ഷേ എല്ലാവർക്കും ത്രീസ്റ്റാർ ഹോട്ടലിലും ഫൈവ് സ്റ്റാർ ഹോട്ടലിലും പോയി താമസിക്കാൻ കഴിഞ്ഞെന്നു വരില്ല. അതുകൊണ്ട് ഗവൺമെൻറുടമയിൽ ഇന്ന് നിലനിൽക്കുന്ന ബോൾഗാട്ടി പാലസ്, അതുപോലെ പൊൻമുടിയിലുള്ള ഹോട്ടൽ അടക്കമുള്ളവ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അതുപോലെ നിലനിർത്തുകയും ആ കേന്ദ്രങ്ങളിൽ സ്വകാര്യപങ്കാളിത്തത്തോടുകൂടിയുള്ള, അല്ലെങ്കിൽ സ്വകാര്യമേഖലക്ക് ആവശ്യമായ ത്രീസ്റ്റാർ ഹോട്ടലുകളും ഫൈവ്സ്റ്റാർ ഹോട്ടലുകളും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അവർക്ക് കൊടുത്തുകൊണ്ട്, അവ നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. അതേസമയം ഗവൺമെൻറ് ഉടമയിലുള്ളവ അതേപടി അവിടെ നിലനിർത്തുകയും വേണമെന്നാണ് എനിക്ക് പറയാനുള്ളത്. അവിടെയും നടക്കുന്ന ഇടപാടു കളിൽ സംശുദ്ധമായി കാര്യങ്ങൾ നടക്കുന്നു എന്ന് ജനങ്ങൾക്ക് ബോദ്ധ്യം വരത്തക്കരീതിയിൽ കാര്യങ്ങൾ നടത്തണമെന്ന് ആവശ്യപ്പെടാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സർ, ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ, ഇവിടെ ശ്രീ. വി. ജെ. തങ്കപ്പൻ അടക്കമുള്ള ആളുകൾ ചില കാര്യങ്ങൾ പറഞ്ഞു. ഇവിടെ വെള്ളമില്ല, വെളിച്ചമില്ല എന്നൊക്കെ അവർ പറയുകയുണ്ടായി. വെള്ളത്തിൻെറ കാര്യം ഇവിടെ പറയുമ്പോൾ തിരുവനന്തപുരം നഗരത്തിൻെറ കാര്യംതന്നെ എടുക്കാം. ഇവിടെ ശുദ്ധ

LIBRARY ARCHIVES Kerala Legislative Assembly

ജലത്തിന് വളരെ ക്ഷാമമുള്ള പ്രദേശമാണ്. ദിവസവും രണ്ടുമൂന്നു മണിക്കൂർ വീതമാണ് ചിലയിടങ്ങളിലൊക്കെ ജല വിതരണമുള്ളത്. ചില സ്ഥലങ്ങളിൽ അർദ്ധരാത്രിക്ക് ഒന്നുരണ്ട് മണിക്കാണ് ശുദ്ധജലം കിട്ടുന്നത്. അതിന്റെ കുററം ശ്രീ. വി. ജെ. തങ്കപ്പൻ പറഞ്ഞതുപോലെ ഈ ഗവൺമെന്റിന്റെമേൽ ചുമത്താൻകഴിയുമോ? തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് 1984-ൽ വാട്ടർ അതോറിററി ഉദ്യോഗസ്ഥൻമാർ ഗവൺമെന്റിന്റെ മുന്നിൽ ഒരു പദ്ധതി സമർപ്പിച്ചതാണ്. പേപ്പാറ ഡാം കമ്മീഷൻ ചെയ്തതിനുശേഷം ആ പദ്ധതി ഏറെറടുത്തു നടത്താൻ ഗവൺമെന്റ് തയ്യാറായില്ല. അതു കഴിഞ്ഞു വന്ന ഗവൺമെന്റ് തിരുവനന്തപുരം ജില്ലയിൽനിന്ന് അവർക്ക് നാല് മന്ത്രിമാരും സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉൾപ്പെടെയുള്ള ആളുകൾ ഉണ്ടായിരുന്നിട്ടും, തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ട യാതൊരു നടപടിയും കൈക്കൊള്ളാൻ ശ്രമിച്ചില്ലായെന്നുള്ളതാണ് വാസ്തവം. അന്ന് തിരുവനന്തപുരം നഗരത്തെക്കുറിച്ച് പറയാൻ; ആരുമുണ്ടായിരുന്നില്ല. തിരുവനന്തപുരം നഗരത്തിനുവേണ്ടിയുള്ള ആ പദ്ധതി ഏറെറടുക്കാൻ തയ്യാറായില്ല. അതിന്റെ ഫലമായി ഇന്ന് ഇവിടെ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുകയാണ്. ഈ ഗവൺമെന്റ് അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിരിക്കുകയാണ്. സർ, ഒരു വർഷത്തിനുള്ളിൽ ആ പദ്ധതി പൂർത്തിയാക്കി തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കഴിയും. ഇന്ന് എന്റെ നിയോജകമണ്ഡലത്തിലെ നാഷണൽ ഹൈവേയിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി പിക്കററിംഗ് നടത്തുകയാണ്. കിള്ളിയാറിലെ മലിനീകരണം തടയണം, കിള്ളിയാറിനെ മലിനീകരണ വിമുക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് അവർ പിക്കററിംഗ് നടത്തികൊണ്ടിരിക്കുന്നത്. ഇപ്പോൾ കിള്ളിയാററിലുള്ള ജലം ഒഴുക്കിവിട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കിള്ളിയാർ ഇങ്ങനെ മലിനപ്പെട്ടു വരാൻ ഉത്തരവാദികളാരാണ് എന്ന് ഓർക്കണം. കിള്ളിയാർ നന്നാക്കേണ്ടത് എല്ലാവരുടേയും ആവശ്യമാണ്. കിള്ളിയാർ മലിനപ്പെടുന്നതിനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്. 1982 മുതൽ 1987 വരെയുണ്ടായിരുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എം. പി. ഗംഗാധരൻ ജലസേചന വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ആ ഡ്രെയിനേജ് (സീവേജ്) ഓഗ്മെന്റേഷൻ സ്കീം തുടങ്ങിയത്; എന്നാൽ അതേത്തുടർന്നുവന്ന ഇടതുപക്ഷമുന്നണി ഗവൺമെന്റ് ആ സ്കീമിന്റെ പൂർത്തീകരണത്തിനായി യാതൊന്നുംതന്നെ ചെയ്തില്ല. 1987-ൽ തന്നെ ആ സ്കീമിന്റെ പ്രവർത്തനം നിലച്ചു. അതുമൂലം 5000 പേർക്ക് വേണ്ടി മഹാരാജാവിന്റെ കാലത്ത് ഉണ്ടാക്കിയ പദ്ധതി ഇന്ന് 5 ലക്ഷത്തിൽപ്പരം ആളുകൾ ഉപയോഗിക്കുന്നു. ഇതിന് ഞങ്ങൾ എന്തു ചെയ്യാനാണ്? ജനാധിപത്യ ഗവൺമെന്റുകൾ മാറിമാറി വന്നിട്ടും അതിനെയൊന്ന് വിപുലീകരിക്കുവാൻ വേണ്ട പദ്ധതി ഉണ്ടാക്കാത്തതിന്റെ ഫലമായി അത് ഇന്ന് കിള്ളിയാററിൽ ഒഴുകിയെത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന്റെ പണി പുനരാരംഭിച്ചു. അതുകൊണ്ട് വെറും രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി നിങ്ങൾ നടത്തുന്ന ഇത്തരം പരിപാടികൾ ദയവായി അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടത്തെ ജനങ്ങളുടെ ക്ഷേമം മാത്രം ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിനെ നിങ്ങൾ കരിതേച്ചു കാണിക്കാൻ ശ്രമിക്കരുത്. നിങ്ങളുടെ ഇത്തരം പരിപാടികൾ, യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ടുള്ള നടപടി നിങ്ങൾ അവസാനിപ്പിക്കണം എന്നു മാത്രമേ ഞാനിപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നുള്ളൂ. ഈ ഗവൺമെൻറിൽ ജനങ്ങൾക്ക് വളരെയേറെ പ്രതീക്ഷകളുണ്ട്. പ്രത്യേകിച്ചും തലസ്ഥാനനഗരിയിലുള്ളവർക്ക് വളരെയേറെ പ്രതീക്ഷകളുണ്ട്. അത്തരം പ്രതീക്ഷകൾ വച്ചു പുലർത്തുന്ന ഈ ഗവൺമെൻറിൻെറ പ്രവർത്തനങ്ങൾ തീർച്ചയായും ജനക്ഷേമകരങ്ങളായിരിക്കും. അതുകൊണ്ട് ജനവികാരം ഉൾക്കൊണ്ടുകൊണ്ട് പുതിയ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറിൻെറമേൽ നിങ്ങൾ എന്തൊക്കെ ആക്ഷേപങ്ങളും പരിഹാസങ്ങളും ചൊരിഞ്ഞാലും കേരളത്തിലെ ആദർശരാഷ്ട്രീയത്തിൻെറ മുഖമുദ്രയായ ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ്, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ്, കഴിഞ്ഞ കാലങ്ങളിൽ എന്തെങ്കിലും പരാജയങ്ങളുണ്ടായിട്ടുണ്ടെങ്കിലും ആ പാളിച്ചകൾ എല്ലാം തിരുത്തിക്കൊണ്ട് കാലാവധി പൂർത്തിയാക്കി കേരളത്തിൽ അടുത്ത തിരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും വീണ്ടും അധികാരത്തിൽ വരുകയും ചെയ്യും. ഇന്നലെ ഇവിടെ ആരോ ചോദിച്ചപ്പോൾ ശ്രീമാൻ ഷൺമുഖദാസ് ഇവിടെ പറഞ്ഞു ശ്രീ. എ. കെ. ആൻറണി ഇന്നുവരെ പ്രതിപക്ഷത്തിരുന്നിട്ടില്ല എന്നാൽ ഇനി അതും വേണ്ടിവരുമെന്ന്, എന്നാൽ ഈ നിയമസഭാവേദിയിൽ നിന്നുകൊണ്ട് ഞാൻ പറയുകയാണ്, ഈ ഗവൺമെൻറ് അടുത്ത ഒരു വർഷംകൂടി കാലാവധി പൂർത്തിയാക്കി പുതിയ തിരഞ്ഞെടുപ്പിലേക്ക് പോവുകയും പൂർവ്വാധികം ശക്തിയോടെ കേരളത്തിൽ വീണ്ടും അധികാരത്തിൽ വരികയും ചെയ്യുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ധാർമ്മികമായ ഉത്തരവാദിത്വത്തോടുകൂടി ഈ ഗവൺമെൻറ് അവതരിപ്പിച്ചിരിക്കുന്ന അടുത്ത നാലുമാസത്തേക്കുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ സർവ്വാത്മനാ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. നമ്മുടെ ബഹുമാന്യനായ സി. കെ. ചന്ദ്രപ്പൻ ഈ സഭയിൽ സംസാരിച്ചപ്പോൾ ഞങ്ങളെല്ലാം അദ്ദേഹത്തിൻെറ പ്രസംഗം വളരെ സന്തോഷപൂർവ്വം കേൾക്കുകയുണ്ടായി. ഈ സഭയിൽ അദ്ദേഹം സംസാരിക്കുമ്പോൾ, പ്രത്യേകിച്ചും ബഡ്ജററ് ചർച്ചയിലൊക്കെ ആണെങ്കിൽ, ഞങ്ങൾ വളരെ ആവേശത്തോടുകൂടി അദ്ദേഹത്തിൻെറ പ്രസംഗം ശ്രദ്ധിക്കാറുണ്ട്. അതുപോലെത്തന്നെ പ്രതിപക്ഷത്തിരിക്കുന്ന വളരെ 'ഷ്റൂഡ്' പൊളിററീഷ്യനായ ശ്രീ. ബേബിജോൺ സംസാരിക്കുമ്പോഴും ഞങ്ങൾ അദ്ദേഹത്തിൻെറ പ്രസംഗം ആദ്യാവസാനം ശ്രദ്ധിക്കാറുണ്ട്. യഥാർത്ഥത്തിൽ ഈ സഭയുടെ ഈ സമ്മേളനം ആരംഭിച്ച് പ്രത്യേകിച്ചും ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ചർച്ചയിൽ ശ്രീ. ബേബിജോണിൻെറയും ശ്രീ. ചന്ദ്രപ്പൻെറയും പ്രസംഗം കേട്ടപ്പോൾ സി. പി. ഐ. ഉം ആർ. എസ്. പി. യും ഇരുട്ടിൽ തപ്പുകയാണോയെന്ന് തോന്നിപ്പോവുകയാണ്. ഞാൻ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് രാഷ്ട്രീയം പറയാൻ ആഗ്രഹിക്കുന്നില്ല. ചന്ദ്രപ്പൻെറ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. Budget with a human face അല്ല; അതിന് ഹ്യൂമൺ ഫെയ്സ് അല്ല അത് പൊയ്മുഖം ആണെന്ന്. human face മാത്രം പോരാ, Budget with a human heart ആയിരിക്കണമെന്ന്. ഞങ്ങളൊക്കെ ഈ നിയമസഭയിൽ വരുന്നതിനു മൻപുള്ള ഒരു മൂന്നുനാലു വർഷത്തിനു മുൻപുള്ള കാലഘട്ടത്തെക്കുറിച്ച് ഓർമ്മിച്ചു പോവുകയാണ്. എന്നാൽ സാക്ഷാൽ ശ്രീ. ചന്ദ്രപ്പൻെറ പാർട്ടി നമ്മുടെ വിശ്വനാഥമേനോൻെറ നേതൃത്വത്തിൽ ഈ സംസ്ഥാനത്ത് നാലോ അഞ്ചോ ബഡ്ജററ് അവതരിപ്പിക്കാൻ ഭാഗ്യമുണ്ടായ ഒരു മുന്നണിയിലെ ഘടകകക്ഷിയായിരുന്നു. അന്ന് അവർ അവതരിപ്പിച്ച ബഡ്ജററ്........ A budget with human face or a

LIBRARY ARCHIVES Kerala Legislative Assembly

budget with human heart— അത് ഏതായാലും ആ 5 ബഡ്ജറ്റുകള വതരിപ്പിച്ചതിനുശേഷം ആ മുന്നണി ഈ സംസ്ഥാനത്തെ ജനകീയ കോടതിക്ക് മുമ്പാകെ വളരെ ദയനീയമായി പരാജയപ്പെട്ടതിന്റെ ചിത്രമാണ് കേരളത്തിലെ ജനങ്ങൾക്ക് കാണാൻ കഴിഞ്ഞത്. ജനങ്ങളുടെ വിശ്വാസ്യതയാണ് ആവശ്യം. ആ വിശ്വാസ്യതയുള്ള ഒരു മുന്നണി ഈ സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് അതാണ്. അതിന് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ആമുഖമായി അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. ഞങ്ങൾ തോററാൽ നിങ്ങളും ഇല്ലന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ജനതാപാർട്ടിയുടെയും ജനതാദളിന്റെയും കാര്യം നമുക്കറിയാം. ദേശീയ രാഷ്ട്രീയത്തിൽ കേരളത്തിലെ പ്രതിപക്ഷ നേതാക്കൻമാരോട് എനിക്ക് പറയാനുള്ളത് ദേശീയ രാഷ്ട്രീയത്തിലും ഞങ്ങളുടെ തോൽവി കണ്ടുകൊണ്ട് നിങ്ങളാരും സന്തോഷിച്ചിട്ട് കാര്യമില്ല എന്നാണ്. ദേശീയ രാഷ്ട്രീയത്തിൽ ഞങ്ങൾക്ക് നിലനിൽപ്പുണ്ടായിരുന്നാൽ മാത്രമേ നിങ്ങൾക്കും നിലനിൽപ്പുള്ളൂ. ഞങ്ങൾക്ക് തോൽവി സംഭവിച്ചാൽ ഞങ്ങളുടെ തോൽവികൊണ്ടുള്ള ആദ്യത്തെ അടി ഏൽക്കാൻ പോകുന്നത് ദേശീയ രാഷ്ട്രീയത്തിലെ കേരളത്തിലെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾക്കാണ്. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും വന്ന എതിർപ്പുകൾ ഉണ്ട്. ആ എതിർപ്പുകളുടെ കൂടെവന്ന നിർദ്ദേശങ്ങൾ എന്തു സന്തോഷത്തോടുകൂടിയാണ് സർ ഇവിടെ നമ്മുടെ ധനകാര്യമന്ത്രി സ്വീകരിച്ചത്? ഇവിടെ വന്ന ഏതാണ്ട് 58.25 കോടി രൂപയുടെ നികുതി നിർദ്ദേശങ്ങൾ അദ്ദേഹം പിൻവലിക്കുകയുമുണ്ടായി. അതിനെ അഭിനന്ദിക്കുകയല്ലേ വേണ്ടത്? അപ്പുറത്തുനിന്നും സംസാരിച്ച ഓരോരുത്തരുടെയും വികാരം, ഈ സഭയിലെ അംഗങ്ങളുടെ വികാരം, ജനങ്ങളുടെ വിഷമതകൾ, എല്ലാം എനിക്കറിയാം. ശ്രീ. ഇ. കെ. നായനാർ ചർച്ച തുടങ്ങിവച്ചപ്പോൾ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇവിടെ സംസാരിച്ചപ്പോൾ, ബഹുമാന്യനായ ധനകാര്യമന്ത്രി ഇന്നലെ ഇവിടെ പിൻവലിച്ച ഓരോ നികുതി നിർദ്ദേശങ്ങളെക്കുറിച്ചും എന്തെല്ലാം ആക്ഷേപങ്ങളാണ് ഈ സഭയിൽ ഉന്നയിച്ചത്? അങ്ങനെ പ്രതിപക്ഷ നേതാക്കൻമാരും എന്തിനേറെ, ഭരണപക്ഷത്തുള്ള നേതാക്കൻമാരും ഉന്നയിച്ച ജനകീയവികാരം ഉൾക്കൊണ്ടുകൊണ്ട് 58 കോടിയോളം രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങൾ പിൻവലിച്ച ധനകാര്യമന്ത്രിയെ നമ്മൾ അഭിനന്ദിക്കുകയല്ലേ വേണ്ടത്? അതല്ലാതെ അദ്ദേഹത്തെ നാറാണത്തു ഭ്രാന്തൻ എന്നാണോ സർ വിളിക്കേണ്ടത്? പ്രതിപക്ഷത്തിന്റെ ആ സമീപനം ശരിയാണോ? മാർക്സിസ്റ്റ് പാർട്ടി അതു പറയും. പക്ഷേ സി. പി. ഐ. ക്ക് അതു പറയാമോ? ആർ. എസ്. പി.ക്കു അതു പറയാമോ? മററുള്ള അവരുടെ കൂടെ നിൽക്കുന്ന പ്രസ്ഥാനങ്ങൾക്ക് പറയാമോ? ഈ ഗവൺമെന്റിന്റെ മുഖമുദ്ര തന്നെ ജനക്ഷേമമാണെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. ജനങ്ങളുടെ അഭിപ്രായം നിയമസഭയുടെ അഭിപ്രായമായി കാണുകയും നിയമസഭയിൽ സാമാജികൻമാർ പറയുന്ന അഭിപ്രായം മുഖവിലയ്ക്കെടുക്കുന്ന രീതിയിലുമായിരിക്കണം ഈ ഗവൺമെന്റ് പ്രവർത്തിക്കേണ്ടത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ ക്രിയാത്മകമായ നിർദ്ദേശങ്ങളും ഈ സഭയുടെ ഏതു ഭാഗത്തുനിന്നും വന്നാലും ആ നിർദ്ദേശങ്ങൾ അംഗീകരിച്ച് മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അങ്ങനെ അത്തരത്തിൽ ഈ ഗവൺമെന്റ് തുടരണ



LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ് എനിക്ക് ഈ സഭയിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ശ്രീ. നായനാരുടെ ഭരണകാലം ഉൾപ്പെടെയുള്ള പത്തു വർഷക്കാലത്തെ നമ്മുടെ സാമ്പത്തികരംഗവുമായി താരതമ്യപ്പെടുത്തിയാൽ നമ്മുടെ സാമ്പത്തികനില ക്രമേണ മെച്ചപ്പെട്ടുവരുന്നതായി കാണാം. നികുതിയേതര വരുമാനം കഴിഞ്ഞ നാല് വർഷക്കാലം കൊണ്ട് ഇരട്ടിയിലധികമാക്കാൻ കഴിഞ്ഞു വെന്നുള്ളത് അഭിമാനിക്കാനുള്ള കാര്യമാണ്. അതുപോലെതന്നെ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അധികനികുതിഭാരം ചുമത്താതെ, അധിക നികുതിഭാരം അടിച്ചേൽപ്പിച്ചു കൊണ്ടല്ലാതെ ഈ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. അങ്ങനെ നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ നമുക്കു കഴിഞ്ഞതോടൊപ്പം തന്നെ സംസ്ഥാനത്തെ നികുതി ചോർച്ച തടഞ്ഞുകൊണ്ട്, നികുതി പിരിവ് കാര്യക്ഷമമാക്കി കൊണ്ട്, നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ നമുക്കു കഴിഞ്ഞു. കർശനമായി ചെലവ് ചുരുക്കൽ നടപടി നടപ്പിലാക്കി. ഇങ്ങനെ രണ്ടുമൂന്നു കാര്യങ്ങളിൽ അടിസ്ഥാനപരമായ സമീപനം കഴിഞ്ഞ നാലു വർഷക്കാലമായി നമ്മുടെ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു എന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ മൂന്നു സമീപനവും നമ്മുടെ സാമ്പത്തികനില മെച്ചപ്പെടുത്താനായി സ്വീകരിച്ചു കൊണ്ട് വിജയകരമായി മുന്നോട്ടു പോകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന നാലു വർഷവും അധിക നികുതികൾ കൊണ്ടു വന്നില്ല. എന്നു മാത്രമല്ല ഉണ്ടായിരുന്ന നികുതി നിരക്കുകൾതന്നെ കുറച്ചു തേയുള്ളൂ. എന്നിട്ടും നൂറുശതമാനം ടാക്സ് കളക്ഷനിൽ വർദ്ധനവു ണ്ടായി. അങ്ങനെ നാലു വർഷം കൊണ്ട് എണ്ണൂററി തൊണ്ണൂറേഴു കോടി രൂപയിൽനിന്നും ആയിരത്തി എണ്ണൂറിൽ ഏറെ കോടി രൂപ, നികുതിഭാരം അടിച്ചേൽപ്പിക്കാതെ, ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അതുകൊണ്ടുതന്നെയാണ് നികുതിയേതര വരുമാനം വർദ്ധി പ്പിക്കാൻ കഴിഞ്ഞത്. വനം, എക്സൈസ്, രജിസ്ട്രേഷൻ ഡിപ്പാർട്ടു മെന്റുകൾ ഈ മേഖലകളിലെ വർദ്ധനവ് കാണിക്കുകയാണ്. ഈ രംഗത്ത് അഭിമാനകരമായ നേട്ടം നമുക്ക് കൈവരിക്കാൻ കഴിഞ്ഞു. എന്നാൽ ചെലവു ചുരുക്കൽ രംഗത്തോ? ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. നാലു വർഷങ്ങൾക്കു മുൻപ് ഈ മൂന്നു മേഖലകളിലും അടിസ്ഥാനപരമായി വരേണ്ട മാററങ്ങളെ സംബന്ധിച്ച് തീരുമാനമെടുത്തു എങ്കിലും ചെലവു ചുരുക്കൽ രംഗത്ത് നമുക്ക് അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആ രംഗത്തു കുറെക്കൂടി ശക്തമായ നടപടി വേണം. എനിക്ക് ചില നിർദ്ദേശങ്ങളുണ്ട്. സർ, അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ അഴിമതിയെക്കുറിച്ച് പറയുന്നുണ്ട്. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. സർ, കഴിഞ്ഞ രണ്ടു മൂന്നു ആഴ്ചകളായി കേരള ത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്കും നേതാ ക്കൻമാർക്കുമെല്ലാം നമ്മുടെ പ്രതിപക്ഷത്തോട് വളരെ ബഹുമാനമാണ്. കാരണം എന്താണെന്ന് എനിക്കറിയില്ല. നമ്മുടെ സംസ്ഥാനത്ത് സർക്കാർ ഉദ്യോഗസ്ഥൻമാരും പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗ സ്ഥൻമാരും പണപ്പിരിവ് നടത്തരുതെന്ന് ഗവൺമെന്റ് കർശനമായി നിർദ്ദേശം നൽകണം. നമുക്ക് ട്രാൻസ്ഫറുകൾക്ക് ഒരു പൊതു മാനദണ്ഡം വേണമെന്ന് നേരത്തെ ശ്രീ. കെ. സി. ജോസഫ് സംസാരി ച്ചപ്പോൾ പറഞ്ഞു. ട്രാൻസ്ഫറുകൾക്ക് പൊതുമാനദണ്ഡം വേണമെന്നു പറയുന്നതോടൊപ്പം തന്നെ ഈ സംസ്ഥാനത്ത് സർക്കാർ ഖജനാവിൽ നിന്നും ശമ്പളം പററുന്ന ഒരൊററ ഉദ്യോഗസ്ഥനും ഒരാവശ്യത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയും നാട്ടുകാരിൽനിന്നോ കോൺട്രാക്ടറിൽ നിന്നോ സമൂഹത്തിൽ നിന്നോ പണം പിരിക്കുന്നതിനുള്ള ഒരവസരവും ഉണ്ടാകരുത് എന്നും നിഷ്ക്കർഷിക്കണം. അങ്ങനെ പണം പിരിക്കുന്ന ഉദ്യോഗസ്ഥനെ കൈയാമം വയ്ക്കുമെന്നു പറയാൻ ഈ സംസ്ഥാന ഗവൺമെന്റിന് കഴിയണം. അതുപോലെ എസ്റ്റിമേറ്റുകൾ എടുത്താൽ അതിന് എസ്. എസ്. കിട്ടി അതിന് ടെൻഡർ എടുത്തിട്ടാണ് നമ്മുടെ വർക്കുകൾ ആരംഭിക്കുന്നത്. അങ്ങനെയാണ് ആ വർക്കുകൾ അവാർഡാകുന്നത്. എന്താണ് ഈ സംസ്ഥാനത്തെ സ്ഥിതി? പല വർക്കുകളും ടെൻഡർ കമ്മിറ്റിക്ക് പോകുകയാണ്. എത്രയാണ്? 10 കോടി രൂപയുടെ വർക്കിന് നൂറു ശതമാനമാണ് നിരക്കു വർദ്ധനവ്. തൊണ്ണൂറഞ്ചു ശതമാനമാണ്. എൺപത്തൊൻപതു ശതമാനമാണ്. ഇങ്ങനെ വരുന്ന ഈ മേഖലയിൽ എന്തെങ്കിലും ഒത്തുകളിയുണ്ടോ എന്ന് ഗവൺമെന്റ് പരിശോധിക്കണം; ഗവൺമെന്റ് അന്വേഷിക്കണം. ഇവിടെ ലാളിത്യം സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ചില കാര്യങ്ങൾ ചൂണ്ടി ക്കാണിച്ചു. ചില പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർ എന്ത് ധൂർത്താണ് കാണിക്കുന്നത്! ഈ സഭയിൽ ഭരണ പ്രതിപക്ഷ കക്ഷിഭേദമെന്യേ ഞങ്ങൾ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന ചില പൊതുമേഖലാ വ്യവസായ സ്ഥാപന ങ്ങളിലെ ഉദ്യോഗസ്ഥൻമാർ നമ്മുടെ തലസ്ഥാന നഗരിയിലോ അ ല്ലെങ്കിൽ കേരളത്തിനുപുറത്തോ പോയാൽ അവരൊക്കെ താമസിക്കുന്നത് പഞ്ച നക്ഷത്ര ഹോട്ടലുകളിലാണ്. അവരുടെ ബില്ലുകൾ എത്രയാണ്? ആ ഉദ്യോഗസ്ഥൻമാർ ലക്ഷക്കണക്കിന് രൂപ ധൂർത്തടിക്കുന്നതു കാണാൻ കഴിയും. ഇതൊക്കെ നമുക്ക് അവസാനിപ്പിക്കാൻ കഴിയണ്ടേ? ഇത് അവസാനിപ്പിക്കാൻ കഴിയണം. ചെലവു ചുരുക്കൽ രംഗത്ത് കർശന മായ നിയന്ത്രണം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലേയും വികസനത്തെ മുന്നിൽ കണ്ടുകൊണ്ട് ആ ലക്ഷ്യം കൈവരിക്കാനായി അവതരിപ്പിക്കപ്പെട്ട ഒരു ബഡ്ജററായി ഞാൻ ഈ ബഡ്ജററിനെ കാണുകയാണ്. നമ്മുടെ വികസനം ത്വരിതപ്പെടുത്താൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് ഗവൺമെന്റിന്റെ സജീവശ്രദ്ധ വരേണ്ടത്. ക്ഷേമപദ്ധതികൾക്ക് അഞ്ചും പത്തും രൂപ കൂട്ടിയതൊക്കെ ശരിതന്നെ. അതുകൊണ്ട് പ്രശ്ന പരിഹാരമായോ? കേരളം പോലെ ഇത്രയും പ്രശ്നസങ്കീർണ്ണമായ ഒരു സംസ്ഥാനത്ത്, ഓരോ വീട്ടിലും എസ്. എസ്. എൽ. സി. മുതൽ എം. എ. വരെ പാസ്സായ, ടെക്നിക്കൽ ക്വാളിഫിക്കേഷനുള്ള യുവതീയുവാക്കളുള്ള ഈ സംസ്ഥാനത്ത്, അഞ്ചോ പത്തോ രൂപ ക്ഷേമപദ്ധതികൾക്ക് കൂട്ടിയതുകൊണ്ടുമാത്രം പ്രശ്ന പരിഹാരമുണ്ടാവുകയില്ല. അതുമനസ്സിലാക്കിക്കൊണ്ട് നമ്മുടെ ധനകാര്യ മന്ത്രി ഗവൺമെന്റിന്റെ സജീവശ്രദ്ധ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുന്നതിന് അനുസൃതമായിട്ടായിരിക്കും സംസ്ഥാനത്തിന്റെ വികസനവും വളർച്ചയുമുണ്ടാകുന്നത്. കൃഷി, വ്യവസായം ഊർജ്ജോൽ പ്പാദനം തുറമുഖവികസനം റോഡ് നിർമ്മാണം ജലസേചനം എന്നീ മർമ്മ പ്രധാനമായ മേഖലകൾക്കാണ് ഈ ബഡ്ജററിൽ കൂടുതൽ തുക നീക്കിവച്ചിട്ടുള്ളത്. അത് ആശ്വാസകരമായ വസ്തുതയാണ്. ദേശീയ സാമ്പത്തിക രംഗത്ത് ഗണ്യമായ വളർച്ച കൈവരിക്കാൻ നമുക്ക് കഴിഞ്ഞി ട്ടുണ്ടെങ്കിലും 1991-92—ലെ സാമ്പത്തിക രംഗത്തുണ്ടായ വളർച്ചാ നിരക്ക് 0.9% എന്നുള്ളത് ഏതാണ്ട് 5.3%ലേക്ക് നമുക്ക് മാററിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വളർച്ചാ നിരക്ക് എട്ടുശതമാനമാക്കി മാററാനുള്ള



LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക നടപടികളുമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞാലേ നമ്മുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും മുന്തിയ പ്രധാന്യം കൊടുക്കേണ്ട മേഖലയിൽ ഈ സാമ്പത്തിക വളർച്ചാ നിരക്ക് കൈവരിക്കുന്നതിനാവശ്യമായ അച്ചടക്കവും ചെലവു ചുരുക്കലും നടപ്പാക്കുന്നതിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു ശീഘ്രഗതിയിലുള്ള പ്രവർത്തനം നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ചുവടു പിടിച്ചുകൊണ്ടുതന്നെയാണ് സംസ്ഥാന ഗവൺമെന്റും സാമ്പത്തിക നയം രൂപീകരിക്കേണ്ടത് ബഹുമാനപ്പെട്ട തങ്കപ്പനുമറിയാം. പശ്ചിമബംഗാളിലും അതുതന്നെയാണ് ചെയ്തിരിക്കുന്നത്. സി. ഐ. ടി. യു. വിന്റെ ഒരു പ്രമേയത്തിനു മറുപടി പറഞ്ഞുകൊണ്ട് ജ്യോതിബാസു പറഞ്ഞത് ബംഗാൾ ഇന്ത്യൻ യൂണിയനിലെ ഒരു സംസ്ഥാനമാണ് എന്നാണ്. ഇന്ത്യാ ഗവൺമെന്റിന്റെ ബഡ്ജറ്റിനും സാമ്പത്തിക നയത്തിനും അനുകൂലമായിട്ടാണ് പശ്ചിമബംഗാളിലും സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക നയം രൂപീകരിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തും അതേ സാമ്പത്തിക നയം രൂപീകരിക്കണമെന്നാണ് എനിക്കും അഭ്യർത്ഥിക്കാനുള്ളത്. യു. ഡി. എഫ്. അധികാരത്തിൽ വരുമ്പോൾ സംസ്ഥാനം ഒരു സാമ്പത്തിക തകർച്ചയെ നേരിടുകയായിരുന്നു. മുൻസർക്കാർ അധികാരം കൈമാറുമ്പോൾ നൂറു കോടി രൂപയോളം ബാദ്ധ്യതയുണ്ടായിരുന്നു. ഈ ഗവൺമെന്റിന് ആ സാമ്പത്തിക ബുദ്ധിമുട്ടുകൾ തരണം ചെയ്യാൻ കഴിഞ്ഞു എന്നുമാത്രമല്ല കുറച്ചുകൂടി മെച്ചപ്പെട്ട ഭരണം കാഴ്ചവയ്ക്കാനും നമ്മുടെ സംസ്ഥാന ഗവൺമെന്റിനു കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിലും നികുതിയേതര വരുമാനത്തിലും ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞ മൂന്നര വർഷത്തിനകം നമുക്ക് സാധിച്ചിട്ടുണ്ട്. നികുതി വരുമാനം 1991-ലെ 1340.34 കോടി രൂപയിൽനിന്നും 1994-95-ൽ 2649.66 കോടി രൂപയായി ഉയർന്നിട്ടുണ്ട്. നികുതിയേതര വരുമാനവും 208 കോടിയിൽനിന്നും 355 കോടിയോളം രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ കളക്ഷന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ശുഷ്കാന്തി കാട്ടിയിരുന്നു എന്നതു വസ്തുതയാണ്. കണക്കുകൾ കാണിക്കുന്നത് നികുതി വരുമാനത്തിന്റെ വർദ്ധനവിന്റെ ഗണ്യമായ പങ്ക് സാധനവില വർദ്ധനവിന്റെ അടിസ്ഥാനത്തിലുള്ളതു കൂടിയാണ് എന്നാണ്; അവിടെ നിന്നുള്ള ആക്ഷേപമാണത്. സർ, കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. യഥാർത്ഥത്തിൽ വിൽപ്പന നികുതിയിൽ നിന്നും ഉപഭോക്താക്കളിൽ നിന്നുമുള്ള നികുതിയാണ് നമുക്ക് ഇവിടെ കിട്ടുന്നത്. അതുകൊണ്ട് ധനകാര്യ മന്ത്രിയോട് പറയാനുള്ളത് ഉപഭോഗ വസ്തുക്കളുടെ വിൽപ്പനവർദ്ധനവിന് (volume of sale) അനുസൃതമായി നമുക്ക് നികുതി ലഭിക്കുന്നില്ല എന്നതാണ്. സംസ്ഥാനത്തെ commodity wise details-ഉം volume of sale-ഉം തിട്ടപ്പെടുത്താതെയുള്ളതാണ് ഇപ്പോഴത്തെ നികുതി പിരിവ് സമ്പ്രദായം. സർ, വിൽപ്പന നികുതി ടാർജറ്റ് നിശ്ചയിക്കുന്നതിൽ കുറെകൂടി യാഥാർത്ഥ്യബോധത്തോടുകൂടിയ സമീപനം ധനകാര്യമന്ത്രിയും ധനകാര്യവകുപ്പും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഫലപ്രദമായ നടപടികൾ കൈക്കൊള്ളണം. വനത്തിൽ നിന്നുള്ള വരുമാനമാണ് നികുതിയേതര വരുമാനത്തിൽ മുഖ്യം. തേക്കുപ്ലാന്റേഷനിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. എല്ലായിടത്തും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ടീക്ക് പ്ലാന്റേഷന്റെ ബോർഡുകൾ കാണാം. പല വ്യവസായങ്ങൾക്കും അസംസ്കൃത വസ്തുക്കൾ വനത്തിൽനിന്നും തോട്ടങ്ങളിൽനിന്നും നൽകുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടു കാരണം വൻതോതിൽ പ്ലാന്റേഷൻ വികസിപ്പിക്കാൻ സർക്കാരിനു കഴിയാത്ത സാഹചര്യത്തിൽ സബ്സിഡിയിനത്തിൽ അസംസ്കൃത വസ്തുക്കൾ നൽകുന്ന സമ്പ്രദായം നിറുത്തലാക്കാൻ ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. കമ്പനികൾക്ക് സ്വന്തമായി തോട്ടങ്ങൾ വച്ചു പിടിപ്പിക്കാനുള്ള ഭൂമി പാട്ടത്തിനു നൽകിയാൽ ഗവൺമെന്റിന് ആ രംഗത്ത് ചെലവു കുറയ്ക്കാൻ കഴിയും. അതുപോലെ തന്നെ വൻവ്യവസായങ്ങൾക്ക് നൽകുന്ന ഈറയുടെ വില മാർക്കറ്റ് വിലയ്ക്ക് തുല്യമായി ഉയർത്താൻ നമുക്കു കഴിയണം. ഈ കാര്യങ്ങളിൽ റിസോഴ്സസ് കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം. വായ്പകളിന്മേൽ സർക്കാരിന് പിരിഞ്ഞു കിട്ടേണ്ട പലിശയാണ് മറ്റൊരു പ്രധാന നികുതിയേതര വരുമാനം. ആയിരത്തി ഒരുന്നൂറു കോടി രൂപയാണ് സർക്കാരിനു വായ്പയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളത്. ഇതിന്റെ പലിശയുടെ ഒരു ശതമാനം മാത്രമാണ് നമുക്ക് പിരിഞ്ഞുകിട്ടുന്നത്. വായ്പയ്ക്കു നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കുമായി തട്ടിച്ചു നോക്കുമ്പോൾ ഇതു തീരെ നിസ്സാരമാണ്. സർക്കാരിനു വായ്പയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക കഴിയുന്നിടത്തോളം പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. പലിശ പിരിഞ്ഞു കിട്ടുന്നതിന്റെ കുറവു കാരണം സംസ്ഥാനം നൽകേണ്ട പലിശ വർദ്ധിക്കുമെന്ന കാര്യം ഗൗരവപൂർവം കണക്കിലെടുത്തുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞു കിട്ടേണ്ട പലിശ തൃപ്തികരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. വിവിധ മേഖലകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസുകളും മറ്റുനിരക്കുകളും കാലോചിതമായി ഉയർത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കണം. ആയിരം കോടിയിലേറെ രൂപ മുതൽ മുടക്കുള്ള നമ്മുടെ ജലസേചന വകുപ്പിൽനിന്നും നമുക്ക് കിട്ടുന്ന പ്രതിഫലം എത്രയാണെന്ന് ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. വിദ്യുച്ഛക്തി വകുപ്പിനെപ്പറ്റിയും കൂടുതൽ പറയുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ തനതു വരുമാനം ഗണ്യമായി വർദ്ധിപ്പിച്ചാൽ മാത്രമേ റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ കഴിയൂ. വർദ്ധിച്ചുവരുന്ന റവന്യൂകമ്മി സംസ്ഥാനത്തിന്റെ സാമ്പത്തിക ശക്തിയെ കാർന്നു തിന്നുകയാണ്. പലിശയിനത്തിൽ തൊള്ളായിരത്തി പതിനൊന്നു കോടി രൂപ പ്രതിവർഷം ചെലവിടേണ്ടി വരുന്നു എന്ന് പറയുമ്പോൾ പ്രശ്നത്തിന്റെ ഗൗരവം എല്ലാവരുടെയും മനസ്സിലാകുമെന്നു ഞാൻ കരുതുകയാണ്. പലിശ നൽകാൻ കടം വാങ്ങേണ്ടിവരുന്ന രീതിയിലുള്ള ഒരു ദൂഷിത വലയത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഇന്ന് എത്തിനിൽക്കുന്നു എന്നുള്ള കാര്യം സംസ്ഥാന ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഉൽപ്പാദന മേഖലയെ അവഗണിച്ചുകൊണ്ട് സേവന മേഖലകളിൽ കൂടുതൽ പണം ചെലവഴിച്ചുകൊണ്ടാണ് സമ്പദ്ഘടനയ്ക്ക് കൂടുതൽ ക്ഷീണം സംഭവിച്ചത്. അത് മാറ്റിയെടുക്കുന്നതിന് ആവശ്യമായ സമീപനം സ്വീകരിച്ചിരിക്കുന്ന ധനകാര്യമന്ത്രിയുടെ ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

ഞാൻ ഒരു നിർദ്ദേശം അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണ്.

3 P.M.] ശ്രീ. വിജയകുമാർ ചൂണ്ടിക്കാണിച്ചത്, ടൂറിസം മേഖലയിൽ ലോകത്തൊരു സ്ഥലത്തും സീ കോസ്റ്റിൽ വന്നിറങ്ങിയാൽ ആ ബീച്ചിൽനിന്ന് ഒന്നര മണിക്കൂർകൊണ്ട് ഹിൽ സ്റ്റേഷനിലെത്താൻ കഴിയുകയില്ലെന്നാണ്. ഒന്നരമണിക്കൂർ കൊണ്ട് ബീച്ചിൽനിന്ന് പൊൻ

LIBRARY ARCHIVES Kerala Legislative Assembly

മുടിയുടെ മനോഹരമായ ഹിൽ സ്റ്റേഷനിലെത്തിച്ചേരാൻ കഴിയും. പൊൻമുടിയെന്നു പറയുന്ന ടൂറിസ്റ്റ് റിസോർട്ട് സ്വകാര്യവൽക്കരിക്കാനുള്ള യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചില്ല. ഇന്ത്യയിലെന്നല്ല, ലോകത്ത് ഒരു സ്ഥലത്തുപോലും ഇല്ലാത്ത ബീച്ചിൽ നിന്ന് ഒന്നര മണിക്കൂർ യാത്രചെയ്താൽ ഒരു ഹിൽ സ്റ്റേഷനിലെത്തുന്ന പൊൻമുടിയെപ്പോലെ ഇത്രയും മനോഹരമായ ടൂറിസ്റ്റ് കേന്ദ്രം യാതൊരു കാരണവശാലും സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടിക്ക് കൂട്ടുനിൽക്കരുത്. അതുപോലെതന്നെ കെ. ടി. ഡി. സി. യാതൊരു മാനദണ്ഡവും സ്വീകരിക്കാതെ എല്ലാ പ്രദേശങ്ങളിലും ബിയർ പാർലർ തുടങ്ങുകയാണ്. നമ്മുടെ സ്കൂൾ കുട്ടികളും കോളേജ് കുട്ടികളും ഒക്കെ ബിയർ പാർലറിൽ കയറി ബിയർ കുടിക്കുന്ന ഒരു സ്ഥിതിയിലേക്ക് ഇത് കാര്യങ്ങൾ കൊണ്ടെത്തിക്കും. അത്യാവശ്യമായ കോസ്മോപ്പോളിററൻ സിററികളിൽ ബിയർ പാർലർ തുടങ്ങുന്നത് നല്ലതാണ്. കൈയും കണക്കുമില്ലാതെ എല്ലാ പ്രദേശങ്ങളിലും ബിയർ പാർലർ തുടങ്ങുന്ന നടപടിയിൽ നിന്നും കെ. ടി. ഡി. സി. യെ പിൻതിരിപ്പിക്കണമെന്നുള്ള ഒരു അപേക്ഷ എനിക്കുണ്ട്. ഞാൻ ഈ ഉപധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി അനുകൂലിക്കുകയാണ്.

**ശ്രീ. കെ. പ്രകാശ് ബാബു:** സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. നമ്മുടെ പൊതു ഖജനാവിൽ നിന്നും ഒരു പൈസപോലും ചെലവഴിക്കുന്നതിന് ഈ സർക്കാരിന് ധാർമ്മികമായി അവകാശമില്ലെന്നാണ് എന്റെ അഭിപ്രായം. ഈ സർക്കാർ അവിഹിതമായും അവിശുദ്ധമായുമുണ്ടായ ഒരു ബന്ധത്തിൽനിന്നും ഉടലെടുത്ത ഒരു പ്രത്യേക ജൻമമാണ്. ഈ സർക്കാരിന് അവർ എന്തെല്ലാം പുതിയ മുഖങ്ങൾ കൊടുത്താലും കഴിഞ്ഞ മൂന്നര വർഷക്കാലമായി നമ്മുടെ സംസ്ഥാനം ഭരിച്ചിരുന്ന സർക്കാരിന്റെ പിൻതുടർച്ചയാണിത്. അതേ പാതയിൽകൂടിതന്നെ പോകുന്ന ഒരു ഗവൺമെന്റാണിത്. അതത് വർഷങ്ങളിൽ ബഡ്ജററിൽ നീക്കിവച്ചിരുന്ന തുക പൂർണ്ണമായും വിനിയോഗിക്കാൻപോലും ഇവർക്ക് കഴിഞ്ഞിട്ടില്ല.

**ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:** സർ, ശ്രീ. കരുണാകരന്റെ ഉടലും ശ്രീ. എ.കെ. ആന്റണിയുടെ തലയും ഉള്ള ഒരു ഗവൺമെന്റാണ് ഇതെന്നാണോ അങ്ങ് പറഞ്ഞുവരുന്നത്?

**ശ്രീ. കെ. പ്രകാശ് ബാബു:** സർ, അതിൽ ഒരു തർക്കവും വേണ്ട. ഈ ബഡ്ജററിൽപോലും അത് നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ ഒരുവർഷക്കാലമായി നമ്മുടെ നിയമസഭാ സമ്മേളനം പിരിഞ്ഞതിനുശേഷം ഈ സംസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം വികസന പ്രവർത്തനങ്ങളൊന്നും നടത്താൻ കഴിയാതെ പോയ ഒരു ഗവൺമെന്റാണിത്. വികസനപ്രവർത്തനങ്ങളോട് മുഖം തിരിച്ചുനിൽക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് കൈക്കൊള്ളുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കൈയിൽ 1994–1995–ലേയും 1995–1996-ലേയും 'ബഡ്ജററ് ഇൻ ബ്രീഫു'ണ്ടെന്ന് ഞാൻ കരുതുന്നു. അതിൽ ഒരു കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. 1993–1994–ലെ റിവൈസ്ഡ് എസ്ററിമേററനുസരിച്ച് 1993–1994–ലെ റവന്യു റെസീപ്ററ് മൂന്നുലക്ഷത്തി തൊണ്ണൂററി അയ്യായിരത്തി ഒരുന്നൂററി മുപ്പത്തിമൂന്നുലക്ഷം രൂപയാണ്. ബഡ്ജററിൽ പറഞ്ഞിരുന്നത്രയും തുക റിസീവുചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞി

ട്ടില്ല. അതിന്റെ ആക്ച്വൽ അക്കൗണ്ട്സ് മുന്നുലക്ഷത്തി തൊണ്ണൂററി രണ്ടായിരത്തി ഇരുന്നൂററിയഞ്ച് ലക്ഷത്തിലാണ് എത്തിയത്. ഈ ബഡ്ജററ് എസ്ററിമേററിൽ പറഞ്ഞിരുന്ന തുക റിസീവുചെയ്യാൻ, റവന്യൂ റെസീപ്ററിൽ വരുത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല. അതിലേറെ കഷ്ടമാണ് റവന്യൂ എക്സ്പെൻഡിച്ചർ. അതുപോലെതന്നെ 1993–1994–ലെ റിവൈസ്ഡ് എസ്ററിമേററ്, അതായത് 1993–1994–ലെ എക്സ്പെൻഡിച്ചർ നാലുലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി എണ്ണൂററിയൊന്നുലക്ഷം രൂപയാണ്. അതിന്റെ ആക്ച്വൽ അക്കൗണ്ട്സ് വന്നിട്ടുണ്ട്. അത് നാലുലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി മുന്നൂററി മുപ്പത്തിയാറ് ലക്ഷമായി കുറഞ്ഞു. കഴിഞ്ഞ വർഷം റവന്യൂ വരുമാനത്തിലും ചെലവിലും കുറവുണ്ടായി. ബഡ്ജററ് എസ്ററിമേററിലേക്ക് പോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വികസന പ്രവർത്തനങ്ങളിൽ പുറംതിരിഞ്ഞുനിൽക്കുന്ന ഒരു ഗവൺമെന്റാണെന്ന് പറയുന്നത് വെറുതെയല്ല. 1993-1994–ൽ ആകെയുള്ള ഡവലപ്മെന്റ് എക്സ്പെൻഡിച്ചറിനെപ്പററി ശ്രീ. ബേബിജോൺ രാവിലെ സൂചിപ്പിച്ചതാണ്. അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഡവലപ്മെന്റ് എക്സ്പെൻഡിച്ചറിനു വേണ്ടിയുള്ള 1993–1994–ലെ ബഡ്ജററ് എസ്ററിമേററ് ആകെ ചെലവിന്റെ, 61.07 ശതമാനമായിരുന്നു. അതിന്റെ ആക്ച്വൽ എക്സ്പെൻഡിച്ചർ വന്നത് 60.23% ആണ്. എന്നുവച്ചാൽ ഡവലപ്മെന്റ് എക്സ്പെൻഡിച്ചർ ഗവൺമെന്റ് ബഡ്ജററിൽ പറഞ്ഞതിൽനിന്നും ഒരു ശതമാനത്തോളം വീണ്ടും കുറഞ്ഞു. 61.07 ശതമാനത്തിൽനിന്നും 60.23 ശതമാനത്തിലെത്തി. എവിടെയാണ് വികസനം നടക്കുന്നത്? വികസനത്തിന്റെ കണക്ക് പറയുമ്പോൾ ഇവിടെ ശ്രീ. വിജയകുമാർ ശ്രീ. കൃഷ്ണൻ കണിയാം പറമ്പിലിനോട് ചോദിക്കുന്നതുകേട്ടു. ഗവൺമെന്റിന്റെ ഡവലപ്മെന്റ് എക്സ്പെൻഡിച്ചർ 61.7 ബഡ്ജററ് എസ്ററിമേററിലുണ്ടായിരുന്നെങ്കിൽ 60.23-ലേക്ക് അത് കുറഞ്ഞു. 1994–1995–ൽ എസ്ററിമേററ് ചെയ്തിരിക്കുന്നത് 61.13% ആണ്. ഡവലപ്മെന്റ് എക്സ്പെൻഡിച്ചർ റിവൈസ് ചെയ്തപ്പോൾ 60.81–ലെത്തി. അവിടേയും ഡവലപ്മെന്റ് എക്സ്പെൻഡിച്ചർ കുറഞ്ഞു. അങ്ങ് തന്ന 'ബഡ്ജററ് ഇൻ ബ്രീഫി'ലുള്ളതാണ്. 1995–1996–ൽ ആ ഡവലപ്മെന്റ് എക്സ്പെൻഡിച്ചർ നിങ്ങൾ എസ്ററിമേററ് ചെയ്തിരിക്കുന്നതേ 60.33% ആണ്. ആകെയുള്ള എക്സ്പെൻഡിച്ചറിന്റെ 60.33 ശതമാനത്തിലേക്ക് ഡവലപ്മെന്റ് എക്സ്പെൻഡിച്ചർ കുറയുന്നു. കഴിഞ്ഞ വർഷം 61–ൽ എസ്ററിമേററ് ചെയ്തത് 60 ആയി കുറഞ്ഞു. ഈ വർഷം എസ്ററിമേററ് ചെയ്യുന്നതേ 60–ലാണ്. എന്നുപറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഡവലപ്മെന്റിനുവേണ്ടി നീക്കിവയ്ക്കാനുദ്ദേശിക്കുന്ന തുക വീണ്ടും കുറയുന്നുവെന്നാണ്. 1991–ൽ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ബഡ്ജററ് അവതരിപ്പിക്കുമ്പോൾ അന്ന് അദ്ദേഹം ബഡ്ജററ് സ്പീച്ചിന്റെ അവസാനം യു. എൻ. ഒ. യുടെ ഒരു പബ്ലിക്കേഷനായ 'റെവഡറിനെ' ക്വോട്ടുചെയ്തിരുന്നു. അതിൽ പറഞ്ഞിരുന്നതെന്താണ്? 'ഇൻഡ്യയിലെ മറേറതൊരു സംസ്ഥാനത്തെ അപേക്ഷിച്ച് കേരളത്തിന്റെ ആരോഗ്യ രംഗവും വിദ്യാഭ്യാസ രംഗവും യുണൈറഡ് നേഷൻസ് വളരെ എടുത്തു പറഞ്ഞിരിക്കുന്നു' എന്ന്. അങ്ങനെ പറഞ്ഞുകൊണ്ടാണ് ക്വോട്ടുചെയ്തിരിക്കുന്നത്. ഇപ്പോൾ എന്താണ് സ്ഥിതി? നമ്മൾ അഭിമാനിക്കുന്ന വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും ഈ സംസ്ഥാനമുണ്ടാക്കിയ നേട്ടത്തിന്, ഇപ്പോൾ അതിലേക്ക് ഈ ഗവൺമെന്റ് കൊടുക്കുന്ന സംഭാവനയും ശ്രദ്ധയും കുറയുന്നു. 1993–1994–ൽ സോഷ്യൽ ആൻറ് ഡവലപ്മെന്റ് സർവ്വീസിന്റെ 44.30% വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുവേണ്ടി നീക്കിവച്ചിരുന്നു. അത് 1994-1995-ൽ 43.80%മായി കുറച്ചു. ഈ ഗവൺമെൻറ് വിദ്യാഭ്യാസ കാര്യത്തിൽ, അതിൻെറ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേക്ക് ബഡ്ജററിൽ വിഹിതം കുറച്ചാണ് വയ്ക്കുന്നത്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും ഈ സംസ്ഥാനമുണ്ടാക്കിയ നേട്ടമാണ് ഇൻഡ്യയിലെ മററേതൊരു സംസ്ഥാനത്തെക്കാളും നമുക്ക് അഭിമാനിക്കാൻ കഴിയുന്നത്. ആ രംഗത്തേക്ക് ഈ ഗവൺമെൻറ് നൽകുന്ന സംഭാവന ഓരോ വർഷം കഴിയുംതോറും കുറഞ്ഞുകുറഞ്ഞുവരുന്നു. നമ്മുടെ എക്കോണമിയിലെ ഏററവും വലിയ സെക്ടർ ഏതാണ്? അഗ്രികൾച്ചർ ആൻറ് അലൈഡ് സെക്ടറാണ്. 1992-1993-ൽ ശ്രീ. ഉമ്മൻചാണ്ടി അവതരിപ്പിച്ച ബഡ്ജററിൽ 17.73% അഗ്രിക്കൾച്ചർ ആൻറ് അലൈഡ് സെക്ടറിനുവേണ്ടി നീക്കിവച്ചിരുന്നു. നമ്മുടെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ഈ ഗവൺമെൻറ് കഴിഞ്ഞ വർഷങ്ങളിൽ അതിൽ പരാജയമായിരുന്നുവെന്ന് ഈ 'ബഡ്ജററ് ഇൻ ബ്രീഫ്' വ്യക്തമാക്കുന്നു. 1992-1993-ൽ 17.73% അഗ്രിക്കൾച്ചർ ആൻറ് അലൈഡ് സെക്ടറിനുവേണ്ടി നീക്കിവച്ചിരുന്നുവെങ്കിൽ 1993-1994-ൽ അത് 11.15% മായി കുറഞ്ഞു.

സർ, 1994-1995-ൽ അത് വീണ്ടും 11.27%ആയി. ഇപ്പോൾ ശ്രീ. സി. വി. പത്മരാജൻ അവതരിപ്പിച്ച ബഡ്ജററിൽ 1995-1996-ൽ അഗ്രിക്കൾച്ചർ ആൻറ് അലൈഡ് സെക്ടറിന് നീക്കിവച്ചിരിക്കുന്നത് 10.77% ആണ്. ഇവിടെ പല സുഹൃത്തുക്കളും അഗ്രിക്കൾച്ചറിൻെറ കാര്യത്തിൽ ഈ ഗവൺമെൻറ് വളരെയധികം ശ്രദ്ധ ചെലുത്തി, കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തി, രാജ്യത്തിൻെറ ഉൽപ്പാദനം വർദ്ധിപ്പിച്ചു എന്നൊക്കെ പറയുമ്പോൾ അഗ്രികൾച്ചർ ആൻറ് അലൈഡ് സെക്ടറിൽ ഈ ബഡ്ജററിൽ നീക്കിവച്ചിരിക്കുന്നത് 10.77% ആയിട്ട് കുറച്ചിരിക്കുകയാണ്. ഏററവും കൂടുതൽ തൊഴിൽ നൽകാൻ കഴിയുന്ന ഒരു വലിയ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷനുണ്ടാക്കി സംസ്ഥാനത്ത് വ്യവസായം വളർത്താൻ തീരുമാനിച്ചപ്പോൾ 1994-1995-ൽ ഇൻഡസ്ട്രീസിനുവേണ്ടി നീക്കിവച്ചത് 4.6% ആയിരുന്നുവെങ്കിൽ 1995-1996-ൽ അത് 3.97 ശതമാനമായി കുറച്ചിരിക്കുന്നു. കൃഷിയുടെ കാര്യത്തിലും വ്യവസായത്തിൻെറ കാര്യത്തിലുമൊക്കെ കുറവാണ് വരുത്തിയിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട സി. വി. പത്മരാജൻ ബഡ്ജററ് അവതരിപ്പിക്കുമ്പോൾ മിച്ചമായിരുന്നത് 58 കോടിയുടെ ഇളവുകൾ കൂടി പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾ കമ്മിയിലേക്ക് മൂക്കുകുത്തി. ഇനിയും ഇപ്പോൾ ഈ വിഹിതം കുറച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിൽ നിന്നു പിൻതിരിയുന്ന ഒരു സമീപനം ഗവൺമെൻറ് എടുക്കേണ്ടിവരും. പരസ്പരമുള്ള വിഴുപ്പലക്കലിൻേറയും തൊഴുത്തിൽക്കുത്തിൻേറയും കഥകൾ പറഞ്ഞുകൊണ്ടിരിക്കാനല്ലാതെ സംസ്ഥാനത്തിൻെറ ഭരണം, അതിൻെറ വികസനപ്രവർത്തനങ്ങൾ എന്നിവ ചിട്ടയായികൊണ്ടുപോകാൻ ഈ ഗവൺമെൻറിന് കഴിയുന്നില്ല. കഴിഞ്ഞ വർഷങ്ങളിലെ അനുഭവം അതാണ്. ആ ഗവൺമെൻറിൻെറ പിൻതുടർച്ചയാണ് ഇവർ എന്നുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. ജനങ്ങളുടെ ക്ഷേമത്തിലും ജനങ്ങളുടെ താൽപര്യങ്ങളിലും ശ്രദ്ധിക്കാൻ ഇവർക്ക് കഴിയുന്നില്ല എന്നുള്ളതുകൊണ്ടാണ് ആ ജനദ്രോഹ നടപടികളുമായി മാത്രം, അഴിമതിയിൽ മുങ്ങിക്കുളിച്ച ആ ഗവൺമെൻറിൻെറ പിൻതുടർച്ചയായി ഇവർ പോകുന്നത്. ഞാനൊരു കാര്യം പറയട്ടെ. ക്രിസ്തുദേവൻ 'പാപം ചെയ്യാത്തവർ കല്ലെറിയട്ടെ', എന്നു പറഞ്ഞതുപോലെ ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി, അന്ന്

നേതൃമാറ്റം ആവശ്യപ്പെട്ടപ്പോഴും, പ്രതിച്ഛായ മാറണമെന്നാവശ്യപ്പെട്ട പ്പോഴും 'പാപം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന ഒരു വാക്ക് ഉച്ചരിച്ചി രുന്നെങ്കിൽ ഘടകകക്ഷികളിൽ ഒരാൾപോലും അന്നത്തെ മുഖ്യമന്ത്രിയെ എറിയാൻ കാണുകയില്ലായിരുന്നു എന്നുള്ളത് ഇപ്പോഴെങ്കിലും ശ്രീ. എ. കെ. ആന്റണി ഓർമ്മിക്കുന്നതു നന്ന് എന്നു മാത്രമേ ഞാൻ പറയു ന്നുള്ളൂ. മഞ്ഞുകട്ടപോലെ മരവിച്ച മനഃസാക്ഷിയുള്ള കുറച്ചാളുകളുണ്ട്, അതാണ് ഞാൻ പറഞ്ഞത്. അതിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന് പറഞ്ഞിരുന്നുവെങ്കിൽ ഒരാൾ പോലും ബാക്കിയില്ല എന്നുള്ളത് ഇനിയുള്ള പ്രവർത്തനങ്ങളിലെങ്കിലും പ്രിയപ്പെട്ട മുഖ്യമന്ത്രി ഓർക്കുന്നത് നന്നായിരിക്കും. 'ബഡ്ജററ് ഇൻ ബ്രീഫി'ൽ സ്റേററ് പ്ലാനിന്റെ ഔട്ട്ലേ യെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെൻറിൽ പങ്കാളികൂടിയായിരുന്നതുകൊണ്ട് അങ്ങയുടെ ശ്രദ്ധ യിൽ ഞാനത് പെടുത്തുകയാണ്. സ്റേററ് പ്ലാൻ ഔട്ട്ലേയിൽ ഈ വർഷം നമുക്ക് 1,550 കോടി രൂപയാണ് കിട്ടിയത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 230 കോടി രൂപ കൂടുതലാണ്. നല്ല കാര്യം തന്നെ. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 'ബഡ്ജററ് ഇൻ ബ്രീഫി'ലെ സ്റേററ് പ്ലാൻ ഔട്ട്ലേയിൽ അഗ്രികൾച്ചർ ആൻറ് അലൈഡ് സെക്ടർ എന്നു പറയുന്ന ഏററവും വലിയ സെക്ടറിൽ 1994–1995-ൽ 20.58 ശതമാനം വിഹിതമുണ്ടായിരുന്നു. 1995–1996-ൽ 17.50 ശതമാനമായി കുറ ഞ്ഞിരിക്കുന്നു. സ്റേററ് പ്ലാൻ അലോക്കേഷനിൽ 20.58 ശതമാനത്തിൽ നിന്ന് 17.50 ശതമാനമായി ഈ വർഷം കുറഞ്ഞു. ഇൻഡസ്ട്രീസിൽ 1994–1995-ൽ 13.21 ശതമാനമായിരുന്നുവെങ്കിൽ ഈ വർഷം 12.59 ശതമാന മായി കുറഞ്ഞിരിക്കുന്നു. ട്രാൻസ്പോർട്ട് ആൻറ് കമ്യൂണിക്കേഷന് സ്റേററ് പ്ലാനിൽ 1994–1995-ൽ 9.22 ശതമാനമായിരുന്നുവെങ്കിൽ 1995–1996-ൽ 7.83 ശതമാനമായി കുറഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാന ത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് നമ്മുടെ പ്ലാൻ അലോക്കേ ഷനിൽ, ഇപ്പോൾ ഐ.ഡി.ബി.ഐ., ഐ.എഫ്.സി. തുടങ്ങിയിട്ടുള്ള ആൾ ഇൻഡ്യാ ഫൈനാൻസിംഗ് ഇൻസ്ററിററ്യൂഷൻസ് നൽകുന്ന സംഭാവന യിൽ കേരളത്തിന് പുറകിൽ ഒരു സംസ്ഥാനം മാത്രമേയുള്ളൂ. ബഹു മാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം, 'ആസ്സാം'. ബാക്കി ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളും കേരളത്തിന് മുൻപിലാണ്. നമുക്ക് 2.25 ശതമാനം അല്ലേയുള്ളു? ബാക്കി മുഴുവൻ സംസ്ഥാനങ്ങളും കേരളത്തേക്കാൾ മുമ്പി ലാണ്. ഞാനിത് പറഞ്ഞത് ഈ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കാൻ, ഈ സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമപ്രവർത്തനം നടത്താൻ ഗവൺമെൻറിന് കഴിയുന്നില്ല എന്നു കാണിക്കാൻ മാത്രമല്ല വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെ വൈകൃതമായ ഒരു സമീപനമാണ് ഈ ഗവൺമെൻറ് കൈക്കൊള്ളുന്നത് എന്നുള്ളത് ബഡ്ജററിലെ കണക്കുകൾ തന്നെ വ്യക്തമാക്കുന്നു എന്നും വ്യക്തമാക്കാൻ കൂടിയാണ്. ഞാനൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കശുവണ്ടി തൊഴിലാളി കളുടെ കാര്യം. കൊല്ലം ജില്ലയിലെ ആയിരക്കണക്കിന് കശുവണ്ടി ത്തൊഴിലാളികൾ പട്ടിണിയിലേക്ക് പോകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ ലളിതജീവിതവും അങ്ങയുടെ ഭക്ഷണ രീതിയുമൊക്കെ ഈ സംസ്ഥാനത്തിന് മാതൃകയാകണമെന്ന് അങ്ങും അങ്ങയുടെ കൂടെ നിൽ ക്കുന്നവരും ആഗ്രഹിക്കുമ്പോൾ അങ്ങ് എവിടെ നിന്ന് ഭക്ഷണം കഴിച്ചു എന്നറിയേണ്ട; പക്ഷേ ആ കശുവണ്ടിത്തൊഴിലാളികൾക്ക് ഒരു നേരത്തെ ആഹാരം എല്ലാ ദിവസവും ലഭിക്കുന്നതിനുവേണ്ടി, അവർക്ക് ജോലി കൊടുക്കാൻ അങ്ങയുടെ ഗവൺമെൻറ് എന്ത് ചെയ്യുന്നു എന്നുള്ളതാണ് ഞങ്ങൾക്കറിയേണ്ടത്. അതിൽ ശക്തമായ തീരുമാനമെടുക്കാൻ ഇൻഡസ്

ട്രീസ് വകുപ്പിനേയും കാഷ്യൂ കോർപ്പറേഷനേയും ആ ഫാക്ടറികളേയും കൊണ്ടു പോകാൻ എന്തു ചെയ്യുന്നു എന്നുള്ളത് അറിയാൻ ഞങ്ങൾക്ക് ആകാംക്ഷയും ഉത്കണ്ഠയുമുണ്ട്. അങ്ങ് അതിലേക്ക് ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. എം. ഹസ്സൻ)

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. പ്രതിപക്ഷം ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കൃഷി, വ്യവസായം, വിദ്യുച്ഛക്തി, ജലസേചനം എന്നീ മേഖലകളിൽ പ്രത്യേകമായ പരിഗണന നൽകി പ്രത്യുൽപ്പാദനപരമായി കേരളത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നാലു മാസത്തെ ചെലവിനുള്ള പണം ചോദിക്കുമ്പോൾ പ്രതിപക്ഷം എഴുന്നേററു നിന്ന് 'എതിർക്കുന്നു' എന്നു പറയുന്നതിന്റെ ഔചിത്യം എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. എന്തിനാണ് നിങ്ങൾ എതിർക്കുന്നത്? കേരളത്തിലെ നെൽക്കൃഷിക്കാർക്ക് വിദ്യുച്ഛക്തി ചാർജ്ജ് ഒഴിവാക്കി; അതിനെ നിങ്ങൾ എതിർക്കുന്നുണ്ടോ? അതുപോലെതന്നെ നെൽക്കൃഷി വികസനത്തിന് 36 കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി നാലു മാസം ചെലവഴിക്കാനുള്ള പണം വേണം. നിങ്ങൾ അതിനെ എതിർക്കുന്നുണ്ടോ? സുഗന്ധവിള വികസനത്തിന് 16 കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചു; അതിനെ നിങ്ങൾ എതിർക്കാൻ തീരുമാനിച്ചോ? അതുപോലെതന്നെ 215 കോടി രൂപയുടെ നാളികേര വികസന പദ്ധതി തയ്യാറാക്കി. ഇതിനെ നിങ്ങൾ എതിർക്കുന്നുണ്ടോ? ഈ വർഷവും ആ പദ്ധതി തുടരാൻ പോവുകയാണ്. 80 കോടി രൂപ ചെലവ് വരുന്ന നാളികേര വികസന പദ്ധതിയേയും നിങ്ങൾ എതിർക്കാൻ പോവുകയാണോ? 1995-96-ൽ സംയോജിത തോട്ടവിള വികസനത്തിന് സംസ്ഥാന സർക്കാരിന്റെ വിഹിതം 37 കോടി രൂപയാണ്. ഇതിനെ നിങ്ങൾ എതിർക്കുകയാണോ? 50% സബ്സിഡി നൽകി ട്രാക്ടർ, ടില്ലർ, നെല്ലുമെതി യന്ത്രം എന്നിവയൊക്കെ കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിനെ നിങ്ങൾ എതിർക്കുന്നുണ്ടോ? 1995-96-ൽ 17,000 പുതിയ ചെറുകിട വ്യവസായ യൂണിററുകളാണ് തുടങ്ങുന്നത്. അതിന് 24 കോടി രൂപ നീക്കിവച്ചിരിക്കുന്നു. അതിനെയാണോ നിങ്ങൾ എതിർക്കുന്നത്? എല്ലാ ജില്ലകളിലും വ്യവസായ പാർക്കിന് 40 കോടി രൂപ നീക്കിവച്ചിരിക്കുന്നു. അതിനെയാണോ നിങ്ങൾ എതിർക്കുന്നത്? ഈ ഗവൺമെന്റ് പൊതുമേഖലയ്ക്ക് എതിരാണെന്നല്ലേ നിങ്ങളുടെ ആക്ഷേപം? ആ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് 34 കോടി രൂപ വകയിരുത്തിയിരിക്കുന്നു. അതിനെ നിങ്ങൾ എതിർക്കുകയാണോ? നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? ഈ കൊല്ലത്തെ വാർഷിക പദ്ധതിയിൽ 459 കോടി രൂപ വൈദ്യുത ഉൽപ്പാദന മേഖലയ്ക്ക് മാററിവച്ചിട്ടുണ്ട്. ഇത് മൊത്തം പദ്ധതി അടങ്കലിന്റെ 30% ആണ്. അതിന്റെ ഫലമായി കേരളത്തിനുണ്ടാകുന്ന പുരോഗതിയെ നിങ്ങൾ എതിർക്കുകയാണോ? എന്തു പറയുമ്പോഴും 'എതിർക്കുന്നു', 'എതിർക്കുന്നു' എന്ന് നിങ്ങൾ പറയും. ഈ സംസ്ഥാനത്തിന്റെ മൊത്തം വികസനം ലക്ഷ്യമാക്കി പ്രത്യുൽപ്പാദന പരമായ മേഖലയിൽ ഏററവും കൂടുതൽ സംഖ്യ ചെലവഴിക്കാൻ തീരുമാനിച്ചുകൊണ്ട് കേരളത്തിന്റെ സമ്പദ്ഘടന പുഷ്ടിപ്പെടുത്താൻ വേണ്ടിയുള്ള ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിച്ചു. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ നാലു മാസത്തെ വോട്ട് ഓൺ അക്കൗണ്ടിന് പണം ചോദിച്ചപ്പോൾ നിങ്ങൾ അതിനെയൊക്കെ എതിർക്കുന്നു എന്നാണ് പറഞ്ഞത്. എന്തിനാണ് എതിർക്കുന്നത്? എനിക്ക് മനസ്സിലാകാത്ത കാര്യമാണ്. ഇവിടെ നികുതി നിർദ്ദേശങ്ങൾ വന്നു. ആ നികുതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ചകൾ നടന്നു. നികുതി നിർദ്ദേശങ്ങളിൽ ചിലത് പ്രതിപക്ഷത്തു നിന്നു പറഞ്ഞതായാലും ഭരണ പക്ഷത്തുനിന്നു പറഞ്ഞതായാലും ഉപേക്ഷിക്കേണ്ടവയാണെന്നു തോന്നി; ഡീസലിന് നികുതി കുറച്ചു, ഖാദിയുടെ നികുതി കുറച്ചു. അതുപോലെ അപ്പുറത്തു നിന്നും ഇപ്പുറത്തു നിന്നും വന്നിട്ടുള്ള അഭിപ്രായം പരിഗണിച്ച് ജനങ്ങൾക്ക് ഗുണകരമല്ലെന്ന് തോന്നിയ നികുതി നിർദ്ദേശങ്ങൾ വേണ്ടെന്ന് വച്ചു. നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് 25% ആയിരുന്നു ഡീസലിന്റെ നികുതി. ശ്രീ. ഉമ്മൻചാണ്ടി വന്നപ്പോഴാണ് അത് വെട്ടിക്കുറച്ച് 17% ആക്കിയത്. ഡീസലിന്റെ നികുതിനിരക്കിനെക്കുറിച്ച് പറയാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? വീണ്ടും പ്രതിപക്ഷത്തിന്റേയും ഭരണപക്ഷ ത്തിന്റേയും നിർദ്ദേശങ്ങൾ വന്നപ്പോൾ നികുതിനിരക്ക് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചു. ബഹുമാന്യരായ സി. കെ. ചന്ദ്രപ്പന്റേയും ബേബി ജോണിന്റേയുമൊക്കെ പ്രസംഗം കേട്ടപ്പോൾ നിങ്ങൾ പുതിയ രാഷ്ട്രീയ സംഭവവികാസങ്ങളിൽ ഏറ്റവും ദുഃഖിക്കുന്ന ആളുകളാണെന്ന് മനസ്സിലായി. കേരളത്തിലെ പുതിയ രാഷ്ട്രീയ സംഭവവികാസങ്ങളിൽ ദുഃഖിക്കുന്ന ആളുകളാണ് നിങ്ങൾ. നിങ്ങളുടെ പ്രസംഗം കേൾക്കുമ്പോൾ തന്നെ നിങ്ങളുടെ ദുഃഖവും പ്രയാസവും ബുദ്ധിമുട്ടും മനസ്സി ലാക്കാൻ കഴിയും. ദേശീയതലത്തിൽ ഏറ്റവും മെച്ചപ്പെട്ട പ്രതിച്ഛായ യുള്ള ഒരു നേതാവ് ഈ ഭരണത്തിന്റെ സാരഥ്യം ഏറ്റെടുത്തിരിക്കുന്നു. 1996-ൽ ഇലക്ഷൻ വരുമ്പോൾ നിങ്ങളുടെ കച്ചവടപ്പുര പൂട്ടുമെന്നു ള്ളതിൽ യാതൊരു സംശയവും വേണ്ട. അതിലുള്ള വെപ്രാളവും പ്രയാസ വുമാണ് ഇവിടെ കാണുന്നത്. 1996-ൽ അധികാരത്തിൽ വരുമെന്നാണ് നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നത്, മനഃപായസം കുടിച്ചുകൊണ്ടിരിക്കുന്ന ആളുകളാണ് നിങ്ങൾ. അവർ പണ്ടേ മലർപ്പൊടിക്കാരന്റെ സ്വപ്നമാ ണുള്ളത്. തങ്ങളുടെ സ്വപ്നം തകർന്ന് തരിപ്പണമാകുന്ന കാഴ്ച കാണുമ്പോൾ വേദനിക്കുകയും ദുഃഖിക്കുകയും ചെയ്യുകയല്ലാതെ വേറെ യെന്താണ് നിവൃത്തി? ഒരു തരത്തിൽ മാർക്സിസ്റ്റുകാർ സന്തോഷി ക്കുകയാണ്. മാർക്സിസ്റ്റുകാർ ഈ അടുത്ത കാലത്ത് അധികാരത്തിൽ വന്നിട്ടുണ്ടെങ്കിൽ ഇന്നത്തെ ഗ്രൂപ്പ് വഴക്കും, ഇന്നത്തെ തമ്മിലടിയും ഇന്നത്തെ പ്രശ്നങ്ങളുമൊക്കെ വച്ചു നോക്കിയാൽ ചിലപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വീണ്ടും രണ്ടാകും. 'മുമ്പിലി രിക്കുന്നു; വിവരം വേണ്ടേ' യെന്ന് മുൻ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ ശ്രീ. അച്യുതാനന്ദനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ രണ്ട് ഗ്രൂപ്പുകൾ തമ്മിൽ അടിച്ച് അവസാനമായി മുഖ്യമന്ത്രി പദത്തിനുവേണ്ടി തമ്മിൽ കലഹിച്ച് അവസാനം ആ പാർട്ടിയുടെ നാശത്തിലേയ്ക്ക് പോകുന്ന കാഴ്ചയാണ് കാണാൻ പോകുന്നത്. 1996-ൽ മാർക്സിസ്റ്റ് പാർട്ടിക്ക് അധികാരത്തിൽ വരാൻ കഴിയാത്തതുകൊണ്ട് രക്ഷപ്പെട്ടുവെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ബി. വിജയകുമാർ: രാഷ്ട്രീയ സാഹചര്യം മുന്നിൽ കണ്ടു കൊണ്ടാണ് ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. നായനാർ ഇന്നലെ വൈകുന്നേരം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയപ്രഖ്യാപനപ്രസംഗം നടത്തിയ തെന്ന് ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ ഇവിടെ സൂചിപ്പിക്കുക യുണ്ടായി. ഇന്നത്തെ മാതൃഭൂമിയിൽ ഒരു തലക്കെട്ടുണ്ട്. "നയം മാററി

യില്ലെങ്കിൽ പ്രക്ഷോഭം''. വരാൻ പോകുന്ന ആന്റണിയുടെ ഗവൺമെന്റ് എങ്ങനെ മുന്നോട്ടുപോയാലും തങ്ങളുടെ ഓഫീസ് പൂട്ടുമെന്നു കണ്ടു കൊണ്ട് ഈ വരുന്ന വർഷം സമരങ്ങളുടെ വേലിയേറ്റം അഴിച്ചുവിടാൻ പോകുന്നതിന്റെ മുന്നോടിയാണ് ഈ പ്രസ്താവനയെന്നുള്ളത് രാമചന്ദ്രൻ മാസ്റ്റർക്ക് അറിയാമോ?

__ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:__ ഈ ഓഫീസ് പൂട്ടുമെന്ന് അവർക്കറിയാം. ഓഫീസ് പൂട്ടിയവർ കട പൂട്ടാൻ പോകുകയാണ്. അതാണ് വെപ്രാളം. നിങ്ങൾ പറയുന്നതിനെക്കുറിച്ച് നിങ്ങൾക്ക് വല്ല ബോധവുമുണ്ടോ? ഗ്രൂപ്പിനെക്കുറിച്ചാണ് ഏറ്റവും വലിയ ആക്ഷേപമുണ്ടായത്. ഇപ്പോൾ ഏറ്റവും വലിയ ആക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലളിതജീവിതം നയിക്കുന്നുവെന്നുള്ളതാണ്, അതിനെ കളിയാക്കുകയാണ്. അതിന് ആക്ഷേപം? ശ്രീ. നായനാർ സൂചിപ്പിക്കുകയുണ്ടായി, ക്ലിഫ്ഹൗസിൽ താമസിക്കണമെന്ന്, അതുകൊണ്ട് വലിയ ഗുണമൊന്നും കിട്ടാൻ പോകുന്നില്ലായെന്നൊക്കെയാണ് അവസാനം അദ്ദേഹത്തിന്റെ ഉപദേശം. നിങ്ങൾക്ക് എന്താണ് പറ്റിയത്? ബഹുമാനപ്പെട്ട ചന്ദ്രപ്പനും ബേബി ജോണും ചില കാര്യങ്ങൾ പറയുകയുണ്ടായി കോൺഗ്രസിന് മഹാരാഷ്ട്രയും ഗുജറാത്തും നഷ്ടപ്പെട്ടു, ഗംഗാസമതലം മുഴുവൻ പോയി, ഒറീസ്സ തിരിച്ചുപിടിച്ചത് പറഞ്ഞില്ല. കോൺഗ്രസ് അധികാരത്തിൽ നിന്നും പോയി; സമ്മതിക്കാൻ തയ്യാറാണ്. പിന്നെ ആരാണ് അധികാരത്തിൽ വന്നത്? ബി. ജെ. പി. യെ പോലെയുള്ള വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളാണ് വന്നത്. നിങ്ങൾ അതിൽ സന്തോഷിക്കുന്ന ആളുകളാണോ? കോൺഗ്രസ് അധികാരത്തിൽ നിന്നും പോയതിൽ വലിയ സന്തോഷമുണ്ടെന്ന് ശ്രീ. ചന്ദ്രപ്പന്റെ പ്രസംഗം കേട്ടാൽ തോന്നും. ബി. ജെ. പി. യും ശിവസേനയും അധികാരത്തിൽ വന്നു. കോൺഗ്രസ് അധികാരത്തിൽനിന്നും പോയാൽ നിങ്ങൾക്ക് വരാൻ കഴിയുമോ? സി. പി. ഐ. ക്കാരന് വരാൻ കഴിയുമോ?

__ശ്രീ. സി. കെ. ചന്ദ്രപ്പൻ:__ കോൺഗ്രസ് അധികാരത്തിൽനിന്നും പോയ കാര്യങ്ങൾ കോൺഗ്രസ് അന്വേഷിക്കേണ്ടതാണ്. കോൺഗ്രസ് അധികാരത്തിൽനിന്നും പോയപ്പോൾ ബി. ജെ. പി. യും ശിവസേനയും അധികാരത്തിൽ വന്നതിൽ സന്തോഷിക്കുന്നുവെന്ന് ഞാൻ പറഞ്ഞില്ല. നിങ്ങളുടെ തിരുപ്പതി പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ, ഇടതുപക്ഷജനാധിപത്യ ശക്തികളുമായിട്ട് യോജിക്കണമെന്ന പ്രമേയം നടപ്പാക്കണമെങ്കിൽ നിങ്ങളുടെ സാമ്പത്തിക നയവും സെക്യുലറിസത്തെപ്പറ്റിയുള്ള സമീപനവും മാറണം. അതിന് നിങ്ങൾ തയ്യാറുണ്ടോ?

__ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:__ അത് ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി __(ശ്രീ. കെ. എം. മാണി):__ സർ, ഇവിടന്ന് അങ്ങോട്ട് മാറിയില്ലെങ്കിൽ അവിടന്ന് ഇങ്ങോട്ട് മാറിയാലും മതിയല്ലോ.

__ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:__ കോൺഗ്രസ്സിന്റെ മതേതരത്വ സ്വഭാവത്തെക്കുറിച്ചാണ് പറയുന്നത്.

ഗതാഗതവകുപ്പുമന്ത്രി __(ശ്രീ. ആർ. ബാലകൃഷ്ണപിള്ള):__ മിസ്റ്റർ ജ്യോതിബാസു കൽക്കട്ടയിൽ സ്വീകരിച്ച നയം മൊത്തത്തിൽ സ്വീകരിച്ചാലും ആകുമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ആകാം. ബംഗാളിൽ ഒരു നയം, കേരളത്തിൽ ഒരു നയം. ബംഗാളിൽ ബഹുരാഷ്ട്ര കുത്തകകളൊക്കെ ആകാം. കേരളത്തിൽ അത് പാടില്ല, നിങ്ങൾക്ക് ഏത് നയമാണുള്ളത്? ആന്ധ്രയിൽ മദ്യനിരോധനത്തെ അനുകൂലിക്കുന്നു. ഇവിടെ മദ്യനിരോധനത്തെ എതിർക്കുന്നു. നിങ്ങൾ ധൂർത്തിനെ ആക്ഷേപിച്ചു. അങ്ങനെ ധൂർത്തിനെ ആക്ഷേപിച്ച് ആൻറണി മുഖ്യമന്ത്രിയായി. ബഹുമാന്യനായ ആൻറണി വളരെ ലളിതമായ ജീവിതം നയിക്കുന്നു. അതിനെ കളിയാക്കുകയാണ്. ഏതെങ്കിലും ഒരു കാര്യത്തിൽ എന്തെങ്കിലും ഒരു നയമുള്ള ഒരു പാർട്ടിയാണോ നിങ്ങളുടെ പാർട്ടി? നിങ്ങൾ എവിടെയാണ് എത്തിയിരിക്കുന്നത്? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം 73 വർഷമായി ഇന്ത്യയിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ട്, നിങ്ങൾക്ക് ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഒററയ്ക്ക് അധികാരത്തിൽ വരാൻ കഴിയുമോ? ഇന്ന് പശ്ചിമബംഗാളിൽ അധികാരത്തിലുണ്ട്. അവിടത്തെ സ്ഥിതിയെന്താണെന്ന് അറിയാമോ? അവിടത്തെ സ്ഥിതി more and more people are deserting the C P I (M). ത്രിപുരയിലാണെങ്കിലോ, അവിടെ കൊള്ള, കൊല, ബലാൽസംഗം തുടങ്ങിയവ പതിവില്ലാത്ത വിധം പെരുകുന്നു. മാതൃഭൂമിയിൽ വന്ന ശ്രീ. വിജയൻെറ ലേഖനമാണ്. അതിന് പ്രധാന കാരണം ജനങ്ങൾ വർദ്ധിക്കുന്നതനുസരിച്ച് സുഖസൗകര്യം വർദ്ധിപ്പിക്കാത്തതും, പട്ടിണി വർദ്ധിക്കുന്നതും, അസംതൃപ്ത യുവാക്കൾ തെററായ മാർഗ്ഗം സ്വീകരിക്കുന്നതുമാണ്. ഓരോ ദിവസം കഴിയുന്തോറും നിങ്ങളുടെ വാഗ്ദാനങ്ങളും നിങ്ങളുടെ പ്രവർത്തനങ്ങളും തമ്മിൽ തീരെ ബന്ധവുമില്ലാതായിത്തീരുന്നു. ത്രിപുരയിൽ ഓരോ ദിവസം കഴിയുംതോറും പട്ടിണി കൂടുകയാണ്. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽനിന്നും ഓരോ ദിവസവും ജനങ്ങൾ അകന്നുപോകുന്നു. 73 വർഷമായി പ്രവർത്തിക്കുന്ന നിങ്ങളുടെ പാർട്ടിക്ക് ഏതെങ്കിലും സംസ്ഥാനത്ത് പച്ചപിടിക്കാൻ കഴിഞ്ഞോ? ഇപ്പോൾ വെസ്ററ് ബംഗാളിലേയും ത്രിപുരയിലേയും സ്ഥിതി ആകെ പോക്കാണെന്നാണ് പറയുന്നത്. നിങ്ങൾ സ്വയം ആത്മപരിശോധന നടത്തേണ്ട സമയമായി. കോൺഗ്രസ് അധികാരത്തിൽനിന്നും പോയാൽ ഈ രാജ്യത്ത് അധികാരത്തിൽ വരാൻ സാദ്ധ്യതയുള്ള ശക്തികൾ ബി. ജെ. പി. യും ശിവസേനയും പോലെയുള്ള ഫാസിസ്ററ് വർഗ്ഗീയ ശക്തികളാണ്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഇപ്പോൾ ഞങ്ങളെ അററാക്ക് ചെയ്യുകയാണ്. ഇടതുപക്ഷം തകരുന്നു, പൊളിയുന്നു എന്നൊക്കെ പറയുന്നു. തിരുപ്പതി പ്രമേയത്തിൽ പറഞ്ഞത് ഇടതുപക്ഷവുമായി യോജിക്കാൻ കോൺഗ്രസ് തയ്യാറാണെന്നാണ്. ഞങ്ങളല്ലാതെ ഏത് ഇടതുപക്ഷവുമായിട്ടാണ് യോജിക്കാൻ പോകുന്നത്? ഇടതുപക്ഷത്തിന് വേണ്ടെങ്കിൽ പിന്നെ ബി. ജെ. പി. യുടെകൂടെയാണ് പോകേണ്ടത്. അതിൽ ഏതാണ് തിരഞ്ഞെടുക്കാൻ പോകുന്നത്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ആ കാര്യത്തിൽ നിങ്ങളുടെ സമീപനമെന്താണ്? ഇന്ത്യൻ നാഷണൽ കോൺഗ്രസ്സല്ലാതെ കോൺഗ്രസ്സിന് പകരമുള്ള ഒരേ ഒരു ബദൽ ശക്തി ഇന്ന് ഇന്ത്യയിൽ വളർന്നുവരുന്നത് വർഗ്ഗീയ ഫാസിസ്ററ് ശക്തികളാണ്. ആ ശക്തികൾക്കെതിരായി കോൺഗ്രസ്സിനോടൊപ്പം നിൽക്കാൻ നിങ്ങൾ തയ്യാറുണ്ടോ? അതാണ് അടിസ്ഥാനപരമായിട്ടുള്ള പ്രശ്നം. നിങ്ങൾ ഏററവും വലിയ ശത്രുവായി കാണുന്നത് കോൺഗ്രസ്സിനെയാണ്. അതാണ് ഇതിൻെറ അപകടം. രാമറാവുവിനെ പോലെയുള്ള ആളുകളെ

ചുമന്നുകൊണ്ട് നടക്കുന്ന പ്രസ്ഥാനമല്ലേ നിങ്ങളുടെ പ്രസ്ഥാനം? രാത്രി നഗ്നനായി നിന്ന് ശിവപൂജ നടത്തുന്ന രാമറാവുവിനെ ചുമന്നു കൊണ്ട് നടക്കുന്ന നിങ്ങളുടെ പാർട്ടിക്കാരെക്കുറിച്ച് നിങ്ങൾ എന്ത് പറയുന്നാണ്? അവിടെ നിങ്ങൾ കോൺഗ്രസ്സുമായി യോജിക്കാൻ തയ്യാറായോ? നിങ്ങൾ നശിക്കരുതെന്ന് ആഗ്രഹമുള്ളതുകൊണ്ടാണ്, ഇടതു പക്ഷജനാധിപത്യ ശക്തികൾ ഈ രാജ്യത്ത് വളർന്നു വരണമെന്ന ആഗ്രഹ മുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്, അല്ലാതെ നിങ്ങളെ വിമർശിക്കു ന്നതല്ല, നിങ്ങളെ തകർക്കണമെന്ന് ആഗ്രഹമുള്ളതുകൊണ്ടല്ല, നിങ്ങൾ നന്നാകാൻ വേണ്ടിയാണ്.

കോൺഗ്രസ്സിനു പകരം ഈ രാജ്യത്തിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ വരാൻ പാടില്ല എന്ന ഉറച്ച കണിശമായ നിർബന്ധം ഉള്ളതുകൊണ്ടാണ് ഞങ്ങൾ എങ്ങനെയെങ്കിലും വിമർശിച്ചു നന്നാക്കാൻ പററുമോ എന്നു ചോദിക്കുന്നത്. അതുകൊണ്ട് നിങ്ങൾ ഒരു കാര്യം ചെയ്യണം. നിങ്ങൾ..............................................................
ഇൻഡ്യൻ രാഷ്ട്രീയം യാഥാർത്ഥ്യ ബോധത്തോടുകൂടി കാണാൻ, ഇൻഡ്യയിലെ യഥാർത്ഥ രാഷ്ട്രീയം വിലയിരുത്താൻ സി. പി. ഐ. യും സി. പി. എം. -ഉം, ആർ. എസ്. പി. യും ജനതാദളും പരാജയപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. താൽക്കാലികമായ നേട്ടങ്ങൾക്കുവേണ്ടി ഒരു എം. പി. യെയോ, എം. എൽ. എ. യെയോ കിട്ടാൻ തൽക്കാലം ഭരണത്തിന് പങ്കാളിത്തം കിട്ടാൻ ശ്രമിക്കുന്നതാണ് നിങ്ങളുടെ യഥാർത്ഥ സമീപനം. എങ്ങനെയെങ്കിലും കുറച്ചാളുകൾക്ക് എം. എൽ. എ. ആകണം. കുറച്ചാളു കൾക്ക് എം. പി. യാകണം. കുറച്ചാളുകൾക്ക് മന്ത്രിയാകണം. അതിന് അവസരം വരുമ്പോൾ അവസരവാദപരമായ കൂട്ടുകെട്ടുണ്ടാക്കി എന്തു വൃത്തികേടുകളും ചെയ്യാറുള്ളവരാണ് നിങ്ങൾ. ആ ദുഃഖം കൊണ്ട്, നിങ്ങൾ നന്നാകണമെന്നാഗ്രഹിക്കുന്നതുകൊണ്ടാണ് ഞാൻ പറയുന്നത്. നിങ്ങൾ നന്നാകുമോ എന്നുള്ളത് വേറെ കാര്യം. അതാണ് കഴിഞ്ഞ 33 വർഷക്കാലത്തെ കമ്മ്യൂണിസ്ററ് പാർട്ടിയുടെ ചരിത്രം എടുത്തു പരിശോ ധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് ഈ സംസ്ഥാന ത്തിന്റെ ഏററവും ജനക്ഷേമകരമായിട്ടുള്ള ബഡ്ജററ്, ആ ബഡ്ജററിന്റെ അടിസ്ഥാനത്തിൽ അവതരിപ്പിക്കപ്പെട്ട വോട്ട് ഓൺ അക്കൗണ്ട്, ആ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. കെ. പി. മമ്മു മാസ്ററർ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇവിടെ ഇപ്പോൾ ഭരണവിശുദ്ധിയുടെ ഒരു അരുണോദയം നടന്നിരിക്കുന്നു എന്നാണ് പറഞ്ഞത്. ബഹുമാന പ്പെട്ട ചെയറിൽ ഇരിക്കുന്ന എം. എം. ഹസ്സൻ പറഞ്ഞത് അതാണ്. ഇന്നലെയാണ് പറഞ്ഞത്. എനിക്ക് ഒരു സംശയം. നല്ല അരുണോദയം ഉണ്ടാകുമ്പോൾ അതിനു മുൻപ് ഒരു കറുത്ത രാത്രി വേണ്ടേ? രാധാകൃഷ്ണനൊ കറുത്ത രാത്രി വേണമല്ലോ? അതിനെ സംബന്ധിച്ചായിരിക്കും ബഹുമാന പ്പെട്ട മെമ്പർ പറഞ്ഞത്. ആ കറുത്ത രാത്രിയിൽ നിന്നും കിട്ടിയ മോചന മാണോ നിങ്ങൾ ഇപ്പോൾ ആഘോഷിക്കുന്നത്? എങ്കിൽ അതും പറയണം. മൂന്നേമുക്കാൽ കൊല്ലത്തെ കറുത്ത രാത്രി. ആ കറുത്ത രാത്രിയിൽനിന്നും മോചനം കിട്ടിയ ഈ അരുണോദയം. ആ അരുണോദയത്തിന്റെ ലഹരി യുടെ ഹാങ്ങ് ഓവറിലാണല്ലോ അപ്പുറം മുഴുവൻ. ആ ഹാങ്ങ് ഓവർ മാറിയിട്ടില്ല അപ്പോൾ ആ മൂന്നേമുക്കാൽ കൊല്ലത്തെ അഴിമതിയുടെ അന്ധകാരം നിറഞ്ഞ കറുത്ത രാത്രിയെ നിങ്ങൾ അംഗീകരിക്കുന്നോ അതോ തള്ളിപ്പറയുന്നോ? അതും നിങ്ങൾ പറയണം. സ്വന്തം ചരിത്രം

നിഷേധിക്കുന്നവർക്ക് ചരിത്രം മാപ്പു നൽകുകയില്ല. അതും നിങ്ങൾ പറയണം. ഇപ്പോൾ ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് പ്രതീക്ഷയുടെ മരുപ്പച്ച എന്നാണ്. നിങ്ങൾ ഉപയോഗിക്കുന്ന ഈ ഉപമകളുടെ വൈരുദ്ധ്യം കണ്ട് ഞങ്ങൾ ചിരിച്ചു പോവുകയാണ്. മരുപ്പച്ച ഉണ്ടാവുക എന്നു പറഞ്ഞാൽ ചുററും മരുഭൂമിയാണ് എന്നർത്ഥം. അപ്പോൾ ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വം എന്നുള്ള മരുപ്പച്ച. ആ മരുപ്പച്ചയ്ക്കു ചുററും ആദർശരാഹിത്യത്തിൻെറയും അഴിമതിയുടെയും ഉഷ്ണിച്ച മരുഭൂമിയാണ്. ഉപമ പറയുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും വേണ്ടേ? ഉപമാനവും ഉപമേയവും ഒക്കെ യോജിക്കണ്ടേ? സാധാരണധർമ്മം വേണ്ടേ? വെറുതെ പറഞ്ഞാൽ കാര്യമില്ലല്ലോ. പിന്നെ ശ്രീ. ബി. വിജയകുമാർ പറഞ്ഞത് സി.പി.എം.-ന് ഇപ്പോൾ വല്ലാത്ത വിറളിയാണെന്നാണ്. ഐക്യജനാധിപത്യ മുന്നണിയിൽ ഗുണപരമായ മാററമുണ്ടായി എന്നു നിങ്ങൾ പറഞ്ഞു. എന്താണ് ആ ഗുണപരമായ മാററം? കരുണാകരൻ മാറിയപ്പോൾ ഗുണകരമായ മാററം. എനിക്കു പറയാനുള്ളത് ഐക്യജനാധിപത്യമുന്നണി എന്ന ചക്കടാവണ്ടിയെ മൂന്നര വർഷക്കാലം വലിച്ചു കൊണ്ടുപോയ ഒരു എഞ്ചിനുണ്ട്. 6 സിലിണ്ടർ ഫോഡ് കരുണാകരൻ. എന്തും എത്ര വലിയ ഭാരവും വലിച്ചോളും; ഒരു കുഴപ്പവും ഉണ്ടാവുകയില്ല. ആ ഒരു ഗുണം അദ്ദേഹത്തിനുണ്ടായിരുന്നു. ആ എടാകൂടത്തെ ഉന്തിയും തള്ളിയും ഏങ്ങിയും മുറുകിയും ഒക്കെ കൊണ്ടുപോയല്ലോ. ഇപ്പോൾ ആ ചക്കടാവണ്ടിക്ക് സ്പ്രേ പെയിൻറടിച്ച് ഒരു മാരുതി എഞ്ചിൻ ആണ് വച്ചിരിക്കുന്നത്. എത്ര കാലത്തേക്കാണ് എന്നറിയുകയില്ല. മൂന്നേമുക്കാൽ കൊല്ലം പോയ ഈ ചക്കടാവണ്ടി മൂന്നേമുക്കാൽ മാസം നിലനിൽക്കുമോ? നിങ്ങൾക്കു പറയാൻ കഴിയുമോ എത്ര നാൾ നിലനിൽക്കുമെന്ന്? കഴിയുകയില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. ചേമ്പിൻെറ ഉഷ്ണം എന്തിനാണ് ചേനയെ കാണിക്കുന്നത്? നിങ്ങൾ തമ്മിലുള്ള കുത്ത്, ഉന്ത്, തള്ള് ഇതിൻെറ ഉഷ്ണം, തീപ്പൊരി അതു ഞങ്ങളോടു വേണോ? ഞങ്ങളിത് കുറേക്കാലം കണ്ടതാണ്. അച്യുതാനന്ദനും, നായനാരും തമ്മിലുള്ള ഗ്രൂപ്പുവഴക്ക്—ഇതൊക്കെ നിങ്ങളോട് ആരാണ് പറഞ്ഞത്? ഞങ്ങൾ പറഞ്ഞോ? നിങ്ങൾ പറഞ്ഞു എന്നുള്ളതല്ലാതെ. ഞങ്ങളാരും ഒന്നും പറയുന്നില്ലല്ലോ. ഇന്നലെ ആരോ പറയുന്നതു കേട്ടു, അച്യുതാനന്ദനെ വിമർശിക്കുന്നുവെന്ന്. ഞങ്ങൾ ആരെയും വിമർശിക്കും വേണ്ടിവന്നാൽ. വിമർശിക്കേണ്ട സ്ഥാനത്ത് ഞങ്ങൾ വിമർശിക്കും. നിങ്ങളെപ്പോലെ പരസ്യമായി വിഴുപ്പലക്കുകയല്ല ഞങ്ങളുടെ പാർട്ടിയുടെ ശൈലി.

ശ്രീ. കെ. കൃഷ്ണൻകുട്ടി: നമ്മുടെ മുൻമുഖ്യമന്ത്രി ഗാന്ധിപാർക്കിൽ വച്ച് ശകുനി എന്ന് വിളിച്ചല്ലോ. അത് രാമചന്ദ്രൻ മാസ്ററെ ആണെന്ന കാര്യം മാസ്ററർക്കറിയാമോ?

ശ്രീ. കെ. പി. മമ്മു മാസ്ററർ: അതൊക്കെ കൂടിയതാണ് കോൺഗ്രസ്. അതില്ലെങ്കിൽ കോൺഗ്രസ് ആവുകയില്ലല്ലോ. അതുകൊണ്ട് അതിൽ അദ്ഭുതമില്ല. ഞാനിവിടെ ഒരു കഥ പറയാം. സഭയിൽ പറയാൻ എനിക്കു വിഷമമുണ്ട്. എങ്കിലും പറയാതിരിക്കാൻ പററില്ല. എൻെറ നാട്ടിൽ പത്തു നാല്പതു വയസ്സുള്ള പെണ്ണുങ്ങളുണ്ട്. തൊട്ടടുത്തുള്ള ഒരു പതിനഞ്ചുകാരി കുട്ടി കച്ചി കളിക്കുകയായിരുന്നു അതു കണ്ടപ്പോൾ ഒരു മദ്ധ്യവയസ്ക ഇങ്ങനെ പറഞ്ഞു. 'എടേ ...എടേ.... സൂക്ഷിച്ചു കളിക്കണം. പെണ്ണാണെന്ന് ഓർക്കണം, അടക്കവും ഒതുക്കവും ഒക്കെ വേണം'. അപ്പോൾ ആ പെണ്ണൊന്ന് ഭയന്ന് നോക്കി. എന്നിട്ട് മദ്ധ്യവയസ്ക പറഞ്ഞു. 'നിനക്കറിയാമോ പുരുഷനില്ലാതെ 6 പെററവളാണ് ഞാൻ, എന്നാലും

എന്റെ അടക്കവും ഒതുക്കവും എന്റെ അടുത്തുണ്ട്". അതുമാതിരിയാണ് ഈ രാഷ്ട്രീയ സദാചാരത്തെപ്പറ്റി അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാർ ഞങ്ങളെ ഉപദേശിക്കുന്നത്. അതുകൊണ്ട് അതൊന്നും ഞങ്ങളോട് വേണ്ട. ഞങ്ങൾക്ക് പറയാനുള്ളത് ഈ ബഡ്ജററിലെ ചില കാര്യങ്ങളെക്കുറിച്ചാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ വേണ്ടിയാണ് ഞാൻ പറയുന്നത്. അതിൽ ഒരു കാര്യം പറഞ്ഞിട്ട് ഭരണപരമായ നടപടി എന്നു പറഞ്ഞിരിക്കുന്നു. അത് തികച്ചും തെററാണെന്നാണ് എനിക്കു തോന്നുന്നത്. പേജ് 68 പാരാ 144-ൽ 'ഇരുമ്പ്, ഉരുക്ക് എന്നിവയെ കേരളത്തിലെ പൊതുവിൽപ്പന നികുതി നിയമത്തിന്റെ രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതാണ്" എന്ന് പറഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷം നിങ്ങൾ അത് 2-ാം ഷെഡ്യൂളിൽ നിന്നും 6-ാം ഷെഡ്യൂളിൽ കൊണ്ടുവന്നു. അന്ന് പ്രതിപക്ഷം വളരെ ശക്തിയായി എതിർത്തു. കേന്ദ്ര വിൽപ്പന നികുതി നിയമത്തിന്റെ ഭാഷ്യമനുസരിച്ച് അവ ഡിക്ലയേർഡ് ഗുഡ്സാണ്. അതിനെ നിങ്ങൾക്ക് 6-ാം ഷെഡ്യൂളിലേക്ക് കൊണ്ടുവരാൻ കഴിയുകയില്ല. നിങ്ങൾ അതിന് മൂല്യ വർദ്ധന നികുതി ചുമത്താൻ പാടില്ല. അത് ചൂണ്ടിക്കാണിച്ചുകൊണ്ട് കഴിഞ്ഞ തവണ പ്രതിപക്ഷം ശക്തിയായി എതിർത്തു. മാത്രമല്ല ഇരുമ്പ്, ഉരുക്ക് എന്നിവപോലെയുള്ള സാധനങ്ങൾ ജനങ്ങളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. അതിന് പല ഘട്ടങ്ങളിലായി നികുതി ചുമത്തുന്നു. അതിന്റെ ഭാരം താങ്ങേണ്ടത് ജനങ്ങളാണെന്നതുകൊണ്ട് പ്രതിപക്ഷം പല്ലും നഖവും ഉപയോഗിച്ച് കഴിഞ്ഞ പ്രാവശ്യം എതിർത്തതാണ്. പക്ഷെ ആദർശ ധീരനായ ശ്രീ. ഉമ്മൻ ചാണ്ടി അതിനെ ന്യായീകരിക്കുകയായിരുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

എന്നാൽ ഇത്തവണ ആരോരുമറിയാതെ ആ നിയമവിരുദ്ധമായ നികുതി പിൻവലിക്കുന്നു എന്നു പറയുകയല്ല ചെയ്തത്. ഇവിടെ ഭരണപരമായ നടപടികളിലൂടെ അതിനെ വീണ്ടും രണ്ടാം പട്ടികയിലേക്ക് കൊണ്ടുവന്നിരിക്കുന്നു. അത് ഭരണപരമായ നടപടിയാണോ? ഇതൊരു ടാക്സ് ഇളവല്ലേ? ഇതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: അന്നത് പറഞ്ഞു. അതിനുശേഷം കാണേണ്ടവരെ കാണേണ്ടപോലെ കണ്ടതുകൊണ്ടാണ് അത് പിൻവലിച്ചത് എന്നുള്ള വിവരം അങ്ങേയ്ക്കറിയില്ലേ?

ശ്രീ. കെ. പി. മമ്മു മാസ്ററർ: അതിന്റെ പ്രകോപനം എന്താണെന്ന് ഞാൻ അറിഞ്ഞില്ല. കുററബോധം കൊണ്ടാണോ അതല്ല വേറെ ആരുടെയെങ്കിലും പ്രേരണകൊണ്ടാണോ എന്നൊന്നും ഞാൻ പറയുന്നില്ല. ഏതായാലും ഇത് ഭരണപരമായ നടപടിയല്ല എന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. ഇതൊരു നികുതിയിളവാണ്. അതിനാൽ ആ രീതിയിൽ അതിനെ കാണാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. വേറൊന്ന് ഇവിടെ നികുതിയിളവുകളുടെ ഘോഷയാത്രതന്നെയാണ്. 58 കോടിയിലധികം രൂപയുടെ നികുതിയിളവിനെക്കുറിച്ചാണ് പറയുന്നത്. ആർക്കാണ് ഇതുകൊണ്ട് ഗുണം? രജിസ്ട്രേഷൻ ഫീസ് ഒരു ശതമാനത്തിൽ നിന്ന് രണ്ടു ശതമാനമാക്കി എന്നു പറഞ്ഞു. നൂറു ശതമാനം വർദ്ധന! അത് ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചപ്പോൾ കരഘോഷം കേട്ടു. എന്ത് ധരിച്ചിട്ടാണ് ഈ കൈയടി എന്ന് എനിക്ക് മനസ്സിലാകുന്നില്ല. കാർഷിക കടങ്ങൾക്കുള്ള പ്രമാണ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെ രജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കി എന്നാണ് പറഞ്ഞത്. ഈ ഇളവ് എത്ര പേർക്ക് ഗുണം ചെയ്യും? നമ്മുടെ നാട്ടിൽ നടക്കുന്ന വലിയ തോതിലുള്ള ഭൂമി കൈമാററം അത് വിൽപ്പനയുടെ രൂപത്തിലോ അതല്ലെങ്കിൽ ദാനപകർച്ചയുടെ രൂപത്തിലോ ആണ് നടക്കുന്നത്. ഒരു സാധാരണക്കാരൻ തന്റെ ഭൂമി വിൽക്കുന്നത് എപ്പോഴാണ്? അവൻ വളരെയധികം വിഷമിക്കുന്ന അവസരത്തിൽ, അതല്ലെങ്കിൽ സ്വന്തം പെൺമക്കളെ കെട്ടിച്ചയക്കാൻ നേരത്താണ്. അതുമല്ലെങ്കിൽ തന്റെ കുടുംബാംഗങ്ങൾക്ക് മാരകമായ രോഗം പിടിപെടുമ്പോൾ ചികിൽസയ്ക്കുവേണ്ടിയായിരിക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അഞ്ചോ പത്തോ പതിനഞ്ചോ സെൻറ് ഭൂമി വിൽക്കുകയാണെങ്കിൽ അതിന്റെ ഒരു പങ്ക് പററാൻ ശ്രമിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ക്രൂരതയല്ലേ? അത് പൂർണ്ണമായും പിൻവലിക്കേണ്ടതല്ലേ?

റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് നികുതി കുറച്ചു എന്നാണ് ഇവിടെ പറഞ്ഞത്. കേട്ടപ്പോൾ വിചാരിച്ചത് ആ നികുതി മുഴുവൻ പിൻവലിച്ചു എന്നാണ്. പക്ഷേ വിററുവരവ് 10 ലക്ഷം വരെയെന്നാണ്. അതിന്റെ അർത്ഥം എന്താണ്? ഇന്ന് ഒരു കുഞ്ഞുടുപ്പിന്റെ ഏററവും കുറഞ്ഞ വില എത്രയാണ്? ഒരുവിധം മെച്ചപ്പെട്ട ഒരു കുഞ്ഞുടുപ്പിന് 250 രൂപയോളമുണ്ട്. ഒരു ദിവസം പത്തോ പന്ത്രണ്ടോ ഉടുപ്പ് വിൽക്കുന്ന ഒരു കടയ്ക്ക് അതല്ലെങ്കിൽ ഒരു കച്ചവടക്കാരന് ഈ പറഞ്ഞ വിററുവരവ് നികുതിയുടെ പരിധി കവിയും. അത്രയും വിററുവരവില്ലാത്ത ഒരു റെഡിമെയ്ഡ് ഷാപ്പ് കേരളത്തിൽ എവിടെയാണുള്ളത്? ആരെ പററിക്കാനാണ് ഈ നികുതിയിളവ് പ്രഖ്യാപിച്ചിരിക്കുന്നത്? റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് താങ്ങാനാവാത്ത നികുതി. 250 രൂപ വിലയുള്ള ഒരു കുട്ടിയുടുപ്പിന് 25 രൂപ നികുതി കൊടുക്കണം. ഇതാണോ ജനക്ഷേമകരമായ ബഡ്ജററ്? പേജ് 61-ൽ, ബേക്കറി സാധനങ്ങൾക്ക് കണ്ടമാനം നികുതി. മൂന്നു ലക്ഷത്തിനാണ് പരിധി വച്ചിരിക്കുന്നത്. മിക്കവാറും എല്ലാ ബേക്കറി സാധനങ്ങൾക്കും വൻതോതിൽ വില കയറി. സ്ററാർ-ബാർ ഹോട്ടലുകൾക്ക് ബാധകമായിരുന്ന 25 ലക്ഷത്തിന്റെ ടേൺ ഓവർ പരിധി എല്ലാ ഹോട്ടലുകൾക്കും ബാധകമാക്കിയിരിക്കുന്നു. പ്രായോഗികമായി പറഞ്ഞാൽ ഹോട്ടൽ ഭക്ഷണത്തെ ആശ്രയിക്കുന്ന 90 ശതമാനം ആളുകൾക്കും ഈ നികുതിഭാരം വഹിക്കേണ്ടി വരില്ലേ? ഏലം, കുരുമുളക്, കാപ്പി, റബ്ബർ തുടങ്ങിയവയ്ക്ക് നല്ല വിലയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നല്ല വിലയുണ്ടെന്ന് പറഞ്ഞ് കണ്ണുമടച്ച് കൃഷിക്കാരെ ദ്രോഹിക്കാൻ വരുന്ന ഈ ബഡ്ജററാണോ ജനക്ഷേമ ബഡ്ജററ്? എല്ലാററിനും നികുതി ചുമത്തിയിരിക്കുന്നു. ഭക്ഷണത്തിന് നികുതി, വസ്ത്രങ്ങൾക്ക് നികുതി, ഭൂമി കൈമാററത്തിന് നികുതി, ഒരുവിധം മെച്ചപ്പെട്ട വില കിട്ടുന്ന കാർഷികോൽപ്പന്നങ്ങൾക്ക് നികുതി. ഇരുചക്ര വാഹനക്കാരെപ്പോലും വിട്ടില്ല. ബസ്സിൽ നിന്ന് യാത്ര ചെയ്യുന്നവർക്കുപോലും നികുതി! ഇവിടെ നികുതിയിളവ് ആർക്കൊക്കെയാണുള്ളത്? കഴിഞ്ഞ പ്രാവശ്യവും പറഞ്ഞതാണ്. സ്വർണ്ണം, വെള്ളി വ്യാപാരികൾക്ക് നമ്മുടെ സംസ്ഥാനത്ത് കനത്ത തോതിൽ, വ്യാപകമായ തോതിൽ, നികുതി വെട്ടിപ്പ് നടത്തുന്ന ഒരു മേഖലയാണിത്. റിസോഴ്സസ് കമ്മീഷൻ പറഞ്ഞത് ഈ മേഖലയിൽ നാല് ശതമാനം ടേൺ ഓവർ ടാക്സ് ചുമത്തണമെന്നാണ്. പക്ഷേ ബഡ്ജററിൽ ഗവൺമെൻറ് ആ നിർദ്ദേശം അംഗീകരിച്ചിട്ടില്ല. അവർക്ക് നികുതി കോമ്പൗണ്ട് ചെയ്തുകൊണ്ട് കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയാണ്. ഒരു പരിശോധനയുമില്ല. നികുതി വെട്ടിക്കുന്നവർക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തുകൊണ്ട് നികുതി



LIBRARY ARCHIVES Kerala Legislative Assembly

വെട്ടിപ്പിന് അരുനിൽക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ടേൺ ഓവർ ടാക്സ് ആണ് ചുമത്തിയിരുന്നത്. എങ്കിൽ അതിന്റെ ഭാരം സാധാരണ ഉപഭോക്താക്കൾ വഹിക്കേണ്ടിയിരുന്നില്ല. ഇത് ഇപ്പോഴും തുടരുന്നു എന്ന് എടുത്തു പറഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ വയർകട്ട് ഇഷ്ടിക നിർമ്മാതാക്കൾക്ക് നികുതിയിൽനിന്ന് മോചനം. വയർകട്ട് ഇഷ്ടികയൊക്കെ ആരാണ് ഉപയോഗിക്കുന്നത്? സാധാരണക്കാരാണോ? മറ്റൊരു കാര്യം പറയാനുള്ളത് 146-ാമത്തെ പാരയിൽ പറഞ്ഞിരിക്കുന്നതിനെക്കുറിച്ചാണ്. ബഡ്ജറ്റ് രേഖകൾ തയ്യാറാക്കിയതിനു ശേഷം രണ്ട് പ്രധാനപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ട്. അതിൽ പത്താം ധനകാര്യകമ്മീഷന്റെ കേന്ദ്രവിഭവം ഇവോൾവ് ചെയ്യുന്നതിനെക്കുറിച്ചുള്ള തീരുമാനം വന്നതോടുകൂടി കേന്ദ്രവിഹിതം വകയിരുത്തിയത് 940.65 കോടിയിൽനിന്ന് 1032.36 കോടിയായി വർദ്ധിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതുപോലെതന്നെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്കുള്ള കേന്ദ്രവിഹിതം 23.25 കോടി രൂപയിൽ നിന്ന് 39.22 കോടി രൂപയായി വർദ്ധിച്ചു എന്നു പറഞ്ഞു. ഇത് രണ്ടും കൂടിയാൽ വരുന്ന തുക എത്രയാണ്? പിന്നീട് പറയുന്നത് റെയിൽവെ യാത്രക്കൂലിയിനത്തിൽ ലഭിക്കുന്ന ഗ്രാന്റിനെക്കുറിച്ചാണ്. അത് പത്തുകോടി, അല്ലെങ്കിൽ 7.8 കോടി രൂപ കണക്കാക്കിയാൽ 30 കോടിയാണ് കുറവ് വരേണ്ടത്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കിൽ പറയുന്നത് 51.18 കോടി രൂപയുടെ കുറവ് വരുമെന്നാണ്. ഇതെങ്ങനെയാണെന്നുള്ളത് എനിക്ക് അറിയില്ല. മറ്റൊന്ന് ഇപ്രാവശ്യം പ്ലാൻ റവന്യൂ ഇനത്തിലുള്ള ഗ്രാന്റ് 145.51 കോടി എന്നാണ്. അത് കിട്ടിയില്ല. എന്താണ് കിട്ടാത്തത് എന്നുള്ളതിനെക്കുറിച്ച് ഇവിടെ പറയണം. നിങ്ങൾക്ക് സംസ്ഥാനത്തിന്റെ സാമ്പത്തികനില കേന്ദ്രത്തിന്റെ മുന്നിൽ ബോദ്ധ്യപ്പെടുത്തി, അല്ലെങ്കിൽ ഫൈനാൻസ് കമ്മീഷന്റെ മുമ്പിൽ ബോദ്ധ്യപ്പെടുത്തി വാങ്ങാൻ കഴിയാത്തതുകൊണ്ടാണോ? അതല്ലെങ്കിൽ ആരുടെ പിടിപ്പുകേടു കൊണ്ടാണ് അത് കിട്ടാത്തത് എന്നു പറയാൻ കഴിഞ്ഞിട്ടില്ല. നിങ്ങളുടെ പിടിപ്പുകേടു കൊണ്ടാണ് അത് കിട്ടാത്തത് എന്ന് ഞങ്ങൾ ആരോപിക്കുന്നു. വേറൊന്ന് പറയാനുള്ളത്, ബഹുമാനപ്പെട്ട എ. കെ. ആന്റണി ഒരു ക്ലീൻസ്ലേറ്റ് തുറന്നുകൊണ്ട് പഴയ കാര്യങ്ങളൊക്കെ വിസ്മരിച്ച്, ഒരു പുതിയ ക്ലീൻസ്ലേറ്റിൽ തുടങ്ങുമെന്നാണല്ലോ പറഞ്ഞത്. ഞാൻ അതൊന്നും വിശദീകരിക്കേണ്ട ആവശ്യമില്ല.

നമ്മുടെ സിവിൽ സർവ്വീസിന്റെ അച്ചടക്കം നശിച്ചിരിക്കുന്നു. ഉന്നത ഉദ്യോഗസ്ഥന്മാരടക്കമുള്ള ആളുകൾക്ക് പാർശ്വവർത്തികളെ ഉണ്ടാക്കി. കഴിഞ്ഞകാല ഭരണ സംസ്കാരം അതായിരുന്നു. പാർശ്വവർത്തികളെ ഉണ്ടാക്കി സിവിൽ സർവ്വീസിന്റെ അച്ചടക്കം ഇല്ലാതാക്കിയിരിക്കുന്നു. പോലീസ് സേനയിൽ ഒരു വിഭാഗത്തെ ക്രിമിനലൈസ് ചെയ്തു. നിയമവും സമാധാനവും പാലിക്കാൻ ബാദ്ധ്യതപ്പെട്ടിരിക്കുന്ന പോലീസ് സേനയിലെ ഒരു വിഭാഗത്തെ ക്രിമിനലുകളാക്കി. അതുപോലെതന്നെ നമ്മുടെ രാഷ്ട്രീയ സാംസ്കാരത്തെയടക്കം അഴിമതിയുടെ ദുർഗന്ധംകൊണ്ട് മലീമസമാക്കി. അധികാര വികേന്ദ്രീകരണത്തെ തുലച്ചു. എല്ലാ രംഗത്തും അപജയത്തിന്റെ കാഴ്ചകള നമുക്ക് കാണാനുള്ളു. അതിനെ ശരിയാക്കുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രയോറിററി എന്നുള്ളതിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വ്യക്തമാക്കണം. ഇതു പറയുമ്പോൾ ഇവിടുത്തെ അഴിമതിയെക്കുറിച്ച് കൂടി പറയേണ്ടതല്ലേ? ഇക്കാര്യത്തിൽ സഹകരണമേഖലയുടെ കാര്യം പറയേണ്ടതില്ല. ഇന്നത്തെ പത്രത്തിൽ കണ്ട ഒരു കാര്യം; തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ പ്യൂൺ-ക്ലർക്കുമാരുടെ 200-ൽ അധികം തസ്തികയിലേക്കുള്ള നിയമനം

LIBRARY ARCHIVES Kerala Legislative Assembly

അതിൽ നടന്നിട്ടുള്ള അഴിമതിയെക്കുറിച്ച് പറയാം. പ്യൂൺ തസ്തികയിലേക്കുമാത്രം പതിനൊന്നായിരത്തിൽപരം അപേക്ഷകരുണ്ട്. ആയിരത്തിൽ പരം അപേക്ഷകർ ക്ലർക്ക് ജോലിക്ക് വേറെയും. ഈ തസ്തികകളുടെ ഗ്രേഡ് തിരിച്ച് തുക നിശ്ചയിച്ച് ആ തുക തീർച്ചപ്പെടുത്തി, അത് വിഹിതം വച്ചതിനുശേഷംമാത്രമാണ് ഉദ്യോഗാർത്ഥികൾക്ക് ഇൻറർവ്യൂവിന് കാർഡുകളയച്ചത്. ഒരു ക്ലാർക്കു പോസ്റ്റിന് രണ്ടര ലക്ഷം ഉറുപ്പിക, ഒരു പ്യൂൺ പോസ്റ്റിന് ഒന്നര ലക്ഷം ഉറുപ്പിക— ഈ രീതിയിൽ കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് തിരുവനന്തപുരം ജില്ലാ ബാങ്കിലെ നിയമനങ്ങളിൽ നടന്നിരിക്കുന്നത്. ഈ ഇൻറർവ്യൂ യഥാർത്ഥത്തിൽ പ്രഹസനമാക്കിയിരിക്കുന്നു, പരീക്ഷാ ചോദ്യക്കടലാസുകൾ ചോർന്നിരിക്കുന്നു. ഇതിനെ സംബന്ധിച്ച് ഒരു അന്വേഷണംപോലും നടത്താതെ നിയമനം നടത്താൻ വ്യഗ്രത കാട്ടുകയാണ്. ഏററവും ഒടുവിലുണ്ടായിട്ടുള്ള ഈ കാര്യത്തിലെങ്കിലും അങ്ങ് ശ്രദ്ധ പതിപ്പിച്ച് ആവശ്യമായ അന്വേഷണങ്ങൾ നടത്തി നടപടി സ്വീകരിക്കണം എന്നാണെനിക്ക് പറയാനുള്ളത്. കൂത്തുപറമ്പ് കേസുമായി ബന്ധപ്പെടുത്തി പോലീസ്‌രാജാക്കി മാററിയിരിക്കുകയാണ്. നിങ്ങൾ. പോലീസ് സേനയിലെ ഒഴിവുകളിൽ ഗണ്യമായ വർദ്ധനവുണ്ടാക്കിയില്ലേ? അനാവശ്യമായ, അപ്രസക്തമായ പോസ്റ്റുകളൊക്കെ സൃഷ്ടിച്ചുകൊണ്ട് നിങ്ങൾ പോലീസ് സേനയിൽ നിങ്ങളുടെ പാർശ്വവർത്തികളെ ഉൾപ്പെടുത്തി കേരളത്തെ ഒരു പോലീസ്‌രാജാക്കി മാററി. എന്തുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാന്യപോയാലും, ആലപ്പുഴയിൽ ലോക്കപ്പിൽവച്ച് നിങ്ങൾക്കുവേണ്ടി മരിച്ച കോൺഗ്രസ് 'എ' ക്കാരനായ വിദ്യാധരൻെറ കാര്യമെങ്കിലും നിങ്ങൾ മാന്നുപോകരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇനി അങ്ങോട്ടുള്ള നയസമീപനങ്ങൾ എല്ലാവർക്കും ബോദ്ധ്യപ്പെടുന്ന രൂപത്തിൽ വ്യക്തമാക്കണം എന്നാണെനിക്കു പറയാനുള്ളത്, ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽ കൂടി എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, നമ്മുടെ ബഡ്ജററിൻെറ വിശദാംശങ്ങളെ സംബന്ധിച്ച് ഇന്നലെ ദീർഘമായ ചർച്ചകൾ നടക്കുകയും ഞാൻ അതിന് മറുപടി പറയുകയും ചെയ്തിട്ടുണ്ട്. ഇന്നും ബഹുമാന്യരായ അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ പ്രധാനമായും ഈ കാര്യങ്ങളെ സംബന്ധിച്ചുതന്നെയാണ്. ബഡ്ജററിലെ അടിസ്ഥാനപരമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് അതിൻെറ ഒന്നാം വാല്യത്തിൽ ചില വകുപ്പുകൾ ചേർത്തിട്ടില്ല എന്നുള്ളതിനെ സംബന്ധിച്ചാണ് ചില പരാതികൾ ഉണ്ടായിട്ടുള്ളത്. ആ മാതിരിയുള്ള സാങ്കേതികമായ പരാതികൾ വല്ലതുമുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഇന്നലെ ഞാൻ പ്രസംഗിക്കുന്നതു വരെ നികുതി ഉണ്ടായിരുന്നു എന്നതായിരുന്നു ഏററവും വലിയ വിമർശനം. ഇപ്പോഴാണെങ്കിൽ നികുതി പിൻവലിച്ചു എന്നുള്ളതിനെപ്പററിയാണ് പരിഹാസം. അവതരിപ്പിച്ചപ്പോൾ അത് യാഥാർത്ഥ്യമല്ലാതെ മിച്ചമാക്കി എന്നു പറഞ്ഞു. അവസാനമായപ്പോൾ കമ്മിയായി എന്നു പറഞ്ഞിരിക്കുന്നു. ഏതായാലും നമ്മുടെ സംസ്ഥാനത്തിൻെറ യാഥാർത്ഥ്യ ബോധത്തോടെയുള്ള ചിത്രം കണക്കിലെടുത്തുകൊണ്ട് വികസനവും ജനക്ഷേമവും മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയ ഒരു ബഡ്ജററാണിത്. അതിൻെറ വോട്ട് ഓൺ അക്കൗണ്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുവെയുള്ള കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതാണ്. അതിനുശേഷം ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, ഈ വോട്ട് ഓൺ അക്കൗണ്ടിന് അടിസ്ഥാനമായിട്ടുള്ള ബഡ്ജററിനെക്കുറിച്ച് നമ്മുടെ സഭയിൽ മൂന്നു ദിവസം ബഹുമാനപ്പെട്ട അംഗങ്ങൾ ദീർഘമായി ചർച്ച നടത്തിയതാണ്. അതിന് ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി മറുപടിയും നൽകി. അടുത്ത നാല് മാസത്തേക്ക് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്കും പരിപാടികൾക്കും വേണ്ടിയുള്ള ചെലവുകൾ നടത്തുന്നതിന് വേണ്ടിയാണ് ഇന്ന് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചിട്ടുള്ളത്. വിശദമായ ചർച്ച മൂന്നു ദിവസം നടന്നതുകൊണ്ട് ഇന്ന് പുതിയ വസ്തുതകളൊന്നും കാര്യമായി ചർച്ചയ്ക്കു വിധേയമായിട്ടില്ല. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഏതാനും വാക്കുകൾ സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതേയവസരത്തിൽ വിശദമായ അഭിപ്രായപ്രകടനങ്ങൾക്കൊന്നും ഞാൻ ഒരുമ്പെടുന്നില്ല. കാരണം ബഡ്ജററിനെക്കുറിച്ചുള്ള ദീർഘമായ ചർച്ച കഴിഞ്ഞു. അധികാരം ഏറെറടുത്ത് ഒരാഴ്ചയ്ക്കുള്ളിൽ ബഡ്ജററിന് പുറത്തുള്ള വിഷയങ്ങളെക്കുറിച്ച് സുദീർഘമായ അഭിപ്രായ പ്രകടനങ്ങൾക്കോ പുത്തൻ പ്രഖ്യാപനങ്ങൾക്കോ ഒരുമ്പെടുന്നത് ആശാസ്യമാണെന്ന് ഞാൻ കരുതുന്നില്ല. എന്നാലും ഈ സുപ്രധാനമായ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ ഈ ഗവൺമെൻറിൻെറ ചില മേഖലകളിലെ പൊതു സമീപനങ്ങളെക്കുറിച്ച് സംക്ഷിപ്തമായി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഒരംഗത്തിൻെറ ചോദ്യത്തിനുത്തരമായി ലേബർ വകുപ്പിനുവേണ്ടി ഞാൻ ഒരു മറുപടി ഒപ്പിടുകയുണ്ടായി. പിന്നീട് ആ മറുപടി unstarred ചോദ്യരൂപത്തിൽ അസംബ്ലിയുടെ മേശപ്പുറത്ത് വരികയുണ്ടായി. യുവജനപ്രസ്ഥാനത്തിൽക്കൂടി കേരളത്തിലെ പൊതുജീവിതത്തിലേക്കു കടന്നുവന്ന എന്നെ സംബന്ധിച്ചിടത്തോളം ആ മറുപടി വിശദമായി വായിച്ച് ഒപ്പിട്ടപ്പോൾ മാനസികമായി വലിയ ആഘാതമുണ്ടായി. മനസ്സ് നൊമ്പരപ്പെടുകയും പിടയ്ക്കുകയുമായിരുന്നു. 40-ലക്ഷത്തോളം ചെറുപ്പക്കാർ ഇപ്പോൾ ഈ കേരളക്കരയിൽ തൊഴിൽ അന്വേഷിച്ച് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്ത് കാത്തിരിക്കുന്നതിൻെറ വിശദവിവരമാണ് മറുപടി രൂപത്തിൽ ഈ സഭയിൽ ഞാൻ മേശപ്പുറത്ത് വച്ചത്. കേരളത്തിൻെറ മനസ്സാക്ഷിയുടെ മുമ്പിലുള്ള ഏററവും വലിയ പ്രശ്നം ഈ ലക്ഷോപലക്ഷം വരുന്ന തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ മനസ്സിൻെറ വേദനയാണ്. പൊട്ടിത്തെറിക്കാറായ അഗ്നിപർവ്വതംപോലെ കേരളത്തിലെ യുവലോകം നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചയ്ക്കു നേരെ പുറംതിരിഞ്ഞു നിൽക്കുവാൻ ആർക്കുംതന്നെ സാദ്ധ്യമല്ല. അതൊരു ഭാഗം. മറുഭാഗത്ത് എന്താണ് നാം കാണുന്നത്? കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഇന്ത്യയൊട്ടുക്കുണ്ടായ കാർഷിക വിപ്ലവത്തിൻെറ ഫലമായി സംസ്ഥാന പുനസ്സംഘടനാ വേളയിൽ കേരളത്തോടൊപ്പം പുത്തനായി രൂപീകരിച്ച ഒട്ടേറെ സംസ്ഥാനങ്ങൾ കാർഷിക രംഗത്ത് വിപുലമായി പുരോഗതി കൈവരിച്ചിരിക്കുന്നു. അവിടത്തെ കർഷകലക്ഷങ്ങൾ ഏതാണ്ട് ഇടത്തരം വ്യവസായികളെങ്കിലുമൊപ്പം ജീവിത സൗകര്യമുള്ളവരായി വളർന്നു കഴിഞ്ഞിരിക്കുന്നു. പഞ്ചാബ്, ഈസ്റേറൺ യു. പി., മഹാരാഷ്ട്ര, ഗുജറാത്ത്, ആന്ധ്രാ ഇവിടെയെല്ലാം കഴിഞ്ഞ ഏതാനും വർഷങ്ങളിലെ പ്രവർത്തന ഫലമായി കാർഷിക മേഖലയും ആ സംസ്ഥാനവും പുരോഗതിയിലേക്ക് നീങ്ങുന്നു. അദ്ധ്വാനശീലരായ മണ്ണിൻെറ മക്കളുള്ള ഈ കേരളത്തിൽ റബ്ബർ മേഖലയിൽ മാത്രമാണ് ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ അത്ഭുതകരമായ വളർച്ച ഉണ്ടായിട്ടുള്ളത്. മിക്കവാറും മററു കാർഷിക മേഖലയിലും നമ്മുടെ പുരോഗതി ഇഴഞ്ഞിഴഞ്ഞ് നീങ്ങുകയാണ്. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഉൾപ്പെടെ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷോപലക്ഷം തൊഴിലാളികൾക്ക് നേരിയ തോതിൽ അവരുടെ ജീവിത നിലവാരത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യ ഒട്ടുക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾക്കനുസരിച്ച്, അല്ലെങ്കിൽ ഇന്ത്യയിലെ ഏററവും മുന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾക്കനുസരിച്ച്, മുന്നോട്ടു പോകാൻ സാധിക്കുന്നില്ല. ഇവിടത്തെ സംഘടിത തൊഴിലാളി ശക്തിയുടെ ഫലമായി വളരെ കൂടുതൽ, മററു സംസ്ഥാനങ്ങൾക്ക് ചിന്തിക്കാൻ വയ്യാത്ത രീതിയിൽ പുരോഗമിക്കുന്നുണ്ടെങ്കിലും തൃപ്തികരമായി നാം മുന്നോട്ടു പോയിട്ടില്ല. ഗൾഫിലും മററു പുറം രാജ്യങ്ങളിലും പോയി പണിയെടുക്കുന്ന കേരളത്തിലെ ലക്ഷക്കണക്കിന് യുവതീയുവാക്കൾ മണി ഓർഡറായും ഡ്രാഫ്ററായും അയക്കുന്ന പണത്തിന്റെ സമൃദ്ധികൊണ്ട് കേരളത്തിൽ പൊതുവേ മററു സംസ്ഥാനങ്ങളേക്കാൾ ഐശ്വര്യപൂർണ്ണമായ ഒരന്തരീക്ഷം ഉണ്ടെന്ന് പുറമേ നിന്നു വരുന്നവർക്ക് തോന്നിക്കുന്ന സാഹചര്യം ഉണ്ടെങ്കിലും നമ്മുടെ സംസ്ഥാനം നാൾക്കുനാൾ ഒരു കൺസ്യൂമർ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്.

4 P. M.] ഈ ചിത്രം കണ്ടുകൊണ്ടുവേണം ഇനിയെങ്കിലും കേരളത്തെ സ്നേഹിക്കുന്ന ഭരണാധികാരികളും ജനനേതാക്കളും കേരളം ഒട്ടാകെയുള്ള ഭാവി പരിപാടികൾക്ക് രൂപം കൊടുക്കേണ്ടത് എന്ന അഭിപ്രായക്കാരനാണ് ഞാൻ. നമ്മുടെ ഭരണ രംഗത്തെയും വികസന രംഗത്തേയും ഭരണ ശൈലിയിൽ അടിസ്ഥാനപരമായ മാററം ഉണ്ടായാൽ മാത്രമേ കേരളത്തിന് ഇന്ത്യയിലെ പുതിയ സാഹചര്യത്തിൽ മററ് സംസ്ഥാനങ്ങളുടെ പിന്നാലെ പോകാതിരിക്കാൻ സാധിക്കൂ. അതുകൊണ്ട് പുതുതായി അധികാരം ഏറെറടുത്ത ഈ ഗവൺമെൻറിന്റെ ഏററവും വലിയ മുൻഗണന കേരളത്തിന്റെ വികസനത്തിനായിരിക്കും. വികസന പ്രവർത്തനത്തിന് ഏററവും മുൻതൂക്കം കൊടുക്കുന്ന ഒരു പ്രവർത്തനപരിപാടി ഗവൺമെൻറ് ആവിഷ്കരിക്കുന്നു. അതാണ് ബഡ്ജററ് സ്പീച്ചിൽ ധനകാര്യമന്ത്രി പറഞ്ഞിരിക്കുന്നത്. വികസനത്തിന് മുൻതൂക്കം കൊടുക്കണമെന്ന് പറയുമ്പോൾ, റോഡുകളും പാലങ്ങളും ആശുപത്രികളും പള്ളിക്കൂടങ്ങളും കോളേജുകളും ഉണ്ടാകുന്നതുകൊണ്ടുമാത്രം വികസനം ഉണ്ടാകുകയില്ല. ഇവ വികസനത്തിന് അനുകൂലമായ അടിസ്ഥാന ഘടകങ്ങൾ മാത്രമാണ്. ആ അടിത്തറയിൽ ഊന്നി നിന്നുകൊണ്ട് കാർഷിക-വ്യാവസായിക മേഖലകളിലും മററ് ശാസ്ത്ര-സാങ്കേതിക രംഗത്തുമെല്ലാം നമുക്ക് അതിവേഗം മുന്നോട്ടുപോകാൻ സാധിച്ചാൽ മാത്രമേ നാം ആഗ്രഹിക്കുന്ന ഒരു വികസന പ്രക്രിയ കേരളത്തിൽ നടക്കൂ. അത് നടക്കണമെങ്കിൽ ഞാൻ സൂചിപ്പിച്ചതുപോലെ അടിസ്ഥാന ഘടകങ്ങളായ റോഡുകളും പാലങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും പൊതുജനാരോഗ്യത്തിനുള്ള സൗകര്യങ്ങളും ഉണ്ടാകണമെന്നു പറയുന്നതുപോലെതന്നെ നമ്മുടെ നാട്ടിൽ സമാധാനപരമായ അന്തരീക്ഷം നിലനിൽക്കണം. നാം ഒരു പാർലമെൻററി ഭരണക്രമത്തിലാണ്. ഇവിടെ തെരഞ്ഞെടുപ്പുകൾ കാലാകാലങ്ങളിൽ നടക്കുന്നു. തെരഞ്ഞെടുപ്പുകൾ നീട്ടിവെക്കാൻ ആരു വിചാരിച്ചാലും സാദ്ധ്യമല്ല. ഈ ഭരണമാററം ഉണ്ടായത് ഈ നിയമസഭയുടെ അഞ്ചിൽ നാല് ഭാഗം സമയം പൂർത്തീകരിക്കാൻ പോകുന്ന ഘട്ടത്തിലാണ്. ഇനി 14 മാസത്തെ സമയം മാത്രമേ ഈ നിയമസഭയ്ക്ക് ഉള്ളൂ. അതു കഴിഞ്ഞാൽ വീണ്ടും ജനവിധി തേടേണ്ടിവരും. എനിക്ക് പ്രതിപക്ഷത്തും ഭരണപക്ഷത്തും ഉള്ള അംഗങ്ങളോട് അപേക്ഷിക്കാനുള്ളത് നമ്മുടെ രാഷ്ട്രീയമത്സരങ്ങൾ, നമ്മുടെ വീറും വാശിയും രാഷ്ട്രീയമായി പരസ്പരം മല്ലയ്ക്ക് ഇരുത്താനുള്ള മത്സരങ്ങൾ, തെരഞ്ഞെടുപ്പുകൾ വരുന്നയവസരത്തിൽ നമുക്ക് നടത്താം. വികസനരംഗത്ത് പരമാവധി ഐക്യവും രാഷ്ട്രീയരംഗത്ത് ആരോഗ്യകരമായ മത്സരവും എന്നുള്ള ഒരു പുതിയ സമീപനം നമുക്ക് പരസ്പരം

ചർച്ച ചെയ്തുകൊണ്ട് അഭിപ്രായസമന്വയത്തിൽക്കൂടി ഉണ്ടാകണമെന്നതാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. നമ്മ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ പുരോഗതിക്ക് ഏററവും വലിയ ശാപം രാഷ്ട്രീയകക്ഷികൾ തമ്മിലുള്ള ഏററുമുട്ടൽ രാഷ്ട്രീയമാണ്, പ്രത്യേകിച്ച് കായികമായിട്ടുള്ള ഏററുമുട്ടൽ രാഷ്ട്രീയം. ഇത് ഈ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുള്ള നാശനഷ്ടങ്ങൾ, സമാധാനപരമായ പൊതുജീവിതത്തിന് ഉണ്ടാക്കിയിട്ടുള്ള നാശനഷ്ടങ്ങൾ, നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള സംഘർഷങ്ങൾ— ഇവ ചെറുതല്ല. അതുകൊണ്ട് നമുക്ക് ഈ ഏററുമുട്ടൽ രാഷ്ട്രീയത്തിന് വിട നൽകുക. ആരോഗ്യകരമായ മൽസരം രാഷ്ട്രീയരംഗത്ത് നടക്കട്ടെ. നയങ്ങളുടെ പേരിൽ, പരിപാടികളുടെ പേരിൽ, ഗവൺമെന്റിന്റെ തെററുകൾ ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ മാർഗ്ഗത്തിൽക്കൂടി നടക്കട്ടെ. അതേയവസരത്തിൽ ഏററുമുട്ടൽ രാഷ്ട്രീയം അവസാനിപ്പിക്കുക. വികസനരംഗത്ത് പരസ്പരം സഹകരിക്കുന്ന ഒരു പുതിയ അന്തരീക്ഷം ഉണ്ടാക്കുക. ഞങ്ങൾ പ്രഖ്യാപിക്കുന്ന പരിപാടികൾ ഏകപക്ഷീയമായി കണ്ണുമടച്ച് നിങ്ങൾ പിൻതാങ്ങുകയില്ലെന്ന് എനിക്കറിയാം, പിൻതാങ്ങണമെന്നു ഞങ്ങൾ അഭ്യർത്ഥിക്കുകയുമില്ല. നമുക്ക് ചർച്ചകളിൽക്കൂടി സമന്വയം ഉണ്ടാക്കാം. വിശദാംശങ്ങളെക്കുറിച്ച് ചർച്ച ചെയ്തു സമന്വയം ഉണ്ടാക്കാം. പക്ഷെ ഇന്ന് പല പ്രദേശങ്ങളിലും നിലനിൽക്കുന്ന സംഘർഷത്തിന്റെ അന്തരീക്ഷം ഇല്ലാതാക്കി ചർച്ചകളിലൂടെ അനുരഞ്ജനത്തിന്റെ അന്തരീക്ഷം ഉണ്ടാക്കിയേ തീരൂ. അത് ഈ സംസ്ഥാനത്തിന്റെ പുരോഗതിക്ക് ആവശ്യമാണ്. ആ വഴിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ ആലോചിക്കണം. നമുക്ക് ഒരുമിച്ച് പരസ്പരം ചർച്ച ചെയ്തുകൊണ്ട് ഈ സംസ്ഥാനത്ത് ഒരു പുതിയ അന്തരീക്ഷം, വികസന രംഗത്ത് ഐക്യത്തിന്റെ അന്തരീക്ഷം വളർത്തിയെടുക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. മറെറാരു കാര്യം, വികസനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ, പ്രത്യേകിച്ച് വ്യവസായ വികസനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ പ്രത്യേകിച്ച് വ്യവസായ വികസനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ കഴിഞ്ഞ 4 ദിവസം സൂചിപ്പിച്ച പല അഭിപ്രായപ്രകടനങ്ങളിലും കാണുന്ന ആത്മാർത്ഥത അംഗീകരിച്ചുകൊണ്ടു തന്നെ പറയുന്നു, ഇന്ന് ഇന്ത്യയിലും ലോകത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾ നാം കണ്ടില്ലെന്നു നടിക്കരുത്. ചൈന വിടൂ. മററു രാജ്യങ്ങളെ നമ്മൾ തൽക്കാലത്തേക്ക് വിടൂ. പശ്ചിമബംഗാൾ ഉൾപ്പെടെയുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ നയസമീപനത്തിന്റെ മാററങ്ങൾ കേരളവും ഉൾക്കൊണ്ടേ പററൂ, കേരളത്തെ പുരോഗതിയിലേക്ക് നയിക്കണമെങ്കിൽ. ഇന്ത്യൻ സമ്പദ്ഘടനയിൽ അടിസ്ഥാനപരമായ ഒരു മാററം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഉദാരവൽക്കരണം ഇന്ന് ഒരു ലോകയാഥാർത്ഥ്യമാണ്. അതിൽനിന്നൊഴിഞ്ഞുമാറാൻ ആർക്കും സാദ്ധ്യമല്ല; പുറംതിരിഞ്ഞു നിന്നിട്ടു കാര്യമില്ല. ഉദാരവൽക്കരണത്തിന്റെ ഒരു കാലഘട്ടത്തിൽ കേരളത്തിനുമാത്രം അതിൽ നിന്നു മാറി നിൽക്കാൻ സാധിക്കുമോ? ഇന്ത്യ ഒട്ടുക്കു വീശുന്ന, ലോകമൊട്ടുക്ക് വീശുന്ന ഉദാരവൽക്കരണത്തിന്റെ കാററിൽനിന്ന് കേരളത്തിന് മാത്രമായി മാറിനിൽക്കാൻ സാധിക്കുമോ? മാറി നിന്നിട്ട് നാം മാത്രമായി ഒരു കാളവണ്ടി യുഗത്തിൽ ജീവിക്കുന്ന ഒരു സാഹചര്യം ഉണ്ടാകണമോ? അതുകൊണ്ട് ഉദാരവൽക്കരണത്തിന്റെ ഗുണഫലങ്ങൾ, നല്ല വശങ്ങൾ കേരളത്തിലും നടപ്പിലാക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതിനെക്കുറിച്ച് ഞങ്ങൾ വിശദമായി ചർച്ച നടത്തിയിട്ടില്ല. പൊതുമേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് മററാരേക്കാളും ബോദ്ധ്യമുള്ളവരാണ് കേരളീയർ. പൊതുമേഖല നിലനിർത്തുകയും ശക്തി

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തുകയും വേണമെന്ന കാഴ്ചപ്പാടാണ് നമുക്കുള്ളത്. അതേയവസരത്തിൽ 40 ലക്ഷത്തോളം ചെറുപ്പക്കാർക്ക് തൊഴിലില്ലാതിരിക്കുന്ന ഈ കേരളത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ പരിമിതമായ സാമ്പത്തികശക്തി വച്ചുനോക്കുമ്പോൾ പൊതുമേഖലയെ മാത്രം ആശ്രയിച്ചുകൊണ്ടു കേരളത്തിന്റെ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്നു നാം ശഠിക്കുന്നത് ഈ ചെറുപ്പക്കാരോട് കാണിക്കുന്ന അനീതിയായിരിക്കുമെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ട് കേരളത്തിന്റെ വികസനത്തിന്, പ്രത്യേകിച്ച് വ്യവസായത്തിന്റെ വികസനത്തിന് സ്വകാര്യമേഖലയുടെ സഹായവും സഹകരണവും കൂടി നേടിയെടുത്തേ പറ്റൂ എന്ന ഉറച്ച അഭിപ്രായക്കാരനാണ് ഞാൻ. ആ കടമകൾ നടത്തുമ്പോൾ ഒരു കാര്യം ഉറപ്പിക്കണം. അതിൽ ട്രാൻസ്പേരൻസി ഉണ്ടാകണം. ആളുകൾക്ക് വ്യക്തമായി കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കണം. സംശയങ്ങൾ ഉണ്ടായാൽ ദൂരീകരിക്കാൻ സാധിക്കണം. എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ആ സംശയങ്ങൾ പരസ്പരം ചർച്ച ചെയ്ത് മനസ്സിലാക്കാൻ ശ്രമിക്കണം. കേരളത്തിന്റെ മുഖ്യപ്രശ്നമായ തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വ്യവസായവൽക്കരിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ലെന്ന യാഥാർത്ഥ്യം അംഗീകരിക്കുന്നുണ്ടെങ്കിൽ കേരളത്തെ വ്യവസായവൽക്കരിക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് കൂടുതലായി കടന്നുവരാനുള്ള അവസരങ്ങൾ നിഷേധിച്ചുകൊണ്ട് കേരളത്തെ സ്നേഹിക്കുന്ന ഒരു ഗവൺമെന്റിനും മുന്നോട്ടു പോകാൻ സാദ്ധ്യമല്ല. അങ്ങനെ ചെയ്യുന്നയവസരത്തിൽ ആരെങ്കിലും പുറകിൽ നിന്നുകൊണ്ട് പിന്തിരിപ്പൻമാർ എന്നു മുദ്ര കുത്തിയാൽ ജനങ്ങൾക്കുവേണ്ടി ആ മുദ്ര ഏറ്റെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്. കേരളത്തിന്റെ രക്ഷയാണ് ഞങ്ങളുടെ ലക്ഷ്യം. നിങ്ങൾ ഇന്നലെ ധനകാര്യമന്ത്രിയെ കണക്കപ്പിള്ള എന്നു പറഞ്ഞു. ഞാൻ ആ വാക്കിനെ സ്വാഗതം ചെയ്യുന്നു. 14 മാസം കഴിഞ്ഞു ഇറങ്ങിപ്പോകുമ്പോൾ കണക്കപ്പിള്ളമാരെപ്പോലെ ജനകീയകോടതിയുടെ മുമ്പിൽ നിന്നുകൊണ്ട് കണക്കു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതാണ് ഞങ്ങളുടെ ലക്ഷ്യം. പക്ഷെ അതിന് നിങ്ങളുടെ സഹകരണംകൂടി ഉണ്ടാകണം. മറ്റൊന്ന് അഴിമതി നിരോധനം. അത് ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഒരു കർമ്മ പരിപാടി തന്നെയാണ്. ഇനി ഞാൻ പറയാൻ പോകുന്നത് ഒരു അപ്രിയ സത്യമാണ്. കേൾക്കാൻ എല്ലാവർക്കും പ്രയാസമുള്ള ഒരു സത്യം പറയാം. നിങ്ങൾക്കു കൂടി ബാധകമായ ഒരു സത്യം. ഈ രാജ്യത്ത് അഴിമതി നിർമ്മാർജ്ജനം എന്നു പറയുന്നത് മുഖ്യമന്ത്രിക്ക് മാത്രം കടമയുള്ള കാര്യമാണോ? മന്ത്രിമാർക്ക് മാത്രം ബാദ്ധ്യതയുള്ള കാര്യമാണോ? മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും അഴിമതി നിർമ്മാർജ്ജനപ്രവർത്തനത്തിന്റെ ഒന്നാമത്തെ ചുമതലയുണ്ടെന്ന് അംഗീകരിക്കുന്നു. പക്ഷ........... ഞാൻ എന്റെ തുറന്ന അഭിപ്രായപ്രകടനം നടത്തുകയാണ്. നമ്മുടെ പൊതുപ്രവർത്തനത്തിന് വന്നുകൊണ്ടിരിക്കുന്ന ധാർമ്മിക തകർച്ചയെക്കുറിച്ച് വേദനിക്കുന്ന ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ ഞാൻ നിങ്ങൾ ഓരോരുത്തരുടേയും മുഖത്തുനോക്കി നിങ്ങളുടെ മന:സ്സാക്ഷിയോട് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഭരണകൂടം തെറ്റുകൾ ചെയ്യുന്നുണ്ടെങ്കിൽ മന്ത്രിമാർ മാത്രമാണോ അതിന് ഉത്തരവാദികൾ? എം. എൽ. എ. മാരായ നിങ്ങൾ ഓരോരുത്തരും വഴിവിട്ട കാര്യങ്ങൾക്കുവേണ്ടി ഭരണകൂടത്തെ സമീപിക്കുന്നതും അഴിമതിക്ക് ഇടയാകുന്നില്ലേ? ആലോചിക്കൂ നിങ്ങൾ. അതുപോലെതന്നെ ഞാൻ എന്റെ അഭിപ്രായങ്ങൾ പറയുകയാണ്. ഞാൻ ഈ പ്രസംഗിക്കുന്നത് അസംബ്ലിക്കകത്താണ്. ഇത് സഭയുടെ പ്രിവിലേജല്ലേ. സഭയ്ക്ക് അകത്താണ് ഞാൻ പ്രസംഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ സഭ പാസ്സാക്കിയ പൊതു പ്രവർത്തകരുടെ അഴിമതി നിരോധന നിയമം—അതു സംബന്ധിച്ച് കഴിഞ്ഞ വർഷം ഇവിടെ റിപ്പോർട്ടു വന്നു. ആ കമ്മീഷന് ജോലിയില്ല. അത് ഇന്നൊരു വെള്ളാനയാണ്. നിങ്ങളുടെ ഗവൺമെൻറ് അവരെ പരിഗണിച്ചിട്ടില്ല. ധാരാളം അഴിമതികൾ ഇവിടെ വരുന്നു. ഒററയെണ്ണംപോലും കമ്മീഷൻെറ മുമ്പിൽ വന്നിട്ടില്ലെന്ന് അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് അറിയാമോ? ഈ രാജ്യത്ത് അഴിമതി വളർത്തുന്നതിൻെറ ഒന്നാം നമ്പർ പ്രതി ഗവൺമെൻറാണ്; മുഖ്യമന്ത്രിയാണ്.

ശ്രീ. എ. കെ. ആൻറണി: ഞാൻ ആദ്യമേ പറഞ്ഞു, അഴിമതി നിരോധനത്തിനും അഴിമതി നിർമ്മാർജ്ജനത്തിനും ഒന്നാമത്തെ ചുമതല മന്ത്രിമാർക്കാണ്. മന്ത്രിമാരാണ് ആദ്യം തുടങ്ങിവയ്ക്കേണ്ടത്. പക്ഷേ നമ്മുടെ പാർലമെൻററി ക്രമത്തിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ജനങ്ങൾക്കിടയിൽ നടക്കുന്ന ചർച്ചകൾ ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. എം. എൽ. എ. മാർ നിയമപ്രകാരമല്ലാത്ത കാര്യങ്ങൾക്കുവേണ്ടി ദയവുചെയ്ത് ജനങ്ങളുടെ സമ്മർദ്ദത്തിൻെറ പേരിൽ ഭരണകൂടത്തെ സമീപിക്കരുത് എന്നാണ് എൻെറ ഉറച്ച അഭിപ്രായം. അതിനുപുറത്ത് ഇന്ന് കേരളത്തിലാണെങ്കിലും ഇന്ത്യയിലാണെങ്കിലും ഒരു പുതിയ സംസ്ക്കാരം വളരുന്നു. നാം സത്യത്തിന് നേരെ മുഖം തിരിക്കരുത്. ഇന്ന് രാഷ്ട്രീയ നേതാക്കൻമാർ ഭരണകക്ഷിയാണെങ്കിലും പ്രതിപക്ഷമാണെങ്കിലും ഒരു പുതിയ പ്രമാണി വർഗ്ഗമായി മാറിക്കൊണ്ടിരിക്കുന്നു. അതൊക്കെ വിചാരിച്ചിട്ട് കാര്യമില്ല. നാം രാജ്യത്ത് നടക്കുന്ന എല്ലാക്കാര്യങ്ങളിലും ഇടപെടണമെന്ന നിർബന്ധക്കാരായി മാറുന്നു. രാഷ്ട്രീയ ഇടപെടലുകൾ ജീവിതത്തിൻെറ എല്ലാ മേഖലയിലും വർദ്ധിച്ചുവരുന്നു. അത് തടയുന്നതിന് ഭരണകക്ഷികളുടേയും പ്രതിപക്ഷകക്ഷികളുടേയും സമ്പൂർണ്ണമായ സഹകരണമുണ്ടാക്കി ഈ കേരളത്തിൽ ഒരു പുതിയ രാഷ്ട്രീയ സംസ്ക്കാരം ഉണ്ടാക്കിയെടുക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. എന്നാൽ മാത്രമേ സംശുദ്ധമായ ഭരണമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. മന്ത്രിമാരിൽ ആരംഭിക്കണം, പക്ഷ.............മന്ത്രിമാർ മാത്രം വിചാരിച്ചാൽ സാദ്ധ്യമല്ല. എം. എൽ. എ. മാരും രാഷ്ട്രീയനേതാക്കൻമാരും സഹകരിക്കണം. നിങ്ങൾ സ്വയം നിങ്ങളിലേക്ക് ടോർച്ചടിച്ചു നോക്കൂ. നാം ഇന്ന് ഗവൺമെൻറിനെ സമീപിക്കുന്ന പല പ്രശ്നങ്ങളും ഒഴിവാക്കേണ്ടതല്ലേ? ആ സമ്മർദ്ദങ്ങളുമായി വരുന്നവരോട് ഇത് ശരിയല്ല എന്ന് തിരുത്തേണ്ടേ? കേരളത്തിലെ പൊതുജീവിതം അഴിമതിരഹിതമാകണമെങ്കിൽ, ലളിതമാകണമെങ്കിൽ, ആർഭാട രഹിതമാകണമെങ്കിൽ കേരളത്തിലെ ഭരണപ്രതിപക്ഷകക്ഷികളിൽപ്പെട്ട രാഷ്ട്രീയ കക്ഷികൾ ഒരു പുതിയ രാഷ്ട്രീയ സംസ്ക്കാരം വളർത്തിയെടുക്കുവാൻ സഹകരിക്കണം. അതിനൊക്കെ നാം ഒരുമിച്ച് ചർച്ച ചെയ്യണം എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഇത് എൻെറ ഒരഭിപ്രായമാണ്. മററൊന്ന് ഉദ്യോഗസ്ഥൻമാരുടെ സമീപനമാണ്. ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം ഇത് പഴയ നിയമസഭാകാലം മാത്രമാണ്. ബ്രിട്ടീഷ് കാലഘട്ടത്തിലല്ല ജീവിക്കുന്നത്. ഇത് ജനകീയ കാലഘട്ടമാണ്. ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതിപ്പണം ജനങ്ങൾക്ക് വേണ്ടി ചെലവിടണം. അതുകൊണ്ട് പൊതുജനങ്ങളുടെ പ്രശ്നങ്ങളോട് അനുഭാവപൂർവ്വം പ്രതികരിക്കുന്ന ഒരു ബ്യൂറോക്രസിയാണ് ഈ രാജ്യത്ത് എല്ലാ മേഖലകളിലും, സെക്രട്ടേറിയററ് മുതൽ താഴെവരെ ഉണ്ടാകേണ്ടത്. ഞങ്ങളുടെ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, ജനങ്ങളുടെ പ്രശ്നങ്ങളിൽ അനാസ്ഥ കാട്ടുന്നവർക്കെതിരായി, തെററുകൾ ചെയ്യുന്നവർക്കെതിരായി, കർശനമായ നടപടികൾ സ്വീകരിക്കുവാൻ ഒരു മടിയും കാണിക്കുകയില്ല എന്നു

പറയാൻ ആഗ്രഹിക്കുന്നു. അതേ അവസരത്തിൽ സത്യസന്ധമായി ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് എല്ലാ സംരക്ഷണവും ഈ ഗവൺമെന്റ് നൽകും എന്ന് ഉറപ്പ് നൽകുകയാണ് ഞാൻ. ഇങ്ങനെ എല്ലാവരുടെയും സഹകരണത്തോടുകൂടി ഈ കേരളത്തിൽ ഒരു പുതിയ അന്തരീക്ഷം വളർത്തിയെടുത്ത് ഒരു പുതിയ സമാധാനാന്തരീക്ഷത്തിന്റെയും സഹകരണാന്തരീക്ഷത്തിന്റെയും അടിസ്ഥാനത്തിൽ അടുത്ത 14 മാസത്തിനകം ഈ കൊച്ചു കേരളത്തെ ഇന്നത്തേക്കാൾ കുറച്ചുകൂടിയെങ്കിലും ഐശ്വര്യമുള്ള ഒരു കേരളമാക്കി വളർത്തിയെടുക്കണമെന്ന ലക്ഷ്യത്തോടെയാണ് ഐക്യജനാധിപത്യ മുന്നണിയുടെ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റിനോട് നിങ്ങൾ സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി.വി. രാഘവൻ: സർ, അധികാരവികേന്ദ്രീകരണം ലക്ഷ്യമാക്കി നമ്മുടെ പാർലമെന്റും ഈ സഭയും നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. അത് ബഹു. മുഖ്യമന്ത്രി ഈ പറഞ്ഞ വികസനത്തിന്റേതായ സംസ്കാരവും അഴിമതിക്കെതിരായ ഒരു പുതിയ അന്തരീക്ഷവും വളർത്തിയെടുക്കും. അതനുസരിച്ചുള്ള തെരഞ്ഞെടുപ്പ് അനന്തമായി നീണ്ടുപോകുന്നു. അധികാരവികേന്ദ്രീകരണമെന്നുള്ളത് പ്രധാനമായ ഒരു കാൽവയ്പ്പാണ് എന്നാണ് രാജീവ്ഗാന്ധി മുതൽ നരസിംഹറാവുവരെ ആവർത്തിച്ചു പറഞ്ഞിട്ടുള്ളത്. എന്തുകൊണ്ടാണ് ആ നിയമപ്രകാരമുള്ള തെരഞ്ഞെടുപ്പ് നടക്കാത്തത്? അങ്ങെങ്കിലും ഈ ഗവൺമെന്റ് പ്രഖ്യാപിച്ച സമയനിഷ്ഠയോടുകൂടി ആ തെരഞ്ഞെടുപ്പ് നടത്താൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി: നിയമപരമായി പൂർത്തീകരിക്കേണ്ട ചില അത്യാവശ്യ ക്രമീകരണങ്ങൾ കൂടിയുണ്ട്. അതു കഴിഞ്ഞാലുടൻ കാലതാമസം ഉണ്ടാകാതെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുമെന്ന് ഉറപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട അങ്ങയുടെ കന്നിപ്രസംഗം വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരുന്നു. ഒരു തടസ്സവുമില്ല. പക്ഷെ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. എത്രയും വേഗം നടത്തും എന്ന് കരുണാകരനും നിരവധി തവണ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. അങ്ങും അതേ വാചകത്തിൽ അതേ അച്ചിലാണ് സംസാരിച്ചത്. ഈ രാജ്യത്ത് നഗരപാലിക നിയമമനുസരിച്ചും പഞ്ചായത്താക്ട് അനുസരിച്ചും എന്നത്തേക്ക് തെരഞ്ഞെടുപ്പ് നടത്തും; എത്ര തീയതിക്കുള്ളിൽ നടത്തും എന്നു പറയാനുള്ള ഒരു സമീപനം അങ്ങേക്കുണ്ടാകുമോ?

മി. സ്പീക്കർ: അതുതന്നെയാണ് ശ്രീ. വി. വി. രാഘവനും ചോദിച്ചത്. മുഖ്യമന്ത്രി മറുപടി പറഞ്ഞു, ചില നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ ഒട്ടും വൈകാതെ തെരഞ്ഞെടുപ്പ് നടത്തും എന്ന്. അല്ലാതെ ഒരു ഡേററ് പറയാൻ പററുമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ, ശ്രീ. വി. ജെ തങ്കപ്പൻ, ശ്രീ. ടി. കെ. ഹംസ, ശ്രീ. കെ. പി. മമ്മു മാസ്ററർ, ശ്രീമതി എൻ. കെ. രാധ, ശ്രീ. സി. കെ. സദാശിവൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ധനകാര്യമന്ത്രി അവതരിപ്പിച്ച Demand for grants on Accounts സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

ശ്രീ. ബേബി ജോൺ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പ് നടന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—73

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കെ. പി. എ. മജീദ്
3. ,, എ. വി. അബ്ദുറഹിമാൻ ഹാജി
4. ,, കെ. കെ. അബു
5. ,, സി. ടി. അഹമ്മദാലി
6. ശ്രീമതി. അൽഫോൺസാ ജോൺ
7. ശ്രീ. കെ. ബാബു
8. ,, കെ. കെ. ബാലകൃഷ്ണൻ
9. ,, ആർ. ബാലകൃഷ്ണപിള്ള
10. ,, പി. ബാലൻ
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, എം. സി. ചെറിയാൻ
14. ,, ഡേവിഡ് പിൻഹീറോ
15. ,, ഡൊമിനിക് പ്രസന്റേഷൻ
16. ,, പി. പി. ജോർജ്
17. ,, ജോർജ് ഈഡൻ
18. ,, ജോർജ് ജെ. മാത്യു
19. ,, എ. വി. ഗോപിനാഥൻ
20. ,, എം. എം. ഹസ്സൻ
21. ,, ഇസ്ഹാക്ക് കുരിക്കൾ
22. ,, ടി. എം. ജേക്കബ്
23. ,, കെ. സി. ജോസഫ്
24. ,, ജോസഫ് എം. പുതുശ്ശേരി
25. ,, പി. ജെ. ജോയി
26. ,, ജോയി എബ്രഹാം
27. ,, കെ. കെ. നായർ
28. ,, പി. കെ. കുഞ്ഞാലിക്കുട്ടി
29. ,, കെ. കുട്ടി അഹമ്മദ്കുട്ടി
30. ,, പുനലൂർ മധു
31. ,, മാമ്മൻ മത്തായി
32. ,, എ. കെ. മണി
33. ,, കെ. എം. മാണി
34. ,, പി. എം. മാത്യു
35. ,, മാത്യു സ്റ്റീഫൻ
36. ,, ആര്യാടൻ മുഹമ്മദ്
37. ,, കല്ലടി മുഹമ്മദ്
38. ,, കെ. മുഹമ്മദാലി

LIBRARY ARCHIVES Kerala Legislative Assembly

39. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
40. ,, എം. മുരളി
41. ,, കെ. നാരായണക്കുറുപ്പ്
42. ,, കെ. എസ്. നാരായണൻ നമ്പൂതിരി
43. ,, കെ. പി. നൂറുദ്ദീൻ
44. ,, ഉമ്മൻ ചാണ്ടി
45. ശ്രീമതി. എം. ടി. പത്മ
46. ശ്രീ. സി. വി. പത്മരാജൻ
47. ,, തച്ചടി പ്രഭാകരൻ
48. ,, വി. ജെ. പൗലോസ്
49. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ,, എം. വി. രാഘവൻ
51. ,, കെ. രാഘവൻ മാസ്റ്റർ
52. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
53. ,, കെ. പി. രാമചന്ദ്രൻ നായർ
54. ,, ആർ. രാമചന്ദ്രൻ നായർ
55. ,, തേറമ്പിൽ രാമകൃഷ്ണൻ
56. ,, പാലോട് രവി
57. ,, തമ്പാനൂർ രവി
58. ശ്രീമതി. കെ. സി. റോസക്കുട്ടി
59. ,, റോസമ്മ ചാക്കോ
60. ശ്രീ. ശരത്ചന്ദ്രപ്രസാദ്
61. ശ്രീമതി. ശോഭനോ ജോർജ്
62. ശ്രീ. നാലകത്ത് സൂപ്പി
63. ,, കെ. സുധാകരൻ
64. ,, പന്തളം സുധാകരൻ
65. ,, വി. എം. സുധീരൻ
66. ,, എ. സുജനപാൽ
67. ,, എം. പി. താമി
68. ,, കെ. കെ. തോമസ്
69. ,, പി. ടി തോമസ്
70. ,, തോമസ് ചാഴിക്കാടൻ
71. ,, ബി. വിജയകുമാർ
72. ,, കെ. പി. വിശ്വനാഥൻ
73. ,, എം. ജെ. സഖറിയ

പ്രതികൂലിക്കുന്നവർ—27

1. ശ്രീ. ബേബി ജോൺ
2. ,, സി. കെ. ചന്ദ്രപ്പൻ
3. ,, കെ. ചന്ദ്രശേഖരൻ
4. ,, ടി. ചാത്തു
5. ,, ടി. കെ. ഹംസ
6. ,, കെ. ഇ. ഇസ്മയിൽ
7. ഡോക്ടർ കെ. സി. ജോസഫ്
8. ശ്രീ. വി. സി. കബീർ
9. ,, കൃഷ്ണൻ കണിയാംപറമ്പിൽ
10. ,, കെ. കൃഷ്ണൻകുട്ടി

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
12. ,, പി. ടി. കുഞ്ഞിമുഹമ്മദ്
13. ,, ലോനപ്പൻ നമ്പാടൻ
14. ,, കെ. പി. മമ്മു മാസ്റ്റർ
15. ,, നാണു മാസ്റ്റർ
16. ,, എം. നാരായണൻ (ഹോസ്ദുർഗ്)
17. ,, എം. നാരായണൻ (കുഴൽമന്ദം)
18. ,, കെ. പ്രകാശ് ബാബു
19. ശ്രീമതി എൻ. കെ. രാധ
20. ശ്രീ. വർക്കല രാധാകൃഷ്ണൻ
21. ,, വി. വി. രാഘവൻ
22. ,, ഇ. രാജേന്ദ്രൻ
23. ,, പി. രാജു
24. ,, സി. കെ. സദാശിവൻ
25. ,, ഇ. ശങ്കരൻ
26. ,, വി. ജെ. തങ്കപ്പൻ
27. ,, എം. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ഇല്ല

അനുകൂലിക്കുന്നവർ—73

പ്രതികൂലിക്കുന്നവർ—27

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ഉപക്ഷേപം പാസ്സാക്കി; ഗ്രാൻറ് അനുവദിച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1995 മാർച്ച് 31-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



അനുബന്ധം I

## 1995-96-ലേക്കുള്ള ഓൺ അക്കൗണ്ട് (വോട്ട് ഓൺ അക്കൗണ്ട്) സ്റ്റേറ്റ്മെന്റ്

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 1995–96 സഭയുടെ വോട്ടിനു സമർപ്പിക്കുന്ന വോട്ട് ഓൺ അക്കൗണ്ട് തുക റവന്യൂ രൂപ | മൂലധനം രൂപ | ആകെ രൂപ |
|---|---|---|---|---|
| (1) | (2) | (3) | | |
| I | സംസ്ഥാന നിയമസഭ | 2,16,66,000 | .. | 2,16,66,000 |
| II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 11,96,49,000 | .. | 11,96,49,000 |
| III | നീതിന്യായ നിർവ്വഹണം | 12,72,27,000 | .. | 12,72,27,000 |
| IV | തെരഞ്ഞെടുപ്പുകൾ | 10,43,23,000 | .. | 10,43,23,000 |
| V | കാർഷികാദായനികുതിയും വിൽപ്പന നികുതിയും | 7,98,57,000 | .. | 7,98,57,000 |
| VI | ഭൂനികുതി | 23,35,49,000 | .. | 23,35,49,000 |
| VII | മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 6,29,53,000 | .. | 6,29,53,000 |
| VIII | എക്സൈസ് | 7,06,43,000 | .. | 7,06,43,000 |
| IX | വാഹനനികുതികൾ | 2,30,89,000 | .. | 2,30,89,000 |
| X | ട്രഷറികളും അക്കൗണ്ടുകളും | 6,94,00,000 | .. | 6,94,00,000 |
| XI | ജില്ലാഭരണവും പലവകയും | 19,05,18,000 | .. | 19,05,18,000 |
| XII | പോലീസ് | 73,52,54,000 | .. | 73,52,54,000 |
| XIII | ജയിലുകൾ | 3,44,33,000 | .. | 3,44,33,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മററ് ഭരണപരമായ സർവ്വീസുകളും | 13,65,83,000 | 13,33,000 | 13,79,16,000 |

LIBRARY ARCHIVES Kerala Legislative Assembly



അനുബന്ധം I—(തുടർച്ച)

| (1) | (2) | (3) | | |
|---|---|---|---|---|
| XV | പൊതുമരാമത്ത് | 51,07,62,000 | 37,79,13,000 | 88,86,75,000 |
| XVI | പെൻഷനും പലവകയും | 2,25,83,27,000 | .. | 2,25,83,27,000 |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 5,41,32,96,000 | 8,55,67,000 | 5,49,88,63,000 |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 1,23,33,65,000 | 3,96,59,000 | 1,27,30,24,000 |
| XIX | കുടുംബക്ഷേമം | 22,00,46,000 | 24,96,000 | 22,25,42,000 |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 31,89,07,000 | 17,91,67,000 | 49,80,74,000 |
| XXI | ഭവനനിർമ്മാണം | 12,91,24,000 | 3,62,47,000 | 16,53,71,000 |
| XXII | നഗരവികസനം | 4,88,96,000 | 2,35,67,000 | 7,24,63,000 |
| XXIII | വാർത്താവിതരണവും പ്രചരണവും | 1,94,29,000 | .. | 1,94,29,000 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും | 18,62,57,000 | 16,04,000 | 18,78,61,000 |
| XXV | ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം | 56,93,43,000 | 2,31,74,000 | 59,25,17,000 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 20,66,67,000 | .. | 20,66,67,000 |
| XXVII | സഹകരണം | 11,54,37,000 | 13,67,49,000 | 25,21,86,000 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 8,83,33,000 | 6,03,000 | 8,89,36,000 |
| XXIX | കൃഷി | 1,01,21,69,000 | 7,08,89,000 | 1,08,30,58,000 |
| XXX | ഭക്ഷ്യം | 4,33,08,000 | 4,37,99,000 | 8,71,07,000 |
| XXXI | മൃഗസംരക്ഷണം | 15,98,94,000 | 2,30,00,000 | 18,28,94,000 |
| XXXII | ക്ഷീരവ്യവസായം | 3,80,16,000 | 21,33,000 | 4,01,49,000 |
| XXXIII | മൽസ്യബന്ധനം | 10,54,06,000 | 13,84,67,000 | 24,38,73,000 |

LIBRARY ARCHIVES Kerala Legislative Assembly

| | | | | |
|---|---|---|---|---|
| XXXIV | വനം | 26,14,88,000 | 2,05,67,000 | 28,20,55,000 |
| XXXV | പഞ്ചായത്ത് | 18,11,69,000 | 33,37,000 | 18,45,06,000 |
| XXXVI | സാമൂഹ്യവികസനം | 53,87,13,000 | .. | 53,87,13,000 |
| XXXVII | വ്യവസായങ്ങൾ | 27,30,12,000 | 55,59,97,000 | 82,90,09,000 |
| XXXVIII | ജലസേചനം | 21,98,09,000 | 38,53,08,000 | 60,51,17,000 |
| XXXIX | വൈദ്യുതപദ്ധതികൾ | .. | 27,01,67,000 | 27,01,67,000 |
| XL | തുറമുഖങ്ങൾ | 1,47,04,000 | 1,94 33,000 | 3,41,37,000 |
| XLI | ഗതാഗതം | 2,34,69,000 | 4,77,67,000 | 7,12,36,000 |
| XLII | വിനോദസഞ്ചാരം | 3,70,43,000 | 1,47,50,000 | 5,17,93,000 |
| XLIII | നഷ്ടപരിഹാരവും അവകാശ കൈമാററങ്ങളും | 25,00,00,000 | .. | 25,00,00,000 |
| XLIV | പലവക വായ്പകളും മുൻകൂറുകളും | .. | 7,17,79,000 | 7,17,79,000 |
| | ആകെ | 16,48,55,33,000 | 2,57,54,72,000 | 19,06,10,05,000 |